# PROCEEDINGS

OF THE

# ELEVENTH KERALA LEGISLATIVE ASSEMBLY

## FOURTEENTH SESSION

Monday, the 20th February, 2006

## OFFICIAL REPORT

Vol. CXXVII—No. 11

Secretariat of the Kerala Legislature

**Price : ₹ 50**

©
Government of Kerala
2012

PRINTED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT PRESS, MANNANTHALA, THIRUVANANTHAPURAM

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2006 ഫെബ്രുവരി 20, തിങ്കൾ

സ്പീക്കർ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. എൻ. സുന്ദരൻ നാടാർ

സെക്രട്ടറി
ഡോ. എം. സി. വത്സൻ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. വിജയമ്മാൾ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

GPM. 2/498/2014—1

LIBRARY ARCHIVES Kerala Legislative Assembly

## മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. ഉമ്മൻ ചാണ്ടി |
| പട്ടികസമുദായക്ഷേമവും യുവജന, സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. പി. അനിൽകുമാർ |
| തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. ബാബു ദിവാകരൻ |
| ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി | : ശ്രീ. ഡൊമനിക് പ്രസന്റേഷൻ |
| വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | : ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| കൃഷിയും കയറും വകുപ്പുമന്ത്രി | : ശ്രീമതി കെ. ആർ. ഗൗരിയമ്മ |
| തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി |
| റവന്യൂവും നിയമവും വകുപ്പുമന്ത്രി | : ശ്രീ. കെ. എം. മാണി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ |
| ഊർജ്ജ വകുപ്പുമന്ത്രി | : ശ്രീ. ആര്യാടൻ മുഹമ്മദ് |
| മരാമത്ത് വകുപ്പുമന്ത്രി | : ശ്രീ. എം. കെ. മുനീർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി | : ശ്രീ. അടൂർ പ്രകാശ് |
| ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. വക്കം പുരുഷോത്തമൻ |
| ജലവിഭവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |
| സഹകരണവും തുറമുഖവും വകുപ്പുമന്ത്രി | : ശ്രീ. എം. വി. രാഘവൻ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എൻ. ശക്തൻ |
| പരിസ്ഥിതി വനം വകുപ്പുമന്ത്രി | : ശ്രീ. എ. സുജനപാൽ |
| ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. സി. എഫ്. തോമസ് |
| വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കെ. സി. വേണുഗോപാൽ |

LIBRARY ARCHIVES Kerala Legislative Assembly

## ഉള്ളടക്കം

പേജ്


I ചോദ്യോത്തരങ്ങൾ

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 27

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 50

II തിരുത്ത്

1. 20-7-2005-ലെ നക്ഷത്രചിഹ്നമിട്ട 247-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം - മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ .. 202

2. 2006-07 വർഷത്തെ ആനുവൽ പ്ലാൻ ഡോക്കുമെന്റിലെ സ്റ്റേറ്റ്മെന്റിലെ തിരുത്ത് - ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ .. 202

3. 2-7-2002-ലെ നക്ഷത്രചിഹ്നമിടാത്ത 1800-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം - ജലവിഭവും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി - ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ .. 202

III ചരമോപചാരം

മുൻ മന്ത്രിയും കേരള നിയമസഭാംഗവുമായിരുന്ന പി. കെ. രാഘവൻ, കേരള നിയമസഭയുടെ ആദ്യ ഡെപ്യൂട്ടി സ്പീക്കർ കെ. ഒ. ഐഷാബായി, മുൻ എം.എൽ.എ.-യും ലോക്സഭാംഗവുമായിരുന്ന കെ. വി. സുരേന്ദ്രനാഥ്, മുൻ നിയമസഭാംഗങ്ങളായിരുന്ന സി. പി. കരുണാകരൻ പിള്ള, യു. പി. കുനിക്കുല്ലായ, എ. വി. അബ്ദുറഹിമാൻ ഹാജി, ആർ. ഗോവിന്ദൻ, എം. രാമുണ്ണി, കെ.സി. വാമദേവൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് .. 203

IV അടിയന്തിര പ്രമേയം

17-2-2006 വെള്ളിയാഴ്ച രാത്രി തൃശ്ശൂർ ജില്ലയിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകൻ കൊല ചെയ്യപ്പെട്ട സംഭവം .. 210

(അവതരണാനുമതി നിഷേധിച്ചു)


LIBRARY ARCHIVES Kerala Legislative Assembly

V ശ്രദ്ധ ക്ഷണിക്കൽ — പേജ്

(1) തൊടുപുഴ ആറിൽ നിന്ന് മീനച്ചിൽ നദിയിലേക്ക് ജലം കൊണ്ടുപോകുന്നത് സംബന്ധിച്ച് .. 218
-ശ്രീ. ടി. എം. ജേക്കബ്

(2) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ ഗ്രാന്റ് .. 222
-ശ്രീ. കെ. കെ. ഷാജു

VI സബ്മിഷൻ

(1) ചിറ്റൂർ ഷുഗർ ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി
-പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ)
-ശ്രീ. കെ. അച്ചുതൻ .. 226

VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ഭവന നിർമ്മാണ ബോർഡ് പലിശ ഇളവ് നൽകുന്നത് സംബന്ധിച്ച്
-റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) .. 229

സബ്മിഷൻ (തുടർച്ച)

(2) വിവാഹസദ്യയിൽ പങ്കെടുത്തവർക്ക് ഭക്ഷ്യവിഷബാധ
-ശ്രീ. ടി. എം. ജേക്കബ് .. 230

(3) തലായ് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം പൂർത്തി ആക്കണമെന്ന ആവശ്യം
-ശ്രീ. കോടിയേരി ബാലകൃഷ്ണൻ .. 232

(4) ക്ഷേത്രങ്ങൾക്ക് ചന്ദന കാട്ട
-ശ്രീ. കെ. എ. ചന്ദ്രൻ .. 233

(5) വർക്കല ശ്രീജനാർദ്ദനസ്വാമി ക്ഷേത്രത്തിലും പാപനാശത്തും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം
- ശ്രീ. വർക്കല കഹാർ .. 234

(6) സ്വന്തം ചെലവിൽ മീറ്റർ ഘടിപ്പിച്ച ഗാർഹിക ഉപഭോക്താക്കളുടെ മീറ്റർ വാടക
-ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ .. 235

(7) കുട്ടനാട്ടിൽ ജലനിരപ്പ് താഴ്ന്നതുമൂലമുള്ള ശുദ്ധജലക്ഷാമം
-ഡോ. കെ. സി. ജോസഫ് .. 236

LIBRARY ARCHIVES Kerala Legislative Assembly

(8) കുടുംബി സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം — പേജ്
-ശ്രീ. കെ. ബാബു .. 237

(9) എൻ.എച്ച് 47-നേയും എൻ.എച്ച്. 17-നേയും ബന്ധിപ്പിക്കുന്ന റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കണമെന്ന ആവശ്യം
-ശ്രീ. ടി. യു. രാധാകൃഷ്ണൻ .. 238

(10) ഇ-വേസ്റ്റ് അപകടരഹിതമായി സംസ്ക്കരിക്കുന്നതിന് സംവിധാനം
-ശ്രീ. പി. ടി. തോമസ് .. 239

(11) പെരുമാട്ടിയിൽ ആത്മഹത്യ ചെയ്ത വേലായുധൻകുട്ടിയുടെ കുടുംബത്തെ സഹായിക്കണമെന്ന ആവശ്യം
-ശ്രീ. വി. ചെന്താമരാക്ഷൻ .. 240

(12) താന്നിപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം
-ശ്രീ. എ. എ. അസീസ് .. 241

(13) പാലക്കാട് ജില്ലയിൽ വെസ്റ്റഡ് ഫോറസ്റ്റ് നിയമത്തിന്റെ മറവിൽ അധികൃതർ കൃഷി ഭൂമി കയ്യേറുന്നത് സംബന്ധിച്ച്
-ശ്രീമതി ഗിരിജാ സുരേന്ദ്രൻ .. 242

(14) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതർക്കായി പ്രഖ്യാപിച്ച പുനരധിവാസ പദ്ധതി
-ശ്രീ. കെ. വി.കുഞ്ഞിരാമൻ .. 244

(15) അഴീക്കോട് നാറാത്ത് പഞ്ചായത്തിലെ ഒരു വീട്ടിൽ നിന്നും ബോംബുകളും മാരകായുധങ്ങളും കണ്ടെടുത്ത സംഭവം
-ശ്രീ. എം. പ്രകാശൻ മാസ്റ്റർ .. 246

(16) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി
-ശ്രീ. കെ. പി. രാജേന്ദ്രൻ .. 247

(17) ആലപ്പുഴ ജില്ലയിലെ കോമളപുരത്തുള്ള കേരള സ്പിന്നേഴ്സ് തുറന്ന് പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത
-ഡോ. തോമസ് ഐസക് .. 250

(18) കെ.എസ്.ആർ.ടി.സി.-ക്ക് ബഡ്ജറ്റിൽ തുക നീക്കി വയ്ക്കാത്തതു സംബന്ധിച്ച്
-ശ്രീ. ബിനോയ് വിശ്വം .. 250

LIBRARY ARCHIVES Kerala Legislative Assembly

VIII അറിയിപ്പ് പേജ്

ശ്രീമതി മേഴ്സി രവി സഭയിൽ ഹാജരായത് സംബന്ധിച്ച്
-മി. സ്പീക്കർ .. 252

സബ്മിഷൻ (തുടർച്ച)

(19) പട്ടാമ്പി നെല്ലായ കുഴക്കല്ലൂർ കുടിവെള്ള പദ്ധതിയും പട്ടാമ്പി ശുദ്ധജലവിതരണ പദ്ധതിയും കമ്മീഷൻ ചെയ്യണമെന്ന ആവശ്യം
-ശ്രീ. സി. പി. മുഹമ്മദ് .. 252

(20) വെള്ളായണി കായൽ സംരക്ഷിക്കുന്നതിന് നടപടി
-ശ്രീ. പിരപ്പൻകോട് മുരളി .. 254

(21) തൃശ്ശൂർ ജില്ലയിലെ വാഴാനി കുപ്പിൽനിന്നുമുള്ള തേക്കുതടി കരാറുകാരൻ മറിച്ചുവിറ്റ കേസിൽ നടപടി
-ശ്രീ. എ. സി. മൊയ്തീൻ .. 255

(22) കോടനാട് മൃഗശാല മാറ്റി സ്ഥാപിക്കാനും ആനക്കളരി വിപുലീകരിക്കാനും ആനപാപ്പാൻ കളരി പ്രവർത്തനം ആരംഭിക്കുവാനും നടപടി
-ശ്രീ.സാജു പോൾ .. 256

(23) കോഴിക്കോട് ജീരകപ്പാറയിൽ വനം കയ്യേറ്റം
-ശ്രീ. ടി. പി. രാമകൃഷ്ണൻ .. 257

(24) പുനലൂർ മുനിസിപ്പൽ പ്രദേശത്ത് കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ നടപടി
-ശ്രീ. പി. എസ്. സുപാൽ .. 258

IX ക്രമപ്രശ്നം

ഭൂജല ചൂഷണത്തെക്കുറിച്ച് സബ്ജക്ട് കമ്മിറ്റി നടത്തിയ തെളിവെടുപ്പ് സംബന്ധിച്ച റിപ്പോർട്ട് സഭയിൽ കൊണ്ടു വരുന്നതു സംബന്ധിച്ച്
-ശ്രീ. കെ. പി. രാജേന്ദ്രൻ .. 260

X മേശപ്പുറത്തുവച്ച കടലാസ്

3-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ട് .. 262

LIBRARY ARCHIVES Kerala Legislative Assembly

**XI റിപ്പോർട്ട് സമർപ്പണം** പേജ്

(1) എസ്റ്റിമേറ്റ് കമ്മിറ്റിയുടെ പതിനെട്ടും പത്തൊൻപതും റിപ്പോർട്ടുകൾ .. 262

(2) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ നാല് മുതൽ ഒൻപതുവരെയുള്ള റിപ്പോർട്ടുകൾ .. 262

(3) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ .. 262

(4) സ്ത്രീകളുടേയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ .. 262

(5) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ .. 263

**XII ധനകാര്യം**

വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും .. 263

**അനുബന്ധം**

I മുതൽ IX വരെ .. 352

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2006 ഫെബ്രുവരി 20, തിങ്കൾ

വാല്യം CXXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2006 ഫെബ്രുവരി മാസം 20-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യം നമ്പർ 177

മെഡിക്കൽ കോളേജിലെ ബ്ലഡ് ബാങ്കിൽ സൂക്ഷിച്ചിട്ടുള്ള രക്തത്തിൽ എച്ച്. ഐ. വി. ബാധിതരക്തം കണ്ടെത്തിയ സംഭവം

1 (*177) ശ്രീ. ടി. യു. രാധാകൃഷ്ണൻ :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. വി. ഡി. സതീശൻ :

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ ബ്ലഡ് ബാങ്കിൽ സൂക്ഷിച്ചിട്ടുള്ള രക്തത്തിൽ എച്ച്.ഐ.വി. ബാധിതരക്തം ഉണ്ടായിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ ബ്ലഡ് ബാങ്കുകളിൽനിന്ന് നൽകിയ രക്തം സ്വീകരിച്ചതിന്റെ ഫലമായി എത്ര കുട്ടികൾക്കും മറ്റുള്ളവർക്കും എച്ച്.ഐ.വി. ബാധിച്ചതായി 2005-ൽ കണ്ടെത്തിയിട്ടുണ്ട്;

(സി) ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ രക്തദാനത്തിനു വരുന്നവരുടെ രക്തം പരിശോധിക്കാതെയാണോ രക്തബാങ്കിൽ സൂക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പു മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,-

(എ) ഇല്ല.

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും രക്തം സ്വീകരിച്ച ആർക്കുംതന്നെ എച്ച്.ഐ.വി. ബാധിച്ചതായി 2005-ന് മുമ്പോ ശേഷമോ കണ്ടെത്തിയിട്ടില്ല.

(സി) ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ രക്തബാങ്കുകളിലും രക്തദാനത്തിനു വരുന്നവരെ മെഡിക്കൽ ഓഫീസർ പരിശോധന നടത്തുകയും ആരോഗ്യവാനെന്ന് കണ്ടാൽ മാത്രം രക്തദാനത്തിന് നിർദ്ദേശിക്കപ്പെടുകയും ചെയ്യുന്നു. രക്തം പരിശോധിക്കാതെ രക്തബാങ്കിൽ സൂക്ഷിക്കാറില്ല. രക്തം പരിശോധിച്ചിട്ട് എച്ച്.ഐ.വി. പോസീറ്റീവാണെന്ന് കണ്ടാലുടൻ അത് നശിപ്പിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. ജോർജ് ജെ. മാത്യു: സർ, അങ്ങ് ഉത്തരം (സി)-യിൽ പറഞ്ഞിരിക്കുന്നത് ഒരാൾ വന്നാൽ ആരോഗ്യവാനാണെന്ന് കണ്ടാൽ അയാളുടെ രക്തം എടുക്കുമെന്നാണ്. അയാളെ പരിശോധിച്ചുകഴിഞ്ഞാണ് രക്തം എടുക്കുന്നതെന്ന് പറഞ്ഞു. അങ്ങനെ പരിശോധിച്ചുകഴിഞ്ഞതിനുശേഷമാണ് രക്തം എടുക്കുന്നതെങ്കിൽ ആ രക്തം ഡിസ്ട്രോയ് ചെയ്യേണ്ട കാര്യമെന്താണ്? എച്ച്.ഐ.വി. പോസിറ്റീവാണെന്ന് കണ്ടാൽ ആ ബ്ലഡ് എടുക്കേണ്ട ആവശ്യമില്ലല്ലോ? എന്തുകൊണ്ട് ഇങ്ങനെ ചെയ്യുന്നു?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു വ്യക്തിയുടെ ആരോഗ്യത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ രക്തം എടുക്കുകയാണ് ചെയ്യുന്നത്. എടുക്കുന്ന രക്തം എച്ച്.ഐ.വി. പോസിറ്റീവ് ആണോയെന്ന് മനസ്സിലാകുന്നത് ടെസ്റ്റിലൂടെ മാത്രമാണ്. എച്ച്.ഐ.വി. പോസിറ്റീവാണെന്ന് കണ്ടാൽ ആ രക്തം ഡിസ്ട്രോയ് ചെയ്യുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ് ജെ. മാത്യു: സർ, ഒരാൾ രക്തദാനത്തിനു വരുമ്പോൾ രക്തപരിശോധനയ്ക്കുശേഷം രക്തമെടുത്താൽ പോരെ; രക്തമെടുത്തതിനുശേഷം രക്തം പരിശോധിക്കുന്നത് വിരോധാഭാസമല്ലേ; കേരളം ഇന്ന് ടൂറിസം വളരെയധികം പ്രോൽസാഹിപ്പിക്കുകയാണ്. എയ്ഡ്സ് രോഗം ആദ്യമായി ഇന്ത്യയിൽ എത്തിയത് വിദേശരാജ്യങ്ങളിൽ നിന്നുമാണ്. വിദേശ രാജ്യങ്ങളിൽ നിന്നും ഇവിടെ വരുന്ന എല്ലാ ടൂറിസ്റ്റുകൾക്കും നിർബ്ബന്ധമായിട്ടും എയ്ഡ്സ് പരിശോധനാ സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന വയ്ക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സർക്കാർ നിർദ്ദേശിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അത് കേന്ദ്ര ഗവൺമെന്റ് എടുക്കേണ്ട തീരുമാനമാണ്. കേന്ദ്ര ഗവൺമെന്റ് തീരുമാനം എടുക്കുമ്പോഴൊക്കെ ടൂറിസ്റ്റുകളായി വരുന്ന ആളുകൾക്ക് ഒരു ഇംപ്രഷൻ ഉണ്ടാകുന്നത്, കേരളത്തിലേയ്ക്കും ഇന്ത്യയിലേക്കും വരുന്ന ടൂറിസ്റ്റുകളെ എങ്ങനെ ബാധിക്കുമെന്നത് കേന്ദ്ര ഗവൺമെന്റിന് പരിശോധിച്ച ശേഷം ചെയ്യാവുന്നതാണ്. ശ്രീ. ജോർജ് ജെ. മാത്യു ചോദിച്ച ചോദ്യം, ബ്ലഡ് ഡോണറിൽ നിന്നും ബ്ലഡ് എടുത്തുകഴിഞ്ഞാൻ അഞ്ച് കാര്യങ്ങളിൽ ടെസ്റ്റ് നടത്തും. അവ 1. ഹെപ്പറ്റൈറ്റിസ് ബി (2) ഹെപ്പറ്റൈറ്റിസ് സി (3) വി.ഡി.ആർ.എൽ. (4) മലേറിയ (5) എച്ച്.ഐ.വി. ഈ ടെസ്റ്റുകൾക്കുശേഷമാണ് സാധാരണഗതിയിൽ രക്തം സൂക്ഷിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച അഞ്ചു ടെസ്റ്റുകളിൽ ഏറ്റവും ചെലവേറിയതാണ് എച്ച്.ഐ.വി. ബാധിച്ചിട്ടുണ്ടോ എന്നറിയാനുള്ള എലീസ ടെസ്റ്റ്. അതുകൊണ്ടുതന്നെ ഗവൺമെന്റാശുപത്രികളും സ്വകാര്യ ആശുപത്രികളും ഉൾപ്പെടെയുള്ള പല ആശുപത്രികളിലും ഈ ടെസ്റ്റ് പലപ്പോഴും അവോയ്ഡ് ചെയ്യാറുണ്ട്. അതുകൊണ്ട് ഇക്കാര്യം ശ്രദ്ധിക്കാനായി പൊതുവായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എലീസ ടെസ്റ്റിൽ എച്ച്. ഐ. വി. പോസിറ്റിവാണോയെന്നറിയാൻവേണ്ടി ലേറ്റസ്റ്റായിട്ടുള്ള ചില ടെസ്റ്റുകളുണ്ട്. വളരെ അഡ്വാൻസ്ഡായിട്ടുള്ള രാജ്യങ്ങളിൽപ്പോലും ടെസ്റ്റ് നടത്തിയാലും രക്തദാതാവിൽനിന്നും രക്തം എടുത്തുകഴിഞ്ഞാൽ ആ വ്യക്തി എച്ച്. ഐ. വി. പോസിറ്റിവാണെന്ന് മനസ്സിലാക്കാൻ കഴിയില്ല. സാധാരണഗതിയിൽ രക്തം എടുത്തുകഴിയുമ്പോൾ ഈ ടെസ്റ്റിന് വിൻഡോ പീരിഡെന്ന് പറയുന്ന ഒരു പ്രത്യേക സമയപരിധിയുണ്ട്. എച്ച്. ഐ. വി. പോസിറ്റിവായ വ്യക്തിയിൽ നിന്നും രക്തമെടുത്ത് എലീസ ടെസ്റ്റ് നടത്തിയാലും ഒരു പക്ഷേ എച്ച്. ഐ. വി. നെഗറ്റീവാണെന്ന് കണ്ടെത്തുവരും. അത് വിൻഡോ പീരീഡിന്റെ പ്രത്യേകതയാണ്. മൂന്ന് മാസക്കാലമാണ് വിൻഡോ പീരീഡ്. അഡ്വാൻസ്ഡായിട്ടുള്ള ചില രാജ്യങ്ങളിൽ അത് 15 ദിവസമായി ചുരുക്കാൻ കഴിഞ്ഞിട്ടുണ്ട്. വിൻഡോ പീരീഡ് ഒഴിവാക്കാൻ സാദ്ധ്യമല്ല. വളരെയധികം ചെലവുള്ള യന്ത്രം വാങ്ങാൻ സാമ്പത്തികശേഷി ഇല്ലാത്തതുകൊണ്ട് മൂന്ന്

LIBRARY ARCHIVES Kerala Legislative Assembly

മാസത്തെ വിൻഡോ പീരീഡിൽ സൂക്ഷ്മമായ പരിശോധന നടത്തിയതിനുശേഷമാണ് നമ്മൾ രക്തം വിനിയോഗിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ജോർജ് ജെ. മാത്യു ചോദ്യം ഉന്നയിക്കവേ, വിദേശരാജ്യങ്ങളിൽ നിന്നും ഇങ്ങോട്ടാണ് രോഗം വരുന്നതെന്ന് പറഞ്ഞു. നമ്മുടെ രാജ്യത്തെ കണക്കുകൾ സൂചിപ്പിക്കുന്നത് ഇവിടെ വരുന്ന വിദേശികൾ ഈ രോഗവുമായി പോകുന്ന സ്ഥിതിയെയാണ്. ഇവിടെ അത്രത്തോളം എച്ച്. ഐ. വി. ബാധിതരാണുള്ളത്. പ്രധാനപ്പെട്ട ഒരു കാര്യം, നമ്മുടെ സംസ്ഥാനത്തുള്ള സ്വകാര്യ ആശുപത്രികളിലും ഗവൺമെന്റാശുപത്രികളിലുമെല്ലാം ബ്ലഡ് ബാങ്കുകളും ബ്ലഡ് സ്റ്റോറേജ് സെന്ററുകളുമുണ്ട്. അത് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിനു വിധേയമായി കർശനമായ നിയന്ത്രണത്തിൽ പ്രവർത്തിക്കേണ്ടവയാണ്. ഈ നിയന്ത്രണവും നിയമപരമായ കാര്യങ്ങളുമൊന്നും പാലിക്കാതെയാണ് ബഹുഭൂരിപക്ഷം ബ്ലഡ് ബാങ്കുകളും ബ്ലഡ് സ്റ്റോറേജ് സെന്ററുകളും പ്രവർത്തിക്കുന്നത്. ഇവിടെ ഈ നിയമം നിർബ്ബന്ധമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബ്ലഡ് ബാങ്കുകൾ സംബന്ധിച്ചും ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ സംബന്ധിച്ചും വ്യക്തമായ നിബന്ധനകൾ സംസ്ഥാന ഗവൺമെന്റിനുണ്ട്. ബ്ലഡ് ബാങ്കുകളുടെ നിബന്ധനകളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ബ്ലഡ് സ്റ്റോറേജ് സെന്ററുകൾക്കും ഈ മാതിരിയുള്ള കർക്കശമായ നിബന്ധനകളുണ്ട്. അതിന് വിധേയമായിട്ടല്ലാതെ പ്രവർത്തിക്കുന്ന ഏതെങ്കിലും ബ്ലഡ് ബാങ്കോ, ബ്ലഡ് സ്റ്റോറേജ് സെന്ററോ ഉണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ നിശ്ചയമായും ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തെ ഗവൺമെന്റാശുപത്രികളിലെ രക്ത ബാങ്കുകളെക്കുറിച്ച് ജനങ്ങൾക്ക് വിശ്വാസമുണ്ടായിരുന്നു. എന്നാൽ അടുത്തയിടെ തിരുവനന്തപുരത്ത് ഗവൺമെന്റാശുപത്രിയിൽ പോയി രക്തം കുത്തിവച്ച കുട്ടിക്ക് എച്ച്. ഐ. വി. ബാധിച്ചു എന്നുള്ള വാർത്ത സംഭ്രമജനകമായ സ്ഥിതിവിശേഷമാണ് സംസ്ഥാനത്തുണ്ടാക്കിയിരിക്കുന്നത്. ഇന്ന് പല ആശുപത്രികളിലും ഒരു രോഗവുമായി പോയാൽ രണ്ട് രോഗവുമായി തിരിച്ചു വരുന്ന അവസ്ഥയാണുള്ളത്. തിരുവനന്തപുരത്ത് ഒരു കുട്ടിക്ക് മരുന്നു മാറി കുത്തിവച്ച അനുഭവം കഴിഞ്ഞ ദിവസമുണ്ടായി. ഇങ്ങനെയുള്ള സ്ഥിതിവിശേഷമുണ്ടായിട്ടും ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് അങ്ങനെയുള്ള സംഭവമുണ്ടായിട്ടില്ലെന്നാണ്. തിരുവനന്തപുരത്ത് ഉണ്ടായ സംഭവത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഒന്നര വയസ്സുള്ള ഒരു കുട്ടി എച്ച്. ഐ. വി. പോസിറ്റീവാണെന്ന് കണ്ടെത്തുകയുണ്ടായി. ടെസ്റ്റ് ചെയ്തപ്പോൾ കുട്ടിയുടെ മാതാപിതാക്കൾ എച്ച്. ഐ. വി.

LIBRARY ARCHIVES Kerala Legislative Assembly

നെഗറ്റീവാണെന്ന് മനസ്സിലായി. ഇതിന്റെ എൻക്വയറി റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. തൈക്കാട് ഹോസ്പിറ്റലിലാണ് കുട്ടിയെ പ്രവേശിപ്പിച്ചത്. അതിനുശേഷം രണ്ടു മൂന്നു പ്രാവശ്യം ബ്ലഡ് ട്രാൻസ്ഫ്യൂഷൻ നടത്തി. രണ്ട് പ്രാവശ്യം ബ്ലഡ് ട്രാൻസ്ഫ്യൂഷൻ നടത്തിയപ്പോഴും എച്ച്. ഐ. വി. നെഗറ്റീവാണെന്നായിരുന്നു നമുക്ക് കിട്ടിയ വിവരം. അതിനുശേഷമുണ്ടായ സംഭവങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കുന്നുണ്ട്. ഞാൻ നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയതുപോല ബ്ലഡ് ടെസ്റ്റ് ചെയ്യുമ്പോൾ വിൻഡോ പീരീഡിൽ എച്ച്. ഐ. വി. പോസിറ്റീവാണോ നെഗറ്റീവാണോയെന്ന് അറിയാനുള്ള ടെസ്റ്റ് ഇന്ത്യയിലില്ല. ഇവിടെ രക്തം എടുത്താൽ എച്ച്. ഐ. വി. നെഗറ്റീവാണെന്ന വിവരം കിട്ടിയാൽപ്പോലും മൂന്ന് മാസത്തെ വിൻഡോ പീരീഡ് കഴിഞ്ഞാൽ മാത്രമെ അത് സ്ഥിരീകരിക്കാൻ കഴിയുകയുള്ളൂ. എന്റെ കയ്യിലിരിക്കുന്ന എൻക്വയറി റിപ്പോർട്ടിലെ വിശദാംശങ്ങൾ പരിശോധിച്ച് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിതരുടെ ബാഹുല്യം വളരെ കൂടുതലാണ്. ബ്ലഡ് ബാങ്കുകളല്ലാതെതന്നെ നമ്മുടെ നാട്ടിൻപുറങ്ങളിൽ ബ്ലഡ് ടെസ്റ്റ് നടത്തുന്ന ധാരാളം സ്വകാര്യ സ്ഥാപനങ്ങളുണ്ട്. ബ്ലഡ് ടെസ്റ്റ് നടത്തുന്ന ഇത്തരം സ്ഥാപനങ്ങളിൽ എച്ച്.ഐ.വി. പരിശോധിക്കാനുള്ള യാതൊരു സംവിധാനവുമില്ല. മാത്രമല്ല ഈ സ്ഥാപനങ്ങൾ രോഗം പരത്തുന്നതായുള്ള ചില വാർത്തകൾ പത്രങ്ങളിൽ വന്നു. അതിൽ വല്ല യാഥാർത്ഥ്യവുമുണ്ടോ; അത് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സംസ്ഥാനത്ത് എച്ച്. ഐ. വി. ബാധിതരായ, നേരിട്ട് മരുന്നു വാങ്ങിക്കൊണ്ടിരിക്കുന്ന ആളുകളുടെ എണ്ണം ഏതാണ്ട് 1500-ന് തൊട്ടുതാഴെയാണെന്നാണ് കണക്കുകൾ രേഖപ്പെടുത്തുന്നത്. അതോടൊപ്പംതന്നെ എഴുപത്തയ്യായിരത്തിനും ഒരു ലക്ഷത്തിനും മദ്ധ്യേ എച്ച്. ഐ. വി. ബാധിതരായിട്ടുള്ള ആളുകൾ ഉണ്ടെന്നാണ് വേറെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽത്തന്നെ പ്രധാന പ്രശ്നം രോഗം കൺസീൽ ചെയ്തുവയ്ക്കുന്നു എന്നുള്ളതാണ്. ഈ വിവരം പുറത്തു പറഞ്ഞാൽ സമൂഹം ബഹിഷ്ക്കരിക്കുമെന്ന ഭയപ്പാടുകൊണ്ടാണ് രോഗി ഇക്കാര്യങ്ങൾ കൺസീൽ ചെയ്തുവയ്ക്കുന്നത്. രോഗികൾക്ക് ഇക്കാര്യം തുറന്നു പറയാൻ കഴിയത്തക്ക വിധത്തിൽ കൗൺസിലിംഗ് സെന്ററുകൾ തുറന്നിട്ടുണ്ട്. അങ്ങു പറഞ്ഞതുപോലെയുള്ള സ്വകാര്യ ആശുപത്രികളിലെ രക്തദാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള അപകടങ്ങൾ ഒന്നുംതന്നെ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. ഏതായാലും ഗവൺമെന്റ് അത് പരിശോധിക്കും.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഇവിടെ നേരത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചപ്പോൾ ഇതിൽ വളരെ പെട്ടെന്ന് അന്വേഷണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കും എന്നു പറഞ്ഞു. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു എന്നുള്ളതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല. ഒരു അന്വേഷണ റിപ്പോർട്ട് കാത്തിരുന്നാൽ ഇതിൻമേൽ നടപടിയുണ്ടാകാൻ പോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

രക്തദാനം മഹാദാനം എന്ന വിലയ പ്രസ്ഥാനത്തിന് വമ്പിച്ച തോതിലാണ് ജനങ്ങളുടെ പ്രതികരണം. തൃശ്ശൂരിൽ കഴിഞ്ഞ ദിവസം ഡോ. ഫ്രാൻസിസ് ആലപ്പാട്ട് സംഘടിപ്പിച്ച മീറ്റിംഗിൽ ഏതാണ്ട് പതിനായിരത്തോളം പേരാണ് പങ്കെടുത്തത്. ജനങ്ങൾ വൻതോതിൽ രക്തം ദാനം ചെയ്യാനുള്ള സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ നമ്മുടെ മെഡിക്കൽ കോളേജുകളിലും ഹോസ്പിറ്റലുകളിലുമൊക്കെ ഇതിനായി ഒരു സംവിധാനമില്ല എന്നുമാത്രമല്ല, നിലവിലുള്ള സംവിധാനം വലിയ അപകടകരമായ വിധത്തിലാണ് വരുന്നത്. അതിന്റെ ഫലമായി ഈ സാമൂഹ്യ പ്രശ്നത്തെ അട്ടിമറിക്കുകയും ബ്ലേഡ് മാഫിയ പോലെ ബ്ലഡ് മാഫിയ ഈ സംസ്ഥാനത്ത് വരുകയും ചെയ്യുന്നു. അതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവത്തിൽ പരിശോധിക്കുന്നുണ്ടോ; അന്വേഷിക്കുന്നുണ്ടോ; അത് തടയാൻ ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ എന്റെ കയ്യിൽ അന്വേഷണ റിപ്പോർട്ടുണ്ട്. അതിൻമേൽ നടപടി സ്വീകരിക്കുന്നതാണ്. ആക്ഷൻ ടേക്കൺ നിശ്ചയമായിട്ടും ഉണ്ടാകും. അങ്ങ് പറഞ്ഞതുപോലെ ആന്റി റിട്രോവൈറൽ തെറാപ്പി സെന്റേഴ്സിൽ രജിസ്റ്റർ ചെയ്ത് ഇപ്പോൾ മരുന്ന് വാങ്ങിക്കൊണ്ടിരിക്കുന്ന ആളുകളുടെ ഡീറ്റെയിൽസ് ഈ സഭയുടെ അറിവിനായി മെഡിക്കൽ കോളേജ് വൈസായി പറയാം. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ-390, കോട്ടയം മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ-196, ആലപ്പുഴ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ-102, തൃശ്ശൂർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ-413, കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ-371. മൊത്തം 1498 ആളുകളാണ് ആന്റി റിട്രോവൈറൽ തെറാപ്പി (എ.ആർ.ടി) സെന്റേഴ്സിൽ ചികിത്സയ്ക്ക് വിധേമായിട്ടുള്ളത്.

ശ്രീ. കെ. കെ. ഷാജു: സർ, ബ്ലഡ് ബാങ്കിൽ രക്തം സംഭരിച്ച് സൂക്ഷിച്ചു വച്ചതിന് ശേഷമാണ് പരിശോധിച്ച് അണുബാധ കണ്ടെത്തുന്നത്. അതിനുപകരം പരിശോധനാ സമയത്ത് എച്ച്. ഐ. വി. ബാധയെ സംബന്ധിച്ചുള്ള അതി കർശനമായിട്ടുള്ള പരിശോധന നടത്തിയാൽ പിന്നീട് ഇതുപോലെയുള്ള പ്രശ്നങ്ങൾ ഒഴിവാക്കാം. ഇതൊരു വലിയ സാമൂഹ്യപ്രശ്നമാണ്. ഒരു തെറ്റും ചെയ്യാത്ത ആളുകൾ ഒറ്റപ്പെടലിനും ഒഴിവാക്കലിനും വിധേയരായി വലിയ സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നുള്ളതുകൊണ്ട് എത്ര ചെലവേറിയതാണെങ്കിലും മുൻകൂട്ടിത്തന്നെ ഇതു സംബന്ധിച്ചുള്ള പരിശോധന പൂർത്തിയാക്കാൻ ആവശ്യമായിട്ടുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആരോഗ്യവാനായ ഒരു വ്യക്തി എച്ച്. ഐ. വി. പോസിറ്റീവാണെങ്കിൽപ്പോലും നമ്മൾ രക്തം എടുത്താൽ ചിലപ്പോൾ ആ രക്തം നെഗറ്റീവായി കാണും. പരിശോധന പൂർത്തിയായതിന് ശേഷം മാത്രമേ രക്തം എടുക്കാവൂ എന്ന നിലപാട് എടുത്താൽ രക്തം കിട്ടാത്ത സ്ഥിതി വരും. അതുകൊണ്ട് രക്തം നമ്മളെടുക്കും, സൂക്ഷിക്കും. സൂക്ഷിക്കുന്ന രക്തം

LIBRARY ARCHIVES Kerala Legislative Assembly

വിനിയോഗിക്കുമ്പോഴാണ് പ്രശ്നം വരുന്നത്. രക്തം സൂക്ഷിക്കുന്നതിൽ പ്രശ്ന മൊന്നുമില്ല. വിനിയോഗം എച്ച്. ഐ. വി. നെഗറ്റീവാണെന്ന് കണ്ടതിന് ശേഷം മാത്രമേ ഉണ്ടാവുകയുള്ളൂ.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ബ്ലഡ് ബാങ്കുകളെ സംബന്ധിച്ചിട ത്തോളം ഇന്ന് ശാസ്ത്രീയവും സാങ്കേതികവുമായി ലഭ്യമായിട്ടുള്ള എല്ലാ സൗക ര്യങ്ങളും ഇവിടെ ആയിട്ടില്ല. എയ്ഡ്സ് കൺട്രോൾ സെല്ലും അതുപോലെ ലോക രാജ്യങ്ങളിലെ പല സംഘടനകളും ഇതിനാവശ്യമായ സഹായങ്ങൾ നൽകാൻ തയ്യാറാണ്. ഇതിനുവേണ്ട എന്തെങ്കിലും പദ്ധതി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെയോ മറ്റ് സംഘടനകളുടെയോ മുൻപാകെ സമർപ്പിച്ചിട്ടുണ്ടോ; വിൻഡോ പീരീഡ് മൂന്ന് മാസത്തിൽ നിന്ന് 15 ദിവസമായി ചുരുക്കിക്കൊണ്ടുവരാൻ പല രാജ്യങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ ജോലി തേടിപ്പോയിട്ടു ള്ളവർ ഇത്തരം സംശയമുണ്ടാകുമ്പോൾ ലീവെടുത്ത് ഇവിടെ വന്നാൽ അവർക്ക് വേഗം തിരിച്ചുപോകേണ്ടിവരുന്നതുകൊണ്ട് ഇൻഡ്യയിലെ മറ്റേത് സംസ്ഥാനത്തേ ക്കാളും വിൻഡോ പീരിയഡ് ചുരുങ്ങിവരേണ്ടത് കേരളത്തിലെ ആളുകളുടെ ആവശ്യമാണെന്നത് പരിഗണിച്ച് ഇതിനാവശ്യമായ പ്രത്യേക പരിഗണന സംസ്ഥാ നത്തിന് ലഭ്യമാക്കാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പറഞ്ഞതുപോലെ വിൻഡോ പീരിഡിന്റെ കാലപരിധി കുറയ്ക്കുന്നതിന് വേണ്ടിയുള്ള ശ്രമമാണ് നടക്കേണ്ടത്. അതിനുള്ള പരിശ്രമം തുടരുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, രക്തം എടുക്കുകയും സൂക്ഷിക്കു കയും ചെയ്യുന്നതിൽ തെറ്റില്ല. വിനിയോഗിക്കുന്നതിന് മുൻപ് കൊള്ളാവുന്ന രക്ത മാണോ എന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട് എന്നു പറഞ്ഞു. വളരെ നല്ലത്. പക്ഷേ രക്തം എടുക്കുന്ന സന്ദർഭത്തിൽ രക്തദാതാവ് എച്ച്. ഐ. വി. ബാധിതനാ ണെങ്കിൽ ആ വ്യക്തിയുടെ ശരീരത്തിൽ നിന്ന് രക്തമെടുക്കുന്നതിന് ഉപയോഗി ക്കുന്ന സിറിഞ്ച് disposable ആയിരിക്കണമെന്ന് നിയമമുണ്ടെങ്കിലും ചിലപ്പോഴെ ങ്കിലും റീസൈക്കിൾ ചെയ്ത് വരാറുള്ളതുകൊണ്ട് രക്തമെടുക്കുന്ന ആശുപത്രി യിൽത്തന്നെ ആ സിറിഞ്ച്കൂടി നശിപ്പിക്കുന്നതിന് കൃത്യമായ നിർദ്ദേശം കൊടുക്കു കയും ആ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള ഒരു പുത്തൻ സംവിധാനത്തിനുകൂടി അങ്ങ് രൂപം കൊടുക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പറഞ്ഞത് വളരെ ശരി യാണ്. നീഡിൽ ഡിസ്ട്രോയർ എല്ലാ സെന്റേഴ്സിലും കൊടുക്കുന്നുണ്ട്. രക്തം എടുത്തുകഴിയുമ്പോൾ ആ നീഡിൽ ഡിസ്ട്രോയർ ഉപയോഗിച്ച് മെൽറ്റ് ചെയ്ത് കളയുകയാണ് ചെയ്യുന്നത്. പിന്നീട് ആ നീഡിൽ വിനിയോഗിക്കാൻ സാദ്ധ്യമല്ല. അതുകൂടാതെ തന്നെ ആറ് കളറുകളുള്ള കളർ കോഡഡ് ബാഗ് നമ്മൾ വിതരണം ചെയ്തിട്ടുണ്ട്. നീഡിൽ മെൽറ്റ് ചെയ്ത് കളർ കോഡഡ് ബാഗിൽ ഇട്ടുകഴിഞ്ഞാൽ പിന്നീട് ആ ബാഗ് ഡിസ്പോസ് ചെയ്ത് പോവുകയാണ്. അത് പുറത്തേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോകാറില്ല. അതുകൊണ്ട് അങ്ങനെയൊരു അഭ്യൂഹത്തിനുള്ള കാര്യമില്ല. എന്തെങ്കിലും ഒറ്റപ്പെട്ട സംഭവമുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ നിശ്ചയമായിട്ടും നടപടിയുണ്ടാകും. പക്ഷേ കേരളത്തിൽ ഇതുവരെ മെൽറ്റ് ചെയ്തത് പുറത്തുവന്നു എന്ന വാദഗതിയുണ്ടായിട്ടില്ല. മെൽറ്റ് ചെയ്തതിന് ശേഷവും പുറത്തുവന്നു എന്ന വാർത്തകൾ വന്നിട്ടുണ്ട്. പക്ഷേ ആ നീഡിൽ പിന്നീട് ഉപയോഗിക്കാൻ സാദ്ധ്യമല്ല.

ശ്രീ. മത്തായി ചാക്കോ: സർ, ശേഖരിക്കുന്ന രക്തം, അങ്ങ് പറഞ്ഞല്ലോ മൂന്ന് മാസം കഴിഞ്ഞാലേ എച്ച്. ഐ. വി. പോസിറ്റീവാണോ അല്ലയോ എന്ന് നിശ്ചയിക്കാൻ കഴിയൂ എന്ന്. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ ശേഖരിച്ചുവയ്ക്കുകയും ആവശ്യക്കാർക്ക് കൊടുക്കുകയും ചെയ്യുന്ന ബ്ലഡിനെ സംബന്ധിച്ച് അങ്ങനെ വല്ല ആക്ഷേപവും ഉണ്ടായിട്ടുണ്ടോ; യഥാർത്ഥത്തിൽ മെഡിക്കൽ കോളേജിലെ ബ്ലഡ് ബാങ്കുകളുടെ സ്ഥിതി ശോചനീയമാണ്. നിലവിൽ അതിനുള്ള സംവിധാനങ്ങൾ കുറവാണ്. കേരളത്തിലെ മെഡിക്കൽ കോളേജുകളിലെങ്കിലും, പ്രത്യേകിച്ച് കാഷ്വാലിറ്റിയോട് അനുബന്ധിച്ചുള്ള സ്ഥാപനങ്ങളിൽ നല്ല രക്തം വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുമെന്ന് ഈ സഭയിൽ ഉറപ്പ് നൽകാൻ കഴിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പറഞ്ഞ നിർദ്ദേശം പ്രായോഗികമാണോ എന്ന് പരിശോധിക്കാം. ബ്ലഡ് എടുത്തുകഴിഞ്ഞാൽ 35 ദിവസം മാത്രമേ സൂക്ഷിക്കാൻ കഴിയൂ. ശീതീകരിച്ച രക്തം വീണ്ടും പിരശോധിച്ചാലും എച്ച്. ഐ. വി. പോസിറ്റീവ് ആണോ എന്ന് കണ്ടെത്താൻ പ്രയാസമാണ്.

മി. സ്പീക്കർ: ഒരു സംഭവമുണ്ടായിക്കഴിഞ്ഞാൽ ആകെ അപകടമാണെന്ന ധാരണ വരും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വിൻഡോ പീരിഡിന് ശേഷമുള്ള രക്തം വളരെ പെർഫെക്ടായിരിക്കും. വിൻഡോ പീരിയഡ് രക്തദാതാവിന്റെ ശരീരത്തിലുള്ള അണുക്കളുടെ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കും. എച്ച്. ഐ. വി. പോസിറ്റീവ് അണുക്കൾ ബാധിച്ചാലും മൂന്നുമാസത്തേക്ക് തിരിച്ചറിയത്തക്കവിധം സജീവമാകണമെന്നില്ല.

ശ്രീ. ഉമേഷ് ചള്ളിയിൽ: സർ, വിവാഹത്തിന് മുൻപ് എയ്ഡ്സ് ഇല്ലെന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഗവൺമെന്റിനെക്കൊണ്ട് ആകുന്ന രൂപത്തിലുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നതാണ്.

ശ്രീ. ടി. എം. ജേക്കബ്: സർ, എച്ച്. ഐ. വി. ബാധിച്ച ആളുകളെ നമ്മുടെ സമൂഹം ഒറ്റപ്പെടുത്തുന്ന സാഹചര്യമാണ്. അത് ഒഴിവാക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള നടപടികൾ എന്താണ്? എച്ച്. ഐ. വി. വൈറസിനെപ്പോലെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

അതിനേക്കാൾ അതിഭീകരമായിട്ടുള്ളതാണ് ഹെപ്പറ്റൈറ്റിസ്-ബി വൈറസ്. അത് fast killing വൈറസാണ്. എച്ച്. ഐ. വി. ബാധിച്ചാൽ ആറോ ഏഴോ വർഷമെങ്കിലും ജീവിച്ചിരിക്കും. ഹെപ്പറ്റൈറ്റിസ്-ബി ബാധിച്ചാൽ രണ്ടോ മൂന്നോ മാസം കഴിഞ്ഞാൽ മരിക്കുന്ന സാഹചര്യമാണ്. ഈ വൈറസ് ബാധിക്കുന്നതിന് പ്രധാനപ്പെട്ട ഒരു കാരണം needle prick തന്നെയാണ്. നീഡിൽ ഡിസ്ട്രോയർ എല്ലാ ഹോസ്പിറ്റലുകളിലും എല്ലാ വാർഡുകളിലും നിർബന്ധമാക്കുമെന്ന് ഈ സഭയിൽത്തന്നെ ഉറപ്പ് നൽകിയതാണ്. നമ്മുടെ സംസ്ഥാനത്ത് നിരവധി സർക്കാർ ആശുപത്രികളുണ്ട്. അവിടെ ആ സംവിധാനമില്ല. ചെറിയ തുകകൊണ്ട് നമുക്ക് ചെയ്യാവുന്ന കാര്യമാണ്. വളരെ ഗൗരവമായി ഈ വിഷയമെടുത്ത് ഗവൺമെന്റ് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ നിർദ്ദേശിച്ചതു പോലെ നീഡിൽ ഡിസ്ട്രോയർ ഇല്ലാത്ത ആശുപത്രികളിൽ നീഡിൽ ഡിസ്ട്രോയർ വാങ്ങുന്നതിന് വേണ്ടിയുള്ള നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, അങ്ങ് ഇവിടെ മറുപടി പറഞ്ഞപ്പോൾ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ എച്ച്. ഐ.വി. പോസിറ്റീവ് രോഗികളിൽ നിന്നും രക്തം എടുത്തതായി അറിവില്ലെന്ന് പറഞ്ഞു. ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളിലും മറ്റ് സ്വകാര്യ ആശുപത്രികളിലും എച്ച്. ഐ.വി. പോസിറ്റീവാണോ നെഗറ്റീവാണോ എന്ന് പരിശോധിക്കാനുള്ള സംവിധാനമില്ല എന്നു മാത്രമല്ല ഒരു പ്രസവം നടക്കുമ്പോൾ പെട്ടെന്ന് രക്തം കൊടുക്കണമെങ്കിൽ ആളുകൾ രക്തം കൊടുക്കുന്നു എന്നല്ലാതെ ഇങ്ങനെയെടുക്കുന്ന രക്തം പോസിറ്റീവാണോ നെഗറ്റീവാണോ എന്ന് പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ല. ഈ സാഹചര്യത്തിൽ ക്വാളിഫൈഡായിട്ടുള്ള ആളുകളെക്കൊണ്ട് രക്തം പരിശോധിപ്പിക്കാനുള്ള ശക്തമായ നടപടി സ്വീകരിച്ച് സ്വീകരിക്കുന്ന രക്തം എച്ച്. ഐ. വി. നെഗറ്റീവാണെന്ന് ഉറപ്പുവരുത്തിക്കൊണ്ട് മാത്രം രക്തദാനം നടത്തുന്ന സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതു പോലെ ബ്ലഡ് ബാങ്കിന് ചില സ്പെസിഫിക്കേഷൻസുണ്ട്; ബ്ലഡ് സ്റ്റോറേജ് സെന്റേഴ്സിനുമുണ്ട്. അപ്പോൾ ബ്ലഡ് സ്റ്റോറേജ് സെന്ററുകളിലും നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതെങ്കിലും സ്ഥാപനം ഉണ്ടോയെന്നു പരിശോധിക്കാം. ഈ റസ്ട്രിക്ഷൻസ് എല്ലാം നിലനിൽക്കുന്ന സാഹചര്യത്തിൽ ഏതെങ്കിലും സ്ഥാപനം നിയന്ത്രണങ്ങൾക്ക് വിധേയമല്ലാത്ത രൂപത്തിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാം.

ശ്രീ. എം. വി. ജയരാജൻ: സർ, ഇതിൽ എലിസ ടെസ്റ്റ്-എച്ച്. ഐ. വി. പോസിറ്റീവ് ആണോ നെഗറ്റീവ് ആണോ എന്ന് കണ്ടെത്താൻ സഹായിക്കുന്ന ഈ ടെസ്റ്റ് വളരെ ചെലവേറിയതാണ്. ചികിത്സാച്ചെലവ് തന്നെ സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്തതാണ്. ഇപ്പോൾ എയ്ഡ്സ് നിയന്ത്രണ പ്രവർത്തനത്തിന്റെ



LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായി ധാരാളം തുക ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കുന്നുണ്ട്. കോടിക്കണക്കിന് രൂപയാണ് ചെലവ് ചെയ്യുന്നത്. അത് പൂർണ്ണമായി ഒഴിവാക്കണമെന്ന അഭിപ്രായത്തിലല്ല ഞാൻ പറയുന്നത്. അതിൽ ഒരു പങ്ക് ഈ പറയുന്ന ചെലവേറിയ ടെസ്റ്റ് നടത്തുന്നതിന് ഒരു സബ്സിഡിയായി ബന്ധപ്പെട്ടവർക്ക് നൽകാൻ ഏതെങ്കിലും ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബോധവൽക്കരണത്തിനുവേണ്ടി കേരള ഗവൺമെന്റ് കൊടുക്കുന്ന തുകയല്ല. കേരള ഗവൺമെന്റിന് മറ്റ് ഇനങ്ങളിൽ വന്നുപെടുന്നതാണ്. അപ്പോൾ ബോധവൽക്കരണത്തിന് വരുന്ന തുക കേരള ഗവൺമെന്റിന് ഇവിടെ വക മാറ്റി ചെലവഴിക്കാൻ സാധിക്കുകയില്ല. അതേ സമയം അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെയുള്ള കാര്യത്തിനുവേണ്ടി ഗവൺമെന്റിന് ചെയ്യാവുന്ന പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്നത് പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. ജെ. ജോയി: സർ, എച്ച്. ഐ. വി. ബാധിതരായ രോഗികളെ ഇന്ന് വാസ്തവത്തിൽ വളരെ അവഹേളിതരായിട്ടാണ് സമൂഹം കാണുന്നത്. വളരെ പ്രധാനപ്പെട്ട കാര്യം, ഇതിൽ ലൈംഗികമായ ഇടപെടൽകൊണ്ട് വരുന്ന രോഗമാണ് എന്നുള്ള കാഴ്ചപ്പാട് മാത്രമാണ് ജനങ്ങളിലുള്ളത്. ജനങ്ങളിലുള്ള ആ കാഴ്ചപ്പാടിന് വിപരീതമായി വളരെ വ്യത്യസ്തമായിട്ടാണ് ഈ രോഗം വരുന്നത് എന്ന് ഇവിടെ നടന്ന ചർച്ചകളിൽ നിന്നുതന്നെ വ്യക്തമാണ്. സിറിഞ്ചുകളിലൂടെയും ചിലയിനം കൊതുകുകൾ വഴിയുമൊക്കെയാണ് ഇത് അധികവും മറ്റുള്ളവർക്ക് പകരുന്നത്. സമൂഹത്തിൽ എച്ച്. ഐ. വി. ബാധിതനാണോ എങ്കിൽ വഴിവിട്ട ലൈംഗിക വേഴ്ചയ്ക്ക് പോയിയെന്നു ചിത്രീകരിക്കപ്പെടുന്ന ദുരനുഭവം ഉണ്ട്. അത് അങ്ങനെയല്ല എന്ന് ബോധ്യപ്പെടുത്താനുള്ള എന്തെങ്കിലും പ്രചരണപരമായ ബോധവൽക്കരണ പരിപാടി ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ നാഷണൽ ലെവലിൽത്തന്നെ അതിനുവേണ്ടി ഒരു കമ്മിറ്റിയുണ്ട്. അതിനുവേണ്ടിയുള്ള propaganda നടത്തുന്നതിന് ക്രമീകരണങ്ങളുണ്ട്. റീഹാബിലിറ്റേഷൻ സംബന്ധിച്ച കമ്മിറ്റി ചില കാര്യങ്ങൾ ചെയ്യുന്നുണ്ട്. നാഷണൽ സെമിനാറിൽ ഞാൻ തന്നെ പങ്കെടുത്തിരുന്നതാണ്. അന്നത്തെ സ്പീക്കറായിരുന്ന ശ്രീ. വക്കം പുരുഷോത്തമൻ കേരള നിയമസഭയിൽ നിന്ന് 10 അംഗങ്ങളെ അതിൽ പങ്കെടുക്കാൻവേണ്ടി നിയോഗിച്ചിരുന്നു. കൂടാതെ ഒരു കമ്മിറ്റി ഇവിടെത്തന്നെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയുമുണ്ടായി. മഞ്ചേരിയിൽ 24-ാം തീയതി ഇതുപോലെയുള്ള ഒരു യോഗത്തിൽ ഞാൻ പങ്കെടുക്കുന്നുണ്ട്. അങ്ങയുടെ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് എച്ച്. ഐ. വി. ബാധിതരായിട്ടുള്ള ആളുകളുമായി ഒരു ഇൻട്രാക്ഷൻ ഈ സംസ്ഥാനത്ത് വയ്ക്കാൻവേണ്ടി ഈ 20-ാം തീയതിക്കു ശേഷമുള്ള ഒരു ദിവസം (23-ാം തീയതിയോ, 24-ാം തീയതിയോ) വയ്ക്കുന്നതാണ്. ഈ സഭയിൽപ്പെട്ട ആളുകളിൽ അതിൽ പങ്കെടുക്കാൻ കഴിയുന്നത്ര ആളുകൾ വരണം. കാരണം അവർ അവഹേളി

LIBRARY ARCHIVES Kerala Legislative Assembly

തരാണെന്നുവരുന്നത് സമൂഹത്തിന് അപകടകരമാണ്. അത് വരാതിരിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട വക്കം പുരുഷോത്തമന്റെ നേതൃത്വത്തിൽ 10 അംഗങ്ങൾ ഡൽഹിയിൽ പോയതിൽ ഞാനും ഉണ്ടായിരുന്നു. എന്റെ മണ്ഡലത്തിൽ ഇതിന്റെ ഭാഗമായി ഞാൻ ഒരു സെമിനാറും നടത്തിയിരുന്നു. ആരോഗ്യ വകുപ്പ് ബോധവൽക്കരണത്തിന് വളരെ പ്രാധാന്യം കൊടുക്കേണ്ട ഒരു രംഗമാണിത്. അല്ലാതെ ഈ അവസ്ഥ മാറ്റിയെടുക്കാൻ പറ്റില്ല. നേരത്തെ ഇവിടെ പറഞ്ഞതുപോലെ ഏതാണ്ട് ഒരു ലക്ഷത്തോളം എച്ച്. ഐ. വി. ബാധിതരായിട്ടുള്ള രോഗികൾ കേരളത്തിലുണ്ടെന്നാണ് കണക്ക്. ഇനിയും രോഗബാധിതരുടെ എണ്ണം കൂടാനാണ് സാദ്ധ്യത. പ്രത്യേകിച്ച് രക്തം നൽകുന്നതിന് വിൻഡോ പീരിഡിലുള്ളതാണോ ഉപയോഗിച്ചത് എന്ന് നമുക്ക് പറയാനും പറ്റില്ല. ഇത്രയും വലിയ, മനുഷ്യവംശത്തിന്റെ തന്നെ നാശത്തിന് സാധ്യതയുള്ള ഈ രോഗത്തെ നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെങ്കിലും സംവിധാനം ഇന്ന് ലോകത്ത് കണ്ടുപിടിച്ചിട്ടില്ല. ഇത് വരാതിരിക്കുന്നതിനുള്ള പ്രിക്കോഷണറി നടപടി മാത്രമെ നമുക്ക് സ്വീകരിക്കാൻ പറ്റൂ. ആ രംഗത്ത് ബോധവൽക്കണത്തിന്റെ ആവശ്യം ആരോഗ്യ വകുപ്പ് വളരെ പ്രാധാന്യത്തോടുകൂടി കാണേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി ഒരു വലിയ ബോധവൽക്കരണ പ്രക്രിയയ്ക്ക് നേതൃത്വം കൊടുക്കാൻ ആരോഗ്യ വകുപ്പിന് കഴിഞ്ഞാൽ രോഗം വ്യാപിക്കുന്നത് ഇല്ലാതാക്കാൻ സാധിക്കും. ആ രംഗത്ത് മന്ത്രിയുടെ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ നിർദ്ദേശം പരിശോധിക്കാവുന്നതാണ്. അതുകൊണ്ടാണ് കേരളത്തിലെ എച്ച്. ഐ. വി. ബാധിതരുമായി ഒരു ഇന്ററാക്ഷൻ ഈ അടുത്ത ദിവസങ്ങളിൽ നടത്തുന്നതിനുവേണ്ടി തീരുമാനിച്ചത്.

ശ്രീ. പി. ടി. തോമസ്: സർ, ഇവിടെ മെഡിക്കൽ കോളേജുകളിലെ ബ്ലഡ് ബാങ്കിനെക്കുറിച്ച് പറയുകയുണ്ടായി. കേരളത്തിൽ എയ്ഡ്സ് നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി ചില പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എല്ലാ ജില്ലകളിലുമുള്ള സന്നദ്ധ സംഘടനകളൊക്കെ ഈ രംഗത്ത് ചില പ്രചാരണങ്ങളും കാര്യങ്ങളുമൊക്കെ കൊടുക്കുന്നുണ്ട്. എന്നാൽ അതിൽ പലതും നടത്തുന്നത് വേണ്ടത്ര വിദഗ്ധരടങ്ങാത്ത സമിതികളാണ്. ഇതുസംബന്ധിച്ച് നടക്കുന്ന പ്രചാരണ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നേതൃത്വം നൽകുന്നതും കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക സഹായം ഉള്ളതുമാണ്. അങ്ങനെ നടക്കുന്ന പ്രചാരണങ്ങളും അതോടനുബന്ധിച്ചുള്ള മറ്റ് പ്രവർത്തനങ്ങളും ഫലപ്രദമാണോ എന്ന്പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുമോ; അതു സംബന്ധിച്ചുള്ള ഗവൺമെന്റ് നയം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. പി. ടി. തോമസ് പറഞ്ഞതു പോലെ ഇവിടെ ഒരു വോളണ്ടറി കൗൺസിലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, കോഴിക്കോട് ബ്ലഡ് ബാങ്കിൽ 7 ജീവനക്കാരാണുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലുള്ളതിന്റെ നേർ പകുതിയാണ് ഇത്. അവിടെ പ്രൊഫസറുടേയും അസിസ്റ്റന്റ് പ്രൊഫസറുടേയും തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ജീവനക്കാരുടെ എണ്ണത്തിൽ വളരെ കുറവുള്ളതുകാരണം അതിന്റെ പ്രവർത്തനം സുഖകരമായി നടത്താൻ കഴിയുന്നില്ല. ഈ ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം നല്ല നിലയിൽ നടത്തിക്കൊണ്ടുപോകാൻ ആവശ്യമായ ജീവനക്കാരെ വേണ്ടതുണ്ട്. അതുകൊണ്ട് ഈ ഒഴിവ് നികത്താനാവശ്യമായ നടപടി ഉടനെ സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോഴിക്കോട്ട് ഗവൺമെന്റിന്റേതായി മൂന്ന് ബ്ലഡ് ബാങ്കുകളും പ്രൈവറ്റിൽ എട്ടും അടക്കം 11 എന്നാണ് എനിക്ക് കിട്ടിയ രേഖകളിൽ നിന്ന് മനസ്സിലാകുന്നത്. ജീവനക്കാരുടെ കുറവ് ഉണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, എയ്ഡ്സ് രോഗികളോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് ഈ രോഗികൾ തന്നെയാണ് രോഗത്തിന്റെ കാരണക്കാർ എന്നു തന്നെയാണ്. പക്ഷേ ഇത് സമൂഹത്തിലുണ്ടാക്കുന്ന ഏറ്റവും വലിയ പ്രശ്നം വിവാഹിതരാകുന്ന ആളുകളിൽ ഭാര്യയാകുന്ന ആളിന് രോഗമുണ്ടെങ്കിൽ ഭർത്താവിന് രോഗം വരും. ഭർത്താവിന് രോഗമുണ്ടെങ്കിൽ ഭാര്യയ്ക്ക് രോഗം വരും, ഇതൊന്നും അറിയാതെ മക്കളുണ്ടാകുമ്പോൾ അവർക്കും രോഗം വരുന്നു. ഇത് വഴി ഒരു കുടുംബം മുഴുവൻ തകരുകയാണ്. ഇത് ഇല്ലാതാക്കുന്നതിനുവേണ്ടി പല രാജ്യങ്ങളിലും വിവാഹത്തിന് മുമ്പ് എയ്ഡ്സ് രോഗം ഇല്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിയമമുണ്ടാക്കി നടപ്പിലാക്കാൻ പോവുകയാണ്. ആ വ്യവസ്ഥ കേരളത്തിൽ - ഞാൻ മുമ്പൊരിക്കൽ സബ്മിഷൻ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞതാണ്.- ഇതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് വിവാഹിതരാകുന്നവർക്ക് അതിനുമുമ്പ് എയ്ഡ്സ് രോഗമില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നുള്ളത് നിയമപരമായി വ്യവസ്ഥ ചെയ്യാനുള്ള നടപടി എടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞ നിർദ്ദേശം കൊള്ളാം. അതുകൊണ്ടുമാത്രം ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാവുകയില്ല. ലീഗലായാലും ഇല്ലീഗലായാലും ഉണ്ടാകുന്ന ബന്ധങ്ങൾ സ്വാഭാവികമായി ഇത് പകരുന്നതിന് ഇടയാവുകയാണ്. അങ്ങ് പറഞ്ഞ നിർദ്ദേശം അംഗീകരിച്ചാൽ ലീഗൽ മാരേജ് സിസ്റ്റത്തിന് മാത്രമാണ് നമുക്കൊരു നിബന്ധന വയ്ക്കാൻ കഴിയുക. അതി

LIBRARY ARCHIVES Kerala Legislative Assembly

നപ്പുറത്ത് എത്രയോ കാര്യങ്ങൾ നടക്കുന്നു. ഞാൻ ബഹുമാനപ്പെട്ട സഭയുടെ സമയം കളയുന്നില്ല.

മി. സ്പീക്കർ: അതൊന്നും ഇവിടെ പറയണ്ട.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, വളരെ വ്യാപകമായി എയ്ഡ്സ് പടർന്നു കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ, ബ്ലഡ് ഡോണേഴ്സായിട്ടുള്ള ആളുകൾ എച്ച്. ഐ. വി. പോസിറ്റീവാണെന്നു കണ്ടെത്തിയ ചില കേസുകൾ ഉണ്ടെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു. അങ്ങനെ എച്ച്. ഐ. വി. പോസിറ്റീവായിട്ടുള്ള ബ്ലഡ് ഡോണേഴ്സിനെ പിന്നീട് നിർബന്ധമായി ട്രെയ്സ് ചെയ്തിട്ട് അവർക്ക് ചികിത്സ നൽകുന്നതിനുള്ള സംവിധാനം എയ്ഡ്സ് തടയുന്നതിന് വളരെ പ്രധാനപ്പെട്ട ഒന്നാണ്. അങ്ങനെ ഒരു സംവിധാനം ഇപ്പോൾ ഗവൺമെന്റ് കൈകാര്യം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ കൈകാര്യം ചെയ്യുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, കേരള സംസ്ഥാനത്ത് എച്ച്. ഐ. വി. ബാധിതരുടേയും ക്യാൻസർ രോഗികളുടേയും എണ്ണം ഒരുപാട് വർദ്ധിച്ചിട്ടുണ്ട്. സെൻട്രൽ ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത 133 ബ്ലഡ് ബാങ്കുകളാണ് കേരളത്തിലുള്ളത്. അതിൽ മൂന്നിലൊന്നുപോലും സർക്കാർ ബ്ലഡ് ബാങ്കുകൾ ഇല്ല. സ്വകാര്യ ബ്ലഡ് ബാങ്കുകൾക്ക് ലൈസൻസ് കൊടുക്കുമ്പോൾ ആവശ്യമായ ആധുനിക യന്ത്രോപകരണങ്ങൾ ഉണ്ട് എന്ന ഉറപ്പ് വരുത്തുന്നതോടൊപ്പംതന്നെ ഈയിടെ ബ്ലഡിന്റെ വില സ്വകാര്യ ലാബുകൾ വർദ്ധിപ്പിച്ചപ്പോൾ അതിനനുസരിച്ച് സർക്കാർ വർദ്ധിപ്പിച്ചതായി ഇന്നത്തെ മാതൃഭൂമിയിൽ ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഈ വർദ്ധനവ് ഇല്ലാതാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; ഒരുപാട് പകർച്ചവ്യാധികൾ - ഏറ്റവും ഒടുവിൽ ഇപ്പോൾ പക്ഷിപ്പനിവരെ സംസ്ഥാനത്ത് എത്തിയ ഈ സാഹചര്യത്തിൽ ഗവൺമെന്റ് രക്തദാനം സംബന്ധിച്ച കാര്യങ്ങളിൽ അതീവ ജാഗ്രത പാലിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 138 ബ്ലഡ് ബാങ്കുകളാണ് കേരള സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ജില്ല തിരിച്ചുള്ള കണക്ക് എന്റെ കൈവശമുണ്ട്. പക്ഷേ അത് വിശദമായി പറയേണ്ട എന്നുള്ളതുകൊണ്ട് അങ്ങേയ്ക്ക് ആവശ്യമുണ്ടെങ്കിൽ പിന്നീട് ഞാൻ അത് തന്നുകൊള്ളാം. 138 ബ്ലഡ് ബാങ്ക് സെന്ററുകൾ ബ്ലഡ് ബാങ്കുകളായി പ്രവർത്തിക്കുകയാണ്. അങ്ങയുടെ ഒരു നിർദ്ദേശമുള്ളത്, പട്ടിണിപ്പാവങ്ങളായിട്ടുള്ള ആളുകൾ സാധാരണ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾ, ബി.പി.എൽ. ലിസ്റ്റിൽ ഇല്ല എങ്കിൽപ്പോലും സത്യം പറഞ്ഞാൽ ബി.പി.എൽ. ലിസ്റ്റിലുള്ളതിനേക്കാൾ വിഷമം അനുഭവിക്കുന്ന വേറെ

LIBRARY ARCHIVES Kerala Legislative Assembly

ചില ആളുകളുണ്ട്. അവർക്കുവേണ്ടി എന്താണ് ചെയ്യുവാൻ കഴിയുക എന്നുള്ളത് ഗവൺമെന്റ് ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.

ശ്രീ. ജോണി നെല്ലൂർ: സർ, ഇവിടെ എച്ച്. ഐ. വി. ബാധിതരെക്കുറിച്ചാണ് പറഞ്ഞുവരുന്നത്. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഇവിടെ ചോദിച്ചതുപോലെ മാരകമായ ഹെപ്പറ്റൈറ്റിസ്-ബി വൈറസ് പിടികൂടിയ നിരവധി ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. നമ്മുടെ നിയമസഭാ അംഗങ്ങൾ നിർബന്ധമായും ഹെപ്പറ്റൈറ്റിസ്-ബി ഉണ്ടോ എന്ന് പരിശോധിക്കുകയും അതിനെതിരെയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്തത് അങ്ങ് ഓർക്കുന്നുണ്ടാകും. അതിന്റെ തുടർ നടപടി അതിനുശേഷം ഉണ്ടായില്ല. നമ്മുടെ സംസ്ഥാനത്ത് മാരകമായ ഹെപ്പറ്റൈറ്റിസ്-ബി വൈറസ് ബാധിച്ചിട്ടുള്ള എത്ര രോഗികൾ ഉണ്ടെന്ന് വല്ല കണക്കും എടുത്തിട്ടുണ്ടോ; എച്ച്. ഐ. വി. പോലെതന്നെ വളരെ ഗുരുതരമായ ഈ രോഗം പകരാതിരിക്കുവാൻ ആവശ്യമായ കർശനമായ നിർദ്ദേശം ആശുപത്രികൾക്ക് കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ നിർദ്ദേശം കൊടുക്കുവാൻ തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ചോദ്യം എച്ച്. ഐ. വി.-യെ കുറിച്ചായതുകൊണ്ട് ഹെപ്പറ്റൈറ്റിസ്-ബിയുടെ ലേറ്റസ്റ്റ് ആയിട്ടുള്ള ഡാറ്റാ എന്റെ കയ്യിൽ ഇപ്പോൾ ഇല്ല. അങ്ങേയ്ക്ക് ആ ഡാറ്റാ പിന്നീട് എത്തിച്ചുതരുന്നതാണ്. ശ്രീ. ടി. എം. ജേക്കബ് ഹെപ്പറ്റൈറ്റിസ്-ബി ബാധയ്ക്ക് ഇരയായ ആളാണ്. ഈ സഭ മുഴുവൻ അദ്ദേഹത്തിന്റെ ജീവനുവേണ്ടി പ്രാർത്ഥിച്ച നിമിഷം ഞാൻ ഓർക്കുകയാണ്. അതു കണ്ടുപിടിക്കുന്നതിനുള്ള ഒരു മാർഗ്ഗത്തെക്കുറിച്ച് ഇനി പരിശോധിക്കാം.

ശ്രീ. ടി. പി. എം. സാഹിർ : സർ, 1498 പേർ എച്ച്. ഐ. വി. ചികിത്സയ്ക്ക് വിധേയരാകുന്നു. എഴുപത്തിയഞ്ചായിരത്തിനും ഒരു ലക്ഷത്തിനുമിടയ്ക്ക് എച്ച്.ഐ.വി. പോസിറ്റീവ് ആയിട്ടുള്ള ആളുകളുണ്ട്. ഇതിൽ പ്രധാനമായും എയ്ഡ്സിന്റെ പകർച്ച ഉണ്ടാകുന്നത് സഹവർത്തിത്വം കൊണ്ടല്ല. ബഹുമാനപ്പെട്ട നടൻ മോഹൻലാലിന്റെ നേതൃത്വത്തിൽ എച്ച്. ഐ. വി. ബാധിച്ച കുട്ടികളുടെ ഒരു സംഘവുമായി ഈ ഇടയ്ക്ക് കനകക്കുന്നു കൊട്ടാരത്തിൽ അംഗങ്ങളെ പരിചയപ്പെടുത്താൻ ഒരു യോഗം ഉണ്ടായിരുന്നു. അതെല്ലാം കാണിക്കുന്നത് ബ്ലഡ് ബാങ്കിൽക്കൂടി തന്നെയാണ്, ആശുപത്രിയിൽക്കൂടി തന്നെയാണ് എയ്ഡ്സ് ബാധിക്കുന്നത് എന്നാണ്. അതുകൊണ്ട് ഇപ്പോൾ ബ്ലഡ് ബാങ്കുകളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഡിസ്പോസബിൾ സിറിഞ്ചിനു പകരം സിംഗിൾ യൂസ് കട്ട് ഓഫ് സിറിഞ്ച് ഉപയോഗിക്കുവാൻ അങ്ങ് നിർദ്ദേശിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞതാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഒരു കാരണവശാലും ഒരിക്കൽ ഉപയോഗിച്ച സിറിഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും ഉപയോഗിക്കുവാൻ കഴിയുകയില്ല. അത് മെൽറ്റ് ചെയ്ത് അപ്പോൾത്തന്നെ കളർ കോഡഡ് ബാഗിനകത്ത് ആക്കിയിട്ട് ഡിസ്പോസ് ചെയ്തുപോകുകയാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, കേരളത്തിന്റെ തീരപ്രദേശത്തുനിന്നും ഏറ്റവും കൂടുതൽ സ്ത്രീകളെ വിശിഷ്യാ കയർ/മത്സ്യ മേഖലയിൽനിന്നും പ്രത്യേകിച്ച് ഗുജറാത്ത്, ആന്ധ്ര പോലെയുള്ള സ്ഥലങ്ങളിൽ പീലിംഗ് ഷോപ്പുകളിലെ പണികൾക്കായി കൊണ്ടുപോകുന്നുണ്ട്. ലൈംഗികമായും മറ്റും ഏറ്റവുംകൂടുതൽ ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഇവർക്കുവേണ്ടി ഇ.എൻ.ടി.പി.-യുടെ ഒരു പുതിയ പ്രോജക്ട് രൂപപ്പെടുത്തിയിട്ടുണ്ട്. അവരുടെ പുനരധിവാസവും അതിൽ എയ്ഡ്സ് ഉൾപ്പെടെയുള്ള രോഗബാധ ഉണ്ടാകുന്നത് തടയാനുമുള്ള പരിശ്രമത്തിന്റെ ഭാഗമായി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടിനെ സംബന്ധിച്ച് ഗവൺമെന്റ് സുതാര്യമായി ഇടപെടുകയും ആ പ്രോജക്ട് വർക്കൗട്ട് ചെയ്യുന്നതിലേക്ക് ത്രിതല പഞ്ചായത്തുകളുടെ സഹായവും സഹകരണവും ഉറപ്പുവരുത്താൻ മുൻകയ്യെടുക്കുകയും ചെയ്യുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരള സംസ്ഥാനത്ത് റിപ്പോർട്ടു ചെയ്ത കേസ്സുകളാണ് ഞാൻ ഇവിടെ വായിച്ചത്. അതിനേക്കാൾ അപ്പുറത്ത് ഉണ്ടെന്നുവരികിൽ അത് പരിശോധിക്കാവുന്നതാണ്. അങ്ങ് പറഞ്ഞ നിർദ്ദേശം ഗൗരവതരമാണ്. അത് ഗവൺമെന്റിന്റെ പരിമിതിയിൽ നിന്നുകൊണ്ട് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ആശുപത്രികളിൽ ബ്ലഡ് സംഭരിക്കുന്ന ബ്ലഡ് ബാങ്കുകളെക്കുറിച്ചും അതുവഴി എയ്ഡ്സ് പകരുന്നതിനെക്കുറിച്ചുമാണ് ഇവിടെ ചർച്ച ചെയ്തത്. പക്ഷേ അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് വളരെ ധാരാളമായി, യാതൊരു വ്യവസ്ഥയുമില്ലാതെ കൂണുപോലെ മുളച്ചുപൊന്തുന്ന മെഡിക്കൽ ലബോറട്ടറികളുണ്ട്. അവരും പലവിധത്തിൽ രക്തം കൈകാര്യം ചെയ്യുന്നുണ്ട്. ആ മെഡിക്കൽ ലബോറട്ടറികൾ ഇത് കൈകാര്യം ചെയ്യുന്നത് വ്യവസ്ഥ പ്രകാരമാണോ, ആരോഗ്യ സംരക്ഷണ നിലവാരം കാത്തു സൂക്ഷിച്ചുകൊണ്ടാണോ തുടങ്ങിയ കാര്യങ്ങൾ അന്വേഷിക്കുവാനും നടപടി എടുക്കുവാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെയുള്ള എല്ലാ മെഡിക്കൽ ലബോറട്ടറികളേയും ഒറ്റയടിക്ക് ഒരേ രൂപത്തിൽ ഒരേ മാനദണ്ഡത്തിൽവച്ച് നമുക്ക് അളക്കുവാൻ കഴിയുകയില്ല. പലതും വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നവയാണ്. അതേസമയം ഒട്ടും സ്റ്റാന്റേർഡില്ലാത്തത് ഉണ്ടെന്ന പരാതിയുമുണ്ട്. ലബോറട്ടറികളുടെ നിലവാരം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. രാജു എബ്രാഹം: സർ, നമ്മൾ ബോധവത്കരണത്തിന് വളരെ പ്രാധാന്യം കൊടുക്കുന്നുണ്ട്. പക്ഷേ ബോധവത്ക്കരണം ഒരു പരിധി വരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളിൽ മാത്രമേ എത്തുന്നുള്ളൂ. അതുകൊണ്ട് ഒരു നിർദ്ദേശം എന്നുള്ള രൂപത്തിൽ വയ്ക്കുവാനുള്ളത് വിദ്യാഭ്യാസ വകുപ്പുമായി യോജിച്ച് സ്ക്കൂൾ സിലബസ്സിൽ, ഹൈസ്ക്കൂൾ സിലബസ്സിൽ എങ്കിലും ഇത് ഉൾപ്പെടുത്തിയാൽ സ്വാഭാവികമായും നമ്മുടെ പുതിയ തലമുറയ്ക്ക് എയ്ഡ്സിനെക്കുറിച്ച് ബോധവത്കരണം ഉണ്ടാകും. അതിനാവശ്യമായ അടിയന്തിര നടപടി ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് എടുക്കുവാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സിലബസ്സിൽ ചേർക്കുക എന്നൊക്കെ പറയുന്നത് അഭിപ്രായ പ്രകടനംപോലെ മാത്രമേ വരുകയുള്ളൂ. പഠിക്കുവാൻ നിർബന്ധിതരായിത്തീരുന്നത് നമ്മൾ അടിച്ചേല്പിക്കുന്നതു പോലെയുള്ള രൂപത്തിലാണ് വരുന്നത്. അതിനോട് നെഗറ്റീവായിട്ടുള്ള ഒരു ആറ്റിറ്റ്യൂഡ് എടുക്കുവാനാണ് ചിലപ്പോൾ സാധ്യത. അങ്ങയുടെ നിർദ്ദേശം വളരെ പ്രധാനപ്പെട്ടതാണ്. ബോധവത്ക്കരണം വേണം. അത് സ്മൂത്തായി ജനങ്ങളിലേയ്ക്ക് പകരാൻ കഴിയണം. അതിനു കഴിയണമെന്നുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട ആളുകളെ എല്ലാവരെയും സഹകരിപ്പിക്കുവാൻ കഴിയണം. സ്കൂൾ സിലബസ്സിൽ വന്നേ പറ്റൂ എന്നുള്ളതുകൊണ്ടുമാത്രം ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. കെ. മോഹൻകുമാർ: സർ, അർബ്ബുദചികിത്സയ്ക്കും എയ്ഡ്സ് ചികിത്സയ്ക്കുമെല്ലാംതന്നെ ദാനം ചെയ്യുന്ന രക്തത്തെ രോഗി സ്വീകരിക്കേണ്ടതായി വരുന്നു. കമ്പോണൻസ് സെപ്പറേഷനിലൂടെ പ്ലേറ്റ്ലെറ്റ്സുകളാണ് ഇത്തരം രോഗികൾക്ക് നൽകിവരുന്നത്. ഓപ്പറേഷൻ നടക്കുന്ന എല്ലാ മേജർ ആശുപത്രികളിലും കമ്പോണൻസ് സെപ്പറേഷനു വേണ്ടിയുള്ള സംവിധാനങ്ങളും സജ്ജീകരണങ്ങളും ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മേജർ ആശുപത്രികളിലെല്ലാം ഇപ്പോൾ അതിനുള്ള സംവിധാനങ്ങളുണ്ട്. സാമ്പത്തികമായുള്ള പരിമിതിയൊക്കെ അങ്ങേയ്ക്കും അറിയാവുന്നതാണ്. ഗവൺമെന്റിന്റെ വരുമാനത്തിനകത്തുനിന്നുകൊണ്ട്, സാമ്പത്തികശേഷിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, എച്ച്. ഐ. വി. ബാധിതരുടെ വ്യക്തമായ സർവ്വേ സംസ്ഥാനത്ത് നടത്തിയിട്ടുണ്ടോ: ഉണ്ടെങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; രോഗബാധ തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നേരത്തേ 1498 പേരുടെ ലിസ്റ്റ് ഞാൻ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാനത്തിൽത്തന്നെ ഇവിടെ പറയുകയുണ്ടായി. അതിനിയും ആവർത്തിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ചോദ്യം നമ്പർ 178

എയ്ഡ്സ് രോഗം ബാധിച്ച കുട്ടികളുടെ സംരക്ഷണം

2 (*178) ശ്രീ. കെ. എ. ചന്ദ്രൻ :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. എം. എം. ഹസ്സൻ :

ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡ്സ് രോഗം ബാധിച്ച കുട്ടികളുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) സംസ്ഥാനത്തുള്ള ഓരോ നഗരത്തിലും അവരുടെ ചികിത്സ, പരിചരണം, വിദ്യാഭ്യാസം, സാമൂഹ്യജീവിതം എന്നിവയ്ക്കുവേണ്ടി പ്രത്യേകം കേന്ദ്രങ്ങൾ ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) എയ്ഡ്സ് നിയന്ത്രണം സംബന്ധിച്ച സൊസൈറ്റിയുടെ ഫണ്ടിൽ എന്ത് തുകയുണ്ട്;

(ഡി) ടി കേന്ദ്രങ്ങൾക്കുവേണ്ടി പ്രസ്തുത തുക ഉപയോഗിക്കുന്നതിന് തടസ്സമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പു മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) എയ്ഡ്സ് രോഗബാധിതരായ കുട്ടികളുടെ ചികിത്സയ്ക്കും പരിചരണത്തിനും സംസ്ഥാനം മുൻഗണന നൽകിവരുന്നു. വിദഗ്ദ്ധ പരിശീലനം ലഭിച്ച ഡോക്ടർമാരിലൂടെ സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയാണ് കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. എയ്ഡ്സ് രോഗബാധിതരുടെ ജീവിതദൈർഘ്യം നിലനിർത്തുന്നതിനുള്ള സൗജന്യ ആന്റി റിട്രോവൈറൽ തെറാപ്പി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾ വഴി കുട്ടികൾക്കുൾപ്പെടെ ലഭ്യമാക്കുന്നുണ്ട്. എച്ച്. ഐ. വി. അണുബാധിതരായ ഗർഭിണികൾക്ക് പിറക്കുന്ന കുഞ്ഞുങ്ങളിലേക്ക് ബാധിക്കുന്ന അണുബാധ തടയുന്നതിനുള്ള സംവിധാനമായ പി.പി.റ്റി.സി.റ്റി. (പ്രിവൻഷൻ ഓഫ് പേരന്റ് ടു ചൈൽഡ് ട്രാൻസ്മിഷൻ) സെന്ററുകൾ എല്ലാ മെഡിക്കൽ കോളേജുകളിലും നിലവിലുണ്ട്. ഇതുകൂടാതെ അണുബാധിതരായ കുട്ടികൾക്കും അണുബാധിതരായ രക്ഷിതാക്കളുടെ അണുബാധിതരല്ലാത്ത കുട്ടികൾക്കും വേണ്ട ചികിത്സയും പരിചരണവും സംരക്ഷണവും നല്കുന്നതിനായി സംസ്ഥാനത്തെ വിവിധ സന്നദ്ധ സംഘടനകൾക്ക് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ധനസഹായം നൽകിവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

(ബി) സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകന്നു പോകാതിരിക്കാനും വിവേചനമുണ്ടാകാതിരിക്കാനുമായി എയ്ഡ്സ് ബാധിതരായ കുട്ടികൾക്കായി പ്രത്യേക കേന്ദ്രങ്ങൾ ഉണ്ടാക്കുന്നത് അഭികാമ്യമാണെന്ന് കരുതുന്നില്ല. എന്നാൽ എയ്ഡ്സ് ബാധിച്ച അനാഥക്കുട്ടികൾക്ക് മാത്രമായി മേല്പ്പറഞ്ഞ സേവനങ്ങൽ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ കേന്ദ്രങ്ങൾ നിലവിലുണ്ട്. എയ്ഡ്സ് ബാധിതരായ കുട്ടികൾക്ക് മറ്റ് കുട്ടികളെപ്പോലെതന്നെ വിദ്യാഭ്യാസം നേടുന്നതിനുള്ള സൗകര്യങ്ങളും ഇപ്പോഴുണ്ട്. എച്ച്. ഐ. വി. ബാധിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഡ്രോപ്പ് ഇൻ-സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ആരംഭിച്ചുകഴിഞ്ഞു.

(സി) 31-1-2006-ലെ കണക്കനുസരിച്ച് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ രണ്ട് അക്കൗണ്ടുകളിലായി 8,60,44,003.30 രൂപ ബാക്കിയിരിപ്പുണ്ട്. ഇതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

ലോകബാങ്ക് ഫണ്ട്

| | | |
|---|---|---|
| മുൻ നീക്കിയിരുപ്പ് | - | 3,35,69,335.00 |
| ഗ്രാന്റ് | - | 4,03,00,000.00 |
| ആകെ | - | 7,38,69,335.00 |
| ചെലവ് | - | 5,24,48,597.00 |
| നീക്കിയിരുപ്പ് | - | 2,14,20,938.00 |

ഡി.എഫ്.ഐ.ഡി. (ബ്രിട്ടീഷ് സർക്കാർ വക)

| | | |
|---|---|---|
| മുൻ നീക്കിയിരുപ്പ് | - | 2,42,43,448.00 |
| ഗ്രാന്റ് | - | 9,47,83,000.00 |
| ആകെ | - | 11,90,26,448.30 |
| ചെലവ് | - | 5,44,03,383.00 |
| നീക്കിയിരുപ്പ് | - | 6,46,23,065.30 |

(ഡി) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ നിബന്ധനകൾക്ക് അനുസൃതമായാണ് എയ്ഡ്സ് നിയന്ത്രിത പദ്ധതികൾക്കുള്ള തുക ചെലവഴിക്കുന്നത്. എയ്ഡ്സ് ബാധിതരായ വ്യക്തികൾക്ക് മികച്ച ചികത്സയും സംരക്ഷണവും മറ്റു സേവനങ്ങളും നൽകുന്നതിന് സംസ്ഥാനത്തെ വിവിധ സന്നദ്ധ സംഘടനകൾക്ക് സൊസൈറ്റി സഹായം നൽകുന്നുണ്ട്. എയ്ഡ്സ് ബാധിതർക്ക് മികച്ച ചികിത്സയും സംരക്ഷണവും നൽകുന്നതിന് വ്യക്തമായ പദ്ധതി രേഖയുടെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ സന്നദ്ധ സംഘടനകൾ അപേക്ഷ നൽകിയാൽ അക്കാര്യം പരിഗണിച്ച് ധനസഹായം നല്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, എയ്ഡ്സ് ഒരു മാരകമായ രോഗമാണെന്നും ഇത് ബാധിച്ച ആളുകൾക്ക് പിന്നെ രക്ഷയില്ല എന്നുമുള്ള ബോധം വ്യാപകമായിട്ടുണ്ട്. ഈ സ്ഥിതിയിൽ രോഗബാധിതർ എത്രെയാണെന്നും അതിൽ കുട്ടികൾ എത്രയുണ്ടെന്നും ആ കുട്ടികൾക്ക് വേണ്ടുന്ന പരിചരണവും രോഗപ്രതിവിധിക്കു വേണ്ടിയുള്ള മറ്റ് കാര്യങ്ങളും ഏതെല്ലാം മാർഗ്ഗത്തിലൂടെ കൊടുക്കുന്നുവെന്നും സർക്കാരിന്റെ കയ്യിൽ കണക്കുണ്ടോ; കണക്കുണ്ടെങ്കിൽ തന്നെ അത് പരിപൂർണ്ണമായതാണെന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ടോ; ബോദ്ധ്യമില്ലെങ്കിൽ പൂർണ്ണമായ കണക്കെടുക്കുന്നതിനും മറ്റ് നടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിന് സമാനമായ ചോദ്യമായാണ് ഒന്നാമത്തെ ചോദ്യം വന്നത്. ആ ചോദ്യത്തിന് ഞാൻ മറുപടി പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് എയ്ഡ്സ് രോഗബാധിതരായവർ എന്ന് നമ്മൾ കണ്ടെത്തിയിട്ടുള്ള ആളുകൾ ഏതാണ്ട് എഴുപതിനായിരത്തിനും ഒരു ലക്ഷത്തിനും മദ്ധ്യേയുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, എയ്ഡ്സ് ബാധിതരായ ആളുകൾക്ക് ചികിത്സ നൽകാനും പരിചരണത്തിനുമായി ലോകബാങ്കിൽന്നും ബ്രട്ടീഷ് സർക്കാരിൽ നിന്നും ലഭിച്ച 19 കോടിയിൽ ശിഷ്ടം രൂപയിൽ 10 കോടിയിൽ ശിഷ്ടം രൂപ മാത്രമാണ് 31-1-2006 വരെ നമുക്ക് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇത് ലോകബാങ്കിൽ നിന്ന് കിട്ടിയ പണമായതുകൊണ്ടും ബ്രിട്ടീഷ് സർക്കാരിൽ നിന്നും കിട്ടിയ പണമായതുകൊണ്ടുമൊക്കെ ഈ പണം വിനിയോഗിക്കേണ്ട എന്നതുകൊണ്ടാണോ, അതോ ഇത് ചെലവഴിച്ച് പ്രയോജനപ്പെടുത്താൻ തക്കവിധത്തിലുള്ള പദ്ധതികൾ ഇല്ലാത്തതുകൊണ്ടാണോ; ഏതായാലും മാരകമായ ഈ രോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന് ലഭിച്ച സാമ്പത്തിക സഹായം വേണ്ടതുപോലെ പ്രയോജനപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. തമ്പാനൂർ രവി: സർ, ഇവിടെ നൽകിയ ഉത്തരത്തിൽ എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കൈവശം കോടിക്കണക്കിന് രൂപ മിച്ചമുണ്ടെന്നാണ് അങ്ങ് പറഞ്ഞത്. ഇതിൽ ബോധവൽക്കരണമാണ് ഏറ്റവും പ്രധാനം. നമ്മുടെ ആരോഗ്യ ശൃംഖലയിലെ ബേസിക് യൂണിറ്റ് പ്രൈമറി ഹെൽത്ത് സെന്ററുകളാണ്. പ്രൈമറി ഹെൽത്ത് സെന്ററുകളേയും ഗ്രാമപഞ്ചായത്തുകളേയും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന ബോധവൽക്കരണ

LIBRARY ARCHIVES Kerala Legislative Assembly

പരിപാടികൾ കൂടുതൽ ശക്തിപ്പെടുത്താനുള്ള പ്രത്യേക പരിപാടികൾക്ക് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്. ഇത് താഴേ തലത്തിലേക്ക് കൊണ്ടുപോകുന്നതിനുള്ള നടപടികൾ ആലോചിക്കാവുന്നതാണ്. ഇതിന്റെ നീക്കിയിരിപ്പുള്ള സംഖ്യയും അതിന്റെ യഥാർത്ഥതുകയുമെല്ലാം ഞാൻ ഇവിടെ വിശദീകരിച്ചുകഴിഞ്ഞു.

ശ്രീ. സാജു പോൾ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്ന കാര്യം പ്രസ്താവിച്ചു. കോട്ടയം ആസ്ഥാനമാക്കി ഇപ്പോൾ നിലവിലുള്ള 'ആശാകിരൺ' പോലെ കേരള ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുകയും അതുപോലെ നെഹ്രു യുവകേന്ദ്ര പോലെയുള്ള ഏജൻസികൾ വഴി എയ്ഡ്സ് പ്രതിരോധത്തിനും രോഗബാധിതരായവരെ സഹായിക്കുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ കൂടി സഹായത്തോടെ ഇത്തം സന്നദ്ധ സംഘടനകളെ പ്രയോജനപ്രദമാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ കോട്ടയത്തെ ആശാകിരൺ, തൃശ്ശൂർ ജില്ലയിലെ മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് ആന്റ് റീഹാബിലിറ്റേഷൻ സെന്റർ എന്നീ സ്ഥാപനങ്ങൾക്ക് എയ്ഡ് കൺട്രോൾ സൊസൈറ്റി ധനനസഹായം നൽകുന്നുണ്ട്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, എയ്ഡ്സ് രോഗം ബാധിച്ച കുട്ടികളെപ്പോലെ വീട്ടമ്മമാരായ സ്ത്രീകളുണ്ട്. ആ സ്ത്രീകൾക്ക് അവരെ വിവാഹം കഴിച്ചുകൊണ്ടുവന്ന വീടുകളിൽ പലപ്പോഴും നിൽക്കാൻ കഴിയുന്നില്ല. കുടുംബാംഗങ്ങളുടെ ബോധമില്ലായ്മകൊണ്ടും മറ്റുമാണ് ഇത്. അതുകൊണ്ട് ഇങ്ങനെയുള്ള സഹോദരങ്ങൾക്കും പാവപ്പെട്ട ആളുകൾക്കുമൊക്കെ എയ്ഡ്സ് കണ്ട്രോൾ സൊസൈറ്റിയുടെ സഹായത്തോടുകൂടി വീടുകൾ വച്ചു നൽകാനുള്ള ഒരു സഹായം കൂടി അങ്ങയുടെ വകുപ്പ് പരിഗണിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ബോധവൽക്കരണത്തിനുവേണ്ടിയുള്ള പരിശ്രമം നടക്കുന്നുണ്ട്. അവർക്കാവശ്യമായ വോളന്ററി കൗൺസിലിംഗ് സെന്ററുകളും ടെസ്റ്റിംഗ് സെന്ററുകളുമൊക്കെയുണ്ട്. ബോധവൽക്കരണവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളൊക്കെ നടത്തുന്നുണ്ട്. പക്ഷേ ഭവന നിർമ്മാണ പദ്ധതി അതിന്റെ ഒരു ഭാഗമായി വന്നിട്ടില്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, വളരെയധികം ശ്രദ്ധിക്കപ്പെട്ട ഒരു വിഷയമായിരുന്നു എന്റെ മണ്ഡലത്തിലെ എയ്ഡ്സ് ബാധിതരായ കുട്ടികളായ ബെൻസന്റേയും ബെൻസിയുടേയും കാര്യം. ബഹുമാനപ്പെട്ട റവന്യൂവും

LIBRARY ARCHIVES Kerala Legislative Assembly

നിയമവും വകുപ്പു മന്ത്രി മാണി സാർ വളരെ ഉദാരമായ ഒരു സമീപനം സ്വീകരിച്ച് അവർക്ക് 11 സെന്റ് ഭൂമിയുടെ പട്ടയം നൽകിയിട്ടുണ്ട്. അവരുടെ ചികിത്സ സർക്കാർ വഹിക്കുമെന്ന് ഏറ്റിരുന്നതാണ്. അക്കാര്യത്തിൽ സർക്കാർ ഇതുവരെ ഉദാസീനത വരുത്തിയിട്ടില്ലെങ്കിലും ഈ ഭൂമിയിൽ അവർക്ക് ഒരു വീട് വച്ചു നൽകാനുള്ള സഹായം കൂടി ചെയ്യുമോ? പല സംഘടനകളും അവരെ പറ്റിച്ചുകൊണ്ട് പോവുകയാണ് ചെയ്തത്. ഒരു ഉയർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻ പോലും ഇക്കാര്യത്തിൽ ഇടപെട്ട് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയെക്കൊണ്ട് ഒരു ചിത്രമെടുപ്പിച്ച് ലക്ഷക്കണക്കിന് രൂപയാണ് ചോദിച്ചത്. യഥാർത്ഥത്തിൽ ആ സംഭവങ്ങൾ വിഷ്വലൈസ് ചെയ്യുന്നതിന് അവരുമായി മിതമായ രീതിയിൽ പെരുമാറിയ ശേഷം അത് കച്ചവടം നടത്തുന്ന സ്ഥിതിയുണ്ടായി. ഇങ്ങനെയുള്ള സംഘടനകളെ നിരുത്സാഹപ്പെടുത്തി യഥാർത്ഥ രോഗികൾക്ക് ഈ സഹായം ലഭ്യമാക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഏറ്റവും ദാരുണമായ സംഭവമാണ് ശ്രീ. ജി. പ്രതാപവർമ്മ തമ്പാന്റെ മണ്ഡലത്തിലുണ്ടായത്. രണ്ട് പിഞ്ചുകുഞ്ഞുങ്ങൾ നിരാലംബരായി മാറി. അവർക്ക് 11 സെന്റ് ഭൂമി റവന്യൂ ഡിപ്പാർട്ടുമെന്റ് കൊടുത്തത് സന്തോഷകരമാണ്. സാധാരണഗതിയിൽ എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കയ്യിൽ കിട്ടുന്ന പണം ഇങ്ങനെ നിർമ്മാണത്തിനുവേണ്ടി നൽകാറില്ല. പക്ഷേ ഈ പാവപ്പെട്ട കുട്ടികളുടെ സ്ഥിതി കണക്കിലെടുത്ത് അവർക്കാവശ്യമായ ചികിത്സ ഗവൺമെന്റ് തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. എങ്കിൽപ്പോലും പറക്കമുറ്റാത്ത ഈ രണ്ട് കുഞ്ഞുങ്ങൾക്ക് കിടപ്പാടം ഇല്ലാത്ത സാഹചര്യം ഉണ്ടാകുന്നത് ശരിയല്ല. നിശ്ചയമായും ഗവൺമെന്റ് അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ജയരാജൻ: സർ, കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ പഞ്ചായത്തിലെ രണ്ട് സ്കൂൾ കുട്ടികൾക്ക് എച്ച്. ഐ. വി. ബാധിച്ചിട്ടുണ്ടെന്ന് തെളിയിക്കപ്പെട്ടതിനെത്തുടർന്ന് ക്ലാസ്സിൽപ്പോലും പോകാൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടായത് പത്രങ്ങളിലൊക്കെ വാർത്തയായി വന്നതാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെട്ടതാണ്. ഇതുപോലെ ചില മാതാപിതാക്കളും സഹോദരങ്ങളുംപോലും എച്ച്. ഐ. വി. ബാധയുണ്ടെന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞാൽ വീടുകളിൽ താമസിപ്പിക്കാത്ത അവസ്ഥ വരികയാണ്. ഇത് ഈ രോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ കുറവാണ്. എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ചെയ്യുന്നത് ബോധവൽക്കരണ ശ്രമം മാത്രമാണ്. എച്ച്. ഐ. വി. ബാധിതരായിട്ടുള്ള ആളുകളെ വീട്ടിൽ താമസിപ്പിക്കാത്ത സ്ഥിതിവിശേഷം വരുന്ന സാഹചര്യത്തിൽ അവർ സന്നദ്ധ സംഘടനകളെയാണ് ആശ്രയിക്കുന്നത്. നേരത്തേ ക്ഷയരോഗവും മറ്റും വന്നവരെ പ്രത്യേകമായി താമസിപ്പിക്കാൻ ടി. ബി. സാനിറ്റോറിയങ്ങളും മറ്റും ഉണ്ടാക്കിയതുപോലെ എച്ച്. ഐ. വി. ബാധിതരായവരെ താമസിപ്പിക്കുന്നതിനു ജില്ലാടിസ്ഥാനത്തിൽ എന്തെങ്കിലും സംവിധാനമുണ്ടാക്കാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശത്തെ എതിർക്കുകയല്ല. പക്ഷേ ഈ സമൂഹത്തിന് ഒരു ഉത്തരവാദിത്വമില്ലേ; സാധാരണ എച്ച്. ഐ. വി. ബാധിതരായ ആളുകളുമായി ഇന്ററാക്ട് ചെയ്തുകഴിഞ്ഞാൽ, അവരെ കൂട്ടിക്കൊണ്ടുപോയാൽ അവരുമായി താമസിച്ചാൽ എച്ച്. ഐ. വി. പകരുന്നില്ല. പക്ഷേ ദൗർഭാഗ്യവശാൽ നമ്മുടെ സമൂഹത്തിൽ അങ്ങനെയൊരു ചിന്ത ആരോ കുത്തിവച്ച് ഈ സമൂഹത്തെ വ്രണപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. ഇപ്പോൾ ഏറ്റവും ലേറ്റസ്റ്റായിട്ടുള്ള ഒരു ട്രെൻഡ് ഇവരെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്താതെ സമൂഹത്തിന്റെ ഭാഗമായി കൊണ്ടുപോകണമെന്നാണ്. അങ്ങനെ കൊണ്ടുപോകുന്നതിന് ആവശ്യമായ എല്ലാ നടപടികളും എടുക്കണമെന്നാണ്. ഞാൻ ഇവിടെ നേരത്തെ സൂചിപ്പിച്ചു, ചാത്തന്നൂരിലെ സംഭവത്തിൽ ക്ലാസ്സ് മുറികളിൽ നിന്ന് കുട്ടികളെ ഇറക്കിവിട്ടതാണ് പ്രശ്നം. കുട്ടികളെ സ്കൂളിൽ ഇരുത്തി പഠിപ്പിക്കാൻ നമുക്ക് കഴിയണം. അവരെ സമൂഹത്തിന്റെ ഭാഗമാക്കി നിലനിർത്താൻ കഴിയണം. അതിനാവശ്യമായ നടപടികളിലേയ്ക്ക് പോകണം. നമ്മൾ അവർക്ക് പ്രത്യേകമായ സംവിധാനം ഉണ്ടാക്കുന്നു എന്നു പറഞ്ഞാൽ, അതിൽ നിന്ന് ഉണ്ടാകുന്ന ഒരു മെസ്സേജ് സമൂഹം അവരെ ബഹിഷ്ക്കരിക്കുന്നത് അംഗീകരിക്കുന്നു എന്നുള്ളത് തന്നെയാണ്. അതുകൊണ്ട് ആ ട്രെൻഡിലേയ്ക്ക് പോകാൻ കഴിയില്ല. കുട്ടികളെ നമ്മുടെ കൂടെ കൊണ്ടുപോകാൻ കഴിയണം. ഒരു അമ്മയുടെ അനുഭവ കഥ ഞാൻ പറയാം. ആ അമ്മയുടെ കുട്ടി എച്ച്. ഐ. വി. ബാധിതനാണെന്ന് കണ്ടെത്തിയപ്പോഴും ആ കുട്ടിയെ മടിയിൽ വയ്ക്കുകയും താലോലിക്കുകയും ഏതൊരു അമ്മയും സാധാരണ ചെയ്യുന്നതുപോലെ കുട്ടിയെ പരിചരിക്കുകയും ചെയ്തിട്ടും ആ അമ്മ എച്ച്. ഐ. വി. നെഗറ്റീവാണ്. അപ്പോൾ നമുക്ക് അത്തരം കുട്ടികളോട് അവേർഷനും അവഹേളനവും ഇല്ലാതെ അവരെക്കൂടി സമൂഹത്തിന്റെ ഭാഗമാക്കി കൊണ്ടുപോകാൻ ശ്രമിക്കണം.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സമൂഹത്തിൽ ഈ രോഗത്തെക്കുറിച്ചും മറ്റും വലിയ അവബോധം ആവശ്യമാണെന്നാണ്. ഞാൻ പറഞ്ഞുവന്നത് നമ്മുടെ സംസ്ഥാനത്ത് പല സ്ഥലത്തും എച്ച്. ഐ. വി. ബാധിച്ച കുട്ടികളുടെ വിദ്യാഭ്യാസം വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. കഴിഞ്ഞ തവണ ജോസഫ് കുണ്ടുകുളം ചാരിറ്റബിൾ ട്രസ്റ്റിൽ മുഖ്യമന്ത്രി വന്നപ്പോൾ അവിടെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഒരു പ്രത്യേക സ്കൂൾ തന്നെ അവിടെ ആരംഭിക്കുന്നതാണെന്ന് പറഞ്ഞിരുന്നു. അടുത്ത അക്കാഡമിക്ക് ഇയറിൽത്തന്നെ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് അതിനായി ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രിയാണ് ഇതിന് മറുപടി പറയേണ്ടത്. മുഖ്യമന്ത്രി വാക്ക് പറഞ്ഞിട്ടുണ്ടെങ്കിൽ വിദ്യാഭ്യാസ മന്ത്രിയുമായി ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ: സർ, എയ്ഡ്സ് രോഗികളെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഉദാഹരണത്തിന് എന്റെ നിയോജകമണ്ഡലമായ പുനലൂരിൽ തോമസ് എന്ന ആളും അദ്ദേഹത്തിന്റെ ഭാര്യയും രണ്ട് പിഞ്ചു കുട്ടികളും എയ്ഡ്സ് ബാധിതരാണ്. തോമസിന്റെ ഭാര്യ ആദ്യം മരിച്ചു. അതിനുശേഷം തോമസ് മരിച്ചു. അതിനുശേഷം ഒരു കുട്ടിയും മരിച്ചു. ആ കുടുംബം അനാഥമാണ്. വലിയ കോലാഹലം സൃഷ്ടിച്ച വാർത്തകൾ ഉണ്ടാക്കിയ സംഭവമാണ്. അത്രയും വലിയ ദുരന്തം ഉണ്ടായിട്ടും ആ കുടുംബത്തെ തിരിഞ്ഞുനോക്കാനും അവർക്ക് സാന്ത്വനം ഏകാനും ആ കുടുംബത്തോടുള്ള ഉത്തരവാദിത്തം നിറവേറ്റുവാനും എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ഭാഗത്തുനിന്ന് ഒരു പ്രവർത്തനവും ഉണ്ടായിട്ടില്ല. എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനംതന്നെ പരിശോധിക്കേണ്ടതാണ്. അവർ തന്നെ പറയുന്നത് അപരിചതരുമായിട്ടുള്ള ലൈംഗിക ബന്ധം ഒഴിവാക്കണമെന്നാണ്. പരിചിതരുമായിട്ട് ആകാമെന്നാണോ അതുകൊണ്ട് ഉദ്ദേശിക്കുന്നത്? അതുതന്നെ മാറ്റേണ്ടതാണ്. അവർ ഇത്തരം കാര്യങ്ങളിൽ വലിയ നിസംഗതയാണ് പുലർത്തുന്നത്. അക്കാര്യം പരിശോധിക്കുമോ? യഥാർത്ഥത്തിൽ അതിന്റെ ദുരിതം അനുഭവിക്കുന്ന ആളുകൾക്ക് പ്രയോജനം എത്തുന്നതിനും സഹായം എത്തിക്കുന്നതിനും സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നില്ല. ഈ സൊസൈറ്റി വെറും നിധി കാക്കുന്ന ഭൂതമാണ്. കോടിക്കണക്കിന് രൂപ സൊസൈറ്റിയിൽ ഉണ്ട്. പക്ഷെ അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. ഇത് അങ്ങ് പരിശോധിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എയ്ഡ്സ് കൺട്രോൾ സൊസൈറ്റി രണ്ട് രൂപത്തിലാണ് ഇൻവെസ്റ്റ്മെന്റ് നടത്തുന്നത് (1) Direct intervention (2) Direct intervention thorugh NGO's. നമ്മൾ ഇപ്പോൾ നേരിട്ടുള്ള ഇന്റർവെൻഷനകത്ത് കുറേ കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതല്ലാതെതന്നെ ഈ രംഗത്ത് പ്രവർത്തിക്കുന്നതിന് എൻ. ജി. ഒ.-സിന് സാമ്പത്തിക സഹായം കൊടുത്തുകൊണ്ട് അവരെ ഈ രംഗത്ത് കൊണ്ടുവരുന്നുണ്ട്. ഇനിയും ഏതെങ്കിലും പരാതി അങ്ങേയ്ക്ക് ഉണ്ടെങ്കിൽ അതുംകൂടി പരിശോധിക്കുന്നതിനും മേൽ നടപടി സ്വീകരിക്കുന്നതിനും ഒരുക്കമാണ്.

ശ്രീ. ലൂഡി ലൂയിസ്: സർ, എയ്ഡ്സിന് ഇതുവരെ മരുന്ന് കണ്ടുപിടിച്ചിട്ടില്ല. പക്ഷെ എയ്ഡ്സ് രോഗത്തിന്റെ പേരിൽ വ്യാജചികിത്സാ കേന്ദ്രങ്ങൾ പല സ്ഥലത്തും പ്രവർത്തിക്കുന്നുണ്ട്. പ്രത്യേകിച്ച് എറണാകുളത്ത് ആയുർവേദത്തിന്റെ മറവിലാണ് ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ നിക്ഷേപകരെ വഞ്ചിക്കുന്നത് തടയാൻ നടപടി

3 (*179) ശ്രീ. വി. കെ. ചന്ദ്രൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. വി. കെ. സി. മമ്മത്കോയ :

ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെരുകിവരുന്ന പണമിടപാടു സ്ഥാപനങ്ങളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) ഉയർന്ന പലിശയും മറ്റ് ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്ത് നിക്ഷേപകരിൽ നിന്ന് വൻ തുക വാങ്ങിയതിനുശേഷം അവരെ വഞ്ചിക്കുന്ന സ്ഥിതി സംസ്ഥാനത്തു നടത്തുന്നുണ്ട് എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബാങ്കിതര പണമിടപാടു സ്ഥാപനങ്ങൾ പലതും അനധികൃതമായി പ്രവർത്തിക്കുന്നവയാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഇത്തരം സ്ഥാപനങ്ങളെക്കുറിച്ച് ആവശ്യാനുസരണം പരിശോധന നടത്താറുണ്ട്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടാൽ നടപടിയെടുക്കാറുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ: ആകർഷകമായ ആനുകൂല്യങ്ങളും ഉയർന്ന പലിശയും വാഗ്ദാനം ചെയ്ത് നിക്ഷേപകരെ വഞ്ചിച്ച നിരവധി പണമിടപാട് സ്ഥാപനങ്ങളെ സംബന്ധിച്ച് ഇന്ന് പത്ര വാർത്ത വന്നുകൊണ്ടിരിക്കുകയാണ്. ഈ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കാനും ജനങ്ങളുടെ സ്വത്ത് സംരക്ഷിക്കുവാനും ഈ നിയമനിർമ്മാണം അപര്യാപ്തമാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇത് പരിഹരിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഗവൺമെന്റ് ഇപ്പോൾ പരമാവധി 12% പലിശ പിരിക്കാമെന്നാണ് നിയമം കൊണ്ടുവന്നിട്ടുള്ളത്. അത് കുറവാണെന്നുള്ള നിവേദനങ്ങൾ വന്നിട്ടുണ്ട്. അതോടൊപ്പംതന്നെ ഇത് കർശനമായി നടപ്പിലാക്കുന്നതിനുള്ള കാര്യങ്ങളും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനുതന്നെ 13-ഉം 15-ഉം ശതമാനം പലിശയുണ്ട്. ഇത് രണ്ടും കൂടി

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ സമരസപ്പെടുത്താൻ ഒക്കുമെന്നുള്ളത് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഏറെക്കുറെ കോളിളക്കം സൃഷ്ടിച്ച സ്വകാര്യ പണമിടപാട് സ്ഥാപനമാണ് ഹിമാലയ. ഹിമാലയ എന്നു പറയുന്ന സ്വകാര്യ പണമിടപാട് സ്ഥാപനത്തിൽ കോൺഗ്രസ്സിലെ ഉന്നതരായ ചില രാഷ്ട്രീയ നേതാക്കൾക്ക് പങ്കുണ്ടെന്ന് ചില പത്രങ്ങളിൽ വാർത്തകൾ വന്നു. ഹിമാലയ എന്ന സ്ഥാപനത്തിന് കേന്ദ്ര ഗവൺമെന്റിൽനിന്ന് എന്തെങ്കിലും രൂപത്തിലുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ലഭിക്കാനിടയായ എന്തെങ്കിലും സാഹചര്യം ഉണ്ടോയെന്നതിനെ സംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, എനിക്ക് അതിനെപ്പറ്റി യാതൊന്നും അറിയില്ല. പ്രത്യേകമായി ചോദിച്ചാൽ അതിന് മറുപടി പറയാം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, സ്വകാര്യ പണിടപാട് സ്ഥാപനങ്ങളും മറ്റ് ഇതര സ്ഥാപനങ്ങളും കേരളത്തിലെ സാധാരണക്കാരായിട്ടുള്ള ആളുകളെ ഉൾപ്പെടെ വൻതോതിൽ പറ്റിച്ചുകൊണ്ടിരിക്കുകയാണ്. സ്കൈ ബ്ലൂ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സ്കൈ ബ്ലൂ വിദ്യാദീപം എന്ന രൂപത്തിൽ 2004-ൽ കൊച്ചിയിൽ ആരംഭിച്ചു. നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ലോൺ സംഘടിപ്പിച്ചുകൊടുക്കാമെന്ന് പറഞ്ഞ് ആയിരത്തിലധികം കുട്ടികളിൽനിന്നും സർട്ടിഫിക്കറ്റുകളും ലക്ഷക്കണക്കിന് രൂപയും പിരിച്ചെടുത്ത് സർട്ടിഫിക്കറ്റുകളും ഒക്കെ നഷ്ടപ്പെട്ട സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പരാതികൾ വല്ലതും ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് പറയാൻ കഴിയുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ധാരാളം കേസുകളുണ്ട്. അതിൽ ഇപ്പോൾ പ്രത്യേകമായിട്ട് ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ കാര്യം ചോദിച്ചാൽ മാത്രമേ പറയാൻ പറ്റുകയുള്ളൂ. കാരണം ടാക്സസ് ഡിപ്പാർട്ടുമെന്റ് തന്നെ കുറേ കേസ് എടുത്തിട്ടുണ്ട്. 51 കേസുകളോളം പോലീസ് ഡിപ്പാർട്ടുമെന്റ് എടുത്തിട്ടുണ്ട്. ഇക്കാര്യം പ്രത്യേകമായി ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, സ്കൈ ബ്ലൂ ഇന്റർനാഷണലിന്റെ ഉടമ എന്നു പറയുന്നത് നിരവധി ചെക്ക് കേസുകളിലും അതുപോലെ വിസ തട്ടിപ്പിലും എല്ലാം പിടികിട്ടാപ്പുള്ളിയായ ആളാണ്. വിദ്യാദീപം പദ്ധതി മുഖ്യമന്ത്രിയെക്കൊണ്ടാണ് ഉദ്ഘാടനം ചെയ്യിച്ചത്. ഇങ്ങനെ നല്ല നടപ്പ് നടക്കുന്ന വീരൻമാരെ കണ്ടെത്തുന്നതിനും അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനും കഴിയുന്നില്ലെന്നു പറയുന്നത് ശരിയായ കാര്യമാണോ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇന്നുതന്നെ പ്രത്യേകമായി എഴുതിത്തന്നാൽ അന്വേഷിക്കുന്നതിന് ഗവൺമെന്റ് ഉത്തരവ് കൊടുക്കും.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, സ്വകാര്യ പണമിടപാടുകാർ കൃഷിക്കാർക്കും അതുപോലുള്ള ആളുകൾക്കും കടം കൊടുത്താൽ 12% മാത്രമേ പലിശ ഈടാക്കാൻ പാടുള്ളൂ എന്ന് പറയുന്നു എങ്കിലും വ്യത്യസ്തമായി സ്റ്റാമ്പ് പേപ്പറിൽ അവരെക്കൊണ്ട് ഒപ്പിടീച്ച് പണം നൽകുന്ന സംവിധാനമാണ് നടക്കുന്നത്. ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ എന്ത് വ്യവസ്ഥകൾ വച്ചാലും കർഷർ വാങ്ങിക്കും. അങ്ങനെ വാങ്ങിയശേഷം അവർക്ക് തിരിച്ചുകൊടുക്കാൻ കഴിയാത്ത സ്ഥിതി വരുമ്പോൾ പണമിടപാടുകാർ അവർക്ക് ആവശ്യമുള്ളത് സ്റ്റാമ്പ് പേപ്പറിൽ എഴുതിയുണ്ടാക്കി ഇവരുടെ പേരിൽ കേസ് കൊടുക്കുകയും. തുടർന്ന് ഇവരുടെ ഭൂമി തട്ടിയെടുക്കുകയും ചെയ്യുന്ന നടപടികളുടെ ഫലമായി കർഷകർ ആത്മഹത്യ ചെയ്യുന്ന സ്ഥിതി ഇപ്പോൾ ഉണ്ടാകുന്നുണ്ട്. ഈ കരാറിന് നിയമ പ്രാബല്യം ഇല്ലാതാക്കുന്നതിനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാക്കുന്നുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഗവൺമെന്റ് ഇതിൽ വളരെ കർശനമായ നിലപാടാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്. റിസർവ്വ് ബാങ്കിന്റെ കൺട്രോളുണ്ട്. ഡ്യൂവൽ കൺട്രോൾ പാടില്ലെന്ന് അവർ പറഞ്ഞു. ഞങ്ങൾ സമ്മതിച്ചില്ല. ചിലർ കോടതിയിൽ പോയി. ഗവൺമെന്റ് തീരുമാനിക്കട്ടെയെന്ന് പറഞ്ഞ് കോടതി അതു തള്ളി. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വളരെ കർശനമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, വാഹന ഇടപാടിൽ വാഹനങ്ങൾ കടം കൊടുത്തിട്ട് ആ വാഹനത്തിന് സമയത്തിന് പണം അടയ്ക്കാതെ വരുമ്പോൾ ആ തുക പിരിച്ചെടുക്കുന്നതിന് വേണ്ടിയിട്ടുള്ള ഒരു വലിയ ഗുണ്ടാസംഘം തന്നെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ആ ഗുണ്ടാ സംഘങ്ങൾ അത്തരം വാഹനം പിടിച്ചുകൊണ്ടുപോകുന്നതിന് തയ്യാറാക്കി നിർത്തിയിട്ടുള്ള ഗുണ്ടാ സംഘങ്ങളാണ്. വാഹന മാഫിയ എല്ലായിടത്തും ഉണ്ട്. വാഹനം വച്ച് കടം വാങ്ങിക്കും. അവർ അടയ്ക്കാതെ വരുമ്പോൾ വാഹനം ചോദിക്കും. വാഹനം പിടിച്ചുകൊണ്ട് പോകുന്ന സമയത്ത് കൊലപാതകം വരെ നടക്കുന്നുണ്ട്. ഇക്കാര്യങ്ങൾ നിയന്ത്രിക്കുന്നതിനു വേണ്ടി എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാക്കുന്നതിന് ശ്രമിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഈ ഗവൺമെന്റ് ഇത്തരം അക്രമങ്ങൾ തടയുന്നതിന് കർശനമായ ഡയറക്ഷൻ പോലീസിന് കൊടുത്തിട്ടുണ്ട്. ആ രീതിയിൽ ഇത് അനുവദിക്കാൻ പാടില്ല. ഇതിൽ ഏർപ്പെട്ടിരിക്കുന്ന ഗുണ്ടകളെ എല്ലാം റൗണ്ടപ്പ് ചെയ്യാനും ഉദ്യോഗസ്ഥൻമാർക്ക് വേണ്ടത്ര നിർദ്ദേശം കൊടുക്കാനും വളരെ കർശനമായ ഡയറക്ഷൻ കൊടുത്തു. അതിന്റെ ഫലമായി അടുത്ത കാലത്തായി

LIBRARY ARCHIVES Kerala Legislative Assembly

ഈ സംഭവം നടക്കുന്നില്ല. പക്ഷെ നിർഭാഗ്യകരമെന്നു പറയട്ടെ കഴിഞ്ഞയാഴ്ച സുപ്രീം കോടതിയുടെ ഒരു വിധി വന്നു. അത്തരം വാഹനങ്ങൾ പിടിച്ചെടുക്കാനുള്ള അവകാശം ഉണ്ടെന്ന രീതിയിൽ ഇന്നലെ ചില പത്രങ്ങളിൽ റിപ്പോർട്ട് വന്നു. പക്ഷെ വിധി വന്നത് ഒരാഴ്ചയ്ക്കു മുമ്പാണ്. അതൊരു കോൺട്രാക്ടാണെന്നും, ആ കോൺട്രാക്ട് നടപ്പാക്കാൻ അവർക്ക് ബാധ്യതയുണ്ടെന്നും പറഞ്ഞ് ജഡ്ജ്മെന്റ് എഴുതി. അതിനെതിരായി ഹൈക്കോടതി വേറൊരു ഡയറക്ഷൻ കൊടുക്കാൻ പാടില്ലെന്ന വിധിയുണ്ടായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായാലും അതിന്റെ ജഡ്ജ്മെന്റ് വന്നതിനുശേഷം അത് മറികടന്ന് എന്തു ചെയ്യാൻ കഴിയും എന്നുള്ളത് പരിശോധിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ചെക്ക്പോസ്റ്റുകളിലെ അഴിമതി തടയാൻ നടപടി

4(*180) ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ. വി. ചെന്താമരാക്ഷൻ:

ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാന ഖജനാവിൽ നികുതി ഇനത്തിൽ എത്തിച്ചേരേണ്ട കോടിക്കണക്കിനു രൂപ ദിനംപ്രതി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെക്ക്പോസ്റ്റുകളിൽക്കൂടിയുള്ള അഴിമതിയും വെട്ടിപ്പും കണ്ടുപിടിക്കുന്നതിന് വാണിജ്യനികുതി വകുപ്പിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) വാളയാർ ചെക്ക്പോസ്റ്റുവഴിയുള്ള അഴിമതി തടയുവാൻ സർക്കാർ പ്രത്യേക നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ചെക്ക്പോസ്റ്റുകളിൽ നടക്കുന്ന അഴിമതി തടയുന്നതിന് ഗുജറാത്ത് മാതൃകയിലുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) നികുതി വെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നികുതി വെട്ടിപ്പും അഴിമതിയും തടയുന്നതിനു വാണിജ്യനികുതി വകുപ്പിന്റെ കീഴിൽ ഒരു ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. പരിശോധന കഴിഞ്ഞ് ചെക്ക്പോസ്റ്റുകൾ വഴി കടത്തിവിടുന്ന ചരക്ക് വാഹനങ്ങൾ വാണിജ്യനികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പുന:പരിശോധന നടത്തി നികുതി വെട്ടിപ്പ് കണ്ടെത്തിയാൽ പിഴ ചുമത്തുന്നു. ചെക്ക്പോസ്റ്റുകളിലെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിനും ആധുനിക യന്ത്രോപകരണങ്ങളുടെ സഹായത്തോടെ വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനും നടപടി നടന്നു വരുന്നു. ചെക്ക്പോസ്റ്റുകളിൽ പോലീസ് വിജിലൻസ് വിഭാഗവും വാണിജ്യനികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗവും മിന്നൽ പരിശോധന നടത്തി ക്രമക്കേട് കാണിക്കുന്നവർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) വാളയാർ ചെക്ക്പോസ്റ്റിന്റെ പരിസരപ്രദേശങ്ങളിൽ വാണിജ്യനികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. ഇവിടെ ആധുനിക യന്ത്രോപകരണങ്ങൾ സ്ഥാപിച്ച് പരിശോധന കാര്യക്ഷമമാക്കാനും, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും നടപടി എടുത്തുവരുന്നു.

(എഫ്) ഗുജറാത്ത് ചെക്ക്പോസ്റ്റുകളിൽ ഇലക്ട്രോണിക്ക് വേബ്രിഡ്ജ് മാത്രമാണുള്ളത്. ആയതുകൊണ്ടുമാത്രം ഇവിടെ കാര്യമായ പ്രയോജനമുണ്ടാവില്ല. മറ്റ് ആധുനിക യന്ത്രോപകരണങ്ങൾ കൂടി സ്ഥാപിച്ച് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികളാണ് കേരളത്തിൽ നടന്നുവരുന്നത്.

## കോർട്ട് ഫീ സ്റ്റാമ്പുകളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി

5(*181) ശ്രീ. സി. ടി. അഹമ്മദ് അലി:

ശ്രീ. പി. കെ. കെ. ബാവ:

ശ്രീ. സി. മോയിൻകുട്ടി:

ശ്രീ. കളത്തിൽ അബ്ദുള്ള:

ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തു രൂപയും അതിൽ കുറഞ്ഞതുമായ വിലയ്ക്കുള്ള കോർട്ട് ഫീ സ്റ്റാമ്പുകൾ കിട്ടാനില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആവശ്യാനുസരണം കുറഞ്ഞ വിലയ്ക്കുള്ള സ്റ്റാമ്പുകൾ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്നത്തേയ്ക്ക് മേൽപ്പറഞ്ഞ സ്റ്റാമ്പുകൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) കഴിഞ്ഞ വർഷം പത്തു രൂപയും അതിൽ കുറഞ്ഞതുമായ വിലയ്ക്കുള്ള കോർട്ട് ഫീ സ്റ്റാമ്പുകൾക്ക് ക്ഷാമം ഉണ്ടായിരുന്നു.

(ബി - സി) ഇപ്പോൾ സംസ്ഥാനത്തിനാവശ്യമായ ചെറിയ മുഖവിലയ്ക്കുള്ള മുഴുവൻ കോർട്ട് ഫീ സ്റ്റാമ്പുകളും ലഭ്യമാണ്.

ഓൺലൈൻ ഭാഗ്യക്കുറി ഇനങ്ങളിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക

6(*182) ശ്രീ. ജോണി നെല്ലൂർ:

ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന ഓൺലൈൻ ഭാഗ്യക്കുറി ഇനങ്ങളിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട നികുതി കുടിശ്ശിക എത്ര കോടി രൂപയാണ്;

(ബി) ഇത് നൽകാനുള്ളത് ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ തുക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഒരു കോടി മുപ്പിത്തിനാലു ലക്ഷത്തതി നാൽപ്പത്തിയഞ്ച് ആയിരം രൂപ കുടിശ്ശികയുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ തുക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വാറ്റ് സമ്പ്രദായത്തിലെ നികുതിദായകരുടെ എണ്ണം

7(*183) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

ശ്രീ. ലൂഡി ലൂയിസ്:

ശ്രീ. റ്റി. എൻ. പ്രതാപൻ:

ശ്രീ. പി. റ്റി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വാറ്റ് നിലവിൽ വരുന്നതിനുമുമ്പ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര വിൽപ്പന നികുതിദായകരുണ്ടായിരുന്നു;

(ബി) ഇപ്പോൾ എത്ര പേരുണ്ട്;

(സി) വിൽപ്പന നികുതിദായകരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) വാറ്റ് നിലവിൽ വരുന്നതിനുമുമ്പ് 1,46,909 വിൽപ്പന നികുതിദായകരുണ്ടായിരുന്നു.

(ബി) 31-12-2005-ലെ കണക്കനുസരിച്ച് 1,20,448 പേരുണ്ട്.

(സി) നികുതിദായകരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. കേരള പൊതു വിൽപ്പന നികുതി നിയമത്തിൽ രജിസ്ട്രേഷനുള്ള വിറ്റുവരവ് പരിധി ഒരു ലക്ഷം രൂപയായിരുന്നു. എന്നാൽ വാറ്റ് നിയമത്തിൽ ഇത് 5 ലക്ഷം രൂപയായി ഉയർത്തുകയും, വാറ്റ് നിയമത്തിന്റെ 15-ാം വകുപ്പിലെ 2-ാം ഉപവകുപ്പിലെ ക്ലോസ് (2) അനുസരിച്ച് 5 ലക്ഷം രൂപയ്ക്ക് താഴെ വിറ്റുവരവുള്ളവരും നേരത്തെ കേരള പൊതു വിൽപ്പന നികുതി നിയമത്തിൽ രജിസ്ട്രേഷനുണ്ടായിരുന്നവരുമായവർക്ക്, ആ ബാദ്ധ്യത ഇല്ലാതായതുകൊണ്ട് നല്ലൊരു ശതമാനം വ്യാപാരികൾ രജിസ്ട്രേഷൻ പരിധിക്ക് പുറത്തായി. ഇതാണ് രജിസ്ട്രേഷൻ കുറയാനുള്ള പ്രധാന കാരണം. രജിസ്ട്രേഷൻ നടപടികൾ ലഘൂകരിച്ചുകൊണ്ടും സർവ്വേകൾ നടത്തിക്കൊണ്ടും കൂടുതൽ വ്യാപാരികളെ രജിസ്ട്രേഷൻ എടുപ്പിക്കാനുള്ള നടപടികൾ വാണിജ്യ നികുതി വകുപ്പ് എടുത്തിട്ടുണ്ട്. ഇതിന്റെ ഫലം 31-3-2006നു മുമ്പ് തന്നെ പ്രതീക്ഷിക്കുന്നു.

## ട്രാൻസ്പോർട്ട് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് വാണിജ്യ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടി

8(*184) ശ്രീ. ഷിബു ബേബി ജോൺ:

ശ്രീ. കെ. കെ. ഷാജു:

ശ്രീ. എ. എൻ. രാജൻ ബാബു:

ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രാൻസ്പോർട്ട് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് വാണിജ്യ സ്ഥാപനങ്ങൾ ഉൾപ്പെടെ പുതിയ എന്തൊക്കെ നവീകരണ പദ്ധതികളാണ് കെ.എസ്.ആർ.ടി.സി. നടപ്പിലാക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം പദ്ധതികൾ ബി. ഒ. ടി. വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) കേരളത്തിലെ 11 ബസ് സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള ബസ് സ്റ്റേഷൻ-കം-കൊമേഴ്സ്യൽ കോംപ്ലക്സുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

(ബി-സി) കോഴിക്കോട് ബസ് സ്റ്റേഷൻ ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിക്കുന്നതിന് Expression of Interest ക്ഷണിച്ചുകൊണ്ടുള്ള പരസ്യം പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കിയുള്ളവയെല്ലാം കെ.എസ്.ആർ.ടി.സി. തന്നെയാണ് ചെയ്യുന്നത്.

## പറമ്പിക്കുളം-ആളിയാർ ജലത്തിന്റെ അളവ് സംബന്ധിച്ചുള്ള സംയുക്ത പരിശോധന

9(*185) ശ്രീ. എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ടതായ ജലത്തിന്റെ അളവ് സംയുക്തമായി പരിശോധിച്ച് കാലാകാലങ്ങളിൽ തീരുമാനം കൈക്കൊള്ളാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംയുക്ത പരിശോധന നടത്തിയത് എന്നാണെന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട ജലം എത്രയാണെന്നും വെളിപ്പെടുത്താമോ;

(സി) സംയുക്ത പരിശോധനയ്ക്കുള്ള സമിതിയിൽ കേരളത്തിന്റെയും തമിഴ്നാടിന്റെയും പ്രതിനിധികൾ ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) ഒരു ജലവർഷം അവസാനിക്കുമ്പോൾ കൂടുന്ന ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് മീറ്റിംഗിൽ, വാർഷിക ജല കണക്കുകൾ ബോർഡംഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സംയുക്തമായി പരിശോധിച്ച് അംഗീകരിക്കുന്നു. ഇതു പ്രകാരം അവസാനമായി പരിശോധന നടത്തിയത് 8-9-2005-ൽ കൂടിയ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ്മീറ്റിംഗിലാണ്. ഇതനുസരിച്ച് 2005-2006 ജലവർഷത്തിൽ മണക്കടവിൽ 12276 ദശലക്ഷം ഘനയടിയും കേരള ഷോളയാറിൽ 16758 ദശലക്ഷം ഘനയടിയും കുടിശ്ശികയുൾപ്പെടെ ലഭിക്കേണ്ടതാണ്.

(സി) സംയുക്ത പരിശോധന സമിതിയായ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിൽ കേരളത്തിന്റെയും തമിഴ്നാടിന്റെയും അംഗങ്ങൾ അതത് സംസ്ഥാനത്തെ ജലസേചന വകുപ്പിലേയും വൈദ്യുതി ബോർഡിലേയും ചീഫ് എഞ്ചിനീയർമാരാണ്.

## വായ്പ എടുത്തവർ മരണപ്പെട്ടാൽ കുടിശ്ശിക സർക്കാർ വഹിക്കുന്നതിനുള്ള പദ്ധതി

10(*186) ശ്രീ. എം. വി. ജയരാജൻ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണബാങ്കുകളിൽ നിന്ന് വായ്പ എടുത്തവർ മരണപ്പെട്ടാൽ അവരുടെ വായ്പ കുടിശ്ശിക സർക്കാർ വഹിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തിമോ;

(ബി) ഇതിനായി റിസ്ക് ഫണ്ട് ആരംഭിച്ചിട്ടുണ്ടോ; റിസ്ക് ഫണ്ടിലേക്ക് വായ്പയുടെ എത്ര ശതമാനം വായ്പയെടുക്കുന്നയാൾ നൽകേണ്ടതുണ്ട്;

(സി) ഈ സ്കീം നിലവിൽ വന്നിട്ടുണ്ടോ; സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത എത്രപേർ ഇതികം മരണപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ സ്കീമിന്റെ ആനുകൂല്യം എത്ര പേർക്ക് ഇതിനകം ലഭ്യമാക്കുകയുണ്ടായി;

(ഡി) വായ്പ നൽകിയ സംഘങ്ങൾ സ്കീമിലേക്ക് നൽകേണ്ട കോൺട്രിബ്യൂഷൻ എത്രയാണ്;

(ഇ) റിസ്ക് ഫണ്ട് ഏത് ഏജൻസിയാണ് നടപ്പിലാക്കുന്നത് എന്നു വ്യക്തമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) കാർഷികവായ്പയെടുത്ത് തിരിച്ചടവ് കാലയളവിൽ വായ്പയെടുത്തവർ മരണപ്പെട്ട് പോവുകയാണെങ്കിൽ അന്നേദിവസം ബാക്കിനിൽക്കുന്ന വായ്പകളിൽ പരമാവധി ഒരു ലക്ഷം രൂപ വരെയുള്ള ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

റിസ്ക് ഫണ്ട് പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. പലിശബാക്കി വായ്പ നൽകിയ ബാങ്ക് വഹിക്കണം.

(ബി) റിസ്ക്ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. വായ്പയെടുക്കുന്നവർ വായ്പത്തുകയുടെ 0.05 ശതമാനമാണ് റിസ്ക് ഫണ്ടിലേക്ക് നൽകേണ്ടത്.

(സി) സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്നിട്ടില്ല. 2005 ഏപ്രിൽ ഒന്നുമുതൽ മുൻകാല പ്രാബല്യം നൽകാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സംഘങ്ങൾ സ്കീമിലേക്ക് കോൺട്രിബ്യൂഷൻ ഒന്നും നൽകേണ്ടതില്ല.

(ഇ) കേരള സഹകരണ വികസനക്ഷേമനിധി ഫണ്ട് ബോർഡ് വഴിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥ

11(*187) ശ്രീ. പി. ജെ. ജോയി:

ശ്രീ. വി. ജെ. പൗലോസ്:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയെടുക്കുന്നവർ വായ്പ തവണകൾ മുടക്കുന്ന പക്ഷം ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥയനുസരിച്ച് പലിശയിലും പിഴപ്പലിശയിലും ഇളവനുവദിക്കാറുണ്ടോ;

(ബി) സഹകരണ വായ്പയെടുത്തശേഷം കൃത്യമായ തവണകൾ അടച്ചു തീർക്കുന്നവർക്ക് എന്തെല്ലാം വിധത്തിലുള്ള പ്രോത്സാഹനം നൽകുന്നുണ്ട്.

(സി) വായ്പ കുടിശ്ശിക വരുത്തുന്നവർക്ക് ഒറ്റത്തവണ തീർപ്പാക്കലിലൂടെ ആനുകൂല്യം നൽകുമ്പോൾ കൃത്യമായ വായ്പ തിരിച്ചടയ്ക്കുന്നവർക്ക് ഒരാനുകൂല്യവും നൽകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) കൃത്യമായ വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശയിൽ റിബേറ്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടായിരുന്ന സമയത്ത് (31-3-2005 വരെ) പലിശയിലും പിഴപ്പലിശയിലും ഇളവനുവദിച്ചിരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് മുതലിന്റെ 5% പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് നൽകുന്നുണ്ട്.

2. വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 1% പലിശ ഇളവ് അനുവദിക്കുന്നതിന് സംഘങ്ങളെ അനുവദിച്ചിട്ടുണ്ട്.

3. വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകന് തുടർവായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഗ്രീൻകാർഡ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വായ്പ കൃത്യമായി അടയ്ക്കുന്നവർക്ക് 1% പലിശ ഇളവ് അനുവദിക്കുന്നതിന് സംഘങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

## മൊബൈൽ ആയുർവേദ ആശുപത്രികൾ

12(*188)ശ്രീ. കെ. അച്ചുതൻ:

ശ്രീ. എം. എ. വാഹിദ്:

ശ്രീ. കെ. സുധാകരൻ:

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ചികിത്സ ജനങ്ങളിലെത്തിക്കുന്നതിനുവേണ്ടി മൊബൈൽ ആയുർവേദ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഓരോ ജില്ലയിലും ഓരോ മൊബൈൽ ആശുപത്രി വീതം പ്രവർത്തിപ്പിക്കുവാൻ നടപടിയെടുക്കുമോ; ആയുർവേദ ചികിത്സയ്ക്കുവേണ്ടി മെഡിക്കൽ ക്യാമ്പുകൾ നടത്താറുണ്ടോ; സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആണ്ടിൽ ഒരിക്കലെങ്കിലും ആയുർവേദ മെഡിക്കൽ ക്യാമ്പുകൾ നടത്താനുള്ള ഏർപ്പാടുണ്ടാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) മൂന്ന് ജില്ലകളിലായി ഓരോ മൊബൈൽ ഡിസ്പെൻസറി വീതം പ്രവർത്തിച്ചുവരുന്നു. മലപ്പുറം, വയനാട്, ഇടുക്കി എന്നിവയാണ് ഈ ജില്ലകൾ.

(ബി) ശേഷിക്കുന്ന പതിനൊന്ന് ജില്ലകളിൽ മൊബൈൽ ഡിസ്പെൻസറി ആരംഭിക്കുന്ന കാര്യം ധനലഭ്യതയുടേയും ആവശ്യകതയുടേയും അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. എല്ലാ ജില്ലകളിലും ആയുർവേദ ചികിത്സയ്ക്കുവേണ്ടി മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ആയുർവേദത്തിന്റെ സാദ്ധ്യതകൾ കണ്ടെത്താൻ പഠനവും ഗവേഷണവും

13(*189)ശ്രീ. വർക്കല കഹാർ:

ശ്രീ. കെ. മുഹമ്മദാലി:

ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിന്റെ ചികിത്സയ്ക്കും മരുന്നുകൾക്കും രാജ്യാന്തരാടിസ്ഥാനത്തിൽ സ്വീകാര്യത വർദ്ധിച്ചുവരുന്നുണ്ടോ;

(ബി) ആയുർവേദത്തിന്റെ സാദ്ധ്യതകൾ കൂടുതലായി കണ്ടെത്താൻ പഠനവും ഗവേഷണവും ഊർജ്ജിതമാക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നു;

(സി) ആയുർവേദ ഗവേഷണം ഗവൺമെന്റ് ആഭിമുഖ്യത്തിൽ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി, സി) ഉദ്ദേശമുണ്ട്. പൊതുമേഖലയിലുള്ള ആയുർവേദ ഔഷധ നിർമ്മാണ സ്ഥാപനമായ ഔഷധി അതിന്റെ റിസർച്ച് ആന്റ് ഡവലപ്മെന്റ് വിഭാഗം ശക്തിപ്പെടുത്താനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ആയുർവേദത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന രീതിയിലുള്ള ഗവേണഷണ പഠനങ്ങൾക്കായി തിരുവനന്തപുരം ആയുർവേദ കോളേജിന് കീഴിലുള്ള ഫാർമക്കോഗ്നസി വിഭാഗവും ഡ്രഗ് സ്റ്റാൻഡർഡൈസേഷൻ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. മെച്ചപ്പെട്ട ഉപകരണങ്ങളുടെ സഹായത്തോടെ ഔഷധ ഗുണനിലവാരം ഉറപ്പ് വരുത്താൻ ഉതകുന്ന ടെക്നിക്കുകൾ കണ്ടുപിടിക്കുന്നതിനുള്ള നടപടി ഡ്രഗ് സ്റ്റാൻഡർഡൈസേഷൻ യൂണിറ്റിൽ നടന്നുവരുന്നു.

## ഫാർമസി കൗൺസിലിന്റെ അംഗീകാരം ലഭിക്കാത്ത കോളേജുകൾ

14(*190) ശ്രീ. എ. കെ. മണി:

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. വി. ജെ. പൗലോസ്:

ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഫാർമസി ഡിഗ്രി, ഡിപ്ലോമ കോഴ്സുകൾ നടത്തുന്ന ഏതെല്ലാം കോളേജുകൾക്ക് ഫാർമസി കൗൺസിലിന്റെ അംഗീകാരം ലഭിക്കാതെയുണ്ട്;

(ബി) ഇത്തരം കോളേജുകളിൽ നിന്ന് എത്ര കുട്ടികൾ പാസ്സായിട്ടുണ്ട്; ഫാർമസി കൗൺസിൽ അംഗീകാരമില്ലാത്ത ഇവർക്ക് ഫാർമസി കൗൺസിൽ രജിസ്ട്രേഷൻ നൽകുമോ; ഇല്ലാത്തപക്ഷം ഇവർക്ക് ഇദ്യോഗത്തിനോ ഉപരിപഠനത്തിനോ പ്രവേശനം ലഭിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഫാർമസി ഡിപ്ലോമ കോഴ്സിന് നിലവിൽ കൊല്ലം ഫാത്തിമ കോളേജ് ഓഫ് ഫാർമസിക്ക് അംഗീകാരം ഇല്ല. ഡിഗ്രി കോഴ്സിന് കോഴിക്കോട് സർക്കാർ ഫാർമസി കോളേജിൽ നടത്തുന്ന കോഴ്സിനും അംഗീകാരമില്ല.

(ബി) കൊല്ലം ഫാത്തിമ കോളേജിൽ നിന്നും 80 പേർ ഡിപ്ലോമ കോഴ്സിനും കോഴിക്കോട് സർക്കാർ ഫാർമസി കോളേജിൽ നിന്നും 16 പേർ ഡിഗ്രി കോഴ്സും പാസ്സായിട്ടുണ്ട്. ഈ കോളേജുകളുടെ അംഗീകാരത്തിനുവേണ്ടി ഫാർമസി കൗൺസിൽ പരിശോധന നടന്നുകഴിഞ്ഞിട്ടുള്ളതും ചില പോരായ്മകൾ ഉള്ളതുകാരണം വീണ്ടും അന്വേഷണം വച്ചിട്ടുള്ളതിനാൽ അംഗീകാരത്തിന് വിധേയമായി ഇവർക്ക് രജിസ്ട്രേഷൻ ലഭിക്കാൻവേണ്ടി ഫാർമസി കൗൺസിലിൽ അപേക്ഷിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ കിട്ടാത്ത പക്ഷം ഇവിടെ നിന്ന് പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ഉദ്യോഗത്തിനോ ഉപരിപഠനത്തിനോ പ്രവേശനം ലഭിക്കുന്നതല്ല.

## ഇന്റർ സ്റ്റേറ്റ് വാട്ടർ സപ്ലൈ സംബന്ധിച്ച് ഹൈലവൽ കമ്മിറ്റി

15(*191) ശ്രീ. ടി. പി. എം. സാഹിർ:
ശ്രീ. പി. കെ. കെ. ബാവ:
ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. സി. മോയിൻകുട്ടി:
ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർസ്റ്റേറ്റ് വാട്ടർ സപ്ലൈ സംബന്ധിച്ച് തമിഴ്നാടിന്റെയും കേരളത്തിന്റെയും ഉദ്യോഗസ്ഥൻമാരുടെ ഹൈലവൽ കമ്മിറ്റിയുണ്ടോ;

(ബി) എങ്കിൽ ഇതിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവരുടെ യോഗം കൂടുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ യോഗങ്ങളിൽ പരിഗണിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ് എന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) ഇവയെല്ലാം എല്ലാ മീറ്റിംഗുകളിലും പരിഗണിക്കാറുണ്ടോ;

(എഫ്) എങ്കിൽ ഇവയെല്ലാം ഏകകണ്ഠമായി അംഗീകരിക്കാറുണ്ടോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഇല്ല. എന്നാൽ പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പ്രകാരം പദ്ധതിയിൽ ഉൾപ്പെടുന്ന 3 നദികളിലെയും ജല വിഭവ സമാഹരണവും പങ്കിടലും സംബന്ധിച്ച ജലക്രമീകരണം നടത്തുന്നതിന് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡും ശിരുവാണി പദ്ധതിയുടെ ശരിയായ നടത്തിപ്പിനുവേണ്ടി ഒരു ജോയിന്റ് കൺട്രോൾ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

(ബി) ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

1. ചീഫ് എഞ്ചിനീയർ (അന്തർ സംസ്ഥാന ജലം), കേരള.
2. ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.
3. ചീഫ് എഞ്ചിനീയർ, (വാട്ടർ റിസോഴ്സസ് ഓർഗനൈസേഷൻ) പൊതുമരാമത്ത് വകുപ്പ്, തമിഴ്നാട്.
4. ചീഫ് എഞ്ചിനീയർ (റ്റി.എൻ.ഇ.ബി.)

ശിരുവാണി കുടിവെള്ള പദ്ധതിയുടെ ജോയിന്റ് കൺട്രോളർ ബോർഡിൽ കേരളത്തിൽ നിന്നും ചീഫ് എഞ്ചിനീയർ,-പോജക്ട് 1, ചീഫ് എഞ്ചിനീയർ,-പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, തമിഴ്നാട്ടിൽ നിന്നും ചീഫ് എഞ്ചിനീയർ, തമിഴ്നാട് വാട്ടർ സപ്ലൈ ആന്റ് ഡ്രെയിനേജ് ബോർഡ്, കോയമ്പത്തൂരിലെ കുടിവെള്ള പദ്ധതിയുടെ ചുമതല വഹിക്കുന്ന ചീഫ് ടെക്നിക്കൽ ഓഫീസർ എന്നിവർ അംഗങ്ങളാണ്.

(സി) പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം ഓരോ കാർഷിക സീസണുകളുടെ ആരംഭത്തിലും അവസാനത്തിലും ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ യോഗം ചേരണമെന്നുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം വർഷത്തിൽ ഒരു പ്രാവശ്യം ജോയിന്റ് കൺട്രോൾ ബോർഡിന്റെ യോഗം ചേരണമെന്നുണ്ട്.

(ഡി) ഈ യോഗങ്ങളിൽ പറമ്പിക്കുളം ആളിയാർ പദ്ധതിയിലെ ജല വിവരക്കണക്കുകൾ, ഭാവി കാലത്തേക്ക് കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത പരിശോധന സംബന്ധിച്ചുള്ള വിവിധ പ്രശ്നങ്ങൾ, കരാർ നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ എന്നിവ പരിഗണിക്കാറുണ്ട്. ജോയിന്റ് കൺട്രോൾ ബോർഡിന്റെ യോഗ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് കോയമ്പത്തൂരിലെ മുൻസിപ്പൽ ടൗണിലേയും തൊട്ടടുത്തുള്ള സ്ഥലങ്ങളിലേയും കുടിവെള്ള ആവശ്യങ്ങൾക്കു വേണ്ടി മാത്രം ജലം തിരിച്ചു വിടുന്നതിനും ഇപ്രകാരം ശിരുവാണി പദ്ധതിയിൽ നിന്നും ദിവസവും നൽകുന്ന വെള്ളത്തിന്റെ അളവുകൾ എടുക്കാനും ഔട്ട്ലെറ്റ് സ്ലൂയിസിന്റെ ശരിയായ നടത്തിപ്പും കരാർ നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങളും പരിഗണിക്കാറുണ്ട്.

(ഇ) മേൽപ്പറഞ്ഞ മിക്ക കാര്യങ്ങളും എല്ലാ മീറ്റിംഗുകളിലും ചർച്ച ചെയ്ത് പരിഹരിക്കുകയാണ് പതിവ്.

(എഫ്) മിക്ക കാര്യങ്ങളും ഏകകണ്ഠമായി അംഗീകരിക്കാറുണ്ട്.

## വാറ്റ് നടപ്പിലാക്കിയശേഷം സർക്കാരിന്റെ വരുമാനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ

16(*192) ശ്രീ. രാജു എബ്രാഹം:
ശ്രീ. എ. കെ. ബാലൻ:
ഡോ. തോമസ് ഐസക്:
ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാറ്റ് നടപ്പിലാക്കിയ ശേഷം സർക്കാരിന്റെ വരുമാനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്;

(ബി) വാറ്റ് നടപ്പിലാക്കിയതിലൂടെ നികുതി ചോർച്ച തടയുവാൻ സാധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വാറ്റ് നടപ്പിലാക്കിയതിലൂടെ ജനങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള പ്രയോജനം ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) സംസ്ഥാനത്ത് വാറ്റ് നടപ്പിലാക്കിയശേഷം സർക്കാരിന്റെ വിൽപ്പന നികുതി വരുമാനം 31-1-2006 വരെ 5366.50 കോടി രൂപയാണ്. മുൻ വർഷം ഇതേ കാലയളവിൽ ലഭിച്ചതിനേക്കാൾ 363.63 കോടി രൂപ കൂടതലാണ്. 7% വർദ്ധനവ് ഉണ്ടായി. ഈ വർദ്ധനവ് പ്രധാനമായും വാറ്റിതര ഇനങ്ങളിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു പരിധിവരെ തടയാൻ സാധിച്ചിട്ടുണ്ട്.

(സി) നികുതിനിരക്കുകൾ കുറച്ചതുകൊണ്ടും അവസാനഘട്ടത്തിൽ നികുതിവിധേയമായ ചരക്കുകൾക്ക് വിൽപനഘട്ടത്തിൽ നികുതി ഏർപ്പെടുത്തിയതുകൊണ്ടും അയൽ സംസ്ഥാനങ്ങളിലെ നികുതിനിരക്കിനേക്കാൾ കുറവായതിനാലും നികുതി ചോർച്ച കാര്യക്ഷമമായി തടയുവാൻ കഴിഞ്ഞു.

(ഡി) വാറ്റ് നടപ്പിലാക്കിയതിലൂടെ സാധനങ്ങളുടെ അടിസ്ഥാന വിലയിൽ വർദ്ധനവ് ഉണ്ടായത് കാരണം ജനങ്ങൾക്ക് പൂർണ്ണമായ പ്രയോജനം ലഭിച്ചിട്ടില്ല.

(ഇ) കേരള പൊതുവിൽപ്പന നികുതി നിയമത്തിന്റെ പരിധിയിൽ ഡീസൽ, പെട്രോൾ, എ.റ്റി.എഫ്., വിദേശമദ്യങ്ങൾ എന്നിവ നിർത്തി ബാക്കിയുള്ള എല്ലാ വസ്തുക്കൾക്കും ഓരോ ഘട്ടത്തിലുമുണ്ടാകുന്ന മൂല്യവർദ്ധനക്കും 1%, 4%, 12.5% എന്നീ നിരക്കിൽ ബഹുമുഖ നികുതി ഏർപ്പെടുത്തിയെന്നതാണ് മൂല്യവർദ്ധന നികുതി നിയമത്തിലെ പ്രധാന മാറ്റം. ഉയർന്ന നിരക്കിൽ നികുതി ചുമത്തപ്പെട്ട അനേകം സാധനങ്ങൾക്ക് മൂന്നാം പട്ടികയിൽ ഉൾപ്പെടുത്തി നികുതി നിരക്ക് 4% ആയി കുറച്ചു. അതുപോലെ കേരള പൊതുവിൽപ്പന നികുതി നിയമത്തിൽ നിലവിലുള്ള 1% മുതൽ 90% വരെയുള്ള നിരക്കുകൾ ക്രമീകരിച്ച് വെറും മൂന്ന് നിരക്കുകളാക്കി. ഇവയെല്ലാം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നവയാണ്.

## പക്ഷിപ്പനി രോഗം ബാധിച്ച കേസ്സുകൾ

17(*193) ശ്രീ. എൻ. രാജൻ:

ശ്രീ. പി. നാരായണൻ:

ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പക്ഷിപ്പനി ബാധിച്ച കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം രോഗങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) ഈ രോഗം തടയുന്നതിന് എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) പക്ഷികൾക്കോ മനുഷ്യർക്കോ പക്ഷിപ്പനി ബാധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും പക്ഷിപ്പനിക്കെതിരെ ജാഗ്രത പാലിക്കണമെന്നും എല്ലാ ആരോഗ്യ പ്രവർത്തകർക്കും, അവർ ജാഗരൂകരായിരിക്കണമെന്നും ഏതെങ്കിലും പ്രദേശത്ത് പ്രത്യേക ദേശാടന പക്ഷികൾ വരുന്ന സ്ഥലങ്ങളിൽ പക്ഷികളോ, കോഴി, താറാവ് എന്നിവയോ പക്ഷിപ്പനിയുടെ രോഗലക്ഷണങ്ങൾ കാണിക്കുകയോ പ്രത്യേക കാരണങ്ങൾ ഒന്നും കൂടാതെ ചാവുകയോ ചെയ്താൽ ഉടൻ തന്നെ പബ്ലിക് ഹെൽത്ത് ഡയറക്ടറെ ഫോണിലൂടേയോ ഫാക്സ് മുഖേനയോ വിവരം അറിയിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ ഇതിലേക്കായി ഒരു ദ്രുതകർമ്മ സേനയെ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ജില്ലാതലത്തിൽ ദൗത്യസേന രൂപീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒപ്പം തന്നെ പക്ഷിപ്പനി കേസുകൾ നിരീക്ഷിക്കുന്നതിലേക്കായി ഒരു കൺട്രോൾ റൂം തുറക്കുവാൻ ജില്ലാതല മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

## ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

18(*194) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(ബി) സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണോ ആശുപത്രികൾക്കാവശ്യമുള്ള മരുന്നുകൾ വാങ്ങുന്നത്; അല്ലെങ്കിൽ എപ്രകാരമാണ് വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പേപ്പട്ടി, പാമ്പ് എന്നിവയിൽ നിന്നുള്ള വിഷബാധയ്ക്ക് എല്ലാ ആശുപത്രികളിലും മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കേടായ ഉപകരണങ്ങൾ നന്നാക്കുന്നതിനും വാങ്ങിയ ഉപകരണങ്ങൾ യഥാവിധി ഉപയോഗിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) സംസ്ഥാനത്തെ 201 സ്ഥാപനങ്ങളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിലേക്ക് 1200 അധിക തസ്തികകൾ സൃഷ്ടിച്ചതിനു പുറമെ പല ഘട്ടങ്ങളി

LIBRARY ARCHIVES Kerala Legislative Assembly

ലായി 205 പുതിയ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. പല പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായും മറ്റു ചില ആശുപത്രികളെ ജനറൽ ആശുപത്രി/താലൂക്ക് ആശുപത്രികളായും ഉയർത്തിയിട്ടുണ്ട്. പുതിയ ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചില ആശുപത്രികളിലെ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവശ്യം വേണ്ട മരുന്നുകളും മറ്റു സാധന സാമഗ്രികളും വാങ്ങുന്നതിനുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളിലെ അത്യാഹിത വിഭാഗം നവീകരിക്കുകയും ഓപ്പറേഷൻ തീയറ്ററുകളിൽ അവശ്യം വേണ്ട ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. രോഗ നിർണ്ണയത്തിനായി അത്യന്താധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രികൾക്ക് ചുറ്റുമുള്ള അഴുക്കു ചാലുകൾ വൃത്തിയാക്കുന്നതിനും വാർഡുകൾ നവീകരിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സുതാര്യമായ ഔഷധനയം കൊണ്ടുവരികയും അതുവഴി മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ ജീവൻരക്ഷാ മരുന്നുകൾക്ക് അതീവ പ്രാധാന്യം നൽകിയിട്ടുണ്ട്. മെഡിക്കൽകോളേജ് ആശുപത്രികളിലെ സൂപ്രണ്ടുമാർക്ക് അടിയന്തിര ഘട്ടങ്ങളിൽ 20,000 രൂപ വരെ വിലയുള്ള മരുന്നുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിലേക്കായി ബജറ്റ് വിഹിതത്തിന്റെ 65% വരെയുള്ള തുകയ്ക്ക് ജീവൻ രക്ഷാമരുന്നുകൾ വാങ്ങുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം തന്നെയാണ് പ്രധാനമായും ആശുപത്രികൾക്കാവശ്യമുള്ള മരുന്നുകൾ വാങ്ങുന്നത്.

(ഡി) ഉണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ മരുന്ന് ലഭ്യമാകാതെ വന്നാൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് അവ വാങ്ങുവാൻ ബന്ധപ്പെട്ട ആശുപത്രി അധികൃതർക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ഇ) കേടായ ഉപകരണങ്ങൾ നന്നാക്കുന്നതിന് 25 ലക്ഷം രൂപ നടപ്പു വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേടായ ഉപകരണങ്ങൾ നന്നാക്കുന്നതിനും വാങ്ങുന്ന ഉപകരണങ്ങൾ യഥാവിധി ഉപയോഗിക്കുന്നതിനും ടെൻഡർ ഉറപ്പിക്കുന്ന ഘട്ടത്തിൽ തന്നെ ഇപ്പോൾ വ്യവസ്ഥകൾ വയ്ക്കുന്നുണ്ട്.

## വായ്പാ തിരിച്ചടവുകാലയളവിൽ മരിച്ചാൽ കടബാധ്യത ഏറ്റെടുക്കാൻ പദ്ധതി

19(*195) ശ്രീ. തോമസ് ചാഴികാടൻ:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് കാർഷിക വായ്പയെടുത്തയാൾ തിരിച്ചടവ് കാലയളവിൽ മരിച്ചാൽ അയാളുടെ കടബാധ്യത ഏറ്റെടുക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി എന്നുമുതൽ നിലവിൽ വന്നു എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് എത്ര കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്; പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

k l I eW hpw X pIapJ hpw h I p; pa{´ n (ശ്രീ. എം. വി. രാഘവൻ):

(എ) കാർഷിക വായ്പയെടുത്ത് തിരിച്ചടവ് കാലയളവിൽ വായ്പയെടുത്തവർ മരണപ്പെട്ട് പോവുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന വായ്പകളിൽ പരമാവധി ഒരു ലക്ഷം രൂപ വരെയുള്ള ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്ന റിസ്ക് ഫണ്ട് പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

(ബി) 2005 ഏപ്രിൽ ഒന്നു മുതൽ മുൻകാലപ്രാബല്യത്തോടെ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) തൻവർഷത്തെ ബഡ്ജറ്റിൽ 2.39 കോടി രൂപ 'റിസ്ക് ഫണ്ട്' പദ്ധതിയടക്കമുള്ള പദ്ധതികൾക്ക് വകയിരുത്തിയിട്ടുണ്ട്.

## സമ്പൂർണ്ണ ശുചിത്വ പദ്ധതികൾ

20(*196) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. രാജു എബ്രഹാം:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ശുചിത്വ പദ്ധതികൾ ഘട്ടം ഘട്ടമായി സംസ്ഥാന വ്യാപകമാക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സമ്പൂർണ്ണ ശുചിത്വ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(സി) കേരളത്തിലെ ഏതെല്ലാം ജില്ലകളാണ് ഇതിനകം സമ്പൂർണ്ണ ശുചിത്വ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; സംസ്ഥാന ഗവൺമെന്റ് തന്നാണ്ടിൽ എന്തു തുക ഇതിനായി ചെലവഴിച്ചിട്ടുണ്ട്; വകയിരുത്തിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഘട്ടം - 1

ഇന്ത്യയിലെ എല്ലാ ജില്ലകളിലും ഗ്രാമീണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതിയാണിത്. കൊല്ലം കാസർകോട് ജില്ലകൾ : 15-1-2001-ന് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചു. 2001-2002 മുതൽ നടപ്പാക്കിവരുന്നു.

ഘട്ടം - 2

തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, വയനാട് ജില്ലകൾ: 13-2-2002-ന് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചു. 2002-2003 മുതൽ നടപ്പാക്കി വരുന്നു.

ഘട്ടം - 3

പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകൾ: 24-3-2003-ന് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചു. 2003-2004 മുതൽ നടപ്പാക്കിവരുന്നു.

ഘട്ടം - 4

കോട്ടയം ജില്ല 20-12-2005-ന് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചു. പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഗ്രാമീണ ജീവിത നിലവാരം ഉയർത്തുന്നതിനായി ജന കേന്ദ്രീകൃതമായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ വ്യക്തിഗത കക്കൂസ്. സ്കൂൾ/അംഗനവാടി കക്കൂസുകൾ, സമൂഹ ശുചിത്വ സമുച്ചയം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിട്ടുള്ളത്. കേന്ദ്രർക്കാർ 6099 ലക്ഷം രൂപയും സംസ്ഥാന സർക്കാർ 2724 ലക്ഷം രൂപയും ചെലവഴിക്കുന്ന പദ്ധതിയാണിത്. (13 ജില്ലകൾ)

(സി) കേരളത്തിലെ 13 ജില്ലകളിൽ (കോട്ടയം ഒഴികെ) ഈ പദ്ധതി പൂർണ്ണമായും നടന്നുവരുന്നു.

(ഡി) ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്. (ഇതേവരെ 3567.51 ലക്ഷം രൂപ) ഈ വർഷം ഈ പദ്ധതിയിലേക്കായി സംസ്ഥാന വിഹിതമായി 322.63 ലക്ഷം രൂപ വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഈ വർഷം ഈ പദ്ധതിയിലേക്കായി സംസ്ഥാനം 371.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ആരോഗ്യ വിഷനുകൾ സ്ഥാപിക്കൽ

21(*197) ശ്രീ. ടി. എൻ. പ്രതാപൻ:

ശ്രീ. കെ. അച്ചുതൻ:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

ശ്രീ. ലൂഡി ലൂയിസ്:

ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വിഷനുകൾ രൂപീകരിക്കാനുദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തലത്തിൽ; ഈ വിഷന്റെ കർത്തവ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിനുവേണ്ടി വിഷൻ 2025 എന്ന ഡോക്യുമെന്റ് തയ്യാറാക്കിവരുന്നു. ഈ ഡോക്യുമെന്റിന്റെ രൂപരേഖ (ടേംസ് ഓഫ് റഫറൻസ്) തയ്യാറാക്കി കഴിഞ്ഞു. 2006 ഡിസംബർ മാസത്തോടെ ഇത് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷ.

(ബി) ആരോഗ്യ വിഷൻ ഡോക്യുമെന്റ് തയ്യാറാക്കുന്നതിനായി ഒരു ഉപദേശക സമിതിയും കോർ സമിതിയും രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ ഇപ്പോഴത്തെ ആരോഗ്യ നിലവാരം കണക്കാക്കുക, വരുന്ന 20 വർഷത്തേക്കുള്ള ലക്ഷ്യങ്ങൾ തയ്യാറാക്കുക എന്നിവയാണ് വിഷൻ ഡോക്യുമെന്റിന്റെ മുഖ്യ ലക്ഷ്യങ്ങൾ. കൂടാതെ ആരോഗ്യ രംഗത്തെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, അത്യാവശ്യം മരുന്നുകളുടെ ഉപയോഗം, സ്ത്രീ പുരുഷ സമത്വത്തോടുകൂടിയ ആരോഗ്യ സേവനം, ആരോഗ്യ രംഗത്തെ വികേന്ദ്രീകരണം, മാനവ വിഭവ ശേഷി, സാംക്രമിക രോഗങ്ങൾ, നീണ്ട കാലയളവിൽ നിൽക്കുന്ന രോഗങ്ങൾ, അംഗവൈകല്യം, ആരോഗ്യവും പരിസ്ഥിതിയും, ഗർഭിണികളുടേയും കുട്ടികളുടേയും ആരോഗ്യം, പോഷകാഹാരം, മാനസിക ആരോഗ്യം, കൗമാരപ്രായക്കാരുടേയും വൃദ്ധജനങ്ങളുടേയും ആരോഗ്യം, വിവര സാങ്കേതികത, ജീവിതശൈലിയുമായി ബന്ധപ്പെട്ട രോഗങ്ങൾ, അപകടങ്ങൾ, ബയോ എത്തിക്സ്, നിരാലംബരും അവശത അനുഭവിക്കുന്നതുമായ വിഭാഗങ്ങൾ, ആരോഗ്യരംഗത്തെ പുത്തൻ സാങ്കേതിക വിദ്യകൾ, ബയോമെഡിക്കൽ വെയ്സ്റ്റ് മേനേജ്മെന്റ്, ആരോഗ്യ രംഗത്തെ മറ്റു വിഭാഗങ്ങൾ, ദേശീയ ആരോഗ്യ പരിപാടികൾ, ഗവേഷണം, പ്രകൃതി ക്ഷോഭം, സുരക്ഷിതവും ആരോഗ്യപരവുമായ ഭക്ഷണം തുടങ്ങിയ വിഷയങ്ങളും ഈ വിഷൻ ഡോക്യുമെന്റിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.ആർ.ടി.സി.-യുടെ നവീകരണം

22(*198) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ. എസ്. ആർ. ടി. സി.-യുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം രംഗത്ത് സംസ്ഥാനത്തിന്റെ വളർച്ച പരിഗണിച്ച് കെ. എസ്. ആർ. ടി. സി. ബസ്സ്റ്റേഷനുകളിൽ ദൈനംദിന പരിസര ശുചീകരണം നടത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) കെ. എസ്. ആർ. ടി. സി.-യുടെ നവീകരണത്തിന്റെ ഭാഗമായി ഭൂരിഭാഗം ബസ്സ്റ്റേഷനുകളുടെയും, കെട്ടിടങ്ങളുടെയും കേടുപാടുകൾ തീർക്കുകയുണ്ടായി. ബസ് സ്റ്റേഷൻ യാർഡ് കോൺക്രീറ്റ് ചെയ്യുകയും പലയിടങ്ങളിലും റീ-ടാർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## മനോരോഗ വിമുക്തരായവരെ പുനരധിവസിപ്പിക്കുവാൻ നടപടി

23(*199) ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മനോരോഗ ചികിത്സാ കേന്ദ്രങ്ങളിൽ ചികിത്സയ്ക്ക് വിധേയരായ എത്ര പേർ രോഗവിമുക്തി നേടിയിട്ടും ഇപ്പോഴും മനോരോഗ ചികിത്സാ കേന്ദ്രങ്ങളിൽ അന്തേവാസികളായി തുടരുന്നുണ്ട്;

(ബി) ഇവർ ഇപ്രകാരം തുടരുവാനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) മനോരോഗ വിമുക്തരായവരെ പുനരധിവസിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ട് എന്ന് വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ആരും തന്നെ ഇല്ല.

തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ 12 പേരും, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ 22 പേരും ഇപ്പോഴും അന്തേവാസികളായി തുടരുന്നുണ്ട്.

(ബി) സാമൂഹ്യ കാരണങ്ങളാലും മറ്റു കാരണങ്ങളാലും രോഗംമാറിയ ആളുകളെ ബന്ധുക്കൾ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. രോഗികളെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുമ്പോൾ തന്നിരിക്കുന്ന മേൽവിലാസം പലരുടേയും ശരിയല്ല. മാത്രമല്ല അന്യ സംസ്ഥാനക്കാരുടെ മേൽവിലാസം കണ്ടെടുക്കുവാനും കഴിയുന്നില്ല. കൂടാതെ ഭാഷാപ്രശ്നം, താമസംമാറൽ, അലഞ്ഞുതിരിഞ്ഞ് നടക്കുന്നവരുടെ ശരിയായ മേൽവിലാസം ഇല്ലായ്മ എന്നിവയാണ് പ്രധാന കാരണങ്ങൾ.

(സി) ആശുപത്രിക്കുള്ളിലെ പുനരധിവാസ പദ്ധതികൾ താഴെപ്പറയുന്ന വയാണ്.

1. സ്ത്രീകൾക്ക് വിദ്യാകേന്ദ്രം, പുരുഷൻമാർക്ക് മെയിൽ റീഹാബ് എന്ന പദ്ധതി.

2. സ്ത്രീകൾക്കുമാത്രമായി റിക്രിയേഷൻ യൂണിറ്റുകൾ.

3. പകൽ വീട്.

4. രോഗികൾക്കായി കലാപരിപാടികളും പിക്നിക്കുകളും സംഘടിപ്പിക്കുന്നു.

5. ഓക്യുപ്പേഷണൽ തെറാപ്പി യൂണിറ്റുകളായി- ബ്രെഡ് നിർമ്മാണം, സോപ്പ് നിർമ്മാണം, കസേര വരിയൽ, അലങ്കാര സസ്യകൃഷി, പൂന്തോട്ട നിർമ്മാണം, ഫർണിച്ചർ റിപ്പയറിംഗ്, കവർ നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സ്റ്റേഷനറികട നടത്തുക, തയ്യൽ, ചൂൽ നിർമ്മാണം, ബുക്ക് നിർമ്മാണം, ക്രാഫ്റ്റ് വർക്ക്, കൃഷി, നൂൽനൂൽപ്പ്, ലാമിനേഷൻ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ പുരുഷൻമാരുടെ വാർഡിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള കെട്ടിടംപണി പൂർത്തിയായിട്ടുണ്ട്. സ്ത്രീകളുടെ വാർഡിൽ ഇതിനുള്ള കെട്ടിടം പണിയുന്നതിനുള്ള ഫണ്ട് ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ രോഗം ഭേദമായിവരുന്ന രോഗികളെ സർക്കാരിന്റെയും മറ്റ് സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളിലേക്കും മാറ്റി പാർപ്പിക്കുന്നു. "ആശാഭവൻ", "ശാന്തിഭവൻ", "ആശ്രമ", "മാനസ" തുടങ്ങിയവ ആണ് സ്ഥാപനങ്ങൾ. കഴിയുന്നത്ര രോഗികളെ രോഗം മാറിയ ശേഷം വീട്ടിലേക്ക് മടക്കി അയക്കുന്നുണ്ട്. മെന്റൽ ഹെൽത്ത് അതോറിട്ടിയുടെ ആഭിമുഖ്യത്തിൽ മംഗലപുരം പി.എച്ച്.സി.-യോടനുനബന്ധിച്ച് ആരോഗ്യ വകുപ്പിന്റെയും, കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്തിന്റെയും സഹകരണത്തോടുകൂടി "സാന്ത്വനം" എന്ന പേരിൽ ഒരു പകൽവീട് പ്രവർത്തിക്കുന്നുണ്ട്. മംഗലപുരം പി.എച്ച്.സി.യോടനുബന്ധിച്ചുള്ള സാന്ത്വനത്തിന്റെ മാതൃകയിൽ തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നുമുള്ള രോഗവിമുക്തരായവരെ പുനരധിവസിപ്പിക്കുന്നതിനായി ഒരു സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സർക്കാർ ഉത്തരവ് നമ്പർ (ആർ. റ്റി.) 956/2003/ആകുവ. തീയതി 27-3-2003 പ്രകാരം 6,25,000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ചെക്ക്പോസ്റ്റുകളിലെ അഴിമതി അവസാനിപ്പിക്കാൻ നടപടി

24(*200) ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. തോമസ് ചാഴികാടൻ:

ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ വ്യാപകമായി അഴിമതി നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചെക്ക്പോസ്റ്റുകളിലെ അഴിമതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) അഴിമതിയെക്കുറിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ചെക്ക്പോസ്റ്റുകളിൽ ഇൻസ്പെക്ടർമാരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിശ്ചിത കാലയളവിലേക്കാണ് നിയമിക്കുന്നത്. ചെക്ക്പോസ്റ്റുകൾ കടന്നുവരുന്ന വാഹനങ്ങൾ ഇന്റലിജൻസ് വിഭാഗം വീണ്ടും പരിശോധിച്ച് നടപടി സ്വീകരിക്കുന്നു. ചെക്ക്പോസ്റ്റുകളിൽ പോലീസിന്റെ വിജിലൻസ് വിഭാഗവും, നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗവും മിന്നൽ പരിശോധന നടത്തി ക്രമക്കേടുകൾ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുന്നു. ചെക്ക്പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവേശനനികുതി അതത് ഓഫീസുകളിൽ അടയ്ക്കാൻ നിയമത്തിൽ ഭേദഗതി വരുത്താൻ നടപടി എടുത്തുവരുന്നു.

(സി) ചെക്ക്പോസ്റ്റുകളിലെ ചരക്ക് വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിന് സ്കാനിംഗ് മെഷീൻ തടുങ്ങിയ ആധുനിക സംവിധാനങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുന്നു.

(ഡി) വൈദ്യുതി ലഭ്യമായ എല്ലാ ചെക്ക്പോസ്റ്റുകളിലും കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ നെറ്റ്‌വർക്കിംഗ് പൂർത്തിയാക്കുന്നതിന് തീവ്രയജ്ഞം നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

## ജല നയം

25(*201) പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പുതിയ ജലനയം അംഗീകരിക്കാൻ ഉദ്ദേശമുണ്ടോ; ഈ നയത്തിന്റെ കാതൽ എന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ നയം ഉൾപ്പെടുത്തി നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശമുണ്ടോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്. കുടിവെള്ളത്തിന്റെ പ്രാധാന്യവും, ജനങ്ങൾക്ക് ആവശ്യത്തിന് ജലം എത്തിച്ചുകൊടുക്കാനുള്ള സർക്കാരിന്റെ പ്രതിബന്ധതയും ജലവിനിയോഗം കാര്യക്ഷമമാക്കണമെന്നതിന്റെ ആവശ്യകതയും ജലത്തിന്റെ ദുർവിനിയോഗം എങ്ങനെ നിയന്ത്രിക്കാമെന്നതുമാണ് ജല നയത്തിൽ പ്രധാനമായും പ്രതിപാദിച്ചിരിക്കുന്നത്. നദീതട സംരക്ഷണത്തിന്റെ ആവശ്യകത, ശാസ്ത്ര സാങ്കേതിക പരിജ്ഞാനങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ജലവിനിയോഗം എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്.

(ബി) ജലസേചനവും ജലസംരക്ഷണവും ആക്ട് 2003-ൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. അതിനാൽ ഈ വിഷയം സംബന്ധിച്ച് പുതിയ നിയമ നിർമ്മാണത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

## സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടതൽ നിയന്ത്രണങ്ങൾ

26(*202) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സ്ഥാപനങ്ങളിലെ സാമ്പത്തിക കെടുകാര്യസ്ഥതയും ഓഡിറ്റ് വൈകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓഡിറ്റ് വൈകുന്നതുമൂലം സാമ്പത്തിക ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ശിക്ഷയിൽ നിന്നും രക്ഷപ്പെടുന്നത് ഒഴിവാക്കുവാൻ ഓഡിറ്റുകളും തുടർനടപടികളും വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സഹകരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഇല്ല.

(ബി) ചില സ്ഥാപനങ്ങളിലെ സാമ്പത്തിക അച്ചടക്കമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2003-2004 സാമ്പത്തികവർഷം വരെ 229 പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കുടിശ്ശികയായിട്ടുണ്ട്.

(സി) പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെ ഓഡിറ്റുകൾ കാലാനുസൃതമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പരിശീലനപരിപാടി വിവിധ സഹകരണ പരിശീലന സ്ഥാപനങ്ങളിൽ സംഘടിപ്പിച്ചു വരുന്നുണ്ട്.

## ഹോളിസ്റ്റിക് ചികിത്സ

27(*203) പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആശുപത്രികളിൽ ഹോളിസ്റ്റിക് ചികിത്സ നടത്തുന്നുണ്ടോ;

(ബി) സംസ്ഥാനത്തുള്ള അലോപ്പതി ചികിത്സാ സ്ഥാപനങ്ങളിലൂടെ ആയുർവേദ, സിദ്ധ, ഹോമിയോ തുടങ്ങിയ ചികിത്സകൾ നടത്തുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ആയുർവേദം, സിദ്ധ, യൂനാനി, ഹോമിയോ എന്നീ ചികിത്സകൾകൂടി നടത്തുവാനുള്ള സൗകര്യമുണ്ടാക്കുമോ;

(ഡി) ഇത് പ്രയോജനകരമാണെന്ന് കരുതുന്നുണ്ടോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഇല്ല. എന്നാൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ഹോളിസ്റ്റിക് മെഡിസിൻ യൂണിറ്റ് നിലവിലുണ്ട്.

(ബി - ഡി) ഈ ചികിത്സാ രീതിയുടെ ആവശ്യകത ഉണ്ടന്ന് തോന്നുന്നില്ല. ഇതു സംബന്ധിച്ച് ഒരു "ഹോളിസ്റ്റിക് മെഡിസിൻ ആന്റ് സ്ട്രസ്സ് മാനേജ്മെന്റ്



LIBRARY ARCHIVES Kerala Legislative Assembly

റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്" എന്ന സ്ഥാപനം പുതുതായി അടുത്ത വർഷം തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നു.

## (2.) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിഷൻ 2010 പദ്ധതി

1(1277) ശ്രീ. ടി. എം. ജേക്കബ്:

ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വിഷൻ 2010' പദ്ധതിക്ക് എത്ര കോടി രൂപ ധനകാര്യവകുപ്പ് അനുവദിച്ചു;

(ബി) 'വിഷൻ 2010' ലെ ഓരോ ഇനങ്ങൾക്കും ധനകാര്യവകുപ്പ് അനുവദിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാന സർക്കാരിന് മറ്റ് ഏതെല്ലാം ഏജൻസികളിൽ നിന്നും 'വിഷൻ 2010'-ന് പണം ലഭിച്ചുവെന്ന് അറിയിക്കാമോ?

### ഉത്തരം

(എ, ബി) 'വിഷൻ 2010' പദ്ധതിയുടെ കീഴിൽ വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനായി 40 കോടി രൂപ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് മുഖേന 2005-2006 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

2006-2007 വർഷത്തിൽ 50 കോടി രൂപ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

1. കൃഷി

(രൂപ കോടിയിൽ)

| | | |
|---|---|---|
| (എ) ഉല്പന്നങ്ങളുടെ സംസ്ക്കരണവും മൂല്യവർദ്ധനവും | - | 8.00 |
| (ബി) അഗ്രോ സർവീസ് സെന്ററുകൾ | - | 1.00 |
| (സി) പുഷ്പ്പകൃഷി | - | 1.00 |

2. മൃഗസംരക്ഷണം

| | | |
|---|---|---|
| പ്രത്യേക കന്നുകാലി വികസന പരിപാടി | - | 3.00 |

LIBRARY ARCHIVES Kerala Legislative Assembly

3. ക്ഷീരവികസനം

| | | |
|---|---|---|
| (എ) ഗുണനിയന്ത്രണ പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കൽ | - | 2.00 |
| (ബി) പശുഗ്രാമം | - | 3.00 |

4. മത്സ്യവികസനം

| | | |
|---|---|---|
| (എ) ആഴക്കടൽ മത്സ്യബന്ധനം | - | 4.00 |
| (ബി) ഒരു നെല്ലും മീനും പരിപാടി വ്യാപിപ്പിക്കുക | - | 1.00 |
| (സി) ഉല്പന്നങ്ങളുടെ മൂല്യർദ്ധനവ് | - | 1.00 |
| (ഡി) കോസ്റ്റൽപുര | - | 1.00 |

5. സാമൂഹ്യവികസനവും പഞ്ചായത്തും

| | | |
|---|---|---|
| (എ) അർബൻ ഹട്ട് | - | 1.00 |
| (ബി) ആശ്രയ | - | 5.00 |

6. വ്യവസായം

| | | |
|---|---|---|
| (എ) പരമ്പരാഗത വ്യവസായങ്ങൾ | - | 5.00 |
| (ബി) വൈജ്ഞാനിക നഗരങ്ങൾ സ്ഥാപിക്കൽ | - | 1.00 |

7. വിനോദസഞ്ചാരം

| | | |
|---|---|---|
| (എ) സയൻസ് സിറ്റി | - | 4.00 |
| (ബി) കിറ്റ്സ് മുഖേന മാനവശേഷി വികസനം | - | 1.00 |
| (സി) മാലിന്യ പരിപാലനം | - | 3.00 |

8. പൊതുവിദ്യാഭ്യാസം

| | | |
|---|---|---|
| (എ) വൈദഗ്ദ്ധ്യപോഷണം | - | 1.00 |
| (ബി) യൂണിവേഴ്സിറ്റികളിലെ നൂതനപരിഷ്ക്കാരങ്ങൾ | - | 2.00 |

9. പൊതുജനാരോഗ്യവും കുടുംബക്ഷേമവും

| | | |
|---|---|---|
| നഴ്സിംഗ് വിദ്യാഭ്യാസം | - | 2.00 |
| ആകെ | - | 50.00 |

(സി) മറ്റ് ഏജൻസികളിൽ നിന്നുള്ള സഹായം ഇതുവരെ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച സഹായം

2(1278) ശ്രീ. ലൂഡി ലൂയിസ്:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റിൽ നിന്നും വിവിധ ഇനങ്ങളിലായി എന്തു തുക കിട്ടി എന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിലുള്ള യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ വിവിധയിനങ്ങളിലായി എന്തു തുക കിട്ടി എന്ന് അറിയിക്കുമോ;

(സി) ഈ വർഷം ഇനി എന്ത് തുക കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റിൽ നിന്നും വിവിധ ഇനങ്ങളിലായിക്കിട്ടിയ തുക താഴെകാണും പ്രകാരമാണ്.

*(തുക കോടിയിൽ)*

| വർഷം | കേന്ദ്രനികുതി | ഗ്രാന്റ് | വായ്പ | ആകെ |
|---|---|---|---|---|
| 1996-97 | 1242.65 | 490.13 | 539.94 | 2272.72 |
| 1997-98 | 1271.74 | 793.31 | 567.15 | 2632.20 |
| 1998-99 | 1382.30 | 608.60 | 869.59 | 2860.49 |
| 1999-00 | 1535.22 | 682.31 | 1072.96 | 3290.49 |
| 2000-01 | 1585.61 | 615.90 | 483.11 | 2684.42 |

(ബി) യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് (2001-05 വരെ) കേന്ദ്ര സർക്കാരിൽ നിന്നും വിവിധയിനങ്ങളിലായിക്കിട്ടിയ തുക താഴെ കാണും പ്രകാരമാണ്.

*(തുക കോടിയിൽ)*

| വർഷം | കേന്ദ്രനികുതി | ഗ്രാന്റ് | വായ്പ | ആകെ |
|---|---|---|---|---|
| 2001-02 | 1614.26 | 975.33 | 780.69 | 3370.28 |
| 2002-03 | 1715.22 | 938.37 | 1192.86 | 3846.45 |
| 2003-04 | 2012.01 | 907.61 | 968.17 | 3887.79 |
| 2004-05 | 2404.95 | 1312.80 | 1482.11 | 5199.86 |

LIBRARY ARCHIVES Kerala Legislative Assembly

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും വിവിധ ഇനങ്ങളിലായി ലഭിക്കേണ്ട തുക താഴെ കാണും പ്രകാരമാണ്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി മാത്രമേ വ്യക്തമായി ഇത്ര തുക ലഭിച്ചു എന്ന് പറയാൻ സാധിക്കുകയുള്ളൂ.

*(തുക കോടിയിൽ)*

| വർഷം | കേന്ദ്രനികുതി | ഗ്രാന്റ് | വായ്പ | ആകെ |
|---|---|---|---|---|
| 2005-06 ബജറ്റ് എസ്റ്റിമേറ്റ് | 3003.37 | 1670.67 | 1521.25 | 6195.29 |

## സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് നടപടി

3(1279) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പശ്ചാത്തല മേഖലയിൽ എത്ര കോടി രൂപയുടെ ആസ്തികൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാനം സ്വീകരിക്കുന്ന വായ്പകളുടെ പ്രത്യുൽപ്പാദനകരമായ വിനിയോഗത്തിന്റെ നിരീക്ഷണത്തിനായി സാമ്പത്തിക വിദഗ്ദ്ധരടങ്ങിയ ഒരു സമിതിയെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് പല നടപടികളും എടുത്തിട്ടുണ്ട്. സാമ്പത്തിക അച്ചടക്കം പാലിക്കുവാനായി റവന്യൂ കമ്മി നിജപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്യുന്ന കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട്-2003 പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയ്ക്ക് വേണ്ടി കൊടുത്തിട്ടുള്ള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധിക്കും സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കം മെച്ചപ്പെടുത്തുന്നതിനുംവേണ്ടി കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്ട് - 2003 പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമേ വിവിധ വായ്പകളുടെ പലിശയിനത്തിലുള്ള ബാദ്ധ്യത കുറച്ചുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വരാൻ 'ഡെബ്റ്റ് സ്വാപ്പ്', 'ഡെബ്റ്റ് കൺസോളിഡേഷൻ' പോലുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുകയും വാണിജ്യ നികുതി വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നികുതി പിരിവ് അവലോകനം ചെയ്യുന്നു. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഹൈക്കോടതിയിൽ വില്പന നികുതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക സർക്കാർ പ്ലീഡർമാരെ നിയമിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പശ്ചാത്തല മേഖലയിൽ പുതുതായി സൃഷ്ടിക്കപ്പെട്ട ആസ്തികൾ താഴെകാണും പ്രകാരമാണ്.

*(തുക കോടിയിൽ)*

| വർഷം | പുതുതായി സൃഷ്ടിക്കപ്പെട്ട ആസ്തികൾ |
|---|---|
| 2001-02 | 558.36 |
| 2002-03 | 698.66 |
| 2003-04 | 639.71 |
| 2004-05 | 681.75 |
| 2005-06 (31-12-2005 വരെ) | 373.03 |

(ഡി) നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ഇത്തരത്തിൽ ഒരു സമിതിയെ നിയമിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയില്ല.

## സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ തിരിച്ചടവ്

4(1280) ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടത്തിൽ കേന്ദ്രഗവൺമെന്റിൽ തിരിച്ചടയ്ക്കേണ്ടുന്ന തുക മാത്രം 2006 ജനുവരി 31 വരെയുള്ളത് എത്ര കോടിയാണെന്ന് വെളിപ്പെടുത്താമോ;

(ബി) തിരിച്ചടവ് ഏതെങ്കിലും കൃത്യമായി നടക്കാതെ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) സംസ്ഥാന ഗവൺമെന്റിന്റെ പൊതു കടം ഏതെല്ലാം ഇനങ്ങളിൽ എത്ര കോടി രൂപ വീതമാണെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൊടുത്തുതീർക്കേണ്ട ബാധ്യതകളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ 31-12-2005 വരെയുള്ള താല്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ട് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ഇതുപ്രകാരം 31-12-2005 വരെ സംസ്ഥാനത്തിന്റെ പൊതുകടത്തിൽ കേന്ദ്രഗവൺമെന്റിൽ തിരിച്ചടയ്ക്കേണ്ടുന്ന തുക 5475.44 കോടി രൂപയാണ്.

(ബി) ഇല്ല. തിരിച്ചടവ് കൃത്യമായി നടത്തിവരുന്നു.

(സി) സംസ്ഥാന ഗവൺമെന്റിന്റെ പൊതു കടം 31-12-2005 വരെ താഴെ കാണും പ്രകാരമാണ്.

*(തുക കോടിയിൽ)*

| | ഏജൻസി | പൊതുകടം (31-12-2005 വരെ) |
|---|---|---|
| 1. | കേന്ദ്ര സർക്കാർ | 5475.44 |
| 2. | വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിപണിയിൽ നിന്നുമുള്ള ആഭ്യന്തര കടം | 24712.18 |
| 3. | സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മുതലായവ | 14162.26 |
| | ആകെ | 44349.88 |

(ഡി) സംസ്ഥാന സർക്കാർ കൊടുത്തു തീർക്കേണ്ട ബാധ്യതകളുടെ വിശദാംശം മേൽ പ്രസ്താവിച്ചിരിക്കും പ്രകാരമാണ്.

സംസ്ഥാനത്തെ റവന്യൂ വരുമാനം സംബന്ധിച്ച വർദ്ധനവ്

5(1281) ശ്രീ. ജോർജ് ജെ. മാത്യു:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തിന്റെ റവന്യൂ വരുമാന വർദ്ധനയുടെ തോതെന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇത് സംബന്ധിച്ച വർദ്ധനയുടെ തോതെന്താണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് (1996-2001) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ശരാശരി 12.2% വാർഷിക വർദ്ധനവാണ് ഉണ്ടായിരുന്നത്.

(ബി) യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് (2001-2005) മുൻ കാലയളവിനെ അപേക്ഷിച്ച് റവന്യൂ വരുമാനത്തിൽ ശരാശരി 13.6% വാർഷിക വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സംസ്ഥാനത്തിന്റെ നികുതി വരുമാനം

6(1282) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002 മുതൽ 2005-2006 വരെയുള്ള ഓരോ സാമ്പത്തിക വർഷങ്ങളിലെയും സംസ്ഥാനത്തിന്റെ നികുതി വരുമാനം എത്ര രൂപ വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 1996-1997 മുതൽ 2000-2001 വരെയുള്ള ഓരോ സാമ്പത്തിക വർഷങ്ങളിലെയും സംസ്ഥാനത്തിന്റെ നികുതി വരുമാനം എത്ര രൂപ വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) വാറ്റ് നടപ്പിലാക്കിയതിനെത്തുടർന്ന് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ എന്തു മാത്രം വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) വാറ്റ് നടപ്പിലാക്കിയതിനുശേഷം നികുതി വരുമാനത്തിൽ കുറവാണ് ഉണ്ടായിട്ടുള്ളതെങ്കിൽ എന്തു മാത്രം കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-2002 മുതൽ 2005-2006 വരെയുള്ള ഓരോ സാമ്പത്തിക വർഷങ്ങളിലെയും സംസ്ഥാനത്തിന്റെ നികുതി വരുമാനം താഴെ കാണും പ്രകാരമാണ്.

*(തുക കോടിയിൽ)*

| വർഷം | നികുതി വരുമാനം |
|---|---|
| 2001-02 | 7537.68 |
| 2002-03 | 9017.76 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| 2003-04 | 10100.78 |
| 2004-05 | 11368.60 |
| 2005-06 (31-12-2005 വരെ) | 7996.06 |

(ബി) 1996-1997 മുതൽ 2000-2001 വരെയുള്ള ഓരോ സാമ്പത്തിക വർഷങ്ങളിലെയും സംസ്ഥാനത്തിന്റെ നികുതി വരുമാനം താഴെ കാണും പ്രകാരമാണ്.

*(തുക കോടിയിൽ)*

| വർഷം | നികുതി വരുമാനം |
|---|---|
| 1996-97 | 4422.82 |
| 1997-98 | 5025.00 |
| 1998-99 | 5211.36 |
| 1999-2000 | 5834.88 |
| 2000-01 | 7455.87 |

(സി) 31-1-2006-ലെ താല്ക്കാലിക കണക്കനുസരിച്ച് നികുതി വരുമാനത്തിൽ 363.63 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞവർഷം ഇതേ കാലയളവിൽ ലഭിച്ചതിനേക്കാൾ 7% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ വർദ്ധനവ് പ്രധാനമായും വാറ്റിതര ഇനങ്ങളിലാണ്.

(ഡി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## നികുതി വരുമാനത്തിന്റെ വളർച്ചാ നിരക്ക്

7(1283) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നികുതി വരുമാനത്തിന്റെ വളർച്ചാനിരക്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഗണ്യമായ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വാറ്റിൽ നിന്ന് വ്യതിചലിച്ച് ഏതെങ്കിലും ഇനങ്ങളിൽ നികുതി ഇളവുകൾ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) മേൽപ്പറഞ്ഞ നികുതി ഇളവുകളുടെ പേരിൽ കേന്ദ്രം നൽകേണ്ട നഷ്ടപരിഹാരത്തിൽ നിന്നും പിഴയായി തുക വെട്ടിക്കുറച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) 2005 ഏപ്രിൽ ഒന്നിന് മുമ്പുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വലിയ കാലവിളംബം ഉണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ നികുതി വരുമാനത്തിന്റെ വളർച്ചാനിരക്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം (2004-2005) കുറവ് വന്നിട്ടില്ല.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം (2004-2005) വാറ്റ് നിലവിൽ വന്നിട്ടില്ല.

(സി) മേൽ പ്രസ്താവനയുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഡി) 2005 ഏപ്രിൽ ഒന്നിന് മുമ്പുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കാലവിളംബം ഉണ്ടായിട്ടില്ല.

(ഇ) മേൽ പ്രസ്താവനയുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയുടെ വളർച്ചാനിരക്ക്

8(1284) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-1996 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ചാനിരക്ക് എത്ര ശതമാനമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 1996-1997 മുതൽ 2000-2001 വരെയുള്ള ഓരോ സാമ്പത്തിക വർഷവും സംസ്ഥാന സമ്പദ്വ്യവസ്ഥയുടെ വളർച്ചാനിരക്ക് എത്ര ശതമാനം കണ്ട് വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2001-2002 മുതൽ 2005-2006 വരെയുള്ള ഓരോ സാമ്പത്തിക വർഷവും കേരളത്തിന്റെ സമ്പദ്വ്യവസ്ഥയുടെ വളർച്ചാനിരക്ക് എത്ര ശതമാനം കണ്ട് വർദ്ധിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) 2000-2001 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ മൊത്ത വരുമാനവും ആളോഹരി വരുമാനവും എത്രയായിരുന്നുവെന്നും ഏറ്റവും പുതിയ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൊത്ത വരുമാനവും ആളോഹരി വരുമാനവും എത്രയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1995-1996 - മുൻവർഷത്തേക്കാൾ ജി.എസ്.ഡി.പിയിൽ (കറന്റ് പ്രൈസ്) 21.6% വളർച്ചാ നിരക്കും ജി.എസ്.ഡി.പി. (കോൺസ്റ്റന്റ് പ്രൈസിൽ) (1993-1994) 4.5% വളർച്ചാനിരക്കും ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1996-1997 മുതൽ 2000-2001 വരെയുള്ള ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തെ ജി.എസ്.ഡി.പി. വളർച്ചാനിരക്ക് താഴെ കാണും പ്രകാരമാണ്.

| വർഷം | വളർച്ചാനിരക്ക് (കറന്റ് പ്രൈസ്) | വളർച്ചാനിരക്ക് (കോൺസ്റ്റന്റ് പ്രൈസ്) |
|---|---|---|
| 1996-97 | 14.7% | 3.7% |
| 1997-98 | 11.3% | 2.9% |
| 1998-99 | 13.6% | 7.1% |
| 1999-00 | 11.3% | 7.5% |
| 2000-01 | 11.6% | 4% |

(സി) 2001-2002 മുതൽ 2005-2006 വരെയുള്ള ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തെ ജി.എസ്.ഡി.പി. വളർച്ചാനിരക്ക് താഴെ കാണും പ്രകാരമാണ്.

| വർഷം | വളർച്ചാനിരക്ക് (കറന്റ് പ്രൈസ്) | വളർച്ചാനിരക്ക് (കോൺസ്റ്റന്റ് പ്രൈസ്) |
|---|---|---|
| 2001-02 | 3.7% | 2.5% |
| 2002-03 | 12.1% | 8.3% |
| 2003-04 (പ്രൊവിഷണൽ) | 10.2% | 10.2% |
| 2004-05 (ക്വിക്ക്) | 12.4% | 8.8% |
| 2005-06 (അഡ്വാൻസ്) | 11.04% | 8.06% |

(ഡി) 2000-2001 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ മൊത്ത വരുമാനവും (ജി.എസ്.ഡി.പി) ആളോഹരി വരുമാനവും താഴെ കാണും പ്രകാരമാണ്.

| | കറന്റ് പ്രൈസ് | | കോൺസ്റ്റന്റ് പ്രൈസ് | |
|---|---|---|---|---|
| വർഷം | മൊത്ത വരുമാനം (ലക്ഷത്തിൽ) | ആളോഹരി വരുമാനം (രൂപയിൽ) | മൊത്ത വരുമാനം (ലക്ഷത്തിൽ) | ആളോഹരി വരുമാനം (രൂപയിൽ) |
| 2000-01 | 6979224 | 22017 | 3806796 | 12009 |

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2002-2003-ലെ സംസ്ഥാനത്തിന്റെ മൊത്ത വരുമാനവും (ജി.എസ്.ഡി.പി) ആളോഹരി വരുമാനവും താഴെ കാണും പ്രകാരമാണ്.

| | കറന്റ് പ്രൈസ് | | കോൺസ്റ്റന്റ് പ്രൈസ് | |
|---|---|---|---|---|
| വർഷം | മൊത്ത വരുമാനം (ലക്ഷത്തിൽ) | ആളോഹരി വരുമാനം (രൂപയിൽ) | മൊത്ത വരുമാനം (ലക്ഷത്തിൽ) | ആളോഹരി വരുമാനം (രൂപയിൽ) |
| 2002-03 | 8114577 | 25078 | 4227152 | 13064 |

## റവന്യൂകമ്മിയിലെ വർദ്ധനവ്

9(1285) ശ്രീ. എം. മുരളി:

ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തെ റവന്യൂ കമ്മി എത്ര യായിരുന്നു; അത് സ്റ്റേറ്റിന്റെ ജി.ഡി.പി.-യുടെ എത്ര ശതമാനമായിരുന്നു;

(ബി) നിലവിലുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇവ യഥാ ക്രമം എത്ര വീതമായിരുന്നെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തെ റവന്യൂ കമ്മിയും ജി.എസ്.ഡി.പി.-യുടെ ശതമാനവും താഴെ കാണും പ്രകാരമാണ്.

| വർഷം | റവന്യൂ കമ്മി | ഡി.എസ്.ഡി.പി ശതമാനം |
|---|---|---|
| 1996-97 | 643.03 | 1.45 |
| 1997-98 | 1122.91 | 2.27 |
| 1998-99 | 2029.96 | 3.61 |
| 1999-2000 | 3624.21 | 5.79 |
| 2000-01 | 3147.06 | 4.51 |

LIBRARY ARCHIVES Kerala Legislative Assembly

(ബി) യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവിൽ റവന്യൂ കമ്മിയും ജി.എസ്.ഡി.പി. ശതമാനവും താഴെ കാണും പ്രകാരമാണ്.

| വർഷം | റവന്യൂ കമ്മി | ഡി.എസ്.ഡി.പി ശതമാനം |
|---|---|---|
| 2001-02 | 2605.64 | 3.60 |
| 2002-03 | 4122.16 | 5.09 |
| 2003-04 | 3880.30 | 4.08 |
| 2004-05 | 3668.92 | 3.65 |
| 2005-06 | വർഷാന്ത്യത്തിലേ കണക്കുകൾ ലഭ്യമാകുകയുള്ളൂ | |

## വാർഷിക പദ്ധതിയിൽ വരുത്തിയിരുന്ന വെട്ടിക്കുറവ്

10(1286) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002 മുതൽ 2005-2006 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും എത്ര തുകയുടെ വാർഷിക പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചതെന്ന് അറിയിക്കാമോ;

(ബി) ഇക്കാലയളവിൽ ഓരോ വർഷവും പദ്ധതിയിൽ എത്ര തുകയുടെ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടെന്നും ഇത് പദ്ധതി അടങ്കലിന്റെ ഏത്ര ശതമാനം വീതമായിരുന്നുവെന്നും ഏതൊക്കെ വകുപ്പുകളിൽ എത്ര തുക വീതം വെട്ടിക്കുറച്ചിരുന്നുവെന്നും അറിയിക്കാമോ;

(സി) ഈ കാലയളവിൽ ഓരോ വർഷവും പദ്ധതി ചെലവ് എത്ര തുക വീതമായിരുന്നുവെന്നും ഈ തുക ആദ്യം അംഗീകരിച്ച പദ്ധതി അടങ്കലിന്റെ എത്ര ശതമാനം വീതം വരുമെന്നും അറിയിക്കാമോ?

## ഉത്തരം

(എ) 2001-2002 മുതൽ 2005-2006 വരെയുള്ള വാർഷിക പദ്ധതിയുടെ തുക (അംഗീകരിച്ചത്) ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച പദ്ധതി തുക (രൂപ കോടിയിൽ) |
|---|---|
| 2001-02 | 3015.00 |
| 2002-03 | 4026.00 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| 2003-04 | 4430.00 |
| 2004-05 | 4852.03 |
| 2005-06 | 5369.00 |

(ബി)

| വർഷം | അംഗീകരിച്ച പദ്ധതി വിഹിതം | പുതുക്കിയ പദ്ധതി വിഹിതം | കുറവ് വരുത്തിയ തുക | കുറവ് വരുത്തിയ ശതമാനം |
|---|---|---|---|---|
| 2001-02 | 3015.00 | 2260.00 | 755 | 25 |
| 2002-03 | 4026.00 | 3425.00 | 601 | 15 |
| 2003-04 | 4430.00 | 3796.23 | 634 | 14 |
| 2004-05 | 4852.03 | 3913.57 | 938 | 19 |
| 2005-06 | 5369.00 | ---- | --- | — |

പദ്ധതി അടങ്കലിൽ വരുത്തിയ വെട്ടിക്കുറവ് മേഖലാടിസ്ഥാനത്തിലായിരുന്നു. ഓരോ മേഖലയിലും വരുത്തിയ കുറവ് മേഖല തിരിച്ച് അനുബന്ധം-1ൽ കണ്ടാലും.†

(സി) *(തുക കോടിയിൽ)*

| വർഷം | അംഗീകരിച്ച പദ്ധതി വിഹിതം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 2001-02 | 3015.00 | 2531.00 | 84 |
| 2002-03 | 4026.00 | 3944.00 | 98 |
| 2003-04 | 4430.00 | 3618.00 | 82 |
| 2004-05 | 4852.03 | 3910.84 | 81 |
| 2005-06 | 5369.00 | വിവരം ശേഖരിച്ചു വരുന്നു | വിവരം ശേഖരിച്ചു വരുന്നു |

## പുതിയ വികസന പദ്ധതികൾക്ക് അനുവദിച്ച തുക

11(1287) ശ്രീ. ടി. എം. ജേക്കബ്:

ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 സെപ്റ്റംബറിനു ശേഷം സംസ്ഥാനത്തെ ഏതെല്ലാം പുതിയ വികസന പദ്ധതികൾക്ക് ധനകാര്യ വകുപ്പ് പണം അനുവദിച്ചു എന്ന് അറിയിക്കുമോ;

(ബി) ഓരോ പുതിയ പദ്ധതികൾക്കും അനുവദിച്ച തുക വ്യക്തമാക്കാമോ;

†അനുബന്ധം-I

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ തുക എത്ര കാലം കൊണ്ട് വിനിയോഗിക്കണമെന്നായിരുന്നു നിർദ്ദേശം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) 2004 സെപ്റ്റംബറിനുശേഷം പണം അനുവദിക്കപ്പെട്ട പ്രധാനപ്പെട്ട പുതിയ വികസന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

*(രൂപ കോടിയിൽ)*

| | |
|---|---|
| സുരക്ഷാ ഭവന പദ്ധതി | 5.00 |
| കൊച്ചി നഗരത്തിലെ മെട്രോ റെയിലിന്റെ സാദ്ധ്യതാ പഠനം | 0.75 |
| ശബരിമല ക്ഷേത്രത്തിന്റെ വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ | 0.30 |
| കോട്ടയം, തൃശ്ശൂർ ജില്ലകളിൽ ക്ഷീരോല്പാദന ഗുണനിലവാരവും പരിശുദ്ധിയും ഉറപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ | 0.58 |
| വിഷൻ 2010 പദ്ധതി | 40.00 |
| കേന്ദ്രസഹായത്തോടെ വിത്തുകൾ, ധാന്യങ്ങൾ, എണ്ണക്കുരുക്കൾ, എണ്ണപ്പനകൾ, ചോളം എന്നിവയുടെ സമഗ്ര വികസനത്തിനുള്ള പദ്ധതി | 0.60 |
| നഗരത്തിൽ ഒരു നാട്ടിൻപുറം പദ്ധതി | 2.00 |
| പുഷ്പകൃഷി കയറ്റുമതി മേഖലാ സ്ഥാപനം | 5.00 |
| ജൈവകൃഷി പ്രോത്സാഹനം | 2.00 |
| ആധുനിക കാർഷിക ലബോറട്ടറി സ്ഥാപനം | 3.00 |
| ആനമുടി, മതികെട്ടാൻ, പാമ്പാടുംചോല ദേശീയ പാർക്കുകളുടെ വികസനം | 0.19 |
| കുടപ്പനക്കുന്ന് മിനിസിവിൽസ്റ്റേഷൻ നിർമ്മാണം | 2.60 |
| സുനാമി ബാധിതമേഖലകളിലെ പുനരധിവാസ പുനർനിർമ്മാണ പദ്ധതി | 61.10 |
| സെക്കണ്ടറി, ഹയർസെക്കണ്ടറി സ്കൂളുകളിൽ ലൈബ്രറികളും ലാബോറട്ടറികളും ആരംഭിക്കുന്നതിനുള്ള പദ്ധതി | 5.00 |
| എഡ്യൂസാറ്റ് ഉപയോഗിച്ചുള്ള ടെലി ട്രെയിനിംഗ് പരിപാടി | 5.00 |
| സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് | 3.00 |
| സർക്കാർ കോളേജുകളിലെ ലൈബ്രറി, ലബോറട്ടറി വികസനം | 1.00 |
| തലപ്പാടി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി | 5.00 |

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുവദിച്ച തുക അതാതു സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുമ്പ് വിനിയോഗിക്കണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

12(1288) ശ്രീ. മത്തായി ചാക്കോ:

ശ്രീ. എം. വി. ജയരാജൻ:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കൊണ്ടുവന്ന ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ?

(ബി) ഇതിനായി കൊണ്ടുവന്ന നിയമം നടപ്പിലാക്കിയതിനു ശേഷം സംസ്ഥാന സമ്പദ്ഘടനയുടെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) 2003-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത ആക്ടും കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ആക്ടും നിലവിൽ വന്നിട്ടും സംസ്ഥാന സർക്കാരിന് കടം വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കിക്കൊണ്ടും സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായ വിധം കടത്തിന്റെ സ്ഥായിയായ മാനേജുമെന്റിലൂടെയും സർക്കാരിന്റെ ധനസംബന്ധമായ ഇടപാടുകളിലെ വർദ്ധിച്ച സുതാര്യതയിലൂടെയും ഒരു മിതകാല പദ്ധതിയിലൂടെ സാമ്പത്തിക നയം നടപ്പാക്കിക്കൊണ്ടും ദീർഘ വീക്ഷണത്തോടുകൂടിയ ധന മാനേജുമെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പു വരുത്തുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്വവും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതാണ് ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി നിയമം.

(ബി) 2004-2005-ലെ അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ റവന്യൂ കമ്മി 2003-2004-ൽ ജി.എസ്സ്.ഡി.പി.-യുടെ 4.08% ആയിരുന്നത് 2004-2005-ൽ 3.66% ആയി കുറഞ്ഞു. റവന്യൂ കമ്മി 2003-2004-ൽ റവന്യൂ വരുമാനത്തിന്റെ 31.15%-വും റവന്യൂ ചെലവിന്റെ 23.15% ആയിരുന്നത് 2004-2005-ൽ യഥാക്രമം 27.24%വും 21.41%വും ആയി കുറഞ്ഞു. 2003-2004-ൽ കടം 6392 കോടിയോളം രൂപ വർദ്ധിച്ചു. എന്നാൽ 2004-2005-ൽ വർദ്ധനവ് 4403 കോടി രൂപയുടേതായിരുന്നു. സംസ്ഥാനത്തിന്റെ ധനകമ്മി 2003-2004-ൽ ജി.എസ്സ്.ഡി.പി.-യുടെ 6.14% ആയിരുന്നത് 2004-2005-ൽ 4.45% ആയി കുറഞ്ഞു. 2003-2004-ൽ പലിശ ബാദ്ധ്യത

LIBRARY ARCHIVES Kerala Legislative Assembly

മുൻവർഷത്തേക്കാൾ 12.95% വർദ്ധിച്ചത് 2004-2005-ൽ 8.71% ആയി കുറഞ്ഞു. പലിശ ബാദ്ധ്യത 2003-2004-ൽ റവന്യൂ വരുമാനത്തിന്റെ 28.17%വും റവന്യൂ ചെലവിന്റെ 21.48% ആയിരുന്നത് 2004-2005-ൽ യഥാക്രമം 26.82%-ഉം 21.08%-ഉം ആയി കുറഞ്ഞു.

(സി) ഉണ്ട്. എന്നാൽ കടത്തിന്റെ വാർഷിക വളർച്ച 2004-2005-ൽ 11.82% ആയി പരിമിതപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

(ഡി) പദ്ധതി ചെലവിലുണ്ടായ വർദ്ധനവും കൂടിയ പലിശയ്ക്കുള്ള മുൻ കടങ്ങൾ വീട്ടാൻവേണ്ടി നടത്തിയ കടമെടുപ്പുകളുമാണ് കടം വർദ്ധിക്കാൻ ഇടയാക്കിയത്.

## ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് യൂണിറ്റുകളെ വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കിയ നടപടി

13(1289) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന് കീഴിലുള്ള യൂണിറ്റുകളിൽ ടേൺ ഓവർ എത്ര ലക്ഷം വരെയുള്ള സ്ഥാപനങ്ങളെയാണ് സെയിൽസ് ടാക്സിൽ നിന്ന് ഒഴിവാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവാക്കിയതിനെ സംബന്ധിച്ചുള്ള ഉത്തരവും വിശദീകരണവും ലഭ്യമാക്കുമോ;

(സി) കണ്ണൂർ ജില്ലയിലെ പാട്യം സ്വദേശി കെ. സി. രഘു സ്ഥലം എം.എൽ.എ. മുഖാന്തിരം 18-1-2006-ന് നൽകിയ കത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ - ബി) 1-4-2005 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയ മൂല്യവർദ്ധിത നികുതിനിയമത്തിലെ ഒന്നാം ഷെഡ്യൂളിൽ 55-ാം എൻട്രിയായി കൊടുത്തിട്ടുള്ള 21 ഇനങ്ങളെ ടേണോവർ പരിധി നോക്കാതെ നികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ടി. യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന 21 ഇനങ്ങളിൽപ്പെടാത്ത ഉൽപ്പന്നങ്ങളാണെങ്കിൽ മൂല്യവർദ്ധിത നികുതി നിയമത്തിലെ പട്ടിക നിരക്ക് അനുസരിച്ചുള്ള നികുതിയടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. 2005-ലെ മൂല്യവർദ്ധിത നിയമത്തിന്റെ പകർപ്പ് ഇതോടൊപ്പം അടക്കം ചെയ്യുന്നു.†

(സി) ടി കത്തിലെ ആവശ്യം വാണിജ്യ നികുതി കമ്മീഷണറുടെ പരിശോധനയിലാണ്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly

## കരാർ മേഖലയിൽ സെയിൽസ് ടാക്സുമായി ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി

14(1290) ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ മേഖലയിൽ സെയിൽസ് ടാക്സുമായി ബന്ധപ്പെട്ട നിരവധി നിയമങ്ങളിൽ ഭേദഗതി വരുത്തണമെന്ന ഗവൺമെന്റ് കോൺട്രാക്ടേഴ്സ് ഫെഡറേഷന്റെ ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) അമ്പത് ലക്ഷം രൂപ വരെയുള്ള നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്ന ഗവൺമെന്റ് കരാറുകാരെ ചെറുകിട ഇടത്തരം കരാറുകാരായി പരിഗണിച്ച് ബില്ലിൽനിന്നും രണ്ട് ശതമാനം ടാക്സ് കോമ്പൗണ്ട് ചെയ്ത് വാറ്റ് രജിസ്ട്രേഷനിൽ നിന്നും ഇവരെ ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ആവശ്യം പരിഗണിക്കുമോ;

(സി) ഉൽപ്പാദകമല്ലാത്ത കല്ല്, മണ്ണ്, പൂഴി എന്നീ നിർമ്മാണ വസ്തുക്കളെ വാറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; നിലപാട് വ്യക്തമാക്കാമോ;

(ഡി) ടാക്സ് നിർണ്ണയ സർട്ടിഫിക്കറ്റിൽ നിന്നും കരാറുകാരെ ഒഴിവാക്കിയിട്ടുണ്ടോ; ഇതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) മൂന്ന് മാസം കൂടുമ്പോൾ റിട്ടേൺ ഫയൽ ചെയ്യണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ടോ;

(എഫ്) ഗവൺമെന്റ് കോൺട്രാക്ടേഴ്സ് ഫെഡറേഷന്റെ ആവശ്യങ്ങളോടുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ജി) എങ്കിൽ സംഘടനാപ്രതിനിധികളെ വിളിച്ചുചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ തീയതി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ചർച്ച നടത്താൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി ചുവടെ ചേർത്തിരിക്കുന്നു:

"കരാറുപണിയിൽ ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളും സംസ്ഥാനത്തിനകത്തുനിന്നും വാങ്ങുകയും കേന്ദ്രവിൽപ്പനനികുതിനിയമപ്രകാരം രജിസ്ട്രേഷൻ ഇല്ലാതിരിക്കുകയും സംസ്ഥാനത്തിനകത്ത് ആദ്യ വിൽപ്പന നടത്താതിരിക്കുകയും കരാറിനാവശ്യമായ വസ്തുക്കൾ രജിസ്ട്രേഷനുള്ള വ്യാപാരിയിൽനിന്നു വാങ്ങു

LIBRARY ARCHIVES Kerala Legislative Assembly

ന്നതുമായ കരാറുകാർക്ക് മൊത്തം കരാർ തുകയുടെ 2% നിരക്കിൽ കോമ്പൗണ്ട് ചെയ്യാനുള്ള വ്യവസ്ഥ നിയത്തിൽ കൊണ്ടുവന്നിട്ടുണ്ട്. ഇക്കൂട്ടർക്ക് വിറ്റുവരവ് എത്ര യായാലും കോമ്പൗണ്ടിംഗ് നികുതിനിരക്ക് 2% മാത്രമായിരിക്കും."

(ബി) മൂല്യവർദ്ധിത നികുതി നിയമപ്രകാരം വിറ്റുവരവ് പരിധിയില്ലാതെ രജിസ്ട്രേഷൻ എടുക്കാൻ എല്ലാ കരാറുകാരും ബാദ്ധ്യസ്ഥരാണ്. ഉത്തരം (എ) പ്രകാരം 2% കോമ്പൗണ്ടിംഗ് ചെയ്യാനുള്ള വ്യവസ്ഥ അംഗീകരിച്ചിട്ടുണ്ട്. സർക്കാർ കരാറുകാരെ രജിസ്ട്രേഷൻ എടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗ ണനയിലില്ല.

(സി) ഇല്ല. ഇത്തരം വസ്തുക്കളുടെ നികുതി നിരക്ക് 4% ആയി നിശ്ചയി ച്ചിട്ടുണ്ട്.

(ഡി) ഇല്ല. കേരള പൊതുവിൽപ്പന നികുതി നിയമപ്രകാരവും നികുതി നിർണ്ണയ സർട്ടിഫിക്കറ്റ് ആവശ്യമായിരുന്നു. മൂല്യവർദ്ധിത നികുതി നിയമത്തിലും ഈ വ്യവസ്ഥ അതേപടി തുടരുകയാണ് ചെയ്തിട്ടുള്ളത്.

(ഇ) ഇല്ല. എന്നാൽ കരാറുകാർ മറ്റു വസ്തുക്കൾ വിപണനം ചെയ്യുന്നു ണ്ടെങ്കിൽ പ്രതിമാസ റിട്ടേണൺ ഫയൽ ചെയ്ത് നികുതി അടയ്ക്കേണ്ടതാണ്.

(എഫ്) 'എ' പിരിവിന്റെ മറുപടി ദയവായി കാണുക.

(ജി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## വില്പന നികുതി വർദ്ധനവ്

15(1291) ശ്രീ. കെ. എ. ചന്ദ്രൻ:

ശ്രീ. എം. എ. വാഹിദ്:

ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 200-2001-ൽ സെയിൽസ് ടാക്സ് ഇനത്തിൽ പിരിഞ്ഞ തുകയെത്രയായിരുന്നു;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് ഈയിനത്തിൽ 2004-2005-ൽ പിരി ച്ചെടുത്ത തുകയെത്രയാണ്;

(സി) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ടാക്സ് പിരിവിലുള്ള വർദ്ധന എത്ര ശതമാനം വീതമായിരുന്നു;

(ഡി) ഈ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ടാക്സ് പിരിവിലുള്ള വർദ്ധന എത്ര ശതമാനം വീതമാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4344.33 കോടി രൂപ.

(ബി) 6797.44 കോടി രൂപ.

(സി)

| വർഷം | വർദ്ധനവ് (ശതമാനത്തിൽ) |
|---|---|
| 1996-97 | 21% |
| 1997-98 | 11% |
| 1998-99 | 9% |
| 1999-2000 | 14% |
| 2000-2001 | 13% |

(ഡി)

| വർഷം | വർദ്ധനവ് (ശതമാനത്തിൽ) |
|---|---|
| 2001-2002 | 2% |
| 2002-2003 | 21% |
| 2003-2004 | 13% |
| 2004-2005 | 12% |
| 2005-2006 (31-1-2006 വരെ) | 7% |

വിൽപന നികുതിയിനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുക

16(1292) ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2005 ഡിസംബർ വരെ വിൽപനനികുതിയിനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കുടിശ്ശികയിൽ എത്ര തുക പിരിഞ്ഞുകിട്ടി; എത്ര തുകയ്ക്ക് സർക്കാർ സ്റ്റേ അനുവദിച്ചിട്ടുണ്ട്;

(സി) കുടിശ്ശികയുള്ള തുകയുടെ കാലദൈർഘ്യം വെളിപ്പെടുത്തുമോ;

(ഡി) വില്പന നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സർക്കാർ തലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2852.28 കോടി രൂപ.

(ബി) കുടിശ്ശികയിൽ 35.25 കോടി രൂപ പിരിഞ്ഞുകിട്ടി. 181.44 കോടി രൂപയ്ക്ക് സർക്കാർ സ്റ്റേ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വില്പന നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വില്പന നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി കുടിശ്ശിക പിരിക്കുന്നുണ്ട്.

2. വില്പന നികുതി കുടിശ്ശിക പിരിവിൽ കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ വാണിജ്യ നികുതി കമ്മീഷണറേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുന്നതിനും പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. കോടിതി സ്റ്റേ ചെയ്ത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രസ്തുത കേസ്സുകൾ വേഗം തീർപ്പാക്കി കിട്ടുന്നതിനായി പ്രത്യേകം ഗവൺമെന്റ് പ്ലീഡർമാരെ നിയോഗിച്ചിട്ടുണ്ട്. ജോയിന്റ് കമ്മീഷണർ (ലോ) യുടെ കീഴിൽ പ്രത്യേക വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

## വാറ്റ് സമ്പ്രദായം മൂലമുണ്ടായ വിലക്കുറവ്

17(1293) ശ്രീ. പി. ജെ. ജോയി:

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. കെ. മോഹൻകുമാർ:

ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് സമ്പ്രദായം നിലവിൽവന്നപ്പോൾ എത്ര ഇനങ്ങളിന്മേൽ വിൽപ്പന നികുതി കുറവ് വരുത്തുകയുണ്ടായി;

(ബി) ഇതിന്റെ ഫലം മാർക്കറ്റിൽ ദൃശ്യമാവുകയും സാധനങ്ങൾക്ക് വില കുറയുകയും ചെയ്തുവോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) വാറ്റ് സമ്പ്രദായം നിലവിൽവന്നപ്പോൾ കേരള പൊതു വിൽപ്പന നികുതി പട്ടികകളിൽ ഉൾപ്പെട്ട 170 ഇനം സാധനങ്ങളുടെ നികുതി നിരക്കിൽ കുറവുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പലതിനം കുറഞ്ഞിട്ടുണ്ട്. എന്നാൽ എല്ലാ ഇനങ്ങൾക്കും കുറവ് ലഭ്യമായിട്ടില്ല.

(സി) വാറ്റ് സമ്പ്രദായം നടപ്പിലാക്കിയതിനെത്തുടർന്ന് ധാരാളം ഉപഭോക്തൃസാധനങ്ങൾക്ക് നികുതി നിരക്കിൽ കാര്യമായ കുറവുവരുത്തിയെങ്കിലും ആയത് ഉപഭോക്താക്കൾക്ക് പൂർണ്ണമായും അനുഭവവേദ്യമായില്ല. ആയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സംസ്ഥാനസർക്കാർ ഇതേക്കുറിച്ച് അന്വേഷണം നടത്തിയതിൽനിന്നും ബഹുരാഷ്ട്ര കമ്പനികൾ ഉൾപ്പെടെ വിവിധ നിർമ്മാതാക്കൾ ഉപഭോക്തൃസാധനങ്ങളുടെ വിൽപ്പനവില നികുതി നിരക്കിലുണ്ടായ കുറവിനനുസരണമായി വർദ്ധിപ്പിച്ചതായി കണ്ടെത്തി. എന്നാൽ 2002-ൽ അവശ്യവസ്തു നിയമത്തിലുണ്ടായ മാറ്റത്തെത്തുടർന്ന് ഇത്തരം വിലവർദ്ധനവ് കാര്യക്ഷമമായി നിയന്ത്രിക്കാൻ സംസ്ഥാനസർക്കാരിന് അധികാരമില്ല. ആയതിനാൽ ഇത്തരം പ്രവണത പരിഹരിക്കുന്നതിന് നിർമ്മാതാക്കൾ ഉപഭോക്താവിനെ ചൂഷണം ചെയ്ത് കൊള്ളലാഭം ഉണ്ടാക്കുന്നത് തടയുന്നതിനുമായി ഇപ്പോഴുള്ള നിയമത്തിൽ സത്വരമായ ഭേദഗതി വരുത്തണമെന്ന കാര്യം സംസ്ഥാനസർക്കാർ എംപവേഡ് കമ്മിറ്റിയിൽ ശക്തമായി ഉന്നയിച്ചിട്ടുണ്ട്.

## വാറ്റ് സമ്പ്രദായം മൂലമുണ്ടായ വിൽപ്പനനികുതി വരുമാനം

18(1294) ശ്രീ. പി. ടി. തോമസ്:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് സമ്പ്രദായം നടപ്പിലാക്കിയശേഷം സംസ്ഥാനത്തിന്റെ വിൽപ്പന നികുതി വരുമാനം എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിൽപ്പന നികുതി പിരിവിൽ എത്ര ശതമാനം കൂടുതലോ കുറവോ ഉണ്ടായി;

(സി) വാറ്റ് ഏർപ്പെടുത്തുന്നതോടുകൂടി വിൽപ്പന നികുതി പിരിവിൽ എന്ത് വരർദ്ധനവുണ്ടാകുമെന്നാണ് കണക്കാക്കിയിരുന്നത്;

(ഡി) അത്രയും വർദ്ധനവുണ്ടായിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് ഇതിലേക്കായി ഗ്രാന്റ് തരുമോ എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാറ്റ് സമ്പ്രദായം നടപ്പിലാക്കിയശേഷം സംസ്ഥാനത്തിന്റെ വിൽപ്പന നികുതി വരുമാനം 31-1-2006 വരെ 5366.50 കോടി രൂപയാണ്.

(ബി) വിൽപ്പന നികുതി പിരിവിൽ 31-1-2006 വരെ 7% വർദ്ധനവുണ്ടായി.

(സി) വാറ്റ് ഏർപ്പെടുത്തുന്നതോടുകൂടി വിൽപ്പന നികുതി പിരിവിൽ 17.94% വർദ്ധനവുണ്ടാകുമെന്നാണ് കണക്കാക്കിയിരുന്നത്.

(ഡി) 31-1-2006-ലെ കണക്കനുസരിച്ച് മുൻ വർഷത്തെ ഇതേ കാലയളവിനേക്കാൾ 7% വർദ്ധനവ് നികുതി പിരിവിൽ ഉണ്ടായിട്ടുണ്ട്.

(ഇ) 2005-2006 വർഷം കുറവുവരുന്ന മുഴുവൻ തുകയും കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി തരുമെന്നാണ് സമ്മതിച്ചിരുന്നത്. ഇതനുസരിച്ച് 30-11-2005 വരെ 456.47 കോടി രൂപ കേന്ദ്രം നഷ്ടപരിഹാരമായി നൽകി.

പെൻഷൻ പദ്ധതികൾക്കായി ചെലവാകുന്ന തുക

19(1295) ശ്രീ. കെ. പി. രാജേന്ദ്രൻ:

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

ശ്രീ. എം. കുമാരൻ:

ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വിഭാഗം തൊഴിലാളികൾക്കും അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുമായി സംസ്ഥാന സർക്കാർ നൽകിവരുന്ന വിവിധ ഇനം പെൻഷൻ പദ്ധതികൾക്കായി എത്ര തുക ഓരോ വർഷവും ചെലവ് വരുന്നുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഏതൊക്കെ വിഭാഗങ്ങൾക്കാണ് ഇപ്പോൾ സർക്കാർ പെൻഷൻ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) 2001-02, 2002-03, 2003-04, 2005-06 വർഷങ്ങളിൽ ഈ വിധത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾക്കായി എത്ര തുക ചെലവിട്ടു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ ഇത്തരം പെൻഷൻ പദ്ധതികളിൽ കുടിശ്ശിക ഉണ്ടോ;

(ഇ) മാസം തോറും പെൻഷൻ കൊടുക്കാനുള്ള സർക്കാർ തീരുമനാനം നടപ്പിലായിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ മാസംതോറും ഏതൊക്കെ വിഭാഗം പെൻഷനുകൾ നൽകി എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അഗതികൾ, കർഷകത്തൊഴിലാളികൾ, വാർദ്ധക്യമുള്ളവർ, മറ്റു സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ പദ്ധതികളിൽ ഉൾപ്പെടാത്ത അമ്പതു വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ, അംഗവൈകല്യമുള്ളവർ, മന്ദബുദ്ധികളായവർ, ചുരുട്ടു തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്കാണ് സർക്കാർ ഇപ്പോൾ പെൻഷൻ നൽകി വരുന്നത്.

(സി) മേൽപ്പറഞ്ഞ പദ്ധതികൾക്കായി ഓരോ വർഷവും ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

| | | |
|---|---|---|
| 2001-02 | - | 88,34,12,730 രൂപ |
| 2002-03 | - | 141,70,87,338 രൂപ |
| 2003-04 | - | 106,25,07,110 രൂപ |
| 2004-05 | - | 147,14,44,634 രൂപ |
| 2005-06 | - | 168,68,82,782 രൂപ |

(ഡി) ഈ ക്ഷേമ പദ്ധതികളിൽ ചിലതിൽ കുടിശ്ശിക വന്നിട്ടുണ്ട്.

(ഇ) ഉണ്ട്. ദേശീയ വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ, അംഗവൈകല്യമുള്ളവർ, മന്ദബുദ്ധികളായവർ എന്നിവർക്കുള്ള പെൻഷൻ, അമ്പതു വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ, ചുരുട്ടു തൊഴിലാളി പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിവ മാസം തോറും നൽകിവരുന്നു.

പുതിയ പെൻഷൻ പദ്ധതികൾ

20(1296) ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001 ജൂൺ മുതൽ 2005 ഡിസംബർ വരെ സംസ്ഥാനത്ത് പുതുതായി ഏതെങ്കിലും വിഭാഗത്തിന് പെൻഷൻ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗത്തിനാണ് പെൻഷൻ പ്രഖ്യാപിച്ചതെന്നും ഇതിന്റെ ഗുണഭോക്താക്കൾ എത്ര പേരാണെന്നും ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(സി) ഈ ഇനത്തിൽ ഓരോ വർഷവും സർക്കാരിന് എന്ത് തുക വീതം ചെലവായിട്ടുണ്ട് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

പെൻഷൻ പദ്ധതിയിലെ കുടിശ്ശിക

21(1297) ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതനം, കയർ, കൈത്തറി-കശുവണ്ടി, വിധവ, വികലാംഗർ, മത്സ്യത്തൊഴിലാളി തുടങ്ങിയ വിവിധ ക്ഷേമ പെൻഷൻ പദ്ധതികളിലെ എത്ര മാസത്തെ പെൻഷൻ 31-1-2006-ന് കുടിശ്ശികയുണ്ട്; പദ്ധതി തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നിലും നൽകാനുള്ള തുക എത്ര വീതം;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മേൽ പറഞ്ഞ പദ്ധതികളിൽ ഓരോന്നിലും കുടിശ്ശികയെത്രയായിരുന്നു; എത്ര തുക നൽകാനുണ്ടായിരുന്നു;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഇതേവരെ എത്ര മാസത്തെ കുടിശ്ശിക നൽകി എന്ന് അറിയിക്കുമോ;

(ഇ) കുടിശ്ശിക പൂർണ്ണമായും എന്നത്തേയ്ക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കയർ, കൈത്തറി, കശുവണ്ടി, മത്സ്യത്തൊഴിലാളി തുടങ്ങിയ വിഭാഗങ്ങൾക്കുള്ള പെൻഷനുകൾ സർക്കാർ നേരിട്ടു നൽകുന്നവയല്ല. സർക്കാർ നേരിട്ടു നൽകുന്ന പെൻഷനുകളായ വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയിൽ കുടിശ്ശികയില്ല. തൊഴിലില്ലായ്മ വേതനം 12 മാസത്തെ കുടിശ്ശികയുണ്ട്.

(ബി) തൊഴിലില്ലായ്മ വേതനം കുടിശ്ശിക തീർത്ത് നൽകാൻ 48,94,25,760 രൂപ ആവശ്യമായി വരും.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മേൽപ്പറഞ്ഞ പെൻഷൻ പദ്ധതികളിലെ കുടിശ്ശിക താഴെപ്പറയും പ്രകാരമായിരുന്നു.

1. തൊഴിലില്ലായ്മ വേതനം

| | | |
|---|---|---|
| കുടിശ്ശിക | - | 14 മാസം |
| തുക | - | 77,92,20,960 രൂപ |



LIBRARY ARCHIVES Kerala Legislative Assembly

2. വിധവാ പെൻഷൻ

കുടിശ്ശിക - 4 മാസം

തുക - 9,76,26,000 രൂപ

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഇതേവരെ വിവിധ ക്ഷേമപദ്ധതിയിനങ്ങളിലായി നൽകിയ കുടിശ്ശിക ഇപ്രകാരമാണ്:

| | | |
|---|---|---|
| 1. തൊഴിലില്ലായ്മ വേതനം | - | 59 മാസം |
| 2. വിധവാ പെൻഷൻ | - | 61 മാസം |
| 3. വികലാംഗ പെൻഷൻ | - | 57 മാസം |

(ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## ഭരണിക്കാവ് ആസ്ഥാനമാക്കി സബ്ട്രഷറി

22(1298) ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര താലൂക്കിലെ ആറ് ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങളുടെ ചിരകാല ആവശ്യമായ ഭരണിക്കാവ് ആസ്ഥാനമായി ഒരു സബ്ട്രഷറി ആഫീസ് തുടങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

## ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## മുക്കത്ത് സബ്ട്രഷറി സ്ഥാപിക്കാൻ നടപടി

23(1299) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മലയോര പ്രദേശങ്ങളുടെ ആസ്ഥാനമായ മുക്കത്ത് ഒരു സബ്ട്രഷറി സ്ഥാപിക്കണമെന്ന വർഷങ്ങളായുള്ള പൊതുജനങ്ങളുടെയും ഉദ്യോഗസ്ഥരുടേയും ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രഷറി എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മുക്കം സബ്ട്രഷറി ആരംഭിക്കുന്നതിനുള്ള തീരുമാനം 2006-2007 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

അലനല്ലൂർ കേന്ദ്രമായി സബ്ട്രഷറി

24(1300) ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിലെ അലനല്ലൂർ കേന്ദ്രമായി ഒരു ട്രഷറി അനുവദിക്കാൻ സർക്കാരിന് ആലോചനയുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതനുവദിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ഇല്ല.

(ബി) പരിശോധിക്കുന്നതാണ്.

അനധികൃത അന്യ സംസ്ഥാന ലോട്ടറി കേസ്സുകളിൽ സ്വീകരിച്ച നടപടികൾ

25(1301) ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത അന്യസംസ്ഥാന ലോട്ടറി കേസ്സുകളിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകൾ പിൻവലിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ്;

(സി) വ്യാജ ലോട്ടറി കേസ്സുകളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലായെന്ന് ഏതെങ്കിലും കോടതികൾ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) വ്യാജ ലോട്ടറി കേസ്സുകളിൽ നിയമാനുസരണമുള്ള നടപടികൾ തുടരാനും ഖജനാവിന് നഷ്ടമായ നികുതി തുക പിരിച്ചെടുക്കുവാനും ശക്തമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ കോടതികളിൽ നിലവിലുള്ള അനധികൃത ലോട്ടറി കേസ്സുകളിൽ സുപ്രീംകോടതിയിൽ നിലവിലുള്ള സിവിൽ അപ്പീലിന്മേൽ അന്തിമ തീരുമാനം ആകുന്നതുവരെ തുടർനടപടികൾ നിർത്തിവയ്ക്കേണ്ടതിന്റെ ആവശ്യകത ബന്ധപ്പെട്ട കോടതികളെ ധരിപ്പിക്കണമെന്ന് പോലീസ് വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(ബി) കേസ്സുകൾ പിൻവലിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ബഹു. സുപ്രീംകോടതിയിൽ മേഘാലയ സർക്കാരും മറ്റൊരാളും ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസ്സിൽ സംസ്ഥാന സർക്കാരിനെതിരെ ശിക്ഷ ഒഴിവാക്കുന്നതിനായി കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം സെക്ഷൻ 4-ലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഭാഗ്യക്കുറികൾക്കെതിരെ ഫയൽ ചെയ്ത കേസുകളിലെ FIR-ന്മേൽ തുടർ നടപടികൾ സ്വീകരിക്കില്ലെന്നും, മേലിൽ പുതിയ FIRരജിസ്റ്റർ ചെയ്യില്ലെന്നും സംസ്ഥാന സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. ഈ സത്യവാങ്മൂലം അംഗീകരിച്ചുകൊണ്ട് ബഹു. സുപ്രീംകോടതി കോടതിയലക്ഷ്യ നടപടികൾ അവസാനിപ്പിക്കുകയുണ്ടായി.

(ഡി) സുപ്രീംകോടതിയിൽ നിലനിൽക്കുന്ന സിവിൽ അപ്പീലിൽ അന്തിമ തീർപ്പിന് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്.

ഒറ്റ നമ്പർ ലോട്ടറി നിരോധനം

26(1302) ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റ നമ്പർ ലോട്ടറി നിരോധനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) അനധികൃതമായി ഒറ്റ നമ്പർ ലോട്ടറികൾ സംസ്ഥാനത്ത് നടത്തുന്നതായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ;

(ഡി) വ്യാജലോട്ടറി വിൽപ്പന തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന ഭാഗ്യക്കുറി കൂടുതൽ ആകർഷകമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോഴില്ല. ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി എടുക്കുന്നതാണ്.

(സി) ഉദിക്കുന്നില്ല.

(ഡി) 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള നികുതി നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ നികുതി അടയ്ക്കുന്ന ഭാഗ്യക്കുറികളുടെ ടിക്കറ്റുകൾ മാത്രമേ സംസ്ഥാനത്ത് വിൽക്കാൻ അനുവാദം നൽകുന്നുള്ളൂ. സംസ്ഥാന ഭാഗ്യക്കുറി പുനരാംഭിച്ചതിന്ശേഷം ഈയിനത്തിലുള്ള നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനഘടനയും മറ്റു വ്യവസ്ഥകളും തികച്ചും ആകർഷണീയമാണെന്ന് സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വർദ്ധിച്ചുവരുന്ന വില്പനയിൽ നിന്നും വ്യക്തമാണ്.

സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ച തുക

27(1303) ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ട്രഷറിയിലെ നിക്ഷേപങ്ങളിൽ തിരിച്ച് നൽകേണ്ടുന്നവ ആകെ എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്താമോ;

(ബി) സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ച തുകയിൽ ഇനിയും തിരിച്ച് നല്കേണ്ടുന്ന തുക പലിശ സഹിതം എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ട്രഷറിയിൽ 31-10-2005-ലെ കണക്കനുസരിച്ച് 6348.71 കോടി രൂപയുടെ നിക്ഷേപമുണ്ട്. ഇതിൽ ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപവും സ്ഥിര നിക്ഷേപവും ഉൾപ്പെടുന്നു. ഇതിൽ 340.19 കോടി രൂപ ട്രഷറി സ്മോൾ സേവിംഗ്സ് ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് (TSFDC) എന്ന ഇനത്തിൽ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിൽ നിന്നും കോ-ഓപ്പറേറ്റീവ് അക്കാഡമിക് (CAPE) സാമ്പത്തിക സഹായം നൽകുന്നതിനാവിഷ്ക്കരിച്ച പദ്ധതി പ്രകാരം സ്വരൂപിച്ചതാണ്. ഈ തുക 2006-2007 സാമ്പത്തിക വർഷം 709.54 കോടി രൂപയായി തിരിച്ചു നൽകേണ്ടതായുണ്ട്.

(ബി) മേൽപ്പറഞ്ഞ തുകയിൽ സഹകരണ ബാങ്ക് നിക്ഷേപിച്ച തുകയും അതിന്മേലുള്ള പലിശയും സംബന്ധിച്ച വിശദാംശങ്ങൾ സംസ്ഥാനത്തെ വിവധി ട്രഷറികളിൽ നിന്നും ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.എഫ്.ഇ. ചിട്ടികൾ

28(1304) ശ്രീ. സി. മോയിൻകുട്ടി:
ശ്രീ. പി. കെ. കെ. ബാവ:
ശ്രീ. പി. കെ അബ്ദുറബ്ബ്:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. ടി.പി.എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.സ്.എഫ്.ഇ. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ലാഭത്തിലോണാ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ എത്ര;

(ബി) ചിറ്റാളന്മാരിൽ നിന്നും ഈടാക്കുന്ന മുൻപന്റെ കമ്മീഷൻ ചെറിയ തുകയ്ക്കുള്ള ചിട്ടിക്കും വൻ തുകയ്ക്കുള്ള ചിട്ടിക്കും ഒരേ റേറ്റിൽ പിരിക്കുന്നത് വലിയ തുക ചിട്ടി കൊടുക്കുന്നവർക്ക് വൻ തുക നഷ്ടമാകുന്നതായി സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വലിയ തുകയ്ക്കുള്ള ചിട്ടിയ്ക്ക് കമ്മീഷൻ റേറ്റ് കുറയ്ക്കാൻ ആലോചനയുണ്ടോ;

(ഡി) വലിയ തുകയ്ക്കുള്ള ചിട്ടികൾക്ക് ആളു തികയാതെ വരുന്നതിന്റെ കാരണം പരിശോധിക്കുമോ?

### ഉത്തരം

(എ) കെ.എസ്.എഫ്.ഇ. ലാഭത്തിലാണ് പ്രവർത്തിച്ചത്.

| വർഷം | ലാഭം (രൂപ) |
|---|---|
| 2003-2004 | 42.09 കോടി രൂപ |
| 2004-2005 | 53.89 കോടി രൂപ |

(ബി) കേരളാ ചിട്ടീസ് ആക്ട് 1975 നിഷ്ക്കർഷിക്കുന്നത് ചെറിയ തുകയ്ക്കും വലിയ തുകയ്ക്കും ഒരേ നിരക്കിലുള്ള മുൻപൻ കമ്മീഷൻ ആണ്. അതായത്, സലയുടെ 5 ശതമാനം മാത്രം. വലിയ തുക ചിട്ടി കൊടുക്കുന്നവർക്ക് വൻ തുക നഷ്ടം ആകുന്നതായി ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല. കാരണം, ചിട്ടിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ ചെറിയ തുകയ്ക്കുള്ള ചിട്ടി, വലിയ തുകയ്ക്കുള്ള ചിട്ടി എന്ന വേർതിരിവ് കൂടാതെ എല്ലാ ചിറ്റാളന്മാർക്കും ഒരേ നിരക്കിൽ ലഭ്യമാക്കുന്നതിന് ഈ രീതി ഉതകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 'ബി'-യുടെ മറുപടിയിൽ പറഞ്ഞ കാരണങ്ങളാൽ കമ്മീഷൻ റേറ്റ് കുറയ്ക്കാൻ ആലോചനയില്ല.

(ഡി) കെ.എസ്.എഫ്.ഇ.-യിൽ ഇത്തരം സാഹചര്യം ഉണ്ടായിട്ടില്ല.

## ന്യൂ ജനറേഷൻ ബാങ്കുകൾവഴി കാർഷിക വായ്പകളും ക്ഷേമാശ്വാസ പദ്ധതികളും

29(1305) ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുമേഖലാ ബാങ്കുകളും മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളും ഒഴികെയുള്ള മറ്റ് ന്യൂ ജനറേഷൻ ബാങ്കുകളിൽ നിന്നും കാർഷിക വായ്പകളും ക്ഷേമാശ്വാസ പദ്ധതികളുംവഴി സാധാരണക്കാരെ സഹായിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

## ലോർഡ് കൃഷ്ണ ബാങ്കിനെതിരെ പരാതി

30(1306) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോർഡ് കൃഷ്ണ ബാങ്കിലെ നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ലഭിച്ച പരാതിയുമായി ബന്ധ പ്പെട്ട് നടത്തിയ അന്വേഷണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

ഇല്ല.

## സർക്കാരിന്റെ വിവിധ ഇൻഷ്വറൻസ് പദ്ധതികൾ

31(1307) ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ അപകട ഇൻഷ്വറൻസ്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്ക് ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ്, പ്രവാസി മലയാളികളുടെ ഇൻഷ്വറൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ പദ്ധതികൾക്കുമുള്ള ആകെ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിലോരോ പദ്ധതിയും നടപ്പിലാക്കാൻ ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളെയാണ് സർക്കാർ തെരഞ്ഞെടുത്തതെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പറയാമോ;

(ഡി) സംസ്ഥാന സർക്കാരിന്റെ തന്നെ ഇൻഷ്വറൻസ് വകുപ്പ് നിലവിലുള്ളപ്പോൾ മേൽപ്പറഞ്ഞ പദ്ധതികൾ മറ്റു കമ്പനികളെ ഏൽപ്പിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ?

## ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാരുടെ അപകട ഇൻഷ്വറൻസ് പദ്ധതിക്ക് സർക്കാരിൽ നിന്നും ധനസഹായം പ്രതീക്ഷിക്കുന്നില്ല. അതിനാൽ ഇതിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ടി പദ്ധതി പ്രകാരം ജീവനക്കാരൻ അടക്കേണ്ട വാർഷിക പ്രീമിയം 50 രൂപയും പരമാവധി അപകട നഷ്ട പരിഹാര തുക 7 ലക്ഷം രൂപയുമായി നിശ്ചയിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സ്കീം പൊതുമേഖല ഇൻഷ്വറൻസ് സ്ഥാപനമായ നാഷണൽ ഇൻഷ്വറൻസ് കമ്പനിയും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും കോ-ഇൻഷ്വർ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ സ്കീം സംബന്ധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

പ്രവാസി മലയാളികൾക്കും തിരികെ എത്തിയവർക്കും ഇതര സംസ്ഥാനങ്ങളിലുള്ള മലയാളികൾക്കുമായി സർക്കാർ എൽ.ഐ.സി.-യുമായി സഹകരിച്ച് പ്രവാസി സ്വാശ്രയ എന്ന പേരിൽ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എൻഡോവ്മെന്റോടുകൂടിയ ജീവൻ അക്ഷയ്, ജീവൻ ആനന്ദോടുകൂടിയ ജീവൻ അക്ഷയ്, ജീവൻ അക്ഷയ് സത്വര പെൻഷൻ, ലൈഫ് കവറേജ് ഇല്ലാതെയുള്ള ജീവൻ സുരക്ഷാ, ടേം-റൈഡറോഡ് കൂടിയ ജീവൻ സുരക്ഷാ, ഒറ്റത്തവണ പ്രീമിയം അടച്ചുകൊണ്ടുള്ള ജീവൻ സുരക്ഷാ എന്നീ ആറ് (6) പദ്ധതികളടങ്ങിയ ഒരു സഞ്ജിത പദ്ധതിയായിട്ടാണ് 'പ്രവാസി സ്വാശ്രയ' എന്ന പദ്ധതി വിപണനം ചെയ്യുന്നത്. പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക-റൂട്ട്സ് എന്ന കമ്പനിയിൽ നിക്ഷിപ്തമാണ്.

കേന്ദ്ര/സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി സമന്വയിപ്പിച്ച് ദരിദ്ര കുടുംബങ്ങൾക്ക് അപകട ഇൻഷ്വറൻസും

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ ഇൻഷ്വറൻസും ലഭിക്കുന്നതിലേക്ക് ഒരു പദ്ധതി തദ്ദേശഭരണ വകുപ്പിന്റെ 3-1-2006-ലെ സർക്കാർ ഉത്തരവ് (സാധാ. നം. 1/06/ത.സ്വ. നമ്പർ ഉത്തരവ്) പ്രകാരം ആരംഭിച്ചിട്ടുണ്ട്. ഈ സ്കീം പ്രകാരം അപകട ഇൻഷ്വറൻസ് പരമാവധി ഒരു ലക്ഷം രൂപയും ആരോഗ്യ ഇൻഷ്വറൻസ് പ്രകാരം പരമാവധി 30,000 രൂപയും ആനുകൂല്യം ലഭിക്കും. ടി പദ്ധതിയുടെ പ്രീമിയം തുകയിൽ കേന്ദ്ര സർക്കാരിൽ നിന്നും 300 രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 33 രൂപയും തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതമായി 33 രൂപയും ഗുണഭോക്താക്കൾ 33 രൂപയും എടുക്കേണ്ടതുണ്ട്.

(സി) നിരക്ക് കോട്ട് ചെയ്ത പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിൽ ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്തതിനാലാണ് ജീവനക്കാരുടെ അപകട ഇൻഷ്വറൻസ് പദ്ധതി "നാഷണൽ ഇൻഷ്വറൻസ്" കമ്പനി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. "പ്രവാസി സ്വാശ്രയ" എന്ന സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ചുമതല നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സ് എന്ന കമ്പനിയിൽ നിക്ഷിപ്തമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനമായ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ മുഖേനയാണ്. ലോകത്തിന്റെ എല്ലാ ഭാഗത്തും ഉള്ള മലയാളികൾക്കും വേണ്ടിയുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിന് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ പോലെ വലിയ പ്രവർത്തന ശൃംഖലയും പരിചയവുമുള്ള കേന്ദ്രഗൺമെന്റ് സ്ഥാപനമായിരിക്കും നല്ലത് എന്നതിനാലാണ് ടി സ്ഥാപനം മുഖേന ഇത് നടപ്പാക്കുന്നത്. ദരിദ്ര ജനവിഭാഗങ്ങൾക്കായുള്ള അപകട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഐ.സി.ഐ.സി.ഐ. ലോംബോഡ് ജനറൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് നടപ്പിലാക്കുന്നത്. കോട്ട് ചെയ്ത വിവിധ ഇൻഷ്വറൻസ് കമ്പനികളിൽ ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി ഈ കമ്പനിയെ ഏൽപ്പിച്ചിരിക്കുന്നത്.

(ഡി) ജീവനക്കാരുടെ അപകട ഇൻഷ്വറൻസ് പദ്ധതിയിൽ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് നാഷണൽ ഇൻഷ്വറൻസ് കമ്പനിയോടൊപ്പം പ്രീമിയത്തിന്റെയും റിസ്കിന്റെയും കാര്യത്തിൽ ഒരു കോ-ഇൻഷ്വർ ആയിരിക്കും. പ്രവാസി സ്വാശ്രയ പദ്ധതി ലോകത്തിലെ എല്ലാ മലയാളികൾക്കും വേണ്ടിയുള്ളതിനാൽ വലിയ പ്രവർത്തനശൃംഖലയും പരിചയമുള്ള ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് ഇക്കാര്യത്തിൽ വളരെയധികം പരിമിതിയുണ്ട്. ദരിദ്ര കുടുംബങ്ങൾക്കായുള്ള അപകട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കും സേവനവ്യവസ്ഥകളും ആനുകൂല്യലഭ്യതയും ഐ.സി.ഐ.സി.ഐ ലോംബോഡ് ജനറൽ ഇൻഷ്വറൻസ് കമ്പനിയാണ് വിഭാവന ചെയ്തത്.

## സർക്കാർ പുതുതായി ആരംഭിച്ച ഇൻഷ്വറൻസ് പദ്ധതികൾ

32(1308) ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ അപകട ഇൻഷ്വറൻസ്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്ക് ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ്, പ്രവാസി മലയാളികളുടെ ഇൻഷ്വറൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ പദ്ധതികൾക്കുമുള്ള ആകെ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികൾ തുടങ്ങിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ജീവനക്കാരുടെ അപകട ഇൻഷ്വറൻസ് പദ്ധതിക്കായി സർക്കാരിൽ നിന്നും ധനസഹായം പ്രതീക്ഷിക്കുന്നില്ല. അതിനാൽ ഇതിനായി ബഡ്ജറ്റിൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ടി പദ്ധതി പ്രകാരം ജീവനക്കാരൻ അടക്കേണ്ട വാർഷിക പ്രീമിയം 50 രൂപയും പരമാവധി അപകട നഷ്ട പരിഹാര തുക 7 ലക്ഷം രൂപവരെയുമായി നിശ്ചയിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സ്കീം പൊതുമേഖല ഇൻഷ്വറൻസ് സ്ഥാപനമായ നാഷണൽ ഇൻഷ്വറൻസ് കമ്പനിയും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും കോ-ഇൻഷ്വർ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ സ്കീം സംബന്ധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

പ്രവാസി മലയാളികൾക്കും തിരികെ എത്തിയവർക്കും ഇതര സംസ്ഥാനങ്ങളിലുള്ള മലയാളികൾക്കുമായി സർക്കാർ എൽ.ഐ.സി.-യുമായി സഹകരിച്ച് 'പ്രവാസി സ്വാശ്രയ' എന്ന പേരിൽ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എൻഡോവ്മെന്റോടുകൂടിയ ജീവൻ അക്ഷയ്, ജീവൻ ആനന്ദോടുകൂടിയ ജീവൻ അക്ഷയ്, ജീവൻ അക്ഷയ് സത്വര പെൻഷൻ, ലൈഫ് കവറേജ് ഇല്ലാതെയുള്ള ജീവൻ സുരക്ഷാ, ടേം-റൈഡറോഡ് കൂടിയ ജീവൻ സുരക്ഷാ, ഒറ്റത്തവണ പ്രീമിയം അടച്ചുകൊണ്ടുള്ള ജീവൻ സുരക്ഷാ, എന്നീ ആറ് (6) പദ്ധതികളടങ്ങിയ ഒരു സഞ്ജിത പദ്ധതിയായിട്ടാണ് 'പ്രവാസി സ്വാശ്രയ' എന്ന പദ്ധതി വിപണനം ചെയ്യുന്നത്. പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക-റൂട്ട്സ് എന്ന കമ്പനിയിൽ നിക്ഷിപ്തമാണ്.

കേന്ദ്ര/സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി സമന്വയിപ്പിച്ച് ദരിദ്ര കുടുംബങ്ങൾക്ക് അപകട ഇൻഷ്വറൻസും ആരോഗ്യ ഇൻഷ്വറൻസും ലഭിക്കുന്നതിലേക്ക് ഒരു പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ 3-1-2006-ലെ സർക്കാർ ഉത്തരവ് (സാധാ. നം. 1/06/ത.സ്വ. നമ്പർ ഉത്തരവ്) പ്രകാരം ആരംഭിച്ചിട്ടുണ്ട്. ഈ സ്കീം പ്രകാരം അപകട ഇൻഷ്വറൻസ് പരമാവധി ഒരു ലക്ഷം രൂപയും ആരോഗ്യ ഇൻഷ്വറൻസ് പ്രകാരം പരമാവധി 30,000 രൂപയും

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യം ലഭിക്കും. ടി പദ്ധതിയുടെ പ്രീമിയംതുകയിൽ കേന്ദ്ര സർക്കാരിൽ നിന്നും 300 രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 33 രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായി 33 രൂപയും ഗുണഭോക്താക്കൾ 33 രൂപയും ഒടുക്കേണ്ടതുണ്ട്.

(സി) ഇതിൽ പ്രവാസി സ്വാശ്രയ പദ്ധതിയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങളുടെ ആരോഗ്യസുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയും പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

## ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ജോലി നോക്കുന്ന താഴ്ന്ന വിഭാഗം ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിർത്തലാക്കിയ നടപടി

33(1309) പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ലാസ്റ്റ് ഗ്രേഡ് ആയി ജോലി ലഭിച്ചവർക്ക് സ്വന്തം ജില്ലയിലേക്ക് സ്ഥലം മാറി ചെല്ലുമ്പോൾ ഇൻക്രിമെന്റ് ഉൾപ്പെടെ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കുന്ന വിധമുള്ള സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ ഉത്തരവിന്റെ നമ്പർ വ്യക്തമാക്കാമോ;

(ബി) സ്വന്തം ജില്ലയിൽ അപേക്ഷിച്ചിട്ടും ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ വിദൂര സ്ഥലങ്ങളിൽ ജോലി ചെയ്യേണ്ടതായി വരുന്ന താഴെക്കിടയിലുള്ള ജീവനക്കാരുടെ ആനുകൂല്യം ഇല്ലാതാക്കുന്ന തരത്തിലുള്ള ഇത്തരം ഉത്തരവുകൾ ഇറക്കാൻ പ്രത്യേകമായ കാരണങ്ങൾ എന്തെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ജോലി ചെയ്തുവരുന്ന താഴെക്കിടയിലെ പാവപ്പെട്ട ജീവനക്കാരുടെ ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്ന സർക്കാർ ഉത്തരവ് റദ്ദു ചെയ്തുകൊണ്ട് സ്വന്തം ജില്ലയിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെടുന്നവർക്ക് അത് ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## പ്രിവന്റീവ് ആഫീസർമാരുടെ ഒഴിവുകൾ

34(1310) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ പ്രിവന്റീവ് ആഫീസർമാരെ അവസാനമായി തെരഞ്ഞെടുത്തത് എന്നാണെന്നും എത്രപേരെയാണ് തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ പ്രിവന്റീവ് ആഫീസർമാരുടെ വേക്കൻസി നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ എന്നാണ് വേക്കൻസി നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ വേക്കൻസി പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 31-12-1997-ൽ പ്രസിദ്ധീകരിച്ച പി.എസ്.സി. ലിസ്റ്റിൽ നിന്നും 293 പേരെ നിയമിച്ചിട്ടുണ്ട്.

(ബി-സി) വിവരം ശേഖരിച്ചുവരുന്നു.

## ടെലിഗ്രാം/റോഡ് റിപ്പോർട്ടിന്റെ പരിശോധന

35(1311) ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിലെ പരിശോധനാ വിഭാഗം ചീഫ് ടെക്നിക്കൽ എക്സാമിനർ ചാർജ് എടുത്തതിനുശേഷം എത്ര കടൽഭിത്തിയുടെ ടെലിഗ്രാം കിട്ടി; എത്ര റോഡ് വർക്ക് റിപ്പോർട്ട് ലഭിച്ചു;

(ബി) ലഭിച്ച റിപ്പോർട്ടുകളിൽ എത്രയെണ്ണം പരിശോധന നടത്തി;

(സി) ടെലിഗ്രാം/റോഡ് റിപ്പോർട്ട് പരിശോധിക്കുന്നതിന്റെ മാനദണ്ഡമെന്താണ് എന്നും റിപ്പോർട്ടുകളിൽ ഏത് പരിശോധിക്കപ്പെടണം എന്ന് ആരാണ് തീരുമാനിക്കുന്നത് എന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കടൽഭിത്തിയുടെ 1848ഉം, റോഡ് വർക്കിന്റെ 24,877ഉം റിപ്പോർട്ടുകൾ ലഭിച്ചു.

(ബി) 535 റിപ്പോർട്ടുകളിൽ പരിശോധന നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ, ബഹുമാനപ്പെട്ട ഹൈക്കോടതി, ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ എന്നിവർ നിർദ്ദേശിക്കുന്ന അന്വേഷണങ്ങൾ, സാങ്കേതികമായ അഭിപ്രായം ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിൽ നിന്നും വരുന്ന ഫയലുകൾ, ഗുരുതരമായ ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ലഭിക്കുന്ന പരാതികൾ എന്നിവ കൈകാര്യം ചെയ്തുകഴിഞ്ഞു. ലഭിക്കുന്ന സമയത്തിനുള്ളിൽ സാങ്കേതിക അന്വേഷണ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ ലഭ്യതയനുസരിച്ച് എല്ലാ ജില്ലകളിലേയും വർക്കുകളെ ഉൾക്കൊള്ളുന്ന രീതിയിൽ 'റാൻഡം' പരിശോധന നടത്തുന്നു. ധനകാര്യ സാങ്കേതിക പരിശോധന വിഭാഗത്തിന്റെ ചുമതലുള്ള ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് ചീഫ് ടെക്നിക്കൽ എക്സാമിനർ 'റാൻഡം' പരിശോധനയ്ക്ക് തീരുമാനിക്കുന്നു.

## 1997-ലെ ശമ്പള പരിഷ്കരണം സൂപ്പർ ആന്വേഷനിൽപ്പെട്ട അദ്ധ്യാപകർക്ക് ബാധകമാക്കുന്നതിന് നടപടി

36(1312) ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-ലെ ശമ്പള പരിഷ്കരണം സൂപ്പർ ആന്വേഷനിൽപ്പെട്ട അദ്ധ്യാപകർക്ക് ബാധകമല്ലെന്ന സർക്കാർ ഉത്തരവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള കോടതി വിധികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോടതികളിൽ നിന്ന് എന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച കോടതി വിധികളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോടിതി വിധികളുടെ പശ്ചാത്തലത്തിൽ സർക്കാർ ഇറക്കിയ ഉത്തരവ് സൂപ്പർ ആന്വേഷനിലുള്ള അദ്ധ്യാപകർക്ക് കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പര്യാപ്തമല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോടതിവിധിക്കനുസൃതമായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ തയ്യാറാവുമോ?

## ഉത്തരം

(എ) ഒ. പി. നം. 15350, 20262, 22084/99 എന്നിവകളിൽ 24-9-2001-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവും റിട്ട് അപ്പീൽ നം. 3951/01, 3952/01, 34/2002-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ 24-7-2003-ലെ ഉത്തരവും, തുടർന്ന് സിവിൽ അപ്പീൽ നം. 3603-3605/2005, [എസ്.എൽ.പി (സി) നം. 17525-17527/2003] സിവിൽ അപ്പീൽ നം. 3606-3607/2005, [എസ്.എൽ.പി.(സി) നം. 11302/2004, 1892/2005] എന്നിവകളിൽ 11-7-2005-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവും ഉണ്ടായിട്ടുണ്ട്. (വിധിയുടെ പകർപ്പുകൾ ഇതോടൊപ്പം ഹാജരാക്കുന്നു.)†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടേയും വിധിന്യായത്തിൽ ജി.ഒ.(പി) നം. 3000/98/ധന. തീയതി 25-11-1998 പ്രകാരമുള്ള ശമ്പള പരിഷ്കരണ ആനുകൂല്യം സൂപ്പർ ആന്വേഷൻ പ്രകാരം 1997 മാർച്ച് 31 വരെ സർവ്വീസിൽ തുടർന്ന അദ്ധ്യാപകർക്കും അർഹതയുണ്ടെന്നാണ് ഉത്തരവായിട്ടുള്ളത്. ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് 1-3-1997 മുതൽ പ്രാബല്യത്തിൽ വന്ന ജി.ഒ.(പി) 3000/98/ധന. തീയതി 25-11-1998 പ്രകാരമുള്ള പരിഷ്കരിച്ച ശമ്പള സ്കെയിൽ സൂപ്പർ ആന്വേഷൻ പ്രകാരം 1997 മാർച്ച് 31 വരെ സർവ്വീസിൽ തുടർന്ന അദ്ധ്യാപകർക്കും ബാധകമാക്കിക്കൊണ്ട് ജി.ഒ.(പി) നം. 536/2005/(155)ധന. തീയതി 15-12-2005 ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടേയും വിധിന്യായത്തിൽ സൂപ്പർ ആന്വേഷൻ തീയതിക്കുശേഷം സർവ്വീസിൽ തുടർന്ന അദ്ധ്യാപകർക്ക് ജി.ഒ.(പി) നം.3001/98/ധന. തീയതി 25-11-1998 പ്രകാരമുള്ള കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ഉത്തരവായിട്ടില്ല. മേൽ സാഹചര്യത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് വിധിന്യായത്തിനനുസൃതമായിട്ടുള്ളതാണ്.

## കണ്ണമ്മൂല തോടിൽ "ഇടത്തറ"യിൽ പാലം നിർമ്മിക്കാൻ നടപടി

37(1313) ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗര പരിസരത്ത് കണ്ണമ്മൂല തോടിൽ "ഇടത്തറയിൽ" പാലം നിർമ്മാണത്തിന് തുക അനുവദിക്കണമെന്ന നിവേദനത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) ധനകാര്യവകുപ്പിന്റെ ഫയൽ നമ്പർ 106116/ഐ.എൻ.ഡി/പി.ഡബ്ല്യൂ/04 പ്രകാരം ഇടത്തറ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് ജലവിഭവ വകുപ്പിന് ആവശ്യമായ അനുമതി നൽകുവാൻ നിർദ്ദേശിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മേൽ നടപടികൾക്കായി ഈ വിഷയം ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

(ബി) പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

## ബാർ ലൈസൻസ് നൽകുന്നതിലെ മാനദണ്ഡം

38(1314) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ആകെ എത്ര ബാറുകൾ ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2006 ജനുവരി പതിനഞ്ചുവരെ സംസ്ഥാനത്ത് എത്ര ബാറുകൾക്ക് ലൈസൻസ് നൽകി എന്ന് വ്യക്തമാക്കാമോ;

(സി) ബാർ ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

ഉത്തരം

(എ) 461

(ബി) 74

(സി) മൂന്ന് സ്റ്റാറിനും അതിനു മുകളിൽ സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്കും ഹെറിറ്റേജ് ഹോട്ടലുകൾക്കും നിലവിൽ ബാർ ലൈസൻസ് അനുവദിക്കുന്നതാണ്. ടി ഹോട്ടലുകളിൽ നിന്ന് 200 മീറ്റർ അകലത്തിനുള്ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളോ, അമ്പലങ്ങളോ, പള്ളികളോ, ശ്മശാനങ്ങളോ, എസ്.സി./എസ്.റ്റി. കോളനികളോ ഉണ്ടാകാൻ പാടില്ല. ബാർ ലൈസൻസ് അനുവദിക്കുന്നതിൽ പ്രാദേശികമായ ആവശ്യകത ന്യായീകരിക്കപ്പെടുന്നതാകണം. സർക്കാരിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നത് ആകരുത്. ഉടമസ്ഥൻ ലൈസൻസ് ദുരുപയോഗം ചെയ്യില്ല എന്ന് ബോദ്ധ്യമുണ്ടായിരിക്കണം. ലൈസൻസി അബ്കാരി കേസുകളിലോ നാർക്കോട്ടിക് കേസുകളിലോ മറ്റു ക്രിമിനൽ കേസുകളിലോ ശിക്ഷിക്കപ്പെട്ടയാളോ അബ്കാരി കുടിശ്ശികക്കാരനോ ആകരുത്. ലൈസൻസി സാമ്പത്തികമായി ഉയർന്ന നിലവാരത്തിലുള്ള വ്യക്തി ആയിരിക്കണം. മേൽപ്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് മാത്രമാണ് ബാർ ലൈസൻസ് നൽകുന്നത്.

ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനം

39(1315) ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ബിവറേജസ് കോർപ്പറേഷൻ എത്ര ശാഖകൾ തുറന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ബിവറേജസ് കോർപ്പറേഷനിൽ എത്ര പേർക്ക് പുതുതായി തൊഴിൽ അവസരം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ബിവറേജസ് കോർപ്പറേഷനിൽ എത്ര പേർ മറ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും സേവനമനുഷ്ഠിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷന് അടുത്ത സാമ്പത്തിക വർഷത്തിൽ പുതിയ ശാഖകൾ തുറക്കാൻ പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 106 ചില്ലറവില്പന ശാലകൾ തുറന്നിട്ടുണ്ട്.

(ബി) 2001-ലെ അബ്കാരി നയ പ്രകാരം വിദേശമദ്യഷാപ്പുകൾ കോർപ്പറേഷൻ ഏറ്റെടുത്തപ്പോൾ പുനരധിവാസ പദ്ധതി പ്രകാരം 1014 പേർക്കും ദിവസ വേതനത്തിൽ 698 പേർക്കും തൊഴിൽ ലഭ്യമായിട്ടുണ്ട്.

(സി) 617 പേർ.

(ഡി) തീരുമാനിച്ചിട്ടില്ല.

ചിറ്റാറിൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കാൻ നടപടി

40(1316) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി എക്സൈസ് റേഞ്ച് ഓഫീസിന്റെ പരിധിയിൽ ഏതൊക്കെ പഞ്ചായത്ത് പ്രദേശങ്ങളാണ് ഉൾപ്പെടുന്നത്;

(ബി) റാന്നി റേഞ്ചിലെ ഉദ്യോഗസ്ഥരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ; ഓരോ തസ്തികയിലേയും സാംഗ്ഷൻഡ് സ്ട്രെങ്ത് എത്ര വീതമാണ്;

(സി) ശബരിമല ഉൾക്കൊള്ളുന്ന വിശാലമായ ഈ റേഞ്ചിൽ ഉദ്യോഗസ്ഥർക്ക് മുഴുവൻ ഏരിയയും എല്ലായ്പ്പോഴും കവർ ചെയ്യാൻ കഴിയാറില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശബരിമലയുടെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് ചിറ്റാറിൽ ഒരു എക്സൈസ് റേഞ്ച് കൂടി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റാന്നി എക്സൈസ് റേഞ്ച് ഓഫീസിന്റെ പരിധിയിൽ താഴെ പറയുന്ന പഞ്ചായത്തുപ്രദേശങ്ങളാണ് ഉൾപ്പെടുന്നത്.

(1) സീതത്തോട് (2) ചിറ്റാർ (3) പെരുനാട് (4) വടശ്ശേരിക്കര (5) നാറാണംകുഴി (6) വെച്ചൂച്ചിറ (7) പഴയങ്ങാടി (8) അങ്ങാടി (9) റാന്നി (10) ചറുകോൽ (11) അയിരൂർ.

(ബി) റാന്നി റേഞ്ചിലെ ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| എക്സൈസ് ഇൻസ്പെക്ടർ | - | 1 |
| പ്രിവന്റീവ് ആഫീസർ | - | 4 |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| എക്സൈസ് ഗാർഡ് | - | 18 |
| ഡ്രൈവർ | - | 1 |
| ആകെ | - | 24 |

മേൽ സൂചിപ്പിച്ചത് തന്നെയാണ് സാംഗ്ഷൻഡ് സ്ട്രെങ്ത്തും.

(സി) ഈ റേഞ്ചിന്റെ പരിധിയിൽപ്പെടുന്ന എല്ലാ ഏരിയയും ഉദ്യോഗസ്ഥർ കവർ ചെയ്യുന്നുണ്ട്.

(ഡി) ചിറ്റാർ കേന്ദ്രീകരിച്ച് എക്സൈസ് റേഞ്ച് സ്ഥാപിക്കാനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ബിവറേജസ് കോർപ്പറേഷനിലെ താൽക്കാലിക നിയമനങ്ങൾ

41(1317) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിദേശമദ്യ വിൽപന നടത്തുന്ന ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമേഖലയിലും സഹകരണ മേഖലയിലും വിദേശമദ്യ ഷാപ്പുകളിൽ എത്ര തൊഴിലാളികൾ വീതം ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ബിവറേജസ് കോർപ്പറേഷനിൽ ആശ്രിതർക്ക് ജോലി ലഭിക്കുന്നതിനുള്ള എത്ര അപേക്ഷ നിലവിലുണ്ടെന്ന് വിശദമാക്കാമോ; ഇവർക്ക് ജോലി നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; ആശ്രിത ജോലിക്കുള്ള അപേക്ഷകളിൽ തീരുമാനമെടുത്ത് എപ്പോൾ ജോലി നൽകുമെന്ന് അറിയിക്കാമോ;

(ഡി) ബിവറേജസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വിദേശമദ്യ ഷാപ്പുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ; താൽക്കാലിക തൊഴിലാളികളുടെ നിയമനത്തിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ; താൽക്കാലിക തൊഴിലാളികളുടെ ശമ്പള ഘടന എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) താൽക്കാലിക തൊഴിലാളികളുടെ നിയമനംമൂലം സ്ഥാപനത്തിന് ഒരു മാസത്തിൽ എത്ര തുക ചെലവ് വരുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനും കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷനും.



LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുമേഖലയിൽ (ബിവറേജസ് കോർപ്പറേഷൻ) 2674 പേരും സഹകരണ മേഖലയിൽ (കൺസ്യൂമർ ഫെഡ്) 352 പേരും ജോലി നോക്കുന്നു.

(സി) രണ്ട് അപേക്ഷകൾ നിലവിലുണ്ട്. അപേക്ഷകർ മതിയായ രേഖകൾ സമർപ്പിച്ചിട്ടില്ല. അവ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം ആകുന്നതാണ്.

(ഡി) ബിവറേജസ് കോർപ്പറേഷനിൽ താൽക്കാലിക തൊഴിലാളികൾ ആരും തന്നെ ജോലി നോക്കുന്നില്ല. എന്നാൽ ദിവസവേതനത്തിൽ 698 പേർ ജോലി നോക്കുന്നുണ്ട്. ദിവസവേതനക്കാരെ പ്രാദേശികതലത്തിലെ ആവശ്യകത അനുസരിച്ചാണ് നിയോഗിച്ചിട്ടുള്ളത്. ക്ളറിക്കൽ/ഡ്രൈവർ തസ്തികകളിൽ നിയോഗിക്കപ്പെട്ടവർക്ക് പ്രതിദിനം 140 രൂപ നിരക്കിലും ക്ളാസ് 4 ജീവനക്കാർക്ക് 120 രൂപ നിരക്കിലും നൽകുന്നു.

(ഇ) ദിവസവേതനത്തിൽ ജോലി ചെയ്യുന്നവർക്കായി പ്രതിമാസം ശരാശരി 20 ലക്ഷം രൂപ ചെലവാക്കുന്നുണ്ട്.

## കൊല്ലം ജില്ലയിലെ എക്സൈസ് വകുപ്പിലെ ഡ്രൈവർ നിയമനം

42(1318) ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ എക്സൈസ് വകുപ്പിലെ എച്ച്.ഡി.വി. ഡ്രൈവർ തസ്തികയിലേക്കുള്ള 20-9-2003-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേരെ നിയമിച്ചു.

(ബി) ഈ തസ്തികയിൽ ജില്ലയിലെവിടെയെങ്കിലും ദിവസക്കൂലിക്ക് ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ?

### ഉത്തരം

(എ) പതിനൊന്ന് പേരെ നിയമിച്ചു.

(ബി) ഇല്ല.

## ട്രഷറികളുടെ അവസ്ഥ

43(1319) ശ്രീ. എം. എം. ഹസ്സൻ:
ശ്രീ. ബി. വിജയകുമാർ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നിലവിലുള്ള യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ട്രഷറികളുടെ അവസ്ഥയെന്തായിരുന്നു;

(ബി) എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നൽകിയ എന്തു തുകയ്ക്കുള്ള ചെക്കുകളും ബില്ലുകളും പണമാക്കി മാറ്റാൻ കഴിയാതിരുന്നു;

(സി) പ്ളസ് ടു അദ്ധ്യാപകർക്ക് എന്തു തുകയുടെ ശമ്പളക്കുടിശ്ശികയുണ്ടായിരുന്നു;

(ഡി) പണമില്ലാത്തതിനാൽ എത്ര അദ്ധ്യാപക തസ്തികകൾക്ക് സാംഗ്ഷൻ കൊടുക്കാതിരുന്നു;

(ഇ) കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള തുകയെത്രയായിരുന്നു;

(എഫ്) ഇപ്പോൾ ട്രഷറികളുടെ അവസ്ഥയെന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രഷറി പേയ്മെന്റുകൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ധനകാര്യ വകുപ്പിൽ നിന്നുള്ള വെയ്സ് ആന്റ് മീൻസ് ക്ളിയറൻസിന്റെ അടിസ്ഥാനത്തിലാണ് മിക്കവാറും പേയ്മെന്റുകൾ നടന്നിരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുന്നതും അനിശ്ചിതത്വത്തിലായിരുന്നു. പെൻഷൻകാർക്ക് ഗ്രാറ്റുവിറ്റിയും കമ്മ്യൂട്ടേഷനും സമയത്ത് ലഭിച്ചിരുന്നില്ല.

(ബി) തീരെ ചെറിയ തുകയ്ക്കുള്ള ചെക്കുകളും ബില്ലുകളും പോലും പണമാക്കി മാറ്റാൻ കഴിഞ്ഞിരുന്നില്ല. മൊത്തം എത്ര തുക വരുമെന്നുള്ളത് കണക്കാക്കിയിട്ടില്ല.

(സി) 2001-ൽ സർക്കാർ പുറപ്പെടുവിച്ച ധവള പത്ര പ്രകാരം 210 കോടിയോളം രൂപ പ്ളസ് ടു അദ്ധ്യാപകർക്ക് കുടിശ്ശികയായി നൽകാനുണ്ടായിരുന്നു.

(ഡി) പണമില്ലാത്തതിനാൽ അദ്ധ്യാപക തസ്തികകൾക്ക് അനുമതി കൊടുക്കാതിരുന്നിട്ടില്ല.

(ഇ) 2001 മേയ് മാസത്തിൽ കോൺട്രാക്ടർമാർക്ക് കുടിശ്ശികയിനത്തിൽ 873 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു.

(എഫ്) ഇപ്പോൾ നാമമാത്രമായി ചില ട്രഷറി നിയന്ത്രണങ്ങൾ മാത്രമെ അവശേഷിക്കുന്നുള്ളൂ. ഒരുലക്ഷം രൂപവരെയുള്ള ഏതു ചെലവും എല്ലാ ദിവസവും മാറാവുന്നതാണ്. പദ്ധതി ചെലവുകൾ, എൽ.സി. ചെക്കുകൾ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തുടങ്ങിയവയ്ക്ക് യാതൊരു നിയന്ത്രണവുമില്ല. പദ്ധതിയേതര ചെലവിനെ സംബന്ധിച്ചടത്തോളം നിലവിൽ ഏതു കണക്കിനത്തിൽ നിന്നായാലും പ്രതിദിനം 50 ലക്ഷം രൂപ വരെ മാറാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാനത്തിന്റെ പൊതുകടം

44(1320) ശ്രീ. എ. സി. ഷണ്മുഖദാസ്:

ശ്രീ. സി. കെ. നാണു:

ശ്രീ. കെ. പി. മോഹനൻ:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 ഡിസംബർ 31 വരെയുള്ള കാലയളവിൽ കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള തുക എത്രയാണെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

ജലവിഭവ വകുപ്പ്, പൊതുമരാമത്ത് (റോഡുകളും പാലങ്ങളും), പൊതുമരാമത്ത് (ബിൽഡിംഗ്സും ലോക്കൽ വർക്കുകളും) എന്നീ വകുപ്പുകളിലെ ചീഫ് എഞ്ചിനീയർമാരിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം ടി വകുപ്പുകളിലെ കരാറുകാർക്ക് 2005 ഡിസംബർ 31 വരെയുള്ള കാലയളവിൽ 1024.46 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്.

## ബുദ്ധിമാന്ദ്യമുള്ളവരുടെ സംരക്ഷണം ഏറ്റെടുക്കുന്നവർക്കുള്ള നികുതിയിളവുകൾ

45(1321) ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരികമായും, മാനസികമായും വൈകല്യമുള്ളവരുടെ ആശ്രിതരുടെ സംരക്ഷണം ഏറ്റെടുക്കേണ്ടിവരുന്ന മാതാപിതാക്കൾക്കും മറ്റുബന്ധുക്കൾക്കും എന്തെല്ലാം നികുതി ഇളവുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതിൽ ബുദ്ധിമാന്ദ്യമുള്ളവരുടെ സംരക്ഷണം ഏറ്റെടുക്കേണ്ടിവരുന്ന ആർക്കെല്ലാം എന്തെല്ലാം ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെയും നിയമങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിന്റെ ഏതെല്ലാം ഉത്തരവുകളിലും സർക്കുലറുകളിലും ബുദ്ധിമാന്ദ്യമുള്ളവരുടെ സംരക്ഷണം ഏറ്റെടുക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ; ഇവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്രനിയമത്തിലെയും സംസ്ഥാന നിയമത്തിലെയും നികുതി ഇളവുകളും ഇതര ആനുകൂല്യങ്ങളും ലഭിക്കുന്നതിന് അപേക്ഷകൻ എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള പൊതു വിൽപ്പന നികുതി നിയമം 1963 പ്രകാരവും, വാറ്റ് നിയമം 2003 പ്രകാരവും ഇത്തരക്കാർക്ക് യാതൊരുവിധ നികുതി ഇളവുകളും അനുവദിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

കൊത്തുപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം

46(1322) ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ കിഴുപറമ്പ് പഞ്ചായത്തിലെ കൊത്തുപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പിംഗ് നടക്കുന്നുണ്ട്.

(സി) ഈ പദ്ധതി 29-5-2004-ന് കമ്മീഷൻ ചെയ്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് ജലസേചന പദ്ധതി

47(1323) ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് ജലസേചന പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) തുക അനുവദിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിന് ജീവനക്കാരോ, വാഹനമോ ഇല്ലാത്തതുമൂലം ഫീസിബിലിറ്റി സ്റ്റഡി തടസ്സപ്പെട്ടിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ മേൽ തടസ്സം നീക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) മൂന്നാംകടവ് ജലസേചന പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ടിനു വേണ്ടി പ്രത്യേക എസ്റ്റിമേറ്റിന്റെ ആവശ്യമില്ല. പുതുക്കിയ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. വിശദമായ പര്യവേക്ഷണത്തിനായി 121 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ജീവനക്കാരുടേയോ, വാഹനത്തിന്റേയോ അഭാവം മൂലം ഫീസിബിലിറ്റി സ്റ്റഡി തടസ്സപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

എം.വി.ഐ.പി.-യുടെ പിറവം ബ്രാഞ്ച് കനാലിൽ അവശേഷിക്കുന്ന പണികൾ

48(1324) ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. വി. ഐ. പി. - യുടെ പിറവം ബ്രാഞ്ച് കനാലിൽ ഇനി അവശേഷിക്കുന്ന ജോലികൾ എന്തെല്ലാം;

(ബി) ഈ ജോലികൾ ടെണ്ടർ ചെയ്തിട്ടുണ്ടോ;

(സി) എന്നത്തേയ്ക്ക് ഇതിന്റെ പണികൾ പൂർത്തിയാകും;

(ഡി) ഓണക്കൂർ ഡിസ്ട്രിബ്യൂട്ടറിയുടെ പണികൾ ആരംഭിച്ചു കഴിഞ്ഞോ; ഇല്ലെങ്കിൽ കാരണം എന്താണ്; എന്നത്തേക്ക് ഇതിന്റെ പണികൾ ആരംഭിയ്ക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) സൗത്ത് കക്കാട് ഡിസ്ട്രിബ്യൂട്ടറിയുടേയും മുളക്കുളം ബ്രാഞ്ച് കനാലിന്റെയും പെരുവ ഡിസ്ട്രിബ്യൂട്ടറിയുടേയും ഇപ്പോഴത്തെ സ്ഥിതി എന്താണ്; ഇത് എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ,ബി) എം.വി.ഐ.പി.-യുടെ പിറവം ബ്രാഞ്ച് കനാലിന്റെ 250 മീ.-2400 മീ., 4150 മീ. -6604 മീ. എന്നീ ചെയ്നേജുകളിലെ ജോലികൾ അവശേഷിക്കുന്നുണ്ട്. ഇതിൽ ചെയ്നേജ് 250 മീ. -2400 മീ. വരെയുള്ള പണിയുടെ ടെന്റർ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചെങ്കിലും ഇത് സംബന്ധിച്ച് ഒരു കേസ് ബഹു. ഹൈക്കോടതിയിൽ നിലവിലുള്ളതിനാൽ തുടർനടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ചെയ്നേജ് 4150 മീ.-6604 മീറ്റർ വരെയുള്ള പണിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തിരുവനന്തപുരം പദ്ധതി-2 വിഭാഗം ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്.

(സി) ഇതിന്റെ പണികൾ 2006-ൽ പൂർത്തീകരിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇല്ല. ഓണക്കൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ബാലൻസ് വർക്കിന്റെ പ്രീ-ക്വാളിഫിക്കേഷൻ ടെന്റർ 10-3-2003-ൽ സർക്കാർ അംഗീകാരത്തിനു സമർപ്പിച്ചിരുന്നത് എസ്റ്റിമേറ്റ് തുകയിലെ അമിതവർദ്ധന കാരണം പുതുക്കിയ നിരക്കിൽ വർക്ക് റീ ടെന്റർ ചെയ്യാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മേൽ ടെന്ററിൽ പങ്കെടുത്തവരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ആവശ്യപ്പെട്ട കരാറുകാരനിൽ നിന്നും എസ്റ്റിമേറ്റ് തുകയുടെ 35% അധികനിരക്കിൽ ടി പണി ചെയ്തുകൊള്ളാമെന്ന അപേക്ഷ സർക്കാരിൽ ലഭിച്ചത് പരിശോധനയിലാണ്. ടെന്റർ നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്.

(ഇ) സൗത്ത് കക്കാട് ഡിസ്ട്രിബ്യൂട്ടറിയുടെ ചെയ്നേജ് 4785 മീറ്റർ മുതൽ 4970 മീറ്റർ ഒഴികെയുള്ള പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി ചെയ്നേജ് വർക്കിന്റെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. മുളക്കുളം ബ്രാഞ്ച് കനാലിന്റെ ചെയ്നേജ് 5650 മീറ്റർ മുതൽ 6770 മീറ്റർ ഒഴികെയുള്ള പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തിയാക്കാനുള്ള ടി പണികൾ 2006-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പെരുവ ഡിസ്ട്രിബ്യൂട്ടറിയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

## പഴശ്ശി കനാൽ വഴിയുള്ള ജലസേചനസൗകര്യം കാര്യക്ഷമമാക്കുവാൻ നടപടി

49(1325) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശി കനാലിന്റെ ഇരുവശങ്ങളും പൊട്ടിപ്പൊളിഞ്ഞതു കാരണം കൃഷിക്ക് വരുന്ന നാശനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഴശ്ശി കനാൽ വഴിയുള്ള ജലസേചന സൗകര്യം കൂടുതൽ കാര്യക്ഷമമാക്കാനും കൂടുതൽ പ്രദേശങ്ങളിൽ എത്തിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ;

(സി) പഴശ്ശി കനാലിന്റെ ഇരുവശങ്ങളിലുമുള്ള നടപ്പാതകളും റോഡുകളും ഗതാഗതയോഗ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാടിസ്ഥാനത്തിൽ പദ്ധതിയുടെ അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നു.

## ചാലിയാർ പുഴയിൽ കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ്

50(1326) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ചാലിയാർ പുഴയിൽ കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് കമ്മീഷൻ ചെയ്തെങ്കിലും റഗുലേറ്ററിന്റെ പ്രവർത്തനം നടക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ പുഴയുടെ പാർശ്വവശങ്ങൾ കെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കാത്തതുമൂലം ഉണ്ടാകുന്ന ശക്തമായ കരയിടിച്ചിൽ തടയാനും റെഗുലേറ്റർ പ്രവർത്തനം ആരംഭിക്കാനും നടപടി സ്വീകരിക്കുമോ;

(സി) റഗുലേറ്റർ പ്രവർത്തനം ആരംഭിച്ചാൽ മാവൂർ, പെരുവയൽ, പെരുമണ്ണ, ഒളവണ്ണ തുടങ്ങിയ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പദ്ധതി ലക്ഷ്യമിട്ടിരുന്നോ;

(ഡി) എങ്കിൽ ഇത് പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവർത്തിപ്പിച്ച് വെള്ളം സംഭരിക്കുന്നുണ്ട്. ഈ വർഷവും ജനുവരി ആദ്യവാരം തന്നെ എല്ലാ ഷട്ടറുകളും അടച്ച് വെള്ളം സംഭരിച്ചുവരുന്നു.

(ബി) പുഴയുടെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

(സി, ഡി) റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്പ്സ്ട്രീം സൈഡ് സോഴ്സാക്കി മാവൂർ പെരുവയൽ, പെരുമണ്ണ, ഒളവണ്ണ എന്നീ പഞ്ചായത്തുകളിൽ ശുദ്ധജലക്ഷാമം പരിഹരിക്കാനുള്ള പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു.

## കുട്ടമശ്ശേരി എൽ.ഐ. സ്കീം പരിഷ്ക്കരണം (ഈസ്റ്റേൺ ബ്രാഞ്ച് കനാൽ)

51(1327) ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിളിന്റെ പരിധിയിൽ വരുന്ന കീഴ്മാട് പഞ്ചായത്തിലെ കുട്ടമശ്ശേരി എൽ.ഐ. സ്കീം പരിഷ്ക്കരണം

LIBRARY ARCHIVES Kerala Legislative Assembly

(ഈസ്റ്റേൺ ബ്രാഞ്ച് കനാൽ) എന്ന വർക്ക് ഏറ്റെടുക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റ് പരിഗണനയിലുണ്ടോ;

(ബി) ഈ വർക്കിന്റെ എസ്റ്റിമേറ്റും ഡ്രോയിംഗും മറ്റും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്;

(സി) ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ഡി) മേൽപ്പറഞ്ഞ വർക്ക് ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി വർക്ക് ഏറ്റെടുക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ, ബി) എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിളിന്റെ പരിധിയിൽ വരുന്ന കീഴ്മാട് പഞ്ചായത്തിലെ കുട്ടമശ്ശേരി എൽ.ഐ. സ്കീം പരിഷ്ക്കരണം (ഈസ്റ്റേൺ ബ്രാഞ്ച് കനാൽ) എന്ന വർക്കിന് 10.90 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്.

(സി, ഡി) ഫണ്ടിന്റെ അപര്യാപ്തത കാരണം ഈ പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ കഴിഞ്ഞിട്ടില്ല.

(ഇ) സാമ്പത്തിക ലഭ്യതക്ക് അനുസരിച്ച് ടി പണി ഏറ്റെടുക്കാവുന്നതാണ്.

## കനോലി തോട് ഗതാഗതയോഗ്യമാക്കുന്നതിന് പദ്ധതി

52(1328) ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലുള്ള കനോലി തോട് രണ്ട് ഭാഗത്തും ഭിത്തി കെട്ടിയും ആഴംകൂട്ടിയും വാഹനഗതാഗതയോഗ്യമാക്കുന്നതിന് ഒരു പദ്ധതി ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആകെ എത്ര തുകയാണ് മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളത്;

(സി) ഇപ്പോൾ എത്ര സംഖ്യ ചെലവഴിച്ചുകഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കനാലിനു മുകളിലുള്ള പാലങ്ങൾക്കടിയിലൂടെ ബോട്ട് സർവ്വീസ് നടത്തുവാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരത്തിൽ എത്ര പാലങ്ങൾ ഉണ്ട് എന്നും അവ ഏതൊക്കെയാണ് എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. കനോലി കനാലിന്റെ ഭാഗമായ ഏലത്തൂർ ഭാഗത്തെ കല്ലായി കനാലിൽ കോഴിക്കോട് നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ചെറിയ ബോട്ടുകളുടെ സർവ്വീസിനുമുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) 10.68 കോടി രൂപ.

(സി) 7.49 കോടി രൂപ.

(ഡി) ഉണ്ട്. ബോട്ട് സർവ്വീസ് നടത്താൻ കല്ലുത്താൻ കടവ് പാലം, അരയിടത്ത് പാലം എന്നീ രണ്ടു പാലങ്ങൾ ഒഴികെ ബാക്കി എല്ലാ പാലങ്ങളും പുതുക്കി പണിയേണ്ടതായി വരും.

അച്ചൻകോവിലാറിന്റെ തീരം കല്ല് കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതി

53(1329) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മണ്ഡലത്തിലെ തുമ്പമൺ പഞ്ചായത്ത് മുതൽ തഴക്കര പഞ്ചായത്ത് വരെയുള്ള അച്ചൻകോവിലാറിന്റെ തീരം കല്ല് കെട്ടി സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) നിലവിൽ ഈ പ്രദേശത്ത് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പന്തളം മണ്ഡലത്തിലെ തുമ്പമൺ പഞ്ചായത്തു മുതൽ തഴക്കര പഞ്ചായത്തു വരെയുള്ള അച്ചൻകോവിലാറിന്റെ 70 മീറ്റർ നദീതീരം കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തിയും 210 മീറ്റർ ഭാഗത്തെ സംരക്ഷ പ്രവൃത്തികൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയും ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതിനു പുറമെ 400 മീറ്റർ നദീതീരം സംരക്ഷിക്കുന്നതിനുള്ള പണികൾ നബാർഡിന്റെ RIDF XI-ൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കൂട്ടക്കടവ് ചെക്ക് ഡാം നിർമ്മിക്കാൻ നടപടി

54(1330) ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുടെ സംരക്ഷണത്തിന്റെ ഭാഗമായി കൂട്ടക്കടവ് ചെക്ക്ഡാം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇൻവെസ്റ്റിഗേഷനുവേണ്ടി എന്തെങ്കിലും നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളിൽ എന്തെങ്കിലും തടസ്സങ്ങൾ വന്നിട്ടുണ്ടോ;

(സി) എങ്കിൽ തടസ്സപ്പെടാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ചെക്ക്ഡാം നിർമ്മിക്കുന്നതിന് ഫീസിബിലിറ്റി സ്റ്റഡിയാണ് പ്രാഥമികമായി നടപ്പിലാക്കേണ്ടത്.

(ബി) ഫണ്ട് ഇല്ലാത്തതിനാൽ തടസ്സം വന്നിട്ടുണ്ട്.

(സി) ജീവനക്കാരുടെയും ഫണ്ടിന്റേയും അഭാവമാണ് തടസ്സപ്പെടാനുള്ള കാരണങ്ങൾ.

## വൈക്കം ഓഗ്മെന്റേഷൻ പദ്ധതി

55(1331) ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെ ഭാഗമായ പമ്പിംഗ് മെയിൻ, പൈപ്പ് ലെയിംഗ് പണികൾ എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത പണികൾ എന്ന് പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സാമ്പത്തിക സഹായം ലഭിയ്ക്കുന്ന മുറയ്ക്ക് പണി തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി എൽ.ഐ.സി.-യിൽ നിന്നും ഭാഗികമായി സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ മതിപ്പ് ചെലവ് 1235 ലക്ഷം രൂപയാണ്. എൽ.ഐ.സി.-യിൽ നിന്നും 247.38 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചു. ആകെ 280 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിനുവേണ്ട ബാക്കി തുക കണ്ടെത്തേണ്ടിയിരിക്കുന്നു.

(ഡി) ഫണ്ട് ലഭ്യമായാൽ രണ്ട് വർഷത്തിനകം പണികൾ പൂർത്തീകരിയ്ക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

## എം.വി.ഐ.പി. പദ്ധതിയുടെ രാമമംഗലം ബ്രാഞ്ച് കനാലിന്റെ പണി

56(1332) ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. വി. ഐ. പി. പദ്ധതിയുടെ രാമമംഗലം ബ്രാഞ്ച് കനാലിന്റെ പണികൾ തീർന്നുകഴിഞ്ഞോ;

(ബി) ഇല്ലെങ്കിൽ ഇനി അവശേഷിക്കുന്ന പണികൾ എന്തെല്ലാമെന്നു വെളിപ്പെടുത്തുമോ;

(സി) രാമമംഗലം ബ്രാഞ്ച് കനാലിൽ നിന്നുള്ള ഒലിയപ്പുറം, കാക്കൂർ, അമ്മാനിമറ്റം, കക്കാട്, മാമലശ്ശേരി, കിഴുമുറി, ഊരമന എന്നീ ഡിസ്ട്രിബ്യൂട്ടറികളുടെ ഓരോന്നിന്റെയും ദൈർഘ്യം എത്രവീതമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഓരോ ഡിസ്ട്രിബ്യൂട്ടറികളുടേയും പണി തീർന്ന ദൂരം എത്രയെന്നു വെളിപ്പെടുത്തുമോ;

(ഇ) ഇനി അവശേഷിക്കുന്ന ജോലികൾ എന്തെല്ലാം;

(എഫ്) ഈ വർക്കുകൾ ടെന്റർ ചെയ്തിട്ടുണ്ടോ;

(ജി) ഇത് എന്നത്തേക്ക് പൂർത്തിയാകും;

(എച്ച്) 22-5-2004-ൽ മന്ത്രി നടത്തിയ റിവ്യൂ മീറ്റിംഗിലെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു;

(ഐ) ഇതനുസരിച്ചുള്ള പുരോഗതി ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ജെ) എന്നത്തേയ്ക്ക് ഈ ജോലികൾ പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) രാമമംഗലം ബ്രാഞ്ച് കനാലിന്റെ മുഴുവൻ പണികളും തീർന്നു കഴിഞ്ഞു.

(സി)

| | | |
|---|---|---|
| ഒലിയപ്പുറം | - | 1.03 കി. മീ. |
| കാക്കൂർ | - | 6.71 കി. മീ. |
| അമ്മാനിമറ്റം | - | 1.40 കി. മീ. |
| കക്കാട് | - | 7.30 കി. മീ. |
| മാമലശ്ശേരി | - | 7.10 കി. മീ. |
| കിഴുമുറി | - | 3.69 കി. മീ. |
| ഊരമന | - | 7.91 കി. മീ. |

(ഡി)

| | | |
|---|---|---|
| ഒലിയപ്പുറം | - | മുഴുവൻ പണി തീർന്നു |
| കാക്കൂർ | - | 4.71 കി. മീ. തീർന്നു |
| അമ്മാനിമറ്റം | - | മുഴുവൻ പണി തീർന്നു |
| കക്കാട് | - | മുഴുവൻ പണി തീർന്നു |
| മാമലശ്ശേരി | - | 6.455 കി. മീ. പണി തീർന്നു |
| കിഴുമുറി | - | മുഴുവൻ പണി തീർന്നു |
| ഊരമന | - | 5.732 കി. മീ. പണി തീർന്നു |

(ഇ) ഇനി അവശേഷിക്കുന്ന ജോലികൾ

| | | |
|---|---|---|
| 1. കാക്കൂർ | - | 2 കിലോ മീറ്റർ മുതൽ 4 കിലോ മീറ്റർ വരെ |
| 2. മാമലശ്ശേരി | - | 625 മീറ്റർ - 870 മീറ്റർ വരേയും - 1400 മീറ്റർ - 1800 മീറ്റർ വരെയുള്ള 2 നീർപ്പാലങ്ങൾ |
| 3. ഊരമന | - | 1221 മീറ്റർ - 1389 മീറ്റർ വരെയുള്ള നീർപ്പാലം 4 കിലോ മീറ്റർ മുതൽ 6 കിലോ മീറ്റർ വരെയുള്ള കനാൽ പണികൾ. |

(എഫ്, ജി)

| | | |
|---|---|---|
| കാക്കൂർ | - | ടെന്റർ ചെയ്തു. |
| മാമലശ്ശേരി | - | 625മീ. - 870 മീ.-ന്റെ വർക്ക് 23-2-2006-ന് റീടെണ്ടർ ചെയ്യുന്നതാണ്. |

LIBRARY ARCHIVES Kerala Legislative Assembly

മാമലശ്ശേരി - 1400 മീ. - 1800 മീറ്ററിന്റെ ടെന്റർ സർക്കാർ പരിശോധിച്ചുവരുന്നു.

ഊരമന - റീ-ടെന്റർ ചെയ്തിരിക്കുകയാണ്.

മേൽ പ്രവൃത്തികൾ 2006 അവസാനത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(എച്ച്) ദർഘാസ് അവസ്ഥയിലായിരുന്ന രാമമംഗലം ഉപകനാലിന്റെ ചെയ്നേജ് 1500 മീറ്റർ മുതൽ 3920 മീറ്റർ, ഊരമന ഉപകനാലിന്റെ 1221 മീറ്റർ - 1389 മീറ്റർ, കക്കാട് ഉപകനാലിന്റെ 835 മീറ്റർ - 1066 മീറ്റർ, കിഴുമുറി ഉപകനാലിന്റെ 2403 മീറ്റർ - 2750 മീറ്റർ വരെയുള്ള പണികൾ ഒഴിച്ച് രാമമംഗലം ശാഖാകനാലും ഉപകനാലുകളും 12/04-ൽ പൂർത്തിയാക്കണമെന്നാണ് തീരുമാനിച്ചിരുന്നത്.

(ഐ, ജെ) മദ്ധ്യകേരളത്തിലെ കാലാവസ്ഥാ പ്രത്യേകതകൾ, ഫണ്ടിന്റെ അപര്യാപ്തത, നിർമ്മാണസാമഗ്രികളുടെ ദൗർലഭ്യം ഇവ കാരണം പ്രതീക്ഷിച്ചതുപോലെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും 2006 അവസാനത്തോടെ അവശേഷിക്കുന്ന കനാലുകളുടെ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കടൽഭിത്തി നിർമ്മാണം

57(1333) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിക്കുശേഷം കടൽഭിത്തി നിർമ്മാണത്തിന് ഏതെല്ലാം പ്രദേശങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) ആയതിലേക്ക് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ മൂന്നു വർഷമായി തുടർച്ചയായി കടൽക്ഷോഭം അനുഭവപ്പെടുന്ന ഇരവിപുരം പ്രദേശത്തെ കടൽഭിത്തി നിർമ്മാണത്തിന് എന്ത് തുക വകയിരുത്തിയിട്ടുണ്ട്?

## ഉത്തരം

(എ) സുനാമിക്കുശേഷം കടൽഭിത്തി നിർമ്മാണത്തിന് താഴെ പറയുന്ന പ്രദേശങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ താഴംപള്ളി, ഇടവ, പൂന്തുറ, പൂന്തുറ പൊഴി, വിഴിഞ്ഞം ഭാഗത്ത് കരിനുള്ളികര.

കൊല്ലം ജില്ലയിൽ ആലപ്പാട്ട് പഞ്ചായത്തിൽ ജയന്തി കോളനി, ചെറിയഴീക്കൽ, ശ്രായിക്കാട്, കഴുകൻ തുരുത്ത്, പറയക്കടവ്, തൃക്കുന്നപ്പുഴ, പതിയാൻകര, ഇരവിപുരം മണ്ഡലത്തിൽ താന്നി, കെ.എ.എം.എൻ. ഭാഗത്ത് കോവിൽത്തോട്ടം.

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴ പഞ്ചായത്തിൽ തറയിൽ കടവ്, കായംകുളം പൊഴി, ജില്ലാ ആശുപത്രിക്ക് വടക്കുവശം, അന്ധകാരനഴി, കുത്തിയതോട്, ഒറ്റമശ്ശേരി, പട്ടണക്കാട്, അർത്തുങ്കൽ, അന്ധകാരനഴിപൊഴി, വാടയ്ക്കൽ ചാപ്പക്കടവ്.

എറണാകുളം ജില്ലയിൽ വൈപ്പിൻ ദ്വീപ്, ചെല്ലാനം ദ്വീപ്, ഞാറയ്ക്കൽ.

തൃശ്ശൂർ ജില്ലയിൽ വാടാനപ്പള്ളി, കൂലിമുട്ടം.

മലപ്പുറം ജില്ലയിൽ മരക്കടവ്, ചീരൻ കടപ്പുറം, പരപ്പനങ്ങാടി.

കോഴിക്കോട് ജില്ലയിൽ മടക്കര, അയണിക്കാട്, കൊയിലാണ്ടി.

കണ്ണൂർ ജില്ലയിൽ മാട്ടൂൾ അറയ്ക്കൽ.

കാസർഗോഡ് ജില്ലയിൽ അജാനൂർ കടപ്പുറം.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 20.23 കോടി രൂപയും സ്റ്റേറ്റ് ഫണ്ടിൽ നിന്നും 10.65 കോടി രൂപയും കേന്ദ്ര ഗവൺമെന്റ് പദ്ധതിയിൽ നിന്നും 7.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഇരവിപുരം പ്രദേശത്തെ കടൽഭിത്തി നിർമ്മാണത്തിന് കേന്ദ്രഗവൺമെന്റ് സ്കീമിൽ ഉൾപ്പെടുത്തി (മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലം) 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ഉള്ളൂർ തോടിന്റെ പുനരുദ്ധാരണ പദ്ധതികൾ

58(1334) ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഉള്ളൂർ തോടിന്റെ പുനരുദ്ധാരണത്തിനായി എന്തെല്ലാം പ്രവർത്തികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഉള്ളൂർ തോടിലെ കണ്ണമ്മൂല-ആക്കുളം ഭാഗത്ത് ഇടത്തറയിൽ നിർമ്മിക്കാൻ ടെണ്ടർ ചെയ്ത പാലം നിർമ്മാണം വൈകുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ഉള്ളൂർ തോടുമായി സന്ധിക്കുന്ന പട്ടം തോടിന്റെ പ്ലാമൂട്-ഗൗരീശപട്ടം ഭാഗത്ത് ആഴം വർദ്ധിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉള്ളൂർ തോടിന്റെ ഇടവക്കോട് മുതൽ കണ്ണമ്മൂല വരെയുള്ള ഭാഗങ്ങളിലെ മാലിന്യവും ചെളിയും മാറ്റി വൃത്തിയാക്കൽ, 2410 മീറ്റർ റീട്ടെയിനിംഗ് മതിൽ നിർമ്മിക്കൽ, 3 ക്രോസ് ബാറുകൾ നിർമ്മിക്കൽ, 6 കാൽനട പാലങ്ങൾ നിർമ്മി

LIBRARY ARCHIVES Kerala Legislative Assembly

ക്കൽ, പിള്ളവീട് ലെയിനിന് സമീപം ഒരു വണ്ടിപ്പാലം നിർമ്മിക്കൽ മുതലായവയ്ക്കുള്ള ഒരു പദ്ധതി തീരപഥം തലസ്ഥാന വികസന സമിതിയുടെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പണിക്ക് സർക്കാർ 2-3-2001-ൽ ഉത്തരവു നമ്പർ ജി.ഒ.(ആർ.റ്റി.) 272/01/ഐ.ആർ.ഡി. പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. 2003-2004-ലെ സപ്ലിമെന്ററി ഡിമാൻസ് ഫോർ ഗ്രാന്റിൽ 25 ലക്ഷം രൂപയും 2004-2005-ലെ ബഡ്ജറ്റിൽ 45 ലക്ഷം രൂപയും ഇതിനായി വകയിരുത്തിയിരുന്നു. എന്നാൽ ടി പണിയുടെ ടെണ്ടർ ക്ഷണിച്ച് അനുമതിക്കായി സർക്കാരിലേയ്ക്കയച്ച 2005-2006 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പണിക്ക് തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ടെണ്ടറിന് അനുമതി ലഭിച്ചിട്ടില്ല.

(സി) ഉള്ളൂർ തോടുമായി ബന്ധിക്കുന്ന പട്ടം തോടിന്റെ പ്ലാമൂട്-ഗൗരീശപട്ടം ഭാഗത്തെ തോടിന്റെ ആഴം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 37,70,000 രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

## ജപ്പാൻ കുടിവെള്ള പദ്ധതിയിൽ അത്തോളി പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്താൻ നടപടി

59(1335) ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം കോഴിക്കോട് നഗരത്തിന് പുറമേ ഏതെല്ലാം പഞ്ചായത്തുകളാണ് ശുദ്ധജലം വിതരണം നൽകുന്നതിന് ഇപ്പോൾ സ്ഥലം എടുത്തുകഴിഞ്ഞിട്ടുള്ളത്;

(ബി) അത്തോളി പഞ്ചായത്തുകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) പ്രസ്തുത പദ്ധതിക്കുവേണ്ടി മൊത്തം 26.786 ഹെക്ടർ സ്ഥലം അക്വയർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) അപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## പൈപ്പിൽ വെള്ളം ലഭിക്കാത്ത ഉപഭോക്താക്കളിൽ നിന്നും വെള്ളക്കരം ഈടാക്കുന്ന നടപടി

60(1336) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള കണക്ഷൻ ലഭിച്ചു എങ്കിലും പൈപ്പിൽ വെള്ളം ലഭിക്കാത്ത ഉപഭോക്താക്കളിൽ നിന്നും വെള്ളക്കരം ഈടാക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൈപ്പിൽ ജലം ലഭ്യമാകുന്നതുവരെ ഇങ്ങനെയുള്ള ഉപഭോക്താക്കളിൽ നിന്നും വെള്ളക്കരം ഈടാക്കരുതെന്നുള്ള നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്രകാരം നിർദ്ദേശം നൽകുവാൻ കഴിയുകയില്ല. നിലവിലുള്ള നിയമം അനുസരിച്ച് ജല അതോറിറ്റിയുടെ വാട്ടർ കണക്ഷൻ നിലനിർത്തുവാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾ ഉപഭോഗത്തിന് അനുസരിച്ചുള്ള തുകയോ/പ്രതിമാസ മിനിമം ചാർജ്ജോ വെള്ളക്കരമായി ഒടുക്കാൻ ബാദ്ധ്യസ്ഥരാണ്.

## തലസ്ഥാന നഗരയിലെ കുടിവെള്ള ലഭ്യത വികസിപ്പിക്കുന്നതിന് നടപടി

61(1337) ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നുണ്ടെന്നും എത്ര പേർക്ക് ഇത് ലഭിക്കുന്നില്ലെന്നും വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ ശുദ്ധജല തടാകങ്ങൾ, കുളങ്ങൾ, ചിറകൾ, നീരുറവകൾ എന്നിവയെ നോട്ടിഫൈഡ് ആക്കി പ്രഖ്യാപിക്കാമോ;

(സി) തലസ്ഥാന നഗരിയിലെ കുടിവെള്ള ലഭ്യത വികസിപ്പിക്കുന്നതിനായി ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) 34,45,198 കുടുംബങ്ങൾക്ക് വാട്ടർ അതോറിറ്റി മുഖേന ശുദ്ധജലം ലഭിക്കുന്നുണ്ട്. ഏകദേശം 32 ലക്ഷം കുടുംബങ്ങൾക്ക് ഇപ്പോഴും വാട്ടർ അതോറിറ്റി മുഖേന ശുദ്ധജലം ലഭിക്കുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) തലസ്ഥാന നഗരിയിലെ കുടിവെള്ള ലഭ്യത വികസിപ്പിക്കുന്നതിനായി ജെ.ബി.ഐ.സി. സഹായത്തോടെയുള്ള തിരുവനന്തപുരം വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ നടന്നുവരുന്നു. 2036-ലെ ജല ആവശ്യകത കണക്കിലെടുത്ത് വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി 2008 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2021 വരെയുള്ള ശുദ്ധജല ആവശ്യം ഈ പദ്ധതിയിലൂടെ നിറവേറ്റാൻ സാധിക്കും. കൂടാതെ, പ്രധാന പൈപ്പ്ലൈനുകൾ (ട്രാൻസ്മിഷൻ മെയിൻ) 2036 വരെയുള്ള ആവശ്യത്തിന് മതിയാകും. ശുദ്ധീകരണ ശേഷി, പമ്പ് സെറ്റുകൾ, വിതരണക്കുഴലുകൾ എന്നിവ പിന്നീട് വർദ്ധിപ്പിച്ചാൽ 2036 വരെ ഈ പദ്ധതിയിൽ നിന്ന് ആവശ്യത്തിന് ശുദ്ധജലം ലഭിക്കുന്നതാണ്.

## മീനാട് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം

62(1338) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ മീനാട് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏതുവരെയായി;

(ബി) ഏതൊക്കെ ഘട്ടങ്ങളിലെ പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ജപ്പാൻ കുടിവെള്ള പദ്ധതികളിലെ അഞ്ച് പദ്ധതികളിൽ ഏതാണ് ആദ്യം കമ്മീഷൻ ചെയ്യുവാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ജെ.ബി.ഐ.സി.-യുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന മീനാട് ജലവിതരണ പദ്ധതിയുടെ ടെന്റർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പദ്ധതി 2007-2008 അവസാനത്തോടെ കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) അഞ്ചു പദ്ധതികളുടേയും പണികൾ സമാന്തരമായി പുരോഗമിച്ചു വരികയാണ്. എല്ലാ പദ്ധതികളും 2008 അവസാനത്തോടെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പണി പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികൾ

63(1339) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തിയാക്കിയ എത്ര കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവഴി എത്ര ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് എത്ര കുടിവെള്ള പദ്ധതികളാണ് പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളതെന്നും അവ ഏതൊക്കെയാണെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി ചെറുതും വലുതുമായ 761 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും 886 സ്കൂളുകളിൽ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു. ജനനിധി പദ്ധതിയിലൂടെ 1654 ചെറുകിട ജല വിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭൂജല വകുപ്പ്, രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, എസ്.സി. കോളനികൾക്കായുള്ള പദ്ധതി, മഴവെള്ള ശേഖരണ പദ്ധതി, കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ ചെറുകിട/ഇടത്തരം കർഷകർക്കും കുടിവെള്ളക്ഷാമ പരിഹാരത്തിനായി കുഴൽകിണർ നിർമ്മിച്ച് നൽകുന്നു. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ കുടിവെള്ളക്ഷാമ പരിഹാരത്തിനായി കുഴൽകിണർ നിർമ്മിച്ച് ഹാന്റ് പമ്പ് ഘടിപ്പിച്ചു നൽകുന്നു. സെക്ടർ റിഫോംസ്, കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വജൽധാര-2 കൊല്ലം ജില്ലയിലെ 26 ഗ്രാമപഞ്ചായത്തുകളിലും കാസർഗോഡ് ജില്ലയിലെ 17 ഗ്രാമപഞ്ചായത്തുകളിലുമായി 422 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും 79 സ്കൂൾ കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി നടപ്പാക്കിയ പദ്ധതികൾ വഴി 2564493 ജനങ്ങൾക്ക് പ്രയോജനം ലഭിച്ചു. സെക്ടർ റിഫോംസ്, സ്വജൽധാര 2 പദ്ധതി വഴി കൊല്ലം ജില്ലയിൽ 80,000 ജനങ്ങൾക്കും 15,000 സ്കൂൾ കുട്ടികൾക്കും, കാസർഗോഡ് ജില്ലയിൽ 1,80,000-ൽ പരം ജനങ്ങൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്.

ഭൂജല വകുപ്പ് നടപ്പാക്കിയ പദ്ധതികളിലൂടെ ഏകദേശം ഒരു ലക്ഷത്തി അമ്പതിനായിരം ജനങ്ങൾക്ക് പ്രയോജനം ലഭിച്ചു. ജലനിധി പദ്ധതിയിലൂടേ 4.69 ലക്ഷം പേർക്ക് പ്രയോജനം ലഭിച്ചുവരുന്നു.

(സി) കേരള വാട്ടർ അതോറിറ്റി - പദ്ധതികൾ. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം-1† ആയി ചേർത്തിട്ടുണ്ട്. കൂടാതെ 58 സ്വജൽധാരാ കുടിവെള്ള പദ്ധതികളും മാർച്ച് 31-നുള്ളിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. സെക്ടർ റിഫോംസ്, സ്വജൽധാര 2 പദ്ധതി, കൊല്ലം ജില്ലയിൽ 26 ഗ്രാമപഞ്ചായത്തുകളിലായി താഴെ പറയുന്ന 37 സ്കീമുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വിളക്കുടി-1, കല്ലുവാതുക്കൽ-1, ശാസ്താംകോട്ട-1, തെന്മല-15,

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചൽ-1, ഈസ്റ്റ് കല്ലട-2, ചിതറ-1, കരീപ്ര-1, കരുനാഗപ്പള്ളി-1, കൊറ്റംകര-1, മൈലം-2, പവിത്രേശ്വരം-2, പിറവന്തൂർ-1, പോരുവഴി-1, തൃക്കോവിൽവട്ടം-1, വെളിനല്ലൂർ-1, വെട്ടിക്കവല-2, ഏരൂർ-2. കാസർഗോഡ് ജില്ലയിൽ 7 പദ്ധതികൾ നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണ്. അവ താഴെ ചേർക്കുന്നു.

| പദ്ധതി | | ഗ്രാമപഞ്ചായത്ത് |
|---|---|---|
| കുളംബയൽ ബെർക്ക | - | മീഞ്ച |
| ചന്ദ്രംപാറ | - | ചെങ്കള |
| വെങ്ങാട് | - | ചെറുവത്തൂർ |
| അച്ചാംതുരുത്തി | - | ചെറുവത്തൂർ |
| മയിച്ച വെസ്റ്റ് | - | ചെറുവത്തൂർ |
| തുമ്പ | - | കിനാനൂർ കരിന്തളം |
| എരിക്കുളം എമ്പക്കാൽ | - | മടിക്കൈ |

ഭൂജല വകുപ്പിന് 125 രാജീവ്ഗാന്ധി കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്. അവ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 6 |
| കൊല്ലം | - | 26 |
| വർക്ക്ഷോപ്പ് ആന്റ് സ്റ്റോർസ് | - | 1 |
| ആലപ്പുഴ | - | 1 |
| എറണാകുളം | - | 11 |
| പത്തനംതിട്ട | - | 16 |
| തൃശ്ശൂർ | - | 8 |
| പാലക്കാട് | - | 10 |
| ഇടുക്കി | - | 9 |
| കോട്ടയം | - | 20 |
| മലപ്പുറം | - | 2 |
| കോഴിക്കോട് | - | 4 |
| വയനാട് | - | 3 |
| കണ്ണൂർ | - | 7 |
| കാസർഗോഡ് | - | 1 |

കൂടാതെ ഭൂജല വകുപ്പിന് എസ്.സി. പദ്ധതി പ്രകാരം 53 കോളനികളിൽ പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്. അവ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| കൊല്ലം | - | 9 |
| ആലപ്പുഴ | - | 7 |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| കോട്ടയം | - | 6 |
| എറണാകുളം | - | 7 |
| തൃശ്ശൂർ | - | 15 |
| കണ്ണൂർ | - | 5 |
| കാസർഗോഡ് | - | 4 |

ജലനിധി പദ്ധതി പ്രകാരം 1200 പദ്ധതികൾ നിർവ്വഹണഘട്ടത്തിന്റെ അവസാനത്തിലാണ്. പഞ്ചായത്ത് തിരിച്ചുള്ള പ്രവർത്തന പുരോഗതിയുടെ വിശദ വിവരം അനുബന്ധം-2 † ആയി ചേർത്തിട്ടുണ്ട്.

## മഞ്ചേരി മണ്ഡലത്തിലെ കീഴപറമ്പ് പഞ്ചായത്തിൽ ജലവിതരണം പുനസ്ഥാപിക്കാൻ നടപടി

64(1340) ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ കീഴപറമ്പ് പഞ്ചായത്തിൽ പൈപ്പ്പൊട്ടി ജലവിതരണം മുടങ്ങിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെയായി അതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഇവിടെ ജനങ്ങൾക്ക് എന്നത്തേക്ക് കുടിവെള്ളം നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി, സി) കീഴുപറമ്പ് പഞ്ചായത്തിൽ ജല അതോറിറ്റിയുടെ പൈപ്പ്ലൈൻ സ്ഥാപിച്ചിരുന്നത് പഞ്ചായത്ത് റോഡിലൂടെയായിരുന്നു. എന്നാൽ പഞ്ചായത്ത് പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും അതിനോടനുബന്ധമായി എടുത്ത റോഡു പണിയിൽ ജല അതോറിറ്റിയുടെ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പമ്പിംഗ് മെയിനും വിതരണ ശൃംഖലയും തകരാറിലാവുകയും ചെയ്തു. തന്മൂലം ജലവിതരണം മുടങ്ങിക്കിടക്കുകയാണ്. ജലവിതരണം പുനരാരംഭിക്കുവാൻ പ്രസ്തുത പൈപ്പുകൾ ശരിയാക്കേണ്ടതുണ്ട്. ഇതിന് ഏകദേശം 4.40 ലക്ഷം രൂപ ചെലവ് വരും. ജല അതോറിറ്റിയുടെ ഫണ്ടിന്റെ അപര്യാപ്തത മൂലവും പി.ഡബ്ല്യു.ഡി. റോഡ് പണിയിൽ സംഭവിച്ച തകരാറായതിനാലും പ്രസ്തുത ഫണ്ടിനായി പി.ഡബ്ല്യു.ഡി.-യോടും പഞ്ചായത്തിനോടും മലപ്പുറം ജില്ലാ കളക്ടറോടും കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രവൃത്തിക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി പൂർത്തിയാക്കി കുടിവെള്ളം വിതരണം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## 2005-ലെ വരൾച്ചാ ദുരിതാശ്വാസ ധനസഹായമായി വാട്ടർ അതോറിറ്റിക്ക് കേന്ദ്ര സർക്കാർ നൽകിയ ധനസഹായം

65(1341) ശ്രീ. രാജു എബ്രാഹം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ വരൾച്ചാ ദുരിതാശ്വാസ ധനസഹായമായി വാട്ടർ അതോറിറ്റിക്ക് കേന്ദ്ര സർക്കാർ എത്ര രൂപയാണ് നൽകിയത്;

(ബി) സംസ്ഥാനത്ത് ഓരോ ഡിവിഷനും ഇതിൽനിന്നും എത്ര വീതം തുകയാണ് നൽകിയെതെന്ന് രേഖാമൂലം വെളിപ്പെടുത്താമോ;

(സി) കേന്ദ്ര ധനസഹായം അനുവദിച്ചപ്പോൾ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നൽകിയ ഗൈഡ് ലൈനിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) അടൂർ നിയമസഭാ മണ്ഡലത്തിലെ അടൂർ ഡിവിഷന് എത്ര രൂപയാണ് നൽകിയത്; കോന്നി, റാന്നി, പത്തനംതിട്ട, ആറന്മുള നിയമസഭാ മണ്ഡലങ്ങളടങ്ങിയ പത്തനംതിട്ട ഡിവിഷന് എത്ര രൂപയാണ് നൽകിയത്;

(ഇ) ഫണ്ട് വിതരണത്തിൽ ഇത്തരത്തിൽ ഗുരുതരമായ പക്ഷപാതം ഉണ്ടാകാനുള്ള കാരണം രേഖാമൂലം വ്യക്തമാക്കാമോ;

(എഫ്) 2005-ലെ വരൾച്ചാ കാലഘട്ടത്തിൽ പത്തനംതിട്ട ജില്ലയിൽ ആദ്യം വരൾച്ചബാധിത താലൂക്കായി പ്രഖ്യാപിച്ചത് ഏത് താലൂക്കിനെയാണെന്ന് രേഖാമൂലം വ്യക്തമാക്കാമോ;

(ജി) പത്തനംതിട്ട ഡിവിഷന് നൽകിയ ഫണ്ട് ഏതൊക്കെ പദ്ധതികൾക്ക് എത്ര വീതം തുക നൽകിയെന്ന് വിശദമാക്കാമോ; നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഒരു ശുദ്ധജല വിതരണ പദ്ധതിക്ക് ഈ ഫണ്ട് നൽകിയത് കേന്ദ്രസർക്കാർ നൽകിയ ഗൈഡ് ലൈനിന് വിധേയമായിട്ടാണോയെന്ന് വ്യക്തമാക്കാമോ;

(എച്ച്) പത്തനംതിട്ട ജില്ലയിൽ ആദ്യം വരൾച്ചബാധിത താലൂക്കായി പ്രഖ്യാപിക്കപ്പെട്ട റാന്നി താലൂക്കിൽ പൈപ്പ് നീട്ടുന്നതിന് ഈ ഫണ്ടിൽനിന്നും തുക അനുവദിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

### ഉത്തരം

(എ-എച്ച്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ഭൂജലവകുപ്പിൽ താല്ക്കാലികമായി ജോലി ചെയ്യുന്നവരുടെ എണ്ണം

66(1342) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജലവകുപ്പിൽ എത്ര താല്ക്കാലിക ജീവനക്കാർ പണിയെടുക്കുന്നുവെന്നും ഇവർ ഏതൊക്കെ തസ്തികയിലാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര താല്ക്കാലിക ജീവനക്കാരെ ഏതൊക്കെ തസ്തികകളിൽ നിയമിച്ചു എന്നും 1-1-2005-നു ശേഷം എത്ര പേരെ നിയമിച്ചുവെന്നും വെളിപ്പെടുത്താമോ;

(സി) ടി ജീവനക്കാരെ നിയമിച്ചത് എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേനയാണോന്നും ഇതിൽ കമ്മ്യൂണൽ റൊട്ടേഷൻ പാലിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് മാനദണ്ഡം ഉപയോഗിച്ചാണ് ഇവരെ സ്ഥിരപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഭൂജല വകുപ്പിൽ അഞ്ച് താല്ക്കാലിക ജീവനക്കാർ പണിയെടുക്കുന്നു. ഇവരിൽ 3 പേർ അസി. എഞ്ചിനീയർ തസ്തികയിലും ഒരാൾ അസിസ്റ്റന്റ് എഞ്ചിനീയർ (ഹൈഡ്രോളജി) തസ്തികയിലും ഒരാൾ ജൂനിയർ കെമിസ്റ്റ് തസ്തികയിലും ജോലി ചെയ്യുന്നു.

(ബി) 1-1-2005-നു ശേഷം അഞ്ച് ജീവനക്കാർക്ക് മാത്രമാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം താല്ക്കാലികമായി നിയമനം നൽകിയിട്ടുള്ളത്. ഇവരിൽ 3 പേരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലും ഒരാളെ അസിസ്റ്റന്റ് എഞ്ചിനീയർ (ഹൈഡ്രോളജി) തസ്തികയിലും ഒരാളെ ജൂനിയർ കെമിസ്റ്റ് തസ്തികയിലും നിയമിച്ചിട്ടുണ്ട്.

(സി) താല്ക്കാലികമായി നിയമിക്കപ്പെട്ട അഞ്ചുപേരിൽ നാല് അസി. എഞ്ചിനീയർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും ഒരു കെമിക്കൽ അസിസ്റ്റന്റിനെ പത്രത്തിൽ പരസ്യം ചെയ്തുലഭിച്ച അപേക്ഷകരിൽ നിന്ന് തെരഞ്ഞെടുത്തുമാണ് നിയമിച്ചിട്ടുള്ളത്. നിലവിലുള്ള നിയമപ്രകാരം കമ്മ്യൂണൽ റൊട്ടേഷൻ പാലിച്ചുകൊണ്ടാണ് എംപ്ലോയ്മെന്റ് എക്സേഞ്ചിൽ നിന്നും നിയമനത്തിനായുള്ള ലിസ്റ്റ് നല്കാറുള്ളത്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കേരളത്തിന്റെ താല്പര്യം സംരക്ഷിക്കാൻ ശ്രമിച്ച ഇലക്ട്രിസിറ്റി ബോർഡ് ചീഫ് എഞ്ചിനീയർക്കെതിരെ അച്ചടക്ക നപടി സ്വീകരിച്ചതായി ആക്ഷേപം

67(1343) ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളവും തമിഴ്നാടും തമ്മിലുള്ള നദീജല കൈമാറ്റത്തിന്റെ അളവ് പരിശോധിക്കുന്ന വാട്ടർ റെഗുലേഷൻ ബോർഡിൽ കേരളത്തിന്റെ താൽപര്യം സംരക്ഷിക്കാൻ ശ്രമിച്ച ഇലക്ട്രിസിറ്റി ബോർഡ് ചീഫ് എഞ്ചിനീയറെ സമിതിയിൽ നിന്നും പുറത്താക്കിയതിനുപുറമെ അദ്ദേഹത്തിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും അധികൃതർ ശ്രമിച്ചതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കേരള കൗമുദി ദിനപ്പത്രത്തിൽ വന്ന റിപ്പോർട്ടുകൾ സംസ്ഥാന സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച നിജസ്ഥിതി എന്താണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി, സി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം രൂപീകരിച്ച ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബോർഡിന്റെ യോഗത്തിൽ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിനെ പ്രതിനിധീകരിക്കുന്നതിന് ബന്ധപ്പെട്ട ഒരു ഉദ്യോഗസ്ഥനെ അതാത് സമയത്ത് നിയോഗിക്കുകയാണ് പതിവ്. ഇതു പ്രകാരം 3-3-2006-ൽ കോയമ്പത്തൂരിൽ ചേർന്ന JWRB യോഗത്തിലും വൈദ്യുതി ബോർഡിന്റെ പ്രതിനിധി പങ്കെടുക്കുകയുണ്ടായി.

ചോദ്യത്തിൽ പരാമർശിച്ചതുപോലെ ചീഫ് എഞ്ചിനീയറെ പുറത്താക്കുകയോ ഇത് സംബന്ധിച്ച് അച്ചടക്കനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

## കുറ്റ്യാടി ജലസേചന പദ്ധതി

68(1344) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായി കാർഷികാവശ്യത്തിന് വെള്ളം ലഭ്യമാകുന്ന എത്ര ഏക്കർ കൃഷി ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ

നെൽകൃഷി ചെയ്യുന്ന ഭൂമി എത്ര; മറ്റു കൃഷിഭൂമി എത്ര; എത്ര പഞ്ചായത്തുകൾക്ക് പദ്ധതി ഉപയോഗിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ റിസർവോയറിൽ നിന്നും കുടിവെള്ളാവശ്യത്തിന് വെള്ളം ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ ആയത് വിശദമാക്കുമോ;

(സി) പദ്ധതി ആവശ്യത്തിന് ലക്ഷ്യമിട്ടത്ര വെള്ളം റിസർവോയറിൽ സംഭരിക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) റിസർവോയറിൽ വെള്ളത്തിന്റെ അളവ് കൂടുമ്പോൾ കൈവശ കൃഷിഭൂമിയും വീടുകളും വെള്ളത്തിൽ മുങ്ങിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(എഫ്) ചുറ്റും വെള്ളത്താൽ അകപ്പെട്ടുപോയ മുതുകാട് പ്രദേശത്തെ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ജി) പദ്ധതിക്കാവശ്യമായി ഏറ്റെടുത്തിട്ടുള്ള ഭൂമി പദ്ധതി ആവശ്യത്തിനു പൂർണ്ണമായും ഉപയോഗിക്കുന്നുണ്ടോ; ഭൂമി അന്യാധീനപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) പദ്ധതി ഭൂമി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; പദ്ധതിയുടെ പൂർണ്ണ വിനിയോഗം ഉറപ്പുവരുത്താൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കോഴിക്കോട്, വടകര താലൂക്കുകളിലായി 14569 ഹെക്ടർ കൃഷിഭൂമിയിൽ ജലസേചനം നടത്തുന്നതിനുവേണ്ടിയാണ് കുറ്റ്യാടി ജലസേചന പദ്ധതി വിഭാവനം ചെയ്തത്. ഇതുവരെ 10320 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നുണ്ട്. ഇതിൽ നെൽകൃഷിയുടേയും മറ്റു കൃഷികളുടേയും തരംതിരിച്ചുള്ള കണക്ക് ജലസേചന വകുപ്പിൽ ലഭ്യമല്ല. കോഴിക്കോട് ജില്ലയിലെ നാൽപത്തഞ്ചോളം (45) പഞ്ചായത്തുകൾക്ക് ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കുന്നുണ്ട്.

(ബി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ റിസർവോയറിൽ നിന്നും കേരള വാട്ടർ അതോറിറ്റി പേരാമ്പ്ര, ചക്കിട്ടപ്പാറ, കൂത്താളി, ചങ്ങരോത്ത്, നൊച്ചാട് തുടങ്ങിയ പഞ്ചായത്തുകൾക്ക് വേണ്ടി കുടിവെള്ളാവശ്യത്തിന് ഇപ്പോൾ വെള്ളം ഉപയോഗിക്കുന്നുണ്ട്. കൂടാതെ കോഴിക്കോട് കോർപ്പറേഷനിലെ കുടിവെള്ളത്തിന്റെ ആവശ്യത്തിനായി വേനൽക്കാലത്ത് കക്കോടി ബ്രാഞ്ച് കനാൽ വഴി പൂളക്കടവിൽ നിന്നും വെള്ളം കേരള വാട്ടർ അതോറിറ്റിയ്ക്കും നൽകുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(സി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ ജലസംഭരണിയുടെ പൂർണ്ണ സംഭരണ ശേഷി +44.41 മീറ്ററിൽ 120.52 ദശലക്ഷം ഘനമീറ്ററാണ്. എന്നാൽ ഇതുവരെയായി +43.28 മീറ്ററിൽ 113.590 ദശലക്ഷം ഘനമീറ്റർ ജലം മാത്രമേ സംഭരിച്ചിട്ടുള്ളൂ. +43 മീറ്ററിൽ വെള്ളം സംഭരിക്കുമ്പോൾ തന്നെ മുതുകാട് ഭാഗത്തുള്ള വീടുകളിൽ വെള്ളം കയറുന്നതുകൊണ്ട് പൂർണ്ണശേഷിയിൽ വെള്ളം സംഭരിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി, ഇ) കുറ്റ്യാടി ജലസേചനപദ്ധതിയുടെ പൂർണ്ണശേഷി +44.41 മീറ്ററാണ്. എന്നാൽ +43.00 മീറ്ററിൽ വെള്ളം സംഭരിക്കുമ്പോൾ ജലസംഭരണിപ്രദേശത്തുള്ള വീടുകളിലേക്കും കൃഷിഭൂമിയിലേക്കും വെള്ളം കയറുന്നുണ്ട്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി ജലസംഭരണിയുടെ പൂർണ്ണശേഷിയിലുള്ള സ്ഥലം സർവ്വെ നടത്തി അതിർത്തി പുനർനിർണ്ണയിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(എഫ്) മുതുകാട് ഭാഗത്ത് വെള്ളം കയറുന്ന ഭാഗത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് ജലസേചന വകുപ്പിന്റെ അധീനതയിൽ "കൂവപ്പൊയിൽ" ഭാഗത്തുള്ള സ്ഥലം നൽകുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്കും ചീഫ് എൻജിനീയർ, പ്രോജക്ട്-Iനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പദ്ധതിയുടെ റീ-സർവ്വെ നടത്തി അതിർത്തി പുനർനിർണയിച്ചാൽ മാത്രമേ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

(എച്ച്) പദ്ധതിയുടെ ഭൂമി സംരക്ഷിക്കുന്നുണ്ട്. പദ്ധതിയിൽ പൂർണ്ണശേഷിയിൽ വെള്ളം സംഭരിക്കുന്നതിനുവേണ്ടി അണക്കെട്ടിനെ ബലപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജലസംഭരണിയുടെ സർവ്വെ നടത്തി അതിർത്തി പുനർനിർണ്ണയിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കനാലുകളുടെ അറ്റകുറ്റപണികൾ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നടത്തുന്നുണ്ട്.

## പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി നടപ്പാക്കാനുള്ള കേന്ദ്രസർക്കാരിന്റെ ഉദ്ദേശം

69(1345) ശ്രീ. രാജു എബ്രാഹം:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി നടപ്പാക്കാൻ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നതായി എന്തെങ്കിലും വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതി നടപ്പിലാക്കുന്നതിന് അടിസ്ഥാനമാകുന്ന പഠന റിപ്പോർട്ട് എന്നാണ് തയ്യാറാക്കിയത്; പ്രസ്തുത പഠന റിപ്പോർട്ട് തയ്യാറാക്കിയത് സംസ്ഥാന ഗവൺമെന്റിന്റെ സഹകരണത്തോടുകൂടിയായിരുന്നോ;

(ഡി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പമ്പ-അച്ചൻകോവിൽനദികളിൽ അധികജലമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഇ) പമ്പ-അച്ചൻകോവിൽ നദികളിലെ ജലത്തെ സംബന്ധിച്ച് കേന്ദ്രവും സംസ്ഥാനവും ചേർന്ന് പുതിയ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇൻഡ്യയിലെ നദികളെ പരസ്പരം ബന്ധിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നിർദ്ദേശിക്കപ്പെട്ടതിൽ കേരള ഗവൺമെന്റ് ശക്തമായ പ്രതിഷേധം ബന്ധപ്പെട്ട വ്യക്തികളേയും ഏജൻസിയേയും അറിയിച്ചിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ നദികൾ അന്തർ സംസ്ഥാന നദികളല്ല. ആയതിനാൽ കേരളത്തിലെ നദികളിലെ ജലം മറ്റൊരു സംസ്ഥാനത്തിലേക്ക് തിരിച്ചുവിടണമെന്ന് പറയാൻ അവകാശമില്ല എന്നാണ് കേരളത്തിന്റെ നിലപാട്. അപ്രകാരം ചെയ്യുന്നത് ഭരണഘടനാ ലംഘനമാണ്.

28-12-2004-ൽ ന്യൂഡൽഹിയിൽ വച്ചു നടന്ന ദേശീയ ജല വികസന ഏജൻസിയുടെ 46-ാമത് ഗവേണിംഗ് ബോഡി മീറ്റിംഗിൽ ഈ പദ്ധതിക്കെതിരെയുള്ള കേരളത്തിന്റെ പ്രതിഷേധം കണക്കിലെടുത്ത് പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെ നദീ സംയോജന പദ്ധതിയുടെ പ്രയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുത്തുകയില്ല എന്ന് കേന്ദ്ര ജല വിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(സി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതി നടപ്പിലാക്കുന്നതിന് അടിസ്ഥാനമായ പഠന റിപ്പോർട്ട് 1995-ൽ ആണ് തയ്യാറാക്കിയത്. പഠന റിപ്പോർട്ട് തയ്യാറാക്കിയത് സംസ്ഥാന ഗവൺമെന്റിന്റെ സഹകരണത്തോടു കൂടിയല്ല.

(ഡി) ഉണ്ട്. ദേശീയ ജല വികസന ഏജൻസിയുടെ പഠന റിപ്പോർട്ടിൽ പമ്പ-അച്ചൻകോവിൽ നദികളിലായി ഏകദേശം $3127mm^3$ ജലം മിച്ചം വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഈ അധിക ജലത്തിന്റെ 20 ശതമാനമായ 634 മില്യൻ ക്യൂബിക് മീറ്റർ അഥവാ 22.5 ടി.എം.സി. ജലമാണ് തമിഴ്നാട്ടിലെ വൈപ്പാർ ബേസിനിലേക്ക് തിരിച്ചുവിടാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

## പമ്പ-അച്ചൻകോവിൽ നദികളിൽ ജലം അളക്കാനുള്ള ഉപാധികൾ

70(1346) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. എം. എ. വാഹീദ്:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ നദികളിൽ എവിടെയെല്ലാം ജലം അളക്കാൻ (ഗേജിംഗ്) ഉപാധികൾ സ്ഥാപിച്ചിട്ടുണ്ട്; ആരാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്; ആരുടെ അനുമതിയോടെയാണ് ഇവ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ സ്ഥാപിക്കുന്നതിന് ഗവൺമെന്റിന്റെ അനുവാദം തേടിയിട്ടില്ലെങ്കിൽ ആയത് നീക്കം ചെയ്യാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പമ്പാ നദിയിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ ജലസേചന വകുപ്പിന്റെ ഉമസ്ഥതയിൽ ഗേജിംഗ് ഉപാധികൾ സ്ഥാപിച്ചിട്ടുണ്ട്.

1. കുരുടാമണ്ണിൽ 2. ഏറാപ്പുഴ

പമ്പയിൽ തേക്കതോട് എന്ന സ്ഥലത്ത് ദേശീയ ജലവികസന ഏജൻസി ഗേജിംഗ് കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ കേന്ദ്ര ജല കമ്മീഷന്റെ ഉടമസ്ഥതയിൽ 'മാലക്കരയിൽ' ഗേജിംഗ് ഉപാധി സ്ഥാപിച്ചിട്ടുണ്ട്.

അച്ചൻകോവിൽ നദിയിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിൽ ഗേജിംഗ് ഉപാധികൾ സ്ഥാപിച്ചിട്ടുണ്ട്.

1. കല്ലേലി 2. കോന്നി 3. പന്തളം 4. നാലു കെട്ടുകവല 5. കൊല്ലകടവ്.

അച്ചൻകോവിലാറിലെ ജലം അളക്കുന്നതിന് അച്ചൻകോവിൽ വനമേഖലയിലെ തുറ, വളയം എന്നിവിടങ്ങളിൽ ദേശീയ ജല വികസന ഏജൻസി ഗേജിംഗ് സൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ കേന്ദ്ര ജല കമ്മീഷന്റെ ഉടമസ്ഥതയിൽ തുമ്പമൺ എന്ന സ്ഥലത്ത് ഗേജിംഗ് ഉപാധി സ്ഥാപിച്ചിട്ടുണ്ട്.

മേൽപറഞ്ഞ ഗേജിംഗ് ഉപാധികളിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ളവ കേന്ദ്ര ജല കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് സംസ്ഥാന സർക്കാർ അനുമതിയോടെ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. കേന്ദ്ര ജല കമ്മീഷന്റെ ഉടമസ്ഥതയിലുള്ള ഗേജിംഗ് ഉപാധികൾ കേന്ദ്ര സർക്കാർ അനുമതിയോടെ സ്ഥാപി

LIBRARY ARCHIVES Kerala Legislative Assembly

ക്കപ്പെട്ടിട്ടുള്ളതാണ്. ദേശീയ ജല വികസന ഏജൻസിയുടെ കീഴിലുള്ള ഗേജിംഗ് സൈറ്റുകൾ കേന്ദ്ര ജല മന്ത്രാലയത്തിന്റെ അനുമതിയോടെയാണ് സ്ഥാപിച്ചത് എന്ന വിവരം സ്ഥിരീകരിച്ചുവരുന്നു.

(ബി) ബാധകമല്ല.

## വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം

71(1347) ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം എത്രത്തോളമായി എന്നും ഇതിനകം പൂർത്തീകരിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഇനി എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പണിക്കുവേണ്ടി നാളിതുവരെ എന്തു തുക ചെലവായി എന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) തൃത്താലയിലെ വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം 99% പൂർത്തിയായിട്ടുണ്ട്.

(ബി) പദ്ധതിയുടെ അനുബന്ധ പ്രവൃത്തികളായ ബാങ്ക് കണക്ഷന്റെയും ഫ്ളഡ് ബാങ്കിന്റെയും ഇലക്ട്രിക്കൽ കൺട്രോൾ റൂമിന്റെയും നിർമ്മാണം ഇനി പൂർത്തീകരിക്കുവാനുണ്ട്. ബാങ്ക് കണക്ഷന്റെ പണി 50% പൂർത്തിയായി. ഫ്ളഡ് ബാങ്കിന്റെ പണി ആരംഭദശയിലാണ്. ഈ പ്രവൃത്തികൾ ഈ വർഷം തന്നെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) പ്രസ്തുത പണിക്ക് വേണ്ടി 31-10-2005 വരെ 26.90 കോടി രൂപ ചെലവായിട്ടുണ്ട്.

## കൊല്ലങ്കോട് നിയോജകമണ്ഡലത്തിൽപ്പെട്ട ചുള്ളിയാർ പദ്ധതിയുടെ അറ്റകുറ്റപ്പണി

72(1348) ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് നിയോജകമണ്ഡലത്തിൽപ്പെട്ട ചുള്ളിയാർ പദ്ധതിയുടെ അറ്റകുറ്റപ്പണിക്ക് ബഡ്ജറ്റിൽ വക കൊള്ളിക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതി ജലസമ്പന്നമായതോടുകൂടി അതിന്റെ അറ്റകുറ്റപ്പണി ചെയ്യേണ്ടതായിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ അറ്റകുറ്റപ്പണിക്കാവശ്യമായ തുക ഓരോ വർഷത്തേയും ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) ഇല്ല.

(ബി) മീങ്കര പദ്ധതിയും ചുള്ളിയാർ പദ്ധതിയും ഗായത്രി പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളാണ്. ഇപ്പോൾ മീങ്കര പദ്ധതിയുടെ പേരിൽ മാത്രമേ ഫണ്ട് അനുവദിക്കാറുള്ളൂ. പ്രസ്തുത ഫണ്ട് ഉപയോഗിച്ചാണ് ചുള്ളിയാർ പദ്ധതിയുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നത്.

(സി) ഈ പദ്ധതിയുടെ അറ്റകുറ്റപ്പണികൾ മീങ്കര പദ്ധതിയുടെ പേരിലനുവദിക്കുന്ന ഫണ്ടിൽ നിന്നും നടത്തിവരുന്നുണ്ട്. ആയതിനാൽ ഈ പദ്ധതിക്കായി പ്രത്യേകം തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട ആവശ്യം വരുന്നില്ല.

## സംസ്ഥാനത്തെ ജലസ്രോതസ്സുകളുടേയും നദികളുടേയും സംരക്ഷണത്തിനായുള്ള പദ്ധതികൾ

73(1349) ശ്രീ. വി. കെ. ചന്ദ്രൻ:
ശ്രീ. ടി. കെ. ദേവകുമാർ:
ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെയും നദികളുടെയും സംരക്ഷണത്തിനായുള്ള പദ്ധതികൾക്കുള്ള കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാന സർക്കാർ സമർപ്പിച്ച ഏതെല്ലാം പദ്ധതികളാണ് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ദേശീയ നദി സംരക്ഷണം, കായൽ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അലോട്ട്മെന്റ് സംസ്ഥാനത്തിന് പൂർണ്ണമായും നേടാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പദ്ധതികൾ യഥാസമയം സമർപ്പിക്കുവാൻ കഴിഞ്ഞോ എന്ന് വെളിപ്പെടുത്തുമോ; കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്ന ഏതെല്ലാം ജല/നദീ പദ്ധതികളുടെ വിശദാംശങ്ങളാണ് ഇനിയും സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ബി) സംസ്ഥാനത്തെ നദികളുടെ പാർശ്വസംരക്ഷണത്തിനായി 23 സ്കീമുകൾ ഉൾപ്പെട്ട 47.33 കോടി രൂപ അടങ്കൽ തുക വരുന്ന ഒരു പദ്ധതി 'Critical anti errosion works for States other than Ganga Basin States' എന്ന കേന്ദ്ര സ്കീമിൽ ഉൾപ്പെടുത്തുവാനായി സമർപ്പിച്ചിരുന്നു. എന്നാൽ ഈ പദ്ധതികളൊന്നും തന്നെ പത്താം പഞ്ചവത്സര പദ്ധതിയിൽ പരിഗണിക്കുന്നില്ല എന്ന് കേന്ദ്ര ഗവൺമെന്റ് അറിയിക്കുകയുണ്ടായി.

പമ്പാ നദി മാലിന്യവിമുക്തമാക്കുന്നതിനായി 319.70 കോടി രൂപ അടങ്കൽ തുകയുള്ള മൂന്ന് ഘട്ടങ്ങളായി നടപ്പിലാക്കുന്നതിന് വിഭാവന ചെയ്തിട്ടുള്ള പമ്പാ ആക്ഷൻ പ്ലാൻ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. ഇതിൽ ഒന്നാം ഘട്ടത്തിലെ 18.45 കോടി രൂപ അടങ്കൽ തുകയുള്ള 12 പണികൾക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചു. പമ്പാ ആക്ഷൻ പ്ലാനിന്റെ രണ്ടും മൂന്നും ഘട്ടങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

തിരുവനന്തപുരം ജില്ലയിലെ വേളി-ആക്കുളം തടാകത്തിന്റെ പാരിസ്ഥിതിക പുനരുദ്ധാരണത്തിന് വേണ്ടിയുള്ള 24.56 കോടി രൂപ അടങ്കൽ തുകയുള്ള ഒരു പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ദേശീയ തടാക സംരക്ഷണ പദ്ധതിയുടെ ഭാഗമായി അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യഗഡുവായി 4,29,80,000 രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(സി) ദേശീയ നദീസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയ പമ്പാ ആക്ഷൻ പ്ലാനിലെ ഒന്നാം ഘട്ടത്തിലെ 18.45 കോടി രൂപ അടങ്കൽ തുകയുള്ള 12 പണികൾക്ക് അനുമതി ലഭിച്ചിരുന്നു. ഇതിന്റെ ആദ്യഗഡുവായി 75 ലക്ഷം രൂപ അനുവദിച്ചു. എന്നാൽ വനഭൂമി വിട്ടുകിട്ടുന്നതിന് ഉണ്ടായ താമസംമൂലം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് താമസം നേരിട്ടു. ആയതിനാൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കുവാൻ സാധിച്ചിരുന്നില്ല. ഈ തുക ചെലവഴിച്ചെങ്കിൽ മാത്രമേ കേന്ദ്ര സർക്കാരിൽ നിന്നും ബാക്കിയുള്ള ഗഡുക്കൾ ലഭിക്കുകയുള്ളൂ. എന്നാൽ ഇപ്പോൾ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ വനഭൂമി ലഭ്യമായിട്ടുണ്ട്. അതിനാൽ ബന്ധപ്പെട്ട പദ്ധതികളുടെ നിർമ്മാണം കാലവിളംബം കൂടാതെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പമ്പാ ആക്ഷൻ പ്ലാനിന്റെ രണ്ടും മൂന്നും ഘട്ടങ്ങൾ നടപ്പിലാക്കുന്നതിന് ജെ.ബി.ഐ.സി. വായ്പ ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട പ്രകാരം ഒരു പദ്ധതിറിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഈ റിപ്പോർട്ട് ദേശീയ നദീ സരംക്ഷണ ഡയറക്ടറേറ്റ്, ജെ.ബി.ഐ.സി. എന്നിവയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് മാറ്റങ്ങൾ വരുത്തി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ പുതുതായി നടപ്പിലാക്കിയ ജലസേചന പദ്ധതികൾ

74(1350) ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ പുതുതായി നടപ്പിലാക്കിയ ജലസേചന പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞു; അവ ഏതെല്ലാം;

(സി) പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാമെന്നും അത്തരം പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) പുതുതായി ജലസേചന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

## പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ നദീതീര സംരക്ഷണ പ്രവർത്തനങ്ങൾ

75(1351) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിന്റെ വിവിധ നദീതീരസംരക്ഷണ പ്രവർത്തനങ്ങൾക്കായി 2001-2002 മുതൽ 2005-2006 വർഷം വരെ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയും സംബന്ധിച്ചുള്ള പ്രത്യേകം പ്രത്യേകം കണക്കുകളും ലഭ്യമാക്കുമോ;

(ബി) ഇപ്പോൾ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

### ഉത്തരം

(എ) 2001-2002 മുതൽ 2005-2006 വരെ ആകെ 43,08,053 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(ബി) ഒന്നുമില്ല.

†അനുബന്ധം-II

LIBRARY ARCHIVES Kerala Legislative Assembly

## ഭൂഗർഭ ജല ലഭ്യത സംബന്ധിച്ച് പഠനം

76(1352) ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജല ലഭ്യത സംബന്ധിച്ച് സമീപകാലത്ത് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതിന്റെ ഫലമായി ജല ലഭ്യത കുറയുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും ചേർന്ന ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി 2004-ൽ ഭൂജല ലഭ്യത സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ 2004-ലെ റിപ്പോർട്ട് അനുസരിച്ച് ബ്ലോക്ക് അടിസ്ഥാനത്തിലാണ് ഭൂജല ലഭ്യത കണക്കാക്കിയിരിക്കുന്നത്. പഞ്ചായത്ത് തലത്തിൽ വിശദമായ പഠനം നടത്തിയിട്ടില്ല. അഞ്ച് ബ്ലോക്കുകളെ ഓവർ എക്സ്പ്ലോയിറ്റഡ് (അമിത ഭൂജല ചൂഷണം) ആയും 15 ബ്ലോക്കുകളെ "ക്രിട്ടിക്കൽ" (അമിത ചൂഷണത്തോട് അടുക്കുന്നവ) ആയും 30 ബ്ലോക്കുകളെ സെമി ക്രിട്ടിക്കൽ ആയും 101 ബ്ലോക്കുകളെ 'സേഫ്' ആയും തരം തിരിച്ചിട്ടുണ്ട്. ഇതിൽ ഓവർ എക്സ്പ്ലോയിറ്റഡ് ബ്ലോക്കുകൾ താഴെ പറയുന്നവയാണ്.

1. അതിയന്നൂർ ബ്ലോക്ക് - തിരുവനന്തപുരം ജില്ല
2. ചിറ്റൂർ ബ്ലോക്ക് - പാലക്കാട് ജില്ല
3. കോഴിക്കോട് ബ്ലോക്ക് - കോഴിക്കോട് ജില്ല
4. കാസർഗോഡ് ബ്ലോക്ക് - കാസർഗോഡ് ജില്ല
5. കൊടുങ്ങല്ലൂർ ബ്ലോക്ക് - തൃശ്ശൂർ ജില്ല

(ഡി) ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനായി ഭൂജല വകുപ്പ് കൃത്രിമ ഭൂജല സംരക്ഷണ പദ്ധതിയും മഴവെള്ള ശേഖരണ പദ്ധതിയും നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 57 മഴവെള്ള ശേഖരണ പദ്ധതികൾ പൂർത്തിയായി. 14 മഴവെള്ള ശേഖരണ പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

കൃത്രിമ ഭൂജല സംരക്ഷണ പദ്ധതികളായ തടയണ, അടിയണ എന്നിവ തിരുവനന്തപുരം, കാസർഗോഡ്, പാലക്കാട് ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട്.

ഇവ കൂടാതെ താഴെ പറയുന്ന ഭൂജല റീചാർജ് പദ്ധതിയെ ഭൂജല വകുപ്പ് നടപ്പാക്കിയിട്ടുണ്ട്.

1. ബോർവെൽ റീചാർജ് പദ്ധതി - എരുത്തിയാം പതി പഞ്ചായത്ത്, പാലക്കാട് ജില്ല.
2. സംപോഷണ കുഴിയും സംപോഷണ ബോർവെല്ലും - നവോദന സ്കൂൾ, പെരിയ, കാസർഗോഡ്.
3. തുറന്ന കിണർ വഴിയുള്ള റീചാർജ് - യോഗിമൂല കോളനി, പുൽപ്പള്ളി പഞ്ചായത്ത്, വയനാട് ജില്ല.
4. തുറന്ന കിണർ വഴിയുള്ള റീചാർജ് - തൂമ്പ കോളനി, പുൽപ്പള്ളി പഞ്ചായത്ത്, വയനാട് ജില്ല.
5. തുറന്ന കിണറും ബോർവെല്ലും വഴിയുള്ള റീചാർജ് - ശശിമല മൈക്രോ വാട്ടർ ഷെഡ്, മുള്ളൻകൊല്ലി പഞ്ചായത്ത്, വയനാട് ജില്ല.
6. സംപോഷണ കുഴികൾ, മുൻസിപ്പൽ കണ്ടിജന്റ് കോളനി - ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, തിരുവനന്തപുരം.
7. ബോർവെൽ റീ ചാർജ്ജ് - കലാമണ്ഡലം, തൃശ്ശൂർ.
8. ഓപ്പൺ റീചാർജ് - ധർമ്മടം, കണ്ണൂർ.

മുകളിൽ പറഞ്ഞതു കൂടാതെ വിവിധ ജില്ലകളിലായി 19 പുതിയ റീചാർജ് പദ്ധതികൾക്ക് രൂപം നൽകുകയും ഇതിന് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

കേരള റൂറൽ വാട്ടർ സപ്ലൈ ഏജൻസിയും ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ ഏജൻസി ഉപഭോക്തൃ സമിതികൾക്കായി നിർമ്മിക്കുന്ന കിണറുകളിലെ ജല ലഭ്യത ഉറപ്പുവരുത്തുവാനുള്ള "പോയിന്റ് റീചാർജ്ജ്" പദ്ധതികൾക്കാണ് പ്രാധാന്യം നൽകുന്നത്.

തുടയൂർ, കൂത്താലി, പുതുപ്പാടി, തൂനേരി, മടവൂർ, മരുത്തോം കര, തെന്നിപ്പാലം, പെരുവല്ലൂർ, മൊറയൂർ, ചലവര, ചേലക്കര, കടത്തോട്, അയിലൂർ, തഴക്കോട്, മുള്ളൂർക്കര, കൂടരഞ്ഞി, വഴിക്കടവ്, അഗളി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ വിവിധ തരം കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ ചെയ്തു തീർത്തിട്ടുണ്ട്. കൂടാതെ വിവിധ ഭൂഗർഭ സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിൽ നടപ്പാക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലും വിവിധ ഏജൻസികൾ പദ്ധതികൾക്ക് രൂപം നൽകുന്നതിനായി പഠനം നടത്തിവരുന്നു.

കേന്ദ്ര ഭൂജല ബോർഡ് കേരളത്തിലെ വിവിധ ജില്ലകളിൽ 8 അടിയണകളും പെർക്കോലേഷൻ പോണ്ടുകളും നിർമ്മിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം പ്രവിത്താനം പ്രദേശത്ത് ഒരു റീചാർജ് കിണറും അയടി കടവ് ടൈഡൽ റെഗുലേറ്റർ പദ്ധതിയും കൂടാതെ ഏഴിമല നാവിക അക്കാഡമിയുടെ റീചാർജ്ജ് പദ്ധതിയ്ക്കുവേണ്ടി റീചാർജ് കുഴി, ചാലുകൾ, ഗള്ളിപ്ലഗ് എന്നിവ 8.65 ലക്ഷം രൂപയുടെ ചെലവിൽ നിർമ്മിച്ചിട്ടുണ്ട്.

മേൽക്കൂരയിൽ നിന്നുള്ള മഴവെള്ള ശേഖരണത്തിന് 2 പദ്ധതികൾ മയ്യിൽ ഹരിജൻ കോളനി (കണ്ണൂർ ജില്ല), കളക്ട്രേറ്റ് പരിസരം (കാസർഗോഡ് ജില്ല) എന്നിവിടങ്ങളിലും നടപ്പാക്കിയിട്ടുണ്ട്.

## ജലലഭ്യതയുള്ള ദൂരസ്ഥലങ്ങളിൽ നിന്നും വെള്ളം കൊണ്ടുവന്ന് വിതരണം ചെയ്യുന്ന പദ്ധതി

77(1353) ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലലഭ്യതയുള്ള ദൂരസ്ഥലങ്ങളിൽ നിന്നും വെള്ളം കൊണ്ടുവന്ന് വിതരണം ചെയ്യുന്ന പദ്ധതി ജലനിധി മുഖേന നടപ്പിലാക്കാൻ ഏതെങ്കിലും പഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; എവിടെയെല്ലാം ഇവ നടപ്പാക്കി എന്നി വിശദീകരിക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റ്-ലോകബാങ്ക് കരാർ പ്രകാരം എന്നേക്കായിരുന്നു പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത്; കാലാവധി കഴിഞ്ഞെങ്കിൽ സമയപരിധി ദീർഘിപ്പിച്ചിട്ടുണ്ടോ;

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാത്ത പക്ഷം പഞ്ചായത്തിനും ഗുണഭോക്താക്കൾക്കും വരുന്ന പ്രയാസങ്ങൾ ദൂരീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ജലനിധി പദ്ധതി മുഖേന ജലലഭ്യതയുള്ള ദൂരസ്ഥലങ്ങളിൽ നിന്നും വെള്ളം കൊണ്ടുവന്ന് വിതരണം ചെയ്യുന്ന "കോംപ്രിഹെൻസിവ്" വാട്ടർ സപ്ലൈ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇത്തരത്തിൽ ഒരു പദ്ധതി കോഴിക്കോട് ജില്ലയിലെ ഫറൂക്ക് പഞ്ചായത്തിൽ നടപ്പാക്കുന്നുണ്ട്. ഏകദേശം 18 കിലോമീറ്റർ അകലെനിന്നാണ് പ്രസ്തുത പദ്ധതിക്കുവേണ്ടി ജലം എത്തിക്കുന്നത്. കൂടാതെ മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ്, പോത്തുകൽ എന്നീ പഞ്ചായത്തുകളിലും "കോംപ്രിഹെൻസിവ്" പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഏകദേശം രണ്ടു കി. മീറ്റർ അകലെനിന്നാണ് ഈ പഞ്ചായത്തുകളിൽ ജലംഎത്തിക്കുന്നത്. സുനാമി ബാധിത പ്രദേശങ്ങളായ ചവറ-പന്മന പഞ്ചായത്തുകളിലും ഇതേ രീതിയിൽ ഏകദേശം ഏഴു കി. മീറ്റർ അകലെയുള്ള ശാസ്താംകോട്ട കായലിൽ നിന്ന് ജലം എത്തിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര ഗവൺമെന്റ്-ലോകബാങ്ക് കരാർ പ്രകാരം 2006 ഡിസംബറിലാണ് പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത്. എന്നാൽ ഇത് 2007 ഡിസംബർ വരെ നീട്ടിയിട്ടുണ്ട്.

(സി) ജലനിധി പദ്ധതി 2007 ഡിസംബറിൽ തന്നെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## സ്വജൽധാര പദ്ധതി നടപ്പാക്കേണ്ട രീതി

78(1354) ശ്രീ. എം. എ. വാഹിദ്:

ശ്രീ. കെ. എ. ചന്ദ്രൻ:

ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വജൽധാര പദ്ധതി നടപ്പാക്കേണ്ട രീതി എന്തെന്ന് വിശദീകരിക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ അടയ്ക്കേണ്ട ഗുണഭോക്തൃവിഹിതം എത്രയാണ്; ഈ വിഹിതം അടയ്ക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയാത്തതിനാൽ പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ കഴിയാതെ വന്നിട്ടുണ്ടോ;

(സി) ഈ പദ്ധതി പ്രകാരം കുടിവെള്ള പദ്ധതികൾ നടപ്പാക്കുവാൻ എത്ര നിർദ്ദേശങ്ങൾ ഇപ്പോൾ ഗവൺമെന്റിന്റെ മുൻപാകെയുണ്ട് എന്ന് വിശദമാക്കാമോ?

## ഉത്തരം

(എ) ഗ്രാമീണ ജനതക്കുവേണ്ടി അവർ തന്നെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി പരിപാലിക്കുന്ന കുടിവെള്ള പദ്ധതിയാണ് 2002-2003 വർഷത്തിൽ ആരംഭിച്ച സ്വജൽധാര-1 പദ്ധതി. 90% കേന്ദ്രസഹായമുള്ള ഈ പദ്ധതിയ്ക്ക് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കോ, സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഗുണഭോക്തൃ സമിതികൾക്കോ സ്കൂൾ പി.ടി.എ.-കൾക്കോ അപേക്ഷിക്കാവുന്നതാണ്. ബാക്കി 10% തുകയിൽ 50% ഗുണഭോക്താക്കൾ പണമായി സ്വരൂപിക്കുകയും 50% പദ്ധതിക്കാവശ്യമായ ഭൂമിയായോ, സന്നദ്ധ സേവനമായോ, പണമായോ കണ്ടെത്തുകയും വേണം. പദ്ധതിക്കുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ അതാത് ജില്ലാ വാട്ടർ ആന്റ് സാനിട്ടേഷൻ മിഷന് സമർപ്പിക്കേണ്ടതാണ്. ഇതിലേക്കാവശ്യമായ കേന്ദ്രസഹായം രണ്ടു ഗഡുവായി ജില്ലാ വാട്ടർ ആന്റ് സാനിട്ടേഷൻ മിഷന് ലഭിക്കുന്നതാണ്. ഇതിന്റെ നിർവ്വഹണവും ഭാവി പരിപാലനവും നടത്തേണ്ടത് ഗുണഭോക്തൃ സമിതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ഗ്രാമീണ കുടിവെള്ള വിതരണത്തിനായി രാജിവ്ഗാന്ധി കുടിവെള്ള മിഷൻ സഹായത്തോടെ കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കി വന്നിരുന്ന സെക്ടർ റിഫോംസ് പദ്ധതിയുടെ തുടർച്ചയായി 1-4-2004 മുതൽ സ്വജൽധാര-2 പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഗുണഭോക്തൃ വിഹിതം അടക്കേണ്ടതില്ല. ഗുണഭോക്താക്കളാണ് ഗുണഭോക്തൃവിഹിതം അടക്കേണ്ടത്.

(സി) 2005-2006-ലേക്കുള്ള സ്വജൽധാര-1 പദ്ധതികൾക്കായി അനുവദിച്ച 784.65 ലക്ഷം രൂപക്കുള്ള 106 പ്രൊപ്പോസലുകൾ കേന്ദ്രഗവൺമെന്റിൽ നിന്നും ഒന്നാം ഗഡു തുക ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സ്വജൽധാര-1 പദ്ധതിയിൽ ഉൾപ്പെടുത്തി 105അഡീഷണൽ പ്രൊപ്പോസലുകളും സ്വജൽധാര-2 പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ 6 പഞ്ചായത്തുകളിലായി 150 പ്രപ്പോസലുകളും ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്തു മുഖേന നടപ്പിലാക്കുന്ന സ്വജൽധാര-2 പദ്ധതിയിൽ പുതിയ നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

## ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികളിൽ ഉണ്ടായിട്ടുള്ള പോരായ്മകൾ

79(1355) ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ഡോ. തോമസ് ഐസക്:
ശ്രീ. കെ. വി. കുഞ്ഞിരാമൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ സഹായത്തോടു കൂടിയുള്ള ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പുരോഗമിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പദ്ധതിക്കുവേണ്ടി ഇതിനകം ചെലവഴിക്കപ്പെട്ട തുകയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയായിരുന്നു;

(സി) പദ്ധതിയുടെ ആദ്യഘട്ടം എന്ന് കമ്മീഷൻ ചെയ്യുമെന്നായിരുന്നു വിഭാവനം ചെയ്തിരുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പദ്ധതിക്കുവേണ്ടി വിശദമായ സർവ്വേകൾ നടത്തിയപ്പോൾ നേരത്തെ എസ്റ്റിമേറ്റ് ചെയ്തതിനേക്കാൾ വളരെ കൂടുതൽ റോഡുകളും സ്ഥലങ്ങളും സർവ്വേ നടത്തേണ്ടതായി വന്നതിനാൽ ഡിസൈനുകളും ടെണ്ടർ ഡോക്കുമെന്റുകളും തയ്യാറാക്കുന്നതിലും ആനുപാതികമായി കാലതാമസം ഉണ്ടായി. കൂടാതെ നിലവിലുള്ള കസ്റ്റംസ്, എക്സൈസ് ഡ്യൂട്ടികളിൽ ലഭിക്കാവുന്ന ഇളവുകളെ സംബന്ധിച്ച് അവ്യക്തത നിലനിന്നിരുന്നതിനാൽ ഇക്കാര്യം വിദഗ്ദ്ധരുമായും കസ്റ്റംസ് ഉദ്യോഗസ്ഥരുമായും കൺസൾട്ടേഷൻ നടത്തി യഥാർത്ഥ സ്ഥിതി വിലയിരുത്തുന്നതിനും വളരെ സമയം വേണ്ടിവന്നു. ടെണ്ടർ നിബന്ധനകളെ സംബന്ധിച്ച് വിവാദം ഉണ്ടായതും പദ്ധതി നടത്തിപ്പിൽ കാലതാമസം വരുത്തിയിട്ടുണ്ട്.

(ബി) 31-12-2005-ലെ കണക്കനുസരിച്ച് പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുകയിൽ 28.7 കോടി രൂപ സംസ്ഥാന വിഹിതമാണ്.

(സി) പ്രോജക്ടിൽ ഉൾപ്പെടുന്ന മൂന്ന് പദ്ധതികൾ 2007 ഫെബ്രുവരി മാസത്തിലും മറ്റ് രണ്ട് പദ്ധതികൾ 2007 ആഗസ്റ്റ് മാസത്തിലും പൂർത്തീകരിക്കാനാണ് വിഭാവനം ചെയ്തിരുന്നത്.

## പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പുകൾ സ്ഥാപിക്കാൻ നടപടി

80(1356) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ടാപ്പുകൾ ഇടുന്നതിനുവേണ്ടി ഗ്രാമ പഞ്ചായത്തുകൾ 2005 മാർച്ച് 31-ന് മുമ്പ് വാട്ടർ അതോറിറ്റിക്ക് പണമടച്ചുവെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വരൾച്ചയാണെന്ന കാരണം പറഞ്ഞ് പുതിയ വാട്ടർ കണക്ഷൻ നൽകുന്നത് വാട്ടർ അതോറിറ്റി നിർത്തിവയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗ്രാമപഞ്ചായത്തുകൾ കഴിഞ്ഞ മാർച്ച് 31-ന് മുമ്പ് വാട്ടർ അതോറിറ്റിയിൽ പണമടച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാൻ ആവശ്യമായ നിർദ്ദേശം സർക്കാർ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള ശുദ്ധജലത്തിന്റെ ലഭ്യതക്കുറവുകൊണ്ട് വർക്കുകൾ പൂർത്തീകരിക്കുവാൻ കഴിയാതെ വന്നിട്ടുണ്ട്. ചില സ്ഥലങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ലൊക്കേഷനുകളുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ നിന്നും ലഭിക്കാത്തതിനാലും ചില പണികൾ പൂർത്തീകരിക്കാൻ കഴിയാതെ വന്നിട്ടുണ്ട്. കൂടാതെ ആവശ്യമുള്ള സാധനസാമഗ്രികളുടെ അഭാവവും കരാറുകൾ ഉറപ്പിക്കുവാനുള്ള സാങ്കേതിക കാലതാമസവും വർക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തതിന് കാരണമായിട്ടുണ്ട്.

(സി) മാർച്ച് ഏപ്രിൽ മാസങ്ങളിൽ കടുത്ത വരൾച്ച മൂലം ജല ലഭ്യത കുറയുന്ന പദ്ധതികളിൽ താൽക്കാലികമായി പുതിയ കണക്ഷനുകൾ നൽകുന്നത് നിർത്തിവയ്ക്കാറുണ്ട്. ഗ്രാമപഞ്ചായത്തുകൾ കഴിഞ്ഞ മാർച്ച് 31-ന് മുമ്പ് വാട്ടർ അതോറിറ്റിയിൽ പണമടച്ചിട്ടുള്ള ഒട്ടുമിക്ക പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കാത്തവ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊച്ചി ജലവിതരണ ടെന്ററുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ

81(1357) ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ജലവിതരണ പദ്ധതിയുടെ ടെന്ററുമായി ബന്ധപ്പെട്ട് ഉണ്ടായ ക്രമക്കേടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊച്ചി ജലവിതരണ പദ്ധതിക്ക് പ്രവൃത്തി പരിചയവും സാമ്പത്തിക ഭദ്രതയും യോഗ്യതയും ഇല്ലാത്ത സ്ഥാപനത്തിന് പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ ടെന്റർ നൽകിയിട്ടുണ്ടോ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ ടെന്റർ അനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ സ്വീകരിച്ച ശിക്ഷാ നടപടികൾ എന്തൊക്കെയാണ്;

(ഡി) ക്രമവിരുദ്ധമായി കരാർ നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതു സംബന്ധിച്ച് നടക്കുന്ന വിജിലൻസ് അന്വേഷണത്തിന്റെ വിശദ വിവരം അറിയിക്കുമോ?

### ഉത്തരം

(എ) ക്രമക്കേടുകൾ ഉണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ ടെന്റർ അനുവദിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കൊച്ചി വാട്ടർ സപ്ലൈ സ്കീമുമായി ബന്ധപ്പെട്ട ജോലികൾക്ക് ടെന്ററുകൾ നൽകിയതിലും അനന്തരനടപടികൾ സ്വീകരിച്ചതിലും ഗുരുതരമായ ക്രമക്കേടുകൾ നടന്നു എന്നുള്ള ആരോപണം ഉന്നയിച്ചുകൊണ്ട് തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ ഫയൽ ചെയ്ത ഒരു സ്വകാര്യ അന്യായം, പ്രസ്തുത വിഷയത്തിൽ ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണം എന്നുള്ള ഉത്തരവോടുകൂടി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ചിരുന്നു. അതിൻ പ്രകാരം ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

## ചേലക്കര നിയോജകമണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതികൾ

82(1358) ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന ശുദ്ധജല വിതരണപദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം ഫണ്ടുപയോഗിച്ചാണ് നടപ്പിലാക്കുന്നത്;

(സി) ഓരോ പദ്ധതിയും എപ്പോഴാണ് ആരംഭിച്ചതെന്നും പൂർത്തിയാക്കേണ്ട കാലാവധി എന്നാണെന്നും വെളിപ്പെടുത്തുമോ;

(ഡി) നിർദ്ദിഷ്ട കാലാവധി കഴിഞ്ഞും ഏതെങ്കിലും പദ്ധതികൾ പൂർത്തിയാക്കാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(ഇ) ഭാവിയിലുണ്ടായേക്കാവുന്ന വരൾച്ചക്കു മുൻപായിത്തന്നെ ഈ പദ്ധതികൾ പൂർത്തിയാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ.

1. തിരുവിലാമല കൊണ്ടാഴി പദ്ധതി
2. പങ്ങാരപ്പിള്ളി-പുലാക്കോട് പദ്ധതി
3. കടങ്ങോടിനും സമീപ വില്ലേജുകൾക്കും കൂടിയുള്ള പദ്ധതി
4. ചെറുതുരുത്തി നെടുംപുര പദ്ധതി
5. എ. യു. ഡബ്ല്യു.എസ്.എസ്. ചേലക്കര സെൻസസ് ടൗൺ പദ്ധതി
6. കൊണ്ടാഴി പഞ്ചായത്ത് തേക്കിൻകാട് വാഴോട് ശുദ്ധജല വിതരണ പദ്ധതികളുടെ വിപുലീകരണം.

LIBRARY ARCHIVES Kerala Legislative Assembly

ജലനിധി പദ്ധതികൾ

ചേലക്കര, പഴയന്നൂർ, മുള്ളൂർക്കര, പാഞ്ഞാൾ, തിരുവിലാമല, വള്ളത്തോൾ നഗർ, വരവൂർ എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു.

(ബി)

1. തിരുവിലാമല കൊണ്ടാഴി പദ്ധതി-ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
2. പങ്ങാരപ്പിള്ളി-പുലാക്കോട് പദ്ധതി-ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
3. കടങ്ങോടിനും സമീപ വില്ലേജുകൾക്കും കൂടിയുള്ള പദ്ധതി-28 ആർ. ഡബ്ല്യു.എസ്.എസ്.
4. ചെറുതുരുത്തി നെടുംപുര പദ്ധതി-എൽ.ഐ.സി.
5. എ.യു.ഡബ്ല്യു.എസ്.എസ്. ചേലക്കര-എ.യു.ഡബ്ല്യു.എസ്.പി.
6. തേക്കിൻകാട് വാഴോട് ശുദ്ധജലവിതരണ പദ്ധതി-എം.പി/എം.എൽ.എ./ജില്ലാ പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത് സംയുക്ത ഫണ്ട്.

ജലനിധി പദ്ധതികൾ ലോകബാങ്ക് സഹായത്തോടെയാണ് നടപ്പാക്കുന്നത്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ചെറുതുരുത്തി പദ്ധതിക്ക് സ്ഥല ലഭ്യതയിലെ കാലതാമസവും ഫണ്ടിന്റെ അപര്യാപ്തയും, കടങ്ങോട് പദ്ധതിക്ക് ഫണ്ടിന്റെ അപര്യാപ്തയും ആണ് തടസ്സങ്ങൾ.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

## ഉടുമ്പൻചോല മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

83(1359) ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഇതിൽ എത്ര പദ്ധതികളാണ് കമ്മീഷൻ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

†അനുബന്ധം-III



LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിനുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) നബാർഡ് ധനസഹായത്തോടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; ഇവയുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കുമോ;

(ഡി) ഉടുമ്പൻചോല മണ്ഡലത്തിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ)

1. കട്ടപ്പന - അയ്യപ്പൻകോവിൽ വില്ലേജുകളിലേക്കുള്ള സംയോജിത ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
2. ഇരട്ടയാർ പഞ്ചായത്തിൽ കൽകൂന്തൽ വില്ലേജിലേക്കുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
3. ഉടുമ്പൻചോല വില്ലേജിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി.
4. പ്രധാനമന്ത്രിയുടെ സ്വാതന്ത്ര്യദിന പ്രഖ്യാപനപ്രകാരം ഏറ്റെടുത്ത 101 കുഴൽകിണറുകൾ.
5. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരമുള്ള 21 ഗ്രാമീണ സ്കീമുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതികൾ.
6. 2004 വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലെ 6 പദ്ധതികളുടേയും 2005-ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലെ ഒൻപത് പദ്ധതികളുടെയും പുനരുദ്ധാരണ പണികൾ. മേൽപ്പറഞ്ഞ പദ്ധതികളിൽ 2004 വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലെ ആറ് പദ്ധതികളുടെ പണി പൂർത്തിയായി. ബാക്കിയുള്ള പദ്ധതികളുടെ പണികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) കട്ടപ്പന - അയ്യപ്പൻകോവിൽ വില്ലേജുകളിലേക്കുള്ള സംയോജിത ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിക്ക് 139.50 ലക്ഷം രൂപയും കൽകൂന്തൽ വില്ലേജിലേക്കുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക് 126.23 ലക്ഷം രൂപയും ഉടുമ്പൻചോല വില്ലേജിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 1 ലക്ഷം രൂപയും പ്രധാന മന്ത്രിയുടെ സ്വാതന്ത്ര്യദിന പ്രഖ്യാപന പദ്ധതിയിൽ ഉൾപ്പെടുത്തിയ 101 കുഴൽ കിണറുകൾക്ക് 34.14 ലക്ഷം രൂപയും 2004 വരൾച്ചാ ദുരിതാശ്വാസ പദ്ധതിയുടെ പുനരുദ്ധാരണ പദ്ധതികൾക്ക് 10.84 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ഉടുമ്പൻചോല വില്ലേജിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി. ഈ പദ്ധതിയുടെ കിണറിന്റെയും പമ്പിംഗ് മെയിന്റെയും പണികൾ പുരോഗമിച്ചുവരുന്നു. 4 ജല സംഭരണികളുടെ പണികൾക്കുള്ള ദർഘാസ് നടപടികൾ പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഉടുമ്പൻചോല ടൗണിനു സമീപമുള്ള ജല സംഭരണിയുടെ പണികൾക്കുള്ള കരാർ നടപടി പൂർത്തിയായി. മറ്റ് പദ്ധതി ഘടകങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## എൻ.സി.പി. സ്ക്മീൽ പ്രവർത്തിക്കുന്ന ചാത്തമംഗലം കുടിവെള്ള പദ്ധതി

84(1360) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ലെ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഇപ്പോൾ പ്രവൃത്തികൾ നടക്കുന്ന കുടിവെള്ള പദ്ധതികൾ എത്ര; ഇതിന്റെ പണി എന്ന് പൂർത്തിയാകുമെന്ന് വെളിപ്പെടുത്താമോ;

(ബി) എൻ.സി.പി. സ്കീമിലുള്ള ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ വാർഡ് 4, 5, 6, പ്രവൃത്തിയുടേയും 8, 10, വാർഡിലെ പ്രവൃത്തിയുടേയും ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ?

### ഉത്തരം

(എ) 2001-ലെ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഇപ്പോൾ പ്രവൃത്തികൾ നടക്കുന്ന പതിനൊന്ന് പദ്ധതികളാണുള്ളത്. അവയുടെ പേര് വിവരവും കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിട്ടിരിക്കുന്ന തീയതിയും താഴെ പറയുന്നു.

1. മുക്കം പഞ്ചായത്തിലെ എൻ.സി/പി.സി. വാർഡ് 5, 6-ലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി - 6/2006
2. മുക്കം പഞ്ചായത്തിലെ എൻ.സി/പി.സി. വാർഡ് 7, 10 (പാർട്ട്)-ലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി - 3/2006.
3. മുക്കം പഞ്ചായത്തിലെ എൻ.സി./പി.സി. വാർഡ് 10-ലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി - 3/2006
4. മുക്കം പഞ്ചായത്തിലെ മിനി-ചേന്ദമംഗല്ലൂർ ശുദ്ധജല വിതരണ പദ്ധതി - 6/2006
5. മുക്കം പഞ്ചായത്തിലെ വട്ടോളിപറമ്പ് ശുദ്ധജല വിതരണ പദ്ധതി - 3/2006
6. മുക്കം പഞ്ചായത്തിലെ പണിയരുകുന്ന് ശുദ്ധജല വിതരണ പദ്ധതി - 6/2006.

LIBRARY ARCHIVES Kerala Legislative Assembly

7. ചാത്തമംഗലം പഞ്ചായത്തിലെ എൻ.സി./പി.സി. വാർഡ് 4, 5, 6 - ലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി - 3/2007.

8. ചാത്തമംഗലം പഞ്ചായത്തിലെ ഈഗിൾ പ്ലാന്റേഷൻ ശുദ്ധജല വിതരണ പദ്ധതി - 8/2006.

9. ചാത്തമംഗലം പഞ്ചായത്തിലെ കരിയാത്തൻകുന്ന് ശുദ്ധജല വിതരണ പദ്ധതി - 8/2006

10. ചാത്തമംഗലം പഞ്ചായത്തിലെ എൻ.സി/പി.സി. വാർഡ് 10-ലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി - 3/2007.

11. കയ്യിട്ടാമ്പൊയിൽ ശുദ്ധജല വിതരണ പദ്ധതി - 12/2006.

(ബി) എൻ.സി./പി.സി. സ്കീമിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ വാർഡ് 4, 5, 6-ന്റെ പ്രവൃത്തികൾ ടെന്റർ ചെയ്ത് പണികൾ ആരംഭിച്ചിട്ടുണ്ട്. 8, 10, വാർഡിലെ പ്രവൃത്തികൾ 4, 5, 6 വാർഡിലെ കിണറിന്റെ പണികൾ തീർന്നശേഷം ടെന്റർ ചെയ്ത് പണികൾ ആരംഭിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

## കോട്ടയം നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

85(1361) ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ നാട്ടകം, കുമരകം, തിരുവാർപ്പ്, മണർകാട്, വിജയപുരം പഞ്ചായത്തുകളിൽ അനുവഭപ്പെടുന്ന കുടിവെള്ളക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) മുൻകാലങ്ങളിൽ ചെയ്തതുപോലെ ജലശൃംഖലയിലെ വാൽവുകൾ ക്രമീകരിച്ച് വിതരണ ശൃംഖല മേഖലയായി തിരിച്ച് പല ദിവസങ്ങളിലായി ജലവിതരണം നടത്തി ശുദ്ധജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തെക്കുംകര സമഗ്ര ശുദ്ധജല പദ്ധതിയുടെ പണികൾ

86(1362) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തെക്കുംകര സമഗ്ര ശുദ്ധ ജല പദ്ധതിയുടെ പണികൾ എന്തായി എന്ന് വ്യക്തമാക്കാമോ;

(ബി) ബാക്കി വരുന്ന പണികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തെക്കുംകര ശുദ്ധജലവിതരണ പദ്ധതിയുടെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ഗ്രാവിറ്റി മെയിൻ, പമ്പിംഗ് മെയിൻ എന്നിവ പൂർത്തീകരിച്ചു. വിതരണ ശൃംഖലയുടെ പണികൾ പുരോഗമിച്ചുവരുന്നു. ഉറവിടത്തിന്റെ പണികൾ ആരംഭിച്ചുവെങ്കിലും ഡാമിൽ നിന്നും കനാലിലേക്കുള്ള വെള്ളം തുറന്നുവിട്ടതുമൂലം പണികൾ തടസ്സപ്പെടുകയും തുടർന്ന് പണികൾ നിർത്തി വച്ചിരിക്കുകയുമാണ്.

(ബി) 2006 മാർച്ചിൽ പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ശ്രീ. വി. കെ. ഷാജിക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ റേഡിയേഷൻ വർക്ക് ചെയ്യുന്നതിനുള്ള അംഗീകാരം

87(1363) ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീ. വി. കെ. ഷാജി, ഡയറക്ടർ, ആർ.ആർ.പി.എസ്. പാലക്കാട്, റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ റേഡിയേഷൻ പ്രൊട്ടക്ഷൻ വർക്കുകൾ ചെയ്യുന്നതിന് അംഗീകാരം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

ശ്രീ. വി. കെ.ഷാജി സമർപ്പിച്ച അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. റേഡിയേഷൻ പ്രൊട്ടക്ഷൻ വർക്കുകൾ ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണ്. അതുകൊണ്ടുതന്നെ സ്വകാര്യ വ്യക്തികൾക്ക് ഇതു സംബന്ധിച്ച് അനുമതി നൽകേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന ഗാർഹിക ഉപഭോക്താക്കളുടെ വെള്ളക്കരം പിരിക്കലും നടത്തിപ്പും

88(1364) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന ഗാർഹിക ഉപഭോക്താക്കളുടെ വെള്ളക്കരം പിരിക്കലും നടത്തിപ്പും ഗ്രാമപഞ്ചായത്തുകൾക്ക് പൂർണ്ണമായും കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ നാളിതു വരെ എത്ര ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്;

(ബി) ആയതിനാൽ സാമ്പത്തികശേഷിയുള്ള ഗ്രാമപഞ്ചായത്തുകൾക്ക് മാത്രം വാട്ടർ അതോറിറ്റി നടത്തിയിരുന്ന ജലവിതരണ സമ്പ്രദായം ഏർപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ;

(സി) ഗ്രാമപഞ്ചായത്തുകൾ ശുദ്ധജല വിതരണം കൈമാറുന്നതിന് മുമ്പ് പ്രസ്തുത ഗ്രാമപഞ്ചായത്തുകളുടെ സമ്മതപത്രം എഴുതി വാങ്ങാൻ സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന 1050 ഏക പഞ്ചായത്തു പദ്ധതികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാൻ തീരുമാനിച്ചതിൽ നാളിതുവരെ 184 പദ്ധതികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിക്കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ 1050 പദ്ധതികളിൽപ്പെടാത്ത 119 പദ്ധതികൾകൂടി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിക്കഴിഞ്ഞിട്ടുണ്ട്. (ആകെ 303 പദ്ധതികളുടെ നടത്തിപ്പും വെള്ളക്കരം പിരിക്കലും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിക്കഴിഞ്ഞിട്ടുണ്ട്).

(ബി, സി) കുടിവെള്ളപദ്ധതികളുടെ കൈമാറ്റം രണ്ട് ഘട്ടങ്ങളിലായി നടപ്പിൽ വരുത്താനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ പദ്ധതികൾ ഏറ്റെടുക്കാൻ തയ്യാറാകുന്ന പഞ്ചായത്തുകളെ മാത്രമേ പരിഗണിക്കുകയുള്ളൂ. കേരള വാട്ടർ അതോറിറ്റിയിലെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർ കുടിവെള്ള പദ്ധതി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട പഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതം എഴുതി വാങ്ങുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

## വാട്ടർ അതോറിറ്റിക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകുന്ന തുക

89(1365) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

ശ്രീ. എം. എം. ഹസ്സൻ:

ശ്രീ. കെ. സുധാകരൻ:

ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റിക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ എത്ര തുക നൽകാനുണ്ട്; ഈ തുക എപ്രകാരം പിരിച്ചെടുക്കാനുദ്ദേശിക്കുന്നു; ഗവൺമെന്റ് അവയ്ക്ക് നൽകുന്ന ഗ്രാന്റിൽ നിന്നും ഈ തുക തവണകളായി ഈടാക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

31-3-2005-ലെ കണക്കുകൾ പ്രകാരം 573 കോടി രൂപ ലഭിക്കുവാനുണ്ട്. കുടിശ്ശിക തുക തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും നേരിട്ടും 2004-2005, 2005-2006-ലെ വെള്ളക്കര തുക അവയ്ക്ക് സർക്കാർ നൽകുന്ന ഗ്രാന്റിൽ നിന്നും തവണകളായി ഈടാക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

ശ്രീജാദേവി എന്ന രോഗി നൽകിയ പരാതി

90(1366) ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ ഡോക്ടറായ ശ്രീമതി തങ്കച്ചിക്ക് എതിരെ ശ്രീജാദേവി എന്ന രോഗിയെ സിസ്സേറിയൻ നടത്തിയത് സംബന്ധിച്ച് നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഒന്നിൽ കൂടുതൽ ഗൈനക്കോളജിസ്റ്റ് ഉള്ള ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റ് അല്ലാത്ത ഡോക്ടറക്കൊണ്ട് സിസ്സേറിയൽ നടത്തിച്ചത് നിയമവിരുദ്ധമാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പരാതിയെപ്പറ്റി അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ് (വിജി.) അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) എം.ബി.ബി.എസ് അടിസ്ഥാന യോഗ്യത ഉള്ള ഒരു ഡോക്ടർക്ക് സിസേറിയൻ നടത്തുവാൻ പാടില്ല എന്ന നിബന്ധനകൾ ഒന്നും നിലവിലില്ല.

ചികിത്സാ ധനസഹായ സൊസൈറ്റിയിൽ നിന്നും ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള പദ്ധതി

91(1367) ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായ സൊസൈറ്റിയിൽ നിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള പദ്ധതി പ്രകാരം എത്ര അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതുവർഷംവരെ അപേക്ഷിച്ചവർക്ക് ധനസഹായം നൽകി എന്നും ഏതെല്ലാം ഇനങ്ങൾക്കാണെന്നും തരം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) കഴിഞ്ഞവർഷം എന്ത് തുകയാണ് ഇതിനുവേണ്ടി നീക്കിവച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) എല്ലാ അപേക്ഷകർക്കും യഥാസമയം ധനസഹായം നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2064 (രണ്ടായിരത്തി അറുപത്തിനാല്) അപേക്ഷകളിൻമേൽ ധനസഹായം അനുവദിക്കാനുണ്ട്.

(ബി) അപേക്ഷ ലഭിച്ച തീയതിയോടപ്പം രോഗി ചികിത്സ ആരംഭിച്ച തീയതികൂടി കണക്കിലെടുത്താണ് ധനസഹായം അനുവദിക്കുന്നതിനുള്ള സീനിയോറിറ്റി കണക്കാക്കുന്നത്. ഇപ്രകാരം 31-3-2005 വരെ ലഭിച്ച അപേക്ഷകളിൽ 31-1-2003 വരെ ചികിത്സ തുടങ്ങിയിട്ടുള്ളവർക്കും 17-10-2003-ൽ ചികിത്സ തുടങ്ങിയിട്ടുള്ള കാൻസർ രോഗിക്കും ധനസഹായം നൽകിയിട്ടുണ്ട്. അതേസമയം കാസർഗോഡ്, വയനാട്, ഇടുക്കി എന്നീ പിന്നോക്ക ജില്ലകളിലെ മുഴുവൻ പേർക്കും ധനസഹായം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ഹൃദയ ശസ്ത്രക്രിയയ്ക്കായി 2327 പേർക്കും മസ്തിഷ്ക ശസ്ത്രക്രിയയ്ക്കായി 432 പേർക്കും, കാൻസർ ചികിത്സക്കായി 255 പേർക്കും, വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്കായി 36 പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. 31-3-2005-നു ശേഷം ലഭിച്ച അപേക്ഷകളിൽ ഒന്നും തന്നെ ധനസഹായം അനുവദിച്ചിട്ടില്ല.

(സി) 2004-2005 വർഷത്തിൽ 30 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി നീക്കിവച്ചത്.

(ഡി) എല്ലാ അപേക്ഷകർക്കും യഥാസമയം ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## പീരുമേട് താലൂക്കിൽ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി

92(1368) ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് താലൂക്കിൽ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനാണ് അപേക്ഷകൾ ലഭിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയതിനെ സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചു എന്ന് വിശദീകരിക്കുമോ;

(സി) ഓരോ അപേക്ഷയിലും കൈക്കൊണ്ട തീരുമാനത്തിന്റേയും ഉത്തരവുകളുടേയും പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(ഡി) ഇതിൽ ഏതെല്ലാം സ്ഥാപനങ്ങൾ ആരംഭിച്ചുവെന്നും ഇനി ഏതെല്ലാം ആരംഭിക്കുവാനുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) ആരംഭിക്കുവാൻ കഴിയാത്തത് എന്ത് കൊണ്ടാണെന്ന് വിശദീകരിക്കുമോ;

(എഫ്) പുതുതായി ഏതെല്ലാം പ്രപ്പോസലുകൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പീരുമേട് താലൂക്കിൽ ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറിയും ഒരു ഹോമിയോ ഡിസ്പെൻസറിയും ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) പുതിയ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുമ്പോൾ പരിഗണിക്കേണ്ട പഞ്ചായത്തുകളുടെ ലിസ്റ്റിൽ ഏലപ്പാറ പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഹോമിയോപ്പതി ഡയറക്ടർ നിർദ്ദേശിച്ച പ്രകാരം പുതിയ ഹോമിയോ ഡിസ്പെൻസറികളൊന്നും ആരംഭിച്ചിട്ടില്ല. ഇതിലേയ്ക്കായി പഞ്ചവത്സര പദ്ധതിയിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത കാരണത്താലാണത്.

(സി-ഇ) ബാധകമല്ല.

(എഫ്) പീരുമേട് താലൂക്കാശുപത്രിയുടെ സമഗ്ര വികസനത്തിനായി പ്രസ്തുത ആശുപത്രിയെ എം.ജി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ആരോഗ്യ സുരക്ഷ ഏർപ്പെടുത്തുന്നതിനുള്ള അപേക്ഷ

93(1369) ശ്രീ. ജോർജ് ജെ. മാത്യു:

ശ്രീ. വർക്കല കഹാർ:

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ആരോഗ്യ സുരക്ഷ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി നിലവിൽ വന്നോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ പ്രീമിയം എത്രയാണ്; ആരാണ് പ്രീമിയം അടയ്ക്കേണ്ടത്; എത്ര വീതമാണ് അടയ്ക്കേണ്ടത്; ഗുണഭോക്താക്കൾ നൽകേണ്ട പ്രീമിയത്തിന് തവണ നൽകുവാൻ ഉദ്ദേശമുണ്ടോ;

(സി) ഗുണഭോക്താക്കൾക്ക് ഈ പദ്ധതി വഴി എന്തെല്ലാം ആനുകൂല്യം കിട്ടും; ഈ പദ്ധതിയിലേക്ക് കേന്ദ്രത്തിൽ നിന്ന് എന്ത് സഹായം കിട്ടും എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതിപക്ഷ കക്ഷികൾ അധികാരത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള പൗരന്മാരെ ഈ പദ്ധതിയിൽ ചേർക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 31-1-2006-ലെ സ.ഉ. (എം.എസ്)നം.1/06/ത.സ്വ.ഭ.വ. പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കുള്ള ആരോഗ്യ സുരക്ഷാ പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 31-1-2006-ലെ സ.ഉ.(എം.എസ്) നം. 1/06/ത.സ്വ.ഭ.വ. പ്രകാരം ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം തുകയിൽ കേന്ദ്ര സർക്കാർ വിഹിതം കഴിച്ചുള്ള 99 രൂപ 1:1:1 എന്ന അനുപാതത്തിൽ സംസ്ഥാന സർക്കാർ, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, ഗുണഭോക്താക്കൾ എന്നിവർ വഹിക്കേണ്ടതാണ്. ഇൻഷ്വറൻസ് തുകയുടെ ഒരു വർഷത്തെ പ്രീമിയത്തിന്റെ സംസ്ഥാന സർക്കാർ വിഹിതം ഒരുമിച്ച് മുൻകൂറായി ഒടുക്കുന്നതിന് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സെക്രട്ടറിക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുസമർപ്പിക്കുന്നതാണ്.

(ഡി) ഇല്ല.

മഞ്ചേരി മണ്ഡലത്തിലെ തൃപ്പനച്ചി ഹെൽത്ത് സെന്റർ

94(1370) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ തൃപ്പനച്ചി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; എന്നത്തേക്ക് രോഗികളെ അഡ്മിറ്റ് ചെയ്യാൻ സാധിക്കും എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ ഒഴിവുകളുണ്ടെങ്കിൽ അത് എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ,ബി) മഞ്ചേരി മണ്ഡലത്തിലെ തൃപ്പനച്ചി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല. നിലവിൽ രണ്ട് ഡോക്ടർമാരുടെ തസ്തിക

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഇവിടെ അനുവദിച്ചിട്ടുള്ളൂ. കിടത്തി ചികിത്സ ആരംഭിക്കുന്നതിന് മൂന്നു ഡോക്ടർമാരും അനുബന്ധ ജീവനക്കാരും ആവശ്യമാണ്. അധിക തസ്തികകൾ അനുവദിക്കപ്പെടുന്ന മുറയ്ക്ക് ഇവിടെ കിടത്തി ചികിത്സ ആരംഭിക്കുന്നതാണ്.

(1371, 1372 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

## പി.എച്ച്.സി.കളെ സി.എച്ച്.സി.കളാക്കി ഉയർത്തുന്നതിന് നടപടി

95(1373) ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ. (എം.എസ്) 454/99/എച്ച്.ആന്റ് എഫ്. ഡബ്ല്യു.ഡി. തീയതി 12-11-1999-ാം നമ്പർ ഉത്തരവു പ്രകാരം സംസ്ഥാനത്തെ എത്ര പി.എച്ച്.സി.കളാണ് സി.എച്ച്.സി.കളായി അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്;

(ബി) ഇതിൽ എത്ര സി.എച്ച്.സി.കൾക്ക് പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) തൃശ്ശൂർ ജില്ലയിലെ വാടാനപ്പിള്ളി സി.എച്ച്.സി.-ക്ക് പുതുതായി തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽസ് എന്തെങ്കിലും സർക്കാരിനോ ആരോഗ്യ വകുപ്പ് ഡയറക്ടർക്കോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സർക്കാർ ഉത്തരവ് 454/99/ആ.കു.വ. തീയതി 12-11-1999 പ്രകാരം സംസ്ഥാനത്തെ 18 പി.എച്ച്.സി.കളെ സി.എച്ച്.സികളായി ഉയർത്തിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) ലഭിച്ചതായി കാണുന്നില്ല.

## ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിന് ആവശ്യമായ യോഗ്യതകൾ

96(1374) ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിന് ആവശ്യമായ യോഗ്യതകൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കോഴ്സുകൾ പഠിപ്പിക്കുന്ന അംഗീകൃത സർക്കാർ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(സി) അവയിൽ ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തുന്ന സ്ഥാപനങ്ങൾ എത്രയെണ്ണമുണ്ട്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യോഗ്യതകൾ താഴെ പറയുന്നു.

1. എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യപരീക്ഷ പാസ്സായിരിക്കണം.
2. കേരള സംസ്ഥാന ആരോഗ്യവകുപ്പു നടത്തുന്ന മൾട്ടിപർപ്പസ് വർക്കേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സായിരിക്കണം.
3. ടി 2-ാം നമ്പർ യോഗ്യതയുള്ളവരുടെ അഭാവത്തിൽ ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ് ബോംബെ നൽകുന്ന ഹെൽത്ത് ഇൻസ്പെക്ടർ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് അഥവാ സാനിട്ടറി ഇൻസ്പെക്ടർ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലുമോ തത്തുല്യ യോഗ്യതയോ ഉള്ളവരെ പരിഗണിക്കുന്നതാണ്.

   ടി 3-ാം നമ്പർ യോഗ്യതയുള്ളവർ സർവ്വീസിൽ പ്രവേശിച്ചതിനുശേഷം മൾട്ടിപർപ്പസ് വർക്കേഴ്സ് ട്രെയിനിംഗിന് വിധേയരാകേണ്ടതാണ്.

(ബി) ആരോഗ്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ ട്രെയിനിംഗ് സെന്ററിലും പ്രസ്തുത കോഴ്സ് നടത്തിയിരുന്നു. എന്നാൽ സർക്കാരിന്റെ കീഴിൽ നടത്തിയിരുന്ന ഈ കോഴ്സുകൾ 2000-ൽ നിർത്തലാക്കി. ഇപ്പോൾ ചില സ്വകാര്യ സ്ഥാപനങ്ങളിൽ ഈ കോഴ്സുകൾ നടത്താൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തുന്ന സ്ഥാപനങ്ങളിൽ ആരോഗ്യ വകുപ്പിൽ ഫീൽഡ് അസിസ്റ്റന്റ്/ഇൻസെക്ട് കളക്ടർ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ട്രെയിനിംഗ് നല്കുന്നു.

ഈ സ്ഥാപനങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് നടത്തുന്നില്ല.

ഇടുക്കി ജില്ലയിൽ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട പുതിയ തസ്തികകൾ

97(1375) ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

†അനുബന്ധം-IV

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിലെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട ആശുപത്രികൾ, ഇതര സ്ഥാപനങ്ങൾ എന്നിവയിൽ പുതുതായി ഏതെല്ലാം തസ്തികകൾ ഉണ്ടായിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ ഏതെല്ലാം സ്ഥാപനങ്ങളിലാണ് പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ആയതിന് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ആയതിലേക്ക് നാളിതുവരെ തയ്യാറാക്കായ റിപ്പോർട്ടുകളുടേയും ഉത്തരവുകളുടേയും കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) പുതുതായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ഇടുക്കി ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പു ഡയറക്ടറേറ്റിന് കീഴിലുള്ള സ്ഥാപനങ്ങളിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| അസിസ്റ്റന്റ് സർജൻ | - | 25 |
| സ്റ്റാഫ് നേഴ്സ് | - | 43 |
| നേഴ്സിംഗ് അസിസ്റ്റന്റ് | - | 19 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II | - | 25 |
| ഇ.സി.ജി. ടെക്നീഷ്യൻ | - | 1 |
| എക്സ്റേ ടെക്നിഷ്യൻ | - | 1 |

ആയുർവേദ വകുപ്പിൽ

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ | - | 3 |
| ഫാർമസിസ്റ്റ് | - | 1 |
| അറ്റൻഡർ | - | 3 |
| എക്സ്റേ ടെക്നീഷ്യൻ/ റേഡിയോഗ്രാഫർ | - | 1 |

എന്നീ തസ്തികകളും, ഹോമിയോപ്പതി വകുപ്പിൽ ഒരു റസിഡന്റ് മെഡിക്കൽ ഓഫീസറുടെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പീരുമേട് താലൂക്ക് ആശുപത്രിയിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ഡി) ഇതു സംബന്ധിച്ച് പ്രത്യേക റിപ്പോർട്ടുകളോ, ഉത്തരവുകളോ സർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(ഇ) ഇടുക്കി ജില്ലയ്ക്ക് മാത്രമായി പ്രത്യേകിച്ച് പദ്ധതികളൊന്നും ഇല്ല. ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഹോമിയോപ്പതി വകുപ്പ് ഇടുക്കി ജില്ലയടക്കം മൂന്ന് ജില്ലകളിൽ ഗിരിവർഗ്ഗ പ്രദേശങ്ങളിൽ മാസത്തിൽ രണ്ടു തവണ വീതം മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു.

## ആരോഗ്യവകുപ്പിൽ ഒഫ്താൽമിക് അസിസ്റ്റന്റ് പ്രൊമോഷൻ പോസ്റ്റ്

98(1376) ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വുകുപ്പിൽ അസിസ്റ്റന്റ് പ്രൊമോഷൻ പോസ്റ്റ് ആയ ക്യാമ്പ് പോളിങ്ങ് കോ-ഓർഡിനേറ്റർ തസ്തികയിൽ എത്ര പേർക്ക് പ്രൊമോഷൻ കൊടുക്കാനുണ്ട്; എന്നു മുതലാണ് ഈ പ്രൊമോഷൻ ഡ്യൂ ആയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഡി. പി. സി. കൂടാതെ പ്രൊവിഷണൽ പ്രൊമോഷൻ നടത്താറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികയിലാണ് നടത്താറുള്ളത് എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) രണ്ട് പേർക്ക്. 9-8-2004 മുതൽ ഈ രണ്ട് ഒഫ്താൽമിക് അസിസ്റ്റന്റുമാർ പ്രൊമോഷൻ ലഭിക്കാൻ അർഹത നേടിയിട്ടുണ്ട്.

(ബി) ഉണ്ട്.

1. ജില്ലാ നഴ്സിംഗ് ഓഫീസർ.
2. നഴ്സിംഗ് ഓഫീസർ.
3. നഴിസിംഗ് സൂപ്രണ്ട് ഗ്രേഡ്-I
4. പ്രിൻസിപ്പൽ, ഗവ. നഴ്സിംഗ് സ്കൂൾ.
5. വൈസ് പ്രിൻസിപ്പൽ, ഗവ. നഴ്സിംഗ് സ്കൂൾ.
6. സ്റ്റോർ സൂപ്രണ്ട്.
7. സിവിൽ സർജൻ.
8. ഡെപ്യൂട്ടി ആരോഗ്യ വകുപ്പ് ഡയറക്ടർ.
9. അഡീഷണൽ ആരോഗ്യ വകുപ്പ് ഡയറക്ടർ.
10. സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി ആന്റ് ട്രഷറർ.

LIBRARY ARCHIVES Kerala Legislative Assembly

11. സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് /ലെയ്സൺ ഓഫീസർ.
12. സീനിയർ ഗ്രേഡ് ഒഫ്താൽമിക് അസിറ്റന്റ്.
13. ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആന്റ് മീഡിയാ ഓഫീസർ.
14. ടെക്നിക്കൽ അസിസ്റ്റന്റ്.
15. ജില്ലാ ഫുഡ് ഇൻസ്പെക്ടർ മുതലായ തസ്തികകളിൽ പ്രൊവിഷണൽ പ്രൊമോഷൻ നടത്താറുണ്ട്.

## പബ്ലിക് ഹെൽത്ത് ലാബ്, റീജണൽ ലാബുകൾ എന്നിവയുടെ പ്രവർത്തന സമയം

99(1377) ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പബ്ലിക് ഹെൽത്ത് ലാബ്, റീജണൽ ലാബുകൾ എന്നിവയുടെ പ്രവർത്തന സമയം എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ വൈകി മാത്രം പ്രവർത്തനം ആരംഭിക്കുന്നതായി സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ നിശ്ചിത സമയത്ത് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പബ്ലിക് ഹെൽത്ത് ലാബിൽ നടക്കുന്ന ലാബ് ടെക്നിഷ്യൻ കോഴ്സിന് ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പബ്ലിക് ഹെൽത്ത് ലാബിൽ ഒഴിവുള്ള പ്രോട്ടോ സുവോളജിസ്റ്റ്, മറ്റു ലാബുകളിലെ ജൂനിയർ സയന്റിഫിക്ക് ഓഫീസർ തസ്തികകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പബ്ലിക് ഹെൽത്ത് ലാബ്, റീജിയണൽ ലാബുകൾ എന്നിവ പ്രവർത്തിക്കുന്നത് രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 2 മണി വരെയാണ്.

(ബി, സി) ഇവയുടെ പ്രവർത്തനം കൃത്യസമയത്തുതന്നെ ആരംഭിക്കുന്നു.

(ഡി) പബ്ലിക് ഹെൽത്ത് ലാബറട്ടറിയിൽ എം.എൽ.റ്റി. കോഴ്സ് തുടങ്ങുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. അദ്ധ്യാപകരുടെ യോഗ്യതയും, നിയമനരീതിയും നിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരികയാണ്. ഇതിൽ തീരുമാനമാകുന്ന മുറയ്ക്ക് ടി തസ്തികളിൽ നിയമനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പബ്ലിക് ഹെൽത്ത് ലാബിൽ ഒഴിവുള്ള ജൂനിയർ പ്രോട്ടോ സുവോളജിസ്റ്റ്, മറ്റു ലാബുകളിലെ ജൂനിയർ സയന്റിഫിക് ഓഫീസർ എന്നീ തസ്തികകൾ പ്രൊമോഷൻ വഴി നികത്തുന്നതിന് ഫീഡർ കാറ്റഗറികളിൽ നിലവിൽ അംഗീകൃതമായ സീനിയോരിറ്റി ലിസ്റ്റ് ഇല്ല. അംഗീകൃത സീനിയോരിറ്റി ലിസ്റ്റ് നിലവിൽ വന്ന ശേഷമേ ടി തസ്തികകൾ നികത്താനാകൂ.

## നേഴ്സിംഗ് കോളേജുകളിൽ നിന്ന് വിജയിച്ചുവരുന്നവരെ പ്രൊവിഷണൽ നേഴ്സുമാരായി നിയമിക്കുന്ന വ്യവസ്ഥ

100(1378) ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നേഴ്സിംഗ് സ്കൂളുകളിൽ നിന്നും നേഴ്സിംഗ് കോളേജുകളിൽനിന്നും വിജയിച്ചുവരുന്നവരെ പ്രൊവിഷണൽ നേഴ്സുമാരായി നിയമിക്കുന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമനവ്യവസ്ഥയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് നേഴ്സിംഗ് കോഴ്സ് വിജയിച്ചുവരുന്നവരെ ഇപ്രകാരം സംസ്ഥാന ആരോഗ്യ വകുപ്പിൽ പ്രൊവിഷണലായി നിയമിക്കാൻ വ്യവസ്ഥയുണ്ടോ;

(ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് നേഴ്സിംഗ് കോഴ്സ് വിജയിച്ച എത്ര പേരെ ആരോഗ്യ വകുപ്പിൽ നിയമിച്ചുവെന്നും നിലവിലുള്ള വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഇപ്രകാരം നിയമനം നടത്താനുണ്ടായ സാഹചര്യങ്ങളും വിശദമാക്കാമോ;

(ഇ) വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധമായി നടത്തിയതായാണ് ഈ നിയമനങ്ങൾ എങ്കിൽ അവ റദ്ദാക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരാണ് താത്ക്കാലിക അടിസ്ഥാനത്തിൽ (ബോണ്ടഡ് കാൻഡിഡേറ്റ്) നിയമിതരാകുന്ന സ്റ്റാഫ് നേഴ്സുമാരുടെ നിയമനാധികാരി. അവശ്യ സേവന ഘടകവും അതാതു ജില്ലകളിലെ നേഴ്സുമാരുടെ ഒഴിവുകളുടെ ലഭ്യതയുമനുസരിച്ച് ചട്ടപ്രകാരമാണ് ഇവരെ നിയമിക്കുന്നത്.

(സി) ഇല്ല.

(ഡി) ഇത്തരം നിയമനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇത്തരം നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി കൈക്കൊള്ളുന്നതാണ്.

(1379-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല)

## ലബോറട്ടറികൾ തുടങ്ങുന്നതിനുള്ള നിബന്ധനകൾ

101(1380) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ലബോറട്ടറികൾ തുടങ്ങാൻ സർക്കാർ എന്തെങ്കിലും നിബന്ധനകൾ വച്ചിട്ടുണ്ടോ;

(ബി) ഇവർക്ക് സർക്കാർ ലൈസൻസ് കൊടുത്തിട്ടുണ്ടോ;

(സി) ലാബുകളിലെ ടെസ്റ്റുകൾ ഗുണനിലവാരം ഉള്ളതാണോ എന്ന് നോക്കുവാൻ എന്തെങ്കിലും സംവിധാനം സർക്കാരിനുണ്ടോ;

(ഡി) ലാബുകളിലെ ടെസ്റ്റിന്റെ ഗുണനിലവാരം ഇല്ലാത്തതുമൂലം ചെയ്യുന്ന ടെസ്റ്റിന്റെ ശരിയായി റിസൾട്ട് നെഗറ്റീവ് ആണെങ്കിലും പോസിറ്റീവ് ആയി കൊടുത്ത് ആളുകളെ രോഗികളാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ലാബുകൾ ഗുണനിലവാരം ഉള്ളതാണോ എന്ന് അറിയാൻ എന്തെങ്കിലും സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ ഉടൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പ്രത്യേക നിബന്ധനകൾ നിലവിലില്ല.

(ബി) ലൈസൻസ് കൊടുക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലില്ല.

(സി) നിലവിൽ സംവിധാനമൊന്നുമില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യ രക്ഷാ സ്ഥാപനങ്ങളെ നിയന്ത്രിക്കാനുദ്ദേശിച്ച് ഒരു നിയമം നടപ്പിലാക്കാൻ സർക്കാർ ശ്രമിച്ചുവരുന്നു. കരടു നിയമം ഇപ്പോൾ നിയമ വകുപ്പിന്റെ പരിശോധനയിലാണ്.

## പ്രിൻസിപ്പൽമാരെ നോൺ പ്രാക്ടീസിംഗ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയ നടപടി

102(1381)ശ്രീ. പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. സ്കെയിൽ നടപ്പാക്കിയപ്പോൾ ആയുർവ്വേദ, ഹോമിയോ മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൽമാരെ നോൺ പ്രാക്ടീസിംഗ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയിരുന്നോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) പിന്നീട് ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽമാരെ നോൺ പ്രാക്ടീസിംഗ് കാറ്റഗറിയിൽ നിന്ന് മാറ്റുകയുണ്ടായോ;

(സി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഹോമിയോപ്പതിയുടെ വികസനത്തിലും വളർച്ചയിലും കോളേജുകളുടെ ഭരണപരമായ കാര്യങ്ങളിലും അതീവ ശ്രദ്ധ പതിപ്പിക്കേണ്ട പ്രിൻസിപ്പൽമാരെ നോൺ പ്രാക്ടീസിംഗ് കാറ്റഗറിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആയുർവ്വേദ, ഹോമിയോ മെഡിക്കൽ കോളേജുകളിൽ യു.ജി.സി. സ്കെയിൽ നടപ്പാക്കിയിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

പുതുതായി മെഡിക്കൽ കോളേജുകളും ദന്തൽ കോളേജുകളും അനുവദിക്കാൻ നടപടി

103(1382) ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി മെഡിക്കൽ കോളേജുകളോ ദന്തൽ കോളേജുകളോ ആരംഭിക്കുന്നതിന് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റുകളിൽ നിന്നോ സ്വകാര്യ മാനേജ്മെന്റുകളിൽ നിന്നോ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് തീരുമാനമെടുത്തു; ആരൊക്കായാണ് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷകൾ പരിശോധിച്ചുവരുന്നു. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഹോമിയോ ഡിസ്പെൻസറി

104(1383) ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഗ്രമാപഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി തുടങ്ങുവാൻ വേണ്ട നടപടി സ്വീകരിക്കാമോ?

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പത്താം പഞ്ചവത്സര പദ്ധതിയിൽ ഹോമിയോപ്പതി വകുപ്പിനായി അംഗീകരിച്ച സ്കീമുകളിൽ പുതിയ ഡിസ്പെൻസറി ആരംഭിക്കുവാൻ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഇക്കാര്യം തൽക്കാലം പരിഗണിക്കാൻ കഴിയുകയില്ല.

## വന്ധ്യതാ നിവാരണ ചികിത്സയിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികൾ

105(1384) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

ശ്രീ. കെ. അച്ചുതൻ:

ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്ധ്യതാ നിവാരണ ചികിത്സയിൽ ഏർപ്പെട്ടിട്ടുള്ള എത്ര സ്വകാര്യ ആശുപത്രികൾ സംസ്ഥാനത്തുണ്ട്;

(ബി) ഐ.സി.എം.ആർ. നിർദ്ദേശിച്ച പ്രകാരത്തിലുള്ള ചികിത്സാ സംവിധാനങ്ങൾ ഈ ആശുപത്രികളിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഐ.സി.എം.ആർ-ന്റെ നിർദ്ദേശപ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് വന്ധ്യതാ നിവാരണ ചികിത്സാ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ടത്;

(ഡി) ഇത്തരം ചികിത്സാ കേന്ദ്രങ്ങളിൽ എന്തെങ്കിലും പരിശോധന നടക്കുന്നുണ്ടോ;

(ഇ) ഇത്തരം ചികിത്സാ കേന്ദ്രങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ലഭ്യമായ വിവരങ്ങൾ അനുസരിച്ച് താഴെപ്പറയുന്ന 10 സ്വകാര്യ ആശുപത്രികൾ വന്ധ്യതാ നിവാരണ ചികിത്സയിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നു.

1. സമദ് ഐ.വി.എഫ്., തിരുവനന്തപുരം.
2. കെ.ജെ.കെ. ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ, തിരുവനന്തപുരം.
3. ക്രഡൻസ് ഐ.വി.എഫ്. സെന്റർ, തിരുവനന്തപുരം.
4. ട്രിവാൻഡ്രം ഇൻഫെർട്ടിലിറ്റി ക്ലിനിക്.
5. സൈമർ, ഇടപ്പാൾ.
6. ക്രാഫ്റ്റ്, കൊടുങ്ങല്ലൂർ.

LIBRARY ARCHIVES Kerala Legislative Assembly

7. വിജയ ഇൻഫെർട്ടിലിറ്റി സെന്റർ, എറണാകുളം.

8. ഡോ. കൃഷ്ണൻകുട്ടീസ് ഇൻഫെർട്ടിലിറ്റി ക്ലിനിക്, തൃശ്ശൂർ.

9. ഭാരത് ഹോസ്പിറ്റൽ, കോട്ടയം.

10. ഡോ. പോൾസ് ഇൻഫെർട്ടിലിറ്റി ക്ലിനിക്, കൊച്ചി.

(ബി) വന്ധ്യതാ ചികിത്സാ ക്ലിനിക്കുകൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ലാത്തതിനാൽ ഐ.സി.എം.ആർ. നിർദ്ദേശിച്ച പ്രകാരത്തിലുള്ള ചികിത്സാ സംവിധാനങ്ങൾ ഈ ആശുപത്രികളിൽ ഉണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

(സി) ഐ.സി.എം.ആറിന്റെ ഗൈഡ്ലൈസൻസ് പ്രകാരം എ.ആർ.ടി. ക്ലിനിക്കുകൾക്ക് വേണ്ട അവശ്യ നിർദ്ദേശ രേഖയിൽ 20 ഓളം കാര്യങ്ങൾ സൂചിപ്പിച്ചിരിക്കുന്നു. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

(ഡി) സർക്കാരിന്റെ നിയന്ത്രണത്തിലല്ലാത്തതിനാൽ ഈ ക്ലിനിക്കുകളിൽ പരിശോധന നടത്തുന്നതിന് ഇപ്പോൾ സംവിധാനമില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

## അരിവാൾ രോഗം കാണപ്പെടുന്ന പ്രദേശങ്ങൾ

106(1385) ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. ജോർജ് ജെ. മാത്യു:

ശ്രീ. ടി. യു.രാധാകൃഷ്ണൻ:

ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിവാൾ രോഗം എവിടെയെല്ലാം കാണപ്പെടുന്നു;

(ബി) എത്രപേർക്ക് ഈ രോഗം ബാധിച്ചിട്ടുണ്ട്;

(സി) ഈ രോഗം ബാധിച്ചവർക്ക് ചികിത്സയ്ക്കായി പ്രത്യേക സഹായങ്ങൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

## ഉത്തരം

(എ) പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ.

(ബി) പാലക്കാട് ജില്ലയിൽ 384 ഉം വയനാട് ജില്ലയിൽ 1378 പേർക്കും രോഗം ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(സി) സർക്കാർ ജില്ലാ ആശുപത്രിയിലും താലൂക്ക് ആശുപത്രികളിലും അട്ടപ്പാടി, അഗളി പി.എച്ച്.സി.-കളിലും അരിവാൾ രോഗം ബാധിച്ചവരുടെ കുഞ്ഞുങ്ങൾക്ക് മെനിഞ്ചൈറ്റിസ് രോഗം വരാതം തടയുന്നതിനാവശ്യമായ 'ഹിബ്'

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വാക്സിൻ നല്കിവരുന്നു. 5-12-2003 മുതൽ 30-6-2006 വരെ 50 ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. ഈ രോഗത്തിന്റെ തീവ്രത കുറയ്ക്കാൻ ഹൈഡ്രോക്സിയൂറിയ ഗുളികകളും വൈറ്റമിൻ ഗുളികകളും നൽകിവരുന്നു. വയനാട് ജില്ലയിൽ സന്നദ്ധ സംഘടനയായ മുട്ടിൻ വിവേകാനന്ദ മെഡിക്കൽ മിഷൻ ആശുപത്രിയിലും രോഗ നിർണ്ണയവും ചികിത്സയും ലഭ്യമാണ്.

പാവപ്പെട്ടവർക്ക് ചികിത്സാ സഹായം കൊടുക്കുന്നതിനുള്ള സൊസൈറ്റി വഴി അരിവാൾ രോഗബാധിതർക്ക് 1-12-2005 മുതൽ പരമാവധി 20,000 രൂപ വരെ ചികിത്സയ്ക്കുള്ള സാമ്പത്തിക സഹായവും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## മെഡിക്കൽ കോളേജ് ആശുപത്രികളിൽ ട്രോമ കെയർ യൂണിറ്റുകൾ

107(1386) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

ശ്രീ. പി. ടി. തോമസ്:

ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ എവിടെയെല്ലാം ട്രോമാകെയർ യൂണിറ്റുകൾ നിലവിലുണ്ട്;

(ബി) എവിടെയെല്ലാം ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുവാനുള്ള കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്;

(സി) ഈ കെട്ടിടങ്ങളിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇവിടെ ഈ യൂണിറ്റിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ അഞ്ചു മെഡിക്കൽ കോളേജ് ആശുപത്രികളിലും ട്രോമാകെയർ യൂണിറ്റുകൾ നിലവിലുണ്ട്.

(ബി) തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ യൂണിറ്റിനുവേണ്ടിയുള്ള കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

(സി) ആവശ്യമായ മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫിന്റെ അഭാവം മൂലമാണ് പൂർണ്ണമായും ട്രോമാകെയർ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ പറ്റാതെവന്നിട്ടുള്ളത്.

(ഡി) എല്ലാ മെഡിക്കൽ കോളേജുകളിലും ട്രോമാകെയർ യൂണിറ്റുകൾ ഭാഗികമായി പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള കെട്ടിടങ്ങളിൽ പൂർണ്ണമായും ഈ സെന്ററുകൾ ആറുമാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## സിദ്ധവൈദ്യൻമാരെ സംരക്ഷിക്കാൻ നടപടി

108(1387) ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953-ലെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിൽ പാരമ്പര്യമായി സിദ്ധ ചികിത്സ ചെയ്യുന്ന വൈദ്യൻമാരെ സംരക്ഷിക്കുന്നതിനുവേണ്ട വ്യവസ്ഥയുണ്ടായിരുന്നോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാർ പാരമ്പര്യ വൈദ്യ രജിസ്ട്രേഷൻ ബില്ലിന് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) പാരമ്പര്യമായി സിദ്ധവൈദ്യം പഠിച്ച് ചികിത്സ നടത്തിവരുന്ന വൈദ്യൻമാരെ സംരക്ഷിക്കാനുള്ള വ്യവസ്ഥ നിർദ്ദിഷ്ട ബില്ലിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ;

(ഇ) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) വ്യവസ്ഥയുണ്ടായിരുന്നു.

(ബി) 1953-ലെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ ആക്ട് നിലവിൽ വരുന്നതിന് തൊട്ടുമുമ്പ് കുറഞ്ഞത് അഞ്ചു വർഷത്തെ പ്രാക്ടീസ് ചെയ്തിരുന്ന ഏതൊരു വ്യക്തിക്കും രജിസ്ട്രേഷൻ നൽകാൻ പ്രസ്തുത ആക്ടിലെ 23(ii) പ്രകാരം വ്യവസ്ഥയുണ്ടായിരുന്നു.

(സി-ഇ) സിദ്ധ/പാരമ്പര്യ വൈദ്യൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഒരു ഏകീകൃത മെഡിക്കൽ ബിൽ നടപ്പിലാക്കാൻ സർക്കാർ ശ്രമിച്ചുവരുന്നു. പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടുകയുണ്ടായി. പ്രസ്തുത നിയമത്തിൽ പാരമ്പര്യ വൈദ്യൻമാർക്ക് അംഗീകാരം നൽകുന്ന വ്യവസ്ഥകൾ പുനഃപരിശോധിക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അവർക്ക് അംഗീകാരം നൽകുന്ന വ്യവസ്ഥകൾ നിലനിർത്തി പ്രസ്തുത കരട് നിയമം നിയമസഭയിൽ അവതരിപ്പിക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റുമായി എഴുത്തുകുത്തുകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

109(1388) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പുനരുദ്ധാരണത്തിന് ഈ സർക്കാർ എന്തെല്ലാം വികസന പരിപാടികളാണ് നടപ്പിലാക്കുന്നത്;

(ബി) പുതുതായി എന്തെല്ലാം പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്;

(സി) പഴയ കെട്ടിടങ്ങൾ മാറ്റി പുതിയ കെട്ടിടം പണിയാനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ഡി) പാനൂർ, സി.എച്ച്.സി.-യുടെ പഴയകെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിയാൻ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ തുക ചെലവഴിച്ച് നടപ്പിലാക്കുന്ന പദ്ധതി അംഗീകാരത്തിന് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;മമ

(ഇ) കാലതാമസം ഒഴിവാക്കി പ്രസ്തുത പദ്ധതി അംഗീകരിച്ച് പുതിയ കെട്ടിടം പണിയാൻ അനുവാദം നൽകാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഭരണ നവീകരണ പദ്ധതിയുടെ കീഴിൽ സേവന പ്രദാന പദ്ധതി മുഖേന സംസ്ഥാനത്ത് സി.എച്ച്.സി.-കളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ഭരണ നവീകരണ പദ്ധതിയുടെ കീഴിൽ സേവനപ്രദാന പദ്ധതി നടപ്പാക്കുന്നതിന് 18 സി.എച്ച്.സി.-കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ജില്ലാതലത്തിലും, സ്ഥാപനതലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ആർ.സി.എച്ച്-ന്റെ ഒന്നാംഘട്ട പദ്ധതിയിൽ 75 സി.എച്ച്.സി.കളിൽ ഓപ്പറേഷൻ തീയേറ്റർ/ലേബർ റൂം എന്നിവയുടെ നിർമ്മാണ നവീകരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ടി ആശുപത്രികളിലേക്കാവശ്യമായ സാധന സാമഗ്രികളും ഉപകരങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. ആർ.സി.എച്ചിന്റെ 2-ാം ഘട്ട പദ്ധതി മുഖേന തെരഞ്ഞെടുക്കപ്പെട്ട സി.എച്ച്.സി.കളിൽ ഓപ്പറേഷൻ തീയേറ്റർ/ലേബർ റൂം എന്നിവയുടെ നിർമ്മാണ, നവീകരണ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) നടപ്പിലാക്കാനുദ്ദേശമുണ്ട്.

(ഡി, ഇ) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ആശുപത്രികളിലെ ജീവനക്കാരുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

110(1389) ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് താലൂക്ക് ആശുപത്രികളിൽ സിവിൽ സർജൻ, അസിസ്റ്റന്റ് സർജൻ, സ്റ്റാഫ് നേഴ്സ്, നേഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡർ തുടങ്ങിയ തസ്തികകളിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം നിശ്ചയിക്കുന്നതിന് സ്വീകരിക്കുന്ന നിലവിലുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച ഏറ്റവും പുതുക്കിയ സർക്കാർ ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വെയ്ക്കുമോ?

### ഉത്തരം

(എ) ഗവൺമെന്റ് താലൂക്ക് ആശുപത്രികൾക്ക് മാത്രമായി ഒരു സ്റ്റാഫ് പാറ്റേൺ നിലവിലില്ല. ആശുപത്രികളിൽ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണത്തിന് ആനുപാതികമായി 1961-ൽ പുറത്തിറക്കിയ 13 വിവിധ തസ്തികകളിൽ ജീവനക്കാരുടെ എണ്ണം നിശ്ചയിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവുമാത്രമെ നിലവിലുള്ളൂ.

(ബി) 1961-ലെ സ്റ്റാഫ് പാറ്റേണിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

## പബ്ലിക് ഹെൽത്ത് സെന്ററുകൾ

111(1390) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ വിഭാഗങ്ങളിൽ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ വീതം ആരംഭിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര പി.എച്ച്.സി., സി.എച്ച്.സി. ഡിസ്പെൻസറി, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി എന്നിവ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ അലോപ്പതി, ആയുർവേദം, ഹോമിയോ തുടങ്ങിയവ എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ എത്ര തസ്തികകൾ ഓരോ വിഭാഗത്തിലും ഉണ്ട്; ഇവയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്ര എന്ന് വിശദമാക്കുമോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് എത്ര സ്വകാര്യ ആശുപത്രികൾ ആരംഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലെ നിയമനം

112(1391) ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II പി.എസ്.സി ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്;

(ബി) ലിസ്റ്റ് നിലവിൽ വന്നതിനുശേഷം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) ഇതിൽ സംവരണ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 3-11-2003-ലാണ് പ്രസ്തുത ലിസ്റ്റ് നിലവിൽ വന്നത്.

(ബി) 20 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) സംവരണ വിഭാഗത്തിൽപ്പെട്ട 8 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) റിപ്പോർട്ട് ചെയ്യാൻ ഒഴിവുകൾ നിലവിലില്ല.

(1392-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല)

മലപ്പുറം ജില്ലയിലെ ഒഴിവുകൾ നികത്താൻ നടപടി

113(1393) ശ്രീ. ഇസഹാക് കുരിക്കൾ:
ശ്രീ. പി. കെ. അബ്ദുറബ്ബ്:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly

(എ) മലപ്പുറം ജില്ലയിൽ എത്ര പി.എച്ച്.സി.-കൾ ഉണ്ട്;

(ബി) പി.എച്ച്.സി.-കളിലും സർക്കാർ ആശുപത്രികളിലും ഡോക്ടർമാരുടെ ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) അവ ഏതെല്ലാം ആശുപത്രികളിലാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ ബ്ലോക്ക് പി.എച്ച്.സി.-കൾ ഉൾപ്പെടെ 95 പി.എച്ച്.സി.-കൾ ഉണ്ട്.

(ബി) 21 ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(സി) സിവിൽ സർജൻ

| | | |
|---|---|---|
| പി.എച്ച്.സി., എടവണ്ണ | - | 2 |
| സി.എച്ച്.സി., മലപ്പുറം | - | 1 |
| താലൂക്ക് ആശുപത്രി, പൊന്നാനി | - | 1 |
| താലൂക്ക് ആശുപത്രി, പെരിന്തൽമണ്ണ | - | 1 |
| സി.എച്ച്.സി., വണ്ടൂർ | - | 1 |
| ജില്ലാ ആശുപത്രി, മഞ്ചേരി | - | 2 |

അസിസ്റ്റന്റ് സർജൻ

| | | |
|---|---|---|
| പി.എച്ച്.സി., തിരുവാളി | - | 1 |
| പി.എച്ച്.സി., ആതവനാട് | - | 1 |
| പി.എച്ച്.സി., ചുങ്കത്തറ | - | 2 |
| പി.എച്ച്.സി., പോത്തുങ്ങൽ | - | 1 |
| പി.എച്ച്.സി., കരുവാരക്കുന്ന് | - | 2 |
| പി.എച്ച്.സി., വെളിയാംകോട് | - | 1 |
| സി.എച്ച്.സി., നെടുവ | - | 1 |
| താലൂക്ക് ആശുപത്രി, തിരൂരങ്ങാടി | - | 1 |
| റ്റി. ബി. സെന്റർ, പൊന്നാനി | - | 1 |
| പി.എച്ച്.സി., വഴിക്കാവ് | - | 1 |
| പി.എച്ച്.സി., മേലാറ്റൂർ | - | 1 |

(ഡി) സിവിൽ സർജന്റെ ഒഴിവുകൾ പ്രമോഷൻ വഴി നികത്തുന്നതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അസിസ്റ്റന്റ് സർജന്റെ ഒഴിവുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി. മുഖാന്തിരം 2 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്.

## മഞ്ചേരി മണ്ഡലത്തിലെ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവ് നികത്താൻ നടപടി

114(1394) ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ തൃപ്പനച്ചി, കുഴിമണ്ണ, ചീക്കോട്, കാവനൂർ, അരീക്കോട് ഹെൽത്ത് സെന്ററുകളിൽ/ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകളുണ്ടോ;

(ബി) ഡോക്ടർമാർ ഇല്ലാത്തതിനാൽ എത്ര ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല എന്ന് വ്യക്തമാക്കാമോ;

(സി) ആശുപത്രികളിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്തി രോഗികളെ കിടത്തി ചികിത്സിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി, സി) മഞ്ചേരി മണ്ഡലത്തിലെ അരീക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മാത്രമേ രോഗികളെ കിടത്തി ചികിത്സിക്കുന്നുള്ളൂ. മറ്റ് കേന്ദ്രങ്ങളിൽ അനുബന്ധ സൗകര്യങ്ങൾ ലഭ്യമല്ല.

## ദന്തൽ കോളേജുകളിലെ ഒഴിവുകൾ നികത്താൻ നടപടി

115(1395) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദന്തൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിൽ നിയമനം നടത്തുന്നതിന് എത്ര പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്നും, അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) വിവിധ വിഭാഗങ്ങളിലെ തസ്തികളിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ദന്തൽ കോളേജുകളിലെ പ്രൊമോഷനുവേണ്ടിയുള്ള ഡി.പി.സി. യഥാസമയം കൂടാറുണ്ടോ; ഉണ്ടെങ്കിൽ അവസാനമായി കൂടിയത് എന്നാണ്;

(ഡി) ഡി.പി.സി. യഥാസമയം കൂടാത്തതുകൊണ്ട് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കഴിയുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിലവിലുള്ള ലിസ്റ്റുകളുടെ കാലാവധി കഴിയുന്നതിനുമുമ്പുതന്നെ നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദന്തൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിൽ നിയമനം നടത്തുന്നതിന് ആകെ അഞ്ച് റാങ്ക് ലിസ്റ്റുകൾ ഇപ്പോൾ നിലവിലുണ്ട്.

1. ഓർത്തോഡോൺഡിക്സ്
2. കൺസർവേറ്റീവ് ഡന്റിസ്ട്രി
3. ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി
4. ഓറൽ ആന്റ് മാക്സിലോഫേഷ്യൽ സർജറി
5. പ്രോസ്തോഡോൺഡിക്സ്

(ബി)

| | | |
|---|---|---|
| 1. ഓർത്തോഡോൺഡിക്സ് | - | 5 |
| 2. കൺസർവേറ്റീവ് ഡന്റിസ്ട്രി | - | 7 |
| 3. ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി | - | 6 |
| 4. ഓറൽ ആന്റ് മാക്സിലോഫേഷ്യൽ സർജറി | - | 3 |
| 5. പ്രോസ്തോഡോൺഡിക്സ് | - | 10 |
| 6. പെരിയോഡോൺഡിക്സ് | - | 7 |
| 7. പീഡിഡോൺഡിക്സ് | - | 4 |
| 8. ഓറൽ പത്തോളജി ആന്റ് മൈക്രോബയോളജി | - | 4 |

(സി, ഡി) ദന്തൽ കോളേജുകളിലെ പ്രൊമോഷനുവേണ്ടി ഡി. പി. സി. യഥാസമയം കൂടാറുണ്ട്. 19-11-2005-ലാണ് അവസാനമായി ഡി.പി.സി കൂടിയത്.

(ഇ) സ്വീകരിക്കുന്നതാണ്.

ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനത്തിനായി അവശേഷിക്കുന്നവർ

116(1396) ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമന വ്യവസ്ഥകളനുസരിച്ച് ആരോഗ്യ വകുപ്പിൽ നിയമനാവകാശികളായി എത്ര പേർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ കാറ്റഗറിയിലും ശേഷിക്കുന്നവരുടെ അംഗസംഖ്യ വെളിപ്പെടുത്താമോ;

(സി) എന്ന് മുതലുള്ള ഉദ്യോഗാർത്ഥികൾ നിയമനം കാത്ത് കഴിയുന്നുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അടിയന്തിര ആശ്വാസമെന്ന നിലയിൽ ലഭ്യമാക്കേണ്ട ഈ സഹായം നീണ്ടുപോകുന്നതുകൊണ്ട് മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ കുറയ്ക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്:

343 പേർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതിൽ 132 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

7 പേർ

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്

4 പേർ

ഭാരതീയ ചികിത്സാ വകുപ്പ്

30 പേർ

ഹോമിയോപ്പതി വകുപ്പ് ആന്റ് ഹോമിയോമെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

വിവരം ശേഖരിച്ചുവരുന്നു

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

| | | |
|---|---|---|
| എൽ. ഡി. ക്ലാർക്ക് | - 334 | (സർക്കാർ നിയമന ഉത്തരവ് ലഭിച്ചവർ ഉൾപ്പെടെ) |
| പ്യൂൺ | - 2 | |
| സ്റ്റാഫ് നേഴ്സ് | - 2 | |
| പി. റ്റി. സ്വീപ്പർ | - 2 | |
| അസിസ്റ്റന്റ് സർജൻ | - 1 | |
| ലക്ചറർ (ഓർത്തോ ഡെന്റിക്) | - 1 | |
| ഹെൽത്ത് അസിസ്റ്റന്റ് | - 1 | |

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്

| | |
|---|---|
| ലോവർ ഡിവിഷൻ ക്ലാർക്ക് | - 5 |
| ലാസ്റ്റ് ഗ്രേഡ് (ക്ലാസ് 4) | - 2 |

LIBRARY ARCHIVES Kerala Legislative Assembly

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്

| | |
|---|---|
| എൻ.ജി.ഒ. | - 3 |
| ലാസ്റ്റ് ഗ്രേഡ് | - 1 |

ഭാരതീയ ചികിത്സാ വകുപ്പ്

| | |
|---|---|
| ലോവർ ഡിവിഷൻ ക്ലാർക്ക് | - 25 |
| പ്യൂൺ | - 5 |

ഹോമിയോപ്പതി വകുപ്പ് ആന്റ് ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസവകുപ്പ്

വിവരം ശേഖരിച്ചുവരുന്നു.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

19-7-2001 മുതൽ

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്

15-1-2005 മുതൽ

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്

2003 മുതൽ

ഭാരതീയ ചികിത്സാ വകുപ്പ്

2001 മുതൽ

ഹോമിയോപ്പതി വകുപ്പ് & ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

വിവരം ശേഖരിച്ചുവരുന്നു.

(ഡി) ആരോഗ്യ വകുപ്പിൽ നിലവിൽ 50% ഒഴിവുകൾ ആശ്രിത നിയമനം വഴിയും ബാക്കി 50% പി.എസ്.സി.-യ്ക്ക് റിപ്പോർട്ടു ചെയ്യുവാനും ഉള്ള നിർദ്ദേശമാണുള്ളത്.

## സർക്കാർ/സ്വകാര്യ/സ്വാശ്രയ മേഖലകളിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് കോളേജുകൾ

117(1397) ശ്രീ. കെ. പി. രാജേന്ദ്രൻ:

ശ്രീ. എം. കുമാരൻ:

ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സ്വകാര്യ മേഖലയിലും സർക്കാർ ഉടമസ്ഥതയിലും സ്വാശ്രയ മേഖലയിലുമായി എത്ര നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കോളേജുകളിലായി ഡിഗ്രി കോഴ്സുകളിലും ജനറൽ നഴ്സിംഗ് കോഴ്സിലുമായി എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജോലി സാദ്ധ്യത കണക്കിലെടുത്ത് ഈ മേഖലയിലുള്ള സൗകര്യങ്ങളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ-സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ (പി.എച്ച്.സി. മുതൽ എല്ലാ തലത്തിലുമുള്ള ആശുപത്രികളിൽ) പരിശീലനത്തിന് (പ്രായോഗിക ട്രെയിനിംഗ്) അനുമതി നൽകിയിട്ടുണ്ടോ;

(ഇ) ഇതിനായി എത്ര രൂപയാണ് വാർഷിക ഫീസായി സ്വകാര്യ സ്വാശ്രയ നഴ്സിംഗ് കോളേജുകൾ സർക്കാർ ആശുപത്രിയിൽ അടയ്ക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നേരത്തെയുള്ള ഫീസിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയായി കുറച്ചു;

(ജി) ഉയർന്ന ഫീസും മറ്റും വാങ്ങി നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് ഫീസ് കുറവ് ചെയ്യുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ച കാരണം വ്യക്തമാക്കാമോ?

## ഉത്തരം

(എ) ബി.എസ്.സി. നഴ്സിംഗിന് സ്വകാര്യ മേഖലയിൽ അൻപത്തി ഒന്നും (51) സർക്കാർ ഉടമസ്ഥതയിൽ മൂന്നും (3) യൂണിവേഴ്സിറ്റികളുടെ നിയന്ത്രണത്തിൽ ഏഴും (7) നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നു. പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് സ്വകാര്യ മേഖലിയിൽ നാല് (4), യൂണിവേഴ്സിറ്റികളുടെ നിയന്ത്രണത്തിൽ രണ്ട് (2) കോളേജുകൾ നടത്തുന്നു, എം.എസ്.സി. നഴ്സിംഗ് കോഴ്സ് സർക്കാർ ഉടമസ്ഥതയിലുള്ള 3 കോളേജുകളിലും നടത്തുന്നുണ്ട്.

(ബി) ബി.എസ്.സി. നഴ്സിംഗ് കോഴ്സിനും പോസ്റ്റ്ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിനും ജനറൽ നഴ്സിംഗിനും പരമാവധി 50 വിദ്യാർത്ഥികൾക്കു വീതം പ്രവേശനം ലഭിക്കുന്നതാണ്. എം.എസ്.സി. നഴ്സിംഗിന് പരമാവധി 80 പേർക്ക് പ്രവേശനം ലഭിക്കുന്നതാണ്.

(സി) ഇന്ത്യയിലും വിദേശത്തും നഴ്സിംഗ് മേഖലയിൽ നിലവിലുള്ള തൊഴിൽ സാദ്ധ്യത കണക്കിലെടുത്താണ് വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നത്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികൾ 1000 രൂപാ വീതവും, ജനറൽ നഴ്സിംഗ് വിദ്യാർത്ഥികൾ 500 രൂപ വീതവും വാർഷിക ഫീസായി സർക്കാർ ആശുപത്രികളിൽ അടയ്ക്കേണ്ടതുണ്ട്.

(എഫ്) നേരത്തെ ഇത്തരം ട്രെയിനിംഗിന് നിശ്ചയിച്ചിരുന്നത് 250 രൂപയാണ്. ഈ തുക പിന്നീട് ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥിക്ക് 2000 രൂപയായും ജനറൽ നഴ്സിംഗ് വിദ്യാർത്ഥിക്ക് 1000 രൂപയായും വർദ്ധിപ്പിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിഗണിച്ച് മേൽപ്രകാരം ഉയർത്തിയ നിരക്ക് യഥാക്രമം 1000 രൂപയായും 500 രൂപയായും നിജപ്പെടുത്തുകയാണ് ഉണ്ടായത്.

(ജി) ക്ലിനിക്കൽ പരിശീലനത്തിന് വിദ്യാർത്ഥികളാണ് ഫീസ് അടയ്ക്കേണ്ടത്. വർദ്ധിച്ച ഫീസ് കുറവു ചെയ്യണമെന്ന വിദ്യാർത്ഥികളുടേയും കോളേജ് മാനേജ്മെന്റുകളുടേയും അപേക്ഷ പരിശോധിച്ചാണ് സർക്കാർ ഇതിനുള്ള ഫീസ് 1000 രൂപയായും 500 രൂപയായും നിശ്ചയിച്ചത്.

## മെഡിക്കൽ റിക്കോർഡ് ലൈബ്രറി

118(1398) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആശുപത്രികളിലാണ് മെഡിക്കൽ റിക്കോർഡ് ലൈബ്രറികൾ പ്രവർത്തിക്കുന്നത്;

(ബി) സംസ്ഥാനത്ത് എല്ലാ താലൂക്ക് ആശുപത്രികളിലും, നൂറിൽ കൂടുതൽ കിടക്കകളുള്ള ആശുപത്രികളിലും മെഡിക്കൽ റിക്കോർഡ് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഏതൊക്കെ ആശുപത്രികളിൽ പ്രവർത്തിക്കുന്നില്ല എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ആശുപത്രികളിൽ മെഡിക്കൽ റിക്കോർഡ് ലൈബ്രറികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് മെഡിക്കൽ റിക്കോർഡ് ലൈബ്രറികളിൽ ലൈബ്രേറിയൻമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എത്ര തസ്തികകളാണെന്ന് വ്യക്തമാക്കാമോ; ഈ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ജി) സംസ്ഥാനത്തെ മെഡിക്കൽ റിക്കോർഡ് ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുകയും ഇവയെ ഏകോപിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ആസ്ഥാനത്ത് മെഡിക്കൽ റിക്കോർഡ് സെൽ രൂപീകരിക്കാനുമുള്ള നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് ഏതെല്ലാം സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾ യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്;

(ഐ) മതിയായ പരിശീലനം ഇല്ലാത്ത ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ബിരുദധാരികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്ന മുൻരീതി നിലനിറുത്തുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ 51 സ്ഥാപനങ്ങളിലാണ് മെഡിക്കൽ റിക്കോർഡ് ലൈബ്രറികൾ പ്രവർത്തിക്കുന്നത്.

(ബി) ഇല്ല.

(സി) ജില്ലാ ആശുപത്രി, കോഴഞ്ചേരി
താലൂക്ക് ആശുപത്രി, പുനലൂർ
താലൂക്ക് ആശുപത്രി, അടൂർ
താലൂക്ക് ആശുപത്രി, ചെങ്ങന്നൂർ
താലൂക്ക് ആശുപത്രി, പുളിംകുന്ന്
താലൂക്ക് ആശുപത്രി, നെടുങ്കണ്ടം
താലൂക്ക് ആശുപത്രി, അടിമാലി
താലൂക്ക് ആശുപത്രി, കോതമംഗലം
താലൂക്ക് ആശുപത്രി, ഇരിഞ്ഞാലക്കുട
താലൂക്ക് ആശുപത്രി, ചാവക്കാട്
താലൂക്ക് ആശുപത്രി, വടക്കാഞ്ചേരി
താലൂക്ക് ആശുപത്രി, കൊടുങ്ങല്ലൂർ
താലൂക്ക് ആശുപത്രി, ചിറ്റൂർ
താലൂക്ക് ആശുപത്രി, ആലത്തൂർ
താലൂക്ക് ആശുപത്രി, മണ്ണാർക്കാട്
താലൂക്ക് ആശുപത്രി, പൊന്നാനി
താലൂക്ക് ആശുപത്രി, പെരിന്തൽമണ്ണ
താലൂക്ക് ആശുപത്രി, കൊയിലാണ്ടി
താലൂക്ക് ആശുപത്രി, വൈത്തിരി



LIBRARY ARCHIVES Kerala Legislative Assembly

താലൂക്ക് ആശുപത്രി, സുൽത്താൻബത്തേരി, എന്നിവിടങ്ങളിലും

ഗവ. ആശുപത്രി, കായംകുളം

ഗവ. ആശുപത്രി, പള്ളുരുത്തി

ഗവ. ആശുപത്രി, ചാലക്കുടി

ഗവ. ആശുപത്രി, മലപ്പുറം

ഗവ. ആശുപത്രി, പയ്യന്നൂർ, കൂടാതെ കോഴിക്കോട് ജില്ലാ ടി. ബി. സെന്ററിലും, നൂറനാട് ലെപ്രസി സാനറ്റോറിയത്തിലും മെഡിക്കൽ റിക്കോർഡ് ലൈബ്രറി പ്രവർത്തിക്കുന്നില്ല.

(ഡി) സർക്കാരിന്റെ സാമ്പത്തിക നിലക്ക് അനുസരിച്ച് പുതിയതായി തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ 21 തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്. നടപടി സ്വീകരിക്കുന്നുണ്ട്.

(ജി) സർക്കാരിന്റെ സാമ്പത്തിക നിലയ്ക്ക് അനുസരിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

(എച്ച്) കേരളത്തിൽ കോട്ടയം ഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ടി ഓഫ് മെഡിക്കൽ സയൻസസ്, ന്യൂഡെൽഹി (ഇവിടത്തെ ഡിപ്ലോമ കോഴ്സുകൾ ഒഴികെ) എന്നീ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾ യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

(ഐ) നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നടപടി കൈക്കൊള്ളുന്നതാണ്.

## ഭക്ഷ്യവസ്തുക്കളിൽ മായം

119(1399) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ വ്യാപകമായി നടക്കുന്നുണ്ടെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) മാരകമായ അസുഖങ്ങൾ ഉണ്ടാക്കിയേക്കാവുന്ന വിവിധ ഇനം വസ്തുക്കൾ കറിപൗഡറുകളിൽ ചേർക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഇത്തരം കമ്പനികളെ കണ്ടുപിടിച്ച് ലൈസൻസുകൾ റദ്ദാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മായം ചേർക്കൽ തുടർന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മായം കലർന്നതായി കണ്ടെത്തിയിട്ടുള്ള എല്ലാ ഭക്ഷ്യ ഉല്പാദകരുടേയും, വിതരണക്കാരുടേയും പേരിൽ പി.എഫ്.എ. നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ വിവിധ കോടതികളിൽ നടന്നുവരുന്നു. കൂടാതെ മായം ചേർക്കൽ തടയുന്നതിന് നിയോഗിച്ചിട്ടുള്ള ഫുഡ് ഇൻസ്പെക്ടർമാരുടെ പ്രവർത്തനം മാസം തോറും വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി പ്രവർത്തനം കാര്യക്ഷമമാക്കുന്നുണ്ട്. ഉപഭോക്താക്കൾ, ഉല്പാദകർ, വിതരണക്കാർ എന്നിവരെ ബോധവൽക്കരിക്കാൻ എല്ലാ ജില്ലകളിലും ബോധവത്ക്കരണം നടത്തിവരുന്നു.

(സി) കറിപൗഡർ, മുളകുപൊടി എന്നിവയിൽ 'സുഡാൻ' എന്ന അനുവദനീയമല്ലാത്ത കളർ ചേർത്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കളർ കലർത്തിയ മുളകുപൊടി/കറിപൗഡർ സാമ്പിളുകൾ വിപണനവും വിതരണവും നടത്തിയവർക്കെതിരെ മായം ചേർക്കൽ നിരോധന നിയമത്തിൻ കീഴിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. ലൈസൻസ് റദ്ദാക്കൽ കോടതിയുടെ തീരുമാനത്തിനു വിധേയമായി മാത്രമേ കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

എയ്ഡ്സ് നിയന്ത്രണത്തിന് ബോധവൽക്കരണ പരിപാടി

120(1400) പ്രൊഫ. കെ. വി. തോമസ്:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.ഐ.വി. പോസിറ്റീവ് ആയി കാണപ്പെടുന്നവരുടെയിടയിൽ സാമൂഹ്യ പ്രവർത്തനം നടത്തുന്നതിനും അവർക്ക് ദീർഘകാലം ജീവിച്ചിരിക്കുന്നതിനുള്ള ഉപദേശം കൊടുക്കുന്നതിനും എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്;

(ബി) എച്ച്.ഐ.വി. ബാധിതരെപ്പറ്റി ജനങ്ങളിലുള്ള ഈർഷ്യയും അവജ്ഞയും ഇല്ലാതാക്കി അവർക്ക് സാമൂഹ്യ ജീവിതത്തിൽ വിജയം കൈവരിക്കുന്നതിന് എന്തെല്ലാം വിധത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് എന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എച്ച്.ഐ.വി. എയ്ഡ്സ് ബാധിതർക്ക് തുടർ കൗൺസിലിംഗും രക്ത പരിശോധനയും (CD 4 count) ദീർഘകാലം ജീവിച്ചിരിക്കുന്നതിനുള്ള ചികിത്സയും (Anti Rectroviral Therapy) കൂടാതെ അപ്പപ്പോൾ വേണ്ട നിർദ്ദേശങ്ങളും നൽകുന്നതിനുവേണ്ടി ജില്ലകളിൽ 31 വോളണ്ടറി കൗൺസിലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സാമൂഹ്യ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പങ്കാളിത്ത ലൈംഗിക ആരോഗ്യ പദ്ധതിപ്രകാരം പരിശീലനം ലഭിച്ച എച്ച്.ഐ.വി. ബാധിതരായ 53 പേർ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഈ രംഗത്തെ വിവിധ സാമൂഹ്യ സംരക്ഷണ കേന്ദ്രങ്ങൾ (Community Care) വഴിയും മേൽപ്പറഞ്ഞ സേവനങ്ങൾ നൽകിവരുന്നു. കൂടാതെ ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ, മറ്റു ആരോഗ്യ പ്രവർത്തകർ എന്നിവരും വേണ്ട പരിശീലനവും ഉപദേശവും നൽകിവരുന്നു. സാമൂഹ്യക്ഷേമ വകുപ്പിൽ അംഗൻവാടി പ്രവർത്തകർക്കും ഇതിനായി പരിശീലനം നൽകിവരുന്നുണ്ട്.

(ബി) എച്ച്.ഐ.വി. അണുബാധിതർ സമൂഹത്തിൽ നിന്നും നേരിടുന്ന അവഗണനയും അവജ്ഞയും ഇല്ലാതാക്കുന്നതിനായി പൊതുസമൂഹത്തെ ബോധവാൻമാരാക്കുകയും അവരെ നമ്മളിലൊരാളായി കാണുന്നതിന് പ്രാപ്തമാക്കുകയും ചെയ്യുന്ന രീതിയിലാണ് ബോധവല്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന "എന്റെ നന്മ" പരിപാടിയിലൂടെ ഈ സന്ദേശം വിദ്യാർത്ഥികളിൽ ഫലപ്രദമായി എത്തിച്ചുവരികയാണ്.

വിവിധ ജനവിഭാഗങ്ങൾക്കിടയിലുള്ള കേന്ദ്രീകൃത ബോധവൽക്കരണ പരിപാടികളിൽ എച്ച്.ഐ.വി. അണുബാധിതർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നുണ്ട്. എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ഇത്തരത്തിൽ 53 പേരെ (പോസിറ്റീവ് സ്പീക്കറെ) നിയോഗിച്ചിട്ടുണ്ട്. ആകാശവാണി, ദൂരദർശൻ മറ്റു ബഹുജന മാധ്യമങ്ങൾ എന്നിവയിലൂടെയുള്ള ബോധവൽക്കരണ പരിപാടികളിലും ഇക്കാര്യം ഗൗരവമായി കൈകാര്യം ചെയ്തുവരുന്നു. ഇതിന്റെയൊക്കെ ഫലമായി എച്ച്.ഐ.വി. ബാധിതരോടുള്ള അവഗണനയും അവജ്ഞയും തുലോം കുറഞ്ഞിട്ടുണ്ട്.

## പുതുതായി പ്രൈമറി ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി

121(1401) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കാനുള്ള തീരുമാനം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് പുതുതായി ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ ഏതൊക്കെ പഞ്ചായത്തുകളിലാണ് ഹെൽത്ത് സെന്ററുകൾ ഇല്ലാത്തത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ഇപ്പോൾ അലോപ്പതി സ്ഥാപനങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതുതായി പി.എച്ച്.സി. തുടങ്ങുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. അലോപ്പതി സ്ഥാപനങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

(സി) വിവിധ ജില്ലകളിലായി 16 പഞ്ചായത്തുകളിലാണ് പി.എച്ച്.സി.-കൾ ഇല്ലാത്തത്. അനുബന്ധം കാണുക.†

വോളന്ററി കൗൺസിലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകൾ

122(1402) ശ്രീ. കെ. മുഹമ്മദാലി:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വോളന്ററി കൗൺസലിംഗ് ആൻഡ് ടെസ്റ്റിംഗ് സെന്ററുകളുണ്ട്;

(ബി) ഇവയുടെ കർത്തവ്യമെന്താണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ വർഷം ഇതുവരെ എത്ര എച്ച്.ഐ.വി. എയ്ഡ്സ് ടെസ്റ്റുകൾ ഈ കേന്ദ്രങ്ങളിൽ നടത്തിയിട്ടുണ്ട്;

(ഡി) ഈ കേന്ദ്രം എച്ച്.ഐ.വി. എയ്ഡ്സിനെതിരെ ബോധവൽക്കരണം നടത്തുന്നതെപ്രകാരമാണ്;

(ഇ) ഈ വർഷം ഇതുവരെ എത്ര സ്ഥലത്ത് ഈ കേന്ദ്രം ബോധവൽക്കരണപ്രവർത്തനം നടത്തി?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 31 വോളന്ററി കൗൺസിലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകളുണ്ട്.

(ബി) എച്ച്.ഐ.വി. രോഗാണുബാധിതരാണോയെന്ന് സംശയമുള്ള ആർക്കും രോഗപരിശോധനയും കൗൺസിലിംഗും ലഭ്യമാക്കുന്ന കേന്ദ്രങ്ങളാണ്

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വോളന്ററി കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകൾ. എച്ച്.ഐ.വി. രോഗ നിർണ്ണയം, എച്ച്.ഐ.വി. എയ്ഡ്സ് ടെസ്റ്റ് ചെയ്യുന്നതിനുമുമ്പും പിമ്പും കൗൺസിലിംഗ്, രോഗ സാദ്ധ്യത, രോഗത്തിന്റെ ഗൗരവം, ചികിത്സ എന്നിവയെക്കുറിച്ചുള്ള അറിവ് എന്നിവ നൽകാൻ സെന്ററുകളിൽ സംവിധാനമുണ്ട്. മാത്രമല്ല എച്ച്.ഐ.വി. ടെസ്റ്റിന്റെ പരിശോധന ഫലം പോസിറ്റീവ് ആണെന്ന് തെളിയുകയാണെങ്കിൽ തൻമൂലം ഉണ്ടാകാവുന്ന മാനസിക സംഘർഷം നിയന്ത്രിക്കാനും ചികിത്സാരീതിയെക്കുറിച്ചും രോഗപരിചരണത്തെക്കുറിച്ചും ശരിയായ അറിവ് നൽകുവാനും ഈ സെന്ററുകൾ സഹായിക്കുന്നു.

(സി) 2005 ജനുവരി മുതൽ ഡിസംബർ വരെ 8091 പേർക്ക് ടെസ്റ്റ് നടത്തിയിട്ടുണ്ട്. 2006 ജനുവരി മുതലുള്ള റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ല.

(ഡി-ഇ) ബോധവല്ക്കരണം ഈ കേന്ദ്രങ്ങളുടെ സേവനത്തിൽ വരുന്നതല്ല. പക്ഷേ മറ്റ് ബോധവല്ക്കരണ പരിപാടികളിൽ ഇവിടത്തെ കൗൺസിലേഴ്സ് പങ്കെടുക്കാറുണ്ട്.

## എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ആശുപത്രി തുടങ്ങാൻ പദ്ധതി

123(1403) ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ചിരുന്ന എല്ലാ പഞ്ചായത്തിലും ആയുർവേദ ആശുപത്രി എന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഈ പദ്ധതി പ്രകാരം ആയുർവേദ ആശുപത്രികൾ തുടങ്ങിയത് എന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും ഈ പദ്ധതി പ്രകാരം ഏതെല്ലാം പഞ്ചായത്തിൽ ആയുർവേദ ആശുപത്രികൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എങ്കിലും സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് ഘട്ടം ഘട്ടമായി ഇത് നടപ്പിലാക്കിവരുന്നു. സ്ഥലം, കെട്ടിടം, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്ന പഞ്ചായത്തുകളെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തി അതിൽ നിന്നാണ് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് '22' ആയുർവേദ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു)†

†അനുബന്ധം-VI കാണുക

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ആയുർവേദ ആശുപത്രികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പ്രൈമറി സഹകരണ സംഘങ്ങൾ

124(1404) ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പ്രൈമറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിൽ എത്രയെണ്ണമാണ് ലാഭകരമായി പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സഹകരണ സംഘങ്ങൾ എത്രയാണ്;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനം നിലച്ച സഹകരണ സംഘങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിന്മേൽ സംസ്ഥാനത്ത് നിലവിൽ 13032 പ്രൈമറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 3596 പ്രൈമറി സഹകരണ സംഘങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 1177 സഹകരണ സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് 198 സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിലച്ചിട്ടുണ്ട്.

## പലിശ ഇളവ് കൊടുത്ത വകയിൽ സകരണ സംഘങ്ങൾക്ക് അനുവദിച്ച തുക

125(1405) ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക കടാശ്വാസ പദ്ധതി പ്രകാരം 2004-2005-ൽ എത്ര മാസത്തെ പലിശ ഇളവാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഇനത്തിൽ പലിശ ഇളവ് കൊടുത്ത വകയിൽ സഹകരണ സംഘങ്ങൾക്കുള്ള തുക നൽകുന്നതിലേക്കായി ജില്ലാ കളക്ടർ മുഖേന എത്ര കോടി രൂപ വീതം അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

(സി) ഇതിൽ എത്ര തുക വീതം ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(ഡി) ബാക്കി തുക സഹകരണ സംഘങ്ങൾക്ക് എന്ന് നൽകും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് (വയനാട് ജില്ല ഒഴികെ) കാർഷിക കടാശ്വാസ പദ്ധതി പ്രകാരം 2004-2005-ൽ 12 മാസത്തെ (23-1-2004 മുതൽ 22-1-2005 വരെ) പലിശ ഇളവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. വയനാട് ജില്ലയ്ക്ക് മാത്രമായിട്ടുള്ള പ്രത്യേക പാക്കേജിൻ കീഴിൽ 1-4-2001 മുതൽ 31-3-2006 വരെ 5 വർഷത്തെ പലിശ ഇളവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ജില്ലാ കളക്ടർമാരുടെ ശുപാർശയിൻമേൽ സർക്കാർ നിർദ്ദേശ പ്രകാരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർ പ്രീ-ഓഡിറ്റ് നടത്തി 102.53 കോടി രൂപ ശുപാർശ ചെയ്യുകയുണ്ടായി. (വയനാട് ജില്ല ഒഴികെ) വയനാട് ജില്ലയിൽ 1-4-2001-ന് ശേഷം എടുത്തിട്ടുള്ള കാർഷിക വായ്പകളിൽ 5 വർഷത്തെ പലിശ ഇളവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2003-2004 വരെ 40.16 കോടി രൂപയും 2004-2005-ൽ 12.15 കോടി രൂപയും 2005-2006-ൽ 14.66 കോടി രൂപയും കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദമായ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) വയനാട് ജില്ല ഒഴികെ മറ്റ് ജില്ലകൾക്കായി 10 കോടി രൂപയും വയനാട് ജില്ലയ്ക്കായി 15 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) 2006 മാർച്ച് മാസത്തിനുമുമ്പ് തുക കൊടുത്ത് തീർക്കുന്നതാണ്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

126(1406) ശ്രീ. ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. കെ. മോഹൻകുമാർ:

ശ്രീ. പി. ജെ. ജോയി:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നെടുത്തിട്ടുള്ള വായ്പകളെ സംബന്ധിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വീണ്ടും നടപ്പാക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതി എത്ര കാലത്തേക്കുകൂടി തുടരണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ഡി) എന്തു തുക വരെ വായ്പയെടുത്തവർക്കാണ് ഈ ആനുകൂല്യത്തിന്റെ പ്രയോജനം കൊടുക്കാനുദ്ദേശിക്കുന്നത്;

(ഇ) ലോൺ തുക എത്ര തന്നെയായിരുന്നാലും ഒരു പ്രത്യേക പരിധിവരെയുള്ളവർക്ക് ഈ ആനുകൂല്യം നൽകുമോ;

(എഫ്) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പരിധിയിൽ വരുന്ന കടങ്ങളെ പിഴപ്പലിശയിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 6 മാസത്തേയ്ക്ക് കൂടി തുടരണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

(എഫ്) നടപടി സ്വീകരിക്കുന്നതാണ്.

## സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ

127(1407) ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ഇപ്പോൾ എത്ര ഇൻസ്പെക്ടർമാരും ആഡിറ്റർമാരും ഉണ്ട്;

(ബി) 1986-ൽ ഇവരുടെ എണ്ണം എത്രയായിരുന്നുവെന്ന് അറിയിക്കാമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്;

(ഡി) 1986-ൽ സംസ്ഥാനത്ത് എത്ര സംഘങ്ങൾ രജിസ്റ്റർ ചെയ്തിരുന്നു എന്നറിയിക്കാമോ;

(ഇ) സംഘങ്ങളുടെ രജിസ്ട്രേഷനിൽ ഉണ്ടായ വർദ്ധനവനുസരിച്ച് സഹകരണ വകുപ്പിലെ ജീവനക്കാരുടെ എണ്ണം വർദ്ധപ്പിച്ചിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംഘങ്ങളുടെ രജിസ്ട്രേഷനിലും ജീവനക്കാരുടെ ജോലി ഭാരത്തിലും ഉണ്ടായ വർദ്ധനവനുസരിച്ച് ഇൻസ്പെക്ടർമാരുടെയും ആഡിറ്റർമാരുടെയും തസ്തികകൾ വർദ്ധിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇൻസ്പെക്ടർമാർ - 691, ആഡിറ്റർമാർ - 478.

(സി) 2005 മാർച്ച് വരെയുള്ള സ്ഥിതിവിവരക്കണക്കനുസരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ അപ്പക്സ് കേന്ദ്ര സ്ഥാപനങ്ങൾ ഉൾപ്പെടെ സംസ്ഥാനത്ത് ആകെ 13,082 സഹകരണ സംഘങ്ങൾ ഉണ്ട്.

(ഡി) 7969

(ഇ) വർദ്ധിപ്പിച്ചിട്ടില്ല.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

വായ്പകൾക്ക് ഇപ്പോൾ ഈടാക്കുന്ന പലിശയും പിഴപ്പലിശയും

128(1408) ശ്രീ. വി. ജെ. പൗലോസ്:

ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നോ സഹകരണ സംഘങ്ങളിൽ നിന്നോ എടുക്കുന്ന വായ്പകൾക്ക് ഇപ്പോൾ ഈടാക്കുന്ന പലിശയും തവണ കുടിശ്ശികയാകുമ്പോൾ ഈടാക്കുന്ന പിഴപ്പലിശയും എത്ര എന്ന് പറയാമോ; ഇത്തരം വായ്പകൾക്കുള്ള പലിശ കുറയ്ക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ബി) പലിശയിൽ എത്ര ശതമാനം വരെ കുറവ് വരുത്തണമെന്നുള്ള ആവശ്യമാണ് ഉണ്ടായിട്ടുള്ളത്;

(സി) ഈ ആവശ്യം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; പിഴപ്പലിശ ഈടാക്കുന്നതിന്റെ തത്വമെന്താണ്;

(ഡി) പിഴപ്പലിശ നിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 25,000 രൂപ വരെയുള്ള കാർഷിക വായ്പയ്ക്ക് 8.5% പലിശ നിരക്കിലും 25,000 രൂപയ്ക്ക് മുകളിലുള്ള കാർഷിക വായ്പകൾക്ക് 9% നിരക്കിലുമാണ് പലിശ ഈടാക്കുന്നത്. 50,000 രൂപവരെയുള്ള കാർഷികേതര വായ്പകൾക്ക് 11%-ഉം 50,000 രൂപ മുതൽ 2 ലക്ഷം രൂപവരെ 12%-ഉം 2 ലക്ഷത്തിന് മുകളിൽ 13% നിരക്കിലുമാണ് പലിശ ഈടാക്കുന്നത്. വായ്പ കുടിശ്ശിക വരുത്തുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പരമാവധി 3% വരെ പിഴപ്പലിശ ഈടാക്കുന്നുണ്ട്. പലിശ കുറയ്ക്കണമെന്ന നിർദ്ദേശങ്ങളൊന്നും ഉണ്ടായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബാധകമല്ല.

നിക്ഷേപകരിൽ നിന്നും നിക്ഷേപം സ്വീകരിച്ചിട്ടാണ് ബാങ്കുകൾ/സഹകരണ സംഘങ്ങൾ വായ്പാവിതരണം നടത്തുന്നത്. നിക്ഷേപത്തിന്റെ കാലാവധിയ്ക്കനുസരിച്ച് വായ്പാ തിരിച്ചടവ് ലഭിച്ചില്ലെങ്കിൽ നിക്ഷേപം മടക്കി നൽകുന്നതിന് ബാങ്കിന് മറ്റ് മാർഗ്ഗങ്ങൾ തേടേണ്ടി വരും. കൂടാതെ സഹകരണ ബാങ്ക്/സ്ഥാപനം കടം വാങ്ങുന്ന തുക യഥാസമയം തിരികെ അടയ്ക്കാൻ കഴിയാതെവരികയാണെങ്കിൽ സെൻട്രൽ/അപ്പക്സ് സ്ഥാപനങ്ങൾക്ക് പിഴപ്പലിശ നൽകേണ്ടതായും വരുന്നു. വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കും കുടിശ്ശിക വരുത്തുന്നവർക്കും ഒരേ പലിശ നിരക്ക് ഈടാക്കുന്നത് സാമാന്യ നീതിക്ക് നിരക്കുന്നതല്ല. വായ്പ കൃത്യമായി തിരിച്ചടവ് വന്നില്ലെങ്കിൽ ബാങ്കിംഗ് പ്രവർത്തനം ആകെ തകരാറിലാകും. ഇക്കാര്യങ്ങൾ പരിഗണിച്ചാണ് പിഴപ്പലിശ ഈടാക്കുന്നത്.

(ഡി) പിഴപ്പലിശ നിർത്തലാക്കുവാൻ ഉദ്ദേശമില്ല.

## കാർഷിക കടാശ്വാസ പദ്ധതിയും ഒറ്റത്തവണ തീർപ്പാക്കലും

129(1409) ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കാർഷിക കടാശ്വാസ പദ്ധതി പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഉണ്ടായിട്ടുള്ള ബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക പ്രാഥമിക സഹകരണ സംഘങ്ങൾക്ക് തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) വൺടൈം സെറ്റിൽമെന്റ് നടപ്പാക്കുന്നതുമൂലം സംഘങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം നികത്താൻ സർക്കാരോ മേൽത്തട്ട് ബാങ്കുകളോ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) കാർഷിക കടാശ്വാസ പദ്ധതി, വൺടൈം സെറ്റിൽമെന്റ് എന്നിവ നടപ്പാക്കേണ്ടിവരുന്നതുമൂലം പ്രതിസന്ധിയിലാകുന്ന സഹകരണ സംഘങ്ങളെ സഹായിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെന്താണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാർഷിക കടാശ്വാസ പദ്ധതി നടപ്പിലാക്കിയതു മുഖേന സംഘങ്ങൾക്ക് ഉണ്ടായിട്ടുള്ള 195.81 കോടി രൂപയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. 75 കോടി രൂപയുടെ അധിക ബാദ്ധ്യതകൂടി സർക്കാർ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

(ബി) 38.99 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക കൂടി അനുവദിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) വൺടൈം സെറ്റിൽമെന്റ് നടപ്പിലാക്കിയതുമൂലം സംഘങ്ങൾക്ക് കുടിശ്ശികയിനത്തിൽ 31-3-2005 വരെ 1488.33 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ഈയിനത്തിൽ സംഘങ്ങൾക്ക് പലിശ നഷ്ടം ഉണ്ടായിട്ടില്ല. ആയതിനാൽ സംഘങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം നികത്താൻ ഉദ്ദേശിക്കുന്നില്ല.

(ഇ) കാർഷിക കടാശ്വാസ പദ്ധതിമൂലം സംഘങ്ങൾക്കുണ്ടാകുന്ന പലിശ നഷ്ടം സർക്കാർ റീ-ഇമ്പേഴ്സ് ചെയ്തുവരുന്നു.

ഡൈ-ഇൻ-ഹാർനസിൽ ജോലി ലഭിക്കാൻ നടപടി

130(1410) ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ അർബൻ ബാങ്ക് ജീവനക്കാരനായിരുന്ന ഷാജി മരിച്ച ശേഷം അയാൾക്കുള്ള ആനുകൂല്യങ്ങൾ ആശ്രിതർക്ക് നൽകിയിട്ടുണ്ടോ;

(ബി) അയാൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ (അയാൾ എടുത്ത) വായ്പയിനത്തിൽ തട്ടിക്കഴിക്കണമെന്ന് അയാളുടെ ഭാര്യ ആവശ്യപ്പെട്ടിരുന്നോ;

(സി) എങ്കിൽ അതനുസരിച്ച് ചെയ്തുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; എം.കോം. ബിരുദം സമ്പാദിച്ച ഷാജിയുടെ ഭാര്യയ്ക്ക് ഡെ-ഇൻ-ഹാർനസ് അടിസ്ഥാനത്തിൽ ജോലിക്ക് അപേക്ഷിച്ചിട്ട് ആ ബാങ്കിൽ ജോലി നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഷാജിയുടെ മരണശേഷം ആ ബാങ്കിൽ എത്ര നിയമനം നടന്നു;

(ഇ) ഷാജിയെടുത്ത ലോൺ തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ ഷാജിയുടെ ഭാര്യയും കുട്ടികളും ലോണിന് ഈട് നൽകിയിരുന്ന അവരുടെ വീട്ടിൽ നിന്ന് ഇറങ്ങണമെന്ന് ബാങ്ക് അധികൃതർ ആവശ്യപ്പെട്ടുവോ;

(എഫ്) ഷാജിക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ വായ്പയിലേക്ക് വകവയ്ക്കുവാനും ഷാജിയുടെ ഭാര്യയ്ക്ക് ജോലി കൊടുക്കുവാനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രീ. ഷാജിയുടെ സർവ്വീസ് ആനുകൂല്യങ്ങൾ നൽകിയിട്ടില്ല.

(ബി, സി) ശ്രീ. ഷാജി തൊടുപുഴ അർബൻ സഹകരണ ബാങ്കിൽ നിന്നും എടുത്ത 3/01 നമ്പർ ഭവന വായ്പ തുക ടിയാന്റെ സർവ്വീസ് ആനുകൂല്യങ്ങളിൽ നിന്നും തട്ടിക്കഴിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാന്റെ ഭാര്യയായ ശ്രീമതി സുഭദ്ര ഷാജി ബാങ്കിനോട് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ രജിസ്ട്രാർ ആഫീസിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാര സെല്ലിലും പരാതി ലഭിച്ചിട്ടുണ്ട്. ഇക്കാര്യവുമായി ബന്ധപ്പെട്ട് ശ്രീമതി സുഭദ്ര ഷാജി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച കേസ് കോടതിയുടെ പരിഗണനയിലാണ്. ഡൈ-ഇൻ- ഹാർനസ് അടിസ്ഥാനത്തിൽ ജോലി ലഭിക്കുന്നതിനായി ശ്രീമതി സുഭദ്ര ഷാജി 28-10-2005-ൽ ബാങ്കിലും സഹകരണ സംഘം രജിസ്ട്രാർക്കും അപേക്ഷ നൽകിയിട്ടുണ്ട്. അതിൻമേൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിയമനം നടന്നിട്ടില്ല.

(ഇ) ഈട് വസ്തുവിൽ നിന്ന് ഒഴിഞ്ഞുപോകണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകിയിരുന്നുവെങ്കിലും ശ്രീമതി സുഭദ്ര ഷാജിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ റിക്കവറി നടപടികൾ സർവ്വീസ് ആനുകൂല്യത്തിൽ നിന്ന് വായ്പ തുക തട്ടിക്കഴിക്കുന്നതുവരെ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(എഫ്) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

## കൺസ്യൂമർ ഫെഡിന്റെ നിയന്ത്രണത്തിലുള്ള വിദേശമദ്യ ഷാപ്പുകൾ

131(1411) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ നിയന്ത്രണത്തിലുള്ള എത്ര വിദേശമദ്യഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) വിദേശമദ്യഷാപ്പുകളിൽ സ്ഥിരം തൊഴിലാളികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) വിദേശമദ്യഷാപ്പുകളിൽ ജോലി ചെയ്ത തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ ലഭിക്കാനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ട്; ഉണ്ടെങ്കിൽ എപ്പോൾ തീർപ്പ് കല്പിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിലാളികളുടെ ബോണസിന്റെയും മറ്റാനുകൂല്യങ്ങളുടേയും കാര്യത്തിൽ തർക്കം നിലവിലുണ്ടോ; ഉണ്ടെങ്കിൽ തർക്കം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം | - | 6 |
| | കൊല്ലം | - | 3 |
| | പത്തനംതിട്ട | - | 1 |
| | ആലപ്പുഴ | - | 2 |
| | കോട്ടയം | - | 4 |
| | ഇടുക്കി | - | 3 |
| | എറണാകുളം | - | 8 |
| | തൃശ്ശൂർ | - | 4 |
| | പാലക്കാട് | - | 4 |
| | മലപ്പുറം | - | 1 |
| | കോഴിക്കോട് | - | 4 |
| | കണ്ണൂർ | - | 4 |
| | വയനാട് | - | 1 |
| | കാസർഗോഡ് | - | 1 |
| | ആകെ | - | 46 |
| (ബി) | തിരുവനന്തപുരം | - | 38 |
| | കൊല്ലം | - | 22 |
| | പത്തനംതിട്ട | - | 8 |
| | ആലപ്പുഴ | - | 18 |
| | കോട്ടയം | - | 35 |
| | ഇടുക്കി | - | 13 |
| | എറണാകുളം | - | 41 |
| | തൃശ്ശൂർ | - | 22 |
| | പാലക്കാട് | - | 15 |
| | മലപ്പുറം | - | 2 |
| | കോഴിക്കോട് | - | 20 |
| | കണ്ണൂർ | - | 20 |
| | വയനാട് | - | 3 |
| | കാസർഗോഡ് | - | 6 |
| | ആകെ | - | 263 |

(സി) ആശ്രിത നിയമനം സംബന്ധിച്ച് കേരള സഹകരണ ചട്ടം 188 എ പ്രകാരം നിശ്ചിത പ്രൊഫോർമയിലുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് കൺസ്യൂമർ ഫെഡറേഷന് ലഭിച്ച 9 അപേക്ഷകൾ സഹകരണസംഘം രജിസ്ട്രാർക്ക് ക്ലാരിഫിക്കേഷനായി നൽകിയിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച് ഒരു തർക്കവും നിലവിലില്ല.

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക

132(1412) ശ്രീ. എ. സി. മൊയ്തീൻ:

ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വായ്പാ സഹകരണസംഘങ്ങളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാന സഹകരണബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രൈമറി വായ്പാ സംഘങ്ങൾ ഇവയ്ക്ക് ഓരോന്നിനും മൊത്തം എത്ര കോടി രൂപയുടെ വായ്പാ കുടിശ്ശികയുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) കുടിശ്ശിക വായ്പകൾ ടേക്ക് ഓവർ ചെയ്യുവാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, കാർഷിക കടാശ്വാസ പദ്ധതി എന്നിവയിലൂടെ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനായി സാധിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം സംസ്ഥാനത്തെ 3431 സഹകരണ സംഘങ്ങൾ/ബാങ്കുകളിലായി 31-3-2005 വരെ 1488.33 കോടി രൂപ പിരിച്ചെടുക്കുകയുണ്ടായി.

കർഷകരുടെ കടബാദ്ധ്യത ലഘൂകരിക്കുന്നതിനായി 50,000 രൂപ വരെയുള്ള കാർഷിക വായ്പകളുടെ 29-12-2001 മുതൽ 6 മാസത്തേയും 23-1-2004 മുതൽ ഒരു വർഷത്തെയും വയനാട് ജില്ലയിലെ കാർഷിക വായ്പകളിൽ 50,000 രൂപാ വരെയുള്ള തുകയ്ക്ക് 1-4-2001 മുതൽ 31-3-2006 വരെയും ഉള്ള പലിശ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നുമെടുത്ത വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിലേക്കായി ഒരു ശതമാനം (1%) പലിശയിളവ് നൽകുന്നതിന് അതാതു സംഘങ്ങൾക്ക് അനുവാദം നൽകിയിട്ടുള്ളത് സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. കൂടാതെ 25,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 8.5% പലിശയും 25,000 രൂപയ്ക്ക് മുകളിലുള്ള കാർഷിക വായ്പകൾക്ക് 9% പലിശയും ആയി നിരക്ക് കുറച്ച് നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 31-3-2005 വരെയുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന സഹകരണ ബാങ്ക് - 210.10 കോടി രൂപ
2. ജില്ലാ സഹകരണ ബാങ്കുകൾ - 766.63 കോടി രൂപ
3. പ്രൈമറി വായ്പാ സംഘങ്ങൾ - 3044.98 കോടി രൂപ

(സി) ഉദ്ദേശമില്ല.

## സഹകരണ ബാങ്കിൽ നിന്നും വിദ്യാഭ്യാസ വായ്പ

133(1413) ശ്രീ. കെ. സുധാകരൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി സഹകരണ നഴ്സിംഗ് സ്ഥാപനത്തിൽ അഡ്മിഷൻ ലഭിച്ച ഏതെല്ലാം കുട്ടികൾക്ക് ഫീസടക്കുന്നതിന് കാലാവധി ദീർഘിപ്പിച്ചുകൊടുത്തു; എങ്കിൽ എത്ര ദിവസത്തേക്ക് ദീർഘിപ്പിച്ചുകൊടുത്തു;

(ബി) പ്രസ്തുത കുട്ടികൾക്ക് ഫീസ് കൊടുക്കുവാൻ വിദ്യാഭ്യാസ വായ്പക്കു വേണ്ടി അവരും രക്ഷകർത്താക്കളും വനിതാ സഹകരണ ബാങ്കിനെ സമീപിച്ചുവോ; എങ്കിൽ പ്രസ്തുത ബാങ്ക് വായ്പയനുവദിച്ചുവോ; ഇല്ലെങ്കിൽ എന്തു കൊണ്ട്;

(സി) വിദ്യാഭ്യാസ വായ്പ ലഭിക്കാതിരുന്ന പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികളിലാരെങ്കിലും ആത്മഹത്യ ചെയ്തുവോ?

### ഉത്തരം

(എ) ആവശ്യപ്പെട്ട 26 വിദ്യാർത്ഥികൾക്ക് ഫീസടയ്ക്കുന്നതിന് ഒരു മാസം വരെ കാലാവധി ദീർഘിപ്പിച്ചുകൊടുത്തിട്ടുണ്ട്.

(ബി) ഏത് വനിതാ സംഘമാണെന്ന് വ്യക്തമാക്കാത്തതുകൊണ്ട് ചോദ്യം പ്രസക്തമല്ല.

(സി) ഒരു കുട്ടി ആത്മഹത്യ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡിന്റെ പരീക്ഷകൾ

134(1414) ശ്രീ. പി. ജയരാജൻ:

ശ്രീ. കെ. വി. കുഞ്ഞിരാമൻ:

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡിന്റെ പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ സംബന്ധിച്ച് സർക്കാരിന് ലഭിച്ച പരാതികളിൻമേൽ അന്വേഷണം ഏർപ്പെടുത്തുകയുണ്ടായോ;

(ബി) എങ്കിൽ ഏത് ഏജൻസിയെക്കൊണ്ടാണ് അന്വേഷണം നടത്തുന്നതെന്നും അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്താമോ;

(സി) എക്സാമിനേഷൻ ബോർഡ് പരീക്ഷ നടത്തുന്നത് സംബന്ധിച്ച ചട്ടങ്ങളിൽ ഇതിനകം എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; അവയുടെ ഉദ്ദേശ്യം എന്തായിരുന്നു;

### ഉത്തരം

(എ) അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) വിവിധ പരാതികളിന്മേൽ സഹകരണ വകുപ്പിലെ വിജിലൻസ് വിഭാഗവും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയും അന്വേഷണം നടത്തുന്നുണ്ട്. അന്വേഷണം പുരോഗമിച്ചുവരുന്നു.

(സി) 15-12-2003-ലെ ജി.ഒ.(പി)271/2003/സഹ. ഉത്തരവു പ്രകാരം സഹകരണ ചട്ടം 182(4)-ൽ വരുത്തിയിട്ടുള്ള ഭേദഗതി അനുസരിച്ച് സംഘങ്ങളിൽ ഒഴിവുള്ള തസ്തികകൾക്ക് പത്രപ്പരസ്യം ചെയ്യുന്നതിനും അപേക്ഷ സ്വീകരിക്കുന്നതിനും കൂടി പരീക്ഷാ ബോർഡിനെ അധികാരപ്പെടുത്തിയിട്ടുണ്ട്.

6-5-2004-ലെ ജി.ഒ.(എം.എസ്.)133/04/സഹ. നം. ഉത്തരവ് പ്രകാരം തെറ്റായ ഉത്തരങ്ങൾക്കുള്ള നെഗറ്റീവ് മാർക്ക് സമ്പ്രദായം നിർത്തലാക്കിയിട്ടുണ്ട്.

ജി.ഒ.(പി)271/03 നം. ഉത്തരവനുസരിച്ച് ഇന്റർവ്യൂവിന് അർഹത നേടുന്നതിനുള്ള മാർക്ക് പൊതു വിഭാഗത്തിന് 40% ആയും എസ്.സി./എസ്.റ്റി. വിഭാഗത്തിന് 30% ആയും നിശ്ചയിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്. ഭേദഗതി വരുത്തുന്നതിനുമുമ്പ് എല്ലാ ഉദ്യോഗാർത്ഥികൾക്കും 30% മാർക്ക് ലഭിച്ചാൽ മതിയായിരുന്നു. മാത്രമല്ല സംഘം നടത്തുന്ന ഇന്റർവ്യൂവിന് ലഭിക്കുമായിരുന്ന 20 മാർക്കിനെ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ വരുന്ന സ്വന്തം ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് അധിക ആനുകൂല്യമായി 5 മാർക്കും ഇന്റർവ്യൂവിന് 15 മാർക്കുമായി നിജപ്പെടുത്തി.



LIBRARY ARCHIVES Kerala Legislative Assembly

സംഘം/ബാങ്കുകളിലേക്ക് ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് കൂടുതൽ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഭേദഗതികൾ വരുത്തിയിട്ടുള്ളത്.

## ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ ബാങ്ക് മാനേജ്മെന്റ് ലംഘിക്കുന്നതായ ആരോപണം

135(1415) ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വതന്ത്രമായ സംഘടനാ പ്രവർത്തനം സഹകരണ ബാങ്ക് മാനേജ്മെന്റ് അനുവദിക്കുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാൻ മാനേജ്മെന്റ് ബാധ്യസ്ഥമാണെന്നുള്ള ബഹു. കേരള ഹൈക്കോടതിയുടെ 2003-ലെ ഉത്തരവ് ബാങ്ക് മാനേജ്മെന്റ് നിരന്തരമായി ലംഘിക്കുന്നു എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ 2 വർഷത്തിനിടയിൽ ബഹു. കേരള ഹൈക്കോടതിയും സഹകരണ സംഘം രജിസ്ട്രാറും തുടർച്ചയായ നിർദ്ദേശങ്ങൾ നൽകിയിട്ടും തോംസൺ ജോസഫ് എന്ന ജീവനക്കാരന്റെ സ്ഥലംമാറ്റം തടഞ്ഞുവച്ചിരിക്കുന്ന നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ശ്രീ. തോംസൺ ജോസഫിന് സ്ഥലം മാറ്റം നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് രജിസ്ട്രാർ ഓഫീസിൽ നിന്നും 2-1-2006-ൽ സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് നിർദ്ദേശം നൽകിയിരുന്നു. അദ്ധ്യയന വർഷത്തിന്റെ അവസാന ഘട്ടത്തിലെ സ്ഥലം മാറ്റം പകരം നിയമിക്കപ്പെടേണ്ട ആളിന് ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ അടുത്ത ജനറൽ ട്രാൻസ്ഫറിന്റെ സമയത്ത് ശ്രീ. തോംസൺ ജോസഫിന് സ്ഥലംമാറ്റം നൽകും എന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്.

## സ്കൈബ്ലൂ വിദ്യാദീപം നഴ്സിംഗ് വിദ്യാഭ്യാസ വായ്പാപദ്ധതി

136(1416) ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ൽ കൊച്ചിയിൽ സ്കൈബ്ലൂ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന (പേരിൽ ആരംഭിച്ച് ഒമ്പ വർഷത്തിനകം സ്കൈബ്ലൂ കൺസൾട്ടൻസി സർവീസസ് എന്നും സ്കൈബ്ലൂ എന്റർപ്രൈസസ് എന്നും പേര് മാറ്റിയ) സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

വുമായി ചേർന്ന് സംസ്ഥാന സഹകരണ ബാങ്ക് സ്കൈബ്ലൂ വിദ്യാപീഠം നഴ്സിംഗ് വിദ്യാഭ്യാസ വായ്പാ പദ്ധതി ആരംഭിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കുട്ടികൾക്കാണ് പ്രസ്തുത സ്ഥാപനവുമായി ചേർന്ന് സംസ്ഥാന സഹകരണ ബാങ്ക് വായ്പ നൽകിയത്;

(സി) എത്ര തുക വീതമാണ് ജനറൽ നഴ്സിംഗ്, ബി.എസ്.സി. നഴ്സിംഗ് എന്നിവയ്ക്കായി നൽകിയത്;

(ഡി) രൂപയും സർട്ടിഫിക്കറ്റുകളും നഷ്ടപ്പെട്ട വിദ്യാർത്ഥികൾ നൽകിയ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിൻ മേൽ വിദ്യാഭ്യാസ വായ്പാ തട്ടിപ്പ് നടത്തിയ സ്ഥാപനത്തിനെതിരെ സർക്കാർ എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത വിദ്യാർത്ഥികളുടെ പണവും സർട്ടിഫിക്കറ്റുകളും തിരികെ കിട്ടുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഏതെങ്കിലും സ്വകാര്യ സ്ഥാപനവുമായി ചേർന്ന് വിദ്യാഭ്യാസ വായ്പ നൽകാൻ സംസ്ഥാന സഹകരണ ബാങ്ക് ധാരണ ഉണ്ടാക്കിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തതിനെത്തുടർന്ന് രൂപയും സർട്ടിഫിക്കറ്റുകളും നഷ്ടപ്പെട്ടതായി വിദ്യാർത്ഥികളിൽ നിന്നും പരാതികൾ ലഭിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

## സഹകരണ വകുപ്പിലെ ഇൻസ്പെക്ടർമാരുടെയും ആഡിറ്റർമാരുടെയും ഒഴിവുകൾ

137(1417) ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ എത്ര ഇൻസ്പെക്ടർമാരുടെയും ആഡിറ്റർമാരുടെയും ഒഴിവുകൾ ഉണ്ടെന്നറിയിക്കാമോ;

(ബി) നിലവിലുള്ള ജൂനിയർ ഇൻസ്പെക്ടർമാരുടെയും ആഡിറ്റർമാരുടെയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 13-2-2006-ൽ ആകെ 95 (തൊണ്ണൂറ്റി അഞ്ച്) ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) എല്ലാ ഒഴിവുകളും യഥാസമയം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലേക്കുള്ള ക്ലാർക്ക്, കാഷ്യർ നിയമനം

138(1418) ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലേക്കുള്ള ക്ലാർക്ക്, കാഷ്യർ നിയമനത്തിന് പി.എസ്.സി. ഏറ്റവും ഒടുവിൽ തയ്യാറാക്കിയ ലിസ്റ്റിൽ സൊസൈറ്റി ക്വാട്ടയിലുള്ള എത്ര റാങ്ക് വരെയുള്ളവർക്ക് നിയമനം നൽകി;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നുള്ള നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് വന്നപ്പോൾ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേരെക്കൂടി നിയമിക്കുമെന്ന് കോടതിയിൽ ബോധിപ്പിക്കുകയുണ്ടായി;

(സി) അതനുസരിച്ച് എത്രപേരെക്കൂടി നിയമിച്ചു;

(ഡി) ബാക്കിയുള്ളവരെ നിയമിക്കാതിരുന്നതെന്തുകൊണ്ടാണ്; കോടതിയിൽ ബോധിപ്പിച്ച പ്രകാരം ബാക്കിയുള്ളവരെക്കൂടി പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സൊസൈറ്റി ക്വാട്ടയിലുള്ള റാങ്കുകാരിൽ റാങ്കു തിരിച്ചുള്ള നിയമന വിവരം ശേഖരിച്ചു വരുന്നു. എന്നാൽ സൊസൈറ്റി ക്വാട്ടയിലുള്ള 58 പേർ ബാങ്കിൽ ക്ലാർക്ക് ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഇനി ആരെയും നിയമിക്കുവാൻ കഴിയില്ലെന്ന് തിരുവനന്തപുരം ജില്ലാ സഹകരണബാങ്ക് ഹൈക്കോടതിയിൽ ബോധിപ്പിച്ചിട്ടുണ്ട്.

(സി) ആരെയും നിയമിച്ചിട്ടില്ല.

(ഡി) ഒരു എൻ.ജെ.ഡി. വേക്കൻസിയും മറ്റ് 6 വേക്കൻസികളും പി.എസ്.സി. അഡ്വൈസ് ചെയ്യുന്നതിന് കോടതി ഉത്തരവായിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്താൽ പ്രസ്തുത 7 ഒഴിവുകളിൽ നിയമനം നടത്തുവാൻ ബാങ്ക് തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## വായ്പകൾക്ക് പലിശയിളവ്

139(1419) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കർഷകർ വിവിധ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള ഏതെല്ലാം വർഷത്തെ വായ്പകൾക്കാണ് സർക്കാർ പലിശ യിളവ് അനുവദിച്ചിട്ടുള്ളത്; പലിശയിളവിന്റെ തോത് എത്രയാണ്; എത്ര തുകവരെ യുള്ള വായ്പകൾക്കാണ് പലിശയിളവ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഈ ഇനത്തിൽ ഇതുവരെയായി വയനാട് ജില്ലയ്ക്ക് എത്ര തുക അനുവദിച്ചു; ഇതിൽ എത്ര തുക ജില്ലയ്ക്ക് നൽകി; ഇവ പൂർണ്ണമായും വായ്പ ക്കാർക്ക് വിതരണം ചെയ്തിട്ടുണ്ടോ;

(സി) ബാക്കി എത്ര തുകയാണ് ജില്ലയിലേക്ക് നൽകാനുള്ളത്; ഇത് എപ്പോൾ നൽകാനാവുമെന്ന് വെളിപ്പെടുത്താമോ;

(ഡി) വയനാട്ടിലെ സഹകാരികളും ജനപ്രതിനിധികളുമായി സർക്കാർ നടത്തിയ ചർച്ചയെത്തുടർന്ന് പ്രഖ്യാപിച്ച "വയനാട് പാക്കേജി"ന്റെ വിശദവിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) വയനാട് ജില്ലയിൽ 2000-ന് ശേഷം എടുത്തിട്ടുള്ള 50,000 രൂപ വരെ യുള്ള കാർഷിക വായ്പകൾക്ക് 3 വർഷത്തേക്ക് പലിശ ബാധ്യത സർക്കാർ ഏറ്റെ ടുക്കാനും അത് അതത് വർഷം ബന്ധപ്പെട്ട ബാങ്കുകൾക്ക് കൊടുത്തുതീർക്കുവാനും പലിശ ബാധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ട് കർഷകർക്ക് പലിശയിളവ് നൽകാനും തീരുമാനിച്ചുകൊണ്ട് 3-8-2004-ൽ ജി.ഒ. (എം.എസ്.)നം.255/2004/റവന്യൂ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കാർഷിക പ്രതിസന്ധി നേരിടുന്നതിന് വയനാട് ജില്ലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള സ്പെഷ്യൽ പാക്കേജ് പദ്ധതി 15-10-2004-ൽ ജി.ഒ.(എം.എസ്.)നം.310/2004/റവന്യൂ പ്രകാരം സർക്കാർ പ്രഖ്യാപി ക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം കർഷകർ സഹകരണ സ്ഥാപനങ്ങളിൾ നിന്ന് 1-4-2001-നും 31-3-2006-നും ഇടയ്ക്ക് എടുത്തിട്ടുള്ള കാർഷിക വായ്പകളിൽ 50,000 രൂപ വരെയുള്ള തുകയ്ക്ക് പലിശ, പിഴപലിശ ഇനത്തിൽ 5 വർഷത്തെ ഇളവ് അനു വദിക്കുവാനും പലിശ അടച്ച് കഴിഞ്ഞിട്ടുള്ളവർക്ക് പ്രസ്തുത ആനുകൂല്യം അവരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുവാനും തീരുമാനിച്ചുത്തരവായിരുന്നു. മേൽപ്പറഞ്ഞ പദ്ധതി പ്രകാരം 50,000 രൂപയിൽ കൂടുതൽ വായ്പയെടുത്തിട്ടുള്ള വർക്കും 50,000 രൂപ വരെയുള്ള തുകയ്ക്ക് ആനുകൂല്യം ലഭിക്കുന്നതാണ്.

(ബി) 2001-ലെ കേരള കാർഷിക കടക്കാർ/(താൽക്കാലികാശ്വാസ) നിയമത്തിൻ കീഴിൽ 29-12-2001 മുതൽ 6 മാസത്തെ പലിശയിളവായി 3,37,35,029 രൂപയും 2004-2005-ലെ പദ്ധതിക്കായി 23-1-2004 മുതൽ ഒരു വർഷത്തെ പലിശയി

LIBRARY ARCHIVES Kerala Legislative Assembly

ളവായി 15 കോടി രൂപയും വയനാട് ജില്ലയ്ക്കായി ഇതിനകം അനുവദിച്ചുനൽകുകയും പ്രസ്തുത തുക പൂർണ്ണമായി വായ്പക്കാരുടെ വായ്പകളിൽ വരവുവെച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) 51.97 കോടി രൂപ. ഈ തുക ഉടൻ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി നേരിടുന്നതിന് വയനാട് ജില്ലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള സ്പെഷ്യൽ പാക്കേജ് പദ്ധതി 15-10-2004-ലെ ജി.ഒ.(എം.എസ്) 310/2004/റവന്യൂ ഉത്തരവു പ്രകാരം പ്രഖ്യാപിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുപ്രകാരം 1-4-2001-നും 31-3-2006-നും ഇടയ്ക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകരെടുത്തിട്ടുള്ള കാർഷിക വായ്പകളിൽ 50,000 രൂപ വരെയുള്ള തുകയ്ക്ക് 5 വർഷത്തെ പലിശയിളവ് ആനുകൂല്യം പ്രഖ്യാപിക്കുകയുണ്ടായി. മേൽപ്പറഞ്ഞ ആനുകൂല്യം 50,000 രൂപയിൽ കൂടുതൽ വായ്പയെടുത്തവർക്കും പരമാവധി 50,000 രൂപ വരെ ലഭ്യമാണ്. പലിശ അടച്ച് കഴിഞ്ഞിട്ടുള്ളവർക്ക് മേൽപ്പറഞ്ഞ ആനുകൂല്യം അവരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുവാനും വ്യവസ്ഥ ചെയിതിരുന്നു.

## കൊച്ചിൻ ഷിപ്പ്യാർഡിന്റെ വികസനം

140(1420) ശ്രീ. എ. എൻ. രാജൻ ബാബു:
ശ്രീ. ഉമേഷ് ചള്ളിയിൽ:
ശ്രീ. കെ. കെ. ഷാജു:
ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ഷിപ്പ്യാർഡിന്റേയും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റേയും വിപുലമായ സാദ്ധ്യതകൾ മുൻനിർത്തി എന്തൊക്കെ പുതിയ സംരംഭങ്ങളാണ് ഇവിടെ ആരംഭിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികളിലൂടെ എത്ര മാത്രം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതക്ക് ഈ പദ്ധതിയുടെ സംഭാവനകൾ എന്തൊക്കെയാണ്;

(ഡി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊച്ചിൻ പോർട്ട് ട്രസ്റ്റ് വികസനത്തിനായി നാഷണൽ മാരിടൈം ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തി ക്കൊണ്ട് സമഗ്രമായ വികസന പാക്കേജ് ആവിഷ്ക്കരിച്ചിട്ടുണ്ട്.

(എ) ടെർമിനൽ ആന്റ് സർവ്വീസ് സൗകര്യങ്ങൾ

1. ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ.
2. LNG റീഗ്യാസിഫിക്കേഷൻ ടെർമിനൽ (രണ്ടു ബ്രേക്ക് വാട്ടറുക ളുടെ നിർമ്മാണം ഉൾപ്പെടെ.
3. ഇന്റർനാഷണൽ ബങ്കറിംഗ് ടെർമിനൽ.
4. ഇന്റർനാഷണൽ ഷിപ്പ് റിപ്പയർ കോംപ്ലക്സ്.
5. ക്രൂഡ് ഓയിൽ ഹാന്റ്ലിംഗ് ഫോർ കൊച്ചി റിഫൈനറീസ് ലിമിറ്റഡ്.
6. ഇന്റർനാഷണൽ ക്രൂയിസ് ടെർമിനൽ.
7. പോർട്ട് കേന്ദ്രീകരിച്ച് സ്പെഷ്യൽ ഇക്കണോമിക്ക് സോൺ.
8. സ്പെഷ്യൽ ഇക്കണോമിക്ക് സോണിനുവേണ്ടിയുള്ള സ്ഥല മെടുപ്പ്
9. പോർട്ട് ചാനലിലെ ഒഴുക്ക് നിയന്ത്രിക്കുന്നതിന് ഭൂമി നികത്തി എടുക്കൽ. (reclamation for streamlining of flow in the port channel)

(ബി) കോമൺ യൂസർ ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങൾ

1. ക്യാപ്പിറ്റൽ ഡ്രഡ്ജിംഗ് ഓഫ് നാവിഗേഷണൽ ചാനൽ.
2. നാഷണൽ ഹൈവേ കണക്ടിവിറ്റി.
3. റെയിൽ കണക്ടീവിറ്റി.

(ബി) 30,000-ത്തിനും 50,000-ത്തിനും ഇടയ്ക്കുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന സംഭാവനകൾ ലഭ്യമാകുന്നതാണ്.

1. 30,000-ത്തിനും 50,000-ത്തിനും ഇടയ്ക്കുള്ള തൊഴിലവസരങ്ങൾ.
2. 8500 കോടി രൂപയുടെ അധിക നിക്ഷേപം.
3. സംതുലിതമായ പ്രാദേശിക വികസനം ഉറപ്പാക്കാം.
4. തുറമുഖ കേന്ദ്രീകൃതമായ വ്യവസായങ്ങളുടെ വികസനം.

LIBRARY ARCHIVES Kerala Legislative Assembly

5. കൊച്ചിയെ വാണിജ്യ വ്യവസായ പ്രവർത്തനങ്ങളുടെ ഒരു അന്താരാഷ്ട്ര സാമ്പത്തിക കേന്ദ്രമായി വികസിപ്പിക്കുക.
6. അധിക നിക്ഷേപത്തിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
7. കയറ്റുമതിയുടേയും, കച്ചവടത്തിന്റേയും വ്യാപ്തി വർദ്ധിപ്പിക്കുക.
8. ആഗോള കമ്പോളത്തിൽ സംസ്ഥാനത്തിന്റെ വിഭവങ്ങൾക്ക് മത്സരാധിഷ്ഠിതമായി ഉയർന്നു നിൽക്കാൻ കഴിയുക.
9. വിനോദസഞ്ചാര സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.
10. സമൂഹത്തിന്റെ ജീവിത നിലവാരം വർദ്ധിപ്പിക്കുക.

(ഡി) ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. സമയബന്ധിതമായി തീർക്കാൻ ഉദ്ദേശമുണ്ട്.

## വിഴിഞ്ഞം തുറമുഖവും ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനലും

141(1421) ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖവും ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനലും നിലവിൽ വരുമ്പോൾ ഇതിൽ തദ്ദേശിയരായവർക്ക് തൊഴിൽ സംവരണം ഏർപ്പെടുത്തുമോ;

(ബി) ഇതിലേക്കായി സംസ്ഥാന സർക്കാർ എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതിക്ക് ആവശ്യമായ ശുദ്ധജലം എവിടെ നിന്ന് ലഭ്യമാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഡി) വിഴിഞ്ഞം പദ്ധതി നിലവിൽ വരുമ്പോൾ നിലവിലുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിന് സർക്കാർ വ്യവസ്ഥകളിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ് വ്യവസ്ഥകൾ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ വികസനം നടപ്പിലാകുമ്പോൾ തദ്ദേശീയരായവർക്കുതന്നെയാണ് ഏറ്റവും കൂടുതൽ തൊഴിൽ ലഭ്യമാവുക.

(ബി) ഇല്ല.

(സി) വെള്ളായണി കായലിൽ നിന്നും ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിർദ്ദിഷ്ട കണ്ടെയ്നർ ടെർമിനൽ നിലവിലുള്ള മത്സ്യബന്ധന തുറമുഖത്തിൽ നിന്നും അകലെയാണ് സ്ഥാപിക്കുന്നത്. അതിനാൽ അത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെയൊ മത്സ്യബന്ധനത്തെയോ യാതൊരുവിധത്തിലും ബാധിക്കുന്നതല്ല.

## കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസ്സുകൾ

142(1422) ശ്രീ. എ. എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹൈടെക്ക് ബസ്സുകളും എത്ര മിനി ബസ്സുകളും വാങ്ങി എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ നിയോജകമണ്ഡലത്തിലും പുതുതായി അനുവദിച്ച ബസ്സുകളുടെ എണ്ണം വെളിപ്പെടുത്തുമോ;

(സി) ഹൈടെക്ക് ബസ്സുകളുടെ യാത്രാനിരക്കിന് അനുസരിച്ചുള്ള സീറ്റിംഗ് സൗകര്യം ഏർപ്പെടുത്തുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 150 മിനി ബസ്സുകൾ ഉൾപ്പെടെ 563 പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി. വാങ്ങിയിട്ടുണ്ട്.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

## പുതിയ ബസ്സ് സ്റ്റേഷനുകൾ

143(1423) ശ്രീ. സി. ടി. അഹമ്മദ് അലി:

ശ്രീ. പി. കെ. കെ. ബാവ:

ശ്രീ. സി. മോയിൻകുട്ടി:

ശ്രീ. ടി. പി. എം. സാഹിർ

ശ്രീ. കെ. എൻ. കെ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഈ വർഷം എത്ര പുതിയ ബസ് സ്റ്റേഷനുകൾ തുടങ്ങിയിട്ടുണ്ട്;

(ബി) ഇതിനായി കോർപ്പറേഷൻ സ്വന്തമായ സ്ഥലം വാങ്ങിയിട്ടുണ്ടോ;

(സി) എങ്കിൽ ഓരോ സ്ഥലത്തെയും വിലയും കെട്ടിട നിർമ്മാണ ചെലവും എത്ര വീതമെന്ന് വ്യക്തമാക്കാമോ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇനിയും കൂടുതൽ ട്രാൻസ്പോർട്ട് സ്റ്റേഷനുകൾ തുടങ്ങുന്നതിന് പരിപാടിയിട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) 4 എണ്ണം.

(ബി) വാങ്ങിയിട്ടില്ല. പഞ്ചായത്ത്/നാട്ടുകാർ നൽകിയ സ്ഥലത്താണ് ബസ്സ് സ്റ്റേഷൻ തുടങ്ങിയിട്ടുള്ളത്.

(സി) വിവരം ലഭ്യമല്ല.

(ഡി) തിരുവനന്തപുരത്ത് മെഡിക്കൽ കോളേജിന് സമീപം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ തുടങ്ങുന്നതിന് ഉദ്ദേശമുണ്ട്. സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

സർക്കാരിന്റെ ബോഡി ബിൽഡിംഗ് ഡിപ്പോയിൽ നിർമ്മിച്ചിട്ടുള്ള ബസ്സുകളുടെ ബോഡി

144(1424) ശ്രീ. എ. സി. ഷൺമുഖദാസ്:

ശ്രീ. സി. കെ. നാണു:

ശ്രീ. കെ. പി. മോഹനൻ:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ സർക്കാരിന്റെ ബോഡി ബിൽഡിംഗ് ഡിപ്പോയിൽ എത്ര ബസ്സുകളുടെ ബോഡി നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഡിപ്പോയുടെ പേരും നിർമ്മിച്ച ബോഡികളുടെ കണക്കും വെളിപ്പെടുത്തുമോ;

(സി) കെ.എസ്.ആർ.ടി.സി. സ്വകാര്യ സ്ഥാപനങ്ങളെ ബസ്സിന്റെ ബോഡി ബിൽഡിംഗിനായി ഏൽപ്പിച്ചിരുന്നുവോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണെന്നും, ശരാശരി ഓരോ ബോഡിക്കും ചെലവായ തുക എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 413 ബസ്സുകളുടെ ബോഡി നിർമ്മിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പാപ്പനംകോട് സെൻട്രൽ വർക്ക്സിൽ നിന്നും ഈ കാലയളവിൽ 49 ബസ്സുകളുടെ ബോഡി നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങളെ കെ.എസ്.ആർ.ടി.സി. ബോഡി ബിൽഡിംഗിനായി ഏൽപ്പിച്ചിരുന്നു. സ്ഥാപനങ്ങളുടേയും ശരാശരി ഓരോ ബസ്സിനും ചെലവായ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.†

## കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ടയർ റീ സോളിംഗ്

145(1425) ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ടയർ റീ സോളിംഗ് ഏതൊക്കെ കമ്പനികളിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) റീസോളിംഗ് കമ്പനികൾക്ക് റീസോളിംഗിന്റെ ക്വാളിറ്റി സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് കെ.എസ്.ആർ.ടി.സി. നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഇത് പാലിക്കാത്ത കമ്പനികളിൽ നിന്ന് നഷ്ടം ഈടാക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ടയർ റീ സോളിംഗ് കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ തന്നെയാണ് ചെയ്യുന്നത്.

(ബി-സി) ചോദ്യം ഉദിക്കുന്നില്ല.

## ബസ്സ് ചാർജ്ജ് വർദ്ധന

146(1426) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും എത്ര ശതമാനം വീതമാണ് വർദ്ധിപ്പിച്ചത്;

(ബി) 2001 മേയ് മാസത്തിനുശേഷം കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം ഓരോ വർഷവും എത്ര കോടി രൂപ വീതമാണ്;

(സി) 2001 മേയ് മാസത്തിനുശേഷം ഓരോ വർഷവും കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം എത്ര കോടി രൂപ വീതമാണ്?

---

†അനുബന്ധം-VII കാണുക

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്നു തവണ ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. ആദ്യതവണ നിലവിലുള്ള ചാർജ്ജിന്റെ 25% വർദ്ധനവും രണ്ടാമത്തെ തവണ ഓർഡിനറി സർവ്വീസുകൾക്ക് മാത്രമായി 20% വർദ്ധനയും, മൂന്നാമത്തെ തവണ സിറ്റി, ഓർഡിനറി സർവ്വീസുകൾക്ക് 14.28%-വും സിറ്റി ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾക്ക് 20.9% വും സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് 19.56%-വും സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ് സർവ്വീസുകൾക്ക് 11.11%വും, ഹൈടെക് ലക്ഷ്വറി സർവ്വീസുകൾക്ക് 6.6%-വുമാണ് വർദ്ധിപ്പിച്ചത്.

(ബി) 2001-2002-ലെ കണക്കുകൾ പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം ഇതുവരെ 1026.70 കോടി രൂപയും, 2002-2003-ലെ കണക്കനുസരിച്ച് ആകെ സഞ്ചിത നഷ്ടം 1139.93 കോടി രൂപയും ആണ്. 2003-2004-ലെ താല്ക്കാലിക കണക്കനുസരിച്ച് സഞ്ചിത നഷ്ടം ആകെ 1259.90 കോടി രൂപയാണ്. 2004-2005-ലെ കണക്കുകൾ പൂർത്തിയായിട്ടില്ല. ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് സഞ്ചിത നഷ്ടം 1395.95 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു.

(സി) 2001-2002-ൽ വരുമാനം 614.00 കോടി രൂപ. 2002-2003-ൽ വരുമാനം 657.83 കോടി രൂപയും 2003-2004-ൽ വരുമാനം താല്ക്കാലിക കണക്കനുസരിച്ച് 676.99 രൂപയായും കണക്കാക്കിയിരിക്കുന്നു. 2004-2005-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം 742.01 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കിയിരിക്കുന്നു.

കെ.എസ്.ആർ.ടി.സി. തീരുമാനിച്ച സർവ്വീസുകൾ

147(1427) ശ്രീ. എം. പ്രകാശൻ മാസ്റ്റർ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. സാജു പോൾ:

ശ്രീ. പിരപ്പിൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സംസ്ഥാന വ്യാപകമായി ചില സർവ്വീസുകൾ നിർത്തൽ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര റൂട്ടുകളാണ് സർവ്വീസ് നിർത്തലാക്കുന്നതിന് തീരുമാനിച്ചത് എന്ന് അറിയിക്കുമോ;

(സി) നിർത്തലാക്കാൻ തീരുമാനിച്ച റൂട്ടുകളുടെ ഡിപ്പോ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഇത്തരത്തിൽ സർവ്വീസുകൾ നിർത്തലാക്കുന്നതിന് തീരുമാനിക്കുവാനുള്ള കാരണം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജനങ്ങളുടെ യാത്രാക്ലേശം കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ബസ്സിന്റെ ലഭ്യത അനുസരിച്ച് നടപടി സ്വീകരിച്ചുവരികയാണ്.

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചമാക്കാൻ നടപടി

142(1428) ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി എന്താണ്;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ആകെ കടം എത്രയാണ്;

(സി) കെ.എസ്.ആർ.ടി.സി.-യുടെ കടം തരം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) കടം തീർക്കുന്നതിനും സാമ്പത്തിക സ്ഥിതി മെച്ചമാക്കുന്നതിനും കെ.എസ്.ആർ.ടി.സി. കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ഇ) കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്തുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ഇപ്പോഴും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. പ്രതിമാസ വരുമാനത്തേക്കാൾ ശരാശരി 8 കോടി രൂപയുടെ അധിക ചെലവുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ആകെ കടം 454.75 കോടി രൂപയാണ്.

(സി) കടം തരംതിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെ.റ്റി.ഡി.എഫ്.സി | - 342.83 കോടി രൂപ |
| ഹഡ്കോ | - 12.92 കോടി രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| ഗവൺമെന്റ് ലോൺ | - | 90.65 കോടി രൂപ |
| കെ.എസ്.ആർ.ടി.സി. ഡിബഞ്ചേഴ്സ് | - | 08.35 കോടി രൂപ |
| ആകെ | - | 459.75 കോടി രൂപ |

(ഡി, ഇ) കെ.റ്റി.ഡി.എഫ്.സി., ഹഡ്കോ എന്നീ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾ കോർപ്പറേഷന്റെ പ്രതിദിന വരുമാനത്തിൽ നിന്നും ഒരു നിശ്ചിത വിഹിതം ഉപയോഗിച്ച് തിരിച്ച് അടച്ചുവരുന്നു. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് പരമാവധി കുറയ്ക്കുന്നതിനും ശ്രമിച്ചുവരികയാണ്.

## ട്രാൻസ്പോർട്ട് ബസ്സുകളുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി

149(1429) ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ബസ്സുകളുടെ ശോച്യാവസ്ഥ സമയോചിതമായി പരിഹരിക്കുന്നതിൽ വീഴ്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ;

(സി) ഇപ്പോൾ തുടർന്നുവരുന്ന ഷെഡ്യൂളുകൾ അനുസരിച്ച് ബസ് സർവ്വീവ് മുടങ്ങാതെ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) ഉണ്ട്. നപടിയും സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിച്ച ബസ് സർവ്വീസുകളും നിർത്തിവച്ച സർവ്വീസുകളും

150(1430) ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. പുതിയതായി എത്ര ബസ് സർവ്വീസുകൾ ആരംഭിച്ചു എന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(ബി) 2001-നുശേഷം പുതിയതായി ആരംഭിച്ചതും അന്ന് നിലവിലുണ്ടായിരുന്നതുമായ എത്ര സർവ്വീസുകൾ നിർത്തൽ ചെയ്തു എന്ന് അറിയിക്കുമോ; ഇപ്രകാരം നിർത്തലാക്കിയ സർവ്വീസുകൾ ഏതൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 491 പുതിയ സർവ്വീസുകൾ ആരംഭിച്ചു. പുതിയ സർവ്വീസുകളുടെ വിശദാംശം ശേഖരിച്ചുനൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## റാന്നിയിൽ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷൻ ആരംഭിക്കാൻ നടപടി

151(1431) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ അനുവദിക്കാൻ ബോർഡ് എന്നാണ് തീരുമാനമെടുത്തത് എന്ന് വെളിപ്പെടുത്താമോ;

(ബി) എങ്കിൽ ഇത് ഇതുവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് കോടതിയിൽ ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ തുടങ്ങി എന്നും അവയുടെ പേര് സഹിതം വ്യക്തമാക്കാമോ;

(ഇ) റാന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3-8-2000-ൽ.

(ബി) തീരുമാനത്തിൽ ആവശ്യപ്പെട്ടതുപോലെ സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകാത്തതുകൊണ്ട്.

(സി) നിലവിൽ കേസ് ഉണ്ട്.

(ഡി) കട്ടപ്പനയിലും ശാസ്താംകോട്ടയിലും രണ്ട് സബ്സ്റ്റേഷനുകൾ തുടങ്ങി.

(ഇ) സ്ഥലവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമാക്കിയതിനുശേഷം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വിഴിഞ്ഞം, പൂവ്വാർ ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന ബസ്സുകൾ

152(1432) ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം, പൂവ്വാർ ഡിപ്പോകളിൽ നിന്നും എത്ര ഷെഡ്യൂളുകളാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുവേണ്ടി പ്രവർത്തനക്ഷമമായ എത്ര ബസ്സുകളാണ് അലോട്ട് ചെയ്തിട്ടുള്ളത്;

(സി) ഇതു സംബന്ധിച്ച കുറവ് കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കുറവ് പരഹരിക്കാൻ കൂടുതൽ ബസ്സുകൾ അലോട്ടുചെയ്യാൻ തയ്യാറാകുമോ; അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിഴിഞ്ഞത്ത് നിന്നും 82 പുതിയ ഷെഡ്യൂളുകളും പൂവ്വാറിൽ നിന്ന് 72 ഷെഡ്യൂളുകളുമാണ് ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നത്.

(ബി) പൂവ്വാറിൽ 79 ബസ്സുകളും വിഴിഞ്ഞത്ത് 85 ബസ്സുകളും അനുവദിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വിഴിഞ്ഞം ഡിപ്പോയിൽ ഇപ്പോൾ രണ്ടു ബസ്സുകളുടെ കുറവുണ്ട്. അത് പരിഹരിക്കുവാൻ നടപടിയെടുക്കുന്നതാണ്.

## കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പുതിയ ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി

153(1433) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ എത്ര ട്രാൻസ്പോർട്ട് ബസ് സർവ്വീസുകൾ ആരംഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഇനിയും പുതുതായി എത്ര സർവ്വീസുകൾ ആരംഭിക്കുമെന്ന് വിശദീകരിക്കുമോ;

(സി) കോഴിക്കോട്-അരീക്കോട് ബസ് സർവ്വീസ് റൂട്ട് ഗവൺമെന്റിന്റെ പരിഗണയിലുണ്ടോ;

(ഡി) എങ്കിൽ ഇത് എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) താമരശ്ശേരി-നിലമ്പൂർ വഴി മുക്കം അരീക്കോട് സ്റ്റേറ്റ് ഹൈവേ റൂട്ടിൽ വേണാട് എക്സ്പ്രസ്സ് ഓടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(എഫ്) എങ്കിൽ എന്ന് ഇത് തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് സർവ്വീസുകൾ ആരംഭിച്ചു.

(ബി) യാത്രാക്കാരുടെ ആവശ്യമനുസരിച്ചും ബസ്സിന്റെ ലഭ്യത അനുസരിച്ചും ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇക്കാര്യം തൽക്കാലം പരിഗണനയിൽ ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പരിഗണിക്കുന്നതാണ്.

(എഫ്) ബസ്സിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

പന്തളം കെ.എസ്.ആർ.ടി.സി. ഡിപ്പോ എ. ടി. ഒ. ഓഫീസായി ഉയർത്തുന്നതിന് നടപടി

154(1434) ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം കെ.എസ്.ആർ.ടി.സി. ഡിപ്പോ എ.ടി.ഒ. ഓഫീസായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) എങ്കിൽ എന്നത്തേക്ക് ഇതിനെ എ.ടി.ഒ. ഓഫീസായി ഉയർത്താൻ നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) ഇക്കാര്യം പരിഗണിക്കുന്നതാണ്. എല്ലാ സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള ബസ് സർവ്വീസ്

155(1435) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ വളരെ പഴക്കം ചെന്ന ബസ്സുകളാണ് സർവ്വീസ് നടത്തുവാൻ ഉപയോഗിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിനായി ചാത്തന്നൂർ എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അടിയന്തിരമായി പുതിയ സൂപ്പർഫാസ്റ്റ് ബസ്സുകളും മിനി ബസ്സുകളും ചാത്തന്നൂർ ഡിപ്പോയ്ക്ക് അനുവദിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. താരതമ്യേന പഴക്കം കുറഞ്ഞ ബസ്സുകളാണ് ചാത്തന്നൂർ ഡിപ്പോയിൽ സർവ്വീസ് നടത്തുന്നത്.

(ബി) പഴക്കം ചെന്ന നാലു ബസ്സുകൾ പിൻവലിച്ചിട്ടുണ്ട്. അവയ്ക്കു പകരമുള്ള ബസ്സുകൾ നൽകിവരുന്നുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പേരൂർക്കട ഡിപ്പോയിലെ നവീകരണവും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും

156(1436) ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം പേരൂർക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് പുതിയതായി ഏതെല്ലാം ബസ്സ് സർവ്വീസുകൾ ആരംഭിച്ചുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പേരൂർക്കട ബസ്സ് ഡിപ്പോയിൽ എന്തെല്ലാം നവീകരണ പ്രവൃത്തികൾ നടന്നുവെന്ന് വിശദമാക്കാമോ;

(സി) പേരൂർക്കട ഡിപ്പോ പരിസരത്തെ നിർദ്ദിഷ്ട ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പുതുതായി ആരംഭിച്ച സർവ്വീസുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) വിവിധ നിലകളിൽ 13 ഓളം സിവിൽ ജോലികൾ ഈ കാലയളവിൽ പേരൂർക്കട ബസ്സ്റ്റേഷനിൽ ചെയ്തു തീർക്കുകയുണ്ടായി. ആയതിലേക്കായി മൊത്തം 30 ലക്ഷത്തിലധികം രൂപാ ചെലവഴിച്ചു. ഇവയിൽ പ്രധാനപ്പെട്ടതായി 8 ലക്ഷത്തോളം രൂപാ (എം.എൽ.എ. ഫണ്ട്) ഉപയോഗിച്ച് പബ്ലിക് അമിനിറ്റി സെന്റർ നിർമ്മിച്ചു നൽകുകയുണ്ടായി.

† അനുബന്ധം VIII കാണുക

LIBRARY ARCHIVES Kerala Legislative Assembly

(സി) ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ അനുകൂല്യങ്ങൾ

157(1437) ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ജനുവരി മാസം മുതൽ 2005 ഡിസംബർ മാസം വരെ കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് എത്രപേർ റിട്ടയർ ചെയ്തു എന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവർക്കുള്ള പി.എഫ്. ഗ്രാറ്റുവിറ്റി, പെൻഷൻ എന്നീ ആനുകൂല്യങ്ങൾ എന്നുവരെ റിട്ടയർ ചെയ്തവർക്ക് നൽകിയെന്ന് വ്യക്തമാക്കാമോ; ഇങ്ങനെ എന്തു തുക വിതരണം ചെയ്തു എന്ന് വെളിപ്പെടുത്താമോ;

(സി) 2005 ഡിസംബർ വരെ റിട്ടയർ ചെയ്ത ജീവനക്കാരുടെ ആനുകൂല്യങ്ങൾ എത്ര കുടിശ്ശിക നൽകാനുണ്ട് എന്ന് അറിയിക്കാമോ; ഇത് എന്ന് കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പി.എഫ്. ആനുകൂല്യങ്ങൾ, ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതുമായി ബന്ധപ്പെട്ട് കോടതി വിധികൾ ഏതെങ്കിലും നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2003 ജനുവരി മാസം മുതൽ 2005 ഡിസംബർ മാസം വരെ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും 5830 ജീവനക്കാർ വിരമിക്കുകയുണ്ടായി. തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഡ്രൈവർ | - | 1294 |
| കണ്ടക്ടർ | - | 1004 |
| മിനിസ്റ്റീരിയൽ | - | 707 |
| മെക്കാനിക് | - | 1635 |
| ഹയർ ഡിവിഷൻ | - | 207 |
| വാട്ടർ ട്രാൻസ്പോർട്ട് | - | 26 |
| എസ്.എം., ഇൻസ്പെക്ടർ, വി.എസ്., എച്ച്.വി.എസ് | - | 957 |

(ബി) നിലവിൽ 30-6-2002 വരെ പെൻഷൻ ആയ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും പി.എഫും നൽകിവരുന്നു. കോടതി വിധി പ്രകാരം പി.എഫ്. ആനുകൂല്യങ്ങൾ ഇതിനുശേഷം റിട്ടയർ ചെയ്തവർക്കും നൽകിയിട്ടുണ്ട്. ഇതുവരെ 314 കോടി 81 ലക്ഷം രൂപാ വിതരണം ചെയ്തുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഇനത്തിൽ ഡിസംബർ 2005 വരെ റിട്ടയർ ചെയ്ത ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിനായി ഉദ്ദേശം 250 കോടി രൂപ വേണ്ടി വരും. കോർപ്പറേഷന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകുവാൻ കഴിയും.

(ഡി) കേരള ഹൈക്കോടതിയുടെ ഡബ്ല്യു. പി. (സി) നം. 23918/04 തീയതി 12-8-04-ലേയും ഡബ്ല്യു. എ.-നം. 109/95 തീയതി 31-5-05ലേയും വിധി പ്രകാരം ജീവനക്കാരൻ റിട്ടയറായി നാലു മാസത്തിനകം പി.എഫ്. ക്ഷേമനിധി ആനുകൂല്യങ്ങൾ കൊടുക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്.

## ജലപാതകൾ ഗതാഗതയോഗ്യമാക്കുന്നതിന് പദ്ധതി

158(1438) ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. പി. കെ. കെ. ബാവ:
ശ്രീ. സി. മോയിൻകുട്ടി:
ശ്രീ. ടി. പി. എം. സാഹിർ:
ശ്രീ. നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന കായലുകളും തോടുകളും ചേർന്ന് ജലപാത പല ഭാഗങ്ങളിലും സഞ്ചാരയോഗ്യമല്ലാതായിത്തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവ വിനോദസഞ്ചാരത്തിനും ജലഗതാഗതത്തിനും യോഗ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിന്റെ പണി ഏതെല്ലാം മേഖലകളിൽ പൂർത്തിയാക്കിയെന്നും ഏതെല്ലാം മേഖലകളിൽ പണി ആരംഭിക്കുന്നുണ്ടെന്നുമുള്ള വിവരം വ്യക്തമാക്കുമോ;

(ഡി) ഇതിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ തെക്കെ അറ്റം മുതൽ വടക്കേയറ്റം വരെ ജലപാത നിർമ്മിച്ച് അവ വിനോദസഞ്ചാരത്തിനും ജലഗതാഗതത്തിനും യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ടി.എസ്. കനാലിന്റെ ഐ.എസ്.ആർ.ഒ. ബ്രിഡ്ജ് മുതൽ പള്ളിത്തുറ വരെയുള്ള ഭാഗം ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. കൊല്ലം നഗരത്തിന്റെ ഹൃദയഭാ

LIBRARY ARCHIVES Kerala Legislative Assembly

ഗത്തുകൂടി ഒഴുകുന്ന കൊല്ലം തോടിലെ പായലും ചെളിയും മറ്റു മാലിന്യങ്ങളും നീക്കി ഗതാഗത യോഗ്യമാക്കുന്നതിനുള്ള പണികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കോട്ടയം-ആലപ്പുഴ, കോട്ടയം-വൈക്കം, ചങ്ങനാശ്ശേരി-ആലപ്പുഴ, ഇവയുടെ പുനരുദ്ധാരണ പണികൾ കെ.എസ്.റ്റി.പി.-യുടെ കീഴിൽ ചെയ്തുവരുന്നു. ഈ കനാലുകളും കായലുകളുമായി ബന്ധിപ്പിക്കുന്ന ഉപകനാലുകളും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കോട്ടപ്പുറം മുതൽ അണ്ടത്തോട് വരെയുള്ള 68 കിലോമീറ്റർ നീളത്തിൽ ജലപാത വികസനത്തിന് കേന്ദ്ര സഹായ പദ്ധതിയിൽ 77 കോടി രൂപയുടെ ഒരു പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ഐ.ഡബ്ല്യു.എ.ഐ. ആവശ്യപ്പെട്ട വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. കാസർഗോഡ് ജില്ലയിലെ കോട്ടപ്പുറം മുതൽ കൊറ്റി വരെയുള്ള ജലപാതയുടെ നവീകരണത്തിന്റെ ഭാഗമായി 37 ബോട്ട് ജെട്ടികൾ പൂർത്തിയായിട്ടുണ്ട്. കൊറ്റി-വളപട്ടണം-പറശ്ശിനിക്കടവ് ജലപാതയുടെ നവീകരണത്തിന്റെ ഭാഗമായി സുൽത്താൻ കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നബാഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്നുണ്ട്. മാഹി-വളപട്ടണം കനാൽ നിർമ്മാണത്തിന് വേണ്ടിയുള്ള പരിസ്ഥിതി പ്രത്യാഘാത പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. കോരപ്പുഴ മുതൽ കല്ലായ് വരെയുള്ള കനോലി കനാലിന്റെ പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരുന്നു.

ടൂറിസം വികസനത്തിനായി കൊല്ലം തോട്ടിൽ കൊച്ചുപിലാംമൂടു മുതൽ 500 മീറ്റർ സ്ഥലത്ത് ബോട്ട് സവാരി ഉൾപ്പെട്ട ഒരു ജലകേളി കേന്ദ്രം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ ആയിട്ടുണ്ട്. താഴെ പറയുന്ന രണ്ട് പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

1. പാർവ്വതി പുത്തനാറിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ.
2. ആക്കുളം വേളി കായലിലെ ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യൽ.

ഇതിൽ ആദ്യത്തെ പദ്ധതിക്ക് ടെൻഡർ വിളിച്ചിട്ടുണ്ട്.

ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് താഴെ വിവരിക്കുന്ന പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ആലപ്പുഴ ജില്ലയിലെ ടൗൺകനാലുകളുടെ പുനരുദ്ധാരണവും അഭിവൃദ്ധിപ്പെടുത്തലും.
2. ആക്കുളം കായൽ വൃത്തിയാക്കുന്ന പ്രവൃത്തി.
3. വേളി മുതൽ ആക്കുളം വരെയുള്ള നടപ്പാത നിർമ്മാണം.

കൂടാതെ കോഴിക്കോട് ജില്ലയിലെ കളിപൊയ്കയുടെ സൗന്ദര്യവത്കരണത്തിന്റെ പ്രവർത്തനവും നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ ജലപാതകളുടെ പുനരുദ്ധാരണ സംരക്ഷണ പദ്ധതികൾക്ക് 12-ാം ധനകാര്യ കമ്മീഷൻ വഴി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. അതിന്റെ പണികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

## ജലഗതാഗത വകുപ്പിനുവേണ്ടി കേരളാ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനിൽ നിന്നും ബോട്ടുകൾ വാങ്ങാൻ അനുമതി

159(1439) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിനുവേണ്ടി കേരളാ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനിൽ നിന്നും എത്ര ബോട്ടുകൾ വാങ്ങാൻ അനുമതി ഉത്തരവ് നൽകിയിട്ടുണ്ടെന്നും ഏത് ഉത്തരവ് പ്രകാരമാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) ഇതനുസരിച്ച് എത്ര ബോട്ടുകൾ ജലഗതാഗത വകുപ്പ് വാങ്ങിയെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ബോട്ടിനും ജലഗതാഗത വകുപ്പ് എത്ര തുകയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഡി) മാനദണ്ഡപ്രകാരമുള്ള ഗുണനിലവാര പരിശോധനകൾ പൂർത്തീകരിച്ച് തന്നെയാണോ ബോട്ടുകൾ ജലഗതാഗത വകുപ്പ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ഇ) ജലഗതാഗത വകുപ്പ് പ്രസ്തുത ബോട്ടുകൾ വാങ്ങിയിട്ടില്ലെങ്കിൽ അതിന് കാരണമെന്താണെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) ജലഗതാഗത വകുപ്പിനുവേണ്ടി കേരളാ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനിൽ നിന്നും 25-8-2003-ലെ ജി.ഒ.(ആർ.ടി) നം. 400/03/ട്രാൻ. പ്രകാരം 11 സ്റ്റീൽ ബോട്ടുകളും 10 ഫൈബർ ബോട്ടുകളും 17-3-2005-ലെ ജി.ഒ.(ആർ.ടി)നം. 108/05/ട്രാൻ. പ്രകാരം 8 ഫൈബർ ബോട്ടുകളും 22-11-2005-ലെ ജി.ഒ.(ആർ.ടി) നം. 390/05/ട്രാൻ അനുസരിച്ച് 6 സ്റ്റീൽ ബോട്ടുകളും വാങ്ങാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 8-ഉം 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 3-ഉം സ്റ്റീൽ ബോട്ടുകൾ വാങ്ങിയിട്ടുണ്ട്.

(സി) 100 പി.സി.യുടെ ഓരോ ബോട്ടിനും ടാക്സുൾപ്പെടെ 38,17,900 രൂപ വീതവും 75 പിസിക്ക് 37,13,300 രൂപ വീതവും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതെ.

(ഇ) ഫൈബർ ബോട്ടുകൾ ആലപ്പുഴയിലെ കനാലിൽ ട്രയൽ റൺ നടത്തിയപ്പോൾ കണ്ട ചില പോരായ്മകളെത്തുടർന്ന് അവ പരിഹരിക്കാനായി നിർമ്മാതാക്കളെ ഏല്പിച്ചിരിക്കുകയാണ്. കൂടാതെ ഫൈബർ ബോട്ടുകളുടെ പരിഷ്കരണവും നിർമ്മാണവും പരിശോധിക്കുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനുമുള്ള ശുപാർശകൾ നൽകുന്നതിനുമായി ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് ചെയർമാനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

## കൊറ്റി-കോട്ടപ്പുറം ജലപാതയിൽ ഫൈബർ ബോട്ടുകൾ

160(1440) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറ്റി-കോട്ടപ്പുറം ജലപാതയിൽ നിലവിലുള്ള പഴയ ബോട്ടുകൾക്കു പകരം ഫൈബർ ബോട്ടുകൾ ലഭ്യമാക്കുന്ന കാര്യം പരിഗണനിയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്നും ഫൈബർ ബോട്ടുകൾ എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നും അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഫൈബർ ബോട്ടുകൾ ആലപ്പുഴ കനാലിൽ നടത്തിയ ട്രയൽ റണ്ണിൽ കണ്ട ന്യൂനതകൾ പരിഹരിക്കാനായി നിർമ്മാതാക്കളായ കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ തിരികെ എടുത്തിരിക്കുകയാണ്. ഫൈബർ ബോട്ടിന്റെ റിപ്പയർ പരിഹരിക്കുന്നതിനും അതിൻമേൽ ആവശ്യമായ ശുപാർശകൾ നൽകുന്നതിനുമായി ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല.

## കായംകുളം-എറണാകുളം റെയിൽപാത ഇരട്ടിപ്പിക്കൽ പദ്ധതി

161(1441) ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. കെ. നാരായണക്കുറുപ്പ്:

ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ൽ അനുമതി ലഭിച്ച കായംകുളം-എറണാകുളം റെയിൽപ്പാത ഇരട്ടിപ്പിക്കൽ പദ്ധതി ഏതു ഘട്ടംവരെയായി എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുണ്ടായ കാലതാമസം സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) പാത ഇരട്ടിപ്പിക്കൽ വിഹിതം കൂട്ടുന്നതിനും ഇരട്ടിപ്പിക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ-ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സമ്മർദ്ദം ചെലുത്തിവരുന്നുണ്ട്.

കോച്ച് ബിൽഡർ തസ്തികയിലേക്കുള്ള നിയമന ശുപാർശ

162(1442) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കോച്ച് ബിൽഡർ തസ്തികയിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ എത്ര പേർക്കാണ് നിയമന ശുപാർശ നൽകിയിരുന്നത്;

(ബി) അതിൽ എത്രപേരെ ഇതിനകം കെ.എസ്.ആർ.ടി.സി.-യിൽ നിയമിച്ചിട്ടുണ്ട്;

(സി) ശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കു കൂടി നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 192 പേർക്ക്.

(ബി) 90 പേരെ നിയമിച്ചിട്ടുണ്ട്.

(സി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

ബസ്സ് ചാർജ്ജ് വർദ്ധനവ് പിൻവലിക്കാൻ നടപടി

163(1443) ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ബസ് ചാർജ്ജ് വർദ്ധനവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ബസ് ചാർജ്ജ് വർദ്ധനവ് പിൻവലിക്കാൻ തല്ക്കാലം ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകൾ

164(1444) ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ സംസ്ഥാനത്ത് എത്ര ഡിപ്പോകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി ഏതെങ്കിലും ഡിപ്പോകൾ ആരംഭിക്കുകയോ, നിലവിലുള്ളത് അടച്ചുപൂട്ടുകയോ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) പുതുതായി ഏതെങ്കിലും ഡിപ്പോ ആരംഭിക്കാനുള്ള നീക്കം പരിഗണനയിലുണ്ടോ?

### ഉത്തരം

(എ) 31 ഡിപ്പോകളും 37 സബ്ഡിപ്പോകളും 17 ഓപ്പറേറ്റിംഗ് സെന്ററുകളും ഉണ്ട്.

(ബി) പുതുതായി സബ് ഡിപ്പോകൾ ആരംഭിച്ചിട്ടുണ്ട്. ഒരു ഡിപ്പോയും അടച്ചുപൂട്ടിയിട്ടില്ല.

(സി) ശാസ്താംകോട്ട, കട്ടപ്പന സബ് ഡിപ്പോയും പുതുതായി ആരംഭിച്ചിട്ടുണ്ട്.

(ഡി) സ്ഥലവും അടിസ്ഥാന സൗകര്യവും ലഭ്യമാകുന്ന മുറയ്ക്ക് മെഡിക്കൽ കോളേജിന് സമീപം ഒരു ബസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

GPM. 2/498/2014—27

LIBRARY ARCHIVES Kerala Legislative Assembly

# II. തിരുത്ത്

[9.30 a.m]

1. 20-7-2005-ലെ നക്ഷത്രചിഹ്നമിട്ട 247-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, പതിനൊന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ 20-07-2005-ൽ മറുപടി നൽകിയ നക്ഷത്രചിഹ്നമിട്ട 247-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിൽ പിശക് കടന്നുകൂടിയിരിക്കുന്നു. ആയതിന്റെ തിരുത്തിയ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.†

2. 2006-2007-വർഷത്തെ ആനുവൽ പ്ലാൻ ഡോക്യുമെന്റ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): 2006-2007 ബഡ്ജറ്റിനോടൊപ്പം സമർപ്പിച്ച 2006-07 വർഷത്തെ Annual Plan Document-ലെ സ്റ്റേറ്റ്മെന്റ്-2, സ്റ്റേറ്റ്മെന്റ്-3, സ്റ്റേറ്റ്മെന്റ്-4, സ്റ്റേറ്റ്മെന്റ്-4 (എ) എന്നിവയിൽ കടന്നുകൂടിയിരിക്കുന്ന പിശകുകൾ തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.††

3. 2-7-2000-ലെ നക്ഷത്രചിഹ്നമിടാത്ത 1800-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പതിനൊന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ 2-7-2002-ന് മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 1800-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിൽ പിശക് കടന്നുകൂടിയിരിക്കുന്നു. ആയതിന്റെ തിരുത്തിയ ഉത്തരം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.†††

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി പ്ളേസ് ചെയ്തിട്ടുള്ള കറക്ഷൻ സ്റ്റേറ്റുമെന്റ് സ്റ്റാർഡ് ക്വസ്റ്റ്യനെ സംബന്ധിച്ചാണ്. സ്റ്റാർഡ് ക്വസ്റ്റ്യന്റെ സ്റ്റേറ്റുമെന്റ് സഭയിൽ വച്ചുകഴിഞ്ഞാൽ അതുസംബന്ധിച്ച് ചോദ്യം ചോദിക്കാനുള്ള അവകാശം അംഗങ്ങൾക്കുണ്ട്. അതിന്റെ ടെക്സ്റ്റ് ഞങ്ങൾക്ക് അവയ്ലബിൾ ആക്കിയെങ്കിലേ ഞങ്ങൾക്ക് ചോദ്യം ചോദിക്കാൻ കഴിയൂ. അത് സഭയുടെ കീഴ്വഴക്കമാണ്. അങ്ങനെ അനുവദിച്ചിട്ടുണ്ട്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

---

† അനുബന്ധം II

†† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

††† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

# III. ചരമോപചാരം

മുൻ മന്ത്രിയും കേരള നിയസഭാംഗവുമായിരുന്ന പി. കെ. രാഘവൻ, കേരള നിയമസഭയുടെ ആദ്യ ഡെപ്യൂട്ടി സ്പീക്കർ കെ. ഒ. ഐഷാബായി, മുൻ എം.എൽ.എ.-യും ലോക്സഭാംഗവുമായിരുന്ന കെ. സി. സുരേന്ദ്രനാഥ്, മുൻ നിയമസഭാംഗങ്ങളായിരുന്ന സി. പി. കരുണാകരൻ പിള്ള, യു. പി. കുനിക്കുല്ലായ, എ. വി. അബ്ദുറഹിമാൻ ഹാജി, ആർ. ഗോവിന്ദൻ, എം. രാമുണ്ണി, കെ. സി. വാമദേവൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്.

മി. സ്പീക്കർ: മുൻ മന്ത്രിയും കേരള നിയമസഭാംഗവുമായിരുന്ന പി. കെ. രാഘവൻ, കേരള നിയമസഭയുടെ ആദ്യ ഡെപ്യൂട്ടി സ്പീക്കർ കെ. ഒ. ഐഷാബായി, മുൻ എം.എൽ.എ.യും ലോക്സഭാംഗവുമായിരുന്ന കെ. വി. സുരേന്ദ്രനാഥ്, മുൻ നിയമസഭാംഗങ്ങളായിരുന്ന സി. പി. കരുണാകരൻ പിള്ള, യു. പി. കുനിക്കുല്ലായ, എ. വി. അബ്ദുറഹിമാൻ ഹാജി, ആർ. ഗോവിന്ദൻ, എം. രാമുണ്ണി, കെ. സി. വാമദേവൻ എന്നിവർ അടുത്തകാലത്ത് നിര്യാതരായി.

## പി. കെ. രാഘവൻ

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് കുഞ്ഞാത്തന്റെയും കുഞ്ഞിലിയുടെയും മകനായി ജനിച്ച പി. കെ. രാഘവൻ വിദ്യാർത്ഥിയായിരുന്നപ്പോൾത്തന്നെ രാഷ്ട്രീയത്തിൽ പ്രവേശിച്ചു. 1948-ലെ ശൂരനാട് സമരത്തിന്റെ ആവേശം ഉൾക്കൊണ്ട് കമ്മ്യൂണിസ്റ്റ് ആദർശങ്ങളിൽ ആകൃഷ്ടനായി. 1953-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായ പി. കെ. രാഘവൻ ശൂരനാട് ലോക്കൽ കമ്മിറ്റി സെക്രട്ടറി പദവി മുതൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം വരെയുള്ള വിവിധ തലങ്ങളിൽ പ്രവർത്തിച്ചു. 1955-ലെ ട്രാൻസ്പോർട്ട് സമരത്തിലും 1960-ലെ ഭക്ഷ്യ സമരത്തിലും സജീവമായി പങ്കെടുത്ത് മർദ്ദനവും ജയിൽവാസവും അനുഭവിച്ചു. തൊഴിലാളി സംഘടനാ നേതാവെന്ന നിലയിൽ ഒട്ടേറെ തൊഴിലാളി യൂണിയനുകളുടെ നേതൃത്വം വഹിച്ചു. കർഷകത്തൊഴിലാളി യൂണിയൻ സെക്രട്ടറി, കേരള സ്റ്റേറ്റ് കർഷകത്തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി, ഭാരതീയ ഖേത് മസ്ദൂർ യൂണിയൻ ദേശീയ സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ സംയുക്ത സമര സമിതി ചെയർമാൻ, കേരള പുലയർ മഹാസഭയുടെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, രക്ഷാധികാരി എന്നീ നിലകളിൽ പ്രവർത്തിച്ചു. പത്തനാപുരം മണ്ഡലത്തെ പ്രതിനിധാനം ചെയ്തുകൊണ്ട് 1967-ലും 1970-ലും നിയമസഭാംഗമായ അദ്ദേഹം 1987-ൽ വൈക്കം മണ്ഡലത്തിൽനിന്നും നിയമസഭയിലെത്തി. 1976-77-ൽ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി ചെയർമാൻ എന്ന നിലയിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. 1970-71-ലും 1987-91-ലും സംസ്ഥാന മന്ത്രിസഭയിൽ അംഗമായിരുന്ന അദ്ദേഹം പട്ടികജാതി - പട്ടികവർഗ്ഗ വികസനം, ഭവന നിർമ്മാണം, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ചുമതല വഹിച്ചുകൊണ്ട് പക്വമതിയായ ഒരു ഭരണാധികാരിയെന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രശസ്തിയാർജ്ജിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടുന്ന അടിസ്ഥാന വർഗ്ഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ അദ്ദേഹം എക്കാലവും തികഞ്ഞ ശ്രദ്ധ ചെലുത്തിയിരുന്നു. പ്രയാസമേറിയ ജീവിത ചുറ്റുപാടിൽനിന്ന് വളർന്നുവന്ന ഒരു ജനനേതാവായ പി. കെ. രാഘവന്റെ നിര്യാണം നമ്മുടെ പൊതുജീവിതത്തിനും വിശിഷ്യാ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും കനത്ത നഷ്ടമാണ് വരുത്തിയിട്ടുള്ളത്.

കെ. ഒ. ഐഷാഭായി:

കേരള നിയമസഭയുടെ ആദ്യത്തെ ഡെപ്യൂട്ടി സ്പീക്കർപദം അലങ്കരിച്ച കെ. ഒ. ഐഷാബായി സ്വാതന്ത്ര്യസമര സേനാനിയായിരുന്ന കെ. ഉസ്മാൻ സാഹിബിന്റെ മകളായി 1929 ഒക്ടോബർ 25 -ന് ജനിച്ചു. അന്നത്തെ യാഥാസ്ഥിതിക സമൂഹത്തിന്റെ കടുത്ത വിലക്കുകളെ വെല്ലുവിളിച്ചുകൊണ്ട് കറ്റാനം പോപ്പ് പയസ് പതിനൊന്നാമൻ ഇംഗ്ളീഷ് മീഡിയം സ്കൂളിൽ നിന്നും ഇ.എസ്.എൽ.സി. പാസ്സായി. തിരുവനന്തപുരം വിമൻസ് കോളേജിൽ നിന്നും ബി.എ.-യും എറണാകുളം ലോ കോളേജിൽനിന്ന് നിയമ ബിരുദവും കരസ്ഥമാക്കി, ഐഷാബായി കായംകുളം ജുഡീഷ്യൽ കോർട്ടിൽ അഭിഭാഷകയായി പ്രാക്ടീസ് ആരംഭിച്ചു. വിദ്യാർത്ഥിനിയായിരിക്കെ രാഷ്ട്രീയ പ്രവർത്തനത്തോട് പ്രതിപത്തി- കാട്ടിയ ഐഷാബായി 1947-ൽ സ്റ്റുഡൻസ് കോൺഗ്രസിലൂടെ സംഘടനാ പ്രവർത്തനത്തിൽ പങ്കാളിയായി. നിരോധിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി ചേർന്നുകൊണ്ട് രാഷ്ട്രീയ രംഗത്ത് ശ്രദ്ധ കേന്ദ്രീകരിക്കുകയും വനിതാ പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുകയും ചെയ്തു. 1957-ൽ കായംകുളം മണ്ഡലത്തിൽനിന്നും സി.പി.ഐ. ടിക്കറ്റിൽ ഒന്നാം കേരള നിയമസഭയിലെത്തി. 1957 മേയ് 6-ാം തീയതി നിയമസഭയുടെ ആദ്യ ഡെപ്യൂട്ടി സ്പീക്കറായി സ്ഥാനമേറ്റ ഐഷാബായി രാജ്യത്തെ ആദ്യ വനിതാ നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ എന്ന ബഹുമതി നേടി. 1960-ൽ അതേ മണ്ഡലത്തിൽനിന്ന് വീണ്ടും തെരഞ്ഞെടുക്കപ്പെട്ട അവർ രണ്ടാം കേരള നിയമസഭയിലും അംഗമായി. നിയമസഭാംഗമെന്ന നിലയിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച ഐഷാബായി 1961 മുതൽ 1963 വരെ നിയമസഭയുടെ അഷ്വറൻസ് കമ്മിറ്റി ചെയർ പേഴ്സണായി സേവനമനുഷ്ഠിച്ചു. കേരള മഹിളാ സംഘത്തിന്റെ സംസ്ഥാന വൈസ് പ്രസിഡന്റ്, കേന്ദ്ര സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡുകളുടെ കമ്മിറ്റിയംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. സമാധാന ദൗത്യങ്ങൾ ഏറ്റെടുക്കുന്നതിൽ അതീവ തത്പരയായിരുന്ന ഐഷാബായി നിരവധി സമാധാന സംഘങ്ങൾക്കും രൂപം നൽകി. 1995-ൽ സജീവ രാഷ്ട്രീയത്തിൽ നിന്ന് വിരമിച്ച കെ. ഒ. ഐഷാബായിയുടെ നിര്യാണത്തോടെ നിർഭയമായി ജനസേവനം നടത്തിയ നിശ്ചയദാർഢ്യമുള്ള ഒരു ധീരവനിതയെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കെ. വി. സുരേന്ദ്രനാഥ്:

ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തല മുതിർന്ന നേതാവും സംശുദ്ധമായ പൊതു പ്രവർത്തനത്തിന് മാർഗ്ഗദീപവുമായിരുന്ന കെ. വി. സുരേന്ദ്രനാഥ് കെ. വേലായുധൻ പിള്ളയുടെയും ദേവകി അമ്മയുടേയും മകനായി 1925 മേയ് 24-ന് തിരുവനന്തപുരത്ത് ജനിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്നും രാമവർമ്മ ഗോൾഡ് മെഡലോടെ ബിരുദം നേടി. സ്വാതന്ത്ര്യ സമരത്തിൽ ഭാഗഭാക്കായിരിക്കെ ഇടതുവീക്ഷണത്തിന്റെ സഹയാത്രികനായി. തിരുവനന്തപുരം സ്റ്റുഡന്റ്സ് ഓർഗനൈസേഷന്റെ സ്ഥാപക നേതാക്കളിൽ ഒരാളായിരുന്ന അദ്ദേഹം 1945-ൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. തിരുവനന്തപുരം ജില്ലയിൽ പാർട്ടി കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചു. സി.പി.ഐ സംസ്ഥാന കൺട്രോൾ കമ്മീഷൻ ചെയർമാൻ, തിരുവനന്തപുരം ജില്ലാ സെക്രട്ടറി, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, ദേശീയ കൗൺസിൽ അംഗം എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. തൊഴിലാളി സംഘടനാ പ്രവർത്തന രംഗം തന്റെ തട്ടകമാക്കിയ കെ. വി., എ.ഐ.ടി.യു.സി. തിരുവനന്തപുരം ജില്ലാ ട്രേഡ് യൂണിയൻ കൗൺസിൽ പ്രസിഡന്റ്, എ.ഐ.ടി.യു.സി. സെൻട്രൽ ഫ്രാക്ഷൻ അംഗം, ജനറൽ കൗൺസിൽ അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. ത്യാഗസുരഭിലമായ രാഷ്ട്രീയ ജീവിതത്തിനുടമയായ അദ്ദേഹം ആശാൻ എന്ന പേരിലാണ് ഏറെ അറിയപ്പെട്ടിരുന്നത്. 1980-ലും 1982-ലും 1987-ലും നെടുമങ്ങാട് നിയോജകമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. അദ്ധ്വാനവർഗ്ഗത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് അവിഘ്നം യത്നിച്ച കെ. വി. സുരേന്ദ്രനാഥ് 1987-1989, 1989-1991 വർഷങ്ങളിൽ നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ സ്തുത്യർഹമായി പ്രവർത്തിച്ചു. പ്രഗത്ഭനായ നിയമസഭാംഗം എന്ന നിലയിലും പരിസ്ഥിതി പ്രവർത്തകൻ എന്ന നിലയിലും അദ്ദേഹം പരക്കെ അംഗീകരിക്കപ്പെട്ടു.

1996-ൽ തിരുവനന്തപുരം മണ്ഡലത്തിൽ നിന്നും ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പത്രപ്രവർത്തന രംഗത്ത് തന്റെ സാന്നിദ്ധ്യമറിയിച്ച കെ. വി. സുരേന്ദ്രനാഥ് ഹീപ്പിൾസ് ഏജ്, ദേശാഭിമാനി എന്നിവയുടെ ലേഖകനായും പ്രവർത്തിച്ചു. ആദർശരാഷ്ട്രീയത്തിന്റെ മാതൃകയായിരുന്ന കെ.വി. സുരേന്ദ്രനാഥ് തികച്ചും സാധാരണക്കാർക്കിടയിൽ ജീവിച്ച അസാധാരണക്കാരനായ ഒരു ഗാന്ധിയൻ കമ്മ്യൂണിസ്റ്റായിരുന്നു. ലാളിത്യവും ത്യാഗ സന്നദ്ധതയും ആദർശ നിഷ്ഠയും കൈമുതലാക്കി ഏവരുടേയും സ്നേഹാദരവ് പിടിച്ചുപറ്റിയ നിസ്വാർത്ഥനായ ഒരു പൊതുപ്രവർത്തകനെയാണ് കെ. വി. സുരേന്ദ്രനാഥിന്റെ നിര്യാണം മൂലം നമുക്ക് നഷ്ടമായിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സി. പി. കരുണാകരൻ പിള്ള

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യകാല സംഘാടകനും ത്യാഗനിർഭരമായ ജീവിതത്തിനുടമയുമായ സി. പി. കരുണാകരൻപിള്ള, ജി. കൃഷ്ണപിള്ളയുടെയും നാരായണിയമ്മയുടെയും മകനായി 1925-ൽ മൈനാഗപ്പള്ളിയിലാണ് ജനിച്ചത്. വിദ്യാർത്ഥിയായിരിക്കെ സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തകനായി രാഷ്ട്രീയരംഗത്തേയ്ക്ക് കടന്നുവന്ന അദ്ദേഹം സ്വാതന്ത്ര്യാനന്തരം സ്റ്റേറ്റ് കോൺഗ്രസ്സിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ടു. 1948-ൽ അദ്ദേഹം അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമാകുകയും, പാർട്ടി പിളർന്നതിനെത്തുടർന്ന് സി.പി.ഐ. (എം.)-ൽ നിലയുറപ്പിക്കുകയും ചെയ്തു. സി.പി.ഐ. (എം) കൊല്ലം ജില്ലാ കമ്മിറ്റി സെക്രട്ടറി, സ്റ്റേറ്റ് കമ്മിറ്റി അംഗം, കേരള കാഷ്യൂ വർക്കേഴ്സ് സെന്റർ പ്രസിഡന്റ്, ചെത്തുതൊഴിലാളി യൂണിയൻ ജില്ലാ കമ്മിറ്റി പ്രസിഡന്റ്, സി.ഐ.ടി.യു. കൊല്ലം ജില്ലാ കമ്മിറ്റി പ്രസിഡന്റ്, അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം തുടങ്ങിയ സ്ഥാനങ്ങൾ അദ്ദേഹം വഹിച്ചിരുന്നു. കർഷകരേയും തൊഴിലാളികളെയും സംഘടിപ്പിച്ച് നടത്തിയ നിരവധി സമരങ്ങളിൽ അദ്ദേഹം പങ്കാളിയായി. 1980-ൽ നിലവിൽ വന്ന ആറാം കേരള നിയമസഭയിൽ അടൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച് സി. പി. നിയമസഭാംഗമായി. തൊഴിലാളി പ്രസ്ഥാനത്തെ ശക്തമാക്കുന്നതിന് അക്ഷീണം യത്നിച്ച അദ്ദേഹം 'ആശാൻ' എന്ന പേരിലാണ് സുഹൃത്തുക്കൾക്കിടയിൽ അറിയപ്പെട്ടിരുന്നത്. ആദർശനിഷ്ഠമായ പൊതുപ്രവർത്തനം നടത്തുകയും മികച്ച സംഘാടകനെന്ന് പ്രസിദ്ധിയാർജ്ജിക്കുകയും ചെയ്ത സി. പി. കരുണാകരൻ പിള്ളയുടെ നിര്യാണത്തോടെ പഴയ തലമുറയിലെ പ്രമുഖനായ ഒരു നേതാവിനെയാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് നഷ്ടമായിരിക്കുന്നത്.

യു. പി. കുനിക്കുല്ലായ

1926 ജനുവരി മാസത്തിൽ ഭൂജാതനായ ഉമ്പക്കള പ്രഭാകര കുനിക്കുല്ലായ കാസർഗോഡ് കുമ്പള ബോർഡ് ഹയർ എലിമെന്ററി സ്കൂൾ, മംഗലാപുരം സെന്റ് അലോഷ്യസ് ഹൈസ്കൂൾ, സെന്റ് അലോഷ്യസ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസാനന്തരം മദ്രാസ് ലോ കോളേജിൽ നിന്ന് നിയമ ബിരുദം നേടി. വിദ്യാർത്ഥിയായിരിക്കെ നേതൃത്വപരമായ കഴിവ് പ്രകടമാക്കിയ കുനിക്കുല്ലായ കോളേജ് യൂണിയൻ സെക്രട്ടറി, ലോ കോളേജ് കർണ്ണാടക സംഘ് വൈസ് പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചു. 1953-ൽ അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ച കുനിക്കുല്ലായ, 'കർണ്ണാടക പ്രാന്തീകരണ സമിതി' സെക്രട്ടറി, കാസർഗോഡ് ബാർ അസോസിയേഷൻ പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചു. 1972-ൽ കേരള ഹൈക്കോടതിയിൽ പ്രാക്ടീസ് തുടങ്ങിയ അദ്ദേഹത്തിന് അഭിഭാഷകവൃത്തിയുടെ സുവർണ്ണ ജൂബിലി ആഘോഷിക്കുവാനുമായി. 1967-ൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി കാസർഗോഡ് മണ്ഡലത്തിൽ നിന്ന് മൂന്നാം കേരള നിയമസഭയിൽ അദ്ദേഹം അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. അതിർത്തി ജില്ലയായ

കാസർഗോഡിന്റെ വികസന പ്രവർത്തനങ്ങളിൽ പരിപൂർണ്ണ ശ്രദ്ധ ചെലുത്തുന്നതിനായി കരഗതമായ ഉന്നത സ്ഥാനമാനങ്ങൾ തിരസ്ക്കരിച്ച സംഭവങ്ങളും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭാഗമാണ്. കാസർഗോഡ് ജില്ലയുടെ ധാർമ്മിക സാമൂഹ്യ-സാംസ്ക്കാരിക മേഖലകളിലെ പ്രവർത്തനങ്ങൾക്ക് അരനൂറ്റാണ്ടുകാലം നേതൃത്വം നൽകിയ അദ്ദേഹം കാസർഗോഡ് ഹരിജൻ ഹോസ്റ്റൽ മാനേജർ, കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ്, സാംസ്ക്കാരിക സംഘടനയായ 'ലളിതകലാസദൻ' പ്രസിഡന്റ്, ലയൺസ് ക്ലബ് പ്രസിഡന്റ്, മധൂർ മദനന്തേശ്വര സിദ്ധിവിനായക ക്ഷേത്രം സേവാസംഘം പ്രസിഡന്റ് എന്നീ നിലകളിൽ മികവുറ്റ സേവനം കാഴ്ചവച്ചുകൊണ്ട് ജനങ്ങളുടെ സ്നേഹാദരവ് ആർജ്ജിച്ചു. സാഹിത്യ രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം 'ഇവരു എല്ലി ഏവറു' എന്ന കവിതാ സമാഹാരവും ഒട്ടനവധി ലേഖനങ്ങളും രചിച്ചു. 2003-ൽ കർണ്ണാടക സാഹിത്യ പരിഷത്ത് 'കന്നഡശ്രീ' അവാർഡ് നൽകി അദ്ദേഹത്തെ ആദരിച്ചു. ജീവിതത്തിന്റെ നാനാമുഖങ്ങളിൽ പ്രശോഭിച്ച കഴിവുറ്റ ഒരു പൊതു പ്രവർത്തകനെയാണ് കുനിക്കുല്ലായയുടെ നിര്യാണംമൂലം നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്.

## എ. വി. അബ്ദുറഹിമാൻ ഹാജി:

1930 ആഗസ്റ്റ് 21-ന് അബ്ദുള്ളഹാജിയുടെ മകനായി മേപ്പയ്യൂരിൽ ജനിച്ച എ. വി. അബ്ദുറഹിമാൻ ഹാജി എം.എസ്.എഫ്. ലൂടെയാണ് രാഷ്ട്രീയ രംഗത്തേയ്ക്ക് കടന്നുവന്നത്. 1952-ൽ അദ്ദേഹം യൂത്ത് ലീഗിന്റെ സജീവ പ്രവർത്തകനായി. മുസ്ലീംലീഗ് സംസ്ഥാന കമ്മിറ്റിയംഗം, ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം, കേരള നദുവത്തുൽമുജാഹിദീൻ സംസ്ഥാന പ്രസിഡന്റ്, സ്വതന്ത്ര കർഷക സംഘം സംസ്ഥാന പ്രസിഡന്റ്, തിരൂരങ്ങാടി ഓർഫനേജ് കോംപ്ലക്സ് വൈസ് പ്രസിഡന്റ് തുടങ്ങിയ ഒട്ടേറെ സ്ഥാനങ്ങൾ വഹിച്ചു. 1980-90 കാലഘട്ടത്തിൽ വഖഫ് ബോർഡ് അംഗമെന്ന നിലയിലും എ. വി. അബ്ദുറഹിമാൻ ഹാജി സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. അറിവും ആത്മാർത്ഥതയുംകൊണ്ട് പൊതുരംഗത്ത് നിലയുറപ്പിച്ച രാഷ്ട്രീയത്തിലെ സാത്വികൻ എന്ന് വിശേഷിപ്പിക്കപ്പെട്ടുപോന്ന ഹാജി രണ്ടുപതിറ്റാണ്ട് കാലം നിയമസഭാ സാമാജികനായിരുന്നു. മേപ്പയ്യൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച് 1970, 1980-82 വർഷങ്ങളിലും തിരുവമ്പാടി മണ്ഡലത്തെ പ്രതിനിധീകരിച്ച് 1991-ലും 1996-ലും കേരള നിയമസഭയിലെത്തി. മുസ്ലീംലീഗ് നിയമസഭാ കക്ഷി ഉപനേതാവായിരുന്ന ഹാജി മികച്ച സംഘാടകനും മികവുറ്റ നിയമസഭാ സാമാജികനുമെന്ന ഖ്യാതിനേടി. മുജാഹിദ് പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാവായിരുന്ന ഹാജി ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് തികഞ്ഞ ആത്മാർത്ഥതയോടും അതീവ ജാഗ്രതയോടും കൂടി പ്രവർത്തിച്ചു. നിസ്വാർത്ഥ സേവനത്തിന്റെ പര്യായമായ ഹാജി ആരോപണങ്ങളുടെ കറപുരളാത്ത വ്യക്തിത്വത്തിനും മൗലിക വീക്ഷണത്തിനും ഉടമയായിരുന്നു. പൊതുപ്രവർത്തന രംഗത്ത് അഞ്ച് ദശാബ്ദക്കാലം കർമ്മനിരതനായിരുന്ന എ. വി. അബ്ദുറഹിമാൻ ഹാജിയുടെ നിര്യാണം മുസ്ലീം ലീഗിനും വിശിഷ്യാ പൊതു പ്രവർത്തന രംഗത്തും കനത്ത നഷ്ടമാണ് സൃഷ്ടിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ആർ. ഗോവിന്ദൻ:

വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്തേയ്ക്ക് കടന്നുവന്ന ആർ. ഗോവിന്ദൻ 1949-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. കർഷകത്തൊഴിലാളികളെയും കശുവണ്ടിത്തൊഴിലാളികളെയും സംഘടിപ്പിച്ചു കൊണ്ട് ട്രേഡ് യൂണിയൻ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ച അദ്ദേഹം രാഷ്ട്രീയ പ്രവർത്തനവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെടുകയും നിരവധി തവണ ജയിൽവാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. സി.പി.ഐ. ജില്ലാ കമ്മിറ്റി അംഗമായി പ്രവർത്തിച്ച ഗോവിന്ദൻ സംസ്ഥാന പട്ടികജാതി ക്ഷേമനിധി ബോർഡ് ഉപദേശക സമിതി, ഖാദിബോർഡ്, കർഷകത്തൊഴിലാളി യൂണിയൻ ദേശീയ സമിതി എന്നിവയിൽ അംഗമായി ശ്ലാഘനീയമായ പ്രവർത്തനം കാഴ്ചവച്ചു. രണ്ടുവർഷക്കാലം അധ്യാപകവൃത്തിയിലേർപ്പെട്ട ഗോവിന്ദൻ അഭിഭാഷകനായും പ്രാക്ടീസ് ചെയ്തു. ബി. എ. സീനിയർ സ്റ്റുഡന്റ് ആയിരിക്കെ കുന്നത്തൂർ സംവരണ മണ്ഡലത്തെ പ്രതിനിധീകരിച്ച് ഒന്നാം കേരള നിയമസഭയിൽ അദ്ദേഹം അംഗമായി. മൂന്ന് പതിറ്റാണ്ടോളം ചാത്തന്നൂർ പഞ്ചായത്ത് അംഗമായി ജനസേവനം നടത്തിയ അദ്ദേഹം രണ്ടര വർഷക്കാലം ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായും പ്രവർത്തിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ആദ്യ ദളിത് പ്രതിനിധിയും ആർ ഗോവിന്ദനായിരുന്നു. ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും തൊഴിലാളി വർഗ്ഗത്തിന്റെ ഉന്നമനത്തിനുമായി അക്ഷീണം യത്നിച്ച ആർ. ഗോവിന്ദന്റെ നിര്യാണം തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങൾക്കും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും കനത്ത നഷ്ടമാണ് വരുത്തിയിട്ടുള്ളത്.

എം. രാമുണ്ണി:

1927 ജൂലൈയിൽ ജനിച്ച എം. രാമുണ്ണി മലബാർ ക്രിസ്ത്യൻ കോളേജ് ഹൈസ്ക്കൂളിലും കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിലുമായി വിദ്യാഭ്യാസം നേടി. വിദ്യാർത്ഥിയായിരിക്കെ സംഘടനാ പ്രവർത്തനങ്ങളോട് ആഭിമുഖ്യം പുലർത്തിയ രാമുണ്ണി ഡോ. അംബേദ്ക്കറുടെ വിദ്യാർത്ഥി ഫെഡറേഷന്റെ കോഴിക്കോട് ശാഖയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. വിദ്യാഭ്യാസാനന്തരം തപാൽ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച അദ്ദേഹം 14 വർഷം സർക്കാർ സേവനത്തിൽ തുടർന്നു. വയനാട്ടിൽ ജോലിയിലിരിക്കെ ആദിവാസികളുടെ ക്ഷേമത്തിനായി പൊതുപ്രവർത്തനം ആരംഭിച്ച അദ്ദേഹം സോഷ്യലിസ്റ്റ് പാർട്ടി അംഗമാവുകയും 1965-ൽ ഉദ്യോഗം രാജിവച്ച് രാഷ്ട്രീയപ്രവർത്തനത്തിൽ സജീവമാകുകയും ചെയ്തു. മലബാർ റീജിയണൽ ഹരിജൻ സമാജത്തിന്റെ ജനറൽ സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ട് അദ്ദേഹം ആദിവാസികളുടെയും ഹരിജനങ്ങളുടെയും സാമൂഹ്യ ഉന്നമനത്തിനായി പ്രയത്നിച്ചു. 1967-ൽ സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി ടിക്കറ്റിൽ സൗത്ത് വയനാട് മണ്ഡലത്തിൽ നിന്നും കേരള നിയമസഭയിൽ അംഗമായി. തൊഴിലാളികളുടെയും ആദിവാസികളുടെയും ക്ഷേമത്തിനായി നിയമസഭാ വേദിയിൽ അദ്ദേഹം ശബ്ദമുയർത്തി. ഇ.എം.എസ്.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിസഭയുടെ കാലത്തെ ഭൂപരിഷ്ക്കരണവുമായി ബന്ധപ്പെട്ട നിയമസഭാ സമിതിയിൽ അദ്ദേഹവും അംഗമായിരുന്നു. സജീവ രാഷ്ട്രീയത്തിൽ നിന്നും വിരമിച്ചശേഷം അദ്ദേഹം ശാന്തിഗുരുകുലം ചാരിറ്റബിൾ ട്രസ്റ്റിന് നേതൃത്വം നൽകുകയും അതിനുകീഴിൽ ഓൾഡ് ഏജ് ഷെൽട്ടർ നിർമ്മിച്ചുകൊണ്ട് സാധുജന സേവനപ്രവർത്തനങ്ങളിൽ വ്യാപൃതനാവുകയും ചെയ്തു. ആദിവാസികളുടെയും ഹരിജനങ്ങളുടെയും ഉന്നമനത്തിനായി യത്നിച്ച പൊതുപ്രവർത്തകനും ട്രേഡ് യൂണിയൻ നേതാവുമായിരുന്ന രാമുണ്ണിയുടെ നിര്യാണംമൂലം ആത്മാർത്ഥത നിറഞ്ഞ പൊതുപ്രവർത്തകരുടെ നിരയിലുള്ള ഒരാളെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## കെ. സി. വാമദേവൻ

കെ. എ. ചന്ദ്രശേഖരപ്പണിക്കരുടെ മകനായി 1928 സെപ്റ്റംബറിൽ തിരുവനന്തപുരത്ത് ജനിച്ച കെ.സി. വാമദേവൻ ദേശീയ പ്രസ്ഥാനത്തിലൂടെയാണ് രാഷ്ട്രീയ രംഗത്തെത്തിയത്. ആർ.എസ്.പി.യുടെ ആദ്യകാല നേതാക്കളിൽ ഒരാളായ അദ്ദേഹം വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവരെ സംഘടിപ്പിച്ച് കർമ്മവീര്യമാർന്ന പ്രവർത്തനശൈലിയിലൂടെ മികച്ച തൊഴിലാളി നേതാവായി ഉയർന്നു. ആർ.എസ്.പി. സ്റ്റേറ്റ് കമ്മിറ്റി അംഗം, ദേശീയ കൗൺസിൽ അംഗം, യു.ടി.യു.സി. സംസ്ഥാന വൈസ്പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. സമീപകാലത്ത് പാർട്ടിയിലുണ്ടായ പിളർപ്പിനെത്തുടർന്ന് ആർ.എസ്.പി.(ബി) യിലാണ് അദ്ദേഹം നിലയുറപ്പിച്ചത്. ദേവസ്വം എംപ്ലോയീസ് യൂണിയൻ, കെ.എസ്.ആർ.ടി.സി. മെക്കാനിക്കൽ എംപ്ലോയീസ് യൂണിയൻ, തിരുവനന്തപുരം പ്രസ്സ് വർക്കേഴ്സ് യൂണിയൻ തുടങ്ങി ഒട്ടനവധി തൊഴിലാളി സംഘടനകൾക്ക് കെ. സി. വാമദേവൻ നേതൃത്വം നൽകി. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, അഗ്രോ മെഷിനറി കോർപ്പറേഷൻ, മിൽക്ക് പ്രോഡക്ട്സ് ഓഫ് ഇൻഡ്യാ, ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെ ചെയർമാനായും കേരള യൂണിവേഴ്സിറ്റി സെനറ്റ്, സ്പോർട്ട്സ് കൗൺസിൽ എന്നിവയിൽ അംഗമായും പ്രവർത്തിച്ചു.

1954 മുതൽ 16 വർഷക്കാലം തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലറായും 1964-ൽ ഡെപ്യൂട്ടി മേയറായും 1968-1970-ൽ മേയറായും പ്രവർത്തിച്ചു. 1969-ൽ അഖിലേന്ത്യാ മേയേഴ്സ് എക്സിക്യൂട്ടീവ് കൗൺസിലിൽ അംഗമായും തെരഞ്ഞെടുക്കപ്പെട്ടു. കെ.സി. വാമദേവൻ 1967-ൽ തിരുവനന്തപുരം രണ്ടാം മണ്ഡലത്തേയും 1977-ൽ ആര്യനാടിനേയും പ്രതിനിധീകരിച്ച് നിയമസഭാംഗമായി. തൊഴിലാളി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി സഭാവേദിയിൽ ശബ്ദമുയർത്തിയ കെ. സി. വാമദേവൻ 1969-70-ൽ നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാൻ സ്ഥാനം അലങ്കരിച്ചു. സമരസ്മരണകൾ, ശ്രീകോവിലിൽ നിന്നും കൽത്തുറുങ്കിലേയ്ക്ക്, ചുമട്ടുതൊഴിലാളി പ്രസ്ഥാനം അന്നും ഇന്നും തുടങ്ങിയ പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. കർമ്മരംഗത്ത് നിശ്ചയ ദാർഢ്യത്തോടും തികഞ്ഞ ആത്മാർത്ഥതയോടും കൂടി പ്രവർത്തിച്ച അനന്യാദൃശ്യമായ



LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വപാടവം കാട്ടിയ കെ.സി. വാമദേവന്റെ നിര്യാണം, പൊതു പ്രവർത്തന രംഗത്തും വിശിഷ്യാ തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിനും കനത്ത നഷ്ടമാണ് വരുത്തിയിട്ടുള്ളത്. അന്തരിച്ച മഹത്വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ ഒരു മിനിട്ടു നേരം എഴുന്നേറ്റുനിന്നു മൗനമാചരിച്ചു.)

ശ്രീ. ടി. എം. ജേക്കബ്: സർ, സ്റ്റാർഡ് ക്വസ്റ്റ്യനുവേണ്ട സമയം നാളെ ഷെഡ്യൂൾ ചെയ്യുമല്ലോ? അജണ്ടയിൽ ഷെഡ്യൂൾ ചെയ്താൽ മാത്രമേ അതെടുക്കാൻ നമുക്കു സാധിക്കൂ. നാളെ അസംബ്ളി പിരിയുകയല്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സ്റ്റാർഡ് ചോദ്യമാകുമ്പോൾ അംഗങ്ങൾക്ക് ഒരു അവകാശമുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, സ്റ്റാർഡ് ക്വസ്റ്റ്യൻ ഇതിനുമുമ്പും ഇവിടെ പറഞ്ഞിട്ടുണ്ട്. ചോദിക്കാൻ അവസരം തരാമെന്നും പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ; ഇതു അവയിലബിളാക്കാം. ഞാൻ പെട്ടെന്നു നോക്കിയപ്പോൾ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ് എന്നതു മാറ്റിയിട്ട് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ് എന്ന ഒരു ചെറിയ തിരുത്തൽ ഇതിൽ കാണുന്നുണ്ട്. ഏതായാലും This will be made available for you. ശ്രീ. ടി. എം. ജേക്കബ് ഒരു വിഷയം അവതരിപ്പിക്കുന്നതിന് ഇവിടെ നോട്ടീസ് തന്നിട്ടുണ്ട്. അതു സബ്മിഷനായി നൽകാം.

## IV. അടിയന്തിരപ്രമേയം

### 17-2-2006 രാത്രി തൃശൂർ ജില്ലയിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകൻ കൊലചെയ്യപ്പെട്ട സംഭവം.

മി. സ്പീക്കർ: കഴിഞ്ഞ വെള്ളിയാഴ്ച രാത്രി തൃശൂർ ജില്ലയിലെ കൊടകര മറ്റത്തൂർ പഞ്ചായത്തിൽ മോനൊടി മാരാന്റെ പാലത്തിൽ വച്ച് ഒരു സംഘം ആർ.എസ്.എസ്. പ്രവർത്തകർ ബിജിൻ എന്ന ഡി.വൈ.എഫ്.ഐ. പ്രവർത്തകനെ കൊലപ്പെടുത്തിയതിനെത്തുടർന്ന് ആ പ്രദേശത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ. രാധാകൃഷ്ണൻ, കെ.പി. രാജേന്ദ്രൻ, എ. സി. ഷൺമുഖദാസ്, ഡോ. കെ. സി. ജോസഫ്, എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, തൃശൂർ വെള്ളികുളങ്ങര പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മോനൊടിയിൽ വച്ച് 17-2-2006 വെള്ളിയാഴ്ച രാത്രി ഒരു സംഘം ആളുകൾ ചേർന്ന് സി.പി.ഐ.(എം) പ്രവർത്തകനായ ബിജിനെ അടിച്ചും വെട്ടിയും പരിക്കേല്പിച്ചു. ആക്രമണത്തിൽ ബിജിന്റെ കൂടെയുണ്ടായിരുന്ന ജിഫി എന്നയാൾക്കും പരിക്കുപറ്റി. ഗുരുതരമായി പരിക്കേറ്റ ബിജിൻ മരണമടഞ്ഞു. ഇക്കാര്യത്തിൽ ചികിത്സയിൽ കഴിയുന്ന ജിഫിന്റെ മൊഴി വാങ്ങി ബി.ജെ.പി., ആർ.എസ്.എസ്., പ്രവർത്തകരായ ശിവൻ, ഷിനീഷ്, സുധീർ, സന്തോഷ് തുടങ്ങി 15 പേർക്കെതിരെ ഐ.പി.സി. 302 പ്രകാരം വെള്ളികുളങ്ങര പോലീസ് സ്റ്റേഷനിൽ ക്രൈം 2006/39-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. 16-2-2006-ന് സ്ഥലത്തെ അമ്പലത്തിലെ ഉൽസവത്തെത്തുടർന്ന് നടന്ന കാവടിയാട്ടത്തിൽ കാവടി എടുക്കുന്നതു സംബന്ധിച്ച് ഇവർ തമ്മിൽ വാക്കുതർക്കമുണ്ടായി. ഇതിനെത്തുടർന്നുണ്ടായ വൈരാഗ്യമാണ് 17-2-2006-ന് ബിജിന്റെ മരണത്തിൽ കലാശിച്ചത്. പുതുക്കാട് പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നാല് സബ് ഇൻസ്പെക്ടർമാർ അടങ്ങുന്ന ഒരു പ്രത്യേക ടീം രൂപീകരിച്ച് അക്രമികളെ പിടികൂടുന്നതിനുവേണ്ടി ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു. പ്രതികളെ എത്രയും വേഗം അറസ്റ്റു ചെയ്യുന്നതാണ്. സംഭവ സ്ഥലത്ത് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനായി പോലീസ് ജാഗ്രത പുലർത്തുന്നുണ്ട്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽത്തന്നെ ഈ സംഭവം വളരെ ഗൗരവമുള്ളതായിട്ടാണ് കാണുന്നത്. പ്രതികളെ ആരേയും ഇതുവരെ അറസ്റ്റുചെയ്യാൻ സാധിച്ചിട്ടില്ല. 17-2-2006 വെള്ളിയാഴ്ച രാത്രി എട്ട് മണിക്കാണ് തൃശൂർ കൊടകര മറ്റത്തൂർ മോനൊടി മാരന്റെ പാലത്തിൽ വച്ച് സി.പി.ഐ.(എം) അംഗവും ഡി.വൈ.എഫ്.ഐ. മോനൊടി യൂണിറ്റ് പ്രസിഡന്റുമായ സഖാവ് സി. എസ്. ബിജിനെ ഒരു സംഘം ആർ.എസ്.എസ്. ഗുണ്ടാസംഘം വെട്ടിക്കൊലപ്പെടുത്തിയത്. ബിജിനോടൊപ്പം ഉണ്ടായിരുന്ന ഡി.വൈ.എഫ്.ഐ പ്രവർത്തകനായ ജിഫിൻ വളരെ ഗുരുതരമായ അവസ്ഥയിൽ ആശുപത്രിയിൽ കിടക്കുകയാണ്. വളരെ ഗുരുതരമായിട്ടുള്ള അവസ്ഥയാണ് കൊടകരയിലും മറ്റത്തൂർ പ്രദേശത്തുമൊക്കെ ഉണ്ടായിരിക്കുന്നത്. ഈ കൊലപാതകം കഴിഞ്ഞതിനുശേഷം ഞാനും ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ.എ.സി. മൊയ്തീനും ഈ പ്രദേശവും ആശുപത്രിയും സന്ദർശിക്കുകയുണ്ടായി. യാതൊരു പ്രകോപനവുമില്ലാതെയാണ് ഈ കൊലപാതകം ആർ.എസ്.എസ്. ഗുണ്ടാസംഘങ്ങൾ ആസൂത്രണം ചെയ്തത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു പോലെ, മോനൊടി ധർമ്മശാസ്താ ക്ഷേത്രത്തിലുണ്ടായ കാവടിയാട്ടത്തോടനുബന്ധിച്ച് അവിടെ സംഘർഷാവസ്ഥ നിലനിന്നിരുന്നു. പക്ഷേ ഒരു കൊലപാതകം നടത്താൻവേണ്ടി മാത്രം ഗൗരവമുള്ള ഒരു സംഭവമായിരുന്നില്ല അവിടെയുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യിരുന്നത്. പക്ഷേ ആർ.എസ്.എസ്.ഗുണ്ടാസംഘം ആസൂത്രിതമായി, കലാപം സൃഷ്ടിക്കുക എന്നുള്ള ബോധപൂർവ്വമായിട്ടുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ്, 17-ാം തീയതി രാത്രി കാത്തിരുന്ന് ബിജിനേയേയും കൂടെയുണ്ടായിരുന്ന ആളിനേയും ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. തൃശൂർ ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷമായി നടന്നുവരുന്ന വ്യാപകമായിട്ടുള്ള പ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള കാര്യങ്ങളാണ്. തൃശൂർ ജില്ലയെ കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനമെന്നാണ് നമ്മൾ വിശേഷിപ്പിക്കുന്നത്. അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്, ഈ അഞ്ച് വർഷത്തിനുള്ളിൽ ആർ.എസ്.എസ്.,എൻ.ഡി.എഫ് ഗുണ്ടാ മാഫിയാ സംഘങ്ങൾ തെരുവീഥികളിൽ കൊന്നു തള്ളിയ ആളുകളുടെ എണ്ണം 190 ആണ്. അതുപോലെ തൃശൂർ ജില്ലയിലാണ് പള്ളിയിൽ കയറി പള്ളി വികാരിയെ കൊന്ന പ്രമാദമായ സംഭവം നടന്നത്. അതിന്റെ പിന്നിലും ആർ.എസ്.എസ്. ആയിരുന്നു. മാളയിലെ തിരുത്തിപ്പറമ്പ് പള്ളിയിൽ കയറി വികാരിയെ കൊന്നിട്ട് ഇതുവരെ പ്രതികളെ ആരേയും അറസ്റ്റു ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും അതു തന്നെയാണ് പറയുന്നത്. മോനൊടിയിലെ കൊലപാതകം കഴിഞ്ഞപ്പോൾ ആർ.എസ്.എസ്.-കാർ വിളിച്ച മുദ്രാവാക്യമെന്താണെന്നറിയാമോ? അവർ പറഞ്ഞത്, "നിങ്ങളെപ്പോലെയുള്ള ആളുകളെ കൊന്നാൽ ഞങ്ങൾക്ക് സംരക്ഷണം കിട്ടിയിട്ടുണ്ടെങ്കിൽ പിന്നെ എന്താണുണ്ടാകുക"? ഇലക്ഷനിൽ അവിടെ സ്ഥാനാർത്ഥിയെപ്പോലും നിർത്തിയില്ല. പ്രിയപ്പെട്ട മന്ത്രി കാര്യങ്ങൾ മനസ്സിലാക്കണം. നിങ്ങൾ സി.പി.ഐ.(എം)കാരേയും ഡി.വൈ.എഫ്.ഐ കാരേയും കൊല്ലുമ്പോൾ സന്തോഷിക്കുകയാണ്. ഫാദറെ കൊന്നപ്പോഴും നിങ്ങൾ സന്തോഷിക്കുകയാണ് ചെയ്തത്. ഗുണ്ടാ മാഫിയ സംഘങ്ങൾ തൃശൂർ അടക്കി ഭരിക്കുകയാണ്. അടുത്ത ദിവസങ്ങളിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കൊലപാതകമുൾപ്പെടെയുള്ള ഒരുപാടു സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മുല്ലശ്ശേരിയിൽ മുജിബ് റഹ്മാൻ എന്ന ചെറുപ്പക്കാരനെ പട്ടാപ്പകലാണ് ആർ.എസ്.എസ്.-കാർ വെട്ടിക്കൊലപ്പെടുത്തിയത്. അതുപോലെ തന്നെയാണ് കൊടുങ്ങല്ലൂരിൽ നടക്കുന്ന സംഭവ വികാസങ്ങൾ. കൊടുങ്ങല്ലൂരിൽ എടവലങ്ങ പഞ്ചായത്ത് പ്രസിഡന്റായ സുരേന്ദ്രനെ അടുത്ത ദിവസമാണ് വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ചത്. അതുപോലെ സി.പി.ഐ.(എം)ന്റെ ഏരിയാ സെക്രട്ടറിയായ സഖാവ് വിജയന്റെ മകനായ സുധീർഘോഷിനെ അടുത്ത ദിവസമാണ് വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ചത്. ഈ അടുത്ത ദിവസം സി.പി.ഐ.-യുടെ ഓഫീസ് തകർക്കുകയുണ്ടായി. സി.പി.ഐ.-യുടെ ഓഫീസ് തകർത്തിട്ട് അവർ പറഞ്ഞതെന്താണെന്ന് അറിയാമോ? ചുവപ്പു കണ്ടപ്പോഴാണ് ഞങ്ങൾ തകർത്തതെന്നാണ്. ചുവപ്പു കണ്ടാൽ തകർക്കുമെന്നു പറഞ്ഞുകൊണ്ടുള്ള വലിയ അക്രമങ്ങളാണ് തൃശൂർ ജില്ലയിൽ ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ആർ.എസ്.എസ്. ഒരു ഭാഗത്ത് അക്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ, മറുഭാഗത്ത് മുസ്ലീം മതന്യൂനപക്ഷ വർഗ്ഗീയവാദികളും അഴിഞ്ഞാടുകയാണ്. മിനിഞ്ഞാന്ന് പാവറട്ടിയിൽ എൻ.ഡി.എഫ്.-കാർ ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ നസീർ എന്ന ആട്ടോറിക്ഷാ തൊഴിലാളിയെ

കൊലപ്പെടുത്തുവാൻ ശ്രമിക്കുകയുണ്ടായി. തൃശൂർ ജില്ലയിൽ ആർ.എസ്. എസ്.-ന്റേയും എൻ.ഡി.എഫ്.- ന്റേയും ഭീകര പ്രവർത്തനങ്ങൾ വർദ്ധിച്ചു വരികയാണ്. ക്രമസമാധാന നില ആകെ തകരുകയാണ്. ആയുധശേഖരത്തിന്റെ കേന്ദ്രമായി കൊടുങ്ങല്ലൂർ മാറുകയാണ്.

[10.00 A.M.] കൊടകര പൊതുവെ സമാധാനാന്തരീക്ഷം നിലനിന്നിരുന്ന സ്ഥലമാണ്. ഇപ്പോൾ ഇവിടെ ഒരു വർഷത്തിനിടയിൽ നാല് ഡി.വൈ.എഫ്.ഐ., സി.പി.ഐ.(എം) പ്രവർത്തകരെയാണ് കൊന്നത്. യാതൊരു പ്രകോപനവുമില്ലാതെ നാല് ആളുകളെയാണ് കൊന്നത്. പ്രതികളെ വേണ്ടവിധത്തിൽ കൈകാര്യം ചെയ്യാത്തതിന്റെ ഫലമായിട്ടാണ് കൊലപാതകങ്ങൾ നിർബാധം തുടർന്നുവരുന്നത്. ഇത് ആസൂത്രിതമായ കൊലപാതകം തന്നെയാണ്. തെരഞ്ഞെടുപ്പ് വരാൻ പോകുന്നതുകൊണ്ട് രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടിയുള്ള ബോധപൂർവ്വമായിട്ടുള്ള ഒരു കൊലപാതകമായിട്ടാണ് ഇതിനെ കാണാൻ കഴിയുന്നത്. അവർ ആഗ്രഹിക്കുന്നത് ഇതിൽ നിന്നും തിരിച്ചടിയുണ്ടാകണമെന്നാണ്. അങ്ങനെ തിരിച്ചടിയുണ്ടാകുമ്പോൾ രാഷ്ട്രീയ മുതലെടുപ്പ് നടത്താമെന്നുള്ളതാണ് അവരുടെ ധാരണ. നമ്മൾ ഭൂമിയോളം ക്ഷമിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. എല്ലാ അർത്ഥത്തിലും സംയമനം പാലിക്കാനാണ് തീരുമാനിച്ചത്. പതിനായിരക്കണക്കിനാളുകളാണ് ബിജിയുടെ ശവസംസ്ക്കാര ചടങ്ങിൽ പങ്കെടുത്തത്. ഞങ്ങൾ ആത്മസംയമനം പാലിക്കുന്നത് ഞങ്ങളുടെ ദൗർബല്യമായി കാണുകയാണ്. തൃശ്ശൂർ ജില്ലയിൽ പ്രത്യേകിച്ച് കൊടകര കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തൃശ്ശൂർ ജില്ലയിലെ വ്യാപകമായ അക്രമങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള നടപടിയുണ്ടാകണം. പക്ഷെ യാതൊരു നടപടിയും ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല ഗുണ്ടകൾക്ക് സൗകര്യം ചെയ്തുകൊടുക്കുന്ന ഒരു സമീപനമാണ് ഇവർ സ്വീകരിക്കുന്നത്. പല പോലീസ് സ്റ്റേഷനുകളും ഭരിക്കുന്നത് ആർ.എസ്.എസ് ഗുണ്ടകളാണ്. അവർക്ക് ഇഷ്ടമുള്ള ആളുകളെ പോലീസ് സ്റ്റേഷനിൽ നിന്നും ഇറക്കികൊണ്ട് വരാൻവരെയുള്ള സൗകര്യങ്ങൾവരെ പോലീസിലെ ഉന്നത ഉദ്യോഗസ്ഥൻമാർ ഗുണ്ടകൾക്കുവേണ്ടി ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായിത്തന്നെയാണ് എന്ത് തോന്ന്യാസവും ചെയ്താൽ ഞങ്ങളെ സംരക്ഷിക്കാൻ ആളുകളുണ്ടെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് വ്യാപകമായിട്ടുള്ള അക്രമം തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്. കൊടകരയിലും അതുപോലെ തൃശ്ശൂർ ജില്ലയിൽ എല്ലാംതന്നെ സംഘർഷഭരിതമായ അന്തരീക്ഷമാണ് നിലനിൽക്കുന്നത്. ഈ സംഘർഷാവസ്ഥ ലഘൂകരിക്കണമെന്നുണ്ടെങ്കിൽ സഭാനടപടികൾ നിർത്തിവച്ച് പ്രശ്നങ്ങൾ ഗൗരവതരമായി ചർച്ച ചെയ്യാൻ ഗവൺമെന്റ് സന്നദ്ധമാകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. കെ. പി. വിശ്വനാഥന് ഒരു മിനിറ്റ് സംസാരിക്കാം.

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ സൂചിപ്പിച്ചതു പോലെ അവിടെ ഒരു കൊലപാതകം കഴിഞ്ഞ ദിവസം മോനൊടിയിൽ നടക്കുകയുണ്ടായി. കൊടകരയിൽ നാല് കൊല്ലമായി വളരെ പ്രശ്നമാണെന്നാണ് പറഞ്ഞത്. അപ്പോൾ കുറെ കൊല്ലമായി അവിടെ പ്രശ്നങ്ങളൊന്നും ഇല്ലെന്നുള്ളത് മനസ്സിലായി. അവിടെ പ്രശ്നം കമ്മ്യൂണിസ്റ്റ് പാർട്ടിയും, ബി.ജെ.പി. ആർ.എസ്.എസ് പ്രവർത്തകർ.....(ബഹളം).....

മി. സ്പീക്കർ: സർ, ഇവിടെ തർക്കത്തിന്റെ പ്രശ്നമില്ല. കൊടകര നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാ സാമാജികന് സാധാരണ മുൻ കീഴ് വഴക്കമനുസരിച്ച് സംസാരിക്കാം.

ശ്രീ. കെ. പി. വിശ്വനാഥൻ: ഞാൻ ശ്രീ. കെ. രാധാകൃഷ്ണൻ പറഞ്ഞതിന് എതിര് പറയുകയല്ല. ശ്രീ. കെ. രാധാകൃഷ്ണൻ പറഞ്ഞതൊക്കെ വസ്തുതകളാണ്. ആർ.എസ്.എസും ബി.ജെ.പി-യും കമ്മ്യൂണിസ്റ്റ് പാർട്ടിയും തമ്മിലുള്ള വഴക്കാണ് പ്രശ്നം. കോൺഗ്രസോ മറ്റ് പാർട്ടികളോ ആയിട്ട് യാതൊരു പ്രശ്നവുമില്ല. ഈ പ്രശ്നം ഉൽസവത്തോടനുബന്ധിച്ച് നടന്ന ഒരു വാക്കു തർക്കത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായതാണ്. തുടർന്ന് പ്രശ്നങ്ങൾ അവസാനിച്ചതാണ്. പക്ഷെ പിന്നെ ഞാൻ മനസ്സിലാക്കിയത് ഇതിന് പകരം ചോദിക്കാൻ വേണ്ടി അവിടെ ചെന്നപ്പോൾ അതിന്റേതായ അടിസ്ഥാനത്തിൽ സംഘട്ടനം നടന്നു. അത് വാസ്തവമാണ്. പക്ഷെ പോലീസ് വളരെ ഊർജ്ജിതമായി കാര്യങ്ങൾ അന്വേഷിക്കുന്നുണ്ട്. പ്രതികളെ പിടിക്കുന്നതിനുവേണ്ടിയുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ട്. അതുകൊണ്ട് ഇവിടെ മറ്റു തരത്തിൽ വ്യാഖ്യാനിക്കേണ്ട കാര്യമില്ല. ഈ നാല് കൊലപാതകങ്ങൾക്കും മാർക്സിസ്റ്റ് പാർട്ടിയാണ് മെയിൻ ഉത്തരവാദി. അതിൽ യാതൊരു സംശയവുമില്ല.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ആ പ്രദേശത്ത് കുറച്ചുകാലമായി രണ്ട് പാർട്ടികൾ തമ്മിലുള്ള സംഘർഷമുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഇവിടെ നിർഭാഗ്യകരമായ ഒരു സംഭവമുണ്ടായി. അത് ശ്രീ. കെ. രാധാകൃഷ്ണൻ പറഞ്ഞതുപോലെ വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. ഇതിൽ രണ്ടുകൂട്ടരും സംയമനം പാലിക്കണമെന്നാണ് പറയാനുള്ളത്. കേസന്വേഷണം ഗവൺമെന്റ് വളരെ ഗൗരവമായിത്തന്നെ എടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതു പോലെ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നാല് സബ്ഇൻസ്പെക്ടർമാർ അടങ്ങിയ ഒരു ടീമിനെ രൂപീകരിച്ച് അന്വേഷണം നടത്തുകയാണ്. സ്വാഭാവികമായും കേസിൽ ഇൻവോൾവ്ഡായിട്ടുള്ള ആളുകൾ, പേരറിയാവുന്ന ആളുകൾ പെട്ടെന്ന് മാറിക്ക

LIBRARY ARCHIVES Kerala Legislative Assembly

ളയും. അതുകൊണ്ട് പെട്ടെന്ന് അറസ്റ്റ് ചെയ്യാൻ ചിലപ്പോൾ സാധിച്ചെന്ന് വരില്ല. ഗവൺമെന്റ് ഇത് വളരെ ഗൗരവത്തോടു കൂടിത്തന്നെയാണ് കാണുന്നത്. ഇവിടെ ഇത്തരം സംഘർഷങ്ങൾ തുടരാൻ പാടില്ല. രണ്ട് പാർട്ടികൾ തമ്മിലുള്ള ഫൈറ്റ് തുടർന്നുപോകുന്നത് ശരിയല്ല. നമ്മൾ എല്ലാപേരും സംയമനം പാലിക്കണം. ശ്രീ. കെ. രാധാകൃഷ്ണൻ കമ്മ്യൂണിസ്റ്റ് പാർട്ടി സംയമനം പാലിക്കുന്നുണ്ടെന്ന് പറഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. അതുകൊണ്ടു മാത്രമേ ഇതിന് പരിഹാരം കാണാൻ സാധിക്കുകയുള്ളു. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വളരെ കർശനമായ നടപടികൾ സ്വീകരിക്കും. ഇന്നത്തെ അടിയന്തിര പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ നിർദ്ദേശങ്ങൾ കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയാവതരണത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : സ്പീക്കർ സർ, ആഭ്യന്തര വകുപ്പ് പുതുതായി കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം ആദ്യത്തേതിൽ നിന്നും ഒന്ന് മാറിയത് അങ്ങ് ശ്രദ്ധിച്ചോ? ബഹുമാനപ്പെട്ട കൊടകര മെമ്പർ ഇതിൽ ഇടപെടുകയും അദ്ദേഹത്തിന്റെ വിശദീകരണം വന്നപ്പോൾ സി.പി.ഐ.(എം)-ഉം ആർ.എസ്.എസ്-സുമാണ് കുഴപ്പങ്ങളുണ്ടാക്കുന്നതെന്നു പറഞ്ഞുകൊണ്ട് ഈ സംഭവത്തെ ലഘൂകരിക്കാനും യഥാർത്ഥത്തിൽ നടന്നുകൊണ്ടിരിക്കുന്ന ആർ.എസ്.എസ്-ന്റെ ആക്രമണത്തെ ന്യായീകരിക്കാനുമാണ് ശ്രീ. കെ.പി. വിശ്വനാഥൻ ശ്രമിച്ചത്. ശ്രീ. കെ. പി. വിശ്വനാഥന്റെ അഭിപ്രായമാണ് ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടിയിൽ പറഞ്ഞത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): അങ്ങ് തെറ്റിദ്ധരിപ്പിക്കുകയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, രണ്ട് പാർട്ടിക്കാരുമാണ് കുഴപ്പങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നത് എന്ന് പറഞ്ഞത് പിൻവലിക്കുകയാണെങ്കിൽ അത് തെറ്റിദ്ധാരണയാണെന്ന് പറയാം. അത് പിൻവലിക്കാതിരിക്കുന്നിടത്തോളം കാലം ശ്രീ. കെ. പി. വിശ്വനാഥൻ വസ്തുതകൾ വിഴുങ്ങി എന്നാണ് അതിൽ നിന്നും മനസ്സിലാകുന്നത്. ഫലത്തിൽ ആർ.എസ്.എസ്-നെ ന്യായീകരിക്കാനും അവരോട് സ്വീകരിച്ചുപോരുന്ന ലഘുവായ സമീപനം തുടരാൻതന്നെയാണ് ഭാവം എന്നുമാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. ആർ.എസ്.എസ്-നെ മാത്രമല്ല എൻ.ഡി.എഫ്-നേയും ഗവൺമെന്റ് പ്രോൽസാഹിപ്പിക്കുകയാണ്. ഭൂരിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗീയതയുടേയും ന്യൂനപക്ഷ വർഗ്ഗീയതയുടേയുമൊക്കെ പിൻതുണയോടുകൂടി അധികാരത്തിൽ വന്ന ഗവൺമെന്റാണ് ഇത്. അവർ നടത്തിയിട്ടുള്ള ആക്രമണ കേസുകളെല്ലാം ഈ ഗവൺമെന്റ് പിൻവലിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഫലത്തിൽ വർഗ്ഗീയ സാമുദായിക സംഘടനകൾക്ക് എല്ലാവിധത്തിലുള്ള പ്രോൽസാഹനങ്ങളും ഏർപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് തൃശ്ശൂർ ജില്ലയിൽ ഏതാണ്ട് 190-ഓളം നിർഭാഗ്യവാൻമാർ ഇതിനകം കശാപ്പ് ചെയ്യപ്പെട്ടിട്ടുള്ളത്. ആ കശാപ്പ് തുടരുന്നതിനുള്ള ഒരു ലൈസൻസാണ് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ നിർഭാഗ്യകരമായ മറുപടിയിൽ നിന്നുമുണ്ടായത്. സി.പി.ഐ.(എം)-ഉം ആർ.എസ്.എസുമാണ് ഇതെല്ലാം ചെയ്യുന്നതെങ്കിൽ ഫാദർ ചിറ്റിലപ്പള്ളിയുടെ മരണത്തെ സംബന്ധിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്. ഇതുസംബന്ധിച്ച് അന്വേഷിച്ച് കുറ്റവാളിക്കെതിരായി നടപടി സ്വീകരിച്ചിട്ടുണ്ടോ? ഇല്ല. കാരണം നിങ്ങൾ ആർ.എസ്.എസുമായി ചങ്ങാത്തമാണ്. അതുകൊണ്ടാണ് ചിറ്റിലപ്പള്ളിയുടെ കൊലപാതകികളായിട്ടുള്ള ആളുകളെ ഇതുവരെ അറസ്റ്റ് ചെയ്യാതിരുന്നത്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാമെന്ന് കരുതണ്ട. അതുകൊണ്ട് ഈ സമീപനത്തിൽ അതിശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ സഭയിൽ നിന്നും ഇറങ്ങിപ്പോകുകയാണ്.

(ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, തൃശ്ശൂർ ജില്ലയിലെ ജനങ്ങളാകെ ഭീതിയിലാണ്. കൊടകര, മണലൂർ, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, മാള തുടങ്ങിയ വിവിധ മണ്ഡലങ്ങളിൽ കഴിഞ്ഞ കുറെ മാസങ്ങളായി നിരന്തരമായി കൊലപാതകങ്ങൾ നടക്കുന്നു. സി.പി.ഐ.(എം) സഖാക്കൾ കൊലചെയ്യപ്പെട്ട വിവരമാണ് സഖാവ് കെ. രാധാകൃഷ്ണൻ ഇവിടെ ഓരോ സംഭവങ്ങളായി എടുത്തു പറഞ്ഞത്. വൈകുന്നേരമാണ് കൊടകര മണ്ഡലത്തിലെ സംഭവം ഉണ്ടായതെങ്കിൽ മുല്ലശ്ശേരിയിൽ രാവിലെ 10.00 മണിക്കാണ് മെയിൻ റോഡിൽ വച്ച് മുജീബിനെ വെട്ടിക്കൊന്നത്. ഓരോ സംഭവങ്ങളും നോക്കിയാൽ ക്രിമിനൽസ് വളരെ ആസൂത്രിതമായിട്ടാണ് സഖാക്കളെ തെരഞ്ഞുപിടിച്ച് വെട്ടിക്കൊല്ലുന്നത് എന്ന് കാണാം. കൊടുങ്ങല്ലൂരിൽ നിരന്തരമായ ആക്രമണമാണ് ഉണ്ടാകുന്നത്. കൊടുങ്ങല്ലൂർ മെമ്പർ ഇവിടെ കഴിഞ്ഞ ദിവസം സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ആ ഭാഗം പറഞ്ഞിട്ടില്ല. വെറും രാഷ്ട്രീയ ഉദ്ദേശംവച്ച് പ്രതിപക്ഷ കക്ഷികളെ ആക്ഷേപിക്കുകയും അതുപോലെ ആക്രമിക്കുകയും ചെയ്യുന്ന വിധത്തിൽ ബി.ജെ.പി.ക്കുവേണ്ടിയുള്ള വക്കാലത്താണ് നടത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട കെ. പി. വിശ്വനാഥൻ സംസാരിച്ചപ്പോഴും വസ്തുതയിലേയ്ക്ക് വരുന്നില്ല. ഈ സംഭവങ്ങൾ ആവർത്തിക്കുന്നതല്ലാതെ പ്രതികളെ പിടിക്കാനോ ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിക്കാനോ പോലീസിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകുന്നില്ല. പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച പള്ളിയിലെ സംഭവത്തിൽ ഏത് പ്രതിയെയാണ് നിങ്ങൾ പിടിച്ചത്? സി.ബി.ഐ. അന്വേഷണം ഏർപ്പെടുത്തി പുകമറ സൃഷ്ടിച്ചതല്ലാതെ ആ പള്ളിയിലെ അച്ചൻ കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് അന്വേഷണം ഉണ്ടായില്ലെന്നു മാത്രമല്ല പ്രതികളെ സംരക്ഷിക്കുന്ന നടപടിയാണ് എടുത്തത്. മാളയിൽ നടന്ന ഇരട്ട കൊലപാതകത്തെ സംബന്ധിച്ചും കൊടുങ്ങല്ലൂരിൽ നടന്ന കൊലപാതകത്തെ സംബന്ധിച്ചും അന്വേഷിച്ചതിൽ ആരെയെങ്കിലും പിടികൂടാൻ സാധിച്ചോ; ഏതെങ്കിലും കേസ്സിലെ പ്രതികളെ പിടിച്ചോ? ഇവിടെ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് മാഫിയ സംഘങ്ങൾ അഴിഞ്ഞാടുകയും പോലീസും ഗവൺമെന്റും അവരെ സംരക്ഷിക്കുകയും ചെയ്യുന്ന സമീപനമാണ് ഉണ്ടാകുന്നത്. അതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ഇവിടെ ആവർത്തിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ശക്തമായ നടപടിയെടുക്കണമെന്ന് മാത്രമാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ ഈ സംഭവം നടന്നിട്ട് ഇന്ന് മൂന്നാമത്തെ ദിവസമാണ്. ഏതെങ്കിലും ഒരു പ്രതിയെ പിടിക്കുന്നതുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ഇവിടെ വിശദീകരിക്കേണ്ടതായിരുന്നില്ലേ? ഒരു പ്രതിയെ പിടിക്കാനും ഇതുവരെ കഴിഞ്ഞിട്ടില്ല. അതിനുള്ള നടപടിയുമില്ല. തൃശ്ശൂരിലെ ജനങ്ങൾ ഭീതിയിലും ഭയത്തിലും ആശങ്കയിലുമാണ്. ബഹുമാനപ്പെട്ട സ്പീക്കർക്ക് അറിയാവുന്ന കാര്യമായതുകൊണ്ട് ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ഈ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനു പകരം പ്രതികളെ സഹായിക്കുന്ന ഗവൺമെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ്: സർ, തൃശ്ശൂർ ജില്ലയിൽ തുടർച്ചയായി ഉണ്ടാകുന്ന രാഷ്ട്രീയ കൊലപാതകങ്ങളെ സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രമേയത്തിൻമേൽ ഗവൺമെന്റ് അനുകൂല തീരുമാനമെടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ടി. എം. ജേക്കബ്: സർ, രാഷ്ട്രീയ കൊലപാതകങ്ങളെ ഒരിക്കലും ന്യായീകരിക്കാൻ കഴിയുകയില്ല. ഈ കാര്യത്തിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ കൂടുതൽ ഫലപ്രദവും ശക്തവുമായ നടപടി സ്വീകരിക്കണമെന്ന് മുഖ്യമന്ത്രിയുടെ ചാർജ്ജുള്ള ധനകാര്യവകുപ്പ്മന്ത്രിയോട് പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: വാക്കൗട്ട് നടത്തുന്നില്ലെങ്കിൽ സംസാരിക്കാൻ പറ്റുകയില്ല. പക്ഷേ മാറ്റം ഉൾക്കൊള്ളുന്നു.

(വാക്കൗട്ടിൽ പങ്കെടുക്കുന്ന പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനു ശേഷം സഭയിൽ വീണ്ടും ഹാജരായി.)

## V. ശ്രദ്ധക്ഷണിക്കൽ

### (1) തൊടുപുഴ ആറിൽനിന്ന് മീനച്ചിൽ നദിയിലേയ്ക്ക് ജലം കൊണ്ടുപോകുന്നതുസംബന്ധിച്ച്

ശ്രീ. ടി. എം. ജേക്കബ്: സർ, വളരെ ഗൗരവമുള്ള ഒരു വിഷയം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്ന ഒരു പ്രോജക്ടാണ് മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതി. ഈ പദ്ധതി 1974-ലാണ് ആരംഭിച്ചത്. 1983-ൽ ഇതിന് പ്ലാനിംഗ് കമ്മിഷന്റെ അനുമതി കിട്ടി. 1994-ൽ ഇത് ഭാഗീകമായി കമ്മിഷൻ ചെയ്തു. 2005 ഡിസംബർ മാസത്തോടെ ഈ പദ്ധതി പൂർത്തീകരിക്കാനുള്ള തീരുമാനം എടുത്തിരുന്നു. പക്ഷേ നിർഭാഗ്യവശാൽ ഈ പദ്ധതി ഇതുവരെ തീർന്നിട്ടില്ല. ഇതിന്റെ അണക്കെട്ടിന്റെ പണി തീർന്നു. ഇടതുകര കനാൽ മുഴുവൻ തീർന്നിട്ടുണ്ട്. വലതുകര കനാലും ഏകദേശം പൂർത്തീകരണത്തിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ശാഖാ കനാലുകൾ 57.16 കിലോമീറ്റർ ദൈർഘ്യമുള്ളതിൽ 30.793 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്. 14.563 കിലോമീറ്റർ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഉപശാഖാ കനാലുകൾ 237.718 കിലോമീറ്റർ ആണ് ഉള്ളത്. ഇതിൽ പൂർത്തീകരിച്ചിരിക്കുന്നത് ഏകദേശം 58 കിലോമീറ്റർ മാത്രമാണ്. ഉപശാഖാ കനാലുകളിൽ 81 കിലോമീറ്ററോളം നിർമ്മാണ പുരോഗതിയിലുമാണ്. ഈ പദ്ധതികൊണ്ട് 19237 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ സാധിക്കും. നമ്മുടെ സംസ്ഥാനത്ത് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതിൽ ഏറ്റവും ഫലപ്രദമായ ഒരു പദ്ധതിയാണ് എം.വി.ഐ.പി. ഇതിനുപുറമേ മലങ്കര ഡാമിൽനിന്നും 10 മെഗാവാട്ട് വൈദ്യുതി ഇപ്പോൾ ഉല്പാദിപ്പിക്കുന്നുണ്ട്. ഇടുക്കി ഡാമിൽനിന്നും മൂലമറ്റത്ത് പവർ ജനറേറ്റ് ചെയ്തതിനുശേഷം ഡിസ്ച്ചാർജ്ജ് ചെയ്യുന്ന ടെയിൽ റെയ്സ് വാട്ടറാണ് ഇവിടെ കിട്ടുന്നത്. മലങ്കരയിൽ ഡാം കെട്ടിനിർത്തി വെള്ളം ഇതിനുവേണ്ടി ഉപയോഗിക്കുന്നുണ്ട്. ഡാമിന്റെ ഡൗൺസ്ട്രീമിലായി ഇപ്പോൾ 21 ശുദ്ധജല വിതരണ പദ്ധതികൾ കേരളാ വാട്ടർ അതോറിറ്റി നടത്തുന്നുണ്ട്. ഇതിന് 200.70 മില്ല്യൺ ലിറ്റർ വെള്ളം ഒരു ദിവസം ആവശ്യമുണ്ട്. അതുപോലെ മന്ത്രി കഴിഞ്ഞ ദിവസം തറക്കല്ലിട്ട തൃപ്പൂണിത്തുറ

LIBRARY ARCHIVES Kerala Legislative Assembly

ഓഗ്മെന്റേഷൻ സ്കീം ഇതിൽപ്പെടുത്തിയിട്ടില്ല. ചേർത്തല, അരൂർ മുതലായ പ്രദേശങ്ങളിലേയ്ക്ക് വെള്ളം കിട്ടേണ്ട ജപ്പാൻ കുടിവെള്ള പദ്ധതിയിലേയ്ക്ക് വെള്ളമെടുക്കുന്നത് ഈ നദിയിൽ നിന്നാണ്. അതുപോലെ ഏകദേശം 6,000 ഹെക്ടർ പ്രദേശത്ത് പ്രയോജനം കിട്ടുന്ന 25 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾക്ക് ടെയിൽ റെയ്സ് വാട്ടറിൽനിന്നാണ് വെള്ളം ലഭിക്കുന്നത്. ഇത്തരത്തിലുള്ള ഒരു സാഹചര്യത്തിലാണ് പുതിയ പദ്ധതിയെക്കുറിച്ച് പറയുന്നത്. നമുക്ക് ആവശ്യമുള്ള ഒരു പദ്ധതിയാണ് മീനച്ചിൽ നദീതട പദ്ധതി. മീനച്ചിൽ നദിയിലെ വെള്ളം മീനച്ചിൽ പദ്ധതിവഴി നമുക്ക് ഉപയോഗിക്കാൻ കഴിയണം. മീനച്ചിൽ ആറിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. 78 കിലോമീറ്റർ ദൈർഘ്യമുള്ള റിവറാണ്. 1272 സ്ക്വയർ കിലോമീറ്ററാണ് ഇതിന്റെ ഡ്രെയ്നേജ് ഏരിയ. ഇതിന്റെ ആന്യുവൽ റെയിൻ ഫാൾ 2541 മില്ലീ മീറ്ററായി കണക്കാക്കിയിട്ടുണ്ട്. വെള്ളം കിട്ടുന്നതിൽ 90 ശതമാനവും ജൂൺ മുതൽ നവംബർ വരെയുള്ള മാസങ്ങളിലാണ്. ബാക്കിയുള്ള സമയത്ത് മീനച്ചിൽ റിവർ ഡ്രൈയായിട്ടാണ് കാണുന്നത്. ഇതിനൊരു പരിഹാരമെന്നുള്ള നിലയിൽ മീനച്ചിൽ പദ്ധതി വിഭാവനം ചെയ്യുകയും അടുക്കത്ത് ഒരു ഡാം കെട്ടി ഇതിനൊരു സ്റ്റോറേജും കനാൽ സിസ്റ്റവും നമ്മൾ പ്ളാൻ ചെയ്തിട്ടുമുണ്ട്. പക്ഷേ കുറെ തർക്കങ്ങൾ വന്നു. സബ്മെർജ് ചെയ്യുന്ന പ്രദേശത്ത് ഒരു പ്രശ്നം വന്നു, പുറമ്പോക്കിൽ താമസിക്കുന്നവരുടെ പ്രശ്നം വന്നു. അങ്ങനെ ഈ പ്രോജക്ട് മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. പക്ഷേ ഈ പ്രോജക്ടിനു വേണ്ടി ഒരു ഡിവിഷനും മൂന്ന് സബ് ഡിവിഷനും അതിനുതാഴെ സെക്ഷനും 1983 മുതൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോഴത്തെ പുതിയ പ്രൊപ്പോസൽ എന്നു പറയുന്നത് ഗവൺമെന്റ് വളരെ ഗൗരവമായി കണക്കിലെടുക്കേണ്ട സംഗതിയാണ്. മലങ്കര ഡാമിന്റെ അപ്സ്ട്രീമിൽ അറക്കുളത്തിനടുത്ത് ഒരു വിയർ കെട്ടി അവിടുന്ന് 6.50 കിലോമീറ്റർ ടണൽ ഡ്രൈവ് ചെയ്ത് മീനച്ചിൽ ആറിന്റെ ഒരു ചെറിയ ട്രിബ്യൂട്ടറിയിൽ എത്തിക്കാനും അതിനുശേഷം ഒരു ചെറിയ അരുവിപോലെ വരുന്ന ഭാഗം ഡീപ്പെൻ ചെയ്ത് വെള്ളം മീനച്ചിൽ ആറിലേയ്ക്ക് കൊണ്ടുവരാനുമുള്ള ശ്രമമാണ് നടത്തുന്നത്. ഇത്രയും വെള്ളം അവിടുന്ന് എടുക്കാനുള്ള സർപ്ളസ് ഉണ്ടോ എന്നതാണ് നോക്കേണ്ടത്. ഗവൺമെന്റ് നടത്തിയ പഠനത്തെ സംബന്ധിച്ച് എനിക്ക് കുറെ കാര്യങ്ങൾ അറിയാം. 1975 മുതൽ 1986 വരെയുള്ള ആവറേജ് ആണ് ആദ്യം എടുത്തത്. അതിനുശേഷം എം.വി.ഐ. പ്രോജക്ടിന്റെ നിർമ്മാണം കുറെ മുന്നോട്ടുപോയി. 1994-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. കഴിഞ്ഞ വർഷം 10 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള മലങ്കരയിലെ പവർ ജനറേഷൻകൂടി ആരംഭിച്ചതിനുശേഷം ബാക്കിയുള്ള പദ്ധതികൾ കണക്കിലെടുത്തപ്പോൾ 2002-ലെ കണക്കനുസരിച്ച് നമുക്ക് സർപ്ളസ് ഇല്ലെന്നു കണ്ടു. പക്ഷേ ഇതിനു പുറമേ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിക്കും Greater Cochin Development Authority-ക്കും ഈ ടെയിൽ റെയ്സിൽ നിന്ന് വെള്ളം കൊടുക്കണം. ആനുവലായി നമുക്ക് ആവശ്യമായി വരുന്നത് 67.06 മില്യൻ മീറ്റർ ക്യൂബിക് ജലമാണ്. ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് അതുകഴിഞ്ഞ് പിന്നെ ഒക്ടോബർ, നവംബർ, ഡിസംബർ ഈ മാസങ്ങളിൽ പഠനം നടത്തി. 2002-നു ശേഷം ചില വർഷങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയ പഠനം അനുസരിച്ചും സർപ്ലസ് വെള്ളം വന്നില്ല. സർപ്ലസ് ഇല്ലാത്ത ഒരു സ്ഥാനത്ത് നിന്ന് വെള്ളം കൊണ്ടുപോയി മറ്റൊരു സ്ഥലത്തേയ്ക്ക് എത്തിക്കുക. അതുപോലെ വളരെ ബേസിക് ആയിട്ടുള്ള പ്രശ്നം ഈ സഭയിൽ ചർച്ച ചെയ്തതല്ലേ? Inter basin transfer വേണമോ; വേണ്ടയോ? അച്ചൻകോവിൽ നദിയെ സംബന്ധിച്ച് അച്ചൻകോവിൽ-പമ്പ വൈപ്പാർ ലിങ്ക്, ആ ഒരു inter basin transfer-നെ സംബന്ധിച്ചിടത്തോളം കേരള ഗവൺമെന്റിന്റെ എല്ലാ കാലത്തേയും നിലപാട് inter basin transfer വേണ്ട എന്നാണ്. ഇപ്പോൾ മൂവാറ്റുപുഴ basin-ൽ നിന്നും മീനച്ചിൽ basin -ലേയ്ക്ക് inter basin transfer ആണ് ഉദ്ദേശിക്കുന്നത്. അപ്പോൾ മൂവാറ്റുപുഴ basin-ൽ surplus ആയി വെള്ളമുണ്ടെങ്കിൽ മീനച്ചിൽ basin-ലേയ്ക്ക് വെള്ളം കൊടുക്കണമോ? വെള്ളം ഇല്ലെങ്കിൽ കൊടുക്കേണ്ട ആവശ്യമുണ്ടോ? Inter basin transfer ആണ്. പെട്ടെന്ന് വികാരപരമായ ഒരു തീരുമാനത്തിലേയ്ക്ക് പോകുന്നത് ശരിയല്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ഇതിനെക്കുറിച്ച് വളരെ ഗൗരവമായിട്ടുള്ള ഒരു പഠനം ആവശ്യമാണ്. അനേകം കോടി രൂപ മുടക്കിയതാണ്. അധികം താമസിയാതെ M.V.I.P. പൂർത്തിയാക്കിയേ പറ്റൂ. ജപ്പാൻ കുടിവെള്ള പദ്ധതിപോലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് പദ്ധതി അരൂർ, ചേർത്തല, മാരാരിക്കുളം ഈ മൂന്ന് നിയോജക. മണ്ഡലങ്ങളിലേയ്ക്കുള്ള വെള്ളം ഇവിടെനിന്നാണ് കൊടുക്കേണ്ടത്. കുടിവെള്ള പദ്ധതികൾക്ക് എപ്പോഴും വെള്ളം കൊടുത്തേ പറ്റൂ. അതുപോലെ M.V.I.P.-യുടെ കനാൽ എഫിഷ്യൻസി കാണിച്ചിരിക്കുന്നത് 42 ശതമാനമാണ്. അപ്പോൾ ഇത്രയും കനാൽ എഫിഷ്യൻസി ഉള്ളപ്പോഴാണ് ഈ വെള്ളത്തിന്റെ തോതിനെ സംബന്ധിച്ച് ഇപ്പോൾത്തന്നെ തർക്കം നിൽക്കുന്നത്. അതുകൊണ്ട് വളരെ ലൈറ്റായി പ്രശ്നങ്ങൾ എടുത്ത് ചെയ്യരുത്. tunnel drive ചെയ്യാൻ 88 കോടി രൂപ വേണം. മീനച്ചിൽ നദിയിലേയ്ക്ക് എത്തുന്ന tributary deepen ചെയ്യുന്നതിന് വരുന്ന ചെലവ് അതു മാത്രം പോരല്ലോ. പിന്നെ മീനച്ചിൽ നദിയിൽ ചെക്ക് ഡാംസ് കെട്ടണം. എങ്കിലേ വെള്ളം സ്റ്റോർ ചെയ്യാൻ പറ്റുകയുള്ളൂ. അല്ലെങ്കിൽ വെള്ളം ഒഴുകി പോവുകയേയുള്ളൂ. അതിനുവേണ്ടി വരുന്ന actual expenditure എത്രയാണെന്ന് exact ആയിട്ട് കണക്കാക്കിയിട്ടില്ല. ഞാൻ ഉദ്യോഗസ്ഥരോട് അന്വേഷിച്ചു. മീനച്ചിൽ പദ്ധതി വേണ്ടെന്ന് ഞാൻ പറയില്ല. മീനച്ചിൽ പദ്ധതി വേണം. പക്ഷേ മീനച്ചിൽ നദീതട പദ്ധതിയുടെ പേരിൽ മൂവാറ്റുപുഴ ജലസേചന പദ്ധതി, അതിന്റെ കീഴിൽ വരുന്ന ശുദ്ധജല വിതരണ പദ്ധതികൾ, Lift Irrigation Project, Hindustan News Print Project, Greater Cochin Development Authority എന്നിവയ്ക്ക് വെള്ളം കൊടുക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പ്രശ്നങ്ങളുണ്ടാക്കിയാൽ നമ്മുടെ രാജ്യത്ത് വലിയ ഒരു ഇഷ്യൂവായിട്ട് അത് ഡെവലപ് ചെയ്യും. അതുകൊണ്ട് ദയവായി ആ വഴിയിലേയ്ക്ക് പോകരുത്. അതിനെക്കുറിച്ച് വളരെ ഗഹനമായ ഒരു പഠനം നടത്താതെ ഈ പ്രോജക്ടുമായി മുന്നോട്ടുപോകുന്നത് ശരിയല്ല എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സഭയുടെ മുൻപാകെ സമർപ്പിക്കാനുള്ളത്. ഈ കാര്യം ഗൗരവമായി ആലോചിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, മീനച്ചിൽ നദീതട പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ഇപ്പോൾ ഭരണാനുമതി നൽകിയിട്ടുണ്ട്. തൊടുപുഴ ആറ്റിൽനിന്നും ഒഴുകുന്ന അധികജലമാണ് മീനച്ചിൽ നദിയിലേയ്ക്ക് കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നത്. അറക്കുളത്ത് ആറ് ഘനമീറ്റർ ഉയരത്തിലുള്ള ഒരു തടയണ നിർമ്മിച്ച് അറക്കുളം മുതൽ നരിമറ്റം വരെ തുരങ്കം നിർമ്മിച്ച് ആ തുരങ്കത്തിലൂടെ ജലം മീനച്ചിൽ ആറ്റിൽ എത്തിച്ച് തോടുകൾ വഴി ജലസേചനത്തിന് വെള്ളം വിടാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതോടുകൂടി കുടിവെള്ള ക്ഷാമത്തിനും കുട്ടനാടൻ മേഖലയിൽ ഉണ്ടാകുന്ന ഓരുവെള്ള ഭീഷണിക്കും പരിഹാരമാകുമെന്നു പ്രതീക്ഷിക്കുന്നു. മീനച്ചിൽ നദീതട പദ്ധതി തയ്യാറാക്കുന്നതിന് ജല ആവശ്യത്തിന്റെ സന്തുലിതാ പഠനം ജലസേചന വകുപ്പിലെ ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ നടത്തിയതനുസരിച്ച് മൂവാറ്റുപുഴ നദീതട പദ്ധതിയിൽ ജനുവരി മുതൽ മേയ് വരെ നിർദ്ദിഷ്ട മീനച്ചിൽ നദീതട പദ്ധതിയിലേയ്ക്ക് ജലം തിരിച്ചുവിട്ടതിനുശേഷം അധികജലം ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. എന്നാൽ ഡിസംബർ മാസത്തിൽ 16.64 ദശലക്ഷം ഘനമീറ്റർ വെള്ളത്തിന്റെ ദൗർലഭ്യം ഉണ്ടാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനായി ഇടുക്കി പദ്ധതിയുടെ ആസൂത്രിതമായ ഊർജ്ജ മാനേജുമെന്റ് പ്രകാരം വേനൽക്കാലത്ത് കൂടുതൽ ഉൽപ്പാദനവും മഴക്കാലത്ത് കുറഞ്ഞ ഉൽപ്പാദനവും മൂലം കൂടുതൽ വെള്ളം തൊടുപുഴ ആറിലേയ്ക്ക് ലഭ്യമാക്കി ഈ ദൗർലഭ്യം പരിഹരിക്കാൻ ഉദ്ദേശിക്കുന്നു. ആയതിനാൽ ജല ആവശ്യത്തിന്റെ സന്തുലിത പഠനം അനുസരിച്ച് മൂവാറ്റുപുഴ പദ്ധതിക്ക് മീനച്ചിൽ നദീതട പദ്ധതിമൂലം ജലദൗർലഭ്യം ഉണ്ടാകുന്നില്ല. ഇതാണ് എനിക്ക് ഡിപ്പാർട്ടുമെന്റിൽ നിന്നും കിട്ടിയിട്ടുള്ള ഉത്തരം. അതോടൊപ്പം എനിക്ക് ഒരു കാര്യംകൂടി പറയാനുള്ളത് അങ്ങ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളതുപോലുള്ള പ്രശ്നങ്ങളൊക്കെയുണ്ട്. 1976-ൽ നടത്തിയ സ്റ്റഡി എന്ന് പറയുമ്പോൾ ആ സമയത്തുതന്നെ എച്ച്.എൻ.എൽ-ന്റെ ആവശ്യകത ഇവിടെ പരിഗണിച്ചിട്ടുണ്ടാകാം. കാരണം എച്ച്.എൻ.എൽ ഇതിനു മുൻപുതന്നെ അതിന്റെ പ്രവർത്തനം നടത്തിയിട്ടുള്ളതാണ്. മാത്രമല്ല എച്ച്.എൻ.എൽ-ന് ആവശ്യമായിട്ടുള്ള വെള്ളം കൊടുക്കാമെന്നും അവിടെ വെള്ളം നിർത്തുന്നതിനു വേണ്ടിയുള്ള തടയണ ഉണ്ടാക്കുന്നതിനെക്കുറിച്ചുമുള്ള ചർച്ചകൾ വേറെ തലത്തിൽ നടക്കുന്നുണ്ട്. അതുകൊണ്ട് നിലവിലുള്ള ഒരു പദ്ധതിയേയും വിപരീതമായി ബാധിച്ചുകൊണ്ടുള്ള ഒരു നടപടി ആവില്ല ഇത്. മീനച്ചിൽ നദീതട പദ്ധതി കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ അത്യന്താപേക്ഷിതമാണ് എന്നാണ് ഗവൺമെന്റ് കാണുന്നത്. അതിന്റെ കാരണം ആ പ്രദേശത്തുള്ള ആ നദിയുടെ പ്രയോജനം ഉണ്ടാകണമെങ്കിൽ ഇവിടെ എല്ലാ സമയത്തും വെള്ളം ഉണ്ടാകണം. പക്ഷേ ദൗർഭാഗ്യവശാൽ അത് ഉണ്ടാകുന്നില്ല. കുട്ടനാടിന്റെ പശ്ചാത്തലവും നിൽക്കുകയാണ്. അതുകൊണ്ട് ആ പ്രദേശത്തുള്ള കുടിവെള്ള പദ്ധതി നിലനിർത്താൻവേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തുകയാണ്. അതോടൊപ്പം അങ്ങ് ഇവിടെ സൂചിപ്പിച്ചതു പോലുള്ള രണ്ട് തടയണകളിൽ ഒന്ന് വെള്ളൂപ്പറമ്പിൽ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നയപരമായ തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മീനച്ചിൽ നദീതട പദ്ധതി വരുന്നതോടുകൂടി മീനച്ചിൽ ആറിലേയ്ക്കുള്ള വെള്ളത്തിന്റെ നീരൊഴുക്ക് ഉറപ്പിക്കാൻ കഴിയും. അങ്ങ് സൂചിപ്പിച്ച തരത്തിലുള്ള ആശങ്കകൾ എന്തെങ്കിലും ഉണ്ടോ എന്ന് പരിശോധിക്കാം പക്ഷേ ഗവൺമെന്റിന്റെ മുന്നിൽ അങ്ങനെ ഒരു ആശങ്കയ്ക്കും വകയില്ല എന്നുള്ള സമീപനമാണ് ഉണ്ടായിട്ടുള്ളത്.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിനു കിട്ടിയ ഒരു official version -ന്റെ ഭാഗമാണ് പറഞ്ഞത്. ഞാനും ഇത് സ്റ്റഡി ചെയ്തിട്ടുള്ള ഒരാൾ എന്നുള്ള നിലയിലാണ് ഈ സഭയിൽ ഇത് അവതരിപ്പിച്ചത്. അതുകൊണ്ട് എനിക്ക് അങ്ങയോട് റിക്വസ്റ്റ് ചെയ്യാനുള്ളത് എക്സ്പെർട്സിനെ ആരെയെങ്കിലും ഒന്നോ രണ്ടോ പേരെ വച്ചിട്ട് രണ്ടു മാസംകൊണ്ട് ഒരു പഠനം നടത്തി റിപ്പോർട്ട് വാങ്ങുക. വിദഗ്ദ്ധ സ്റ്റഡി നടത്തുന്നത് ഈ രാജ്യത്തിന്റെ പൊതുവായ നന്മയ്ക്ക് ഗുണകരമാകും. അതുകൊണ്ട് ഇക്കാര്യം അങ്ങ് ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് ഇവിടെ സൂചിപ്പിച്ചത് water sharing-നെ സംബന്ധിച്ച ഭാഗം മാത്രമാണ്. നമ്മൾ പദ്ധതിയുമായി മുന്നോട്ടുപോകാൻ തീരുമാനിക്കുകയും അതിന് നടപടി എടുത്തുപോവുകയും ഗവൺമെന്റ് റിക്കാർഡ്സ് എല്ലാം അതിന് positive ആയി നിൽക്കുകയും ചെയ്യുമ്പോൾ പദ്ധതി നിർത്തിക്കൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. അതേസമയം water sharing-നെ സംബന്ധിച്ചുള്ള എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ അത് നമുക്ക് പരിശോധിക്കാം.

## (2) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ ഗ്രാന്റ്

ശ്രീ. കെ. കെ. ഷാജു: സർ, സംസ്ഥാനത്തെ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ സർക്കാർ ഏജൻസികൾ വഴി ഇപ്പോൾ വീടുവയ്ക്കാൻവേണ്ടി ഗ്രാന്റ് അനുവദിച്ചുകൊടുക്കുന്നുണ്ട്. ഇതെല്ലാം വ്യത്യസ്ത രൂപത്തിലാണ്. ഉദാഹരണത്തിന് ഗ്രാമ പഞ്ചായത്തുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് വീട് വയ്ക്കുന്നതിന് 50,000 രൂപയും മുനിസിപ്പാലിറ്റി 45,000 രൂപയും പട്ടികജാതി ഡിപ്പാർട്ടുമെന്റ് നേരിട്ടു നൽകുന്ന വീടുകൾക്ക് 70,000 രൂപയുമാണ് കൊടുക്കുന്നത്. സാധാരണ വാസയോഗ്യമായ ഒരു വീട് വയ്ക്കുന്നതിന് മിനിമം മൂന്ന് ലക്ഷം രൂപയെങ്കിലും വേണം. ഇടത്തരക്കാരും മറ്റുള്ളവരുമാകുമ്പോൾ എട്ട് ലക്ഷവും പത്തു ലക്ഷവും രൂപ ഉണ്ടെങ്കിലേ നല്ല വീട് നിർമ്മിക്കാൻ കഴിയുകയുള്ളൂ. പക്ഷേ വിവിധ ഗവൺമെന്റ് ഏജൻസികൾ നൽകുന്ന ഏറ്റവും കൂടുതൽ തുക, ഈ ഗവൺമെന്റ് വന്നതിനുശേഷം കൂടിയ ആദ്യത്തെ ഉപദേശക സമിതിയിലാണ് 35,000 രൂപ എന്നുള്ളത് 70,000 രൂപയായി വർദ്ധിപ്പിച്ചു കൊണ്ടുള്ള തീരുമാനം എടുത്തത്. ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ നേരിട്ട് ധനസഹായം നൽകുന്നത് ഒരു വീടിന് 70,000 രൂപ എന്ന നിരക്കിലും പഞ്ചായത്ത് ആകുമ്പോൾ 50,000 രൂപയും

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റി ആകുമ്പോൾ 45,000 രൂപയും എന്ന രീതിയിൽ നൽകുന്നത് വിവേചനപരമാണ്. ഇതെല്ലാം ലഭിക്കുന്നത് സാധാരണക്കാരായ നാട്ടിൻപുറത്തുകാർക്ക് തന്നെയാണ് എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഡിപ്പാർട്ടുമെന്റുവഴി നൽകുന്ന വീടും പഞ്ചായത്തു വയ്ക്കുന്ന വീടും മുനിസിപ്പാലിറ്റി വയ്ക്കുന്ന വീടും ഒരേ പ്രദേശത്ത് ഈ മൂന്ന് രൂപത്തിലുള്ള പണം അലോട്ട് ചെയ്തുകൊണ്ടുള്ള വീടുകളാണ്. ഇക്കാര്യത്തിലുള്ള വ്യത്യാസം മാറ്റേണ്ടതായിട്ടുണ്ട്. പട്ടികജാതി വകുപ്പ് എസ്.സി.പി. ഫണ്ട് വഴി താഴോട്ട് കൊടുത്തിട്ടുള്ള പണം ഉപയോഗിച്ചു കൊണ്ടുതന്നെയാണ് മുനിസിപ്പാലിറ്റിയും ഗ്രാമപഞ്ചായത്തും ഒക്കെ വീട് വയ്ക്കുന്നത്. അപ്പോൾ പട്ടികജാതി ഫണ്ട് ഉപയോഗിച്ച് വീടുകൾ വയ്ക്കുമ്പോൾ അതിന് ഒരു ഏകധാനത ഉണ്ടാകണം. ഡിപ്പാർട്ടുമെന്റാണെങ്കിലും ഗ്രാമപഞ്ചായത്താണെങ്കിലും, മുനിസിപ്പൽ കോർപ്പറേഷനാണെങ്കിലും വീട് വച്ചുകൊടുക്കുന്നതിന് ആവശ്യമായി നീക്കിവയ്ക്കുന്ന പണത്തിന് ഒരു ഏകധാനത ഉണ്ടാവണം. വീട് വയ്ക്കുന്നതിനാവശ്യമായിട്ടുള്ള സാമഗ്രികളുടെ വിലവർദ്ധനവിന്റേയും മറ്റുമൊക്കെ അടിസ്ഥാനത്തിൽ അതിനെല്ലാത്തിനും ഒരുപോലെ ഗ്രാന്റ് നിശ്ചയിക്കാനും അത് മിനിമം 70,000 രൂപ എന്ന ഡിപ്പാർട്ടുമെന്റ് തുകയ്ക്ക് തുല്യമാക്കുവാനുമുള്ള അടിയന്തിര നടപടി സ്വീകരിക്കണം. നമ്മുടെ സംസ്ഥാനത്ത് 14 പട്ടികജാതി/പട്ടിക വർഗ്ഗ മണ്ഡലങ്ങൾ ഉണ്ട്. വയനാട് ഉൾപ്പെടെയുള്ള 14 മണ്ഡലങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളാണ് റിസർവ്വേഷൻ മണ്ഡലങ്ങളായി തീരുമാനിച്ചിട്ടുള്ളത്. അത്തരം റിസർവ്വേഷൻ മണ്ഡലങ്ങൾക്ക് പ്രത്യേക പരിഗണനയൊന്നുമില്ല. ഞാൻ മനസ്സിലാക്കുന്നത്, 5,000 വീടുകളാണ് ഇത്തവണ പട്ടികജാതി ഡിപ്പാർട്ടുമെന്റു തന്നെ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഈ 5000 വീടുകൾ നിർമ്മിക്കാൻ തീരുമാനിക്കുമ്പോൾ റിസർവ്വേഷൻ മണ്ഡലങ്ങൾക്ക് പ്രത്യേക പരിഗണനയൊന്നുമില്ല. മറ്റ് മണ്ഡലങ്ങളിലോ മറ്റ് ജില്ലകളിലോ ഒക്കെ കൊടുക്കുന്നതുപോലെ തന്നെയാണ് അവിടെയും കൊടുക്കുന്നത്. ഉദാഹരണത്തിന് എന്റെ മണ്ഡലത്തിലെ ഏറ്റവും വലിയ പഞ്ചായത്ത്, മുനിസിപ്പാലിറ്റിയാക്കിയിട്ട് വീണ്ടും പഞ്ചായത്തായി മാറിയ പന്തളം പഞ്ചായത്തിൽ പട്ടികജാതി ഡിപ്പാർട്ടുമെന്റുവഴി വീട് നിർമ്മിച്ച് കൊടുക്കുന്നതിന് 250 അപേക്ഷകൾ വന്നു. ആ 250 അപേക്ഷകളിൽ കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത് 16 പേർക്ക് മാത്രമാണ്. 250 ആളുകളിൽ നിന്ന് നറുക്കെടുത്താണ് ഈ 16 ആളുകളെ നിശ്ചയിക്കുന്നത്. അത് എന്ത് വിരോധാഭാസമാണ്? അർഹതപ്പെട്ടവർക്ക് നീതി ലഭിക്കാത്ത സമ്പ്രദായമാണിത്. ഞാൻ പറഞ്ഞുവരുന്നത് ഈ വീടുകൾ നിർമ്മിക്കുമ്പോൾ പ്രത്യേകിച്ചും റിസർവ്വേഷൻ മണ്ഡഡലങ്ങൾക്ക് പ്രത്യേക പരിഗണന കൊടുത്തുകൊണ്ടുള്ള തീരുമാനങ്ങൾ ഉണ്ടാകണം. ചെറുപ്പക്കാരനും ഊർജ്ജസ്വലനുമായിട്ടുള്ള ബഹുമാനപ്പെട്ട വകുപ്പുമന്ത്രി റിസർവ്വേഷൻ മണ്ഡലങ്ങൾക്ക് പ്രത്യേക പരിഗണന നൽകാനുള്ള നടപടി സ്വീകരിക്കണം. റിസർവ്വേഷൻ മണ്ഡലം എന്ന് തീരുമാനിച്ചിരിക്കുന്നത് കൂടുതൽ പട്ടികജാതി വിഭാഗങ്ങൾ ഉള്ള മണ്ഡലം എന്നുള്ളതാണ്. റിസർവ്വേഷൻ മണ്ഡലത്തിൽ നിന്നാണ് ബഹുമാനപ്പെട്ട മന്ത്രിയും വന്നിരിക്കുന്നത്. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വിഭാഗത്തിന് വീട് നൽകുന്നതിന് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റികൾ ഉണ്ട്. ഈ ജില്ലാതല കമ്മിറ്റികൾ ഈയടുത്ത ദിവസം പുനഃസംഘടിപ്പിച്ചു. ജില്ലാതല സമിതികളിൽ നേരത്തെ എം.എൽ.എ. മാർക്ക് പങ്കെടുക്കാമായിരുന്നു. ഇപ്പോൾ നൽകിയിട്ടുള്ള ഉത്തരവിൽ എം.എൽ.എ. മാരെ ഉൾപ്പെടുത്താൻ പറഞ്ഞിട്ടില്ല. ഞാൻ ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ പട്ടികജാതി വിഭാഗത്തിനുള്ള വീടുകൾ നിശ്ചയിക്കുന്നതിനു വേണ്ടിയുള്ള നറുക്കെടുപ്പും, അതുസംബന്ധമായുള്ള തീരുമാനം എടുക്കുന്നതിനുമുള്ള നടപടികൾ ഇന്നും നാളെയുമായി നടക്കുകയാണ്. എം.എൽ.എ. മാർ എന്നുള്ള നിലയിൽ ഞങ്ങൾക്ക് അതിൽ യാതൊരു പങ്കാളിത്തവുമില്ല. പട്ടിക ജാതിക്കാർക്ക് വീട് നിർമ്മിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുമ്പോൾ പട്ടികജാതി എംഎൽ.എ. എങ്കിലും ഉണ്ടാകണ്ടേ? അത് ന്യായമായ ആവശ്യമല്ലേ? അതുകൊണ്ട് എനിക്ക് മന്ത്രിയോട് ആവശ്യപ്പെടാനുള്ളത് രണ്ടുദിവസം മാറ്റിവച്ചിട്ടാണെങ്കിൽക്കൂടി, ഇപ്പോൾ സമയം ദീർഘിച്ചു എന്നുള്ളത് ശരിയാണെങ്കിൽക്കൂടിയും എം.എൽ.എ. മാർക്ക് തങ്ങളുടെ മണ്ഡലത്തിലെ അർഹരായിട്ടുള്ള ആളുകൾക്ക് വീട് നൽകുവാനുള്ള തീരുമാനം എടുക്കുന്നതിൽ ഒരു പങ്കാളിത്തം ഉണ്ടാകണം. ഇന്ന് നടത്താൻ തീരുമാനിച്ചിട്ടുള്ളത് അടിയന്തിരമായി നിർദ്ദേശം കൊടുത്ത് മാറ്റിവയ്പിച്ച് ഞങ്ങൾക്കു കൂടി പങ്കെടുക്കാനുള്ള അവസരം ഉണ്ടാക്കണം. ഗ്രാന്റിന് ഐക്യരൂപ്യം ഉണ്ടാകണം അത് 70,000 രൂപയായി ഡിപ്പാർട്ടുമെന്റും പഞ്ചായത്തും, മുനിസിപ്പാലിറ്റിയും എല്ലാം കൊടുക്കുന്നത് ഒരേ തുകയാക്കി മാറ്റാനുള്ള നിർദ്ദേശം ഉണ്ടാകണം. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഉൽപ്പാദന മേഖല, പശ്ചാത്തല മേഖല, സേവന മേഖല എന്നിങ്ങനെ മൂന്ന് രൂപത്തിലാണ് പണം ചെലവഴിക്കുന്നത്. എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് സേവന മേഖലയിലാണ് ഈ വീടുകൾ നിർമ്മിക്കുന്നത്. സേവന മേഖലയിൽ കേവലം 30 ശതമാനം മാത്രമേ വിനിയോഗിക്കുന്നുള്ളൂ. മറ്റ് രണ്ട് മേഖലകളിലേയും പണം എടുത്ത് ഇതിന് ചെലവാക്കാൻ പറ്റില്ലല്ലോ. അതുകൊണ്ട് സേവനമേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള ഗ്രാന്റ് തുക വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പട്ടിക സമുദായക്ഷേമവും യുവജന, സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി (ശ്രീ.എ. പി. അനിൽകുമാർ): സർ, പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണ പദ്ധതി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പു വഴിയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയും നടപ്പാക്കി വരുന്നു. പട്ടികജാതി വികസന വകുപ്പിൽ നിന്ന് പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിനുവേണ്ടിയുള്ള ധനസഹായം 70,000 രൂപ എന്ന നിരക്കിൽ 12-11-2002 മുതൽ വർദ്ധിപ്പിച്ച് നൽകി വരുന്നു. 323 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ടെറസ്സ് കെട്ടിടങ്ങളാണ് ഈ ധനസഹായം ഉപയോഗിച്ച് നിർമ്മിക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന ഭവന നിർമ്മാണ ധനസഹായം 20-3-2003 മുതൽ 70,000 രൂപയായും ദുർഘട പ്രദേ

LIBRARY ARCHIVES Kerala Legislative Assembly

ശങ്ങളിൽ താമസിക്കുന്നവർക്ക് ഇത് 75,000 രൂപയായും വർദ്ധിപ്പിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ മിക്കവാറും ദുർഘട പ്രദേശങ്ങളിലാണ് താമസിക്കുന്നത് എന്നതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പുവഴി നൽകുന്ന ധനസഹായം 75,000 രൂപയാണ്. കേന്ദ്രാവിഷ്ക്കൃത ഭവന നിർമ്മാണ പദ്ധതിയായ ഇന്ദിര ആവാസ് യോജന, ഗ്രാമ വികസന വകുപ്പും ബ്ളോക്ക് പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഇതര സമുദായത്തിൽപ്പെട്ടവർക്കും സൗജന്യമായി വീടു നിർമ്മിക്കുവാൻ സഹായം ലഭ്യമാക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതര സമുദായത്തിൽപ്പെട്ടവർക്ക് മൊത്തം വിഹിതത്തിന്റെ 40 ശതമാനം കവിയാൻ പാടില്ല എന്നും ഈ പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇന്ദിര ആവാസ് യോജനയിൽ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും ഇതര സമുദായത്തിൽപ്പെട്ടവർക്കും പുതിയ വീടുകൾ നിർമ്മിക്കാൻ അനുവദിക്കുന്ന പരമാവധി ധനസഹായം 27,500 രൂപയാണ്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഈ തുക അപര്യാപ്തമാണെന്നതിനാൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് 31-3-2004-ൽ പുറപ്പെടുവിച്ച മാർഗ്ഗരേഖ അനുസരിച്ച് ഇന്ദിര ആവാസ് യോജന പ്രകാരം വീടുകൾ നിർമ്മിക്കുന്നതിനുള്ള സബ്സിഡി തുക പട്ടികജാതിക്കാർക്ക് 50,000 രൂപയായും പട്ടികവർഗ്ഗക്കാർക്ക് 75,000 രൂപയായും മറ്റുള്ളവർക്ക് 35,000 രൂപയായും വർദ്ധിപ്പിക്കുന്നതിനാവശ്യമായ അധിക തുക ബ്ളോക്ക് പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം അനുമതി നൽകിയിട്ടുള്ള തുക ബ്ളോക്ക് പഞ്ചായത്തുകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകിവരുന്നുണ്ട്. എന്നാൽ എത്ര തുക അധികമായി നൽകണമെന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം ബ്ളോക്ക് പഞ്ചായത്തുകൾക്ക് ആകയാൽ എല്ലാ ബ്ളോക്ക് പഞ്ചായത്തുകളും ഒരേ നിരക്കിലല്ല ഈ തുക നൽകുന്നത്. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളും ഗ്രാന്റ് നൽകുന്നുണ്ട്. ഇത് ഏകീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ വളരെ ഗൗരവമായിത്തന്നെ ആലോചിച്ചു വരികയാണ്. തദ്ദേശ ഭരണ വകുപ്പു മന്ത്രിയുമായി ഇതിനാവശ്യമായ കൂടിയാലോചന നടത്തിയിട്ടുണ്ട്. ഇക്കാര്യം വളരെ സജീവമായി പരിഗണിക്കുമെന്നും ഇതിന് ഒരു ഏകീകരണ സ്വഭാവമുണ്ടാകുമെന്നുമുള്ള കാര്യം സഭയെ അറിയിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലുള്ള ജില്ലകളിലും ബ്ളോക്കുകളിലും ആനുപാതികമായി കൂടുതൽ വീടുകൾ ഇപ്പോൾ തന്നെ ലഭിച്ചു വരുന്നുണ്ട്. പട്ടിക സമുദായ റിസർവ്വേഷൻ മണ്ഡലങ്ങളിൽ ഇത്തരത്തിലുള്ള ഭവന നിർമ്മാണ ഗ്രാന്റ് മറ്റുള്ളവർക്ക് നൽകുന്നതിനേക്കാൾ കൂടുതലായി നൽകേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. മറ്റൊരുകാര്യം, ഭവന നിർമ്മാണത്തിനും ഭൂമി വാങ്ങുന്നതിനും വേണ്ടി രൂപീകരിച്ച കമ്മിറ്റികളിൽ ജനപ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകാൻ സർക്കാർ തയ്യാറാണ്.

GPM. 2/498/2014—30

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു: ഞാൻ പറഞ്ഞത് ഇന്നും നാളേയുമൊക്കെയായി ബെനിഫിഷ്യറീസിനെ തെരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള കമ്മിറ്റികൾ കൂടുന്നുണ്ട്. കഴിഞ്ഞ വർഷംവരെ എം.എൽ.എ. മാർകൂടി അതിൽ പങ്കെടുത്തിരുന്നു. ഇത്തവണ ഞങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവൊന്നും ഇല്ലെങ്കിൽപ്പോലും പുതിയ കമ്മിറ്റികൾ കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് അറിയിപ്പ് പോയതിൽ എം.എൽ.എ. മാരുടെ പേര് ഇല്ല. അതുകൊണ്ട് ഞങ്ങളെ ആരും വിളിച്ചിട്ടില്ല. അതുകൊണ്ട് രണ്ടു ദിവസത്തേയ്ക്കെങ്കിലും അത് മാറ്റിവച്ചിട്ട് ഞങ്ങൾക്കുകൂടി പങ്കെടുക്കാനുള്ള അവസരം ഉണ്ടാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. പി. അനിൽകുമാർ: പത്തനംതിട്ട ജില്ലയിൽ ബഹുമാനപ്പെട്ട എം.എൽ.എ-യെ വിളിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ വിളിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

മി. സ്പീക്കർ: ഇത് പല പ്രാവശ്യം നമ്മൾ ഇവിടെ ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. അവരവരുടെ നിയോജകമണ്ഡലത്തിൽ വച്ചു നടക്കുന്ന ഈ വക പരിപാടികളെ സംബന്ധിച്ച് അതിൽ പങ്കെടുക്കാനും അഭിപ്രായം പറയുവാനുമുള്ള നിയമസഭാ സാമാജികരുടെ അവകാശത്തെ ഇല്ലാതാക്കാൻ കഴിയുകയില്ല. അതുകൊണ്ട് നിയമസഭ നടക്കുന്ന സമയത്ത് ഇത്തരം പ്രധാനപ്പെട്ട കാര്യങ്ങൾ ഒഴിവാക്കണമെന്ന് പലപ്രാവശ്യം ഇവിടെ പറഞ്ഞിട്ടുണ്ട്. കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കാമെന്ന് പറഞ്ഞിരുന്നു. നല്ലത്. പക്ഷെ ഇതുപോലുള്ള യോഗങ്ങളിൽ ബന്ധപ്പെടാൻ കഴിയാത്ത ഒരു സാഹചര്യം സൃഷ്ടിക്കുന്നത് നല്ലതല്ല. അതിനാവശ്യമായ വ്യക്തമായ നിർദ്ദേശം താഴേ തലത്തിൽ കൊടുക്കണം.

## VI. സബ്മിഷൻ

മി. സ്പീക്കർ: ചിറ്റൂർ ഷുഗർ ഫാക്ടറിയെ സംബന്ധിച്ച് സബ്മിഷൻ അവതരിപ്പിക്കുന്നതിന് അവിടത്തെ എം.എൽ.എ. ശ്രീ. അച്ചുതൻ 13-2-2006 ന് ഒരു നോട്ടീസ് തന്നിരുന്നു. അത് നാളെ എടുക്കാനായി വച്ചിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അതേ സംഭവത്തെക്കുറിച്ച് സബ്മിഷൻ ഉന്നയിക്കാൻ അവസരം വേണമെന്ന് എന്നോട് പറഞ്ഞു. ഏതായാലും പ്രതിപക്ഷ നേതാവ് പറഞ്ഞതുകൊണ്ട് അദ്ദേഹം അതിനെ സംബന്ധിച്ച് സബ്മിഷൻ ഉന്നയിക്കും. ശ്രീ. അച്ചുതനും അവസരം കൊടുക്കാം.

(1) ചിറ്റൂർ ഷുഗർ ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): അദ്ദേഹവും സംസാരിക്കട്ടെ സർ, വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ്. ചിറ്റൂർ പ്രദേശത്തെ കൃഷിക്കാരും ചിറ്റൂരിലെ ഫാക്ടറി തൊഴിലാളികളും കഴിഞ്ഞ 36 ദിവസമായി

LIBRARY ARCHIVES Kerala Legislative Assembly

ആ ഫാക്ടറി അടച്ചുപൂട്ടിയതിനെതിരായി നിരാഹാരസമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ അവിടെ പോകുകയും കൃഷിക്കാരുടേയും തൊഴിലാളികളുടേയും വികാരങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കുകയും ചെയ്തു. കഴിഞ്ഞ നിരവധി കൊല്ലങ്ങളായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഷുഗർ ഫാക്ടറി ചാരായ നിരോധനം വന്നതോടുകൂടി സ്തംഭനത്തിലായെങ്കിലും വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്നതിന് സഹായകമായ നിലയിൽ ഇ.എൻ.എ. ഉൽപ്പാദിപ്പിക്കാൻ മുൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അനുവാദം നൽകിയതിന്റെ ഫലമായി പിന്നീട് ആ ഫാക്ടറിക്ക് പിടിച്ചുനിൽക്കാനും പ്രവർത്തിക്കാനുമുള്ള അവസരം ഉണ്ടായതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ ഗവൺമെന്റിന്റെ വ്യവസായ വകുപ്പുമന്ത്രിയുമായും ധനകാര്യ വകുപ്പുമന്ത്രിയുമായും ഫാക്ടറി പ്രതിനിധികളും എം.എൽ.എ. മാരും ഞങ്ങളും എല്ലാം നിരവധി പ്രാവശ്യം ചർച്ച നടത്തി. അപ്പോഴെല്ലാം തുറന്നു പ്രവർത്തിപ്പിക്കാം, നടത്താമെന്ന് പറഞ്ഞുവെങ്കിലും നടത്തിയില്ല എന്നുമാത്രമല്ല കുറേശ്ശെ കുറേശ്ശെ വി.ആർ.എസ്. നൽകി തൊഴിലാളികളെ പിരിച്ചുവിടുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോൾ മുഴുവൻ തൊഴിലാളികളേയും പിരിച്ചുവിട്ടുകഴിഞ്ഞിരിക്കുന്നു; ഫാക്ടറി അടച്ചുപൂട്ടി കഴിഞ്ഞിരിക്കുന്നു. പ്രഖ്യാപിച്ച വി.ആർ.എസ് ആനുകൂല്യത്തിന്റെ പകുതിപോലും തൊഴിലാളികൾക്ക് കൊടുത്തിട്ടില്ല എന്നുള്ളതാണ് ദ്രോഹകരമായിട്ടുള്ള ഒരു നടപടി. മറ്റൊന്നാകട്ടെ ഏതാണ്ട് മൂന്നരക്കോടിയോളം രൂപയുടെ കരിമ്പ് വാങ്ങിയതിന്റെ കുടിശ്ശിക കരിമ്പ് കർഷകർക്ക് കൊടുത്തിട്ടില്ല. അങ്ങനെ തൊഴിലാളികളേയും കൃഷിക്കാരേയും വലച്ചുകൊണ്ടാണ് ചിറ്റൂർ ഷുഗർ ഫാക്ടറി അടച്ചുപൂട്ടിയിരിക്കുന്നത്. ഉടനെ തുറക്കണമെന്നുള്ളതാണ് ഒരാവശ്യം. മറ്റൊരാവശ്യം പാലക്കാടൻ ജില്ലയിലെ കിഴക്കൻ പ്രദേശമായ കൊഴിഞ്ഞാമ്പാറ ഉൾപ്പെടെയുള്ള പ്രദേശത്ത് കുടിവെള്ളമില്ല; കൃഷിക്കുള്ള വെള്ളമില്ല. അതിന് കുരിയാർകുറ്റി കാരപ്പാറ പദ്ധതി പുനരാരംഭിക്കണമെന്നുള്ളതാണ് തൊഴിലാളികളുടേയും കൃഷിക്കാരുടേയും ജനങ്ങളുടേയും മറ്റൊരാവശ്യം. വന്യ ജീവികൾക്ക് ദോഷം വരാത്ത വിധത്തിൽ ഇപ്പോഴുള്ള പദ്ധതി പ്രദേശത്തുനിന്ന് ഒന്നര കിലോമീറ്റർ താഴ്ത്തി പുതിയ ഒരു പദ്ധതി നിർദ്ദേശിക്കുകയാണെങ്കിൽ അതിന് സാംഗ്ഷൻ തരാമെന്ന് കേന്ദ്ര വനം വകുപ്പുമന്ത്രി ഉറപ്പ് നൽകിയിരുന്നുവെങ്കിലും ഈ ഗവൺമെന്റ് പദ്ധതി പരിഷ്കരിച്ചുനൽകാതിരുന്നതിന്റെ ഫലമായി കുരിയാർകുറ്റി-കാരപ്പാറ പദ്ധതി നടപ്പിലാക്കാതിരിക്കുകയാണ് ചെയ്തത്. അതിന്റെ ഫലമായി കൊഴിഞ്ഞാമ്പാറ പ്രദേശം ഉൾപ്പെടെ പാലക്കാട് ജില്ലയുടെ കിഴക്കൻ പ്രദേശത്ത് വെള്ളമോ കൃഷിക്കുള്ള വെള്ളമോ ലഭിക്കുന്നില്ല. കുരിയാർകുറ്റി-കാരപ്പാറ പദ്ധതി ആരംഭിച്ചിരുന്നുവെങ്കിൽ 185 മെഗാവാട്ട് വൈദ്യുതി കിട്ടുമായിരുന്നു എന്നുമാത്രമല്ല 2550-ൽപ്പരം ഏക്കർ സ്ഥലത്ത് കൃഷിക്കാർക്ക് കുടിക്കാൻ വെള്ളവും കൃഷിക്കുള്ള വെള്ളവും ലഭിക്കുമായിരുന്നു. കുരിയാർകുറ്റി-കാരപ്പാറ പദ്ധതി ഉടനടി ആരംഭിക്കണമെന്നുള്ളതാണ് 36 മണിക്കൂർ നിരാഹാര സമരം നടത്തിയ തൊഴിലാളികളുടേയും കൃഷിക്കാരുടേയും ജീവൽപ്രധാനമായിട്ടുള്ള മറ്റൊരാവശ്യം. അതുകൊണ്ട് ചിറ്റൂർ ഷുഗർ ഫാക്ടറി ഉടനടി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, കുരിയാർകുറ്റി കാരപ്പാറ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

ഉടനടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, അവിടത്തെ കൃഷിക്കാരുടെ കറണ്ട് കണക്ഷൻ ഡിസ്കണക്ട് ചെയ്തത് ഉടൻ പുനഃസ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഗവൺമെന്റ് അടിയന്തിരമായി പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് സബ്മിഷനിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. അച്ചുതൻ: സർ, ഞാനും പ്രതിപക്ഷനേതാവും ഒരേ ആവശ്യം തന്നെയാണ് ഉന്നയിച്ചിരിക്കുന്നത്. അതിൽനിന്നുതന്നെ അതിന്റെ ഗൗരവം മനസ്സിലാക്കാവുന്നതാണ്. ചിറ്റൂർ ഷുഗർ ഫാക്ടറി സ്ഥിതി ചെയ്യുന്നത് പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിലാണ്. പക്ഷെ ഭൂരിപക്ഷം കർഷകരും എന്റെ നിയോജക മണ്ഡലത്തിലാണുള്ളത്. കരിമ്പ് നൽകിയ വകയിൽ അവർക്ക് നാല് കോടിയോളം രൂപ ലഭിക്കാനുണ്ട്, കർഷകർക്ക് പല സൗജന്യവും നമ്മൾ പ്രഖ്യാപിക്കുന്നുണ്ട്. എന്നാൽ കരിമ്പ് നൽകിയ കർഷകർക്ക് അതിന്റെ വിലകൊടുക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല എന്നുവച്ചാൽ വളരെ പരിതാപകരമായ സ്ഥിതിയാണ്. ബാങ്കുകൾ ജപ്തി നടപടികളുമായി മുന്നോട്ടുപോകുമ്പോൾ ആ ജപ്തി നടപടി നിറുത്തി വയ്ക്കണം. ഈ കരിമ്പ് കൃഷിക്കാർക്ക് നൽകാനുള്ള തുക അടിയന്തിരമായി നൽകണം. പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയെപ്പറ്റി നമ്മൾ പറയാൻതുടങ്ങിയിട്ട് ഒരുപാടുകാലമായി. ആർ. ബി. കനാൽ എക്സ്റ്റൻഷന്റെ വർക്കിന് അടിയന്തിരമായി സാംഗ്ഷൻ നൽകണം. കുടിവെള്ളത്തിന് ഏറ്റവും വലിയ പ്രശ്നമുള്ള രണ്ട് പഞ്ചായത്തുകളിൽ കൃഷിക്കും വെള്ളം കിട്ടുന്നില്ല. ഇത് വളരെ സജീവമായി ജലവിഭവ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും പരിഗണനയിൽ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ചിറ്റൂർ ഷുഗർ മില്ലിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. കെ. അച്ചുതനും ഉന്നയിച്ച സംഗതികളെക്കുറിച്ച്, ഈ കമ്പനിയെ സംബന്ധിച്ചിടത്തോളം നമുക്കെല്ലാപേർക്കും അറിയാം. പരിതാപകരമായിട്ടുള്ള അവസ്ഥയിലാണ് ഈ കമ്പനി പ്രവർത്തിച്ചിരുന്നത്. തുടർച്ചയായി നഷ്ടത്തിലോടുന്ന കമ്പനിയാണിത്. ഇവിടെ 314 ജീവനക്കാർ ഉണ്ടായിരുന്നു. ആ 314 ജീവനക്കാർക്ക് വോളന്ററി റിട്ടയർമെന്റ് കൊടുക്കാൻ തീരുമാനിച്ചു. കമ്പനി അടയ്ക്കാതെ രക്ഷപ്പെട്ട് പോകാമെന്നുള്ള അവരുടെ ആഗ്രഹം കൂടി കണക്കിലെടുത്തുകൊണ്ടാണ് വി.ആർ.എസ്. ആംഗീകരിച്ചത്. 314 ജീവനക്കാർക്ക് വി.ആർ.എസ് കൊടുക്കാൻവേണ്ടി 7,34,00,000/- രൂപ സർക്കാർ നൽകിക്കഴിഞ്ഞിട്ടുണ്ട്. 18 തൊഴിലാളികൾ വി.ആർ.എസ്. ചോദിച്ചിട്ടുണ്ട്. അതുകൂടി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ചിറ്റൂർ ഷുഗർ മിൽ ബീവറേജസ് കോർപ്പറേഷൻ മുഖേന നടത്താനുള്ള സാദ്ധ്യതയുണ്ടോയെന്ന് നോക്കാൻവേണ്ടി കോഴിക്കോട് ഐ.എ.എം. സാദ്ധ്യതാപഠനം നടത്തിയിരുന്നു. ആ സാദ്ധ്യതാപഠനത്തിന്റെ റിപ്പോർട്ട് ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അത് എക്സൈസ് ഡിപ്പാർട്ടുമെന്റുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചയിലാണ് ഇപ്പോൾ നിൽക്കുന്നത്. എക്സൈസ് ഡിപ്പാർട്ടുമെന്റ് നൽകുന്ന confiscated spirit വിൽപ്പനയിലൂടെ ലഭ്യമാകുന്ന ചെറിയ വരുമാനം കൊണ്ടാണ്, ശമ്പളം പകുതിയെന്നുള്ള നിലയിലെങ്കിലും ജീവനക്കാർക്ക് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. അതുപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. അച്ചുതനും ചൂണ്ടിക്കാണിച്ചതുപോലെ കൃഷിക്കാരുടെ ഒരു പ്രശ്നമുണ്ട്. 351 ലക്ഷം രൂപ കൃഷിക്കാർക്ക് കൊടുക്കാൻ ബാക്കിയുണ്ട്. കൃഷിക്കാർക്ക് നൽകാനുള്ള ഈ സംഖ്യ, കേന്ദ്ര ഗവൺമെന്റിന്റെ കൃഷിവകുപ്പിൽ നിന്നോ സംസ്ഥാന ഗവൺമെന്റിൽനിന്നോ എടുത്ത് കർഷകരുടെ കടം തീർക്കാൻ പരാമവധി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഡെവലപ്മെന്റ് ചാർജ്ജ് ഈടാക്കാതെ ഫാക്ടറിയുടെ തന്നെ സ്ഥലം കരിമ്പ് കൃഷിക്കാരെ സഹായിക്കാൻവേണ്ടി അവരെത്തന്നെ കൃഷിചെയ്യാൻ അനുവദിക്കുകയും അവർക്ക് കിട്ടുന്ന കരിമ്പ് കോയമ്പത്തൂരിലെ ബെന്നാരി അമ്മൻ ഷുഗർ ഫാക്ടറിയിലേയ്ക്ക് നൽകാൻ സർക്കാർ അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിധത്തിലെല്ലാം പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. സംഗതികളുടെ ഗൗരവം ഗവൺമെന്റിന് നല്ല ബോദ്ധ്യമുണ്ട്. ജലവിഭവ വകുപ്പുമന്ത്രിയെക്കൂടി കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയെക്കുറിച്ച് വിശദീകരിക്കുന്നതിന് അനുവദിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുകയാണ്.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ കനാൽ എക്സ്റ്റൻഷന് ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. വരട്ടയാർ വരെയുള്ളതിന് ഓർഡർ കൊടുക്കുകയും വാളയാർ വരെയുള്ളതിന് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുവേണ്ടിയുള്ള നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ സ്റ്റേജ് ബൈ സ്റ്റേജ് ആയി ധനലഭ്യതയുടെ അടിസ്ഥാനത്തിൽ ഈ പ്രോജക്ട് ടേക്ക്അപ്പ് ചെയ്യാം.

മി. സ്പീക്കർ: ഇന്ന് സബ്മിഷൻസ് ധാരാളം ഉള്ളതുകൊണ്ട് സബ്മിഷൻസ് അവതരിപ്പിക്കുന്ന അംഗങ്ങളും മറുപടി പറയുന്നവരും ചുരുക്കി പറയണം. റവന്യൂവും നിയമവും വകുപ്പുമന്ത്രിയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒരു സ്പെഷ്യൽ കേസ് എന്നുള്ള നിലയ്ക്ക് ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് നടത്തുന്നതിന് ഇപ്പോൾ അനുവാദം കൊടുക്കുകയാണ്.

## VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### ഭവന നിർമ്മാണ ബോർഡ് പലിശയിളവ് നൽകുന്നത് സംബന്ധിച്ച്

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) സർ, ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പയെടുത്തിട്ടുള്ളതും ഹയർ പർച്ചേസ് വ്യവസ്ഥയനുസരിച്ച് വീടും സ്ഥലവും വാങ്ങിയിട്ടുള്ളതുമായ ഗുണഭോക്താക്കൾക്ക് പലിശ നിരക്കിൽ കുറവ് വരുത്തുന്നതാണ്. ഇതുസംബന്ധിച്ച് ഗവൺമെന്റും

LIBRARY ARCHIVES Kerala Legislative Assembly

ഹൗസിംഗ് ബോർഡും ഹഡ്കോയുമായി നടത്തിയ നിരന്തര ചർച്ചകളുടെ ഫലമായി പലിശ കുറയ്ക്കുന്ന നടപടിക്ക് ഹഡ്കോയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഉയർന്ന പലിശ നിരക്കിൽ ഹൗസിംഗ് ബോർഡിൽനിന്ന് എടുത്തിട്ടുള്ളതും 1-9-2005-ൽ നിലനിൽക്കുന്നതുമായ എല്ലാ വായ്പക്കാർക്കും ഹയർ പർച്ചേസ് പദ്ധതിയിൽപ്പെട്ടവർക്കും ഈ പലിശ വെട്ടിക്കുറയ്ക്കൽ നടപടിയുടെ പ്രയോജനം പ്രസ്തുത തീയതി മുതൽ ലഭ്യമാക്കുന്നതാണ്. താഴ്ന്ന വരുമാനക്കാർക്ക് 13 ശതമാനം വരെ ഉയർന്നുനിന്നിരുന്ന പലിശ 10 ശതമാനമായും ഇടത്തരം വരുമാനക്കാർക്ക് പതിനാലര ശതമാനം വരെ ഉയർന്നു നിന്നിരുന്ന പലിശ 11 ശതമാനമായും ഹയർ ഇൻകംഗ്രൂപ്പ് അടയ്ക്കേണ്ട തുകയ്ക്കും ഹയർ പർച്ചേസ് സ്കീമിൽ എടുത്ത വായ്പകൾക്കും പതിനഞ്ചര ശതമാനം വരെ ഉയർന്നുനിന്നിരുന്ന പലിശ 12 ശതമാനമായും കുറച്ചിരിക്കുന്നു.

ഈ ആനുകൂല്യം ഗുണഭോക്താക്കൾക്ക് 1-9-2005 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി ലഭിക്കുന്നതായിരിക്കും. ഈ നടപടിയുടെ ഫലമായി ഹൗസിംഗ് ബോർഡിനും ഗുണഭോക്താക്കൾക്കുമായി 128 കോടി രൂപയുടെ ആശ്വാസം ലഭിക്കുന്നതാണ്. ഈ തീരുമാനത്തിൽക്കൂടി നിയമസഭയിൽ സർക്കാർ നൽകിയ ഉറപ്പ് പാലിച്ചു എന്നതിന് പുറമേ ഗുണഭോക്താക്കളുടെ ദീർഘകാലത്തെ ആവശ്യത്തിന് പരിഹാരമുണ്ടായിരിക്കുന്നു എന്നതിൽ സർക്കാരിന് ചാരിതാർത്ഥ്യമുണ്ട്.

## സബ്മിഷൻ (തുടർച്ച)

മി. സ്പീക്കർ: ശ്രീ. ടി.എം. ജേക്കബ് അടിയന്തിരപ്രമേയത്തിന് നോട്ടീസ് തന്നിരുന്നു. അടിയന്തിരപ്രമേയം അനുവദിച്ചില്ല. സബ്മിഷനായി അങ്ങേയ്ക്ക് ഉന്നയിക്കാം.

### വിവാഹ സദ്യയിൽ പങ്കെടുത്തവർക്ക് ഭക്ഷ്യവിഷബാധ

ശ്രീ. ടി. എം. ജേക്കബ്: സർ, വളരെ ഗൗരവമുള്ള വിഷയമായതുകൊണ്ടാണ് റൂൾ 50 അനുസരിച്ച് ഈ വിഷയം ഉന്നയിക്കുന്നതിന് നോട്ടീസ് തന്നത്. പിറവം നിയോജകമണ്ഡലത്തിലെ പിറവം വില്ലേജിൽ മുളക്കുളം നോർത്ത് വടക്കേക്കര പുതിയേടത്തു വീട്ടിൽ കുര്യാക്കോസിന്റെ മകൻ ബിനുവിന്റെ വിവാഹത്തോടനുബന്ധിച്ച് സദ്യ നടത്തിയിരുന്നു. സദ്യയിൽ പങ്കെടുത്ത മിക്കവാറും എല്ലാപേർക്കും ഭക്ഷ്യവിഷബാധയേറ്റു. നിരവധിയാളുകൾ ആശുപത്രിയിലായി. പതിനേഴാം തീയതി രാത്രി അന്ന എന്നു പറയുന്ന ഒരു സ്ത്രീ മരിച്ചു. കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ വളരെ ഗുരുതരമായ സ്ഥിതിയിൽ പല രോഗികളും കിടക്കുകയാണ്. എനിക്ക് ലഭ്യമായ വിവരമനുസരിച്ച് 65-67 പേർ ആശുപത്രിയിൽ ചികിൽസയിലാണ്. എറണാകുളത്തുള്ള 'കൈസ്' എന്ന കാറ്ററിംഗ് സ്ഥാപനമാണ് ബിരിയാണി

LIBRARY ARCHIVES Kerala Legislative Assembly

സദ്യ കൊടുത്തത്. അവരുടെതന്നെ ബിരിയാണി കഴിച്ച് ഇടപ്പള്ളിയിൽ ഭക്ഷ്യവിഷബാധയുണ്ടായി. അവിടെയാകെ പാനിക് സിറ്റുവേഷനാണുള്ളത്. ഹെൽത്ത് ഡിപ്പാർട്ടുമെന്റ് ഇത് കോളറയാണെന്ന് പറയുന്നു. അവർ ലഘുലേഖയും അച്ചടിച്ചിറക്കിയിട്ടുണ്ട്. ഭക്ഷണസാധനം കഴിച്ചാണ് ഇതുണ്ടായതെന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. റിപ്പോർട്ടിന്റെ പൂർണ്ണരൂപം ലഭ്യമായിട്ടില്ല. ബിരിയാണിയുണ്ടാക്കിയ വെള്ളത്തിൽ കോളറയുടെ അണുക്കൾ ഉണ്ടായിരുന്നോ എന്ന് എനിക്കറിയില്ല. ഹെൽത്ത് ഡിപ്പാർട്ടുമെന്റ് കാറ്ററിംഗ് സ്ഥാപനത്തിന്റെ കൊച്ചിയിലെ കിച്ചനും അനുബന്ധമായിട്ടുള്ളതുമെല്ലാം അടച്ചുപൂട്ടി സീൽ വച്ചു. അവർ കുറെ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇനിയും മരണമുണ്ടാകുമെന്ന ന്യൂസാണ് എനിക്ക് കിട്ടിയിരിക്കുന്നത്. അങ്ങനെ ഉണ്ടാകരുതെന്ന് പ്രാർത്ഥിക്കാം. വളരെ ഗുരുതരമായ സ്ഥിതിയിൽ വെന്റിലേറ്ററിൽ കിടക്കുന്ന രോഗികളുണ്ട്. പലരുടെയും കിഡ്നി ഡാമേജ്ഡാണ്. മരണകാരണം കിഡ്നി ഡാമേജാണ്. കാര്യമായ എന്തെങ്കിലും അണുക്കൾ ബാധിച്ചിട്ടുണ്ടാകും. ഡോക്ടർമാർ പല അഭിപ്രായവും പറയുന്നുണ്ട്. കൾച്ചർ ചെയ്ത ശേഷം ജോസഫ് എന്നയാളിന് കോളറയാണെന്ന് സ്ഥിരീകരിച്ചു. എല്ലാ ദിനപത്രങ്ങളും വളരെ പ്രാധാന്യത്തോടുകൂടിയാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. വളരെ ഗുരുതരമായ അവസ്ഥയാണുള്ളത്. മരിച്ച സ്ത്രീ വളരെ ദരിദ്രമായ കുടുംബത്തിലേതാണ്. മരിച്ച സ്ത്രീയുടെ കുടുംബാംഗങ്ങൾക്കും ചികിൽസയിൽ കഴിയുന്നവർക്കും എന്തെങ്കിലും സാമ്പത്തിക സഹായം കൊടുക്കണം. ഞാൻ ജില്ലാ കളക്ടറുമായി സംസാരിച്ചു. അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ജോൺ മത്തായിയുമായി സംസാരിച്ചു. പാവപ്പെട്ട ആളുകളാണ് മരിക്കുക. നമ്മുടെ കുടുംബത്തിൽ ഒരു മരണം ഉണ്ടാകുമ്പോൾ നമുക്ക് ഫീൽ ചെയ്യും. അതുകൊണ്ട് ഈ പ്രശ്നം ലഘുവായി കാണരുത്. മരിച്ച വീട്ടിൽ ഞാൻ പോയി. ഒന്ന് രണ്ട് ബന്ധുക്കൾ വരാനുണ്ട്. അതുകൊണ്ട് ബോഡി ഫ്രീസറിൽ വച്ചിരിക്കുകയാണ്. ആ ഫ്രീസർ വീട്ടിൽ കയറ്റാൻ സാധിക്കുന്നില്ല. അത്രയ്ക്കും ചെറിയ വീടാണ്. ഇതൊരു ഗൗരവമുള്ള വിഷയമാണ്. അതുകൊണ്ടാണ് adjournment motion – ആയി നോട്ടീസ് കൊടുത്തത്. ഇതിന്റെ ഗൗരവം കണക്കിലെടുത്ത് ഗവണ്മെന്റ് പ്രവർത്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പിറവം മുളക്കുളം നോർത്ത് പുതിയേടത്തു വീട്ടിൽ ബിനുവിന്റെ വിവാഹ സൽക്കാര ചടങ്ങ് 12.02.2006-ന് പിറവം ഗ്രിഗോറിയോസ് ഹാളിൽ നടന്നു. ചടങ്ങിൽ വിളമ്പിയ ആഹാരം കഴിച്ചവരിൽ 50 പേർക്ക് ശാരീരികാസ്വാസ്ഥ്യം ഉണ്ടായതിനെത്തുടർന്ന് അവരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇവരിൽ കോലഞ്ചേരി മെഡിക്കൽ കോളേജാശുപത്രിയിൽ ചികിൽസയിലിരുന്ന പിറവം മുതുകുളം പുതിയേടത്തിൽ വീട്ടിൽ 85 വയസ്സുള്ള അന്ന വർക്കി 18.02.2006 വെളുപ്പിന് മരിച്ചു. ഇക്കാര്യത്തിൽ 26/2006 നമ്പരായി പിറവം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എറണാകുളത്തെ ഒരു കാറ്ററിംഗ് സർവീസ് സെന്ററിലാണ് സദ്യയ്ക്കുള്ള ആഹാരം ഏർപ്പാട്ചെയ്തിരുന്നത്. ആ

LIBRARY ARCHIVES Kerala Legislative Assembly

സംഭവത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് അന്വേഷണം നടക്കുന്നുണ്ട്. 19.02.2006-ന് ആരോഗ്യവകുപ്പ് ഡയറക്ടർ ചികിൽസയിൽ കഴിയുന്ന രോഗികളെ സന്ദർശിച്ചു. സ്ഥിതിഗതികൾ വിലയിരുത്തി. ആവശ്യമായ മരുന്നുകൾ ലഭ്യമാക്കും. അവിടെ കിടക്കുന്ന രോഗികൾ ആരുംതന്നെ ഇപ്പോൾ ഗുരുതരാവസ്ഥയിലല്ല. അങ്ങ് പറഞ്ഞ ഒരു വാക്ക് അംഗീകരിക്കുകയാണ്. ആ കല്യാണസദ്യയിൽ പങ്കെടുത്ത കൊച്ചുമകൾ പൊതിഞ്ഞ് വീട്ടിൽ കൊണ്ടുകൊടുത്ത ആഹാരമാണ് അന്ന വർക്കി കഴിക്കാൻ ഇടയായത്. ഏതായാലും ഇതിനെക്കുറിച്ചുള്ള അന്വേഷണം നടക്കുന്നുണ്ട്. അതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് ഇപ്പോൾ ഒന്നും പറയുന്നില്ല.

### (3) തലായി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം പൂർത്തിയാക്കണമെന്ന ആവശ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തലശ്ശേരിയിൽ തലായി എന്നു പറയുന്ന സ്ഥലത്ത് ഒരു മൽസ്യബന്ധന തുറമുഖം സ്ഥാപിക്കണമെന്നുള്ള ആവശ്യം 1967 കാലം മുതലുള്ളതാണ്. പതിനായിരത്തോളം മൽസ്യബന്ധന തൊഴിലാളി കുടുംബങ്ങൾ മൽസ്യബന്ധനം ഉപജീവനമാർഗ്ഗമാക്കി കഴിയുന്ന പ്രദേശമാണ് അത്. മൽസ്യബന്ധന തുറമുഖം സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലം തലശ്ശേരിയിലെ തലായി ആണെന്നാണ് നേരത്തെ റിപ്പോർട്ട് ചെയ്തത്. കഴിഞ്ഞ വർഷം കേന്ദ്ര മന്ത്രി ശ്രീ. ശരത് പവാർ ഈ പദ്ധതിക്ക് അനുമതി നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ പണം നീക്കിവയ്ക്കണമെന്നും ടെക്നിക്കൽ ക്ലിയറൻസും പരിസ്ഥിതി ക്ലിയറൻസും വാങ്ങി അയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഈ പദ്ധതി നീണ്ടു പോകുന്ന സ്ഥിതിയാണുള്ളത്. തൊട്ടപ്പുറത്ത് പോണ്ടിച്ചേരി സംസ്ഥാനത്തിന്റെ ഭാഗമായിട്ടുള്ള മാഹിയിൽ നൂറോളം മൽസ്യത്തൊഴിലാളികളുള്ള പ്രദേശത്ത് മൽസ്യബന്ധന തുറമുഖം മറ്റൊരു സംസ്ഥാനത്ത് സ്ഥാപിക്കുന്നു എന്ന പേരുപറഞ്ഞുകൊണ്ടാണ് ഇത് നീണ്ടുപോകുന്നത്. ഇതിന്റെ പേരിൽ കേരളത്തിലെ മൽസ്യത്തൊഴിലാളികൾ വിഷമത അനുഭവിക്കുന്ന സാഹചര്യം ഉണ്ടായിക്കൂടാ. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട് മൽസ്യബന്ധന തുറമുഖം സ്ഥാപിക്കാനുള്ള കേന്ദ്രാനുമതി വാങ്ങി തുറമുഖത്തിന്റെ പ്രവൃത്തി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണം.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): തലായി ഫിഷിംഗ് ഹാർബറിനുവേണ്ടി G.O.(RT.) 99/2000 F&PD 8-3-2000 ഉത്തരവുപ്രകാരം 13.7 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രാനുമതി പ്രതീക്ഷിച്ചു കൊണ്ട് കേരളസർക്കാർ രൂപം നൽകിയിരുന്നു. എന്നാൽ മാതൃകാപഠനം നടത്തി തയ്യാറാക്കുന്ന വിശദമായ രൂപരേഖ മാത്രമേ പരിഗണിക്കുകയുള്ളൂ എന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തെത്തുടർന്ന് മാതൃകാപഠനം നടത്തുകയും 19.70 കോടി രൂപയുടെ പുതുക്കിയ പദ്ധതിരേഖ ജൂൺ 2002-ന് സമർപ്പിക്കുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ടി പദ്ധതി രൂപരേഖ 2004 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുതുക്കി സമർപ്പിക്കാൻ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് 19.78 കോടി രൂപയുടെ പുതുക്കിയ രൂപരേഖ 275/B2/04 F&P.D എം. പി. നമ്പർ 2.11.2005-ലും പദ്ധതി സംബന്ധിച്ച അധികവിവരം 17.2.2006-ലും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കായി സംസ്ഥാന ബജറ്റിൽ ഈ കഴിഞ്ഞ നാലഞ്ച് വർഷങ്ങളായി തുക വകകൊള്ളിക്കാറുണ്ട്. കേന്ദ്ര ഭരണാനുമതിയും ഫണ്ടും ലഭ്യമായാലുടൻ നിർമ്മാണം ആരംഭിക്കും. ഇതിന്റെ പ്രധാന കാരണം കേന്ദ്ര ഗവൺമെന്റിന് താൽപര്യം തൊട്ടടുത്തുള്ള മാഹി പദ്ധതിയാണ്. ഏതായാലും അവർ അനുമതി കൊടുത്തു പദ്ധതി ആരംഭിച്ചു കഴിഞ്ഞു. എനിക്കു കിട്ടിയ വിവരം ഈ മാസം അവരുടെ കമ്മിറ്റി വീണ്ടും കൂടും. ഈ വർഷം ക്ലിയറൻസ് കിട്ടും. ക്ലിയറൻസ് കിട്ടിയാലുടൻ പണി ആരംഭിക്കാനുള്ള എല്ലാ സംവിധാനങ്ങളും ചെയ്തിട്ടുണ്ട്.

(4) ക്ഷേത്രങ്ങൾക്ക് ചന്ദനക്കാട്ട

ശ്രീ. കെ. എ. ചന്ദ്രൻ: വിശ്വാസി അമ്പലത്തിൽ ചെന്ന് പ്രാർത്ഥിച്ചാൽ അവന് ലഭിക്കേണ്ടത് പ്രസാദമാണ്. ഈ പ്രസാദത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് ചന്ദനമാണ്. ചന്ദനത്തിന് ഇന്ന് നിയന്ത്രണം വന്നതോടുകൂടി ആവശ്യത്തിന് ചന്ദനം പല അമ്പലങ്ങളിലും കിട്ടാതായിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രം, കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഏതാനും ചില അമ്പലങ്ങൾ എന്നിവയ്ക്ക് വനം വകുപ്പിൽ നിന്നും ചന്ദനം നൽകുന്നു എന്നതൊഴിച്ചാൽ എച്ച്.ആർ.ആന്റ്.സി.-യുടെ കീഴിലുള്ള ഗ്രാമപ്രദേശങ്ങളിലുള്ള നിരവധി ചെറിയ അമ്പലങ്ങളിൽ ചന്ദനം ലഭിക്കാതിരിക്കുന്നുണ്ട്. അതുകൊണ്ട് എവിടെയോ എങ്ങനെയോ ഉണ്ടാക്കിയ കൃത്രിമ ചന്ദനം അമ്പലങ്ങളിൽ കൊണ്ടുവന്ന് കൊടുക്കുന്ന സ്ഥിതിയുണ്ട്. ഇത് മാറ്റി യഥാവിധി വിശ്വാസികൾക്ക് നൽകത്തക്കവണ്ണം ചന്ദനം ലഭ്യമാക്കാൻ വനം വകുപ്പ് വേണ്ട നടപടി എടുക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

11.00 a.m.]

പരിസ്ഥിതി വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ): സർ, നേരത്തെ ഗവൺമെന്റ് പുറപ്പെടുവിച്ച രണ്ട് ഓർഡറുകൾ അനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന് 7 ടണ്ണും കൊച്ചിൻ ദേവസ്വം ബോർഡിന് 3.5 ടണ്ണും എച്ച്.ആർ. ആന്റ് സി.ഇ. കമ്മീഷണർ, കോഴിക്കോടിന് 3.5 ടണ്ണും ഗുരുവായൂർ ദേവസ്വം ബോർഡിന് 5 ടണ്ണും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് ഒരു ടണ്ണും ചന്ദനം എല്ലാ വർഷവും നൽകിവരുന്നുണ്ട്. ഇതിന് 2.5 ശതമാനം സെൻട്രേജ് ഫീസും ചുമത്തുന്നുണ്ട്. മറയൂർ ഡിപ്പോയിൽ നിന്നുള്ള ലഭ്യതയനുസരിച്ചാണ് ക്ഷേത്രങ്ങൾക്ക് ചന്ദനം നൽകുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം, ചെറുകിട ക്ഷേത്രങ്ങൾക്ക് ലഭിക്കുന്നില്ല എന്നുള്ളതാണ്. പക്ഷേ സർക്കാരിന് ലഭിച്ച അപേക്ഷകളിൽ നോംസ് അനുസരിച്ച് എല്ലാ അപേക്ഷകർക്കും നൽകി കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാര്യത്തെ സംബന്ധിച്ചിടത്തോളം ചെറുകിട ക്ഷേത്ര



LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് ചന്ദനം ലഭ്യമാക്കുന്നതിന് ആവശ്യമായിട്ടുള്ള നോംസ് ആവിഷ്ക്കരിച്ച് അവർക്ക് നൽകാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. പക്ഷേ ചന്ദനത്തിന്റെ ലഭ്യതയനുസരിച്ചായിരിക്കും ഇത് നൽകാൻ വേണ്ടി സാധിക്കുക. അതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(5) വർക്കല ശ്രീജനാർദ്ദനസ്വാമി ക്ഷേത്രത്തിലും പാപനാശത്തും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ. വർക്കല കഹാർ: പുരാതന കാലം മുതൽ പ്രസിദ്ധമായ വർക്കല ശ്രീജനാർദ്ദനസ്വാമി ക്ഷേത്രം ദക്ഷിണകാശി എന്നാണ് അറിയപ്പെടുന്നത്. ഇൻഡ്യക്ക് അകത്തും പുറത്തുമുള്ള ലക്ഷക്കണക്കിന് വരുന്ന തീർത്ഥാടകരാണ്, പിൽഗ്രിം ടൂറിസ്റ്റുകളാണ് ഇവിടെ എത്തിച്ചേരുന്നത്. അതുപോലെതന്നെ പിതൃബലി തർപ്പണത്തിന് കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ കേന്ദ്രമാണ് പാപനാശം. രാജ്യത്തിന് അകത്തും പുറത്തും നിന്നുള്ള പിൽഗ്രിം ടൂറിസ്റ്റുകൾ എത്തുന്ന ഈ പ്രദേശത്തിന്റെ വികസനം വർക്കലയുടെ മാത്രം കാര്യമല്ല. പുണ്യസ്ഥലങ്ങളുടെ വികസനവും ഈ പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കലും രാജ്യത്തിന് മുഴുവൻ ആവശ്യമാണ്. ഇതിന് മുന്തിയ പരിഗണന നൽകാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ. വർക്കല ശ്രീജനാർദ്ദനസ്വാമി ക്ഷേത്രത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ക്ഷേത്രപരിസരത്ത് 30.48 ലക്ഷം രൂപ ചെലവിൽ Pilgrim Facilitation Centre നിർമ്മിക്കുന്നതിന് കേന്ദ്ര ടൂറിസം വകുപ്പിന്റെ അംഗീകാരം നേടിക്കഴിഞ്ഞു. വിശദമായ പ്രോജക്റ്റ് തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഒരു മാസത്തിനകം ആരംഭിക്കത്തക്കവണ്ണം എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽത്തന്നെ യോഗം കൂടി തീരുമാനമെടുത്ത് നടപടി സ്വീകരിച്ചുവരുന്നു. അതുപോലെ ഒന്നര ക്കോടി രൂപ ചെലവിൽ പാപനാശം മുതൽ വെറ്റിക്കൊട വരെയുള്ള തീരദേശ നടപ്പാതയുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. പാപനാശം ബീച്ചിൽ ഹൈ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച് വർക്കല മുനിസിപ്പാലിറ്റിയെ നടത്തിപ്പിന്റെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ പാപനാശത്തിൽ ബലിതർപ്പണത്തിനായി എത്തിച്ചേരുന്ന തീർത്ഥാടകർക്ക് ആവശ്യമായ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ബീച്ച് സൗന്ദര്യവൽക്കരണത്തിനുമാവശ്യമായ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. എം.എൽ.എ.യുടെ നിർദ്ദേശപ്രകാരം തന്നെ ശ്രീജനാർദ്ദനസ്വാമി ക്ഷേത്രത്തിലും വർക്കല പാപനാശം ബീച്ചിലും അതുപോലെ ശിവഗിരിയിലും 50 ലക്ഷം രൂപ ചെലവഴിച്ച് ഒരു ഫെസിലിറ്റേഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(6) സ്വന്തം ചെലവിൽ മീറ്റർ ഘടിപ്പിച്ച ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് മീറ്റർ വാടക ഈടാക്കുന്നത് സംബന്ധിച്ച്

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, സ്വന്തം ചെലവിൽ മീറ്റർ ഘടിപ്പിച്ചിട്ടുള്ള ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾ ഇപ്പോൾ മീറ്റർ വാടക കൊടുക്കേണ്ടിയിരിക്കുന്നു. അത് ഗവൺമെന്റ് പിൻവലിക്കേണ്ടതാണ്. ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രി ഇൻഡ്യയിൽ ആദ്യമായി വൈദ്യുതി ചാർജ് കുറച്ച മന്ത്രിയാണ്. പരിമിതമായ സമയത്തിനുള്ളിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് വൈദ്യുതി കണക്ഷൻ കൊടുത്ത മന്ത്രിയാണ്. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി മോഷണത്തിന് നിയന്ത്രണമുണ്ടാക്കി ബോർഡിന് ലാഭമുണ്ടാക്കിയ ആളാണ്. അതോടൊപ്പം സംസ്ഥാനത്തെ വളരെ പാവപ്പെട്ട കയർപിരി തൊഴിലാളികളുടെ മേൽ അങ്ങയുടെ കൃപാകടാക്ഷം ഉണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുന്നു. കയർപിരി തൊഴിലാളികളുടെ സംഘങ്ങളുടെ മിനിമം ഡിമാന്റ് ചാർജ് പിൻവലിക്കാൻ അങ്ങ് സന്നദ്ധമാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ധാരാളം വ്യവസായശാലകൾ അടഞ്ഞുകിടക്കുന്നു. അത് തുറന്ന് പ്രവർത്തിപ്പിക്കണമെങ്കിൽ ലക്ഷക്കണക്കിന് രൂപയുടെ ഭീമമായ വൈദ്യുതി കുടിശ്ശികയുണ്ട്. ആ കുടിശ്ശികയിൽ അല്പം കുറവുണ്ടാക്കി അടഞ്ഞുകിടക്കുന്ന വ്യവസായശാലകൾ കൂടി തുറന്നുപ്രവർത്തിപ്പിക്കുവാൻ പര്യാപ്തമായ നിലയിൽ വൈദ്യുതി വകുപ്പ് മന്ത്രിയുടെ ശ്രദ്ധ അക്കാര്യത്തിൽ ഉണ്ടാകണമെന്നും ഒരിക്കൽകൂടി മീറ്റർ വാടക പിൻവലിച്ച് ഈ രംഗത്ത് പരിമിതമായ സമയത്തിനുള്ളിൽ അതിശ്രദ്ധേയനായ വൈദ്യുതി വകുപ്പ് മന്ത്രി എന്നു പേര് കേട്ട അങ്ങ് ഇക്കാര്യത്തിൽ കൂടി അടിയന്തിര നടപടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് സ്വന്തമായി മീറ്റർ വച്ച ആളുകളിൽ നിന്ന് മീറ്റർ വാടക ഈടാക്കുന്നു എന്നുള്ളതാണ്. സ്വന്തമായി മീറ്റർ വച്ച എല്ലാ എൽ.റ്റി കണക്ഷന്റെയും മീറ്റർ വാടക 22.01.05 മുതൽ പൂർവ്വകാല പ്രാബല്യത്തോടുകൂടി ഈടാക്കുന്നതല്ല എന്നുള്ള കാര്യം ഞാൻ അറിയിക്കുകയാണ്. അതേ അവസരത്തിൽ സ്വന്തമായി മീറ്റർ വച്ച ആളുകൾ അല്ലെങ്കിൽ സ്വന്തമായി മീറ്റർ വയ്ക്കുന്ന ആളുകൾ ഇൻസ്പെക്ടറേറ്റിൽ നിന്ന് അത് ടെസ്റ്റ് ചെയ്യിച്ച് സ്ഥാപിച്ചാൽ ആ എൽ.റ്റി കൺസ്യൂമറോടും വാടക ഈടാക്കില്ല. 22.01.05-ന് ശേഷം ആരെങ്കിലും അങ്ങനെ വച്ചിട്ടുണ്ടെങ്കിൽ, അവരോട് വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ അവരുടെ future ബില്ലുകളിൽ അത് അഡ്ജസ്റ്റ് ചെയ്ത് കൊടുക്കുന്നതാണ്. അതിനോടൊപ്പം മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ മറ്റൊരുകാര്യം കയർ സഹകരണസംഘങ്ങളെ സംബന്ധിച്ചാണ്. 140-ഓളം സഹകരണ സംഘങ്ങൾ മിനിമം ഡിമാന്റ് ചാർജ് കൊടുക്കുന്നതുകൊണ്ട് വളരെയധികം പ്രയാസത്തിലാണ്. ആ 140 സംഘങ്ങളെയും മിനിമം ഡിമാന്റ് ചാർജിൽ നിന്ന് ഒഴിവാക്കുന്നതാണ്. അതുപോലെതന്നെ പൂട്ടിക്കിടക്കുന്ന വ്യവസായങ്ങൾ മാർച്ച് 31-ാം തീയതി

LIBRARY ARCHIVES Kerala Legislative Assembly

ക്കുള്ളിൽ തുറക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലത്തെ മിനിമം ഡിമാന്റ് ചാർജിൽ നിന്ന് പൂട്ടിക്കിടക്കുന്ന എല്ലാ വ്യവസായങ്ങളെയും ഒഴിവാക്കുന്നതാണ്.

## കുട്ടനാട്ടിൽ ജലനിരപ്പ് താഴ്ന്നതുമൂലമുള്ള ശുദ്ധജലക്ഷാമം

ഡോ. കെ. സി. ജോസഫ്: സർ, ശുദ്ധജലക്ഷാമം കൊണ്ട് കുട്ടനാട്ടിലെ ജനങ്ങൾ പരിഭ്രാന്തിയിലാണ്. വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണെങ്കിലും ശുദ്ധജലം ലഭ്യമല്ല. ജലനിരപ്പ് താഴ്ന്നിരിക്കുന്നു. പാടശേഖരങ്ങളിൽ നിന്ന് പമ്പ് ചെയ്യുന്ന മാലിന്യങ്ങൾ, ഹൗസ്ബോട്ടിൽ നിന്ന് വരുന്ന മാലിന്യങ്ങൾ ഇതെല്ലാംമൂലം കുട്ടനാട്ടിലെ ജലാശയങ്ങൾ മലിനീകരിക്കപ്പെട്ടിരിക്കുന്ന സ്ഥിതിയിൽ ശുദ്ധജല വിതരണം കാര്യക്ഷമമാക്കേണ്ടതാണ്. കുട്ടനാടിന് വേണ്ടി ഉണ്ടാക്കിയ പദ്ധതിയനുസരിച്ച് 12 ദശലക്ഷം ലിറ്റർ വെള്ളമെങ്കിലും നൽകണമെന്ന് പറയുന്നുണ്ടെങ്കിലും ഇപ്പോൾ നാല് ദശലക്ഷം ലിറ്റർ വെള്ളംപോലും കൊടുക്കുന്നില്ല. അവിടെ അനുവദിച്ച പദ്ധതികൾ പലതും തുടങ്ങിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനഘട്ടത്തിൽ പി.എം.ജി.വൈ. സ്കീമിൽ ഉൾപ്പെടുത്തി നീരേറ്റുപുറത്ത് ട്രീറ്റ്മെന്റ് പ്ലാന്റ് ഉണ്ടാക്കുന്നതിന് നാല് കോടി രൂപയുടെ പദ്ധതി അനുവദിച്ചു. പക്ഷേ അതിന് ഇതുവരെ ഭരണാനുമതി കൊടുത്തിട്ടില്ല. അവിടെ രണ്ട് കൊല്ലം മുൻപ് പണിതീർത്ത പള്ളിക്കുട്ടുമ്മൽ ഓവർഹെഡ്സ് ടാങ്കിന്റെ പണി തീർന്നുവെങ്കിലും വെർട്ടിക്കൽ കണക്ഷൻ കൊടുക്കാത്തതുകൊണ്ട് അതിനും കണക്ഷൻ ലഭിക്കുന്നില്ല. ടെന്റർ ചെയ്ത മൂന്ന് ഓവർഹെഡ്സ് ടാങ്കുകളുണ്ട്. മുട്ടാർ, തലവടി, രാമങ്കരി എന്നിവയുടെ പണി ആരംഭിച്ചിട്ടില്ല. അതിനുള്ള കമ്പിയും സിമന്റും ഇതുവരെ കൊടുത്തിട്ടില്ല. അങ്ങനെ കുട്ടനാടിന്റെ ശുദ്ധജലവിതരണ പദ്ധതികളാകെ സ്തംഭനാവസ്ഥയിലാണ്. ശുദ്ധജലക്ഷാമം വലിയ ആരോഗ്യ പ്രശ്നമുണ്ടാക്കുന്ന സാഹചര്യത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): രണ്ട് മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഇവിടെ പറഞ്ഞത്. ഒന്ന്, നീരേറ്റുപുറം ട്രീറ്റ്മെന്റ് പ്ലാന്റിന് വേണ്ടിയുള്ള അനുമതി; രണ്ട്, പള്ളിക്കുട്ടുമ്മൽ ഓവർഹെഡ്സ് ടാങ്ക് കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി, മൂന്ന്, കുട്ടനാട് സ്കീമിന്റെ വെള്ളം കുട്ടനാട്ടിൽത്തന്നെ കിട്ടുന്നതിന് വേണ്ടി അതിന്റെ ഒരു ഷെയർ കിട്ടണം. ഈ മൂന്ന് ആവശ്യത്തെക്കുറിച്ചും ഞാൻ നെഗറ്റീവായി പറയുന്നില്ല. അതിന് ചില പ്രയാസങ്ങൾ കൂടിയുണ്ട്. ശുദ്ധീകരണശാലയ്ക്ക് വേണ്ടിയുള്ള സ്ഥലം ലഭ്യമാക്കാൻ ജില്ലാ പഞ്ചായത്ത് 7.5 ലക്ഷം രൂപ വാട്ടർ അതോറിറ്റിക്ക് നൽകി. പ്രസ്തുത സ്ഥലത്തിന് ഇപ്പോൾ വഴി സൗകര്യം ഇല്ല. അത് ലഭിക്കുന്നതിന് വേണ്ടി സമീപവാസികളുമായി ഗവൺമെന്റ് നീക്കുപോക്ക് നടത്തുന്നുണ്ട്. പഞ്ചായത്ത് കൂടി മുൻകയ്യെടുക്കണം. ബഹുമാനപ്പെട്ട എം.എൽ.എ. കൂടി മുൻകയ്യെടുത്ത് കഴിഞ്ഞാൽ നിശ്ചയമായിട്ടും അടുത്ത സ്റ്റെപ്പിലേയ്ക്ക് പോകാം. ഗവൺമെന്റ് അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തേത്, പള്ളിക്കുട്ടുമ്മൽ നിർമ്മിച്ചിരിക്കുന്നതിൽ 7 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല സംഭരണത്തിന് വെർട്ടിക്കൽ കണക്ഷൻ ഒഴികെയുള്ള പണികൾ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന പണികൾ പൂർത്തിയായാലും ഇപ്പോൾ ലഭിക്കുന്ന ജലത്തിന്റെ അളവനുസരിച്ച് പ്രസ്തുത ടാങ്കിൽ നിന്നും എല്ലാ സ്ഥലത്തേക്കും വെള്ളം എത്തില്ല എന്നതുകാരണം നിരേറ്റുപുറത്തെ നിർദ്ദിഷ്ട ശുദ്ധീകരണശാല പൂർത്തിയായെങ്കിൽ മാത്രമേ പ്രസ്തുത ടാങ്കിൽ ആവശ്യാനുസരണം വെള്ളം എത്തിക്കാൻ കഴിയൂ. അതാണ് പ്രധാനപ്പെട്ട തടസ്സമായി നിൽക്കുന്നത്. ഇതൊക്കെയാണെങ്കിലും ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള നടപടി എടുത്തുവരികയാണ്. അതിനാവശ്യമായ നിർദ്ദേശം കൊടുക്കുന്നതാണ്. മൂന്നാമത്തെ അദ്ദേഹത്തിന്റെ ആവശ്യം, കുട്ടനാട് സ്കീമിൽ നിന്നും ന്യായമായ വിഹിതം വെള്ളം കുട്ടനാട്ടിൽ എത്തുക എന്നുള്ളതാണ്. ഇത് രണ്ട്, മൂന്ന് പ്രദേശങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ്. ഈ വിഷയം ഉന്നയിച്ച ഡോ. കെ. സി. ജോസഫിന് തന്നെ ഇതിന്റെ ബാക്ക്ഗ്രൗണ്ട് അറിയാം. അതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. എന്നാൽപ്പോലും കുട്ടനാടിന്റെ താൽപ്പര്യങ്ങൾ പരിരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (8) കുടുംബി സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. കെ. ബാബു: സർ, 500 വർഷം മുമ്പ് ഗോവയിൽ നിന്നു കേരളത്തിലേയ്ക്ക് കുടിയേറിപാർത്തവരാണ് കുടുംബി സമുദായം, അവർ സാമ്പത്തികമായും സാമൂഹ്യമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്നവരാണ്. ഈ സമുദായത്തിലെ ഭൂരിപക്ഷം ആളുകളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും സർക്കാർ ഉദ്യോഗങ്ങൾ ലഭിക്കാത്തവരുമാണ്. ഇവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1967-ലും 1982-ലും കേന്ദ്രത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. എങ്കിലും ഇവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പല പാർലമെന്ററി കമ്മിറ്റികളും ഇക്കാര്യം പരിശോധിച്ചിട്ടുള്ളതാണ്. ഇപ്പോൾ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു ശുപാർശ സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട ഒരു ഘട്ടമാണെന്നാണ് മനസ്സിലാക്കുന്നത്. ബഹുഭൂരിപക്ഷം ആളുകളും ഓലമേഞ്ഞ കുടിലുകളിലാണ് താമസിക്കുന്നത്. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു സമുദായം എന്നുള്ള നിലയിൽ, ഈ പിന്നോക്കാവസ്ഥ കണക്കിലെടുത്തുകൊണ്ട് ഇവർക്ക് ഒരു ശതമാനം വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി മുമ്പ് ക്യാബിനറ്റ് തീരുമാനമുണ്ടായതായി പറയപ്പെടുന്നു. പക്ഷേ ഒരു ജി.ഒ. ഇറങ്ങിയിട്ടില്ല. ഈ ഗവൺമെൻറ് അക്കാര്യം ചെയ്യണം. ഇവരെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ശുപാർശ ചെയ്യണമെന്നും ഒരു ശതമാനം വിദ്യാഭ്യാസ സംവരണം നൽകുന്നതിനുവേണ്ടി തീരുമാനം എടുത്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പട്ടിക സമുദായക്ഷേമവും യുവജന, സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ഭരണഘടനയുടെ ആർട്ടിക്കിൾ 341-ലെ വ്യവസ്ഥകൾ അനുസരിച്ചാണ് പട്ടികജാതി ലിസ്റ്റിൽ സമുദായങ്ങളെ ഉൾപ്പെടുത്തുന്നത്. കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ കിർത്താഡ്സ് പഠനം നടത്തിയിട്ടുണ്ട്. ഒരു സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെങ്കിൽ ആ കാര്യത്തിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പഠനം നടത്തുന്നത്. കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ച് തീർച്ചയായിട്ടും ഒരിക്കൽകൂടി കിർത്താഡ്സിനെക്കൊണ്ട് അതിന് ആവശ്യരായ പഠനം നടത്തിക്കുന്നതാണ്. കുടുംബി സമുദായത്തെ ഒ.ഇ.സി. ലിസ്റ്റൽപ്പെടുത്തി സംസ്ഥാനത്തെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ ഈ വിഭാഗത്തെ ഉദ്യോഗസംവരണത്തിനായി ഒ.ബി.സി.ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സമുദായത്തെ ക്രീമിലെയറിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കിയിട്ടുമുണ്ട്. സർക്കാർ കോളേജുകളിലെ ബിരുദബിരുദാനന്തര ക്ലാസുകളിലേയ്ക്കുള്ള പ്രവേശനത്തിനായി പിന്നോക്ക സമുദായങ്ങൾക്ക് 20 ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. മുസ്ലീം-നാടാർ വിഭാഗം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് ഇൻസെന്റീവായി ഇപ്പോൾ നൽകിവരുന്ന സ്കോളർഷിപ്പ് ആനുകൂല്യം എല്ലാ പിന്നോക്ക വിഭാഗത്തിലുംപെട്ട പെൺകുട്ടികൾക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ എല്ലാം കുടുംബി സമുദായത്തിനും ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസത്തിന് ഒരു ശതമാനം സംവരണം കുടുംബി സമുദായത്തിന് നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## എൻ.എച്ച് 47-നേയും എൻ.എച്ച്. 17-നേയും ബന്ധിപ്പിക്കുന്ന റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കണമെന്ന ആവശ്യം.

ശ്രീ. ടി. യു.രാധാകൃഷ്ണൻ: സർ, എൻ.എച്ച് 47-നേയും എൻ.എച്ച്. 17-നേയും തമ്മിൽ ബന്ധിപ്പിക്കുന്നതും വളരെ പ്രാധാന്യം അർഹിക്കുന്നതുമായ റോഡാണ് അഷ്ടമിച്ചിറ - അന്നമനട, മാള - അന്നമനട, അന്നമനട - മുഴിക്കുളം, മുഴിക്കുളം - അത്താണി റോഡ്. ചാലക്കുടി പാലം കുറച്ച് വർഷങ്ങൾക്ക് മുമ്പ് തകർന്നുപോയപ്പോൾ എല്ലാ വാഹനങ്ങളും തിരിച്ചുവിട്ടത് മേൽപ്പറഞ്ഞ റൂട്ടിൽക്കൂടിയാണ്. അന്ന് തകർന്നുപോയ ഈ റോഡ് പുനർനിർമ്മിക്കുമെന്നും അത് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കുമെന്നും അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നുവെങ്കിലും അത് ഒരു പ്രഖ്യാപനം മാത്രമായി നിൽക്കുകയാണ്. പക്ഷേ അവിടത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ കൃഷ്ണൻകോട്ട പാലത്തിന്റെ പണിപൂർത്തീകരിക്കുന്നതോടുകൂടി വിമാനത്താവളത്തിലേയ്ക്ക് പോകാൻ, ചാലക്കുടി പാലത്തിന് ഇനിയും കേടുപാടുകൾ സംഭവിച്ചാൽ ഒരു ഡൈവർഷൻ റൂട്ട് എന്ന പേരിൽ പരിഗണിക്കാവുന്ന ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഈ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കണമെന്നതാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കാനുള്ള നിർദ്ദേശം. അത് പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, മാള-അന്നമനട-മുഴിക്കുളം-അഷ്ടമിച്ചിറ റോഡ് ഏതാണ്ട് 21 കിലോമീറ്റർ ദൈർഘ്യം വരുന്ന മേജർ ഡിസ്ട്രിക്ട് റോഡാണ്. തൃശ്ശൂർ ജില്ലയിലെ പ്രധാനപ്പെട്ട ഈ റോഡ് ദേശീയ പാത 47-നും 17-നും സമാന്തരമായി വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വാഹന ഗതാഗത തിരക്കു കാരണം പ്രസ്തുത റോഡ് നിലവാരം ഉയർത്തി അഭിവൃദ്ധിപ്പെടുത്താനുള്ള ശ്രമങ്ങൾ പരിശോധിച്ച് വരുകയാണ്. 450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് വകുപ്പിന്റെ പരിശോധനയിലാണ്. തൃശ്ശൂർ - എറണാകുളം ദേശീയ പാതയിൽ തടസ്സങ്ങൾ ഉണ്ടാകുമ്പോൾ ശ്രീ. ടി. യു. രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഡൈവർഷനു വേണ്ടി ഉപയോഗിക്കാവുന്ന റോഡ് എന്ന നിലയിലും തീർത്ഥാടന കേന്ദ്രങ്ങളെയും ടൂറിസ്റ്റ് കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്ന റോഡ് എന്ന നിലയിലും വളരെ പ്രാധാന്യമുള്ള ഈ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കാനുള്ള നടപടികൾ കഴിയുന്നതും വേഗം സ്വീകരിക്കുന്നതാണ്.

## (10) ഇ-വേസ്റ്റ് അപകടരഹിതമായി സംസ്ക്കരിക്കുന്നതിനു സംവിധാനം.

ശ്രീ. പി. ടി. തോമസ്: സർ, ഉപേക്ഷിക്കപ്പെട്ടതോ ഉപയോഗശൂന്യമായതോ ആയ ഇലക്ട്രോണിക് അനുബന്ധ ഉപകരണങ്ങളാണ് ഇ-മാലിന്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നത്. കമ്പ്യൂട്ടറുകൾ, റെഫ്രിജറേറ്ററുകൾ, ടെലിവിഷനുകൾ, മൊബൈൽ ഫോണുകൾ തുടങ്ങിയ ഡൊമസ്റ്റിക് വേസ്റ്റുകളിൽ ആയിരത്തിലധികം വിഷപദാർത്ഥങ്ങൾ കലർന്നിട്ടുണ്ട്. പഴയ കമ്പ്യൂട്ടർ മോണിട്ടറുകളിലെ കാഥോഡ് റേ ട്യൂബിൽ ഏകദേശം രണ്ട് കിലോഗ്രാം ലെഡ് അടങ്ങിയിട്ടുണ്ട്. ലെഡ് എന്ന ഈ ലോഹം നേരെ നമ്മുടെ തലച്ചോറിലാണ് അടിഞ്ഞുചേരുന്നത്. ഈ വർഷം ആഗോളതലത്തിൽ 200 കോടി ജനങ്ങൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നുവെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഓരോ വർഷവും സാധാരണ നഗരമാലിന്യങ്ങൾ കൊണ്ടുണ്ടാകുന്ന വളർച്ചയെക്കാൾ മൂന്നു ഇരട്ടി വേഗതയിലാണ് ഇ-മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. ഡെൽക്ക് കമ്പനി 1997 - 2001 കാലയളവിൽ പ്രയോജനരഹിതമായ 5.5 കോടി കമ്പ്യൂട്ടറുകളാണ് കയറ്റി അയച്ചത്. ഇവ ഉല്പാദിപ്പിക്കുന്ന മെർക്കുറിയുടെ അളവ് 69520 പൗണ്ടാണ്. ഒരു ടീസ്പൂണിന്റെ എഴുപതിലൊന്നുഭാഗം മെർക്കുറി 20 ഏക്കർ വ്യാപിച്ചുകിടക്കുന്ന ഒരു തടാകത്തിലെ മുഴുവൻ മൽത്സ്യങ്ങളെയും ഭക്ഷ്യയോഗ്യമല്ലാതാക്കും എന്നാണ് തെളിയിച്ചിരിക്കുന്നത്. സർക്ക്യൂട്ട് ബോർഡുകളിലും അർദ്ധചാലകങ്ങളിലും കാണപ്പെടുന്ന കാഡ്മിയം നമ്മുടെ എല്ലിന്റെ ഘടനയെ ബാധിക്കുന്ന വിഷപദാർത്ഥമാണ്. ആർസനിക്, ആന്റിമണി, ബർലിയം, സെല്ലിയം, ക്രോമിയം, കോബാൾ ഇങ്ങനെ ഇ-വേസ്റ്റിലെ വിഷപദാർത്ഥങ്ങളുടെ പട്ടിക നീളുകയാണ്. ഇതിൽ പലതും ക്യാൻസർ രോഗം

LIBRARY ARCHIVES Kerala Legislative Assembly

ക്ഷണിച്ച് വരുത്തുന്നതാണ്. വികസിത രാജ്യങ്ങളിൽ നിന്ന് ഇന്ത്യ, ചൈന പോലെയുള്ള രാജ്യങ്ങളിലേയ്ക്ക് വർദ്ധിച്ച തോതിൽ ഇവ കയറ്റി അയച്ചുകൊണ്ടിരിക്കുകയാണ്. ബാംഗ്ലൂരിൽ മാത്രം 60,000 ടൺ ഇ-മാലിന്യമാണ് ഓരോ വർഷവും അടിഞ്ഞു കൂടുന്നത്. 1992-ൽ നിലവിൽ വന്ന ബാസൽ കൺവെൻഷൻ ഉടമ്പടി പ്രകാരം ഇ-മാലിന്യങ്ങൾ മറ്റൊരു രാജ്യത്തിലേയ്ക്ക് കയറ്റി അയയ്ക്കാൻ പാടില്ല. എന്നാൽ 159 രാഷ്ട്രങ്ങൾ ഒപ്പിട്ട കരാറിൽ അമേരിക്ക ഒപ്പിടാൻ ഇതുവരെ തയ്യാറായില്ല. 1991-ൽ സ്വിറ്റ്സർലണ്ടിൽ ഇ-മാലിന്യങ്ങൾ സംസ്ക്കരിച്ച് പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഒരു സ്ഥലത്തും ഇ-മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനമില്ല. ഇ-മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുകയാണ്. ഇത് ഗുരുതരമായതും ജീവന് ഭീഷണിയാകുന്നതുമാണ്. അതുകൊണ്ട് ഇ-മാലിന്യങ്ങൾ സംസ്ക്കരിക്കാൻ അടിയന്തിരമായ നടപടി കേരളം കൈക്കൊള്ളണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസ്സും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, കേരളത്തിൽ വർദ്ധിച്ചുവരുന്ന ഇ-വേസ്റ്റ് ഫലപ്രദമായി സംസ്ക്കരിക്കാൻ സംവിധാനം ഉണ്ടാക്കേണ്ടത് ആവശ്യമാണ് എന്നാണ് ശ്രീ. പി. ടി. തോമസ് സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. അന്തരീക്ഷ മലിനീകരണത്തിനും ജീവന്റെ നിലനിൽപ്പിനും ഭീഷണിയുയർത്തുന്ന ഇ-വേസ്റ്റ് അപകടരഹിതമായി സംസ്ക്കരിക്കുന്നതിന് വിദേശ രാജ്യങ്ങളിൽ ഇപ്പോൾ സംവിധാനം ഉണ്ടായിട്ടുണ്ട്. അതേ മാതൃകയിൽ കേരളത്തിലും സംവിധാനം ഉണ്ടാക്കണമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുമായും വിദഗ്ദ്ധരുമായും കേരളത്തിലെ പൊല്യൂഷൻ കൺട്രോൾ ബോർഡുമായും സഹകരിച്ച് കേരളത്തിൽ വർദ്ധിച്ചുവരുന്ന ഇ-വേസ്റ്റ് ഫലപ്രദമായി സംസ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## (11) പെരുമാട്ടിയിൽ ആത്മഹത്യ ചെയ്ത വേലായുധൻ കുട്ടിയുടെ കുടുംബത്തെ സഹായിക്കണമെന്ന ആവശ്യം

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ താമസിച്ചിരുന്ന വേലായുധൻ കുട്ടി എന്നയാൾ കഴിഞ്ഞ ദിവസം ആത്മഹത്യ ചെയ്തു. അദ്ദേഹം 2003-ൽ ചിറ്റൂരിലെ സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്ന് ഒരു ലക്ഷം രൂപ ലോൺ എടുത്തിട്ടുണ്ടായിരുന്നു. പാവപ്പെട്ട പലചരക്ക് കച്ചവടക്കാരനാണ്. ലോൺ സംഖ്യ കൃത്യമായി തിരിച്ചടച്ചു; 85,300 രൂപ. ഈ സമയത്ത് ഇയാളുടെ വീടിനോടനുബന്ധിച്ച് കട തുടങ്ങുന്നതിനുവേണ്ടി പണം ആവശ്യപ്പെട്ട് ബാങ്കിനെ സമീപിച്ചപ്പോൾ നിലവിലുള്ള ലോണിന്റെ ബാക്കി സംഖ്യ അടച്ചാൽ പുതിയ ലോൺ കൊടുക്കാമെന്നു പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന പൈസ മുഴുവൻ കൃത്യമായി ബാങ്കിൽ അടച്ചു. 1,32,419 രൂപ ആ ലോണിന്റെ ഭാഗമായി തിരിച്ചടച്ചു. ഇതിനുശേഷം ലോൺ കൊടുക്കുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ ബാങ്ക് അധികാരികൾ ലോൺ കൊടുക്കാതെ ഇദ്ദേഹത്തെ വഞ്ചിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഉണ്ടായത്. ലോൺ തിരിച്ച് അടയ്ക്കുന്നതിനുവേണ്ടി പല ആളുകളിൽ നിന്നും തൽക്കാലം കടം വാങ്ങിയിട്ടാണ് പണം തിരിച്ചടച്ചത്. പിന്നെ അവരെ അഭിമുഖീകരിക്കാനുള്ള വിഷമം കൊണ്ട് വേലായുധൻ കുട്ടി ആത്മഹത്യ ചെയ്യുകയുണ്ടായി. വളരെ പാവപ്പെട്ട നിർദ്ധനനായ ഇദ്ദേഹത്തിന്റെ കുടുംബത്തെ സഹായിക്കാൻ ആവശ്യമായിട്ടുള്ള ഒരു സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഭാര്യയും രണ്ട് പെൺകുട്ടികളും ഒരു ആൺകുട്ടിയും അടങ്ങുന്നതാണ് അദ്ദേഹത്തിന്റെ കുടുംബം. അവരെ സഹായിക്കുന്നതിന് ആവശ്യമായിട്ടുള്ള സമീപനം ഉണ്ടാകണം. അതോടൊപ്പംതന്നെ ഇങ്ങനെ പറഞ്ഞു പറ്റിച്ച, വഞ്ചിച്ച ബാങ്കിന്റെ ഉത്തരവാദപ്പെട്ട ആളുകൾക്കെതിരെ കർശനമായി കേസ് എടുക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസ്സും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, പരേതന് ഭാര്യയും രണ്ട് പെൺമക്കളും ഒരു മകനും ഉണ്ട്. മക്കളെല്ലാം വിദ്യാർത്ഥികളാണ്. വേലായുധൻ കുട്ടി വായ്പയ്ക്ക് നൽകിയ അപേക്ഷയെ സംബന്ധിച്ചോ മുൻ വായ്പയെ സംബന്ധിച്ചോ യാതൊരു വിവരവും രേഖകളും നൽകാൻ ബാങ്ക് അധികൃതർ തയ്യാറല്ലെന്നാണ് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഏതായാലും അതിനെക്കുറിച്ച് കൂടുതലായി ഗവൺമെന്റ് അന്വേഷിക്കുന്നതാണ്. ഇദ്ദേഹത്തിന് ഏതാണ്ട് ഒരു ഏക്കർ 20 സെന്റ് സ്ഥലമുണ്ട്.

## (12) താന്നിപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. എ. എ. അസീസ്: സർ, മയ്യനാട് ഗ്രാമ പഞ്ചായത്തും കൊല്ലം കോർപ്പറേഷനുമായി ബന്ധിപ്പിക്കുന്ന താന്നിപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് 1986-ൽ തുടക്കമിട്ടതാണ്. കരാറുകാരന്റെ വീഴ്ചമൂലം പല പ്രാവശ്യം പ്രവർത്തനം നിർത്തലാക്കിയിരുന്നു. ഇക്കാരണത്താൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 5-4-2002-ൽ കരാർ റദ്ദാക്കുകയും 25-10-2002-ൽ റി-ടെന്റർ ചെയ്യുകയും ചെയ്തപ്പോൾ കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിവഴി സ്റ്റേ വാങ്ങി. സ്റ്റേ വെക്കേറ്റു ചെയ്യുവാൻ ഗവൺമെന്റ് 10-11-2004-വരെ കാത്തിരിക്കേണ്ടി വന്നു. അതിനുശേഷം വീണ്ടും റി-ടെന്റർ ചെയ്തപ്പോൾ ഒരു കരാറുകാരൻ മാത്രം പങ്കെടുക്കുകയും 315 ശതമാനം ക്വാട്ട് ചെയ്യുകയും ചെയ്തു. ഇത് ക്യാൻസൽ ചെയ്തുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നെഗോഷ്യേറ്റു ചെയ്ത് 240 ശതമാനം വർദ്ധിച്ച നിരക്കിൽ ഒരു കരാറുകാരനെ കണ്ടെത്തിയെങ്കിലും ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭിക്കാതിരുന്നതിനാൽ പണി ആരംഭിക്കുവാൻ കഴിഞ്ഞില്ല. ഈ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും 10-8-2005-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വീണ്ടും കോൺഫറൻസ് നടത്തി തീരുമാനമെടുക്കുകയും ചെയ്തുവെങ്കിലും ആ



LIBRARY ARCHIVES Kerala Legislative Assembly

തീരുമാനങ്ങൾ യാതൊന്നും 10-8-2005-നു ശേഷം ആറുമാസ കാലഘട്ടത്തിനിടയിൽ നടപ്പാക്കാൻ യാതൊരു നീക്കവും ഉണ്ടായിട്ടില്ല. ആ ഫയൽ ഇപ്പോഴും വിശ്രമിക്കുകയാണ്, അടിയന്തിരമായി ആ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രിക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, താന്നിപ്പാലത്തിന് 58.30 ലക്ഷം രൂപയുടെ ഭരണാനുമതി 1981-ൽ നൽകുകയും ടി ജോലി ടെന്റർ ചെയ്ത് നിർമ്മാണ പ്രവർത്തനം 1981-ൽത്തന്നെ ആരംഭിക്കുകയും ചെയ്തു. എന്നാൽ കരാറുകാരന്റെ വീഴ്ചമൂലം പണി പല പ്രാവശ്യം നിർത്തിവയ്ക്കുകയും തുടർന്ന് കോൺട്രാക്ട് റദ്ദാക്കുകയും ചെയ്തു. അതിനെതിരെ കരാറുകാരൻ കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് വാങ്ങുകയും പിന്നീട് കോടതി ഈ കേസ് 4-8-2004-ൽ തള്ളിക്കളയുകയും ചെയ്തു. അതിനുശേഷം 10-11-2004-ൽ ടി വർക്ക് റി-ടെന്റർ ചെയ്തുവെങ്കിലും 315 ശതമാനം വർദ്ധിപ്പിച്ച നിരക്കിൽ ക്വാട്ട് ചെയ്തതിനാൽ ടെന്റർ ക്യാൻസൽ ചെയ്തു. തുടർന്ന് നെഗോഷിയേറ്റഡ് ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും 240 ശതമാനം വർദ്ധിപ്പിച്ച നിരക്ക് ക്വാട്ട് ചെയ്തതിനാൽ അതും ക്യാൻസൽ ചെയ്തു. 10-8-2005-ൽ നടന്ന മീറ്റിംഗിൽ പുതിയ ഡിസൈൻ തയ്യാറാക്കി പണി പുനരാരംഭിക്കുവാൻ തീരുമാനിച്ചു. കൊല്ലം ഭാഗത്തുനിന്നുള്ള മൂന്ന് ഡക്ക് സ്ലാബുകൾ ഇതിനകംതന്നെ തീർന്നിട്ടുള്ളതിനാൽ ഐ.ഡബ്ലിയു.റ്റി.യുടെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള ഡിസൈനിംഗിൽ ഭേദഗതി വരുത്തിയതിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ചുവരുന്നു. പുതുക്കിയ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി എത്രയും പെട്ടെന്ന് പണി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## (13) പാലക്കാട് ജില്ലയിൽ വെസ്റ്റഡ് ഫോറസ്റ്റ് നിയമത്തിന്റെ മറവിൽ അധികൃതർ കൃഷിഭൂമി കയ്യേറുന്നത് സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, മുണ്ടൂർ, പുതുപ്പരിയാരം ഗ്രാമ പഞ്ചായത്തുകളിലും പോങ്ങാട്, മലമ്പുഴ, അകത്തേത്തറ, കേരളശ്ശേരി തുടങ്ങിയ നിരവധി പ്രദേശങ്ങളിലും വെസ്റ്റഡ് ഫോറസ്റ്റ് നിയമങ്ങളുടെ മറവിൽ പൂർവ്വികമായിത്തന്നെ കർഷകർ കൃഷി ചെയ്തു വരുന്ന ഭൂമി ഫോറസ്റ്റ് അധികൃതർ കഴിഞ്ഞ കുറച്ചു ദിവസങ്ങളിലായി ജെണ്ട കെട്ടി കയ്യേറാൻ ശ്രമിച്ചുവരികയാണ്. തെങ്ങ്, റബ്ബർ, ഇഞ്ചി, കൂർക്ക, മരച്ചീനി മുതലായ വിളകൾ കൃഷി ചെയ്തു വരുന്നതും വർഷങ്ങളായി കുടിയിരുപ്പായി കർഷകർ വീടുവച്ച് പഞ്ചായത്തിലും വില്ലേജിലും നികുതികൾ അടച്ച് നിരാക്ഷേപമായി കൈവശം വച്ചുവരുന്നതും താമസിച്ചു വരുന്നതുമായ സ്ഥലങ്ങളാണ് വനഭൂമിയാണെന്ന് ആരോപിച്ച് ജെണ്ടകെട്ടി വരുന്നത്. കർഷകർ കൂട്ടായി രേഖകൾ ഹാജരാക്കി തടസ്സം ചെയ്തതിനെത്തുടർന്ന് തല്ക്കാലം ഉദ്യോഗസ്ഥർ തിരികെ പോയിട്ടുള്ളതാണ്. മുണ്ടൂർ പുതുപ്പരിയാരം ഗ്രാമ പഞ്ചായത്തുകളുടെ വടക്കൻ മേഖലയായ ഒടുവങ്ങാട്, ഞാറക്കോട്, മോഴികുന്ന്,

LIBRARY ARCHIVES Kerala Legislative Assembly

തെക്കേക്കര, കോർമ്മം, പുളിയംകുളി എന്നീ പ്രദേശങ്ങളിലെ കർഷകർ വനഭൂമി കയ്യേറി കൈവശം വച്ചിരിക്കുകയാണെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. എന്നാൽ ഭൂരിഭാഗം പ്രദേശങ്ങളിലേയും കർഷകർ 1975-78 വർഷങ്ങളിൽ വനം വകുപ്പിനെതിരായി ബന്ധപ്പെട്ട കോടതികളിൽനിന്നും വനഭൂമിയല്ല എന്ന വിധിവാങ്ങി വകകൾ കൈവശം വച്ച് അനുഭവിച്ചു വരുന്നതാണ്. ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ വിധിപ്രകാരം ഫോറസ്റ്റ് അധികൃതർതന്നെ സ്ഥലം അളന്ന് തിട്ടപ്പെടുത്തി വിട്ടുകൊടുത്തിട്ടുള്ള സ്ഥലങ്ങളും ഇപ്പോൾ ഫോറസ്റ്റിന്റേതാണെന്നാണ് വനം വകുപ്പ് അധികൃതർ വാദിക്കുന്നത്. ഒരാളുടെ കൃഷി സ്ഥലത്ത് ഫോറസ്റ്റ് അധികൃതർ കയ്യേറി റബ്ബർ തൈകൾ വെട്ടി നശിപ്പിച്ച സംഭവം ഉണ്ടായിട്ടുണ്ട്. മുപ്പതു വർഷത്തിലധികമായി വീടുവച്ച് താമസിക്കുന്നവരാണ് അധികംപേരും. ഇത്തരത്തിൽ കൃഷി ഭൂമി കയ്യേറുന്നതിൽ വനം വകുപ്പ് അധികൃതർ ആധാരമായി കരുതുന്നത് അവരുടെ കൈവശമുള്ള റി-സർവ്വേയുടെ ഒരു സ്കെച്ചാണ്. കർഷകർക്ക് മുൻകൂർ അറിയിപ്പൊന്നും നല്കാതെയാണ് സ്കെച്ച് തയ്യാറാക്കിയിട്ടുള്ളത്. അദാലത്തുകൾ നടത്താതെയും കർഷകരുടെ ആക്ഷേപങ്ങൾ കേൾക്കാതെയും ഏകപക്ഷീയമായിട്ടാണ് ടി സ്കെച്ച് തയ്യാറാക്കിയിട്ടുള്ളത്. ആയത് പരിശോധിക്കുവാൻപോലും വനം വകുപ്പ് അധികൃതർ കർഷകരെ അനുവദിക്കുന്നില്ല. കർഷകർ അദ്ധ്വാനിച്ച് സമ്പാദിച്ചതായിട്ടുള്ള വിളകളിൽനിന്നും ആദായമെടുക്കുവാൻപോലും ഇപ്പോൾ അധികൃതർ അനുവദിക്കുന്നില്ല. നിരാലംബരായ കർഷക കുടുംബങ്ങൾ പട്ടിണിയുടെ വക്കിലാണ്. വീടും കുടിയിരുപ്പും ഉപേക്ഷിച്ച് പെരുവഴിയിൽ ഇറങ്ങേണ്ട അവസ്ഥയാണ് അവരുടേത്. നൂറ്റിയമ്പതോളം കർഷകരുടെ ജീവിത സമ്പാദ്യമാണ് ഫോറസ്റ്റ് അധികൃതർ രണ്ടും കല്പിച്ച് കയ്യേറുമെന്ന് നിരന്തരമായി ഭീഷണിപ്പെടുത്തുന്നത്. ഇത്തരത്തിലുള്ള നടപടികൾ കർഷക ദ്രോഹമാണ്. ഇത്തരത്തിൽ കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്ന നടപടികൾ അടിയന്തിരമായി നിർത്തിവയ്ക്കേണ്ടിയിരിക്കുന്നു. വനം വകുപ്പ് അധികൃതർ മേൽ നടപടികളുമായി തുടർന്നുപോകുന്നപക്ഷം സ്ഥലത്ത് സംഘർഷം തന്നെ ഉണ്ടാകുവാൻ സാധ്യതയുണ്ട്. കർഷകരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽനിന്ന് നീതിപൂർവ്വമായ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പരിസ്ഥിതി വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ): സർ, പാലക്കാട് ഡിവിഷന്റെ പരിധിയിൽ വരുന്നതും മുണ്ടൂർ, പുതുപ്പരിയാരം പഞ്ചായത്തുകളും കോങ്ങാട്, മലമ്പുഴ, അകത്തേത്തറ, കേരളശ്ശേരി തുടങ്ങിയ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതുമായ നിക്ഷിപ്ത വനത്തിന്റെ അതിരുകൾ നോട്ടിഫൈ സർവ്വേ സ്കെച്ചു പ്രകാരം സർവ്വേയറെ വിളിച്ച് ബൗണ്ടറി റി-ഫിക്സ് ചെയ്തിട്ടാണ് സ്വകാര്യ സ്ഥലവും നിക്ഷിപ്ത വനവും തമ്മിൽ വേർതിരിച്ച് ജെണ്ടകൾ നിർമ്മിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ കർഷകരുടെ ഭൂമി ഫോറസ്റ്റ് കയ്യേറി ജെണ്ട കെട്ടി എന്നുള്ളത് വാസ്തവത്തിൽ അടിസ്ഥാന രഹിതമാണ്. ജെണ്ട കെട്ടിയ ചില വന പ്രദേശങ്ങൾക്ക് ഉടമസ്ഥാവകാശം ഉന്നയിച്ചുകൊണ്ട് ചിലർ ഫോറസ്റ്റ് ട്രൈബ്യൂണൽ മുമ്പാകെ കേസ് നല്കിയിട്ടുണ്ട്. ഈ കേസ്സുകളിന്മേൽ

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ കൈക്കൊള്ളാൻ വേണ്ടിയാണ് ഉദ്ദേശിക്കുന്നത്. ഫോറസ്റ്റ് ട്രൈബ്യൂണലിലും മറ്റ് കോടതികളിലുമൊക്കെ കേസുകൾ തീർപ്പാകാതെ കിടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ കർഷകരുടെ പ്രശ്നങ്ങളെ സംബന്ധിച്ചാണ് സൂചിപ്പിച്ചത്. അവയ്ക്ക് പരിഹാരം കണ്ടെത്താൻ നിയമപരമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(14) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായി പ്രഖ്യാപിച്ച പുനരധിവാസ പദ്ധതി

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ മേഖലയിൽ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ തുടർച്ചയായി അടിച്ചതിനെത്തുടർന്ന് ഉണ്ടായ ദുരന്തപൂർണ്ണമായ ഒരു പ്രശ്നം അവിടെ സജീവമായി നിലനിൽക്കുന്നത് എല്ലാവർക്കും അറിയാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജില്ലയിൽ വരുകയും ഈ ദുരിത ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും ചെയ്തതിനെത്തുടർന്ന് 11 പഞ്ചായത്തുകളിലെ ദുരിതബാധിതരെ സഹായിക്കുന്നതിന് ആവശ്യമായ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഈ പ്രദേശത്ത് ദീർഘകാലമായി നിലനിന്നിരുന്ന ആ പ്രശ്നം, ഒരു മാനുഷിക പ്രശ്നം എന്നുള്ള നിലയിൽ ഏറ്റെടുത്ത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും സാമൂഹ്യ സാംസ്ക്കാരിക സന്നദ്ധ പ്രസ്ഥാനങ്ങൾക്കുമെല്ലാം വലിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അവിടെ സന്ദർശിക്കുകയും ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കുകയും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും ചെയ്തതാണ്. മുഖ്യമന്ത്രി ഈ സംഗതികളൊക്കെ നേരിട്ടു മനസ്സിലാക്കി ചികിത്സയ്ക്കും അതുപോലെ പുനരധിവാസത്തിനും മറ്റുമായി ഒരു പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തു. ആ ഘട്ടത്തിൽ ജില്ലാ പഞ്ചായത്തിന്റെ ഒരു പ്രോജക്ട് വളരെ ഫലപ്രദമായ നിലയിൽ നടപ്പിലാക്കുവാൻവേണ്ടി ആവശ്യമായ സഹായങ്ങൾ ചെയ്തിരുന്നു. എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ പാക്കേജ് വരുന്നുണ്ട് എന്നുള്ളതുകൊണ്ട് ജില്ലാ പഞ്ചായത്തുകൾ ആവിഷ്കരിച്ച പദ്ധതി ഇപ്പോൾ നടക്കുന്നില്ല. ഒരു കൊല്ലമായിട്ടും പ്രഖ്യാപിച്ച പാക്കേജ് അനുസരിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ബന്ധപ്പെട്ട ആളുകൾക്ക് ലഭിക്കാത്തതുകൊണ്ട് വളരെ വലിയ കഷ്ടപ്പാടുകളാണ് ദുരിതബാധിതർ അഭിമുഖീകരിക്കുന്നത്. അവർക്ക് ചികിത്സയില്ല. അതുപോലെ മരുന്നില്ല. പുനരധിവാസ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സംവിധാനങ്ങളില്ല. ഒരു പാക്കേജ് പ്രഖ്യാപിച്ചു എന്നുള്ളതല്ലാതെ പാക്കേജ് നടപ്പിലാക്കുവാൻ ആവശ്യമായ സംവിധാനങ്ങളൊന്നും ഉണ്ടാക്കിയിട്ടില്ല. ആരോഗ്യ വകുപ്പ് മുൻകൈയെടുത്ത് ചില ക്യാമ്പുകളൊക്കെ നടത്തിയെങ്കിലും ആ ക്യാമ്പുകളിൽ നിന്നും കൂടുതൽ ചികിത്സ ആവശ്യമുള്ള, കൂടുതൽ പരിരക്ഷ ആവശ്യമുള്ള ആളുകൾക്ക് അത് ലഭ്യമാക്കുവാൻ ആവശ്യമായ സംവിധാനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്നില്ല. ഈ പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്ന ഒട്ടേറെ ആളുകൾ, മഞ്ചേശ്വരത്തുനിന്നും കാസർകോട്ടു നിന്നുമൊക്കെയായി മുഖ്യമന്ത്രിയെ കാണാൻ സെക്രട്ടേറിയറ്റിനു മുമ്പിൽ വന്നിട്ടുണ്ട്. അവരുടെ ദൈന്യതയാർന്ന ഈ പ്രശ്നം സർക്കാർ ഗൗരവമായി എടുത്ത് പ്രഖ്യാപിക്കപ്പെട്ട പാക്കേജ് അടിയന്തിരമായി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, എൻഡോസൾഫാൻ തളിച്ചതു മൂലം പ്രയാസമനുഭവിക്കുന്ന കുടുംബങ്ങൾക്കുവേണ്ടിയുള്ള പാക്കേജ് ജില്ലാ പഞ്ചായത്തും ജില്ലാ കളക്ടറും ആരോഗ്യ വകുപ്പും ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. അതുപ്രകാരം എൻഡോസൾഫാൻ ട്രാജഡിയിൽ കഷ്ടത അനുഭവിക്കുന്നവരെ വീടുവീടാന്തരം സന്ദർശിച്ച് അവർക്ക് മരുന്ന്, തുടർ ചികിത്സ, ആഹാരം, വസ്ത്രം തുടങ്ങിയവ സൗജന്യമായി നൽകുന്നതിനാണ് ആദ്യമായി ഉദ്ദേശിക്കുന്നത്. ഇവരുടെ കുടുംബങ്ങളെ ബോധവൽക്കരിക്കുകയും മംഗൽപ്പാടി പഞ്ചായത്ത് ഉപ്പളയിൽ സൗജന്യമായി നൽകിയ കെട്ടിടത്തിൽ ആരംഭിക്കുന്ന റിസോഴ്സ് സെന്റർ വഴി കൂടുതൽ ചികിത്സ, കുട്ടികൾക്ക് അനുയോജ്യമായ വിദ്യാഭ്യാസം, അവരുടെ രക്ഷിതാക്കളുടെ കൂട്ടായ്മ അതുപോലെ രോഗത്തിൽ നിന്നും വിമുക്തി നേടാനുള്ള ഓപ്പറേഷൻ തുടങ്ങിയ മറ്റ് പരിപാടികളും സംഘടിപ്പിക്കാനാണ് തുടക്കത്തിൽ പദ്ധതി ഇട്ടിട്ടുള്ളത്. ഇവയ്ക്കായി അവിടെ റിസോഴ്സ് സെന്റർ ആരംഭിക്കാൻ ഉദ്ദേശിച്ച് പത്ത് ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചതിനു പുറമെ എൻ.പി.ആർ.പി.ഡി. (National Programme for Rehabilitation of Physically Disabled) ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ അനുവദിക്കുന്ന മുറയ്ക്ക് അതെടുത്ത് ഉപയോഗിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്. മംഗൽപ്പാടി പഞ്ചായത്ത് ദേശീയപാതയുടെ അരികിലുള്ള ഒരു കെട്ടിടം സൗജന്യമായി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രോജക്ട് പരിശോധിച്ചുവരുന്നു. ജില്ലാ ഭരണകൂടം, ജില്ലാ പഞ്ചായത്ത്, ആരോഗ്യ വകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ് എന്നിവ സംയോജിച്ച് ഒരു കമ്മിറ്റിയിലൂടെ ഇത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. റിസോഴ്സ് സെന്റർ ആരംഭിക്കാൻ ഫണ്ട് അനുവദിച്ചെങ്കിലും അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനുവേണ്ടിയുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. മംഗൽപ്പാടി പഞ്ചായത്ത് സൗജന്യമായി നൽകിയ സ്ഥലത്തുള്ള കെട്ടിടത്തിൽ റിസോഴ്സസ് സെന്ററും ഉപകരണ നിർമ്മാണ ഫാക്ടറിയും തുടങ്ങുന്നതിന്റെ ഉദ്ഘാടനം 22-8-2005-ൽ നിർവ്വഹിച്ചു. 19-6-2005-ൽ നടത്തിയ വിവിധോദ്ദേശ ക്യാമ്പിൽ കശുമാവിൻ തോട്ടങ്ങളിലെ എൻഡോസൾഫാൻ കീടനാശിനിയുടെ ഉപയോഗത്തെത്തുടർന്ന് രോഗബാധിതരായി നരകിക്കുന്ന വികലാംഗർ അടക്കമുള്ളവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ്, ഭക്ഷണം അടക്കമുള്ള ക്ഷേമകാര്യങ്ങൾ നൽകുകയുണ്ടായി. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ചുകഴിഞ്ഞാൽ റിസോഴ്സസ് സെന്റർ പ്രവർത്തനം ആരംഭിക്കാനുള്ള എല്ലാ നടപടികളും കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(15) അഴീക്കോട് നാറാത്ത് പഞ്ചായത്തിലെ ഒരു വീട്ടിൽ നിന്നും ബോംബുകളും മാരകായുധങ്ങളും കണ്ടെടുത്ത സംഭവം

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ നാറാത്ത് പഞ്ചായത്തിലെ രണ്ടാം വാർഡിലുള്ള കുമ്മായക്കടവ് എന്ന സ്ഥലത്തുള്ള ആളൊഴിഞ്ഞ ഒരു വീട്ടിൽ നിന്ന് 2005 ഡിസംബർ 6-ാം തീയതി 22 പൈപ്പ് ബോംബുകളും മാറകശേഷിയുള്ള ബോംബുകളും, വാൾ, കത്തിവാൾ, മഴു തുടങ്ങിയ ആയുധങ്ങളും പിടിച്ചെടുത്തു. ആ ആളൊഴിഞ്ഞ വീട് അബ്ദു എന്നുപറയുന്ന ഒരു മുസ്ലീം ലീഗ് അനുഭാവിയുടേതാണ്. രണ്ടാഴ്ചയ്ക്ക് ശേഷം ഇതേ വീട്ടിൽ തന്നെ വീണ്ടും പോലീസ് നടത്തിയ റെയ്ഡിൽ ഈ മാരകായുധങ്ങൾ ഉണ്ടാക്കാനുള്ള ഉപകരണങ്ങൾ - ഗ്ലൗസ്, ചാക്കുനൂൽ, തീപ്പൊള്ളലേറ്റാൽ ചികിത്സിക്കാനുള്ള ഫസ്റ്റ് എയ്ഡ് കിറ്റ് ഉൾപ്പെടെയുള്ള സാധനങ്ങൾ പിടിച്ചെടുക്കുകയുണ്ടായി. യഥാർത്ഥത്തിൽ ഇത് പോലീസുകാരുടെ മിടുക്കുകൊണ്ടല്ല പിടിച്ചെടുത്തത്. പഴയ സാധനങ്ങൾ പെറുക്കാൻ പോയ തമിഴർ ആ വീട്ടിൽ നിന്നും സാധനങ്ങൾ പെറുക്കി പുറത്തേയ്ക്ക് വന്നപ്പോൾ നാട്ടുകാർ അവരുടെ ചാക്കുകെട്ടിൽ വാളുകളും പിസ്റ്റലുകളും കണ്ടപ്പോൾ അത് സംബന്ധിച്ച് വിവരം നൽകിയതിനെത്തുടർന്ന് ഡിവൈ.എസ്.പി. ഉൾപ്പെടെയുള്ളവർ വന്ന് അത് പരിശോധിക്കുകയും പിടിച്ചെടുക്കുകയുമാണ് ചെയ്തത്. ഈ പ്രദേശം ലീഗിന്റെ ഒരു ശക്തി കേന്ദ്രമാണ്. ലീഗിന്റെ ആളുകൾ അറിയാതെ ഈ സാധനങ്ങൾ അവിടെ സൂക്ഷിക്കുക എളുപ്പമല്ല. സംസ്ഥാനത്താകെ തീവ്രവാദ പ്രവർത്തനം ശക്തിപ്പെട്ടുവരികയാണ്. കണ്ണൂർ ജില്ലയിൽ വ്യാപകമായി തീവ്രവാദ പ്രവർത്തനം ശക്തിപ്പെടുകയാണ്. ആയുധ പരിശീലനം ഉൾപ്പെടെയുള്ള ഒരുപാട് വാർത്തകൾ ഇതുമായി ബന്ധപ്പെട്ട് വന്നുകൊണ്ടിരിക്കുകയാണ്..... .....(ബഹളം)..... ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിന്റെ സഹായത്തോടുകൂടി പോലീസുകാർ പ്രതികളെ രക്ഷിക്കുന്നു എന്ന ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. ഒരു ഡിവൈ.എസ്.പി. തന്നെ ഈ കേസുമായി ബന്ധപ്പെട്ട പ്രതികളെ സഹായിക്കാൻ വേണ്ടി നിലകൊള്ളുന്നു എന്നുള്ള വ്യാപകമായ ആക്ഷേപം ഉണ്ടാകുകയാണ്. ഞാൻ ഇതു സംബന്ധിച്ച് എസ്.പി.യോട് സംസാരിച്ചു. എസ്.പി. പറയുന്നത് ഈ സ്ഥലത്തു നിന്ന് ആരേയും കണ്ടെത്താൻ കഴിഞ്ഞില്ല എന്നാണ്. സാക്ഷികളെ നാട്ടുകാർ കൊടുക്കണമെന്നാണ് പറയുന്നത്. ഈ സംഭവം കഴിഞ്ഞ് രണ്ടര മാസം കഴിഞ്ഞിട്ടും ഒറ്റ പ്രതിയെപ്പോലും പിടിച്ചിട്ടില്ല. അവിടെ ജനങ്ങളാകെ അരക്ഷിതാവസ്ഥയിലാണ്. അടിയന്തിരമായി കുറ്റക്കാരെ കണ്ടെത്താൻ നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, കണ്ണൂർ വളപട്ടണം പോലീസ് സ്റ്റേഷൻ പരിധിയിൽ നാറാത്ത് കുമ്മായക്കടവ് എന്ന സ്ഥലത്ത് കഴിഞ്ഞ 12 വർഷമായി ആൾപ്പാർപ്പില്ലാതിരുന്ന ഒരു വീട്ടിൽ നിന്ന് 6-12-2005-ന് പി.വി.സി. പൈപ്പ് കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാക്കിയ 19 ബോംബുകളും 10 നാടൻ ബോംബുകളും 2 മഴുവും ഫസ്റ്റ് എയ്ഡ് കിറ്റും പോലീസ് കണ്ടെടുത്തു. ഇക്കാര്യത്തിൽ 2005-ൽ ക്രൈം 468-ാം നമ്പരായി വളപട്ടണം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. ഫോറൻസിക് വിദഗ്ദ്ധരും ബോംബ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തുകയുണ്ടായി. തുടർന്നുള്ള അന്വേഷണത്തിൽ അവിടെ നിന്നും ഇരുമ്പാണികൾ, ചാക്കുനൂൽ, വെടിയുപ്പ്, ചുറ്റിക തുടങ്ങിയ വസ്തുക്കൾകൂടി കണ്ടെത്തി. തുടർന്ന് കേസന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചു. ഒരു ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു ഡിറ്റക്ടീവ് ഇൻസ്പെക്ടർ, ഒരു സബ് ഇൻസ്പെക്ടർ, ആറ് പോലീസുകാർ എന്നിവരടങ്ങിയ ഒരു പ്രത്യേക ടീം രൂപീകരിച്ച് മുപ്പത്തിമൂന്നിലധികം പേരെ ചോദ്യം ചെയ്യുകയും തെളിവെടുക്കുകയും ചെയ്തു. പ്രതികളെ അന്വേഷിക്കുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്ന് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല; തുടർന്നും അന്വേഷണം കർശനമാക്കുന്നതാണ്.

## (16) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ തോട്ടം തൊഴിലാളികളുടെ വിഷയം ഈ സഭയിൽ പലതവണ ഉന്നയിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ പി.എസ്. സുപാൽ ഇവിടെ പലതവണ ഉന്നയിച്ചതാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന് അഞ്ച് വർഷമായിട്ടും സംസ്ഥാനത്തെ അടച്ചുപൂട്ടിയ തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനുള്ള ഒരു നടപടിയും ഉണ്ടായിട്ടില്ല. ഗവൺമെന്റ് തന്ന കണക്കുകൾ പ്രകാരം ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ മാത്രം ഇപ്രകാരം 18,000-ത്തോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ശ്രീ. ഇ. എം. അഗസ്തിക്ക് തന്ന മറുപടി ഞാൻ പരിശോധിച്ചു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പലപ്പോഴും മറുപടി പറഞ്ഞിട്ടുള്ളത് ആ തൊഴിലാളികൾക്ക് ഓണക്കാലത്ത് ചില ആനുകൂല്യങ്ങൾ കൊടുത്തു, കുട്ടികൾക്ക് പഠിക്കാൻ ചില സൗകര്യങ്ങൾ ചെയ്തുകൊടുത്തു. അതൊന്നും ഞാൻ നിഷേധിക്കുകയല്ല. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ്. ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടം മേഖല. ഇടുക്കി ജില്ലയിലെ മഹാഭൂരിപക്ഷം വരുന്ന ആളുകളുടെ ജീവിത മേഖലയാണിത്. ഹൈറേഞ്ച് മേഖലയിൽ സ്ഥിരമായി പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറപ്പിക്കാൻ എന്ത് നടപടിയെടുക്കാമെന്ന് പരിശോധിക്കാൻ പാർലമെന്റ് സംഘം ഇവിടെ വന്നു. പാർലമെന്റിൽ ഇതു സംബന്ധിച്ച് ചർച്ച ചെയ്തെങ്കിലും നിയമത്തിന്റേയും സാങ്കേതികത്വത്തിന്റേയും ചില തടസ്സങ്ങൾ പറയുന്നതല്ലാതെ തോട്ടങ്ങൾ തുറപ്പിക്കാനോ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കാനോ തയ്യാറാകുന്നില്ല. തൊഴിലാളികൾക്ക് സ്റ്റാറ്റ്യൂട്ടറിയായി ലഭിക്കേണ്ട ഗ്രാറ്റ്യുവിറ്റി ഉൾപ്പെടെ മറ്റ് പല തരത്തിലുള്ള ആനുകൂല്യങ്ങൾ, ഉടമകൾ അടയ്ക്കേണ്ട പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ കാര്യങ്ങളിൽ സ്റ്റാറ്റ്യൂട്ടറിയായി കിട്ടേണ്ട കോടിക്കണക്കിന് രൂപയാണ് ഈ സംസ്ഥാനത്തിന് നഷ്ടപ്പെട്ടുപോയത്. പ്രതിദിനം എത്ര കോടി രൂപയുടെ നഷ്ടം

LIBRARY ARCHIVES Kerala Legislative Assembly

ഈ സംസ്ഥാനത്തുണ്ടായി എന്ന് ബഹുമാനപ്പെട്ട മന്ത്രി കണക്കാക്കണം. തുറന്നു പ്രവർത്തിക്കുന്ന തോട്ടങ്ങളിൽ തൊഴിലാളികൾക്ക് കിട്ടേണ്ട മിനിമംകൂലി പുതുക്കി നിശ്ചയിക്കുന്നതിലുണ്ടായ കാലതാമസം ശ്രീ. പി. എസ്. സുപാൽ കഴിഞ്ഞ ദിവസം ഈ സഭയിൽ ഉന്നയിച്ചു. അത് പുതുക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്ന് അതുസംബന്ധിച്ച് ബഹുമാനപ്പെട്ടമന്ത്രി മറുപടി പറയുമെന്ന് ഞാൻ വിചാരിക്കുന്നു. ഏതായാലും തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ വീഴ്ചയാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. വേളാങ്കണ്ണി എന്നുപറയുന്ന ഒരു കൊച്ചുകുട്ടി ആത്മഹത്യ ചെയ്ത സംഭവമുണ്ടായി. അന്ന് ഞങ്ങൾ എത്ര തവണ ഇവിടെ ഇതൊക്കെ ഉന്നയിച്ചതാണ്. ഈ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുന്ന ഈ സന്ദർഭത്തിൽ വീണ്ടും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് അർഹതപ്പെട്ട മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ശ്രീ. കെ. പി. രാജേന്ദ്രൻ തോട്ടങ്ങൾ അടച്ചുപൂട്ടി ക്കിടക്കുന്നത് ചൂണ്ടിക്കാണിച്ചത് വളരെ വ്യക്തത ഇല്ലാതെയാണ്. പീരുമേട് താലൂക്കിൽ നാല് ഗ്രൂപ്പ് തോട്ടങ്ങളാണ് അടഞ്ഞു കിടക്കുന്നത്. അത് നാല് മാനേജുമെന്റുകളുടേതാണ്. വയനാട്ടിലെ തോട്ടങ്ങൾ എല്ലാം തുറന്നു. നിങ്ങൾ അതേക്കുറിച്ച് പോയി അന്വേഷിക്കണം..... (ബഹളം)..... ഞാൻ പറയുന്നു തുറന്നു എന്ന്. നിങ്ങൾ പോയി അന്വേഷിക്കൂ. വയനാട്ടിലെ എല്ലാ എസ്റ്റേറ്റുകളും തുറന്നു. .....(ബഹളം).....പീരുമേട് താലൂക്കിലെ ആർ.ബി.റ്റി ഗ്രൂപ്പിന്റെ എട്ട് തോട്ടങ്ങൾ .....

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് ശ്രീ. ജയരാജൻ ഇരിക്കൂ..... അങ്ങനെ പറഞ്ഞാൽ പറ്റുമോ? ഇരിക്കൂ. എല്ലാ സമയത്തും ഇങ്ങനെ ഇന്റർഫിയർ ചെയ്യാൻ പറ്റില്ല. സബ്മിഷനിലോ ഏതെങ്കിലും കാര്യത്തിലോ മന്ത്രി പറഞ്ഞ മറുപടിയിൽ അപാകതയുണ്ടെങ്കിൽ റൂൾ പ്രകാരം നിങ്ങൾക്ക് അതിന് നിവൃത്തിയുണ്ട്. അല്ലാതെ പരസ്പരം സംസാരിക്കാനുള്ള സമയമല്ല.

ശ്രീ. ബാബു ദിവാകരൻ: ശ്രീ. കെ. പി. രാജേന്ദ്രൻ ചോദിച്ചത് എന്തു നടപടി എടുത്തു എന്നാണ്? അവിടെ ജപ്തി ചെയ്തു എന്നു പറഞ്ഞാൽ ഏത് ഗവൺമെന്റിന്റെ നടപടിയാണ്? പി.എഫ്. അടയ്ക്കാത്ത പ്ലാന്റേഷൻ മാനേജ്മെന്റിന് എതിരായി നടപടി എടുക്കുന്നതാണ്. പീരുമേട് താലൂക്കിൽ ആർ.ബി.ടി. യുടെ 8 തോട്ടങ്ങളും എം.എൻ. ജെ.-യുടെ നാല് തോട്ടങ്ങളും പീരുമേട് ടീ കമ്പനിയുടെ തോട്ടങ്ങളുമാണ് അടഞ്ഞുകിടക്കുന്നത്. പുള്ളിക്കാനം എസ്റ്റേറ്റ് അടുത്ത ദിവസം തുറന്നുപ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് ധാരണയായിട്ടുണ്ട്. ഈ തോട്ടങ്ങൾ അടഞ്ഞ് കിടക്കുന്നത് തൊഴിൽ തർക്കം മൂലമല്ല. പീരുമേട് ടീ കമ്പിനിയുടെ

LIBRARY ARCHIVES Kerala Legislative Assembly

തോട്ടത്തിന്റെ കാര്യത്തിൽ ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. ഹൈക്കോടതിയുടെ കേസ് തീർപ്പാകുന്നതുവരെ ഒന്നും ചെയ്യാൻ പറ്റില്ല. ആർ.ബി.ടി.യുടെ എട്ട് തോട്ടങ്ങൾ ഏഴെട്ട് വർഷമായി അടഞ്ഞ്കിടക്കുകയാണ്. എസ്റ്റേറ്റ് നടത്തിക്കൊണ്ടുപോകാൻ അവർക്ക് കഴിയുന്നില്ല. അവർക്ക് സാമ്പത്തികമായി മുതൽമുടക്കാൻ കഴിയുന്നില്ല. ശ്രീ. കെ. പി. രാജേന്ദ്രൻ പറയുന്നതനുസരിച്ച് അവർ കൊടുക്കാനുള്ള സെയിൽസ്ടാക്സ് ഡ്യൂസ്, അവർ കൊടുക്കാനുള്ള പി. എഫ്.ഡ്യൂസ് അതെല്ലാം ഗവൺമെന്റ് അടക്കണമെന്നു പറയുന്നത് ശരിയല്ല. ഇത്രയും കാലം മാനേജ്മെന്റുകൾ തോട്ടം നടത്തിയശേഷം തൊഴിലാളികൾക്ക് കൊടുക്കാനുള്ള ആനുകൂല്യങ്ങൾ മുഴുവൻ ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് പറഞ്ഞാൽ ഏത് ഗവൺമെന്റിന് അത് സാധിക്കുമെന്ന് ചിന്തിക്കണം. ഇക്കാര്യത്തിലുള്ള തർക്കം കമ്പനി ലോ-ബോർഡിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. പീരുമേട് താലൂക്കിൽ എം.എൻ.ജെ. പ്ലാന്റേഷൻ, കൊച്ചി പ്ലാന്റേഷൻ ഇങ്ങനെ മൂന്നു നാല് തോട്ടങ്ങൾ ഉള്ളതിൽ ഉൽപ്പാദിപ്പിക്കുന്ന തേയിലയുടെ വില സർവ്വകാല റിക്കോർഡായി കുറഞ്ഞു. കഴിഞ്ഞ രണ്ടാഴ്ചയായിട്ട് തേയിലയുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എം.എൻ. ജെ. അടക്കമുള്ള മൂന്നു നാല് തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് പീരുമേട് താലൂക്കിൽ മാത്രമായിട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്തു. സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കൊണ്ട് ഈ തോട്ടങ്ങളിൽ ഉൽപാദിപ്പിക്കുന്ന തേയില വാങ്ങിപ്പിക്കാനുള്ള ധാരണയിൽ അതുമായുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. ഇവിടെ മിനിമം വേജസ് പുതുക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയാണ് ഇക്കാലമത്രയും അതിനെക്കുറിച്ച് ധാരണയുണ്ടാക്കി മിനിമം വേജസ് പുതിക്കിയിട്ടുള്ളത്. ഈ കമ്മിറ്റിയുടെ 22 യോഗങ്ങൾ ഇതിനോടകം ചേർന്നെങ്കിലും ഒരു ധാരണയിൽ എത്താൻ കഴിഞ്ഞിട്ടില്ല. ചരിത്രത്തിൽ ആദ്യമായി ഗവൺമെന്റ് മുൻകൈ എടുത്ത് മിനിമം വേജസ് പുതുക്കി നോട്ടിഫിക്കേഷൻ ഇറക്കി. കഴിഞ്ഞ ദിവസം രണ്ട് തവണ ഒരിക്കലും ഇല്ലാത്ത രീതിയിൽ പ്ലാന്റേഷൻ മേഖലയിൽ 22 തവണ പ്ലാന്റേഷൻ ലേബർ കമ്മിറ്റി കൂടിയിട്ട് ഒരു ധാരണയിൽ എത്താൻ കഴിഞ്ഞില്ല. അത് ഗവൺമെന്റിന്റെ കുഴപ്പമാണോ? അതുകഴിഞ്ഞ് ഇപ്പോൾ ഗവൺമെന്റ് തന്നെ മുൻകൈ എടുത്ത് നോട്ടിഫിക്കേഷൻ ഇറക്കി. പ്രധാനമായിട്ട് ഒരു കാര്യം പറയുകയാണ്. ഫൈനൽ നോട്ടിഫിക്കേഷൻ കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചു കഴിഞ്ഞു. 2002 മുതലുള്ള കുടിശ്ശിക കൊടുക്കാനാണ് ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്നത്. റബ്ബർ മേഖലയിൽ 2002 മുതലുള്ള പുതുക്കിയ നിരക്ക് കൊടുക്കണമെന്ന് ഉത്തരവ് ഇറക്കിയിരിക്കുകയാണ്. ചരിത്രത്തിൽ ആദ്യമായാണ് ഗവൺമെന്റ് നേരിട്ട് മിനിമം വേജസ് പുതുക്കി ഉത്തരവ് ഇറക്കിയിരിക്കുന്നത്. ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള ആത്മാർത്ഥതയെയാണ് ഇത് കാണിക്കുന്നത്.

(ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വച്ചു)

GPM. 2/498/2014—33

LIBRARY ARCHIVES Kerala Legislative Assembly

(17) ആലപ്പുഴ ജില്ലയിൽ കോമളപുരത്തുള്ള കേരള സ്പിന്നേഴ്സ് തുറന്ന് പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ഡോ. തോമസ് ഐസക്ക്: ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് മൂന്ന് വർഷത്തിലേറെക്കാലമായി അടഞ്ഞുകിടക്കുകയാണ്. തികച്ചും നിയമവിരുദ്ധമായിട്ടാണ് ഈ lock out. തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നിഷേധിച്ചു കൊണ്ടാണ് ഈ ഫാക്ടറികൾ അടച്ചിട്ടിരിക്കുന്നത്. ഒട്ടേറെ ചർച്ചകൾ നടത്തിയിട്ടും ഫലപ്രദമായ എന്തെങ്കിലും തീരുമാനം എടുക്കുന്നതിന് സഹായകരമായ നിലപാടല്ല മാനേജ്മെന്റ് കൈക്കൊണ്ടിട്ടുള്ളത്. അടിയന്തിരമായി ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിച്ച് കമ്പനി തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ആലപ്പുഴയിലെ കേരള സ്പിന്നേഴ്സിന്റെ കാര്യത്തിൽ അതിന്റെ മാനേജ്മെന്റുമായി മുഖ്യമന്ത്രി, ടൂറിസം വകുപ്പു മന്ത്രി, ഇലക്ട്രിസിറ്റി വകുപ്പു മന്ത്രി തുടങ്ങിയവരടങ്ങുന്ന സംഘം കഴിഞ്ഞ 15-ാം തീയതി ചർച്ച നടത്തി. മാർച്ച് 15-നു മുൻപ് ഈ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാനുള്ള പാക്കേജ് അംഗീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട തോമസ് ഐസക്കിന് അറിയാം കണ്ണൂർ ജില്ലയിൽ പ്രശ്നങ്ങളുണ്ട്. അവരുടെ അരിയേഴ്സ് ഒരുപാടുണ്ട്. അതിനൊക്കെ മൊറട്ടോറിയം കൊടുക്കാം. വർക്കിംഗ് ക്യാപ്പിറ്റലിനുവേണ്ടി കെ.എസ്.ഐ.ഡി.സി. യിൽ നിന്നും 5 കോടി രൂപയാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നത് അത് എത്ര കൊടുക്കാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് രണ്ടുമൂന്ന് ദിവസത്തിനകം തീരുമാനം ഉണ്ടാകുമെന്ന് പറഞ്ഞിട്ടുണ്ട്. വർക്കേഴ്സുമായി എഗ്രിമെന്റ് വേണം. അതിന് ഏകദേശ ധാരണയായിട്ടുണ്ട്. വിവിധ ചർച്ചകൾ നടത്തി വർക്കേഴ്സുമായി എഗ്രിമെന്റ് ഉണ്ടാക്കി അത് ഫൈനലൈസ് ചെയ്തശേഷം 10 ദിവസത്തിനകം തീരുമാനം എടുക്കണം. മാർച്ച് 15-നകം ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(18) കെ.എസ്.ആർ.ടിസി.ക്ക് ബഡ്ജറ്റിൽ തുക നീക്കി വയ്ക്കാത്തതു സംബന്ധിച്ച്

ശ്രീ. ബിനോയ് വിശ്വം: സർ, കെ.എസ്.ആർ.ടി.സി.യെ. സംബന്ധിച്ച് ഈ വൈകിയ വേളയിലെങ്കിലും ഗവൺമെന്റ് എന്തെങ്കിലും വ്യക്തമാക്കണം. ഏറ്റവും അധികം ത്യാഗം സഹിച്ചുകൊണ്ട് കേരളത്തിൽ ബസ്സുകൾ ഓടിക്കുന്ന പൊതുമേഖലാ സ്ഥാപനമാണിത്. അതിനെപ്പറ്റിയുള്ള വർത്തമാനങ്ങൾ ഒരുപാട് കേട്ടതല്ലാതെ തൊഴിലാളികൾക്കോ കോർപ്പറേഷനോ വേണ്ടി ഗവൺമെന്റ് യാതൊന്നും ചെയ്യുന്നില്ല. ഇന്ന് മുപ്പതിനായിരം കുടുംബങ്ങളുടെ ജീവിത മാർഗ്ഗം മാത്രമല്ല കേരളത്തിന്റെ മൊത്തം യാത്രാ പ്രശ്നത്തിന് പരിഹാരം കാണുന്ന സ്ഥാപ

LIBRARY ARCHIVES Kerala Legislative Assembly

നവുമാണ്. ഈ സ്ഥാപനത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് പലപ്പോഴും കാണിക്കുന്നത് അങ്ങേയറ്റത്തെ അലംഭാവമാണെന്ന് പറയുമ്പോൾ ദയവായി കോപിക്കരുത്. അവഗണനയുടെ കഥമാത്രമാണ് കെ.എസ്.ആർ.ടി.സി.-ക്ക് പറയാനുള്ളത്. ഇതിന്റെ ഫലമായി ജീവനക്കാർ 22-ാം തീയതി അർദ്ധരാത്രി മുതൽ പണിമുടക്കിന് നിർബന്ധിതരായിരിക്കുകയാണ്. പണിമുടക്ക് വമ്പിച്ച വിജയമായിരിക്കും. തർക്കമൊന്നും വേണ്ട. നാലായിരം കണ്ടക്ടേഴ്സാണ് അൺ-അഡ്ജസ്റ്റഡായി ജോലി ചെയ്യുന്നത്. പി.എസ്.സി റാങ്ക് ലിസ്റ്റുണ്ട്. അതിൽ നിന്നുള്ളവരെ നിയമിക്കുന്നില്ല. 200 കോടി രൂപയുടെ സാമൂഹ്യ ബാധ്യത ഏറ്റെടുക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. യിൽ ഗവൺമെന്റ് പറഞ്ഞിട്ട് പെൻഷൻ കൊടുക്കാൻ വേണ്ടി സ്വന്തം പണമാണ് മാറ്റിവയ്ക്കുന്നത്. മറ്റുള്ള സ്റ്റേറ്റുകളിൽ ഗവൺമെന്റ് സഹായിക്കുമ്പോൾ ഇവിടെ ഒരു ചുമതലയും ഏറ്റെടുക്കാൻ ഗവൺമെന്റ് കൂട്ടാക്കുന്നില്ല. ശമ്പള പരിഷ്കരണത്തിന് കാലാവധി കഴിഞ്ഞിട്ട് നാല് കൊല്ലമായി. ഒരു ഇന്ററിം റിലീഫ്പോലും പ്രഖ്യാപിക്കുന്നില്ല. ഇടക്കാലാശ്വാസം പ്രഖ്യാപിക്കണമെങ്കിൽ അതിനും ഗവൺമെന്റിന്റെ സഹായം വേണം. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ദയവായി ഈ കോർപ്പറേഷനോട് ഗവൺമെന്റ് ഇപ്പോൾ കാണിക്കുന്ന അലംഭാവപൂർവ്വമായ സമീപനം മാറ്റിയിട്ട് പരമാവധി പണം അനുവദിച്ചുകൊണ്ട് രക്ഷിക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ. ബഹുമാനപ്പെട്ട ബിനോയ് വിശ്വം ഇവിടെ പറഞ്ഞത് ഭാഗീകമായി ശരിയാണ്; പൂർണ്ണമായി ശരിയല്ല. ഈ ഗവൺമെന്റ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയില്ലെന്ന് പറഞ്ഞത് ഒട്ടും ശരിയല്ല. ജീനക്കാരുടെ പ്രശ്നങ്ങൾ എന്തെല്ലാം മുന്നോട്ട് വച്ചിട്ടുണ്ടോ അതിനെല്ലാം പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്ത് എംപാനലായി ജോലി ചെയ്തിരുന്ന മുഴുവൻപേരെയും സ്ഥിരപ്പെടുത്തി. ഇനി ഒരാൾപോലും ബാക്കിയില്ല. ബഹുമാനപ്പെട്ട ബിനോയ്, പി.എസ്.സി. അഡ്വൈസ് ചെയ്യാതെ ഡെയ്‌ലി വേജസായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ കഴിയുമോ? അങ്ങനെ ചെയ്യുന്നത് ശരിയല്ല. 13ശതമാനം ഡി.എ. കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് കൊടുത്തു. തടഞ്ഞു വച്ചിരുന്ന പ്രൊമോഷൻ കൊടുത്തു. ചെയ്യാനുള്ളത് മുഴുവൻ ചെയ്തു. ഒരാവശ്യം പോലും ബാക്കിയില്ല. കഴിഞ്ഞ ദിവസം ശ്രീ. തമ്പാനൂർ രവി സബ്മിഷൻ ഉന്നയിച്ചു. ഞാൻ അതിന് മറുപടി പറഞ്ഞു. മാർച്ച് മാസം ആദ്യ വാരത്തിൽ തന്നെ ശമ്പളപരിഷ്കരണ ചർച്ച ആരംഭിക്കുന്നതാണ്. ഇടക്കാലാശ്വാസം കൊടുക്കാൻ കെ.എസ്.ആർ.ടി.സി.യുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. അതുകൊണ്ട് ഇടക്കാലാശ്വാസം കൊടുക്കാൻ കഴിയില്ല. ഇവിടെ പറഞ്ഞത് ഗവൺമെന്റ് കെ.എസ്.ആർ.ടി.സ്. യെ സഹായിക്കുന്നില്ലെന്നാണ്. ഒരു കാര്യം സന്തോഷത്തോടുകൂടി പറയട്ടെ, കെ.എസ്.ആർ.ടി.സി.-യുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഗവൺമെന്റ് ഇതുപോലെ കെ.എസ്.ആർ.ടി.സി.-യെ സഹായിക്കുന്നത്. ഇതുപോലെ ഒരു കാലഘട്ടത്തിലും

LIBRARY ARCHIVES Kerala Legislative Assembly

സഹായിച്ചിട്ടില്ല. എല്ലാ വർഷവും അഞ്ച് കോടി രൂപ കെ.എസ്.ആർ.ടി.സി-യുടെ അടിസ്ഥാന സൗകര്യത്തിനുവേണ്ടി ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാറുണ്ട്. ഈ വർഷവും 5 കോടി രൂപ ഉൾക്കൊള്ളിച്ചു. കഴിഞ്ഞ വർഷവും 5 കോടി രൂപ ഉൾക്കൊള്ളിച്ചു. അത് കൊടുത്തു. അതിനു മുൻപ് നാലേകാൽ കോടി കൊടുത്തു. അതിനു മുൻപ് നാല് കോടി രൂപ കൊടുത്തു. ഇത് എല്ലാ വർഷവും കൊടുക്കുന്നു. ഇതിനുപുറമെ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ചരിത്രത്തിൽ ആദ്യമായി 20 കോടി രൂപ കെ.എസ്.ആർ.ടി.സി. ക്ക് ഗവൺമെന്റ് കൊടുക്കുകയുണ്ടായി. അതിനുശേഷവും ഇപ്പോഴും കെ.എസ്.ആർ.ടി.സി. യെ നിലനിർത്തിയിരിക്കുന്നത് ഗവൺമെന്റാണ്. 25 കോടി രൂപ ഡെഫർമെന്റ് കഴിഞ്ഞ ഒരു പ്രാവശ്യം കൊടുത്തു. കഴിഞ്ഞ മാസവും ഫെബ്രുവരി 25 വരെ 15 കോടി രൂപയുടെ ഡെഫർമെന്റ് കൊടുത്തതുകൊണ്ട് മാത്രമാണ് കെ.എസ്.ആർ.ടി.സി. ഇപ്പോൾ സർവ്വീസ് നടത്തുന്നത്. ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-യെ ഇനിയും സഹായിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുകയാണ്. ജീവനക്കാരുടെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് ഈ ഗവൺമെന്റ് കൊടുത്തിട്ടുള്ളതുപോലെ ഒരു സാമ്പത്തിക സഹായം കെ.എസ്.ആർ.ടി.സി.-യുടെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. ശ്രീ. തമ്പാനൂർ രവി എം.എൽ.എ.-യുടെ സബ്മിഷന് പറഞ്ഞ മറുപടി ഒരിക്കൽക്കൂടി പറയട്ടെ, മാർച്ച് മാസം ആദ്യവാരം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ചർച്ച ആരംഭിക്കുന്നതാണ്. നിങ്ങൾ സഹകരിച്ചാൽ നമുക്ക് പെട്ടെന്ന് പൂർത്തിയാക്കാം. ബഹുമാനപ്പെട്ട ബിനോയ് വിശ്വം അവിടത്തെ യൂണിയൻ നേതാവ് കൂടിയാണല്ലോ? അദ്ദേഹം കൂടി സഹകരിച്ചാൽ നമുക്ക് പെട്ടെന്ന് ഇത് പൂർത്തിയാക്കാം.

## VIII അറിയിപ്പ്

### ശ്രീമതി മേഴ്സി രവി സഭയിൽ ഹാജരായത് സംബന്ധിച്ച്

മി. സ്പീക്കർ: ഇടവേളക്കുശേഷം സഭയിൽ ഹാജരായ ശ്രീമതി മേഴ്സി രവിക്ക് സ്വാഗതം.

## സബ്മിഷൻ (തുടർച്ച)

### (19) പട്ടാമ്പി-നെല്ലായ കുഴക്കല്ലൂർ കുടിവെള്ള പദ്ധതിയും പട്ടാമ്പി ശുദ്ധജല വിതരണ പദ്ധതിയും കമ്മീഷൻ ചെയ്യണമെന്ന ആവശ്യം

ശ്രീ. സി. പി. മുഹമ്മദ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പട്ടാമ്പി ശുദ്ധജല വിതരണ പദ്ധതി, നെല്ലായ - കുഴക്കല്ലൂർ ശുദ്ധജല വിതരണ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

എന്നിവയുടെ ടെൻഡർ കഴിഞ്ഞിട്ട് വർഷങ്ങൾ കഴിഞ്ഞു ഇതുവരേയും അത് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഈ പദ്ധതികളുടെ ഏറ്റവും വലിയ ഒരു പ്രതിസന്ധി വരാൻപോകുന്നത്, പട്ടാമ്പി ശുദ്ധജല വിതരണ പദ്ധതിയുടെ ജലസ്രോതസ് നിളാനദിയും നെല്ലായ - കുഴക്കല്ലൂർ പദ്ധതിയുടെ ജലസ്രോതസ് കുന്തിപ്പുഴയുമാണ്. ജലസംഗമത്തിന് പതിനായിരങ്ങളെ സാക്ഷി നിർത്തി ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രിയും നിളാ നദിയിൽ ഒരു മാസം മുമ്പ് ഇറങ്ങിവന്ന് പങ്കെടുത്താണ്. ഈ പദ്ധതി പരിപൂർണ്ണമായി വിജയിക്കണമെങ്കിൽ അവിടെ ചെക്ക് ഡാമുകൾ ആവശ്യമാണ്. നിളാ നദിയുടെ എല്ലാ ശോച്യാവസ്ഥയും അറിഞ്ഞ മന്ത്രി നിളാ സംരക്ഷണ അതോറിറ്റിയുടെ കാര്യത്തിൽ മൗനം പാലിക്കുന്നതിൽ എനിക്ക് സങ്കടമുണ്ട്. മറയൂരിലെ ചന്ദനക്കാടുകളടക്കമുള്ള വന സംരക്ഷണത്തിൽ ഒരുപാട് നൻമകൾ ചെയ്ത, പരിസ്ഥിതി സംരക്ഷണത്തിൽ താൽപ്പര്യമുള്ള, ഒരുപാട് സുകൃതങ്ങൾ ചെയ്യുന്നതിൽ താൽപ്പര്യമുള്ള മന്ത്രി ഇക്കാര്യത്തിൽക്കൂടി മൗനം ഭഞ്ജിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെകൂടി സഹായത്തോടെയാണ് അവിടെ ജലസംഗമം നടന്നത്. അത് വമ്പിച്ച വിജയമായിരുന്നു. പതിനായിരക്കണക്കിന് ആളുകൾ പങ്കെടുത്തു. ഈ സഭയുടെ അപ്പുറത്തും ഇപ്പുറത്തുമുള്ള ധാരാളം പ്രതിനിധികൾ അവിടെയുണ്ടായിരുന്നു. അതൊക്കെ സമ്മതിക്കുന്നു. ഗവൺമെന്റിന്റെ സ്റ്റാന്റിനെക്കുറിച്ച് നേരത്തെ പറഞ്ഞു. നദികളുടെ സംരക്ഷണത്തിനു വേണ്ടി River Authority of Kerala രൂപീകരിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ അപ്രൂവൽകൂടി ഉണ്ടെന്നുള്ളതുകൊണ്ടാണ് പമ്പാ റിവർ അതോറിറ്റിയുടെ ഒരു സെപ്പറേറ്റ് രൂപത്തിൽ മുന്നോട്ടു പോകാൻ ശ്രമിച്ചത്. അതോടൊപ്പംതന്നെ പെരിയാറിന്റെ സംരക്ഷണം എന്ന ആവശ്യം വന്നു. പെരിയാറിന്റെ സംരക്ഷണത്തിനുവേണ്ടി ഒരു അതോറിറ്റി തത്വത്തിൽ അംഗീകരിക്കുന്ന കാര്യം ഞാൻ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട സി. പി. മുഹമ്മദിന്റെ ആവശ്യംകൂടി കണക്കിലെടുത്തുകൊണ്ട് ഇത് തത്വത്തിൽ അംഗീകരിക്കാൻ എന്തൊക്കെയാണ് പോസിബിലിറ്റി എന്ന് ഗവൺമെന്റ് ഗൗരവപൂർവ്വം പരിഗണിക്കും. അതിന് ഒരു പ്രത്യേകതകൂടിയുള്ളത്, പറമ്പിക്കുളം-ആളിയാർ എഗ്രിമെന്റ് വന്നതോടുകൂടി നദിതന്നെ ഇല്ലാതായിപ്പോയ ഒരു പ്രത്യേക നദിയാണ് കേരളത്തിലെ ഏറ്റവും നീളം കൂടിയ ഈ നദി. ആ നദീ സംരക്ഷണത്തിനുവേണ്ടി ആവശ്യമായ എല്ലാ സഹായങ്ങളും ഗവൺമെന്റ് ചെയ്യുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് അദ്ദേഹം സൂചിപ്പിച്ച നെല്ലായ - കുഴക്കല്ലൂർ കുടിവെള്ള പദ്ധതി, പട്ടാമ്പി ശുദ്ധജല വിതരണ പദ്ധതി എന്നിവ പൂർത്തിയാക്കി കമ്മീഷൻ ചെയ്യേണ്ടതിന്റെ ആവശ്യകത ഗവൺമെന്റ് ഗൗരവമായി പരിഗണിച്ച് കഴിയുന്നത്ര വേഗത്തിൽ അത് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

(20) വെള്ളായണി കായൽ സംരക്ഷിക്കുന്നതിന് നടപടി

ശ്രീ. പിരപ്പൻകോട് മുരളി: സർ, ശുദ്ധജല തടാകമായ വെള്ളായണി കായൽ സംരക്ഷിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. കേരളത്തിലെ മൂന്ന് ശുദ്ധജല തടാകങ്ങളിലൊന്നാണ് തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായൽ. രാജഭരണ കാലത്ത് പത്മനാഭസ്വാമി ക്ഷേത്രത്തിലേക്ക് താമര വളർത്താൻ വേണ്ടിയാണ് ഇത് ഉപയോഗിച്ചിരുന്നത്. 1953-ൽ കായൽ റിക്ളമേഷൻ പദ്ധതിയുടെ ഭാഗമായാണ് നെൽകൃഷിക്ക് നൽകിയത്. എന്നാൽ കാലക്രമേണ കായൽ നികത്താൻ മാത്രമേ പ്രയോജനപ്പെടൂ എന്ന് മനസ്സിലാക്കി ബഹുജനങ്ങളുടെ ഇടപെടലിനെത്തുടർന്നാണ് കായൽ സംരക്ഷണത്തിന് ആദ്യമായി പരിപാടി ആരംഭിച്ചത്. അര നൂറ്റാണ്ടുമുമ്പ് 600 ഹെക്ടറായിരുന്നു ഈ കായലിന്റെ വിസ്തൃതിയെങ്കിൽ റിയൽ എസ്റ്റേറ്റുകാരും മണലൂറ്റുകാരും ചേർന്ന് ഇതിന്റെ വിസ്തൃതി 400 ഹെക്ടറിന് താഴെയാക്കിയിരിക്കുകയാണ്. ഈ കായലിന് സമീപത്തായി നിരവധി കാലങ്ങളായി നെൽക്കൃഷി നടത്തിക്കൊണ്ടിരുന്ന പുഞ്ചക്കരി, കാഞ്ഞിരത്തടി, മാങ്കളക്കരി, പണ്ടാരക്കരി തുടങ്ങിയ 100 ഹെക്ടറോളം വരുന്ന വയലേലകളും പാടശേഖരങ്ങളും നികത്തി ടൂറിസ്റ്റ് കോംപ്ളക്സുകൾ പണിയാനാണ് ഇപ്പോൾ തകൃതിയായി ശ്രമം നടന്നുകൊണ്ടിരിക്കുന്നത്. രണ്ട് കാര്യങ്ങളാണ് എനിക്ക് ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഒന്ന് ഈ നെൽപാടങ്ങൾ നികത്താനുള്ള ശ്രമത്തിൽനിന്ന് അവരെ തടയണം. തടഞ്ഞില്ലെങ്കിൽ കായലിന്റെ സ്രോതസ് നഷ്ടപ്പെടും; അവിടത്തെ പരിസ്ഥിതിയും കുഴപ്പത്തിലാകും. അതുപോലെ തന്നെ നമ്മുടെ സംസ്ഥാനത്തെ മൂന്ന് ശുദ്ധജല തടാകങ്ങളിലൊന്നായ വെള്ളായണി കായൽ നമ്മുടെ നഗരത്തിലെ കുടിവെള്ളവിതരണത്തിന് ആൾട്ടർനേറ്റീവ് സോഴ്സായി ഉപയോഗിക്കാൻ കഴിയുന്നതാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് അടിയന്തിരമായി ഈ കായൽ നികത്തുന്ന ടൂറിസ്റ്റ് കോംപ്ളക്സുകാരേയും റിയൽ എസ്റ്റേറ്റുകാരേയും നിലയ്ക്ക് നിറുത്താനും കായൽ സംരക്ഷിക്കാനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചപോലെ വെറ്റ് ലാന്റ് സംരക്ഷണമാണ് ഗവൺമെന്റിന്റെ നയം. അതുകൊണ്ട് വെറ്റ് ലാന്റ് സംരക്ഷണത്തിന് വിരുദ്ധമായിട്ടുള്ള ഒരു നടപടിയും ഗവൺമെന്റ് പ്രോൽസാഹിപ്പിക്കുന്നതല്ല. വെള്ളായണി കായലിനെ സംബന്ധിച്ചിടത്തോളം രണ്ട് തർക്കങ്ങൾ ഡെവലപ് ചെയ്തുവന്നു. ഗവൺമെന്റ് അത് പരിശോധിക്കാം. ബന്ധപ്പെട്ട ആളുകളുമായി സംസാരിക്കാം. വെറ്റ് ലാന്റ് സംരക്ഷണമാണ് ഗവൺമെന്റിന്റെ നയം എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

## (21) തൃശൂർ ജില്ലയിലെ വാഴാനി കൂപ്പിൽനിന്നുമുള്ള തേക്കുതടി കരാറുകാരൻ മറിച്ചു വിറ്റ കേസിൽ നടപടി

ശ്രീ. എ. സി. മൊയ്തീൻ: സർ, തൃശൂർ ജില്ലയിലെ മച്ചാട് ഫോറസ്റ്റ് റേഞ്ചിൽ വാഴാനി കൂപ്പിൽ നിന്നുമുള്ള തേക്കുതടി വനം വകുപ്പിന്റെ ഡിപ്പോകളിലെത്തിക്കാൻ കരാർ എടുത്തയാൾ 16 ലോഡ് തടികൾ എറണാകുളത്തെ ചില സ്വകാര്യ മില്ലുകാർക്ക് മറിച്ചു വിറ്റു എന്നത് വളരെ പ്രമാദമായ സംഭവമാണ്. 131 ലോഡ് തടി വനം വകുപ്പിന്റെ ഡിപ്പോകളിൽ എത്തിക്കാൻ കരാർ എടുത്ത ആൾ ഡിപ്പോകളിൽ തടി എത്തി എന്ന് വ്യാജരേഖയുണ്ടാക്കി ഏകദേശം 50 ലക്ഷം രൂപയുടെ തടികളാണ് മറിച്ചുവിറ്റിട്ടുള്ളത്. ഈ കരാറുകാരനെ രക്ഷിക്കാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് ഇപ്പോൾ വനം വകുപ്പിൽ നടക്കുന്നത്. വനം വകുപ്പിന്റെ ഈ കേസ് കണ്ടെത്താൻ ശ്രമിച്ച താഴേത്തട്ടിലുള്ള ചില ഉദ്യോഗസ്ഥരുടെ പേരിൽ മാത്രം നടപടി എടുക്കാനും ഇതിന് കൂട്ടുനിന്ന ഉന്നതരായ ഉദ്യോഗസ്ഥരെ രക്ഷിക്കാനും വേണ്ടിയുള്ള അണിയറശ്രമങ്ങളും ഈ തടി വാങ്ങിയ മിൽ ഉടമസ്ഥനേയും കരാറുകാരനേയും രക്ഷിക്കാനുള്ള നീക്കവും നടക്കുന്നുണ്ട് എന്നുള്ള വാർത്തകളാണ് വരുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ ഇടപെട്ട് ഈ സംഭവത്തിൽ വിജിലൻസ് അന്വേഷണമോ സി.ബി.ഐ. അന്വേഷണമോ വേണമെന്ന് ഗൗരവപ്പെട്ട പരാമർശം നടത്തിക്കഴിഞ്ഞു. ഈ സംഭവത്തിൽ ഏകദേശം 50 ലക്ഷം രൂപയുടെ തടികളാണ് മറിച്ചുവിറ്റത് ഈ കരാറുകാരനെ സഹായിക്കാൻ രേഖകളിൽ കൃത്രിമം കാണിച്ച് വ്യാജരേഖ യുണ്ടാക്കിയ കരാരുകാരന് കരാറിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് കൊടുക്കാനുള്ള സംഖ്യ യാതൊരു പ്രശ്നവും കൂടാതെ അതിവേഗത്തിൽ കൊടുത്തുതീർത്തതായി മനസ്സിലാക്കുന്നു. ഈ സംഭവത്തിൽ പങ്കാളികളായ ഉന്നതരായ ആളുകളുടെ പങ്കാളിത്തംകൂടി വെളിച്ചത്ത് വരാവുന്ന രീതിയിൽ നടപടി സ്വീകരിക്കാൻ വിജിലൻസ് അന്വേഷണമോ കോടതി പറഞ്ഞതുപോലെ സി.ബി.ഐ. അന്വേഷണമോ ഏർപ്പെടുത്താൻ നടപടി ഉണ്ടാകണമെന്ന് വിനയ പൂർവ്വം അഭ്യർത്ഥിക്കുന്നു.

പരിസ്ഥിതി വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽ ഗൗരവപൂർവ്വം നടപടി കൈക്കൊണ്ടിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച മാതിരി കരാറനുസരിച്ച് സുൾഫിക്കർ എന്ന കരാറുകാരനാണ് എഗ്രിമെന്റ് നൽകിയത്. അതിൽ അപാകതകൾ കണ്ടുപിടിച്ചത് ഫോറസ്റ്റ് വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിംഗ് ആണ്. അത് കണ്ട ഉടൻതന്നെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അതു സംബന്ധിച്ച് 13 പേരുടെ പേരിലാണ് കേസ് എടുത്തിട്ടുള്ളത്. ഇതിൽ അഞ്ച് പേർ കീഴടങ്ങുകയും രണ്ട് പേരെ പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തു. ഈ കേസിൽ 16 ലോഡ് തടിയാണ് നഷ്ടപ്പെട്ടിട്ടുള്ളത്. ഇതിന് 40 ലക്ഷം രൂപയുടെ നഷ്ടമാണ് വകുപ്പ് കണക്കാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക അന്വേഷണം നടത്തി ഡി.എഫ്.ഒ. ഉൾപ്പെടെ 12 വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടികൾ കൈക്കൊണ്ട് സസ്പെൻഷൻ നടപടിയുമായി മുന്നോട്ട്പോകുകയാണ്. മെമ്പർ പറഞ്ഞതുപോലെ വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആ വിജിലൻസ് അന്വേഷണം കാലതാമസം കൂടാതെ നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ വേണ്ടിയുള്ള എല്ലാ കാര്യങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എടുത്തിട്ടുണ്ട്. വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് ഇതിനെ കാണുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ മേലിൽ ഉണ്ടാകാതിരിക്കാൻ അതിന്റെ ഉത്തരവാദികൾ ആരാണെന്ന് കണ്ടെത്തി ആവശ്യമായ നടപടികളെല്ലാം തന്നെ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഉറപ്പുനൽകുകയാണ്.

ശ്രീ. എ. സി. മൊയ്തീൻ: വ്യാജരേഖയുണ്ടാക്കിയ ഈ കരാറുകാരന് കൊടുക്കാനുള്ള പണം എത്രയും പെട്ടന്ന് മാറ്റിക്കൊടുത്തു എന്നുള്ള ആക്ഷേപം അന്വേഷിക്കുമോ?

ശ്രീ. എ. സുജനപാൽ: ഈ ആക്ഷേപത്തെപ്പറ്റി അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

(22) കോടനാട് മൃഗശാല മാറ്റി സ്ഥാപിക്കാനും ആനക്കളരി വിപുലീകരിക്കാനും ആനപാപ്പാൻകളരി പ്രവർത്തനം ആരംഭിക്കാനും നടപടി

ശ്രീ. സാജു പോൾ: സർ, കോൺക്രീറ്റ് വനങ്ങളായിത്തീർന്നിരിക്കുന്ന നഗരങ്ങളിൽ നിന്നും മലയോര ഗ്രാമീണ കേന്ദ്രങ്ങളാണ് അല്പം ആശ്വാസവും മാനസികോല്ലാസവും ലഭിക്കാൻ ഇന്ന് സർവ്വരും തെരഞ്ഞെടുക്കുന്നത്. എറണാകുളത്തിന്റെ കിഴക്കൻ മേഖലയിൽ പെരിയാറിന്റെ വശ്യ മനോഹാരിതയും കാലടി, മലയാറ്റൂർ, കോടനാട്, പാണിയേരിപ്പോര്, ഭൂതത്താൻകെട്ട് തുടങ്ങിയ പ്രകൃതി രമണീയമായ സ്ഥലങ്ങളും നിലവിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ കോടനാടിന്റെ ഏറ്റവും പ്രാധാന്യമുള്ള പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. പതിറ്റാണ്ടുകൾ പഴക്കമുള്ള കോടനാട് ആനക്കളരിയുടേയും നിർദ്ദിഷ്ട ആനപാപ്പാൻ കളരിയുടേയും പ്രതിസന്ധികൾ ഗവൺമെന്റ് അടിയന്തിരമായി പരിഹരിക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വനം വകുപ്പിന്റെ ചുമതല വഹിച്ചപ്പോൾ കോടനാട് സന്ദർശിച്ചിരുന്നു. റെസ്ക്യൂ സെന്ററുകളായി പ്രവർത്തിച്ചിരുന്ന കോടനാട് ഉൾപ്പെടെ ആറ് മിനി മൃഗശാലകൽ അടച്ചുപൂട്ടാൻ Central Zoo Authority ഉത്തരവിട്ടിരിക്കുകയാണ്. പെരുവണ്ണാമൂഴി, നെയ്യാർ എന്നിവിടങ്ങളിലെ ചീങ്കണ്ണി സംരക്ഷണ കേന്ദ്രങ്ങൾ, കോടനാട്, വാളയാർ, തട്ടേക്കാട് മാൻ പാർക്കുകൾ, മലമ്പുഴ സ്നേക്ക് പാർക്ക് എന്നിവയാണ് അടച്ചു പൂട്ടാൻ ഉത്തരവിട്ടിരിക്കുന്നത്. മലയോര മേഖലയിൽ റെസ്ക്യൂ സെന്ററുകൾ നിലനിർത്താതിരിക്കാൻ കഴിയില്ല. അതുകൊണ്ട് വളരെയധികം മൃഗങ്ങളുള്ള കോടനാട് മൃഗശാല വിപുലീകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കപ്രിക്കാട് എന്ന് സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കാനുള്ള നിർദ്ദേശം അടിയന്തിരമായി നടപ്പാക്കുന്നതിനുവേണ്ട നടപടികൾ ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പരിസ്ഥിതി വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച്, വന്യമൃഗപുനരധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇവിടെ പറഞ്ഞതുപോലെ കപ്രിക്കാട് എന്ന സ്ഥലത്ത് 10 ഹെക്ടർ ഭൂമി കണ്ടെത്തുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ Central Zoo Authority-യുടെ ആവശ്യപ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉദ്ദേശം 70 ലക്ഷം രൂപ വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഫണ്ടിന്റെ അഭാവംമൂലം പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ജോലികൾ പൂർത്തീകരിച്ച് അംഗീകാരം വാങ്ങി ഒരു മൃഗശാലാരൂപത്തിൽ പ്രവർത്തിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ആനക്ക്യാമ്പ് വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. അതുപോലെ ആന പാപ്പാന്മാരുടെ ഹ്രസ്വകാല പരിശീലന കോഴ്സുകൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമായിക്കഴിഞ്ഞാൽ, Zoo Authority-യുടെ അംഗീകാരംകൂടി ലഭിച്ചുകഴിഞ്ഞാൽ അടിയന്തിരമായി അവിടെ ആവശ്യമായ ഒരു കേന്ദ്രം സ്ഥാപിക്കാൻ നടപടികൾ കൈക്കൊള്ളും.

[12.00 Noon]

(23) കോഴിക്കോട് ജീരകപ്പാറയിൽ വനം കയ്യേറ്റം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കോടഞ്ചേരി പഞ്ചായത്തിലെ ജീരകപ്പാറ വനപ്രദേശം തുടർച്ചയായ കയ്യേറ്റത്തിനു വിധേയമാകുകയാണ്. ജീരകപ്പാറ 110-ൽപ്പെടുന്ന വനം വകുപ്പ് റെസ്റ്റോർ ചെയ്ത ഭൂമിയാണ് ഇപ്പോൾ ഏറ്റവും അവസാനം കയ്യേറ്റത്തിന് വിധേയമായത്. ഇവിടെ വനത്തിന്റെ നടുവിൽ ഏതാനും കൃഷിക്കാരുടെ കൈവശഭൂമിയുണ്ട്. ഇത് തർക്കത്തിലുള്ള ഭൂമിയാണ്. ഇവിടെ ഭൂരഹിതരായ കൈവശക്കാരുണ്ടെങ്കിൽ അവർക്ക് പകരം ഭൂമിയോ അർഹമായ നഷ്ടപരിഹാരമോ നൽകി തർക്കഭൂമി വനംവകുപ്പിന്റേതായി സംരക്ഷിക്കണം. ഇവിടെ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന റഷീദ് എന്ന ഉടമയ്ക്കുവേണ്ടിയാണ് ഈ കയ്യേറ്റം നടന്നത്. അര ഏക്കറോളം ഭൂമിയിൽ ചെറിയ മരങ്ങൾ വെട്ടിയിടുകയും കാട് വെട്ടിത്തെളിക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ ഈ സ്ഥലത്ത് നേരിട്ട് പോവുകയും സ്ഥലം കണ്ട് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഈ സ്ഥലത്ത് പോയിട്ടുള്ളതാണ്. ഈ കയ്യേറ്റം കർശനമായി തടയുന്നതിനു വേണ്ടിയുള്ള എല്ലാവിധ നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഒരു കാരണവശാലും വനം വകുപ്പിന്റെ കൈവശമുള്ള ഭൂമി



LIBRARY ARCHIVES Kerala Legislative Assembly

അന്യാധീനപ്പെട്ടുപോകുന്ന ഒരവസ്ഥയുണ്ടാകാൻ പാടില്ല. തുഷാരഗിരി വിനോദകേന്ദ്രം, അതുപോലെ ചെമ്പുകടവ് ഉറുമി ജലവൈദ്യുത പദ്ധതികൾ പരിസ്ഥിതി സംരക്ഷണം ഇതിനെയെല്ലാം വ്യാപകമായ നിലയിൽ ബാധിക്കുന്നതാണ് അവിടുത്തെ വനനശീകരണം. ഈ സംഭവത്തിനുശേഷം മറ്റൊരു സംഭവംകൂടി അതിനോട് തൊട്ടുള്ള ഒരു പ്രദേശത്തുണ്ടായിട്ടുണ്ട്. കാരശ്ശേരി പഞ്ചായത്തിലെ തോട്ടക്കാട് വനമേഖലയിൽ വൻതോതിൽ തേക്ക് മുറിച്ചിട്ടിരിക്കുകയാണ്. രണ്ട് ലോഡ് മുറിച്ചിട്ടത് ആളുകൾ എടുത്തുകൊണ്ടുപോയി. ഇങ്ങനെ വ്യാപകമായ വനം കയ്യേറ്റങ്ങളും മരങ്ങൾ കൊള്ളചെയ്തുപോകുന്ന അവസ്ഥയും ഈ മലയോര പ്രദേശത്ത് നടന്നുവരികയാണ്. ഇത് കർശനമായി തടയുന്നതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

പരിസ്ഥിതി വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം ജീരകപ്പാറ വനം കയ്യേറ്റം സംബന്ധിച്ചാണ്. അതിനെസംബന്ധിച്ച് വളരെ ഗൗരവപൂർവ്വംതന്നെ ഗവൺമെന്റ് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനുമുമ്പും നിരവധി തവണ ഈ പ്രശ്നം ഇവിടെ ഉന്നയിക്കപ്പെട്ടതാണ്. 28-1-06-ന് ഈ സ്ഥലം കയ്യേറി 90 സെന്റീമീറ്റർ താഴെ വലിപ്പമുള്ള ആറ് വട്ടമരങ്ങളും ഒരു പെരുമാട്ട മരവുമാണ് മുറിച്ചുനീക്കിയത്. അഞ്ച് പ്രതികളെ 28-1-06-ന് അറസ്റ്റുചെയ്ത് റിമാൻഡ് ചെയ്തു. മറ്റ് രണ്ടു പ്രതികളായ സ്ഥലം ഉടമയും മേസ്തിരിയും ഒളിവിലാണ്. അവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ മുൻകൂർ ജാമ്യത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. അവരുടെ മുൻകൂർ ജാമ്യാപേക്ഷ എതിർക്കുവാനാവശ്യമായ നിർദ്ദേശങ്ങൾ അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ളവർക്ക് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഞാൻ അവിടെ സന്ദർശിക്കുകയുണ്ടായി. വനം സംരക്ഷണത്തിനുവേണ്ടി ഉടനെതന്നെ അവിടെ ഒരു ഫോറസ്റ്റ് ചെക്ക്പോസ്റ്റ്, ആരംഭിക്കാൻവേണ്ടിയുള്ള നിർദ്ദേശം കൊടുക്കുകയും ഇതിനകംതന്നെ ചെക്ക്പോസ്റ്റ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾത്തന്നെ ഗവൺമെന്റിന്റെ മുമ്പാകെ ഇരുപതോളം ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ഒരു ഫോറസ്റ്റ് സ്റ്റേഷനെങ്കിലും ആരംഭിക്കാൻ സാധിക്കുമെങ്കിൽ തീർച്ചയായും ജീരകപ്പാറ വനസംരക്ഷണത്തിനുവേണ്ടി ജീരകപ്പാറയിൽ ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കാനുള്ള നിർദ്ദേശവും ഗവൺമെന്റ് ഗൗരവപൂർവ്വം പരിഗണിക്കുമെന്ന് പറയാൻ ഉദ്ദേശിക്കുകയാണ്.

## (24) പുനലൂർ മുനിസിപ്പൽ പ്രദേശത്ത് കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ നടപടി

ശ്രീ. പി. എസ്. സുപാൽ: സർ, പുനലൂർ മണ്ഡലത്തിൽ പുനലൂർ നഗരസഭയുടെ പരിധിയിലുള്ള നിരവധി ബങ്കുകളാണ് ജില്ലാഭരണകൂടം തകർത്തത്. 20-30 വർഷങ്ങളായി അവിടെ കച്ചവടം നടത്തി ഉപജീവനം കഴിച്ചുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുടെ ബങ്കുകളാണ് തകർത്തത്. ജീവിക്കാൻ വേറെ മാർഗ്ഗമില്ലാത്ത വികലാംഗരും അതുപോലെതന്നെ രോഗികളും മറ്റു ജോലിയെടുത്ത് ജീവിക്കാൻ കഴിയാത്ത ആളുകളുമാണ് ഇത്തരത്തിൽ ബങ്ക് കച്ചവടം നടത്തി ഉപജീവനം കഴിച്ചുകൊണ്ടിരിക്കുന്നത്. മുനിസിപ്പാലിറ്റിയുടെ അംഗീകാരത്തോടുകൂടിയുള്ള ബങ്കുകളാണ് ജില്ലാ ഭരണകൂടം തകർത്തത്. അതിന്റെ കൂട്ടത്തിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ കട്ടൗട്ടും തകർക്കുകയുണ്ടായി. അദ്ദേഹത്തെ എന്തിനാണ് ഇങ്ങനെ കുത്തിനോവിക്കുന്നതെന്ന് അറിയില്ല. അതുകൂടാതെ റെയിൽവേ പുറംപോക്കിൽ താമസിക്കുന്ന വളരെയധികം ആളുകളെയും ഒഴിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ നൂറുകണക്കിന് കുടുംബങ്ങളാണുള്ളത്. അതുപോലെ റെയിൽവേ പുറംപോക്കിന്റെ അപ്പുറത്തുള്ള ആളുകളേയും ഒഴിപ്പിച്ചുകൊണ്ടിരിക്കുന്നു. അത് കൊല്ലം ജില്ലയിൽ പുതുതായിട്ടുള്ള ഒരു പ്രശ്നമാണ്. അതുപോലെ തന്നെ കൊല്ലത്തും വ്യാപകമായി ഒഴിപ്പിക്കൽ നടന്നുകൊണ്ടിരിക്കുന്നു. കൊല്ലം ജില്ലാകളക്ടറും അവിടെയുള്ള എസ്.പി.യും തീരെ മനുഷ്യത്വം തീണ്ടിയിട്ടില്ലാത്ത ഉദ്യോഗസ്ഥരാണ്. ആ ജില്ലയിലെ പ്രവർത്തനങ്ങളാകെ താറുമാറായിരിക്കുകയാണ്. ജില്ലാകളക്ടറാണെങ്കിൽ രാവിലെ ഒരു ജെ.സി.ബി.യും ഒരു ടിപ്പർ ലോറിയുമായി ഇറങ്ങും. എല്ലാ പാവപ്പെട്ട ആളുകളെയും ഉപദ്രവിക്കാനുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസം ഉറപ്പാക്കണം. ഒഴിപ്പിക്കപ്പെടുന്ന ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കണം. അവരെ പുനരധിവസിപ്പിക്കാനുള്ള സംവിധാനമുണ്ടാകണം. പാവപ്പെട്ട രോഗികളേയും വികലാംഗരായ ആളുകളേയും പുനരധിവസിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതുമായി ബന്ധപ്പെട്ട് അടിയന്തിരമായി ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി നടപടി സ്വീകരിക്കണം.

റവന്യൂവും നിയമവവും വകുപ്പുമന്ത്രിക്കുവേണ്ടി പരിസ്ഥിതി വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ): സർ, റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് പുനലൂർ റെയിൽവേ സ്റ്റേഷന്റെ പടിഞ്ഞാറുഭാഗത്തുനിന്നും 30 അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. കൂടാതെ പുനലൂർ മുനിസിപ്പാലിറ്റി ഉൾപ്പെടെ ആര്യങ്ങാട് വരെയുള്ള പ്രദേശത്തെ 78 അനധികൃത കയ്യേറ്റങ്ങളും ഒഴിപ്പിക്കാൻ ബന്ധപ്പെട്ട കക്ഷികൾക്ക് റെയിൽവേ നോട്ടീസ് നൽകിയിട്ടുണ്ട്. ഇവരെ പുനരധിവസിപ്പിക്കുന്നതിന് റെയിൽവേയ്ക്ക് പദ്ധതികളൊന്നുമില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം പുനലൂർ മുനിസിപ്പാലിറ്റി അതിർത്തിയിൽ നാഷണൽ ഹൈവേ, പി.ഡബ്ലിയു.ഡി. റോഡ്, മുനിസിപ്പൽ റോഡ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പെട്ടി പീടികകൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിന് ഇപ്പോൾ പദ്ധതികളൊന്നും തന്നെയില്ല. പുനരധിവസിപ്പിക്കുന്നതിന് മുനിസിപ്പാലിറ്റി എന്തെങ്കിലും സ്കീം തയ്യാറാക്കുകയാണെങ്കിൽ അതുമായി സഹകരിക്കാൻ സർക്കാർ തയ്യാറാണെന്നു കൂടി അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

# IX ക്രമപ്രശ്നം

## ഭൂജല ചൂഷണത്തെക്കുറിച്ച് സബ്ജക്ട് കമ്മിറ്റി നടത്തിയ തെളിവെടുപ്പ് സംബന്ധിച്ച റിപ്പോർട്ട് സഭയിൽ കൊണ്ടുവരുന്നതുസംബന്ധിച്ച്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഈ സഭയിൽ പലതവണ ഉന്നയിക്കപ്പെട്ട ഒരു വിഷയം തന്നെയാണ് ഇത്. കൊക്കക്കോള, പെപ്സി കമ്പനികൾ നടത്തുന്ന ഭൂജലചൂഷണത്തെക്കുറിച്ച് സബ്മിഷനായിട്ടും ശ്രദ്ധക്ഷണിക്കൽ പ്രമേയമായിട്ടുമൊക്കെ ഉന്നയിച്ചിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് നിയമസഭയിൽ ഞാനിപ്പോൾ ഉന്നയിക്കുന്നത്, നിയമസഭയുടെ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റി ഈ കമ്പനികൾ നടത്തുന്ന ഭൂജല ചൂഷണത്തെ സംബന്ധിച്ച് വിശദമായി പഠിക്കാനും തെളിവെടുപ്പ് നടത്താനും ഒരു റിപ്പോർട്ട് സഭയിൽ വയ്ക്കാനും തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ സിറ്റിംഗ് വളരെയധികം നടന്നു. പൊല്യൂഷൻ കൺട്രോൾ ബോർഡുമായും ഗ്രൗണ്ട് വാട്ടർ വകുപ്പിലെ ഉദ്യോഗസ്ഥരുമായും, ജില്ലാ വിദഗ്ദ്ധരുമായും, ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്തു. തിരുവനന്തപുരത്തു വച്ചു നടത്തിയ തെളിവെടുപ്പു വേളയിൽ മൂവായിരത്തോളം പേരെയാണ് കൊക്കകോള കമ്പനി ടൂറിസ്റ്റു ബസ്സുകളിൽ ഇവിടെ കൊണ്ടുവന്നിറക്കിയത്. നിയമസഭയെപ്പോലും അവഹേളിക്കുന്ന വിധത്തിൽ, കമ്മിറ്റിയിൽ സമ്മർദ്ദം നടത്താനുള്ള ഒരു ശ്രമം കൂടി ഇവിടെ നടത്തിയതാണ്. പക്ഷേ കമ്മിറ്റി അത് അംഗീകരിച്ചില്ല. അവരുടെ ഒന്നോ രണ്ടോ പ്രതിനിധികളെ മാത്രം കാണാനേ കമ്മിറ്റി കൂട്ടാക്കിയുള്ളൂ. അതിനെത്തുടർന്ന് പാലക്കാട് ജില്ലയിൽ വച്ച് പൊതുജനങ്ങളിൽ നിന്ന് ഒരു തെളിവെടുപ്പു നടത്താൻ തീരുമാനിച്ചു. അതാണ് ക്രമപ്രശ്നത്തിൽ ഞാൻ ഉന്നയിക്കുന്നത്. പാലക്കാട് ജില്ലയിൽ വച്ച് നിരവധി സംഘടനകൾ, വ്യക്തികൾ, പ്ലാച്ചിമടയിലെ സമരസമിതി പ്രവർത്തകർ, അവിടത്തെ ആദിവാസികൾ, പഞ്ചായത്ത് ഭരണസമിതി തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒരു തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു. നിർഭാഗ്യവശാൽ തെളിവെടുപ്പ് നടത്താൻ തീരുമാനിച്ച കമ്മിറ്റിയുടെ സിറ്റിംഗ് ഓരോ കാരണങ്ങൾകൊണ്ട് നീണ്ടുപോയി. കമ്മിറ്റിയുടെ പ്രവർത്തനം മുക്കാൽ ഭാഗം നടന്നുകഴിഞ്ഞു. ഏറ്റവും പ്രധാനപ്പെട്ടതും പാലക്കാട്ട് വച്ച് തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചതുമായ സിറ്റിംഗിന്റെ വിവരങ്ങൾ കൂടി ശേഖരിച്ച്, തയ്യാറാക്കപ്പെടുന്ന ഒരു നല്ല റിപ്പോർട്ട് ഈ സഭയിൽ വയ്ക്കാനുള്ള അവസരം നഷ്ടപ്പെട്ടുകൂടാ എന്നുള്ളതുകൊണ്ടും നാളെ സഭ പിരിയുന്നതുകൊണ്ടും ഇതിന്റെ പ്രവർത്തനം എങ്ങനെ മുന്നോട്ടു കൊണ്ടുപോകണമെന്നുള്ളതിനെ സംബന്ധിച്ച് അങ്ങയുടെ റൂളിംഗ് ഇവിടെ ഉണ്ടാകണം. ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് നിയമസഭയിൽ വരണം. പൊതുജനങ്ങളുടെ മുമ്പിൽ ഇതേക്കുറിച്ച് പറയാൻ കഴിയണം. ശ്രീ. ശരത്പവാർ ചെയർമാനായിട്ടുള്ള ഒരു ജോയിന്റ് പാർലമെന്ററി കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിൽ തെളിവെടുപ്പുകൾ നടത്തിയിരുന്നു. അവസാനം പ്ലാച്ചിമടയിൽ കമ്മിറ്റി വരാൻ തീരുമാനിച്ചു. എന്നാൽ, അതിനിടയ്ക്ക് പാർലന്റ് പിരിച്ചുവിട്ടു. ആ രീതിയിൽ നിയമസഭാ കമ്മിറ്റിയുടെ പ്രവർത്തനം ഒരു റിപ്പോർട്ടുപോലും തയ്യാറാക്കാൻ കഴിയാതെ അപൂർണ്ണമായി നിന്നുപോകുന്നത് ഒരു തെറ്റായ കീഴ്വഴക്കവും നടപടിയുമായിരിക്കും. ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും പിടിച്ചുപറ്റിയ, 1500-ഓളം ദിവസം നീണ്ടുനിന്ന ഒരു സമരമാണ് പ്ലാച്ചിമടയിൽ നടന്നത്. അങ്ങയുടെ ശ്രദ്ധയിൽ ഒരു കാര്യംകൂടി കൊണ്ടുവരട്ടെ, അമേരിക്കയിലെ പത്ത് യൂണിവേഴ്സിറ്റികളിൽ കൊക്കകോള നിരോധിക്കാൻ തീരുമാനിച്ചത് പ്ലാച്ചിമടയിലെ ഉജ്ജ്വലമായ സമരാവേശം ഉൾക്കൊണ്ടുകൊണ്ടാണ്. അതുകൊണ്ട് അതിന് സഹായകരമായ നിലയിൽ ഒരു റിപ്പോർട്ട് ഈ സഭയിൽ വയ്ക്കണം. അതിനുള്ള നടപടിക്രമം, നമ്മുടെ നിയമസഭാ ചട്ടമനുസരിച്ച് ഏത് വിധത്തിൽ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് അങ്ങ് റൂളിംഗ് നൽകണം. ഗവൺമെന്റ് ഭാഗത്തുനിന്നും ഒരു വിശദീകരണം കൂടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഇതു സംബന്ധിച്ച് മന്ത്രിക്ക് നോട്ടീസ് കൊടുത്തു. മറുപടി പറയാനുള്ള സമയം കിട്ടിയില്ല.പെട്ടെന്ന് കൊണ്ടുവരുമ്പോൾ, മന്ത്രിക്ക് കടലാസ്സു കിട്ടാതെ, മറുപടി പറയാൻ പോലും സമയം കിട്ടാത്ത സാഹചര്യമുണ്ട്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഇന്ന് ഒരു എം.എൽ.എ.യുടെ മകളുടെ വിവാഹമാണ്. മണി 12 ആയി. കഴിഞ്ഞ വെള്ളിയാഴ്ചയും 12.30-ന് ബിസിനസ്സിലേയ്ക്ക് കടക്കാതെ സീറോ അവറിൽ സഭ പിരിഞ്ഞു.

മി. സ്പീക്കർ: ഒരു കാര്യമുള്ളത്, നാളെ നിയമസഭ പിരിയുന്നതുമുതൽ ഇലക്ഷൻ ഡിക്ളയർ ചെയ്യുന്നതുവരെ സബ്ജക്ട് കമ്മിറ്റിക്ക് വേണമെങ്കിൽ പ്രവർത്തനം നടത്താവുന്നതാണ്. അസംബ്ളി ഇല്ലെന്നുള്ളത് ഒരു തടസ്സമല്ല. അസംബ്ളിയിൽ സമർപ്പിക്കേണ്ടത്, നമ്മുടെ റൂളുകളിൽ ഇല്ലെങ്കിലും ലോക്സഭയിലെ നിർദ്ദേശ പ്രകാരം സ്പീക്കർക്ക് സമർപ്പിക്കാവുന്നതാണ്. അത് അടുത്ത അസംബ്ളിയിൽ കൊണ്ടുവരാവുന്നതാണ്. നിയമപരമായി കമ്മിറ്റിയുടെ പ്രവർത്തനത്തിന് പ്രത്യേകം തടസ്സമൊന്നുമില്ല. അത് ബന്ധപ്പെട്ട കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനിക്കട്ടെ.

ഡോ. തോമസ് ഐസക്കും ശ്രീ. എം. വി. ജയരാജനും രണ്ടു കാര്യങ്ങൾ സംബന്ധിച്ച് എഴുതിത്തന്നിരുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് നോട്ടീസ് കൊടുത്തിട്ടുണ്ട്. അതു നാളെ പരിഗണിക്കാം.

LIBRARY•ARCHIVES Kerala Legislative Assembly

# X മേശപ്പുറത്തു വച്ച കടലാസ്സ്

## 3-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ട്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടും അതിന്മേലുള്ള നടപടി റിപ്പോർട്ടും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

# XI റിപ്പോർട്ട് സമർപ്പണം

1. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനെട്ടും പത്തൊമ്പതും റിപ്പോർട്ടുകൾ

ശ്രീ. നാലകത്തു സൂപ്പി: എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ പതിനെട്ടും പത്തൊൻപതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

2. പ്രിവേലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ നാല് മുതൽ ഒമ്പത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. പി.ജെ. ജോയി: പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമതിയുടെ നാലു മുതൽ ഒൻപതു വരെയുള്ള റിപ്പോർട്ടുകൾ സമിതിയുടെ ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

3. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ

ശ്രീ. ബിനോയ് വിശ്വം: ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

4. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ

ശ്രീ. എം. മുരളി: ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ; റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# XII ധനകാര്യം

## വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ 3-ാം കോളത്തിൽ കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ, യഥാക്രമം പ്രസ്തുത പട്ടികയിലെ 2-ാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റുകളെ സംബന്ധിച്ച 2006-07 സാമ്പത്തിക വർഷത്തെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവു ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

### ധനാഭ്യർത്ഥന നമ്പർ II

ശ്രീ. പി. ജയരാജൻ: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 76,32,64,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ട താണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

### ധനാഭ്യർത്ഥന നമ്പർ III

ശ്രീ. കെ. പി. മോഹനൻ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 42,42,75,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ V

ശ്രീ. കെ. പി. മോഹനൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 24,49,93,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ VI

ശ്രീ. കെ. പി. മോഹനൻ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,71,51,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ VII

ശ്രീ. കെ. പി. മോഹനൻ: സർ, മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 17,98,88,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ VIII

ശ്രീ. കെ. പി. മോഹനൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,34,14,000 ക.- യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ IX

ശ്രീ. കെ. പി. മോഹനൻ: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,62,87,000 ക.- യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XI

ശ്രീ. കെ. പി. മോഹനൻ: സർ, ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 54,42,42,000 ക.- യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XII

ശ്രീ. കെ. പി. മോഹനൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 265,54,72,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XIII

ശ്രീ. കെ. പി. മോഹനൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,35,72,000 ക.- യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XV

ശ്രീ. കെ. പി. മോഹനൻ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 529,65,61,000 ക.- യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XVII

ശ്രീ. കെ. പി. മോഹനൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1518,65,01,000 ക.- യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XVIII

ശ്രീ. കെ. പി. മോഹനൻ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള



LIBRARY ARCHIVES Kerala Legislative Assembly

393,83,46,000 ക.- യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XIX

ശ്രീ. കെ. പി. മോഹനൻ: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,00,00,000 ക.- യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XX

ശ്രീ. കെ. പി. മോഹനൻ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 368,54,14,000 ക.- യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXI

ശ്രീ. കെ. പി. മോഹനൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,90,57,000 ക.- യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXII

ശ്രീ. കെ. പി. മോഹനൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,61,76,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXIV

ശ്രീ. കെ. പി. മോഹനൻ: സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 48,22,39,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXV

ശ്രീ. കെ. പി. മോഹനൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 313,29,61,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXVI

ശ്രീ. കെ. പി. മോഹനൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 68,18,00,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXVII

ശ്രീ. കെ. പി. മോഹനൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 37,27,98,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXIX

ശ്രീ. കെ. പി. മോഹനൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 216,50,15,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXX

ശ്രീ. കെ. പി. മോഹനൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 29,92,91,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXXI

ശ്രീ. കെ. പി. മോഹനൻ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 54,52,24,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXII

ശ്രീ. കെ. പി. മോഹനൻ: സർ, ക്ഷീരവ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,97,84,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXIII

ശ്രീ. കെ. പി. മോഹനൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 39,98,53,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXIV

ശ്രീ. കെ. പി. മോഹനൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 69,84,92,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXV

ശ്രീ. കെ. പി. മോഹനൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 16,21,45,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXVI

ശ്രീ. കെ. പി. മോഹനൻ: സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 84,46,79,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXXVII

ശ്രീ. കെ. പി. മോഹനൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 62,29,13,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXVIII

ശ്രീ. കെ. പി. മോഹനൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 125,30,84,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXIX

ശ്രീ. കെ. പി. മോഹനൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,48,32,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XL

ശ്രീ. കെ. പി. മോഹനൻ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,84,04,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XLI

ശ്രീ. കെ. പി. മോഹനൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 45,25,10,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XLII

ശ്രീ. കെ. പി. മോഹനൻ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 32,41,24,000 ക.-യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് വെന്റിലേറ്ററിൽ വച്ചിട്ടുള്ള ഒരു രോഗിയെപ്പോലെയാണ്. ഇലക്ഷൻ കമ്മിഷൻ ഇലക്ഷൻ തീരുമാനിച്ച് വോട്ടെണ്ണുന്ന ദിവസം ആ വെന്റിലേറ്റർ നീക്കിയാൽ പരിപൂർണ്ണമായിട്ടും നിശ്ചലമാകുന്ന, മരണം വരിക്കുന്ന ഒരു ഗവൺമെൻറാണ് യു.ഡി.എഫ്.ന്റെ നേതൃത്വത്തിൽ കേരളത്തിൽ ഇപ്പോൾ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന ഗവൺമെന്റ്. ആ ഗവൺമെന്റിന്റെ അടുത്ത നാലു മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടിന്റെ പ്രത്യേക ആവശ്യമൊന്നുമില്ല. അതുകൊണ്ടുതന്നെ ഞാൻ ഇതിനെ ശക്തിയായി എതിർക്കുകയാണ്. കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ ഓരോന്നോരോന്നായി വിശകലനം ചെയ്താൽ ഈ ഗവൺമെന്റ് കേരളത്തെ വർഷങ്ങളോളം പിന്നോട്ടുവലിച്ചുകൊണ്ടുപോയ ഒരു ഗവൺമെന്റാണെന്ന് കൃത്യമായും മനസ്സിലാക്കാൻ സാധിക്കും. വികസനത്തെ സംബന്ധിച്ചിടത്തോളം ലോകത്തിനു മാതൃകയാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ട കേരളം, ജനാധിപത്യ മൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങളെ ഓരോന്നോരോന്നായി ഇല്ലായ്മ ചെയ്ത് അറുപിന്തിരിപ്പൻ നിലപാടുകളെ അടിസ്ഥാനപ്പെടുത്തി, കേരളത്തെ മുച്ചൂടും മുടിച്ച ഒരു ഗവൺമെന്റാണ് എന്ന് മനസ്സിലാക്കാൻ കഴിയും. എന്തെങ്കിലും ഇവിടെ അവശേഷിക്കുന്നുണ്ടെങ്കിൽ അത് എൽ.ഡി.എഫ്. ഉൾപ്പെടെയുള്ള, ജനങ്ങൾ നടത്തിയ ഐതിഹാസികമായ പോരാട്ടത്തിന്റെ ഭാഗമായി നിലനിർത്തപ്പെട്ട കാര്യങ്ങൾ മാത്രമാണ്. കേരളത്തെ പരിപൂർണ്ണമായ നാശത്തിലേയ്ക്ക് തള്ളിനീക്കുന്നതിനുവേണ്ടി, എത്രയോ പതിറ്റാണ്ടുകൾ പുറകിലേയ്ക്കു വലിക്കപ്പെടുന്ന തരത്തിലുള്ള തീരുമാനങ്ങളും നിലപാടുകളും നയങ്ങളുമാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ളത്.

കാർഷിക മേഖലയിലെ കാര്യങ്ങളെടുക്കാം. അവിടെ ഒരുപാടു പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. കോൺഗ്രസ്സുകാരും യു.ഡി.എഫ്. വക്താക്കളും കേരളം മഹത്തായ ഏതോ ഒരു തലത്തിലേയ്ക്ക് എത്തപ്പെട്ടിരിക്കുന്നു എന്ന രീതിയിലുള്ള പ്രസംഗങ്ങളാണ് നടത്തുന്നത്. പണ്ട് ബി.ജെ.പി.ക്കാർ കേന്ദ്രത്തിൽ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കാൻ പോകുന്ന സന്ദർഭത്തിൽ കോടിക്കണക്കിനു രൂപ പ്രചരണത്തിനുവേണ്ടി ചെലവാക്കി വമ്പിച്ച തിരിച്ചു വരവ് നടത്താൻ പോകുന്നു എന്ന ധാരണയോടുകൂടി 'ഇന്ത്യ മിന്നുന്നു,' 'തിളങ്ങുന്നു', 'കർഷകർ സുഖാനുഭൂതിയിലാണ്' ഇങ്ങനെയുള്ള പ്രചരണവേലകളാണ് നടത്തിയിട്ടുള്ളത്. ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് അകത്തും പുറത്തും കോൺഗ്രസ്സുകാർ നടത്തിക്കൊണ്ടിരിക്കുന്നതും ഇതേ രീതിയിലുള്ള പ്രചരണവേലകളാണ്. 'കേരളത്തിലെ ജനങ്ങളുടെ സുഖാനുഭൂതി', 'മിന്നുന്ന കേരളത്തിന്റെ ചിത്രം' ഇതൊക്കെയാണ് അവതരിപ്പിക്കാൻ നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പക്ഷേ ഇതെല്ലാം നിങ്ങളുടെ മനസ്സിലല്ലാതെ, കേരളത്തിലെ ജനങ്ങളുടെ മനസ്സിലോ, അവരുടെ ജീവിതാനുഭവത്തിലൊ ഈ രീതിയിലുള്ള ഒരു കാര്യവും അനുഭവപ്പെടുന്നില്ല എന്നുള്ളതാണ് സത്യം. കാർഷിക മേഖല, പരമ്പരാഗത വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

മേഖല, വിദ്യാഭ്യാസ മേഖല, ആരോഗ്യമേഖല തുടങ്ങിയ എല്ലാ തലത്തിലും യു.ഡി.എഫ്. ഗവൺമെന്റ് നാലേമുക്കാൽ വർഷക്കാലം ജനങ്ങൾ ക്കെതിരായി യുദ്ധം പ്രഖ്യാപിച്ചുകൊണ്ടുള്ള നടപടിയും നിലപാടുമായിട്ടാണ് മുമ്പോട്ടു പോയിട്ടുള്ളതെന്നും, അതിനെയാണ് ശക്തമായി ജനങ്ങൾ എതിർക്കുന്ന തെന്നും നിങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കും. ആത്മ വഞ്ചനാപരമായ നിലപാടാണ് നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നമുക്കറിയാം, 1500-ഓളം കൃഷിക്കാർ ആത്മഹത്യ ചെയ്തു, ആത്മഹത്യാ മുനമ്പായി കേരളത്തിലെ കാർഷിക മേഖല മാറി. കേരളത്തിൽ നിന്നും ആത്മഹത്യയെ സംബന്ധിച്ചുള്ള കൃത്യമായ കണക്കുകൾപോലും കേന്ദ്രത്തിന് കൊടുക്കാനായിട്ടില്ല എന്ന് കേന്ദ്ര ഗവൺമെന്റ് തന്നെ പാർലമെന്റിൽ പറയുന്ന ഒരു അവസ്ഥയ ഉണ്ടായിരിക്കുകയാണ്. ഇപ്പോഴും വ്യക്തമായ കണക്കുകൾ കൊടുത്തിട്ടില്ല. വയനാട്ടിലെ കൃഷിക്കാർ ഉൾപ്പെടെ പതിമൂന്നോളം സംഘടനകൾ ചേർന്നുകൊണ്ട് ഗവൺമെന്റിന് ഒരു മെമ്മോറാണ്ടം കൊടുത്തു. അവർ സമര രംഗത്തേയ്ക്ക് വന്നിരിക്കുകയാണ്. അവിടെ 90 കോടി രൂപയുടെ ഒരു പാക്കേജ് നടപ്പിലാക്കുമെന്ന് പറഞ്ഞു. ഒരു പാക്കേജും കാര്യമായി നടപ്പിലാക്കിയിട്ടില്ല. 492 പേർ അവിടെ മരിച്ചു. മരണമടഞ്ഞവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതം കൊടുക്കുമെന്ന് പറഞ്ഞിട്ട് അത് കൊടുക്കാനുള്ള ഒരു നടപടിയും സ്വീകരിച്ചില്ല. കൊട്ടിയൂർ പാക്കേജിനെപ്പറ്റി പറഞ്ഞു. അതും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഒരു പരിപാടിയും നടപ്പിലാക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണ് യു.ഡി.എഫ് ഗവൺമെന്റ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

അതുപോലെ കാർഷിക മേഖലയിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് കർഷകത്തൊഴിലാളികൾ. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് ഞാൻ ഒന്നാം തീയതി ശമ്പളം വാങ്ങുന്നുണ്ടെങ്കിൽ ആ ഒന്നാം തീയതിക്ക് മുൻപുതന്നെ പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് കൊടുക്കാനുള്ള എല്ലാ കുടിശ്ശികകളും കൊടുത്തുതീർക്കുമെന്നാണ്. ഇപ്പോൾ 200 കോടിയിലധികം രൂപ കുടിശ്ശികയിനത്തിൽ കൊടുക്കാനുണ്ട്. പാവപ്പെട്ട കർഷകത്തൊഴിലാളികളുടെ 27 മാസത്തെ പെൻഷൻ കുടിശ്ശിക കൊടുക്കാൻ ബാക്കിയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറയുന്നത് കുടിശ്ശിക കൊടുത്തുതീർക്കുമെന്നാണ്. പാവപ്പെട്ട കർഷകത്തൊഴിലാളികൾ അവരുടെ ജീവിതത്തിന്റെ അത്താണിയായി കാണുന്ന കർഷകത്തൊഴിലാളി പെൻഷൻ, 120 രൂപ പ്രകാരം കൊടുക്കേണ്ടത്. 27 മാസത്തെ കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ ആദിവാസികൾ പട്ടിണി കിടന്ന് മരിക്കുകയാണ്. കണ്ണൂർ ജില്ലയിലെ പൂങ്കുണ്ടം കോളനിയിലും നരിക്കടവ് കോളനിയിലുമായി മൂന്ന് ചെറിയ കുഞ്ഞുങ്ങൾ ഇതിനകം മരിക്കുകയുണ്ടായി. ആ കോളനിയിൽ ഞങ്ങൾ സന്ദർശനത്തിനായി പോയപ്പോൾ ആഫ്രിക്കൻ രാജ്യങ്ങളിലെ സോമാലിയ പോലുള്ള രാജ്യങ്ങളിലെ വസ്ത്രങ്ങൾ പോലുമുടുക്കാത്ത പട്ടിണിക്കോലങ്ങളെ ചിത്രങ്ങളിൾ നമ്മൾ കണ്ടിട്ടുള്ളതുപോലെയുള്ള പട്ടിണിക്കോലങ്ങളെയാണ് നേരിട്ട്

LIBRARY ARCHIVES Kerala Legislative Assembly

കാണാൻ സാധിച്ചത്. അവർ സ്കൂളിൽ പോകാറില്ല. അവർക്ക് വസ്ത്രവും ആഹാരവും ചികിൽസയും ഇല്ല. ഒരു സൗകര്യവും കിട്ടാതെ നിങ്ങൾ പറയുന്ന ഈ മിന്നുന്ന കേരളത്തിൽ പാവപ്പെട്ട കുട്ടികൾ മരിച്ചുവീഴുകയാണ്. മൂന്ന് കുട്ടികൾ അവിടെ മരിച്ചു. ഒരു നടപടിയും സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അവിടെ 500 രൂപ കൊടുക്കാൻ തീരുമാനിച്ചിട്ട് ജില്ലാ കളക്ടർ 5000 രൂപ കൊടുത്തു പോയിട്ട് പിറ്റേന്ന് പിശക് പറ്റിയതാണെന്നും പറഞ്ഞ് 4,500 രൂപ തിരിച്ചുവാങ്ങിയ ഒരവസ്ഥയുണ്ടായി. ആദിവാസികൾ മുഴുവൻ കണ്ണൂർ കളക്ടറേറ്റിനു മുന്നിൽ സമരം നടത്തിയപ്പോൾ ജനപ്രതിനിധികളുമായി ചർച്ച നടത്തിയിട്ട് അവസാനം 4500 രൂപയുംകൂടി അവർക്കുതന്നെ കൊടുക്കാമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. അങ്ങനെ 4500 രൂപ കൊടുക്കുന്ന ഒരു സ്ഥിതിയുണ്ടായി. ഇത് അപമാനകരമല്ലേ? പട്ടിണി കിടക്കുന്ന പാവപ്പെട്ട ആദിവാസികളോട് നിങ്ങളെടുക്കുന്ന നിലപാടിന്റെ ഒരു രീതിയാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇപ്പോൾ ആദിവാസികൾ പട്ടിണി കിടന്ന് മരിക്കുകയാണ്. അതുപോലെ കേരളത്തിലെ വിദ്യാഭ്യാസ മേഖലയും ഇപ്പോൾ ആത്മഹത്യയുടെ മുനമ്പിലേയ്ക്ക് എത്തിനിൽക്കുകയാണ്. ആരോഗ്യ മേഖലയിൽ പാവപ്പെട്ട ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായിട്ടുള്ള ധർമ്മാശുപത്രികളെ വരെ ഇല്ലാതാക്കുന്ന ഒരു രീതിയാണ് ഇന്നുള്ളത്. അങ്ങനെ സമസ്ത മേഖലകളിലും പാവപ്പെട്ട ജനങ്ങൾക്ക് കിട്ടിക്കൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും ഇല്ലായ്മചെയ്തിട്ടുള്ള ഒരു ഗവൺമെന്റാണ് ഇത്. പരമ്പരാഗത വ്യവസായ മേഖലകളിൽ പണിയെടുത്തു കൊണ്ടിരുന്ന 40 ലക്ഷത്തിലധികം കുടുംബങ്ങളുണ്ട്. കണ്ണൂർ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായമാണ് കൈത്തറി. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളാണ് കൈത്തറി, കശുവണ്ടി, ബീഡി. ഈ മേഖലകൾ മുഴുവൻ തകർന്നിരിക്കുകയാണ്. ആ മേഖലകളിലെ തൊഴിലാളികൾക്കൊന്നും ഇപ്പോൾ പണിയില്ല. പണിയില്ലാതായ തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള യാതൊരു പദ്ധതിയും ഈ ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടില്ല. ഇതിനെല്ലാം പുറമെയാണ് പോലീസ് ഭീകരത - അടിയന്തിരാവസ്ഥയെ പ്പോലും നാണിപ്പിക്കുന്ന വിധത്തിൽ മനുഷ്യനെ പിടിച്ചുകൊണ്ടുപോയി ഉരുട്ടൽ, പമ്പാവാസൻ, കാവടിയാട്ടം, ഗരുഡൻ തൂക്കം, സ്വർഗ്ഗാരോഹണം തുടങ്ങിയ മർദ്ദന മുറകൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരവസ്ഥയാണ് കേരളത്തിൽ കണ്ടുകൊണ്ടിരി ക്കുന്നത്. മനുഷ്യരെ ഉരുട്ടിക്കൊല്ലുകയാണ്. ലോക്കപ്പിനകത്ത് പിടിച്ചിട്ട് തല്ലിക്കൊ ല്ലുകയാണ്. ഇതാണ് ശ്രീ. എ. കെ. ആന്റണിയുടെ കാലത്തും ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്തും നടന്നുകൊണ്ടിരിക്കുന്നത്. അവർ ഗുണ്ടാരാജ് കേരളം മുഴുവൻ നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഇപ്പോൾ പുതിയ രാഷ്ട്രീയ ചിത്രമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷ പ്രസ്ഥാനങ്ങളുമെല്ലാം ചേർന്ന് ഒരു ഭാഗത്തും അതിനെ എതിർക്കുന്ന വരെല്ലാം ചേർന്ന് മറുഭാഗത്തും നിൽക്കുന്നു. ഈ രണ്ട് വിഭാഗങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലിനിടയിൽ നിൽക്കാൻ ആർക്കും സാധിക്കുന്നതല്ലെന്ന് എല്ലാപേർക്കും അറിയാം. ഇടതുപക്ഷ ശക്തികൾക്കെതിരായി കോൺഗ്രസ്സും ബി.ജെ.പി-യും ലീഗും ചേർന്ന് 'കോലീബി' സഖ്യമുണ്ടാക്കാനാണ് ശ്രമിക്കുന്നതെന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകിച്ച് പറയേണ്ടതില്ല. അതാണ് കേരളത്തിൽ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിൽ അവസാനമായി നടന്ന പാർലമെന്റ് ഉപതെരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് ആക്രമണത്തിന്റെ കഥകളും അതുപോലെ തിരുവനന്തപുരത്ത് മൽസരിക്കുന്നയാൾ കണ്ണൂർക്കാരനാണെന്നു പറഞ്ഞ് കണ്ണൂരിലെ ആക്രമണത്തിന്റെ ഭീകരതയെക്കുറിച്ചുമാണ് മുഖ്യമന്ത്രി ഉൾപ്പെടെ, ശ്രീ. എ. കെ. ആന്റണി ഉൾപ്പെടെ എല്ലാപേരും തിരുവനന്തപുരത്ത് പ്രസംഗിച്ചത്. കള്ള പ്രചരണവും അതിന്റെയൊക്കെ ഭാഗമായി ഒരുപാട് പ്രസിദ്ധീകരണങ്ങളും പൗരാവകാശ സംഗമങ്ങളും നടത്തി. രണ്ട് സ്ഥലത്താണ് പൗരാവകാശ സംഗമം നടത്തിയത്. ഒന്ന് കണ്ണൂരും മറ്റൊന്ന് തിരുവനന്തപുരത്തും. കണ്ണൂരും തിരുവനന്തപുരത്തും സംഗമം നടത്തിയപ്പോൾ നിങ്ങൾക്ക് മതിയായി. ഞങ്ങൾ ഡൽഹിയിൽ നടത്തും, കൊച്ചിയിൽ നടത്തുമെന്നൊക്കെ പറഞ്ഞു. എന്നിട്ട് രണ്ടും നടത്തിയിട്ടില്ല. നിങ്ങളുടെ ആവശ്യം കോൺഗ്രസ്സിനേയും ബി.ജെ.പി-യേയും ലീഗിനേയും അടിസ്ഥാനപ്പെടുത്തി വോട്ട് വാങ്ങിക്കുക എന്നുള്ളതായിരുന്നു. മാത്രവുമല്ല ജാതീയമായ നിലപാട് സ്വീകരിച്ചാണ് നിങ്ങളുടെ പ്രമുഖ നേതാക്കൻമാരടക്കം പ്രസംഗിച്ചത്. നിങ്ങൾ പ്രസംഗിച്ചത് പന്ന്യൻ അന്യനാണ് എന്നാണ്. നായരുമല്ല നാടാരുമല്ലെന്ന് നിങ്ങളുടെ ദേശീയ നേതൃത്വത്തിന്റെ ഭാഗമായി അവസാനം മന്ത്രിയായി നിൽക്കുന്നവർവരെ പരസ്യമായി പ്രസംഗിച്ചില്ലേ. പന്ന്യൻ അന്യനാണ് നായരുമല്ല നാടാരുമല്ല, ചോവനുമല്ല ചാരനാണെന്ന്. അന്തസ്സുള്ള ആരെങ്കിലും ഇങ്ങനെയൊരു പ്രസംഗം നടത്തുമോ? ഗുരുതരമായ ഒരു പ്രശ്നം ഞാൻ ഇവിടെ ഉന്നയിക്കുകയാണ് - ജാതി പറഞ്ഞ് വോട്ട് പിടിക്കാൻ നിങ്ങൾ ശ്രമിച്ചു. ഹിന്ദു വർഗ്ഗീയവാദികളുടെ വോട്ട് നിങ്ങൾ വാങ്ങി. ഹിന്ദുക്കളുടെ വോട്ട് വാങ്ങാൻ വിൽപ്പനച്ചരക്കായി പ്രവർത്തിച്ചു കൊണ്ടിരുന്ന സെറ്റാണ് നിങ്ങൾ. ആർ.എസ്.എസും ബി.ജെ.പി.-യും കോൺഗ്രസ്സും ലീഗും എല്ലാംതന്നെ ആ നിലപാട് സ്വീകരിച്ചുകൊണ്ടിരുന്നവരാണ്. ആ നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായിട്ട് കുടുംബയോഗം ശ്രീ. ഉമ്മൻ ചാണ്ടി പങ്കെടുത്തുകൊണ്ട് കുടുംബയോഗം നടത്തി. അതുപോലെ മുസ്ലീം ലീഗിന്റെ നേതാക്കൻമാർ പങ്കെടുത്തുകൊണ്ട് മുസ്ലീം കുടുംബയോഗങ്ങൾ നടത്തി. അതിനുപുറമെ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പത്ത് വോട്ട് കിട്ടുമെങ്കിൽ നിങ്ങൾ ദേശീയ നയം ഉപേക്ഷിച്ച് വോട്ടിന്റെ പിന്നിൽ പോകുന്ന ഒരു രാഷ്ട്രീയ പാർട്ടിയായി അധ:പതിച്ചിരിക്കുകയാണെന്ന് ഞാൻ പറഞ്ഞാൽ എന്നെ കുറ്റപ്പെടുത്തേണ്ട കാര്യമില്ല. നിങ്ങളുടെ നേതാക്കൻമാരായ ശ്രീ. വയലാർ രവി ഉൾപ്പെടെയുള്ളവർ ജാതീയമായിട്ടാണ് പ്രസംഗിച്ചത് ഇവരെയൊന്നും മനുഷ്യ ഗണത്തിൽ ഉൾപ്പെടുത്താൻ പറ്റില്ല. ഏത് ഗണത്തിലാണ് ഉൾപ്പെടുത്തേണ്ടതെന്ന് നിങ്ങൾക്ക് തീരുമാനിക്കാം. ഞാൻ ഉൾപ്പെടുത്തിയെന്ന് പറയുമ്പോൾ പ്രശ്നമുണ്ടാകും. ഞങ്ങൾക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും അവിടെ ഒരു നായരും ജയിച്ചില്ല, അവിടെ ഒരു ഈഴവനും ജയിച്ചില്ല, അവിടെ ഒരു നാടാരും ജയിച്ചില്ല അവിടെ ഇടതുപക്ഷ സ്ഥാനാർത്ഥിയായ ശ്രീ. പന്ന്യൻ രവീന്ദ്രനെ വിജയിപ്പിക്കാൻ സാധിച്ചുവെന്ന് പറഞ്ഞാൽ ഒരു കമ്മ്യൂണിസ്റ്റുകാരൻ ജയിച്ചിരിക്കുന്നുവെന്ന് പറഞ്ഞാൽ ജാതി കാണിച്ച് മതം കാണിച്ച് ഉമ്മാക്കി കാണിച്ച് പേടിപ്പിക്കേണ്ട,



LIBRARY ARCHIVES Kerala Legislative Assembly

ഓലപ്പാമ്പ് കാണിച്ച് പേടിപ്പിക്കണ്ട എന്നുതന്നെയാണ് എനിക്ക് വിനീതമായി പറയാനുള്ളത്. കോൺഗ്രസ്സും ബി.ജെ.പി-യും ലീഗും ഇവമെയെല്ലാം യോജിപ്പിച്ച് കമ്മ്യൂണിസ്റ്റ് വിരുദ്ധ തരംഗമുണ്ടാക്കാമെന്ന് വിചാരിക്കുകയാണ്. അഖിലേന്ത്യാ അടിസ്ഥാനത്തിലും ഇതുതന്നെയാണ് സംഭവവിക്കുന്നത്. കേന്ദ്രത്തിൽ സി.പി.ഐ.(എം) പിൻതുണയോടുകൂടിയാണ് ഭരണം നടത്തുന്നതെന്ന് ഇവിടെ പറയുകയുണ്ടായി. ശ്രീ. മൻമോഹൻ സിംഗിന്റെ ഗവൺമെന്റ് നിലനിൽക്കുന്നത് രാഷ്ട്രീയമായ പ്രത്യേകതകൊണ്ടാണ്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് കോൺഗ്രസ്സിനോടുള്ള സ്നേഹംകൊണ്ടൊന്നുമല്ല. ഇവിടെ എ.ഐ.സി.സി പ്രഖ്യാപിച്ചത് സി.പി.ഐ.(എം)-ന് എതിരായിട്ടാണ് കേരളത്തിലും ബംഗാളിലും ത്രിപുരയിലും ഞങ്ങൾ നിലപാട് സ്വീകരിക്കുന്നത് എന്നാണ്. നിങ്ങളുടെ ഒത്താശകൊണ്ടല്ല ഞങ്ങൾ ജയിക്കുന്നത്. നിങ്ങളുടെ ഒത്താശകൊണ്ടാണോ ബംഗാളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ജയിക്കുന്നത്? ഞങ്ങളുടെ രാഷ്ട്രീയ നിലപാട് കൊണ്ടാണ് നിങ്ങൾ കേന്ദ്രത്തിൽ നിലനിൽക്കുന്നത്. അതാണ് സത്യം. നിങ്ങളുടെ ഒത്താശകൊണ്ടല്ല ഞങ്ങൾ കേരളത്തിൽ ജയിക്കുന്നത്. ശ്രീ. വയലാർ രവി കേന്ദ്ര മന്ത്രിയായത് ഞങ്ങളുടെ പിൻതുണയോടുകൂടിയാണ്. ഞങ്ങളുടെ പിൻതുണയില്ലെങ്കിൽ നിങ്ങൾക്ക് ഗവൺമെന്റ് രൂപീകരിച്ച് മുന്നോട്ടുപോകാൻ സാധിക്കുകയില്ല. ആ രാഷ്ട്രീയമാണ് ഞങ്ങൾ കൈകാര്യം ചെയ്തത്. ഞങ്ങൾ ദേശീയ രാഷ്ട്രീയം കൈകാര്യം ചെയ്യുമ്പോൾ നിങ്ങൾക്ക് പിടിക്കില്ല, വിഷമം തന്നെയാണ്. നിങ്ങൾ ഇവിടെ പ്രസംഗിച്ചത് 'നിങ്ങൾ ഇവിടെ ഞങ്ങളെ എതിർക്കുന്നു എന്നിട്ട് കേന്ദ്രത്തിൽ പിൻതുണയ്ക്കുകയാണ്' എന്നാണ്. നിങ്ങളുടെ സൗജന്യം പറ്റി കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്)-ഓ, സി.പി.ഐ-യോ മറ്റേതെങ്കിലും ഇടതുപക്ഷ പാർട്ടിയോ ഏതെങ്കിലും രീതിയിലുള്ള നിലപാട് സ്വീകരിക്കുകയാണെന്നുള്ള ഒരു തെറ്റിദ്ധാരണ വേണ്ട. നിങ്ങളുടെ സൗജന്യവും ഞങ്ങൾക്ക് വേണ്ട. നിങ്ങളെ രാഷ്ട്രീയമായി എതിർത്തുകൊണ്ടുതന്നെയാണ് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനം ഇതുവരെ മുന്നോട്ടുപോയിട്ടുള്ളത്. ഇനിയും ആ രീതിയിൽ മുന്നോട്ട് പോകുക തന്നെ ചെയ്യും. നിങ്ങൾ ബി.ജെ.പി-യും ആർ.എസ്.എസ്-സും തൃണമൂൽ കോൺഗ്രസ്സുമായൊക്കെ ബന്ധമുണ്ടാക്കി ഇടതുപക്ഷ പ്രസ്ഥാനത്തെ പ്രതിരോധിക്കാൻ ശ്രമം നടത്തിയിട്ടുണ്ട്. ആ ശ്രമമൊന്നും ബംഗാളിലായാലും ത്രിപുരയിലായാലും കേരളത്തിലായാലും വിജയിക്കാൻ പോകുന്നില്ലെന്ന കാര്യം ഉറപ്പിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ കോൺഗ്രസ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത് വർഗ്ഗീയ ശക്തികളെ പ്രീണിപ്പിക്കുന്ന നിലപാടാണ്. ആ നിലപാടിൽ മാറ്റം വരുത്താൻ നിങ്ങൾ തയ്യാറാകുന്നില്ല. അമേരിക്കൻ സാമ്രാജ്യത്വത്തിന് പരിപൂർണ്ണമായി പിൻതുണ നൽകുന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മി. ബുഷ് ഇൻഡ്യയിലേയ്ക്ക് വരാൻ പോകുകയാണ്. നിങ്ങൾ അദ്ദേഹത്തെ പരവതാനി വിരിച്ച് സ്വീകരിക്കാനിരിക്കുകയാണ്. മി. ബുഷ് ഈ ലോകത്തെ എല്ലാ ജനാധിപത്യ ശക്തികൾക്കും എതിരായ കടന്നാക്രമണത്തിന് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്ന നേതാവാണ്. ഇറാക്കിന്റെ പ്രശ്നത്തിൽ ഇറാക്കിനെതിരായി അമേരിക്കൻ സാമ്രാജ്യത്വത്തിനനുകൂലമായി വോട്ട് ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

നിലപാടാണ് നിങ്ങൾ സ്വീകരിച്ചത് ഇൻഡ്യയിലെ ജനാധിപത്യ ശക്തികൾ ഇൻഡ്യയിലെ മതനിരപേക്ഷക ശക്തികൾ ശക്തിയായി ഇതിനെ എതിർക്കുകയാണ്. ഇപ്പോൾ ശ്രീ. ഇ. അഹമ്മദ് പറയുന്നത് ഞങ്ങൾ ഇറാന് അനുകൂലമായിട്ടുള്ള നിലപാടാണ് സ്വീകരിച്ചത് എന്നാണ്. ഇറാൻ ശക്തിയായി ഇതിനെ എതിർക്കുകയും ചെയ്യുകയാണ്. അത് എങ്ങനെയാണ് അനുയോജ്യമായ നിലപാടാകുക? ഈ നേതാക്കൻമാർ പ്രസംഗിച്ചപ്പോൾ അതിനെപ്പറ്റി ഒരക്ഷരം പറഞ്ഞില്ല. ഞങ്ങൾ അതിൽ ഇടപെടാൻ ശ്രമിച്ചപ്പോൾ ഇടപെടാൻതന്നെ സമ്മതിക്കാത്ത നിലപാടാണ് സ്വീകരിച്ചത്. മി. ബുഷിന്റെ ഇൻഡ്യാ സന്ദർശനത്തെ സംബന്ധിച്ച് അതിശക്തമായ നിലപാടാണ് ഞങ്ങൾക്കുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ ശക്തികൾ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. ഇവിടെ കോൺഗ്രസ്സ് ഉൾപ്പെടെയുള്ള ആളുകൾ മനപ്പായസം ഉണ്ണുകയാണ്. ഞാൻ യു.ഡി.എഫ്-ലെ ആളുകളോട് ഒരു കാര്യം ചോദിക്കുകയാണ്. ഇവിടെ ജനകീയ വിചാരണകൾ പലതും നടന്നു. എറണാകുളത്ത് ഉപതെരഞ്ഞെടുപ്പ് നടന്നു. അവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി വമ്പിച്ച ഭൂരിപക്ഷത്തോടെ ജയിച്ചു. കൂത്തുപറമ്പ്, അഴീക്കോട് മണ്ഡലങ്ങളിൽ റിക്കോർഡ് ഭൂരിപക്ഷത്തോടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ജയിച്ചു. പാർലമെന്റ് ഇലക്ഷൻ വന്നതോടുകൂടി എൽ.ഡി.എഫ്. സമസ്ത മേഖലകളിലും ജയിച്ചു. പാർലമെന്റ് തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്-ൽ നിന്ന് ഒറ്റ ലീഗുകാരൻ മാത്രമാണ് ജയിച്ചുവന്നത്. അതും തോല്പിക്കാൻ സാധ്യതയുണ്ടായിരുന്നു. കോൺഗ്രസ്സിന് ഒരു സീറ്റും ലഭിച്ചില്ല. യു.ഡി.എഫ്-ന് ഒരു സീറ്റ് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഞാൻ പറഞ്ഞുവരുന്നത്, തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പോടുകൂടി നിങ്ങൾ എന്താണ് പറഞ്ഞത്? ഞങ്ങൾ ശുദ്ധമായി, ഞങ്ങൾ ഒറ്റക്കെട്ടായി എന്നാണ് നിങ്ങൾ പറഞ്ഞത്. ഇപ്പോൾ കോട്ടയത്ത് കെ.എസ്.യു.ക്കാർ തമ്മിൽ അടിയോടടി, ഷർട്ടും മുണ്ടും പാന്റ്സുമൊക്കെ കൊണ്ടുപോകുകയാണ്. അത്തരത്തിൽ ഒരു അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. കോൺഗ്രസ്സ് വലിയ ആന എന്നാണ് ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് കേന്ദ്രത്തിൽ ആകെ 145 സീറ്റ് മാത്രമേയുള്ളൂ. അതിൽ 70 സീറ്റും കിട്ടിയത് ഐക്യമുന്നണിയുടെ ഭാഗമായിട്ടാണ്. കോൺഗ്രസ്സ് വളരെ പ്രധാനപ്പെട്ട പാർട്ടിയാണെന്ന് പറയാൻ നിങ്ങൾ ശ്രമിക്കുന്നുണ്ടെങ്കിൽ യാഥാർത്ഥ്യം അതല്ല. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനെതിരായി, തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിനെതിരായി. ആ നേതൃത്വത്തിനെതിരായി നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന കടന്നാക്രമണത്തെക്കുറിച്ച് വിശദീകരിക്കാൻ ഞാൻ ശ്രമിക്കുന്നില്ല. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി അതിശക്തമായ രീതിയിൽ തിരിച്ചു വരികയാണ്. അങ്ങനെ വരുമ്പോൾ നമ്മൾ ഇപ്പോൾ എടുത്തിട്ടുള്ള നിലപാടുമായി ബന്ധപ്പെട്ട് കോൺഗ്രസ്സുകാർക്ക് വെപ്രാളവും പ്രയാസവും ആനന്ദവും എല്ലാംകൂടിച്ചേർന്നുള്ള ഒരവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ഡി.ഐ.സി.യോട് വഞ്ചന കാണിച്ചുവെന്നാണ് നിങ്ങളുടെ പരാതി. ഞങ്ങൾക്ക് വ്യക്തമായ ധാരണയും നിലപാടുമുണ്ട്. ഐക്യജനാധിപത്യ മുന്നണി സംവിധാനമെന്നു പറയുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടി ഇപ്പോൾ ആരംഭിച്ചതല്ല. ജയിക്കാൻ വേണ്ടിയും ഭരിക്കാൻ വേണ്ടിയുമുള്ള ഒരു ഇടപാടാണ് ഈ മുന്നണി എന്നാണ് ചില ആളുകൾ ധരിച്ചിരിക്കുന്നത്. നിങ്ങൾക്ക് അതു മാത്രമേ പറയാൻ പറ്റുകയുള്ളൂ. ജയിക്കേണ്ട ഒരു മുന്നണി ജയിക്കാൻ എത്ര വേണോ അത്രയുമുള്ള ഒരു മുന്നണി എന്നതാണ് നിങ്ങളുടെ മുന്നണി സങ്കല്പം. ഞങ്ങളുടെ മുന്നണിയെന്നു പറയുന്നത് രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു മുന്നണിയാണ്. ആ രാഷ്ട്രീയ ലക്ഷ്യം നടപ്പാക്കുന്നതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്ന രീതിയിൽ കേരളത്തിൽ അത് അതിശക്തമായി മുന്നോട്ടുപോകും. ആ മുന്നണി കേരളത്തിൽ അധികാരത്തിൽ വരികതന്നെചെയ്യും. നിങ്ങൾ ഇവിടെ എന്തെല്ലാം കാര്യങ്ങൾ വിശദീകരിച്ചാലും അതിന് ഒരു അടിസ്ഥാനവുമില്ല. കാരണം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ജനങ്ങളുടെ പരിപൂർണ്ണ പിന്തുണയുണ്ട്. അത് വെറുതേ ഉണ്ടായതല്ല. അത് ഞങ്ങൾ കഴിഞ്ഞ കാലങ്ങളിൽ കൈകാര്യം ചെയ്ത നയങ്ങളുടെ ഫലമായിട്ടാണ്. ആ നയത്തിന്റെ ഫലമായി ശക്തിമത്തായ രീതിയിൽ മുന്നോട്ടുപോകാൻ നമുക്ക് സാധിക്കും. കേരളത്തിൽ വെന്റിലേറ്ററിൽ കിടക്കുന്ന ഈ ഗവൺമെന്റിന്റെ കാലാവധി എപ്പോഴാണോ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് വോട്ട് എണ്ണുന്നത് അന്ന് വെന്റിലേറ്ററിൽനിന്ന് നിങ്ങളെ പുറത്തേയ്ക്ക് എടുക്കുന്നതോടു കൂടി കഴിയും. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കേരളത്തിൽ അധികാരത്തിൽ വരാൻ കഴിയുന്ന രാഷ്ട്രീയ സാഹചര്യമാണ് ഇവിടെ ഉള്ളത്. അതിന് ഈ രാജ്യത്തിലെ ജനങ്ങൾ പരിപൂർണ്ണ പിന്തുണ നൽകിക്കൊണ്ടിരിക്കുകയാണ്. ഈ രാഷ്ട്രീയ നിലപാടിനാണ് ജനകീയ പിന്തുണ ഉള്ളത്. അല്ലാതെ നിങ്ങളുടെ മനസ്സിലുള്ള കാര്യങ്ങൾ വച്ചുകൊണ്ട് നിങ്ങൾ ജയിക്കും, ജയിക്കും എന്ന് പറയുന്നതിൽ യാതൊരു കാര്യവും ഇല്ലെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ചില ആളുകൾക്ക് എസ്.എൻ.സി. ലാവ്‌ലിൻ എന്നു പറയുമ്പോൾ വല്ലാത്ത അലർജിയാണ്. ലാവ്‌ലിൻ പ്രശ്നത്തെ സംബന്ധിച്ച് എനിക്ക് ഒറ്റ കാര്യം മാത്രമേ പറയാനുള്ളൂ. ഹിമാലയൻ പദ്ധതിയുമായി ബന്ധപ്പെട്ട് 100 കോടി ഉറുപ്പിക കേന്ദ്രത്തിൽനിന്ന് വാങ്ങിത്തരാമെന്ന് പറഞ്ഞിട്ട് കമ്മിഷനായി വാങ്ങിയ 10 കോടി ഉറുപ്പിക ഇപ്പോഴും എവിടെയാണ് ചെലവാക്കിയിട്ടുള്ളത് എന്നത് കേരളം കണ്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ പത്ത് ജൻമം ഇനി ജനിച്ചാൽ പ്പോലും കേരള രാഷ്ട്രീയം കൈകാര്യം ചെയ്യുന്നതിന് ശ്രീ. രമേശ് ചെന്നിത്തല എന്നുപറയുന്ന കെ.പി.സി.സി. പ്രസിഡന്റിന് ആകുകയില്ല എന്ന് നിങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. അങ്ങനെ മനസ്സിലാക്കാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് യഥാർത്ഥത്തിൽ രാഷ്ട്രീയം കൈകാര്യം ചെയ്യാൻ സാധിക്കുകയില്ല. അങ്ങനെയുള്ള രാഷ്ട്രീയ പാപ്പരത്വത്തിന്റെ, രാഷ്ട്രീയ ഗൗരവമില്ലായ്മയുടെ ഒരു മുന്നണിയാണ് യു.ഡി.എഫ്. ഈ മുന്നണിയുടെ തകർച്ചയാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഈ മുന്നണിയുടെ തകർച്ച ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള ജനകീയ, ഉജ്ജ്വല പോരാട്ടമാണ് ഈ രാജ്യത്ത് നടന്നുവരുന്നത്. ഈ വോട്ട് ഓൺ അക്കൗണ്ട്സിനെ അതിശക്തമായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ: സർ, ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. ആദ്യത്തെ നാലു മാസത്തെ ചെലവുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. യു.ഡി.എഫ്. തിരിച്ചുവരാൻ കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുകയാണ്. നിങ്ങൾക്ക് അതിൽ സംശയമുണ്ടോ? ഈ ഗവൺമെന്റ് വെന്റിലേറ്ററിലാണെന്ന് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെ പറയുന്നതുകേട്ടു. ആരാണ് വെന്റിലേറ്ററിലെന്ന് നമുക്ക് കാണാം. നിങ്ങൾ മൂന്നുനാല് തെരഞ്ഞെടുപ്പുകളിൽ ജയിച്ചത് ശരിയാണ്. ഇനി നിങ്ങൾ തൂത്തുവാരി തോൽക്കാൻ പോകുകയാണ്. നമുക്ക് കാണാം. ഞങ്ങൾ തോൽക്കുമെന്ന് പറയാൻ കാരണമെന്താണ്? മൂന്നുനാല് സഖാക്കൾ ആദിവാസി കോളനികളിൽ പോയപ്പോൾ അവിടെ ബ്ളൗസ് ഇല്ല, സാരിയില്ല. ഇതാണ് കണ്ടത്. ഇവർ ഭരിക്കുന്ന കാലത്ത് ബ്ളൗസ്സും സാരിയും പാർസലായി അയച്ചുകൊടുക്കുമായിരുന്നു. അവിടെ ആദിവാസികൾ പട്ടിണി കിടക്കുകയാണ്. ശ്രീ. ഗോവിന്ദൻ മാസ്റ്ററുടെ പാർട്ടി ഭരിച്ചപ്പോൾ ജിലേബിയും ലഡുവും പാർസലായി കോളനിയിൽ അയച്ചു കൊടുക്കുമായിരുന്നു. ആദിവാസികൾക്ക് ഒരു ഏക്കർ മുതൽ 5 ഏക്കർവരെ ഭൂമി കൊടുത്തത് ഈ ഗവൺമെന്റാണ്. നിങ്ങൾ എന്താണ് കൊടുത്തത്? നിങ്ങൾ ഏത് തൊഴിലാളിയെയാണ് രക്ഷിച്ചത്? മത്സ്യത്തൊഴിലാളികളുടെ പെൻഷൻ ഇനത്തിൽ 21 ഗഡു കുടിശ്ശിക കൊടുക്കാനുണ്ടായിരുന്നു. ഒരു പൈസ കൊടുത്തില്ല. ഞാൻ മത്സ്യത്തൊഴിലാളികളുടെ മണ്ഡലത്തിൽനിന്ന് വരുന്നതാണ്. ഇന്ന് ആ പെൻഷൻ കൊടുക്കുന്നത് അപ്റ്റുഡേറ്റാണ്. ഇവർ ഇപ്പോൾ ആശുപത്രിയെക്കുറിച്ച് അപവാദം പറയുകയാണ്. ആശുപത്രികളിൽ 300-ൽപ്പരം ഐ.പി. കേന്ദ്രങ്ങൾ ആരംഭിച്ചത് ഈ ഗവൺമെന്റാണ്. നിങ്ങളുടെ ഭരണകാലത്ത് ഒരു ഒഴിവെങ്കിലും നികത്തിയിട്ടുണ്ടോ? ആയിരത്തിൽപ്പരം സ്റ്റാഫിനെ പോസ്റ്റ് ചെയ്ത്, അവിടെ മരുന്നും മറ്റ് സംവിധാനങ്ങളും ഏർപ്പാട് ചെയ്ത ഗവൺമെന്റാണിത്. നിങ്ങൾ വിചാരിക്കുന്നത് ഇവിടെ നടക്കാൻ പോകുന്നില്ല. എൽ.ഡി.എഫ്-നെ കേരളത്തിലെ ജനങ്ങൾ എന്നൊക്കെ അധികാരത്തിൽ കയറ്റിയിട്ടുണ്ടോ അന്നൊക്കെ ഈ സംസ്ഥാനത്തെ കുട്ടിച്ചോറാക്കിയിട്ടുണ്ട്. 1987-ൽ അവർ അധികാരത്തിൽ കയറി. നാലു വർഷം കഴിഞ്ഞപ്പോൾ സംസ്ഥാനത്തെ അവർ കടബാധ്യതയുടെ തീരാക്കുടുക്കിലാക്കി. ആ സാമ്പത്തിക സ്ഥിതിയിൽനിന്നും കേരളത്തെ കരകയറ്റിയത് യു.ഡി.എഫ്. ഗവൺമെന്റായിരുന്നു. വീണ്ടും ജനങ്ങൾക്ക് പറ്റിയ ഒരു കയ്യബദ്ധമായിരുന്നു 1996-ലെ എൽ.ഡി.എഫ്. ഗവൺമെന്റ്. അന്ന് അവർ വന്നപ്പോൾ 462 കോടി രൂപ രൊക്കം ഉണ്ടായിരുന്ന ട്രഷറിയെ മദയാന കയറിയ കരിമ്പിൻത്തോട്ടംപോലെയാക്കി. ഇവർ അധികാരത്തിൽ വന്നാൽ ഇവർക്കുള്ള മിനിമം പരിപാടിയെന്നു പറയുന്നത് ഒരു കാര്യം മാത്രമേയുള്ളൂ. സഖാക്കൾക്ക് പത്ത് ചക്രം ഉണ്ടാക്കിക്കൊടുക്കണം. ജനകീയാസൂത്രണത്തിന്റെ പേരിൽ വലിയ കൊള്ളയാണ് കേരളത്തിൽ നടന്നത്. വലിയ കുംഭകോണമാണ് ഇവിടെ നടന്നത്. ആ ഗവൺമെന്റ് ഭരണം അവസാനിപ്പിച്ചത് എങ്ങനെയാണ്? അന്ന് ഒരു പ്രത്യേകതകൂടി ഉണ്ടായിരുന്നു. ധനകാര്യ വകുപ്പിന്റെ സാമ്പത്തിക നിയന്ത്രണംതന്നെ പോയി. അന്ന് നമ്മുടെ വിദ്യാ

LIBRARY ARCHIVES Kerala Legislative Assembly

ഭ്യാസ വകുപ്പും പൊതുമരാമത്ത് വകുപ്പും ഒരു നിയന്ത്രണവുമില്ലാതെ നേരിട്ട് പണം ചെലവഴിച്ചിരുന്നു. അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും പ്രതീകമായിരുന്നു കഴിഞ്ഞ ഗവൺമെന്റ്. നായനാർ പറഞ്ഞത് വിദ്യാഭ്യാസ വകുപ്പിൽ അഴിമതി നടത്തിയത് ശ്രീ. ജോസഫ് അല്ല കൂടെ നടന്നവരാണ് എന്നാണ്. ആരാണ് കൂടെ നടന്നത് എന്ന് ഓർമ്മയില്ലേ? ഈജിയൻ തൊഴുത്തിനെ വൃത്തിയാക്കാൻ ഹെർക്കുലീസ് കാണിച്ച ജാഗ്രതയോടെ പ്രവർത്തിച്ച, ഇതിനുവേണ്ടി സഹിഷ്ണുത കാട്ടിയ ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. അങ്ങനെയാണ് ഈ നാടിന്റെ സാമ്പത്തിക സ്ഥിതിയെ ഈ ഗവൺമെന്റ് രക്ഷപ്പെടുത്തിയത്. 2000-01-ൽ 218 ദിവസം ഓവർഡ്രാഫ്റ്റായിരുന്നെങ്കിൽ 2005-06-ൽ വെറും 47 ദിവസമാണ് ഓവർഡ്രാഫ്റ്റ് എടുക്കേണ്ടിവന്നത്. 2005 ഒക്ടോബർ മുതൽ ജനുവരി വരെ വെറും 7 ദിവസം മാത്രമാണ് ഓവർഡ്രാഫ്റ്റുണ്ടായിരുന്നത്. എൽ.ഡി.എഫ്-ന്റെ ഭരണ കാലത്തുണ്ടായിരുന്ന റവന്യൂച്ചെലവ് 21 ശതമാനത്തിൽനിന്നും ഈ ഗവൺമെന്റ് 11 ശതമാനമായി കുറച്ചു. റവന്യൂ വരവിന്റെ ശരാശരി വർദ്ധനവ് 12.2 ശതമാന മായിരുന്നത് 13.6 ശതമാനമാക്കുവാൻ കഴിഞ്ഞു. കേരളത്തിന്റെ നിലനിൽപ്പ് വാണിജ്യവിളകളെ ആശ്രയിച്ചാണിരിക്കുന്നത്. വാണിജ്യവിളകളുടെ വിലയിൽ തകർച്ചയുണ്ടായാൽ കർഷകരും നമ്മുടെ സംസ്ഥാനവും തകരും. 2013 ആകുമ്പോൾ സബ്സിഡികളും സഹായങ്ങളുമില്ലാത്ത സർവ്വ സ്വതന്ത്രമായ ആഗോള വ്യാപാരത്തിനാണ് ഡബ്ല്യിയു.ടി.ഒ. ലക്ഷ്യമിടുന്നത്. അതുകാരണം വരാവുന്ന കുഴപ്പം കാർഷികോല്പന്നങ്ങളെ 30 ശതമാനം ഈ വിധത്തിൽ രക്ഷിക്കാൻ കഴിയുമായി രുന്നത് കാർഷികോല്പന്നങ്ങളും മത്സ്യമേഖലയിലെ ഉൽപ്പന്നങ്ങളുമാണ്. ഇവയെ സെൻസിറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കൊച്ചിയിൽ നടന്ന സമ്മേളനത്തിൽ കൃഷി വകുപ്പിനെ വിളിച്ചില്ല. കേന്ദ്ര സർക്കാർ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്നയിന്ന സാധനങ്ങൾ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ ഡബ്ല്യിയു.ടി.ഒ.യോട് ശുപാർശ ചെയ്യണം. നാളികേരം, കൊപ്ര, വെളിച്ചെണ്ണ, ചുക്ക്, ഏലം തുടങ്ങിയവയെല്ലാം സെൻസിറ്റീവ് ലിസ്റ്റിൽപ്പെടുത്തേണ്ടതാണ്. സംസ്ഥാന സർക്കാർ അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. ഈ സർക്കാർ ചെയ്യുന്ന നല്ല കാര്യങ്ങൾ തങ്ങളുടെതാണെന്ന് പറഞ്ഞുകൊണ്ട് കുറച്ച് സഖാക്കൾ നടക്കുന്നുണ്ട്. ഉദാഹരണമായി വിധവകൾക്ക് കൊടുക്കുന്ന പതിനായിരം രൂപയുടെ സാമ്പത്തികാനുകൂല്യം. കുറച്ച് സഖാക്കൾ പറഞ്ഞുകൊണ്ട് നടക്കുകയാണ് ഞങ്ങൾ ശ്രീ. മൻമോഹൻസിംഗിനെ വിരട്ടി ഉണ്ടാക്കിയ ആനുകൂല്യമാണ്; ഫാറം പൂരിപ്പിച്ചു തന്നാൽ ഞങ്ങൾ കൊണ്ടുതരാ മെന്നാണ്. അതുപോലെതന്നെ സാമൂഹ്യ സുരക്ഷാപദ്ധതി, ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയ പദ്ധതികൾ. സഖാക്കൾ ഇപ്പോൾ വീട്കയറിയിറങ്ങുകയാണ്. ഞങ്ങൾ വിരട്ടി സാധിച്ചെടുത്തതാണ്; ഇപ്പോൾ 33 രൂപ അടയ്ക്കരുത് ഞങ്ങൾ വന്നിട്ട് അടച്ചാൽ മതി എന്നാണ് പറയുന്നത്. എന്നിട്ട് 66 രൂപ പിരിക്കുന്നുമുണ്ട്. അവരുടെ തന്നെ പഞ്ചായത്തുകളും തദ്ദേശ ബോഡികളും തകർക്കാനാണ് ശ്രമിക്കുന്നത്. ഇവിടെ പെൻഷനുകളെക്കുറിച്ച് പറഞ്ഞു. ഗവൺമെന്റ് കൃത്യസമയത്തുതന്നെ നൽകുന്ന സാമൂഹ്യ സുരക്ഷാപദ്ധതി പ്രകാരമുള്ള തുക തദ്ദേശഭരണ സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

യഥാസമയം ബിൽ എഴുതി എടുക്കുന്നുണ്ടെങ്കിലും അത് കൊടുക്കുന്നില്ല. അവരുടെ രാഷ്ട്രീയ കളിയാണ്. ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങൾ ജനങ്ങളിൽ എത്തരുത് എന്നാണ് അവർ കരുതുന്നത്. സഹകരണ വായ്പകൾ നിരവധി കാലമായി സ്റ്റേയിൽ ഉള്ളതും മൊറട്ടോറിയം നൽകിയതും അതുപോലെ വൺടൈം സെറ്റിൽമെന്റിന്റെ ആനുകൂല്യം ഉള്ളതും ഒക്കെയുണ്ട്. അവരുടെ ഭരണമുള്ള സംഘങ്ങളിൽ അത് കൊടുക്കുന്നില്ല. പിന്നെ അവർ പറയുന്നത് അഴിമതിയില്ലാത്ത പാർട്ടിയാണ് എന്നാണ്. കേരളം കണ്ട ഏറ്റവും വലിയ അഴിമതിക്കാരൻ ആരാണെന്ന് ചോദിച്ചാൽ ഇപ്പോൾ കൊച്ചുകുഞ്ഞുങ്ങൾക്കുപോലും അറിയാം. നിങ്ങൾ ശ്രീ. രമേശ് ചെന്നിത്തലയെപ്പറ്റി കുറ്റം പറഞ്ഞില്ലേ? പാലിൽ കുളിപ്പിച്ചാലും തേനിൽ കുളിപ്പിച്ചാലും കേരളം കണ്ട ഏറ്റവും വലിയ അഴിമതിക്കാരൻ ശ്രീ. പിണറായി വിജയൻ തന്നെയാണ്. ഒരു സംശയവും വേണ്ട. മൂല്യാധിഷ്ഠിത രാഷ്ട്രീയമാണു പോലും. നിങ്ങൾക്ക് ഭരണഘടനാ സ്ഥാപനങ്ങളോടും കോടതികളോടും ലോകായുക്തയോടും എന്ത് ബഹുമാനമാണുള്ളത്? തലശ്ശേരി കോടതിയുടെ മുറ്റത്ത് കൊലക്കേസിൽ ശിക്ഷിക്കപ്പെട്ട അരുംകൊലപാതികൾക്കുവേണ്ടി നിങ്ങൾ കോടതി വരാന്തയിൽ പ്രകടനം നടത്തി. ജഡ്ജിയുടെ കോലം കത്തിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെയുണ്ടായിട്ടുണ്ടോ? കേരളത്തിലെ ഏറ്റവും വലിയ രാഷ്ട്രീയനേതാവ് പറയുകയാണ് ഞാൻ പോലീസ് സ്റ്റേഷന്റെ മുൻപിൽ ബോംബ് ഉണ്ടാക്കുമെന്ന്. മൂല്യാധിഷ്ഠിതം, ഭരണഘടനാ സ്ഥാപനങ്ങളോടുള്ള ബഹുമാനം, ജനാധിപത്യ സംരക്ഷകർ എന്നല്ലേ പറയുന്നത്? ശ്രീ. മത്തായി ചാക്കോ പറയുന്നതു കേട്ടു ക്രിമിനലുകളെ ഞങ്ങളാണ് സംരക്ഷിക്കുന്നതെന്ന്. ഈ ക്രിമിനലുകൾ ആരാണ്? പോലീസ് സ്റ്റേഷന്റെ മുൻപിൽ ബോംബ് ഉണ്ടാക്കുന്നവരേക്കാൾ വലിയ ക്രിമിനൽ ഈ രാജ്യത്തുണ്ടാകുമോ? ക്രിമിനലുകൾ ആരാണെന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിഞ്ഞുകൂടേ? കെ.എസ്.യു-ക്കാർ ഓടി എന്ന് പറഞ്ഞു. യൂണിവേഴ്സിറ്റി കോളേജിൽ രണ്ട് എസ്.എഫ്.ഐ.-ക്കാർ തമ്മിലടിച്ച് ജൗളിയില്ലാതെ ഓടുന്ന വാർത്ത വന്നത് ഇവിടെ എല്ലാവരും കണ്ടതാണ്. കേരളം കണ്ടുകൊണ്ടിരിക്കുന്ന എത്ര സംഭവ വികാസങ്ങളുണ്ട്? എ.ഐ.എസ്.എഫ്.-കാർ പറയട്ടെ ആരാണ് ക്രിമിനലുകൾ എന്ന്. സ്വകാര്യ കുത്തകകളേയും ബഹുരാഷ്ട്ര കുത്തകകളേയും എ.ഡി.ബി.യേയും വിദേശ മൂലധനത്തേയും എതിർക്കുന്നവരാണ് ഇവർ. എ..ഡി.ബി.യുടേയും ലോക ബാങ്കിന്റെയും പേരിൽ വേഷപ്രച്ഛന്നനായി എത്തി നമ്മുടെ സ്വാതന്ത്ര്യത്തേയും പരമാധികാരത്തേയും അപഹരിക്കുന്നുണ്ട്. അനന്തമായി, അവിരാമമായി നാലേമുക്കാൽ കൊല്ലം നടത്തിയ ആ പ്രചരണങ്ങൾ എവിടെപ്പോയി? ആഗോളവൽക്കരണവും അതുണ്ടാക്കുന്ന മാറ്റവും ആധുനിക പിശാചിന്റെ ചെയ്തികളാണ്. ഇപ്പോൾ ആരുടെ ചെയ്തിയാണ്? നിങ്ങൾ സ്വകാര്യവൽക്കരണത്തിനെതിരാണോ? ബംഗാളിന്റെ വലിയ മാതൃക പറഞ്ഞു. ബംഗാളിൽ പോയിട്ടുള്ളവർക്കൊക്കെ ബംഗാൾ അറിയാം. ലോകത്ത് ഇന്ന് ഏറ്റവും കൂടുതൽ ചുമച്ച് ചുമച്ച് നടക്കുന്ന പപ്പുമാരെ കാണണമെങ്കിൽ ബംഗാളിലേയ്ക്ക് പോകണം. പി. കേശവദേവിന്റെ 'ഓടയിൽനിന്ന്' വായിക്കണം. കൽക്കത്തയുടെ ഹൃദയഭാഗത്തേക്ക് പോകുന്ന റോഡിലൂടെ പോയാൽ മൂക്കുപൊത്താത്തവരില്ല.

LIBRARY ARCHIVES Kerala Legislative Assembly

Great Eastern Hotel 90 ശതമാനം ഓഹരിയും Bharat Group -ന് വിറ്റു. ബംഗാളിൽ കൊടുത്താൻ ഒരു കുഴപ്പവുമില്ല. നിങ്ങൾ കാശിന്റെയും അഴിമതിയുടേയും കാര്യം പറഞ്ഞു. എന്ന് ഭരണത്തിൽ വരുമോ അന്ന് തുട്ട് ഉണ്ടാക്കുക. ഇതാണ് ഇവരുടെ പരിപാടി. ഹിന്ദുസ്ഥാൻ ലിവറിന്റെ സാധനങ്ങൾ നീതിസ്റ്റോർ വഴി വിറ്റ മന്നൻമാരാണ്. എല്ലാ നീതി സ്റ്റോറും മൾട്ടിനാഷണൽ കമ്പനിയായ ഹിന്ദുസ്ഥാൻ ലിവറിന്റെ സാധനങ്ങൾ വിൽക്കാൻ പറഞ്ഞ് ഒരു ഉത്തരവ് കൊടുത്തു; അത് എന്തിനാണെന്നറിയണ്ടേ? സി.പി.ഐ.(എം) അന്ന് കെട്ടിയ സകല ആർച്ചും ഹിന്ദുസ്ഥാൻ ലിവറിന്റെ ചെലവിലായിരുന്നു. അതിനെതിരെ സമരംചെയ്ത വ്യാപാരികളെ ഹിന്ദുസ്ഥാൻ ലിവറിന്റെ ഏജന്റുമാരായിരുന്നവർ തല്ലി. ഹിന്ദുസ്ഥാൻ ലിവറിന്റെ ഏജന്റുമാർ കൊക്കകോളയുടെ ഏജന്റുമാരാണ്. ഹിന്ദുസ്ഥാൻ ലിവറിന്റെ സാധനങ്ങൾ നീതിസ്റ്റോർ വഴി കൊടുക്കുന്ന സമയത്ത് ഖാദി ബോർഡ് ഇല്ലായിരുന്നോ?

ശ്രീ. തമ്പാനൂർ രവി: ഹിന്ദുസ്ഥാൻ ലിവറിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞല്ലോ. 2003-ൽ വിദേശ കുത്തകകൾ ഇൻഡ്യയിൽ മുതൽ മുടക്കാൻ പാടില്ല എന്ന കേന്ദ്ര കമ്മിറ്റിയുടെ തീരുമാനം ഉണ്ട്, അത് ലംഘിച്ചുകൊണ്ട് 24,000 കോടി രൂപയുടെ വിദേശ കുത്തക മുതൽമുടക്ക് ബംഗാളിൽ കൊണ്ടുവന്ന കാര്യം അങ്ങേക്ക് അറിയാമോ? ബംഗാളിൽ അതാകാം, ഇവിടെ പാടില്ല എന്നതല്ലേ കേരളത്തിലെ സി.പി.ഐ.(എം)-ന്റെ സമീപനം?

ശ്രീ. വർക്കല കഹാർ: സർ, ഇവർ ഇരട്ടത്താപ്പാണ് ചെയ്യുന്നത്, പറയുന്നത് ഒന്ന് പ്രവർത്തിക്കുന്നത് വേറൊന്ന്. സകല മുതലാളിമാരുടേയും ഏജന്റുമാരാണ് ഇവർ. നിങ്ങൾ അന്ന് ഹിന്ദുസ്ഥാൻ ലിവറിന്റെ സാധനങ്ങൾ നീതിസ്റ്റോർ വഴി വിറ്റില്ലേ? അന്ന് കേരളാ സോപ്സ് ആന്റ് ഓയിൽസിന്റെ സാധനങ്ങൾ വിൽക്കാൻ നിങ്ങൾക്ക് തോന്നിയോ? ഖാദി ബോർഡിന്റെ ഉൽപ്പന്നങ്ങൾ ഏതെങ്കിലും നിങ്ങൾ വിറ്റോ? ക്രിമിനലുകളെപ്പറ്റി പറഞ്ഞു, ആരാണ് ക്രിമിനൽ? കോഴിക്കോട് ദൂരദർശൻ കേന്ദ്രത്തിന്റെ ഡയറക്ടറുടെ ദേഹത്ത് കരിഓയിൽ ഒഴിച്ചത് ആരാണ്; അത് ക്രിമിനലാണോ മാന്യനാണോ? ജോലിക്കു കയറിയ പെൺപിള്ളാരെ ഉപദ്രവിക്കാൻ പോയതിന് ആറ് എൻ.ജി.ഒ. യൂണിയൻ നേതാക്കളെ ശിക്ഷിച്ചിട്ടുണ്ട്. അവരെ ജോലിയിൽ നിന്ന് പിരിച്ചുവിടുകയും ചെയ്തു. അവർ ക്രിമിനലാണോ; മാന്യൻമാരായ പൊതുപ്രവർത്തകരാണോ? സി.പി.ഐ.-ക്കാർ ഇവിടെ ഇരിക്കുന്നുണ്ട്. ഇവർക്കെതിരെ എന്തോ ഒരു തീരുമാനം വന്നതിന് ഡോ. ബലരാമന്റെ വീട്ടിൽ വിസർജ്ജ്യ വസ്തുക്കൾ കൊണ്ട് നിറച്ച സംഭവം ഓർമ്മയുണ്ടോ? ഇവിടെ പറഞ്ഞു പത്ത് വർഷം ഞങ്ങൾ പിറകിലാണെന്ന്, നിങ്ങൾ 20 വർഷം പിറകിലാണ്. കമ്പ്യൂട്ടറിനെ നിങ്ങൾ എതിർത്തു. 'കമ്പ്യൂട്ടർ ഭീകരൻ' എന്നുപറഞ്ഞു. 20 വർഷം കഴിഞ്ഞപ്പോൾ നിങ്ങളുടെ ഓഫീസ് മുഴുവൻ കമ്പ്യൂട്ടറൈസ്ഡ് ആയി. പ്രതിപക്ഷ നേതാവ് ഇപ്പോൾ laptop-ഉം കൊണ്ടാണ് നടക്കുന്നത്. Tractor-നെ നിങ്ങൾ എതിർത്തു, അവ തല്ലിത്തകർക്കാൻ പറഞ്ഞു. 20 കൊല്ലം കഴിഞ്ഞപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

തെറ്റുപറ്റിപ്പോയി എന്നുപറഞ്ഞ് കുമ്പസരിച്ചു. എ.ഡി.ബി. യെ-നിങ്ങൾ എതിർത്തു. എ.ഡി.ബി. യെ-ക്കുറിച്ച് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പ്രസംഗിച്ചത് ഞങ്ങളുടെ ഗവൺമെന്റ് വന്നാൽ വിദേശ എ.ഡി.ബി. ഉദ്യോഗസ്ഥരുടെ ചെപ്പക്കുറ്റിക്ക് അടിച്ച് ഞങ്ങൾ ഓടിക്കും എന്നാണ്. ഇന്നിപ്പോൾ ആരെ അടിക്കും? ആ വികസന സെമിനാറിൽ വന്ന ശ്രീ. പിണറായിക്ക് ഒന്നു കൊടുത്തുകൂടേ? ആരുടെ ചെപ്പക്കുറ്റിക്ക് അടിക്കും? കഴിഞ്ഞ ദിവസം ശ്രീ. മത്തായി ചാക്കോ മണിച്ചനെക്കുറിച്ച് പറഞ്ഞു; ഞങ്ങളുടെ ആളാണെന്നു പറഞ്ഞു. ആരാണ് ഈ മണിച്ചൻ; ഞങ്ങൾ പറയണമോ? ഒരു ഭരണകാലത്ത് തമിഴ്നാട് രജിസ്ട്രേഷനുള്ള ബെൻസ് കാർ സെക്രട്ടേറിയറ്റിന്റെ മുന്നിലും അന്നത്തെ മുഖ്യമന്ത്രിയുടെ വീടിന്റെ മുമ്പിലും സ്ഥിരം വരുമായിരുന്നത് തിരുവനന്തപുരത്തുകാർക്കറിയാം. കണ്ണൂർകാർക്കറിഞ്ഞുകൂടാ. നേരിട്ടുള്ള നിയമനങ്ങൾ നടക്കുന്നു, ഡി.വൈ.എഫ്.ഐ. സമരം ചെയ്യുന്നു എന്ന് ആരോ രോഷംകൊണ്ടു. ശ്രീ. ജയരാജൻ ഇവിടെ ആക്രോശിക്കുന്നതു കേട്ടു. ഒരു കാര്യം ചോദിക്കട്ടെ! ഇവരുടെ ഭരണകാലത്ത് കേരളാ സ്റ്റേറ്റ് ആഡിയോ വിഷൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, സി-ഡിറ്റ് എന്നിവിടങ്ങളിലൊക്കെ കള്ള് ഷോപ്പിൽ ആളെ കയറ്റുന്നതുപോലെ കയറ്റിയില്ലേ; എന്തിനു പറയുന്നു നേതാക്കൻമാരുടെ പലരുടേയും ഭാര്യമാർ തന്നെ അവിടെയുണ്ട്. എസ്.എസ്.എൽ.സി. -ക്ക് നാലാമത്തെ തവണ മൂന്നാം ക്ലാസ്സിൽ പാസ്സായവർ ഓഫീസർമാരായി. അവർ ഏത് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാണ് കയറിത്? അവർ പറയുന്നത് സാമൂഹ്യ നീതി സമഗ്ര വികസനം എന്നാണ്. എന്നാൽ ആർക്കാണ് ഇത് കിട്ടിയിട്ടുള്ളത്? ഈ സാമൂഹ്യ നീതി, നെയ്യാറ്റിൻകരയിലെ കണ്ണറവിളയിലെ ഗോപിക എന്ന പിഞ്ചു കുട്ടിക്ക് കിട്ടിയോ? ആ കുട്ടിയുടെ പാദം അറുത്തെടുത്തു ഡി.വൈ.എഫ്.ഐ. ക്കാർ. കണ്ണൂരിലെ എ. റ്റി ജയകൃഷ്ണൻ എന്ന അധ്യാപകന് സാമൂഹ്യ നീതികിട്ടിയോ? പറശ്ശിനിക്കടവിലെ പാമ്പിനും മുയലിനും നീതി കിട്ടിയോ? യൂണിവേഴ്സിറ്റി കോളേജ് ഉൾപ്പെടെയുള്ള കാമ്പസുകളിൽ തങ്ങളുടെ സംഘടനകളിൽപ്പെടാത്ത എ.ഐ.എസ്.എഫ്.-കാർ ഉൾപ്പെടെയുള്ളവർക്ക് ആ സാമൂഹ്യ നീതി കിട്ടുന്നുണ്ടോ? മദ്യ നിരോധന പ്രവർത്തകനായ ഹരിപ്പാട് സതീഷിന് ആ സാമൂഹ്യ നീതി കിട്ടിയിട്ടുണ്ടോ? പരുമല ദേവസ്വം ബോർഡ് കോളേജിലെ വിദ്യാർത്ഥികളോട് ചുടുകട്ട കൊണ്ടാണ് നിങ്ങൾ നീതി ഉറപ്പാക്കിയത്. പാലക്കാട് വിനീതാ ഗോട്ടായിക്കും മാവേലിക്കരയിലെ മുനിസിപ്പൽ കൗൺസിലർ ലീലാ അഭിലാഷിനും നിങ്ങൾ വിധിച്ച നീതി എന്താണ്? ഏറ്റവും ഒടുവിൽ ശ്രീ. കെ. കരുണാകരനും ശ്രീ. കെ. മുരളീധരനും നിങ്ങൾ നൽകിയ നീതി നാടൻ ഭാഷയിൽ ഞാൻ പറഞ്ഞാൽ സഭാരേഖകളിൽ ഉൾപ്പെടുത്താൻ പറ്റുമോ? ഈ പറയുന്ന എല്ലാ തിൻമകളുടേയും എല്ലാ അഴിമതികളുടേയും ആൾരൂപമായ മാർക്സിസ്റ്റ് പാർട്ടിയേയും അതിന്റെ നേതൃത്വത്തിൽ ഉള്ള സംവിധാനത്തേയും കേരളത്തിലെ ജനങ്ങൾ തിണ്ണയിൽപ്പോലും അടുപ്പിക്കുകയില്ല. തെരഞ്ഞെടുപ്പു രംഗത്ത് നമുക്ക് കാണാം. ഞാൻ ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങുന്നു.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ വളരെ അഭിമാനത്തോടുകൂടി പിൻതാങ്ങുകയാണ്. സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക് 11.7 ശതമാനമായി ഉയർന്ന സാഹചര്യത്തിലാണ് വോട്ട് ഓൺ അക്കൗണ്ട് ഈ നിയമസഭയിൽ ചർച്ച ചെയ്യുന്നത്. കേരളത്തിന്റെ ആളോഹരി വരുമാനം മുൻ വർഷങ്ങളിൽ 20813 രൂപ ആയിരുന്നുവെങ്കിൽ ഇന്ന് ഇത് 27,048 രൂപയായി വർദ്ധിച്ചു. സാമ്പത്തിക രംഗത്ത് ചരിത്രത്തിലാദ്യമായി കേരളത്തിന്റെ ആളോഹരി വരുമാനം ഇൻഡ്യയുടെ ആളോഹരി വരുമാനത്തേക്കാൾ കൂടുതൽ ആയിരിക്കുന്ന ഒരു സാഹചര്യത്തിലാണ് നിയമസഭയിൽ ഈ ചർച്ച നടക്കുന്നത്. ഞങ്ങളുടെ പ്രസ്ഥാനത്തെക്കുറിച്ച്, മുസ്ലീം ലീഗിനെക്കുറിച്ച് ശ്രീ. ഗോവിന്ദൻ മാസ്റ്ററും, ശ്രീ. പ്രകാശൻ മാസ്റ്ററും പറഞ്ഞപ്പോൾ എനിക്ക് അഭിമാനം തോന്നി. അതുകൊണ്ട് തന്നെ അതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. ഒരു പഞ്ചായത്തിൽപ്പോലും ഞങ്ങളുടെ പാർട്ടി വരില്ല എന്ന് നിങ്ങളുടെ നേതാക്കൻമാർ പ്രസംഗിച്ച സാഹചര്യം ഉണ്ടായിരുന്നു എന്ന് ശ്രീ. ബാലൻ അടക്കമുള്ളവർ മനസ്സിലാക്കണം. വളരെ അഭിമാനത്തോടുകൂടി, അന്തസ്സോടുകൂടി ഞാൻ പറയട്ടെ, ഇന്ന് ഭാരതത്തെ പ്രതിനിധീകരിച്ചുകൊണ്ട് ടെഹ്റാനിൽ നടക്കുന്ന വിദേശ മന്ത്രിമാരുടെ സമ്മേളനത്തിൽ പങ്കെടുക്കാൻ ഇൻഡ്യൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് നിയോഗിച്ചത് എന്റെ നേതാവ് ബഹുമാനപ്പെട്ട ഇ. അഹമ്മദ് സാഹിബിനെയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾക്ക് രാഷ്ട്രീയമായി വല്ല നയവും ഉണ്ടോ? പഞ്ചായത്തിൽ ഒരു നയം, ബ്ലോക്കിൽ ഒരു നയം, ജില്ലാ പഞ്ചായത്തിൽ വേറൊരു നയം. ഇങ്ങനെ വിവിധ നയങ്ങൾ രൂപീകരിച്ച് നടക്കുന്ന പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്). ഇൻഡ്യയിൽ നിങ്ങൾക്ക് നയമുണ്ടോ? ഇവിടെ നിങ്ങൾ മുസ്ലീം ലീഗിനെ എതിർക്കും. പാർലമെന്റിൽ ചെന്നാൽ രണ്ടുകൈകളും പൊക്കിക്കൊണ്ട് മുസ്ലീം ലീഗിനെ പിൻതുണയ്ക്കുന്ന നിങ്ങൾക്ക് വല്ല നയവും ഉണ്ടോ? ഞങ്ങൾ ഒരു പഞ്ചായത്തിൽപ്പോലും അധികാരത്തിൽ വരില്ല എന്ന് നിങ്ങൾ പറഞ്ഞിരുന്ന കാലഘട്ടം കേരളത്തിൽ ഉണ്ടായിരുന്നു എന്ന് നിങ്ങൾ മനസ്സിലാക്കണം. ഞാനും, ശ്രീ. ബാലനും, ശ്രീ. പ്രകാശൻ മാസ്റ്ററും ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുമൊക്കെ ഇവിടെ കടന്നുവരാൻ കാരണം നിയമം നൽകിയ അവകാശമാണ്. ആ നിയമ വ്യവസ്ഥയെ ഞങ്ങൾ അഭിമാനപൂർവ്വം സ്വാഗതം ചെയ്യുന്നു; അതിനെ ബഹുമാനിക്കുന്നു. പക്ഷേ നിങ്ങൾ വിളിച്ച മുദ്രാവാക്യം 'ബൂർഷ്വാ കോടതികൾ തുലയട്ടെ' എന്നായിരുന്നു. അത് അന്ന് ഞാൻ എന്റെ ചെവികൊണ്ട് കേട്ടതാണ്. അത് ആരും മറക്കുകയില്ല, കേരളത്തിലെ ജനങ്ങൾ അതിന് നിങ്ങളോട് സഹതാപം കാണിക്കുകയില്ല എന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കട്ടെ.

ഈ ഗവൺമെന്റ് എന്തുചെയ്തു എന്ന് ഇവിടെ പലരും ചോദിക്കുന്നുണ്ട്. വളരെയധികം കാര്യങ്ങൾ ചെയ്തു. മലപ്പുറം ജില്ലയിൽ നിന്ന് വന്നിട്ടുള്ള പ്രിയങ്കരനായ ഞങ്ങളുടെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിനെക്കുറിച്ച് ഞങ്ങൾക്ക് അഭിമാനമുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ആദ്യമായി വൈദ്യുതി ചാർജ്ജ് കുറച്ചു. വൈദ്യുതി ചാർജ്ജ് കുറച്ചു എന്നുമാത്രമല്ല, പുതിയ വൈദ്യുതി ഡിവിഷനുകൾ കണ്ണൂരും മലപ്പുറത്തും ഉണ്ടാക്കുവാൻ സാധിച്ചു. ഏറ്റവുമധികം കൺസ്യൂമേഴ്സ് ഉള്ളതും, ഏറ്റവും വലിയ ജില്ലയുമായ മലപ്പുറം ജില്ലയിൽ പുതിയ വൈദ്യുതി ഡിവിഷൻ ഉണ്ടാക്കി. കണ്ണൂരിൽ പുതിയ വൈദ്യുതി ഡിവിഷനുകൾ ഉണ്ടാക്കുവാൻ തീരുമാനമെടുത്തു. ഒ.വൈ.ഇ.സി. പദ്ധതിപ്രകാരം പണക്കാർക്കുമാത്രം വൈദ്യുതി ലഭിച്ചിരുന്നു എങ്കിൽ ആ ഒ.വൈ.ഇ.സി. ഇന്ന് ചരിത്രത്തിലേയ്ക്ക് തള്ളിമാറ്റിക്കൊണ്ട്, അത് എടുത്തുകളഞ്ഞ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു.

എന്റെ പ്രിയങ്കരനായ സുഹൃത്ത് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഒരു ആഗോള വിദ്യാഭ്യാസ സംഗമം എറണാകുളത്ത് വച്ച് നടത്തുകയുണ്ടായി. ഞാൻ അത് ഡൽഹിയിൽ വച്ച് ദൃശ്യ മാധ്യമങ്ങളിലൂടെ കണ്ടതാണ്. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് ഒരു അമൂല്യ സ്വത്താണ് ആ സമ്പർക്ക പരിപാടി, അന്നത്തെ സമ്മേളനം എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഭാരതത്തിലെ തന്നെ വളരെയധികം വൈസ്ചാൻസലർമാർ ആ സംഗമത്തിൽ പങ്കെടുത്തു. വളരെ അഭിമാനത്തോടുകൂടി പറയട്ടെ, അതിൽ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ അരുൺകുമാർ പങ്കെടുത്തതായി ഞാൻ പത്രങ്ങളിൽ വായിച്ചു. നിങ്ങൾ പുറത്ത് ഇതിനെ എതിർക്കുന്നുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: മുസ്ലീം ലീഗ് നേതാക്കൻമാരായ മന്ത്രിമാരൊക്കെ സമ്മേളനം നടത്താൻ വളരെ മിടുക്ക് കാണിക്കുന്നുണ്ട്. ഗ്ലോബൽ ഇൻവെസ്റ്റുമെന്റ് മീറ്റ് (ജിം) തൊട്ട് ഇപ്പോൾ നടത്തിയ കൊച്ചിയിലെ ഈ സമ്മേളനവുമല്ലാതെ പാവപ്പെട്ട തൊഴിലാളികളുമായി ബന്ധപ്പെട്ട്, അവരുടെ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും സമ്മേളനം സംഘടിപ്പിച്ചിട്ടുണ്ടോ?

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, പാവപ്പെട്ട തൊഴിലാളികൾക്ക് സമ്മേളനമല്ല ആവശ്യം, അവരുടെ ക്ഷേമനിധികളെക്കുറിച്ച് നമുക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. കർഷകർക്ക് 1000 ഉറുപ്പിക പെൻഷൻ നൽകുന്ന ഒരു ക്ഷേമനിധി ഇവിടെയുണ്ടാക്കി. നിങ്ങൾ കാർഷിക രംഗത്തെ ആത്മഹത്യകളെക്കുറിച്ച് ഇവിടെ പറഞ്ഞു, കർഷകർക്ക് ആദ്യമായി കേരളത്തിൽ പെൻഷൻ സംവിധാനം ഉണ്ടാക്കിയത് യു.ഡി.എഫ്. ഗവൺമെന്റാണ് എന്നത് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതുപോലെ വിവിധ രംഗങ്ങളിൽ, നെയ്ത്ത് തൊഴിലാളികൾക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതി നിങ്ങളുടെ കാലത്ത് ഉണ്ടോ? തൊഴിലാളികൾക്ക് അപകടങ്ങൾ ഉണ്ടായാൽ, മരണം സംഭവിച്ചാൽ അവരുടെ പാവപ്പെട്ട കുടുംബങ്ങൾക്ക് ആ ഇൻഷ്വറൻസ് വളരെ സഹായകമാണ്. ഇവിടെ ആഗോള സംഗമങ്ങളും അതുപോലെ വൻകിട വ്യവസായങ്ങളൊന്നുമല്ല നടക്കുന്നത്. ഇവിടെ അനാഥാലയങ്ങൾക്ക്, ആരുമില്ലാത്ത പാവങ്ങൾക്കുവേണ്ടി ഗ്രാന്റ് വർദ്ധിപ്പിച്ച ഒരു ഗവൺമെന്റാണിതെന്ന് അഭിമാനത്തോടുകൂടിയാണ് പറയാൻ കഴിയുന്നത്. 125 ഉറുപ്പിക ആയിരുന്ന അനാഥ ഗ്രാന്റ് 150 ഉറുപ്പികയാക്കി. മലപ്പുറം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിൽ തവനൂരിൽ മന്ദബുദ്ധികളായ; ശരീര വൈകല്യമുള്ള, ആരോഗ്യം വളരെ മോശമായ പാവപ്പെട്ട കുട്ടികൾക്കുവേണ്ടി സ്നേഹതീരം പദ്ധതി തുടങ്ങിയിട്ടുണ്ട്. അതെല്ലാം പാവങ്ങൾക്കുവേണ്ടിയാണ്. പാവങ്ങൾക്കുവേണ്ടി ഗിരിപ്രഭാഷണങ്ങളും ചർച്ചകളും നടത്താതെ അവർക്കാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയത് ഈ ഗവൺമെന്റാണ് എന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വ്യവസായ രംഗത്ത് വിദേശ മുതലാളിമാരെ കേരളത്തിലേയ്ക്ക് ആകർഷിച്ചിട്ടുണ്ടെങ്കിൽ അത് ഐക്യ ജനാധിപത്യമുന്നണി ഭരണം നടത്തിയ കാലഘട്ടത്തിലാണെന്ന് നിങ്ങൾ ഓർക്കണം. ഒരു കാലഘട്ടത്തിൽ വ്യവസായികൾ കേരളത്തിലേയ്ക്ക് വരാൻ മടിച്ചിരുന്നു. അവർ തമിഴ്നാട്ടിലേയ്ക്കും, കർണ്ണാടകത്തിലേയ്ക്കും ചേക്കേറിയിരുന്നു. ഇന്ന് വ്യവസായികൾ നേരിട്ട് ഇവിടെ വരാനും വ്യവസായങ്ങൾ തുടങ്ങാനും തൊഴിൽ ഇല്ലാത്ത ആളുകൾക്ക് തൊഴിൽ ലഭിക്കാനും സാഹചര്യമുണ്ടാക്കി. കേരളത്തിൽ പാവപ്പെട്ടവരുണ്ട്. ഈ പാവപ്പെട്ടവർക്ക് തൊഴിൽ കൊടുക്കാൻ വ്യവസായങ്ങൾ വേണ്ടേ? വ്യവസായങ്ങൾ കൊണ്ടുവരാൻ ഇവിടെ ധാരാളം പ്രവർത്തനങ്ങൾ നടത്തിയിരിക്കുന്നു ആ രംഗത്ത് നിരവധി വ്യവസായങ്ങൾ ഇവിടെ ഒപ്പ് വച്ച് പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. അതെല്ലാം ഇവിടെ വായിക്കാൻ സമയം ധാരാളമെടുക്കും എന്നതിനാൽ ഞാൻ അതിലേയ്ക്ക് വരണമെന്ന് ആഗ്രഹിക്കുന്നില്ല. ഒന്നുരണ്ടെണ്ണം ഞാൻ പറയട്ടെ, എൽ.എൻ.ജി.ടെർമിനൽ, ഗ്യാസ് ഇൻഡ്യ ലിമിറ്റഡിന്റെ പ്രകൃതിവാതക പൈപ്പ് ലൈൻ, അതുപോലെ പെട്രോ കെമിക്കൽ കോംപ്ലക്സ്, സ്മാർട്ട് സിറ്റി, ടെക്നോസിറ്റി, വല്ലാർപ്പാടം കണ്ടെയിനർ ടെർമിനൽ തുടങ്ങിയ പദ്ധതികൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഈ നിയമസഭയിൽ അതിനെക്കുറിച്ച് കളവ് പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. സത്യം മാത്രമേ പറയുന്നുള്ളൂ. എന്റെ പ്രസംഗത്തിൽ എന്തെങ്കിലും അസത്യം ഉണ്ടെങ്കിൽ ആർക്കും ചൂണ്ടിക്കാണിക്കാം. ഒരു കാര്യം കൂടി ഞാൻ ഈ സന്ദർഭത്തിൽ പറയട്ടെ. അപ്പുറത്തും ഇപ്പുറത്തും ഇരുന്നുകൊണ്ട് ഞാൻ പലപ്പോഴായി പ്രസംഗിച്ചിട്ടുണ്ടാകും. ആർക്കെങ്കിലും വിഷമം വല്ലതും ഉണ്ടായിട്ടുണ്ടെങ്കിൽ എന്നോട് ക്ഷമിക്കണം. കുമാരനാശാന്റെ കവിതയിലെ രണ്ടു വരികൾ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

"മദ്വചനങ്ങൾക്ക് മാർദ്ദവമില്ലെങ്കിലു-
ദ്ദേശശുദ്ധിയാൽ മാപ്പു നൽകൂ"

എന്ന കവിത ഇവിടെ ഉദ്ധരിച്ചുകൊണ്ട് എല്ലാ അംഗങ്ങളും എന്റെ ഉദ്ദേശശുദ്ധിയെ കണ്ടുകൊണ്ട് മാപ്പ് നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട്, ഈ ഐക്യജനാധിപത്യമുന്നണിക്കുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ള വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങിക്കൊണ്ടും ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദ് സാഹിബിനേയും അതുപോലെതന്നെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയേയും വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനേയുമൊക്കെ അഭിനന്ദിച്ചുകൊണ്ടും എന്റെ വാക്കുകൾ നിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, ഈ ഗവൺമെന്റിന്റെ അടുത്ത നാല് മാസക്കാലത്തേയ്ക്കുള്ള ചെലവിനുള്ള പണത്തിന് അനുവാദം ചോദിക്കുന്ന ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിൻതാങ്ങുന്നു. കഴിഞ്ഞ കാലത്തെ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങളെപ്പറ്റി വളരെ വിശദമായി സംസാരിക്കാനുള്ള സമയമില്ല. സമാധാനത്തോടുകൂടിയ ഒരു ജീവിതം ഈ രാജ്യത്ത് ഉണ്ടാക്കിയത് ഇന്ന് നിലവിലുള്ള ഗവൺമെന്റ് ഭരണം തുടങ്ങിയതിനുശേഷമാണ്. പറയാൻ നിങ്ങളുടെ ആളുകൾ മിടുക്കരാണ്. ആർക്കും അതിൽ എതിരില്ല. ഇതിനെ എതിർക്കുന്ന ആളുകൾ ഉറക്കെ സംസാരിക്കും ബഹളം കൂട്ടും അതിലൊന്നും കാര്യമില്ല. സമാധാനപരമായി ജീവിതം മുന്നോട്ടു പോകുന്നു എന്ന് സാധാരണക്കാരന് തോന്നാൻ തുടങ്ങിയിട്ട് വർഷങ്ങൾ നാല് മാത്രമേ കഴിഞ്ഞുള്ളു. സാമ്പത്തിക കാര്യമായാലും വിദ്യാഭ്യാസപരമായ കാര്യമായാലും ഏത് കാര്യമായാലും സമാധാനപൂർണ്ണമായി ജീവിതത്തെ കാണാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. ഒന്നു ചോദിച്ചോട്ടെ. കഴിഞ്ഞ നാലര വർഷക്കാലമായി ഏത് രംഗത്താണ് സംസ്ഥാനത്ത് മ്ലാനതയുള്ളത്? ഒരിടത്തുമില്ല. പറയാൻവേണ്ടി ആർക്കും പറയാം. ഉറക്കെ പറഞ്ഞാൽ മിടുക്കാണെന്ന് തെറ്റിദ്ധരിക്കണ്ട. എല്ലാ രംഗങ്ങളിലും മനുഷ്യന്റെ സാധാരണ ജീവിതരംഗങ്ങളിൽ സമാധാനം നിലനിൽക്കുന്നു. ഇന്ന് മൂന്ന് രൂപയ്ക്ക് ആളുകൾക്ക് അരി കിട്ടുന്നില്ലേ? നിങ്ങൾ ഉറക്കെ പറയുന്നതുകൊണ്ട് നിങ്ങൾ സമർത്ഥർ. അതില്ലാത്തതുകൊണ്ട് ഞങ്ങളുടെ ഭാഗത്ത് ഏതാണ്ട് കുറവുണ്ട് എന്ന് തെറ്റിദ്ധരിക്കണ്ട. നിങ്ങളേക്കാൾ ശബ്ദത്തിൽ ഇവിടെ അലറാൻ ഞങ്ങൾക്ക് കഴിയും. പക്ഷെ ഞങ്ങൾ അത് ചെയ്യില്ല. ഉള്ളതേ പറയൂ, ഇന്ന് ഇവിടെ പണ്ടത്തെപ്പോലെ പട്ടിണിയില്ല. ഏത് രംഗത്തും സമാധാനമുണ്ട്. കഴിഞ്ഞ കുറേ മാസങ്ങളായി ഇവിടെ നടക്കുന്നത് ഏത്രയോ വലിയ വികസനങ്ങളാണ്. അതുപോലുള്ള വികസനങ്ങളെപ്പറ്റി നിങ്ങൾ പറയുമെന്നല്ലാതെ വികസനം ഈ രാജ്യത്ത് കൊണ്ടു വരാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ഒന്നും കഴിഞ്ഞിട്ടില്ല. സാധാരണക്കാരന്റെ ജീവിതത്തിൽ ഒരു മാറ്റമുണ്ടാക്കിക്കൊടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ സഹമന്ത്രിമാരും കൂടി പരിശ്രമിക്കുന്നുണ്ട്. എല്ലാം പൂർണ്ണമായി എന്ന് അവകാശപ്പെടാൻ കഴിയുകയില്ല, പക്ഷെ കുറെയൊക്കെ നല്ല കാര്യം ചെയ്യാൻ കഴിഞ്ഞു. കഴിഞ്ഞ നാലേമുക്കാൽ കൊല്ലത്തിനപ്പുറത്തുള്ള കാലങ്ങളിൽ നടന്ന അനീതിപരമായ, അക്രമപരമായ ഭരണവും ഇതുമായിട്ട് ഒന്ന് തട്ടിച്ചുനോക്കിയിട്ട് വേണമായിരുന്നു ശ്രീ. ഗോവിന്ദൻ മാഷ് ഇവിടെ ഉറക്കെ പ്രസംഗിക്കേണ്ടിയിരുന്നത്. എന്തൊക്കെയായിരുന്നു ഇവിടെ നടന്നത്? നിങ്ങൾ നിങ്ങളുടെ ഭരണകാലത്ത് ഒരു ചുക്കും ചെയ്തിട്ടില്ല. ഈ നാലേമുക്കാൽ കൊല്ലം നടന്നത് അതിനേക്കാൾ എത്രയോ ഭേദമാണ്. ഞങ്ങൾ പരിപൂർണ്ണരാണ് എന്നൊന്നും പറയുകയല്ല. പരിപൂർണ്ണതയില്ല; പക്ഷെ കുറേ ഭേദം. എല്ലാപേർക്കും ഒരു നേരമെങ്കിലും ആഹാരം കഴിക്കാനുള്ള വക ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞു. വർത്തമാനം പറയാൻ നിങ്ങൾ മിടുക്കൻമാരാണ്. 'തമ്മിൽ ഭേദം തൊമ്മൻ' എന്ന് പറഞ്ഞത് ശരിയാണ്. തമ്മിൽ ഭേദം തൊമ്മനാണ്. നാലേമുക്കാൽ കൊല്ലത്തിനപ്പുറത്ത്, അവസാനം മുണ്ടും മടക്കികുത്തി ഇറങ്ങിപ്പോയപ്പോൾ എത്രയായിരുന്നു കടത്തിന്റെ ഭാരം? ഞങ്ങൾ

[1.00 p.m]

LIBRARY ARCHIVES Kerala Legislative Assembly

ഇറങ്ങിപ്പോകുമ്പോൾ കടത്തിന്റെ ഭാരമില്ല. സമാധാനപൂർണ്ണമായ ഒരു ജീവിതം കെട്ടിപ്പടുക്കാനും എല്ലാ രംഗങ്ങളിലും അഭിവൃദ്ധിയുണ്ടാക്കാനും എല്ലാ രംഗങ്ങളിലും മനുഷ്യർക്ക് സമാധാനത്തോടുകൂടി ജീവിക്കാനും ഈ നാലേമുക്കാൽ വർഷത്തിനുള്ളിൽ കഴിഞ്ഞിട്ടുണ്ട്. ഇവിടെ ഗവണ്മെന്റ് എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ, പാവപ്പെട്ടവന് ഒരു നേരം ചൂടുകഞ്ഞി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ, കുട്ടികൾക്ക് പഠിക്കാനുള്ള പുതിയ സാമഗ്രികൾ, പുതിയ രീതികൾ ഇതൊക്കെ ചെയ്തിട്ടുണ്ടെങ്കിൽ അത് ഈ ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റല്ലേ ചെയ്തിട്ടുള്ളൂ. സമാധാനപൂർണ്ണമായ ഒരു ജീവിതം മാത്രമേ ഞങ്ങൾ ആഗ്രഹിക്കുന്നുള്ളൂ.

ശ്രീ. സാജു പോൾ: ശ്രീ. കെ. നാരായണക്കുറുപ്പ് സരസനും സഹൃദയനുമാണ്. യഥാർത്ഥത്തിൽ കുറുപ്പേട്ടൻ പറഞ്ഞതൊന്നുമല്ല ഈ ഭരണത്തിൽ നടക്കുന്നത്. എവിടെ തെരഞ്ഞെടുപ്പെത്തിയാലും അവിടെല്ലാം പൂത്ത കറൻസികൾ മാത്രമാണെന്നാണ് കുഞ്ഞുണ്ണിമാഷ് എഴുതിയിട്ടുള്ളത്. അതിനുള്ള ഒരുക്കമല്ലേ ഈ മന്ത്രിമാർ നടത്തുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതിനേക്കാൾ രസകരമായ പാട്ട് എന്റെ കയ്യിലുണ്ട്. ഞാൻ അതു പാടിയാൽ ആരും ഇവിടെനിന്നും പോകുകയില്ല. ഞങ്ങൾ വളരെ ലളിതമായ, സമാധാനപൂർണ്ണമായ ജീവിതം .....ബഹളം..... ഇത് നിയമസഭയാണ്. നിയമസഭയിൽ ചില രീതികളില്ലേ? നിയമങ്ങളില്ലേ? പണ്ടാരോ പറഞ്ഞതുപോലെ പന്തുകളത്തിൽ ചാട്ടവും ചൂട്ടും ശബ്ദവും. ഒരു വാചകം പറയാൻ സമ്മതിക്കില്ല. ഇവിടെ ഞങ്ങളെപ്പോലെയുള്ള ആളുകളെ ബുദ്ധിമുട്ടിപ്പിക്കുകയാണ്. സമാധാനപൂർണ്ണമായി ജീവിതം കെട്ടിപ്പടുക്കാനുള്ള രീതിയിലെങ്കിലും, പട്ടിണി അൽപമെങ്കിലും മാറ്റാൻ, വിദ്യാഭ്യാസ രംഗത്ത് മാറ്റം വരുത്താൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. നിങ്ങളിരുന്ന അഞ്ചു വർഷമാണോ ഈ നാലേമുക്കാൽ വർഷമാണോ സമാധാനം കൂടുതൽ ഉണ്ടായിരുന്നത്; ജനങ്ങൾക്ക് വികസനപ്രവർത്തനങ്ങളുടെ ഫലം കിട്ടിയത്? ഇപ്പോൾ പട്ടിണി കിടക്കുന്നവർ എവിടെയുണ്ട്? ഒരിടത്തും പട്ടിണിയില്ല. എല്ലായിടത്തും വികസനത്തിന്റെ കടുംപാച്ചിലാണ് ഇപ്പോൾ നടക്കുന്നത്. എന്റെ പ്രദേശത്തിന്റെ അനുഭവം നോക്കിയാണ് പറഞ്ഞത്. വികസിക്കാത്ത പ്രദേശങ്ങളില്ല. സമാധാനപരമായ ജീവിതത്തിനുവേണ്ടി അടിത്തറ പാകിക്കൊണ്ട് ഈ കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലം ഈ രാജ്യത്തുള്ള ആളുകൾക്ക് സമാധാനം കൊടുത്ത ഈ ഗവണ്മെന്റ് കൊണ്ടുവന്ന വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. ഞങ്ങൾ ഇനി അധികാരത്തിൽ വരുമോ ഇല്ലയോ എന്നുള്ള സംശയം അങ്ങേ ഭാഗത്തുണ്ട്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ സംസാരിക്കുന്നതു കേട്ടപ്പോൾ ഞാനോർത്തു അദ്ദേഹം മന്ത്രിയായിപ്പോയെന്ന്. പണ്ടൊക്കെ പറയും ഒരിക്കൽ ഇടതൻ, പിന്നെ കോൺഗ്രസ്, പിന്നെ ഇടതൻ. അങ്ങനെയാണ് അധികാരത്തിൽ വരുന്നതെന്ന്. നല്ല കാര്യങ്ങൾ ചെയ്ത കോൺഗ്രസ് ഗവൺമെന്റ് ഇനിയും അധികാരത്തിൽ തുടരുമെന്ന് തെളിയിക്കാൻ പോവുകയാണ്. എല്ലാ രംഗത്തും ഏറെക്കുറെ തൃപ്തികരമായ നിലപാട് കൊണ്ടുവരാൻ നാലേമുക്കാൽ വർഷക്കാലം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയും എന്തൊക്കെ നല്ല കാര്യങ്ങൾ ചെയ്തു. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ പ്രസംഗം കേട്ടാൽ ഇത്ര തകർച്ചയിലേയ്ക്ക് പോയോ ഈ രാജ്യം എന്നു തോന്നിപ്പോകും. എന്നാൽ അങ്ങനെയൊന്നുമല്ല. നിങ്ങളുടെ ഗവൺമെന്റ് കഴിഞ്ഞ പ്രാവശ്യം ചെയ്തതിനേക്കാൾ നല്ല കാര്യങ്ങൾ ഞങ്ങളുടെ ഗവൺമെന്റ് ചെയ്തു. ഇനി രണ്ടുമൂന്നു മാസക്കാലമല്ലേയുള്ളൂ. ഉറപ്പു പറയാൻ ഞങ്ങൾക്ക് കഴിയും. അടുത്ത പ്രാവശ്യം ഐക്യജനാധിപത്യമുന്നണിതന്നെ അധികാരത്തിൽ വരും. ആ കാര്യത്തിൽ സംശയമില്ല. പണ്ടത്തേത് ഇനി ആവർത്തിക്കില്ല. ഈ ഗവൺമെന്റ് ഇവിടെ തുടരുകതന്നെ ചെയ്യും. ജനങ്ങൾക്ക് വേണ്ടതൊക്കെ കൊടുത്ത, സമാധാനപരമായ ജീവിതം കൊടുത്ത, വിദ്യാഭ്യാസ രംഗത്തും, വികസന രംഗത്തും, വ്യാവസായിക രംഗത്തും മാറ്റങ്ങൾ ഉണ്ടാക്കിയ ഗവൺമെന്റാണിത്. സമാധാനപരമായ ജീവിതം കിട്ടത്തക്ക രീതിയിലുള്ള ഒരു നല്ല ഭരണമാണിവിടെ ആവശ്യം. ഞാൻ നിർത്തുന്നു.

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. നാദാപുരം ഗവണ്മെന്റ് ആശുപത്രിയിലെ ചില അടിയന്തിര വിഷയങ്ങളെപ്പറ്റി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഒരു ചർച്ചയ്ക്കു വിളിച്ചിരുന്നു. ഞാൻ ആ യോഗത്തിലായിരുന്നു. കേരളത്തിൽ പൊതുജനാരോഗ്യരംഗത്തെ വിഷയങ്ങൾക്ക് തീർച്ചയായിട്ടും പ്രാധാന്യമുണ്ട്. പക്ഷേ അതിനെല്ലാം വേണ്ടത്ര ഗൗരവം കൊടുക്കുന്നുണ്ടോ എന്ന കാര്യം എല്ലാപേരും ചിന്തിക്കണമെന്നാണ് എന്റെ അപേക്ഷ. എന്ത് വേണമെങ്കിലും ഗവണ്മെന്റിന് പ്രഖ്യാപിക്കാം. ഈ സഭയിൽ വാഗ്ദാനങ്ങളുടെ ഒരു പ്രളയം ഉണ്ടാകാൻ പോവുകയാണ്. നാളെ കഴിഞ്ഞാൽ ബഹുമാന്യരായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമെല്ലാം മൽസരിച്ച് ആർക്കും എന്തും വാരിക്കോരി കൊടുക്കും. ഖജനാവിന്റെ താക്കോൽ വളരെ ഭദ്രമായി കാക്കാൻ ശ്രമിച്ച ശ്രീ. വക്കം പുരുഷോത്തമൻ ഇപ്പോൾ പറയുന്നു എല്ലാം ഉദാരമാക്കിയിരിക്കുന്നു എന്ന്. കോൺഗ്രസ് പാർലമെന്ററി പാർട്ടിയിൽ, യു.ഡി.എഫ്. പാർലമെന്ററി പാർട്ടിയിൽ എല്ലാം പ്രശ്നങ്ങൾക്ക് അന്ത്യം കുറിച്ചുകൊണ്ട് അദ്ദേഹം പറയുന്നു, വരുവിൻ എന്തു വേണമെങ്കിലും പറയുവിൻ, ഞാൻ വാരിക്കോരി തരാമല്ലോ എന്ന്. ഇതെല്ലാം ആരെ വിഢ്ഢിയാക്കാൻ വേണ്ടിയാണ്? കാലാവധി കഴിയാൻ ദിവസങ്ങൾ മാത്രം ബാക്കി നിൽക്കേ ഓരോ വകുപ്പിലും എന്ത് വേണമെങ്കിലും ചെയ്യാമെന്ന് പറയുന്ന യു.ഡി.എഫ്. ഗവണ്മെന്റിന്റെ പോക്ക് ശരിക്കു പറഞ്ഞാൽ, നമ്മുടെ നാട്ടിലെ ജനങ്ങളെ മുഴുവൻ വിഢ്ഢികളാക്കി മാറ്റാനുള്ള ഒരു നീക്കമാണെന്ന് ആർക്കാണറിയാൻ വയ്യാത്തത്? വാഗ്ദാനങ്ങളുടെ പെരുമഴകൊണ്ട് എല്ലാപേരുടെയും കണ്ണുകെട്ടി വീണ്ടും വിജയിച്ചുവരാനാണെങ്കിൽ അത് നടക്കാൻ പോകുന്നില്ല. പണ്ടൊരു ഡോക്ടർ പറഞ്ഞു, ഓപ്പറേഷൻ ഗംഭീര വിജയമാണെന്ന്. അദ്ദേഹം ഒടുവിൽ പറഞ്ഞു, ബട്ട് ദി പേഷ്യന്റ് ഡൈഡ്. അതാണ് യു.ഡി.എഫ്.-നെ കാത്തിരിക്കുന്നത്. നിങ്ങൾ മനഃപായസം ഉണ്ണുകയാണ്. ഏതോ ഒരാൾ വേലിക്കടുത്തുകൂടി നാലുവട്ടം അങ്ങോട്ടും ഇങ്ങോട്ടും നടന്നപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പുറത്ത് പ്രശ്നമായെന്ന്. ഇപ്പോൾ നിങ്ങൾ എല്ലാപേരുംകൂടി ചുവന്ന പരവതാനി വിരിച്ച് ഇങ്ങോട്ടു വിളിക്കാൻവേണ്ടി പാടുപെടുമ്പോൾ ജാഗ്രത പാലിക്കുക, സൂക്ഷിക്കുക. നിങ്ങൾ അവധികൊടുത്ത് മാറ്റിവച്ച എല്ലാ പ്രശ്നങ്ങളും യു.ഡി.എഫ്.-നെ കാത്തിരിക്കുന്നു. അത് മറന്നുപോകാതിരിക്കുക. എപ്പോഴും ഗവണ്മെന്റിന്റെ വാദം വികസനത്തെപ്പറ്റിയാണ്. കേരളം വികസിക്കണം. ഞങ്ങൾ വീണ്ടും പറയുന്നു കേരളം വികസിക്കണം. "കേരളം വളരുന്നു, പശ്ചിമഘട്ടങ്ങളെ കേറിയും കടന്നും അന്യമാം ദേശങ്ങളി"ലെന്ന് പാടിയ കവിയുടെ വികാരത്തെ എൽ.ഡി.എഫ്. പൂർണ്ണമായും പങ്കുവയ്ക്കുകയാണ്. പക്ഷേ, ഇവിടെ വികസനമെന്ന വാക്ക് നിരന്തരമായി പറഞ്ഞുകൊണ്ട് ജനങ്ങളെ പൂർണ്ണമായി മറക്കുന്ന ഒരു ഭ്രാന്തിന്റെ രൂപത്തിലാണല്ലോ യു.ഡി.എഫ്. ഗവണ്മെന്റ് 5 കൊല്ലം പൂർത്തിയാക്കാൻ പോകുന്നത്. വികസനമെന്ന ആ വാക്ക് എവിടെയാണ്? ജനങ്ങളിൽ ഭൂരിപക്ഷംപേരും ജീവിക്കുന്ന പരമ്പരാഗത മേഖലയെ തകർത്ത ഗവണ്മെന്റ് മറുപടി പറയണം. വ്യവസായങ്ങളെ പൂട്ടിച്ച യു.ഡി.എഫ് മറുപടി പറയണം. കാർഷിക മേഖലയുടെ കുമ്പടപ്പിച്ച യു.ഡി.എഫ്. ഇതിന് മറുപടി പറയണം. വിദ്യാഭ്യാസത്തെ കാലോചിതമാക്കി മാറ്റി കച്ചവടരതിനുവേണ്ടി നിരന്തരം ആഹ്വാനം മുഴക്കിയ യു.ഡി.എഫ്. മറുപടി പറയണം. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു, കൃഷിയുടെ പ്രാധാന്യം പോയെന്ന്. അദ്ദേഹം പറഞ്ഞു, ആരോഗ്യരംഗത്തും സർവീസ് മേഖലയിലും പ്രാധാന്യം വരികയാണെന്ന്. അദ്ദേഹം ബോധപൂർവ്വം വിദ്യാഭ്യാസമേഖലയെക്കുറിച്ച് മിണ്ടിയില്ല. അങ്ങേയ്ക്ക് നിരാശ വേണ്ട. വിദ്യാഭ്യാസരംഗത്തെ ഒന്നാന്തരം കച്ചവടകേന്ദ്രമാക്കി ഗവണ്മെന്റ് മാറ്റി. വിദ്യാഭ്യാസമേഖലയെ പണമുള്ളവന് പണം എറിഞ്ഞ് പണം കൊയ്യാനുള്ള കമ്പോളത്തിലെ വിഹാരകേന്ദ്രമാക്കി മാറ്റി. പണമുള്ളവർക്കു വേണ്ടി മാത്രമുള്ളതാണ് ഇന്ന് വിദ്യാഭ്യാസ സ്വാശ്രയ മേഖല. ഗവണ്മെന്റിന്റെ എല്ലാ നിയമങ്ങളും നിർദ്ദേശങ്ങളും മറികടന്നുകൊണ്ട് കൊട്ടിഘോഷിച്ച, രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവണ്മെന്റ് കോളേജെന്ന ഇക്വേഷന് എന്തു പറ്റി? സ്വാശ്രയ കോളേജുണ്ട്, എന്നാൽ അവിടെ മെറിറ്റിൽ പ്രവേശനമില്ല, സംവരണമില്ല. ഗവൺമെന്റ് ഒത്തുകളിക്കുകയാണ്. ഈ ഗവണ്മെന്റ് അതിനെയൊരു കലയാക്കി മാറ്റി. ഹൈക്കോടതിയിലും സുപ്രീം കോടതിയിലുമെല്ലാം മറുഭാഗത്തിനുവേണ്ടി ഒത്തുകളിക്കുന്ന വക്കീലൻമാരെ പറഞ്ഞയയ്ക്കുന്ന ഗവണ്മെന്റാണിത്. ഗവണ്മെന്റ് ലോട്ടറി കേസിൽ ഒത്തു കളിച്ചു; സ്വാശ്രയ കേസിൽ ഒത്തു കളിച്ചു; വനം കേസിൽ ഒത്തുകളിച്ചു. ജനങ്ങളുടെ താൽപര്യങ്ങളെല്ലാം ഒറ്റിക്കൊടുത്തുകൊണ്ട് കച്ചവടക്കാർക്കും കൊള്ളക്കാർക്കുംവേണ്ടി തുടരുന്ന ഒരു ഗവൺമെന്റല്ലേ യു.ഡി.എഫ്. ഗവൺമെന്റ്? അതുകൊണ്ട് വഞ്ചിക്കപ്പെട്ടു എന്ന് പറഞ്ഞുകൊണ്ട് ആരും കരയരുത്. ഈ കൊള്ളക്കാരെല്ലാം, മാഫിയ തമ്പുരാക്കൻമാരെല്ലാം നിങ്ങളെ വഞ്ചിക്കാനായി നിങ്ങൾ സ്വയം തലകുനിച്ചുപിടിച്ചുകൊണ്ട് വഞ്ചിക്കു എന്ന് ആഹ്വാനം മുഴക്കി കാത്തിരുന്ന കാഴ്ച ഞങ്ങളെല്ലാവരും കണ്ടു. ജനങ്ങൾ നിങ്ങളെ വെറുതെ വിടാൻ പോകുന്നില്ല. വികസനകാര്യങ്ങളെല്ലാം പരാമർശിക്കുമ്പോൾ ലോകത്തിന് മുഴുവൻ ബാധകമായ മൗലിക പ്രശ്നങ്ങളുണ്ട്. വികസനം വേണം, but for whom? അതാണ് അടിസ്ഥാന പ്രശ്നം.

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് വികസനം? വികസനമെന്ന് പറഞ്ഞാൽ ജനങ്ങളിലെ ഭൂരിപക്ഷം പേർക്കും ഇന്നുള്ളതിനേക്കാളും മെച്ചപ്പെട്ട രീതിയിൽ ജീവിക്കാനാകുന്ന അവസ്ഥ. അതാണ് വികസനം. യു.ഡി.എഫ് ആ വികസനം നടപ്പിലാക്കിയോ? നിങ്ങൾ പട്ടിണിക്കാരെ പട്ടിണിക്കാരാക്കി മാറ്റി, പൊതുമേഖലയെ തകർത്തു, റേഷനിംഗ് ഓഫീസ് പൂട്ടിച്ചു. നിങ്ങൾ എല്ലാ രംഗത്തും കേരളത്തിലെ മഹാഭൂരിപക്ഷം ആളുകളേയും കണ്ണീർക്കയങ്ങളിലേയ്ക്ക് എടുത്തെറിഞ്ഞു. നിങ്ങൾ പിന്നെയും പറയുന്നു വികസനമെന്ന്. അടിസ്ഥാന പ്രശ്നം ഒന്ന് മാത്രമാണ്. ആ പ്രശ്നം ലോകത്ത് എല്ലായിടത്തുമുണ്ട്. വികസനം man friendly ആകണമോ market friendly ആകണമോ അതാണ് ചോദ്യം. യു.ഡി.എഫ് ഇപ്പോഴെങ്കിലും പറയണം. യു.ഡി.എഫ്. വിവക്ഷിക്കുന്ന, കൊട്ടിഘോഷിച്ച, ഇനിയും കൊട്ടിഘോഷിക്കാൻ പോകുന്ന ഈ വികസനത്തിന്റെ കേന്ദ്രസ്ഥാനത്ത് നിങ്ങൾ ആരെ പ്രതിഷ്ഠിക്കും? ഞങ്ങൾ ഇടതുപക്ഷം പറയുന്നു, വികസനത്തിന്റെ കേന്ദ്ര സ്ഥാനത്ത് മനുഷ്യരെ പ്രതിഷ്ഠിക്കണം. വികസനം മനുഷ്യന് വേണ്ടിയാകണം. വികസനം ലാഭത്തിന് വേണ്ടിയല്ല, കമ്പോളത്തിന് വേണ്ടിയല്ല. ലാഭത്തിന്റേയും പണത്തിന്റേയും കമ്പോളത്തിന്റെയും ചൊല്ലും വിളിയും കേട്ടുകൊണ്ട് നാടിന്റെ ഏറ്റവും പ്രിയങ്കരമായ മൂല്യങ്ങളെയെല്ലാം ഒറ്റിക്കൊടുക്കുന്ന നീക്കത്തിനെ നിങ്ങൾ കളളപ്പേരിട്ട് വിളിക്കുന്നു വികസനമെന്ന്. ഉറപ്പിച്ചു പറയട്ടെ അത് വികസനമല്ല. ജനങ്ങൾ അതിനെ ശരിവയ്ക്കാൻ പോകുന്നില്ല. ഞാൻ 'ജിം'-ന്റെ മാമാങ്കമൊന്നും ആവർത്തിക്കാൻ പോകുന്നില്ല. അതെല്ലാം പാളിപ്പോയല്ലോ. പണമുള്ളവന് അതിനുവേണ്ടി ചെലവഴിച്ച അഞ്ച് കോടി രൂപയ്ക്ക് എന്ത് ഫലമാണുണ്ടായത്? ഓരോ രംഗത്തും ദീവാളി കുളിക്കാൻ വേണ്ടി നിങ്ങൾ വാരിക്കൊടുത്ത ആ പണത്തിന്റെ ഫലമായി ഒന്നും ഉണ്ടായില്ലല്ലോ? ഇവിടെ കണക്ക് വായിക്കുമ്പോൾ പറയണം. കേന്ദ്ര പൊതുമേഖലാ നിക്ഷേപങ്ങളുടെ കണക്ക് മാത്രം വായിച്ചിട്ട് കാര്യമില്ല. വല്ലാർപാടം ടെർമിനൽ വന്നു. അത് കേന്ദ്രത്തിന്റെ നിക്ഷേപമാണ്. കേന്ദ്ര നിക്ഷേപകരുടെ കണക്ക് വായിച്ചിട്ട് 'ജിം' കൊണ്ട് നേട്ടമുണ്ടായില്ലേ എന്നു പറഞ്ഞാൽ ഞങ്ങൾ പറയുന്നു, 'ജിം' അതിന് വേണ്ട. ഇൻഡ്യയുടെ ഭാഗമാണ് കേരളമെങ്കിൽ നമുക്ക് സെൻട്രൽ ഷെയർ ലഭിച്ചേ തീരൂ. ദേശീയ സമ്പത്തിന്റെ അപ്പം പങ്കിടുമ്പോൾ സംസ്ഥാനത്തിന്റെ പങ്ക് ലഭിച്ചേ തീരൂ. നമുക്കത് കിട്ടി. യു.പി.എ. ഗവൺമെന്റിന്റെ ആ നീക്കത്തെ ഞങ്ങൾ ശരിവയ്ക്കുന്നു. അതിന് 'ജിം'-ന്റെ ആവശ്യമില്ല എന്ന കാര്യം ഉറപ്പിച്ച് പറയട്ടെ. ആ സംഖ്യ മാറ്റി വച്ചാൽ 'ജിം'-ന്റെ ഫലമായിട്ട് ഉണ്ടായത് ശരിക്കുപറഞ്ഞാൽ ഏതോ ജൗളിക്കട, സ്വർണ്ണക്കട, വർക്കുഷോപ്പ് അതെല്ലാമാണെങ്കിൽ അതല്ലല്ലോ 'ജിം' പ്രഖ്യാപിച്ചത്. ഇവിടെ ഇൻവെസ്റ്റുമെന്റ് വന്നിട്ട്, അതിലൂടെ ഉൽപ്പാദനം കൂടിയിട്ട് തൊഴിലവസരം ഉണ്ടാക്കുമെന്ന് പറഞ്ഞു. 'ജിം' പൂർണ്ണമായിട്ടും പാളിപ്പോയില്ലേ? ശ്രീ. ഖാദർ ഒരിക്കൽ സഭയിൽ പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞത്, മറാക്കഷ് ഹിസ്റ്ററിയായിരുന്നു, ഡങ്കൽസ് ഡ്രാഫ്റ്റിനെപ്പറ്റിയായിരുന്നു. അദ്ദേഹം ട്രിപ്സിനെപ്പറ്റിയും ട്രിംസിനെപ്പറ്റിയും പറഞ്ഞു. അദ്ദേഹം ഗാട്ട്-നെയും ഡബ്ല്യൂ.റ്റി.ഒ.യെയും പറ്റി പറഞ്ഞു. അദ്ദേഹം ഒടുവിൽ പറഞ്ഞു, there is no alternative. ശരിക്കുപറഞ്ഞാൽ ആ വാദം ശ്രീ. ഖാദറിന്റേതല്ല, ആ വാദം യു.ഡി.എഫ്.-ന്റേതല്ല. ആ വാദം ലോകബാങ്കും ഐ.എം.എഫ്-ഉം



LIBRARY ARCHIVES Kerala Legislative Assembly

ലോകത്തെല്ലാം പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന ഒരു വാദമാണ്. അതിന്റെ പേര് ടീന സിൻട്രോം എന്നാണ്. There is no alternative. ഞങ്ങൾക്ക് ആ വാദം സ്വീകാര്യമല്ല. There is an alternative. ഒരു alternative-നുവേണ്ടിയാണ് ഞങ്ങൾ നിലകൊള്ളുന്നത്. ഞങ്ങൾ അതിനുവേണ്ടി പോരാടിക്കൊണ്ടിരിക്കുകയാണ്. ലോകത്തെ അനവധി കോടി ജനങ്ങൾ വിളിച്ചുപറയുകയാണ് another world is possible എന്ന്. മറ്റൊരു ലോകം സാദ്ധ്യമാണ്. സോഷ്യലിസം എന്ന വാക്ക് അശ്ലീലമാണെന്ന് നിങ്ങൾ എല്ലാവരും പറഞ്ഞില്ലേ? പൊതുമേഖല ഭ്രാന്താണെന്ന് നിങ്ങൾ പറയുന്നില്ലേ? അമേരിക്കയുടെ തിരുവായ്ക്ക് എതിർവാ പാടില്ലെന്ന് പറഞ്ഞില്ലേ? അമേരിക്കയുടെ മൂക്കിന് താഴെയുള്ള രാജ്യങ്ങൾ ഏഴെണ്ണം പറയുകയാണ്. another world is possible. ക്യൂബ ഒറ്റയ്ക്കല്ല. വെനസ്വേല, അർജന്റീന, ബൊളീവിയ അങ്ങനെ ആ പരമ്പരകളെല്ലാം വലുതായിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ശ്രീ. ബിനോയ്, ആഗോളവൽക്കരണത്തിന്റെ കാര്യങ്ങളൊക്കെ പറയുമ്പോൾ ഇവിടെ വിശദീകരിക്കേണ്ട ശ്രദ്ധേയമായ ഒരു കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട് പഞ്ചായത്തിലെ സ്ത്രീകളുൾപ്പെടെ മൂവായിരത്തിലധികം ആളുകൾക്ക് സുനാമിബാധിതർക്കുള്ള ദുരിതാശ്വാസ സഹായം ലഭിച്ചിട്ടില്ല, ബാങ്കുകൾ അവരെ ജപ്തി ചെയ്യുന്നു എന്നുപറഞ്ഞുകൊണ്ട് സെക്രട്ടേറിയറ്റ് പടിക്കൽ വന്നിരിക്കുകയാണ്. ഈ ഗവൺമെന്റ് ഇതുപോലെയുള്ള വഞ്ചനയല്ലേ നടത്തിക്കൊണ്ടിരിക്കുന്നത്? ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽ വന്നില്ലേ?

ശ്രീ. ബിനോയ് വിശ്വം: തീർച്ചയായിട്ടും ശരിയാണ്. ഞാൻ ആ കാര്യം പറയാൻ പോവുകയാണ്. ആലപ്പാട്ടുള്ള ജനങ്ങളുടെ നിവേദനം എന്റെ മുൻപിലുണ്ട്. ഇവിടെ ഒരു വാദം കേൾക്കുന്നുണ്ട്. പാവങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളൊന്നും ഇവിടെ മിണ്ടാൻ പാടില്ല എന്ന്. സഭയുടെ മേശപ്പുറത്ത് അവരുടെ സങ്കടത്തിന്റെ ഹർജി വയ്ക്കാൻ പാടില്ലെന്ന വാദം വരികയാണ്. ഞാൻ വിശ്വസിക്കുന്നത്, നിയമസഭയുടെ മേശപ്പുറത്ത് പാവപ്പെട്ടവന്റെ കണ്ണീർ വീണ ഏത് രേഖയും വയ്ക്കാം. പട്ടിണിക്കാരന്റെ സങ്കടം പറയാം. അതെല്ലാം പറഞ്ഞാൽ പാപമാണ് എന്ന വാദം അസ്വീകാര്യമാണ്. ഇവിടെ രാവിലെ എന്തെല്ലാമാണ് മേശപ്പുറത്ത് വച്ചതെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയണം. അദ്ദേഹം രാവിലെ മേശപ്പുറത്ത് വച്ച ഏതെങ്കിലും പേപ്പർ അവിടെയുണ്ടോ? ഇല്ല. ഈ മേശപ്പുറത്ത് വയ്ക്കൽ എന്നുപറഞ്ഞാൽ സഭയെ വഞ്ചിക്കാൻ വേണ്ടിയുള്ള, അവഹേളിക്കാൻ വേണ്ടിയുള്ള ഒരു നീക്കമായി മാറാൻ പാടില്ല. അതുകൊണ്ട് ആലപ്പാട്ട് കഷ്ടപ്പെടുന്നവരുടേയും കശുവണ്ടി രംഗത്തെ പാവപ്പെട്ടവരുടേയും പൂട്ടിപ്പോയ തോട്ടങ്ങളിലെ ദരിദ്രന്റേയും എല്ലാം പ്രശ്നങ്ങൾ സഭയിൽ പറയാമെന്ന് മാത്രമല്ല, ഉന്നയിക്കുന്ന ആളുകൾക്ക് അതു സംബന്ധിച്ച രേഖകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാനുള്ള അധികാരവുമുണ്ടെന്നാണ് എന്റെ വിശ്വാസം. അല്ലാതെ സാങ്കേതിക കാരണം പറഞ്ഞുകൊണ്ട് മേശപ്പുറത്ത് അതൊന്നും പാടില്ല എന്ന വാദം ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സ്ഥിരമായി പറയുന്നത്, സി.പി.ഐ., സി.പി.ഐ.(എം) ബന്ധത്തെപ്പറ്റിയാണ്. ഈ പറയുന്ന ആർക്കുമറിയില്ല ആ ബന്ധമെന്താണെന്ന്. സി.പി.ഐ., സി.പി.ഐ.(എം) ബന്ധം കാലത്തിന്റെ എല്ലാ പരീക്ഷണങ്ങളേയും അതിജീവിച്ചുകൊണ്ട് ഈ നാട്ടിലെ ഏറ്റവും വലിയ ശക്തിമത്തായ ബന്ധങ്ങളിൽ ഒന്നാണ്. ആ ബന്ധത്തെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കും. ആ ബന്ധമാണ് ഇടതുപക്ഷ ഐക്യത്തിന്റെ അസ്ഥിവാരം. സി.പി.ഐ.-യുടെ രാഷ്ട്രീയ പ്രമേയത്തിലെ ഭാഗം വായിക്കാം. ഞങ്ങളുടെ പാർട്ടിക്ക് രാഷ്ട്രീയ courtesy ഉണ്ട്. രാഷ്ട്രീയപ്രമേയങ്ങൾ ഞങ്ങളെ വഴികാണിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രകാശഗോപുരങ്ങളാണ്. എന്റെ പക്കൽ സി.പി.ഐ രേഖയും സി.പി.ഐ.(എം) രേഖയുമുണ്ട്. സി.പി.ഐ. രേഖ പറയുന്നു, ഒരു ബദൽ പരിപാടിയുടെ അടിസ്ഥാനത്തിലുള്ള ഇടതുപക്ഷജനാധിപത്യ മുന്നണി കെട്ടിപ്പടുക്കാനുള്ള ഏത് ശ്രമത്തിന്റെയും തിരിക്കുറ്റി ഇടതുപക്ഷമായിരിക്കും. ഇടതുപക്ഷത്തിന് അതിന്റെ പങ്ക് ഫലപ്രദമായി നിറവേറ്റാൻ ഇടതുപക്ഷ ഐക്യം കൂടുതൽ ദൃഢീകരിക്കുകയും സാദ്ധ്യമായത്ര വ്യാപകമാക്കുകയും വേണം. കമ്മ്യൂണിസ്റ്റ് ഐക്യമില്ലാതെ ശക്തിമത്തും ഐക്യപ്പെട്ടതുമായ ഇടതുപക്ഷത്തിന്റെ മുന്നേറ്റത്തിന് സ്ഥിരതയുണ്ടാകണമെന്ന് സി.പി.ഐ പ്രമേയം പറയുന്നു. സി.പി.ഐ.(എം) പ്രമേയം പറയുന്നത്, ഇടതുപക്ഷത്തിന്റെ പങ്ക് വർദ്ധിച്ചിട്ടുള്ളതിനാൽ ഇടതുപക്ഷ കക്ഷികൾക്കിടയിൽ ഇനിയും ദൃഢകരമായ ഏകോപനം ആവശ്യമായിരിക്കുന്നു. ഇടതുപക്ഷ പാർട്ടികളുടെ ഏകോപന സമിതി യോഗം ചേർന്നതിൽ ആ ഐക്യം പ്രതിഫലിച്ച് കാണാം. നാല് ഇടതുപക്ഷ പാർട്ടികൾ തമ്മിലുള്ള ഇപ്പോഴത്തെ ഐക്യം ശക്തിപ്പെടുത്തുക എന്ന കടമ മാത്രമല്ല പൊതുവായ ഇടതുപക്ഷ പരിപാടിയിലേക്ക് ഇടതുപക്ഷ മനസ്ഥിതിക്കാരായ എല്ലാ വ്യക്തികളെയും ഗ്രൂപ്പുകളെയും ആകർഷിച്ചുകൊണ്ടു വരുന്നതും സി.പി.ഐ.(എം) ഏറ്റെടുക്കേണ്ട കർത്തവ്യമാണെന്ന് സി.പി.എം. പ്രമേയം പറയുന്നു. ഇതൊന്നും അറിയാത്തവർ ഏതെല്ലാമോ സാങ്കൽപ്പിക ലോകത്തിലെ എന്തെല്ലാമോ കണ്ടുകൊണ്ട് ഇടതുപക്ഷ ഐക്യം ശിഥിലമാണെന്ന് പറഞ്ഞാൽ ഞങ്ങൾ പറയട്ടെ, നിങ്ങൾ ആരെങ്കിലും ഊതിയാൽ കെട്ടുപോകുന്ന വെളിച്ചമല്ല ഈ വെളിച്ചം. പട്ടിണിക്കാരുടേയും പാവങ്ങളുടേയും.....

ശ്രീ. എ. എൻ. രാജൻ ബാബു: ബഹുമാനപ്പെട്ട മെമ്പർ, സി.പി.ഐ.യുടേയും സി.പി.ഐ.(എം)-ന്റേയും ബന്ധത്തെക്കുറിച്ച് ഞങ്ങൾക്കറിയില്ലെന്ന് പറഞ്ഞു. ശ്രീ. വെളിയം ഭാർഗ്ഗവൻ ശ്രീ. പിണറായി വിജയനെ സംബന്ധിച്ചും ശ്രീ. പിണറായി വിജയൻ ശ്രീ. വെളിയം ഭാർഗ്ഗവനെ സംബന്ധിച്ചും പറയുന്നതാണോ ആ ബന്ധം?

ശ്രീ. ബിനോയ് വിശ്വം : സർ, നിങ്ങൾ എവിടെയാണ് ജീവിക്കുന്നത്. സഖാവ് വെളിയം ഭാർഗ്ഗവനും സഖാവ് പിണറായി വിജയനും പറഞ്ഞ എല്ലാ കാര്യങ്ങളും ഈ പ്രമേയത്തിന് താഴെയാണ്. അതാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. അല്ലാതെ ഈ പ്രമേയം പറയാത്ത അതിൽപ്പെടാത്ത ഒന്നും ഇല്ല. സഖാവ് വെളിയം ഭാർഗ്ഗവന്റെയും സഖാവ് പിണറായി വിജയന്റെയും ഒറ്റ പ്രസ്താവനയ്ക്കകത്തുണ്ട്. അതുകൊണ്ട് ഈ വാദങ്ങൾ ഒന്നും- നിങ്ങൾ കാണുന്ന മനപ്പായസമുണ്ടല്ലോ

LIBRARY ARCHIVES Kerala Legislative Assembly

ആ മനപ്പായസം ഇവിടെ വേകാൻ പോകുന്നില്ല. 5 കൊല്ലക്കാലം നാടിനെ മുഴുവൻ വഞ്ചിച്ച യു.ഡി.എഫ്.ന്റെ ഭരണം തകർക്കാനുള്ള വമ്പിച്ച പോരാട്ടം ആരംഭിക്കാൻ പോവുകയാണ്. ആ പോരാട്ടത്തിൽ സി.പി.ഐ.യും സി.പി.ഐ.(എം)-ഉം കൈകൾ കോർത്ത് പിടിക്കും, ആ സമരത്തിൽ ഞങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ടു പോകും. യു.ഡി.എഫ്., ബി.ജെ.പി.ക്ക് ഒപ്പം ഐക്യപ്പെട്ടാലും കൊള്ളാം നിങ്ങൾ ഇറാനെ പറഞ്ഞാലും കൊള്ളാം നിങ്ങൾ ഇറാനെയും അമേരിക്കയേയും എല്ലാത്തിനെയും കുത്തിയിളക്കിയാലും ശരി, ഈ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് ദയനീയമായി തോൽക്കും. പ്രതിപക്ഷത്തിന്റെ മുന്നേറ്റം കാണാൻവേണ്ടി കേരളം കാത്തിരിക്കുന്നു. നിയമസഭയിൽ ആ വികാരം ഞാൻ ഉറപ്പിച്ചുപറയുന്നു. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തിയായി ഞാൻ എതിർക്കുന്നു.

ഡോ: കെ. സി. ജോസഫ്: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. നാല് മാസത്തേയ്ക്ക് ഒരു വോട്ട് ഓൺ അക്കൗണ്ട് കൊണ്ടുവരാൻ കഴിഞ്ഞനാലേമുക്കാൽ വർഷത്തെ ഭരണപരാജയത്തിന്റെ പടുകുഴിയിൽ നിൽക്കുന്ന യു.ഡി.എഫ്.-ന് ധാർമ്മികമായ അവകാശമില്ല. മേയ് മാസം 31 വരെയുള്ളതല്ലാതെ അതിന് അപ്പുറത്തേയ്ക്ക് ഇതിൽനിന്നു ചെലവഴിക്കാൻ ഒക്കുകയില്ല. 1996-ൽ അധികാരത്തിൽ വന്ന ഗവൺമെന്റിനെതിരെ 2001-ൽ നിങ്ങൾ പറഞ്ഞ കാര്യങ്ങളും അന്ന് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളും അനുസരിച്ചുള്ള ഭരണമല്ല കഴിഞ്ഞ നാലേമുക്കാൽ വർഷമായി ഇവിടെ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. നിങ്ങൾ സംസ്ഥാന താല്പര്യം വിസ്മരിച്ചു സംസ്ഥാനത്തെ സാധാരണക്കാരുടെ താല്പര്യങ്ങൾ വിസ്മരിച്ചു, നിങ്ങളുടെ പ്രയോറിറ്റി ഈ സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനോ സാധാരണക്കാരന് ആശ്വാസം നൽകുന്നതിനോ ആയിരുന്നില്ല. കേരളം കഴിഞ്ഞ കുറെ വർഷങ്ങളായി നേടിയെടുത്ത എല്ലാ നേട്ടങ്ങളും ഇല്ലായ്മപ്പെടുത്തി ഈ സംസ്ഥാനത്തെ സർവ്വ മേഖലയേയും സർവ്വനാശത്തിലേയ്ക്ക് നയിക്കുന്ന ഭരണമാണ് നിങ്ങൾ നടത്തിയത്. അടിസ്ഥാന മേഖലയായ കാർഷിക മേഖലതൊട്ട് വ്യവസായ വാണിജ്യ മേഖലയെല്ലാം നിങ്ങൾ തകർത്തു. ഇവിടെ നമ്മുടെ ഏറ്റവും വലിയ സംഭാവന സേവന രംഗത്തായിരുന്നു. നമ്മൾ അഭിമാനപൂർവ്വം ലോക രാഷ്ട്രങ്ങളുടെ ഇടയിൽപ്പോലും പറഞ്ഞ നേട്ടങ്ങളാണ് ആരോഗ്യ വിദ്യാഭ്യാസമേഖലയിൽ നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായ നേട്ടങ്ങൾ മുഴുവൻ നിങ്ങൾ തകർത്തില്ലേ? ആരോഗ്യരംഗം നോക്കിയാൽ നാം ആട്ടിയോടിച്ച മുഴുവൻ രോഗങ്ങളും ഇന്നു മടങ്ങി വരുന്ന സ്ഥിതിയാണ്. ആരോഗ്യമേഖല തകർന്നു. ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന്റെ കാര്യത്തിൽ പൂർണ്ണമായി നമ്മൾ പരാജയപ്പെട്ടിരിക്കുന്നു. നമ്മൾ ആ രംഗങ്ങളിൽ നേടിയെടുത്ത നേട്ടങ്ങൾ നിലനിർത്താൻ പോലും കഴിയുന്നില്ല. എന്തുകൊണ്ട് സർക്കാരിന്റെ മുതൽമുടക്ക് ഏറ്റവും സുപ്രധാനമായ ഈ മേഖലയിൽ കുറഞ്ഞുവന്നു? ശ്രീ. വർക്കല കഹാർ 300 ഐ.പി. തുടങ്ങുന്നതിനെക്കുറിച്ച് പറഞ്ഞു. ഐ.പി. തുടങ്ങുന്നതും ഏതാനും സ്റ്റാഫ് ക്രിയേഷൻ നടത്തുന്നതുമല്ല വിഷയം. അനാരോഗ്യവാന്മാരായ ജനങ്ങളെ സംരക്ഷിക്കാനുള്ള നടപടി എത്ര

LIBRARY ARCHIVES Kerala Legislative Assembly

ത്തോളമായി എന്നുള്ളതാണ് മുഖ്യവിഷയം. വിദ്യാഭ്യാസ രംഗത്ത് പാവപ്പെട്ടവന് വിദ്യാഭ്യാസം നൽകാനുള്ള മുതൽമുടക്ക് കുറച്ചു. കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ നിങ്ങൾ സർക്കാർ/എയ്ഡഡ് മേഖലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെങ്കിലും പുതിയ കോഴ്സ് കൊടുക്കാൻ തയ്യാറായോ? നിങ്ങൾക്ക് കഴിഞ്ഞില്ല എന്നുമാത്രമല്ല, എയ്ഡഡ് മേഖലയിൽപ്പോലും രണ്ടുതരം വിദ്യാഭ്യാസം. ഒരു കാലഘട്ടത്തിലും ഇല്ലാത്തതുപോലെ സ്വാശ്രയ കോഴ്സുകൾ പോലും എയ്ഡഡ് മേഖലയിൽ തുടങ്ങി. അങ്ങനെ ഘട്ടം ഘട്ടമായി എയ്ഡഡ് വിദ്യാഭ്യാസ മേഖലയെപ്പോലും സ്വാശ്രയവൽക്കരിക്കാൻ വേണ്ടിയിട്ടുള്ള ഒരു ശ്രമം നിങ്ങൾ നടത്തി. ഇത് നടത്തുന്നത് ആരാണ്? ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ പാർട്ടിയായ കോൺഗ്രസ്. ഇവിടെ സ്വകാര്യ വിദ്യാഭ്യാസ രംഗത്ത് പ്രൈവറ്റ് മാനേജുമെന്റുകൾ നടത്തുന്ന നടപടികൾ പോര എന്നു പറഞ്ഞുകൊണ്ട് അവിടെ പാവപ്പെട്ടവർക്ക് വിദ്യാഭ്യാസം നൽകാൻവേണ്ടി ഡയറക്ട് പേമെന്റിനുവേണ്ടി സമരം നടത്തിയ ആൾക്കാർ സ്വകാര്യവൽക്കരണത്തിലേയ്ക്ക് പോകുന്ന, സ്വാശ്രയവൽക്കരണത്തിലേയ്ക്ക് പോകുന്ന ഒരു സ്ഥിതി വന്നു. ഇതാണോ കേരളത്തിന്റെ പാരമ്പര്യം? വികസന രംഗത്ത് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കേരളം കൈക്കൊണ്ട നിലപാട് അതാണോ? ഇടതുപക്ഷമോ വലതുപക്ഷമോ എന്നുള്ളതല്ല, മാറി മാറി ഗവൺമെന്റുകൾ വന്നപ്പോഴും ഈ ഗവൺമെന്റുകളെല്ലാം ഒരു പൊതു താല്പര്യത്തിൽ വിദ്യാഭ്യാസ മേഖലയ്ക്കും ആരോഗ്യമേഖലയ്ക്കും പ്രാധാന്യം നൽകിക്കൊണ്ട് പാവപ്പെട്ടവരെ സാധാരണക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി കൈക്കൊണ്ടിരുന്ന നിലപാട് പൂർണ്ണമായി തകർത്ത് അറുപിന്തിരിപ്പൻ നയത്തിലൂടെ നിങ്ങൾ വ്യാപാരവൽക്കരണത്തിലേയ്ക്ക് പോയി. നിങ്ങൾ കാണിച്ച ഏറ്റവും പ്രധാനപ്പെട്ട കുഴപ്പം അതാണ്. കൃഷിമേഖലയെ സംബന്ധിച്ച് ഞാൻ കഴിഞ്ഞ ബഡ്ജറ്റിന്റെ ചർച്ചയിൽ പറഞ്ഞു. ഇവിടെ ഉല്പാദന മേഖലയിൽ ഉല്പാദനം കുറഞ്ഞു. ഉൽപ്പന്നങ്ങളുടെ വിലയും കുറഞ്ഞു. സാമ്പത്തികമായ മന്ദത വന്നു. റബ്ബർ മേഖലയിലെ വികാസത്തിൽ ഇവർക്ക് യാതൊന്നും അവകാശപ്പെടാനില്ല. അന്തർദ്ദേശിയ മാർക്കറ്റിൽ ഉണ്ടായ ചലനത്തിന് അനുസരിച്ച് ഇവിടെയുണ്ടായ മാറ്റം മാത്രമാണത്. കാർഷിക മേഖലയിൽ നിങ്ങളുടേതായ ഒരു സംഭാവനയും ഇല്ല. അഗ്രികൾച്ചറൽ ക്രെഡിറ്റ് കുറഞ്ഞുവരുന്നു. ഇന്ന് ബഹുമാനപ്പെട്ട കെ. എം. മാണി ഭവന നിർമ്മാണ വായ്പയുടെ പലിശ കുറച്ചതിനെക്കുറിച്ചൊക്കെ പറഞ്ഞു. ഇവിടെ ഭവനനിർമ്മാണത്തിന്, വാഹനം വാങ്ങിക്കുന്നതിന് മറ്റ് ഇനങ്ങൾ ക്കെല്ലാം പലിശ കുറഞ്ഞു കുറഞ്ഞു വരുമ്പോൾ ഇവിടെ പലിശ കുറയാത്ത മേഖല അഗ്രികൾച്ചറൽ ക്രെഡിറ്റിന് മാത്രമാണ്. പ്രാഥമിക സെക്ടറിൽ ഉല്പാദനം വർദ്ധിപ്പിക്കാൻവേണ്ടി നടത്തുന്ന നിക്ഷേപത്തിന് പലിശ കുറയുന്നില്ല. നിങ്ങൾ എന്ത് നിലപാടാണ് സ്വീകരിച്ചത്? കേന്ദ്ര ഗവൺമെന്റിലും റിസർവ് ബാങ്കിലുമൊക്കെ സമ്മർദ്ദം ചെലുത്തി പലിശ കുറയ്ക്കാൻ ശ്രമിക്കേണ്ടതല്ലേ? അഗ്രികൾച്ചറൽ ക്രെഡിറ്റ് 20 ശതമാനത്തിൽ നിന്ന് 17 ശതമാനമായി കുറഞ്ഞു. ഇതിന്റെയൊക്കെ ഫലം എന്താണ്? ഫലം കേരളത്തിന്റെ വരുമാനത്തിന്റെ മുഖ്യസ്രോതസായ കൃഷിയിൽ നിന്നുള്ള വരുമാനം കുറഞ്ഞു. നമ്മുടെ മൊത്ത വരുമാനത്തിന്റെ പതിനാറേകാൽ ശതമാനമാണ്

LIBRARY ARCHIVES Kerala Legislative Assembly

എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നതെങ്കിൽ അത് ഇപ്പോൾ പന്ത്രണ്ടര ശതമാനമായി കുറഞ്ഞു. നാല് ശതമാനത്തിന്റെ വരുമാന തളർച്ചയാണ് കൃഷി മേഖലയിൽ ഉണ്ടായത്. ഇതിന് നിങ്ങൾക്ക് എന്തെങ്കിലും തരത്തിൽ ന്യായീകരണം പറയാൻ കഴിയുമോ? അങ്ങനെ ഓരോ മേഖലയും തകർത്തു. ഇവിടെ ശ്രീ. കെ. നാരായണക്കുറുപ്പ് സമാധാനപരമായ ജീവിതത്തെക്കുറിച്ച് പറഞ്ഞു. അതാണ് ഒരു ഗവൺമെന്റിന്റെ പ്രാഥമികമായ ഉത്തരവാദിത്വം. അത് നിറവേറ്റാൻ കഴിഞ്ഞോ? സൈര ജീവിതം ഇവിടെയുണ്ടായോ? മാഫിയാരാജ്. ഇതുപോലെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ മാഫിയകൾ അഴിഞ്ഞാടിയ ഒരു കാലഘട്ടം ഇതിന് മുമ്പുണ്ടായിട്ടുണ്ടോ? എല്ലാ കുറ്റകൃത്യങ്ങളും വർദ്ധിച്ചില്ലേ? ശിശുക്കൾക്ക് എതിരെ, സ്ത്രീകൾക്കെതിരെ, മറ്റ് തലങ്ങളിൽ എല്ലാം യാതൊരു നിയന്ത്രണവും ഇല്ലാതെ കുറ്റകൃത്യങ്ങൾ പെരുകിയില്ലേ? ആ കുറ്റകൃത്യങ്ങൾ തടഞ്ഞു നിർത്താൻവേണ്ടി എന്ത് നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്? നിങ്ങൾ കുറ്റവാളികളെ കസ്റ്റഡിയിൽ കൊണ്ടുവരാൻവേണ്ടി ശ്രമിച്ചോ? ഇവിടെ കുറ്റവാളികൾക്ക് അരുനിൽക്കുന്ന പോലീസ് നയം നിങ്ങൾ സ്വീകരിച്ചു. അത് ആരുടെ പ്രേരണ കൊണ്ടാണെന്നു ഞാൻ പറയുന്നില്ല. പോലീസ് പല സ്ഥലങ്ങളിലും കുറ്റവാളികളെ സംരക്ഷിക്കാൻവേണ്ടിയുള്ള നിലപാട് സ്വീകരിക്കുന്നുണ്ട്. ചില നിർബന്ധിത ഘട്ടങ്ങളിൽ അറസ്റ്റിലായവരെപ്പോലും സംരക്ഷിക്കുന്നതിനുവേണ്ടി നിങ്ങൾ ശ്രമിച്ചു. ഞാൻ ഒത്തിരി ഉദാഹരണങ്ങൾ പറയുന്നില്ല. ഇവിടെ ഉരുട്ടിക്കൊന്നതു സംബന്ധിച്ച, പോലീസുകാർ പ്രതിയായിട്ടുള്ള ഒരു കേസ് ഉണ്ടല്ലോ. ആ പോലീസുകാർക്ക് ജാമ്യം ലഭിക്കുന്നതിനുവേണ്ടി ആറ് മാസത്തിനകം കുറ്റ പത്രം നൽകാൻ നിങ്ങൾ തയ്യാറായില്ല. അവർ ജാമ്യത്തിലേയ്ക്ക് പോയി. അവരെ സംരക്ഷിക്കുന്ന നിലപാടല്ലേ നിങ്ങൾ സ്വീകരിച്ചത്? നെയ്യാറ്റിൻകര ബിഷപ്പ് ഹൗസിലുണ്ടായ ആക്രമണത്തിൽ പ്രതികളെ കസ്റ്റഡിയിൽ എടുക്കാതെ മാസങ്ങളോളം പോയി. തിരുവനന്തപുരം പാർലമെന്റ് ഉപതെരഞ്ഞെടുപ്പിന്റെ കാലഘട്ടം വന്നപ്പോൾ, അതിന്മേൽ സമ്മർദ്ദം വർദ്ധിച്ചപ്പോൾ നിങ്ങൾ അവരെ അറസ്റ്റ് ചെയ്തു. ഈ കേസിൽ കുറ്റപത്രം ആറ് മാസത്തിനകം കൊടുത്തോ, അറസ്റ്റ് ചെയ്തോ? പാർലമെന്റ് തെരഞ്ഞെടുപ്പ് വന്നപ്പോൾ ജനകീയ സമ്മർദ്ദം കൊണ്ടാണെങ്കിലും അറസ്റ്റു ചെയ്യപ്പെടേണ്ടിവന്ന പ്രതികളെ സംരക്ഷിക്കുവാൻ വേണ്ടി, അവരെ ജാമ്യത്തിൽ വിട്ടുകിട്ടുവാൻ വേണ്ടി, കുറ്റപത്രം ആറ് മാസക്കാലം നിങ്ങൾ കൊടുത്തില്ല. നിങ്ങളുടെ നയം അതല്ലേ? കുറ്റവാളികളെ, അക്രമികളെ സംരക്ഷിക്കുന്ന, പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് നിങ്ങളുടേത്. അതിന് എത്രയോ ഉദാഹരണങ്ങൾ പത്രങ്ങളിലൂടെ വരുന്നു. പ്രധാനപ്പെട്ട മാഫിയകളെ പോലീസുകാർ സഹായിക്കുന്നു എന്ന് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി വരുന്നതിനു മുമ്പുതൊട്ട് പറയുന്നു, അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് തയ്യാറാക്കുന്നു, പോലീസ് സേനയിലെ അക്രമികളുടെ എണ്ണം വർദ്ധിച്ചു വരുന്നു. അതിന്റെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇതിലൊക്കെ എന്തു നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്? ക്രിമിനലുകളായിട്ടുള്ള ഉദ്യോഗസ്ഥരുടെ ലിസ്റ്റ് തയ്യാറാക്കി എന്നു പറഞ്ഞ നിങ്ങൾ അവരെ സെൻസിറ്റീവ് പോസ്റ്റിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

മാറ്റുവാനായിട്ട് ശ്രമിച്ചില്ല. അതിന്റെ ഫലമായി ഓരോ രംഗത്തും നിരവധി പ്രശ്നങ്ങളുണ്ടായി. 1996-ൽ പ്രധാനപ്പെട്ട വിഷയം ചാരായ നിരോധനമായിരുന്നു. നമ്മുടെ രാജ്യത്ത് അക്രമ വാസനയൊക്കെ വരുന്നതിനു കാരണം മദ്യപാനമാണെന്നും അതിനാൽ മദ്യത്തിന്റെ ഒഴുക്ക് നിർത്തുമെന്നും പറഞ്ഞു. ഇപ്പോൾ സ്ഥിതി എന്താണ്? അഞ്ചു വർഷക്കാലത്തെ നിങ്ങളുടെ ഭരണത്തിനു ശേഷം ഓരോ മാടക്കടയിലുംകൂടി വ്യാപകമായി വ്യാജമദ്യം ഒഴുകുകയല്ലേ ചെയ്യുന്നത്? അതു പോലെ മയക്കു മരുന്നുകളും വില്ക്കപ്പെടുന്നു. പുതിയ തലമുറയെ മുഴുവൻ തകർക്കുന്ന തരത്തിൽ വ്യാജ മദ്യം ഇവിടെ ഒഴുകുന്നു. മയക്കുമരുന്ന് ഒഴുകുന്നു. നിങ്ങൾ അത് നിരോധിക്കുവാൻവേണ്ടി നടപടികൾ സ്വീകരിക്കുന്നുണ്ടോ? വ്യാജ മദ്യ ലോബികൾ മാഫിയകളെ വളർത്തുന്നു. ഇതെല്ലാം പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്നു. അങ്ങനെ പണം അനധികൃതമായി ഒഴുക്കുന്നവർക്കു മുഴുവൻ സംരക്ഷണം നല്കാൻ ഈ രാജ്യത്തെ പോലീസ് സേന കൂട്ടുനില്ക്കുന്നു. ഇത്രമാത്രം രാജ്യത്തെ തകർക്കുന്ന, സ്വൈര ജീവിതത്തെ തകർക്കുന്ന, നിയമത്തിന്റെ പ്രാധാന്യം ഇല്ലാതെയാക്കുന്ന പോലീസ്നയം മറ്റേതെങ്കിലും കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ടോ? ആ നിലയിൽ നമ്മുടെ രാജ്യത്ത്, നമ്മുടെ സംസ്ഥാനത്ത് സ്വൈര ജീവിതം നഷ്ടപ്പെടുത്തി, ജനങ്ങൾക്ക് അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കുക എന്ന പ്രാഥമികമായ ഉത്തരവാദിത്വം നിറവേറ്റുവാൻ കഴിയാതെ പരാജയപ്പെട്ട ഒരു ഗവൺമെന്റാണ് ഇത്. ഈ ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ലംഘിക്കുകയും കാർഷിക, വ്യാവസായിക, വാണിജ്യമേഖലകളടക്കം സമസ്ത മേഖലയേയും നശിപ്പിക്കുകയും ഈ രാജ്യത്ത് സേവന മേഖലയിലുള്ള മുമ്പോട്ടുള്ള കുതിപ്പിനെ മുഴുവൻ തകർത്ത് തരിപ്പണമാക്കുകയും ചെയ്തു. ഈ ഗവൺമെന്റിന്റെ ദുഷ് ചെയ്തികളെ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. ഈ വരുന്ന തെരഞ്ഞെടുപ്പിൽ ഇതിന് കനത്ത ശിക്ഷ നല്കുവാൻ കേരളത്തിലെ ജനങ്ങൾ തയ്യാറാകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. കെ. പി.രാജേന്ദ്രൻ: സർ, ഡോക്ടർ കെ. സി. ജോസഫ് കൃഷിക്കാരുടെ കാര്യങ്ങൾ, നെല്ല് സംഭരണം ഉൾപ്പെടെ വളരെയേറെ കാര്യങ്ങൾ നിയമസഭിയിൽ പറയുന്നതാണല്ലോ? രണ്ട് ദിവസം മുമ്പ് കേന്ദ്ര കൃഷിമന്ത്രി ശ്രീ. ശരദ്പവാർ രാജ്യ സഭയിൽ പറഞ്ഞത് കേരളത്തിൽ കൃഷിക്കാർ ആത്മഹത്യ ചെയ്തതിന്റെ യഥാർത്ഥത്തിലുള്ള കണക്ക് സംസ്ഥാന ഗവൺമെന്റ് കൊടുത്തിട്ടില്ല എന്നാണ്. കഴിഞ്ഞ പ്രാവശ്യവും ശ്രീ. ശരദ്പവാർ അതു പറഞ്ഞു. അത് സഭയിൽ വലിയ വിഷയമായി. മിനിഞ്ഞാന്ന് പറഞ്ഞ കണക്കനുസരിച്ച് വെറും ആറ് പേരാണ് കേരളത്തിൽ ആത്മഹത്യ ചെയ്തത്-ഇതാണ് കേരളാ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിരിക്കുന്നത്. അതിന്റെ ഫലമായി നമുക്ക് ഒരുപാട് നഷ്ടം സംഭവിച്ചിരിക്കുകയാണ്. അതിനെക്കുറിച്ച് ഡോക്ടർക്ക് എന്താണ് പറയാനുള്ളത്?

ഡോ. കെ. സി. ജോസഫ്: സർ, കെ.പി. രാജേന്ദ്രൻ പറഞ്ഞത് ഞാൻ വീണ്ടും ആവർത്തിക്കേണ്ട കാര്യമില്ല..... (ബഹളം)..... ആ നിലയിലൊക്കെ പ്രവർത്തിച്ച ഈ ഗവൺമെന്റിന്റെ ദുഷ് ചെയ്തികൾക്ക് ജനങ്ങൾ തിരിച്ചടി നല്കും.

LIBRARY ARCHIVES Kerala Legislative Assembly

അവസാനത്തെ വൈക്കോൽത്തുരുമ്പ്, ബഹുമാനപ്പെട്ട കരുണാകരനെക്കുറിച്ച് നടത്തുന്ന വിലാപം..... ഞങ്ങൾ വേണ്ടാ എന്നുവച്ചല്ലോ? ഇനി എങ്കിലും തിരിച്ചെടുത്തുകൂടെ? ഇത്രമാത്രം..... (ബഹളം)..... Unkindest cut of all എന്നു പറയുന്നതുപോലെ പ്രതിപക്ഷം ഉപേക്ഷിച്ച ശ്രീ. കരുണാകരനോട്.....ഇതിൽ കൂടുതൽ ഈ മുറിവിൽ എരിവ് തേയ്ക്കണമോ? .....ആ നിലയിൽ അപമാനിക്കുവാൻ വേണ്ടി ശ്രമിക്കുന്ന ഇവരുടെ ഈ ഇരട്ടത്താപ്പ് സമീപനവുമൊക്കെത്തന്നെ ജനങ്ങൾ തിരിച്ചറിയും.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഞങ്ങളെ ചതിച്ച്, ഞങ്ങളെ നശിപ്പിച്ചു പോയതല്ലേ?

ഡോ. കെ. സി. ജോസഫ്: ജനപക്ഷത്ത് നില്ക്കുന്ന ജനകീയപ്രശ്നങ്ങളിൽ യഥാർത്ഥ നയം സ്വീകരിച്ചിട്ടുള്ള; നാടിന്റെ വികസനത്തെ സംബന്ധിച്ച്, സാധാരണക്കാരന്റെ ക്ഷേമത്തെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പം കേരളത്തിലെ ജനങ്ങൾ അടുത്ത തെരഞ്ഞെടുപ്പിൽ ഉണ്ടാകും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, 2006-2007 ധനകാര്യ വർഷത്തെ നാല് മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. ഈ നിയമസഭയ്ക്ക് ഭരണഘടനാനുസൃതമായി മേയ് പതിനാറാം തീയതി വരെ കാലാവധിയില്ലേ?. വേണ്ടിവന്നാൽ പ്രത്യേക പരിതസ്ഥിതിയിൽ ആ കാലാവധി നീട്ടിക്കൊടുക്കുവാനും അധികാരാവകാശങ്ങളുണ്ട്. അങ്ങനെയിരിക്കുമ്പോൾ ഈ നിയമസഭ നിയമാനുസൃതം വിളിച്ചുകൂട്ടി ഫെബ്രുവരി മൂന്നിന് ഗവർണ്ണറെക്കൊണ്ട് പ്രസംഗിപ്പിച്ച് ഇടറാതെ, പതറാതെ ധനകാര്യ വകുപ്പുമന്ത്രി പത്താം തീയതി ബഡ്ജറ്റ് അവതരിപ്പിച്ച് പാസ്സാക്കി എടുത്തതിനെക്കുറിച്ച് അധികാരമില്ല, അധികാരമില്ല എന്നു പറയുന്നവർ ഭരണഘടനയോടെങ്കിലും കൂറും വിശ്വാസവും ഉള്ളവരാകണം. അതും പോകട്ടെ, തെരഞ്ഞെടുപ്പിൽ മത്സരിച്ച് വോട്ടുനേടി ഭൂരിപക്ഷം കിട്ടി വന്നവരല്ലേ ഞങ്ങൾ? അല്ലാതെ ഓട് പൊളിച്ച് ഇറങ്ങിയവരാണോ? നിങ്ങളും അതുപോലെ ഞങ്ങളും അതുപോലെ. പിന്നെ നാട്ടിൽ കുറേ തെരഞ്ഞെടുപ്പ് നടന്നു. അവരൊക്കെ യഥാസ്ഥാനത്ത് ഇരിക്കണം, ഇരുത്തണം. അവരെ കടമ നിർവ്വഹിക്കുവാൻ അനുവദിക്കണം. അത് ഉൾക്കൊള്ളാതെ എന്തും ഏതും പറയുന്ന വേദിയായി നിയമസഭയെ മാറ്റാൻ ശ്രമിക്കുന്നുന്നത് ശരിയാണോ? നമ്മൾ തമാശയ്ക്ക് സിനിമയിൽ സ്ത്രീകളെക്കൊണ്ട് പറയിപ്പിക്കുന്നതുപോലെ, "ഇതെന്താണ്? എന്തും ഏതും പറയാൻ നിയമസഭയാണോ ഇത്"? എന്നു പറയുന്നത് കേട്ടിട്ടില്ലേ? അത് കേൾക്കുമ്പോൾ ലജ്ജ തോന്നുന്നില്ലേ? തോന്നുന്നുവെങ്കിൽ അതു സംബന്ധിച്ച് എനിക്കു പറയാനുണ്ട്. ഈ മന്ത്രിസഭ, ഈ യു.ഡി.എഫ് മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ അന്നത്തെ സ്ഥിതി എന്തായിരുന്നു? ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ശങ്കർജി, ധനകാര്യ വകുപ്പുമന്ത്രി അധികാരത്തി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുമ്പോൾ, (എന്റെ സീനിയറും എല്ലാ നിലയ്ക്കും അദ്ദേഹത്തെ, ശ്രീ. കെ. ശങ്കര നാരായണൻ എന്ന മുൻ ധനകാര്യ മന്ത്രിയെ ശങ്കർജി എന്നാണ് സംബോധന ചെയ്യുന്നത്).....(ബഹളം)..... ഞങ്ങൾ ഓടിച്ചുവോ?..... നിർത്തിയോ? ഇനി എന്തു ചെയ്യും? എല്ലാം കണ്ടുകൊള്ളൂ. ഇതൊക്കെ കാണാൻ പോകുന്നതല്ലേ? പക്ഷേ ശങ്കർജിക്ക് ഒരു ദോഷമുണ്ട്. 'നോ' എന്നു പറയുന്നത് അദ്ദേഹത്തിന്റെ നിഘണ്ടുവിലില്ല. ധനകാര്യ മന്ത്രി ഒന്നുമില്ലാത്ത പിച്ചപ്പാളയെടുത്ത് നടന്നപ്പോഴും ഇല്ല എന്ന് പറഞ്ഞിട്ടുണ്ടോ? അതൊരു ദോഷമാണ്. തറവാടും തറവാടിത്ത മഹിമയുമുള്ള ആളുകൾ കാണിക്കുന്ന ഒരു ഏർപ്പാടാണ്. അതിനേയും നിങ്ങൾ എന്തു പറഞ്ഞാണ് ആക്ഷേപിച്ചത്? ..... (ബഹളം)..... ഉള്ളത് വേണ്ടതുപോലെ എടുത്തു കൊടുത്ത ഒരു വലിയ മനുഷ്യനാണ് ശങ്കർജി. ..... (ബഹളം) ..... ഇരിക്കൂ.....(ബഹളം)..... നിങ്ങളല്ലേ ഈ സഭയിൽ കൂടുതൽ സംസാരിക്കുന്നത്? നിങ്ങൾ എന്തിനാണ് ഇങ്ങനെ? സ്ഥാനത്തും അസ്ഥാനത്തും സംസാരിക്കുന്ന ആളല്ലല്ലോ ഞാൻ. എന്തിനാണ് ഈ പാവത്തിനെയിട്ട് കുത്താൻവരുന്നത്? കേൾക്കിൻ, ക്ഷമയുണ്ടല്ലോ? ശ്രീ. എ. കെ. ആന്റണിയെ അയച്ചതിലും അയപ്പിച്ചതിലും നിങ്ങൾക്കും പങ്കില്ലേ? ഇല്ലങ്കിൽ ഇല്ല. ഞങ്ങൾക്കാണുള്ളതെങ്കിൽ കുടുംബ കലഹം. വിനാശകാലേ വിപരീത ബുദ്ധി വന്നു. ഞങ്ങൾ അതിൽ നിന്ന് പഠിച്ചു. ശേഷം ശ്രീ. ഉമ്മൻ ചാണ്ടി വന്നു. ഓടാതെ ഓടുകയല്ലേ? ഇവിടെ ചെയ്തു തീർക്കുവാനുള്ള ജോലി ചെയ്യാൻവേണ്ടി ഓടുകയാണ്. വക്കംജി ആ കസേരയിൽ ഇരുന്നു. ആ കസേരയിൽ ഇരുന്നപ്പോൾ ഹോസ്റ്റലിലും ഇവിടെയും അടുക്കും ചിട്ടയും വരുത്താൻ ചിലതു ചെയ്തു. നിയമസഭാ മന്ദിരത്തിലും ഹോസ്റ്റലിലുമൊക്കെ ചിട്ടകൾ വരുത്തി. സമയത്ത് പിരിഞ്ഞിരുന്ന സഭ ഇപ്പോൾ വൈകുന്നേരമാകുമ്പോഴാണ് പിരിയുന്നത്. നമ്മൾ പറയുന്നു വക്കംജി ആയിരുന്നെങ്കിൽ എന്ന്! വക്കംജി അവിടെയിരുന്നപ്പോൾ അദ്ദേഹത്തെ കുറ്റം പറഞ്ഞു. മാറിയപ്പോൾ വക്കംജി ആയിരുന്നെങ്കിൽ സമയത്ത് തീരുമായിരുന്നു എന്നുപറയുന്നു. അദ്ദേഹം ഇടറാതെ പതറാതെയാണ് ഈ സ്ഥാനം ഏറ്റെടുത്തത്; ഈ ബഡ്ജറ്റ് അവതരിപ്പിച്ചത് നിയമാനുസൃതമാണ്. ആരുടേയും ഔദാര്യം കൊണ്ടല്ല. ആരുടേയും ഔദാര്യം യു.ഡി.എഫ്-ന് ആവശ്യമില്ല. അങ്ങനെ പോയവരോട് നിങ്ങൾ കാണിച്ച കോലാഹലവും കൊലച്ചതിയുമൊക്കെ ജനങ്ങൾ കാണുന്നുണ്ട്. എന്നിട്ട് ഡോക്ടർ ഇപ്പോഴും ഇങ്ങോട്ടാണ് കൈ കാണിക്കുന്നത്. അവരെ എടുത്തുകൂടേ എന്ന്. ഇതുകേട്ടാൽ തോന്നും ഞങ്ങൾ അയച്ചതാണെന്ന്. ആ പാവത്തിന് ഈ ഗതിയാക്കിയല്ലോ. അതിലേയ്ക്ക് പോകുന്നില്ല.

ധനകാര്യവകുപ്പ് കൈകാര്യം ചെയ്യുന്ന ആൾക്ക് ഉത്തരവാദിത്വമുണ്ടെങ്കിൽ ചെയ്യേണ്ടത് എന്താണ്? സാമ്പത്തിക അച്ചടക്കം. ആ അച്ചടക്കത്തെക്കുറിച്ച് അറിയാൻ ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി ചോദിച്ച ചോദ്യത്തിന് ഇന്ന് ഉത്തരം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് പല നടപടികളും എടുത്തിട്ടുണ്ട്. സാമ്പത്തിക അച്ചടക്കം പാലിക്കാനായി റവന്യൂ കമ്മി



LIBRARY ARCHIVES Kerala Legislative Assembly

നിജപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്ന കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട്—2003 പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി കൊടുത്തിട്ടുള്ള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധിയും സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്ട്— 2003 പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ വിവിധ വായ്പകളുടെ പലിശയിനത്തിലുള്ള ബാദ്ധ്യത കുറച്ചു കൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു പുറപ്പെടുവിക്കണമെങ്കിൽ ധീരതയും സത്യസന്ധതയും ആത്മാർത്ഥതയും വേണം. നിങ്ങൾ അങ്ങനെയായിരുന്നോ? അല്ല. ഒരു നിയന്ത്രണവുമില്ലാതെ എന്തൊക്കെയോ കാട്ടിക്കൂട്ടി ഖജനാവിനെ കാലിയാക്കിയ സ്ഥിതി വരുത്തി. അതു ചെയ്ത വ്യക്തികളല്ല അതിനു പിന്നിലെ ശക്തികളാണ് പ്രധാന പ്രതികൾ. ആ സ്ഥിതിയിൽ വന്ന ഗവൺമെന്റ് സാമ്പത്തിക അച്ചടക്കം ഉണ്ടാക്കിയിട്ടുണ്ട്. ഗവൺമെന്റ് മുൻകാലങ്ങളിൽ എടുത്ത പണം വിനിയോഗിക്കുകയും തിരിച്ചട യ്ക്കുകയും ചെയ്തിട്ടുണ്ടോ? ഒരു ചോദ്യമാണ്. ഇന്നിപ്പോൾ പലരും വാങ്ങിയത് തിരിച്ചു കൊടുക്കേണ്ട എന്ന് ആഹ്വാനം ചെയ്ത് കടക്കെണിയിൽ അകപ്പെടുത്തി വ്യക്തികളേയും സ്ഥാപനങ്ങളേയും നശിപ്പിക്കുന്ന പ്രക്രിയയിലല്ലേ ഏർപ്പെട്ടിട്ടുള്ളത്? ഇതൊക്കെ ഒരു പൗരന് യോജിച്ചതാണോ? ഉത്തരവാദിത്വമുള്ളവർക്ക് യോജിച്ചതാണോ? ഈ കാലാവസ്ഥയിലും ഇന്നത്തെ ചോദ്യം, സംസ്ഥാനത്തെ പൊതുകടത്തിൽ തിരിച്ചടവ് ഏതെങ്കിലും കൃത്യമായി നടക്കാതെ വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? ഉത്തരം, ഇല്ല. എന്നുവച്ചാൽ വാങ്ങിയ കടം ആര് വാങ്ങിയാലും, ഏതു കാലത്തുള്ളതായിരുന്നാലും കൃത്യമായി തിരിച്ചടയ്ക്കുന്നു. അപ്പോൾ ധനം എങ്ങനെ വിനിയോഗിക്കണം; വാങ്ങിയ കടം എന്നു വാങ്ങിയതായാലും അതു വേണ്ടതുപോലെ തിരിച്ചടയ്ക്കുന്നു. ഇനി വരുമാനം. വരുമാനം ഏതാണ്? നികുതി. അല്ലാതെ കക്കൽ അല്ലല്ലോ? അതിനു കണക്കുകളുണ്ടല്ലോ. ആ കണക്കുകളനുസരിച്ച് വേണ്ടപ്പെട്ടവന്‌വേണ്ടി വേണ്ടതുപോലെ എഴുതിത്തള്ളുകയല്ലല്ലോ? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ടാക്സ് പിരിവിനത്തിലുള്ള വർദ്ധനവ് എത്ര ശതമാനം വീതമാണ്? ഉത്തരം, 2001-02-ൽ വർദ്ധനവ് 2 ശതമാനം. പിന്നീട് 2002-03-ൽ 21 ശതമാനമാണ്. ഇന്നും വർദ്ധനവ് അങ്ങനെ പോകുന്നു. അപ്പോൾ ഇതിൽ കവിഞ്ഞ് എന്താണ് ഒരു സർക്കാരിൽ നിന്ന് പ്രതീക്ഷിക്കുന്നത്? ഈ ഗവൺമെന്റിനെ നമ്മൾ അഭിനന്ദിക്കേണ്ടതല്ലേ? അഭിനന്ദിക്കാൻ മനസ്സുവരുന്നില്ലെങ്കിൽ ഇങ്ങനെ വികൃത മാക്കാൻ ശ്രമിക്കുന്നത് ശരിയാണോ? നിങ്ങൾ കണ്ട ചെറുപ്പക്കാരോട് മുഴുവൻ പറയുന്നത് സർക്കാർ ഒഴിവുകളൊന്നും നികത്തുന്നില്ല, നിങ്ങളെയൊക്കെ വഞ്ചിക്കുകയാണ് എന്നാണ്. സ്വകാര്യ സംഭാഷണത്തിൽ പറയുന്നതാണ്. സത്യം എന്താണ്? എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഞ്ചു വർഷംകൊണ്ട് 1,10,087 പേർക്കാണ് ജോലി നൽകിയതെങ്കിൽ ഇപ്പോൾ 1,33,890 പേർക്ക് ജോലി കൊടുത്തു കഴിഞ്ഞു. ഇത് മാർച്ചിനു മുമ്പ് ഒന്നര ലക്ഷമായി വർദ്ധിക്കും. ഒരു സംശയവുമില്ല. ഉള്ളതല്ലേ കൊടുക്കാൻ പറ്റുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

എവിടെയൊക്കെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്? എനാനാൽ ഗവൺമെന്റ് കൽപ്പിച്ചുകൂട്ടി അത് മാറ്റുന്നുണ്ടോ? ഇല്ലല്ലോ. തെറ്റിദ്ധരിപ്പിക്കുന്ന നിലയിൽ പ്രചാരണം നടത്തുന്നത് നീതിയാണോ, ശരിയാണോ എന്ന് നിങ്ങൾ നിശ്ചയിക്കുക. നമ്മുടെ സംവിധാനത്തിൽ, പാർലമെന്റിലായാലും അസംബ്ലിയിലായാലും ബഡ്ജറ്റിനെ സംബന്ധിച്ച കാര്യങ്ങൾക്കൊക്കെ നമ്മൾ അനുകരിക്കുന്നത് ബ്രിട്ടീഷ് കോമൺ സഭയെയാണല്ലോ. ആ കോമൺ സഭയിൽ ബഡ്ജറ്റിനെ സംബന്ധിച്ചുള്ള ഒരു ചരിത്രം ഉണ്ടല്ലോ. ബ്രിട്ടീഷ് കോമൺ സഭയിൽ ആദ്യകാലത്ത് ധനകാര്യ വകുപ്പുമന്ത്രി ബ്രിട്ടന്റെ വരവു ചെലവു കണക്കുകൾ, പുതിയ നികുതികൾ മുതലായവ സംബന്ധിച്ച രേഖകൾ സഭയിൽ വായിക്കുന്നതിനും കോമൺസിന്റെ അംഗീകാരം തേടുന്നതിനുമായി അത് ഒരു ലെതർ ബാഗിലാക്കി സഭയിൽ കൊണ്ടുവരുമായിരുന്നു. ആ ലെതർ ബാഗിനെ വിശേഷിപ്പിക്കുന്ന പദമാണല്ലോ ബഡ്ജറ്റ്. ധനകാര്യ വകുപ്പുമന്ത്രി ലെതർ ബാഗ് തുറന്ന് രേഖ സഭയിൽ വായിക്കും. ക്രമേണ, ലെതർ ബാഗിൽ കൊണ്ടുവരുന്ന ധനകാര്യ രേഖയ്ക്ക് നമ്മളൊക്കെ ബഡ്ജറ്റ് എന്നുപറയുകയും ചെയ്തു. പഞ്ചായത്തിലായാലും അസംബ്ലിയിലായാലും പാർലമെന്റിലായാലും ബഡ്ജറ്റ് വരുന്നതിനു മുമ്പ് നമുക്കൊക്കെ ആശങ്കയല്ലേ? നികുതി ഏതിൽ കൂട്ടും, ഏതിന് കുറയും, എന്തു വരും എന്നുള്ള ആശങ്ക ഈ ബഡ്ജറ്റ് വന്നപ്പോൾ അത്തരം ആശങ്ക ആർക്കെങ്കിലും എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? നികുതി കൂടിയോ? ഇല്ല. ഞാൻ കാർഷിക മേഖലയിൽ നിന്ന് വരുന്ന ആളാണ്. കർഷകർക്കുവേണ്ടി വാതോരാതെ സംസാരിക്കുകയും കഴിയുന്നത്ര അവരെ നശിപ്പിക്കുകയും ചെയ്തിരുന്ന ആളുകളെ ജനം തിരിച്ചറിയും. കർഷകർക്ക് ചെറുതെങ്കിലും ആയിരം രൂപ പെൻഷൻ കൊടുക്കണമെന്നു പറഞ്ഞത് വ്യവസ്ഥാപിതമായി അംഗീകരിച്ചതല്ലേ? അതു പോരാ എന്നത് സത്യം. അതൊക്കെ അതിന്റെ ന്യായം. പക്ഷേ കൊടുത്തവർ പറയട്ടെ. അതു കൊടുക്കാത്തവർ പോരാ, പോരാ എന്നുപറയുന്നത് ആരെ ബോദ്ധ്യപ്പെടുത്താനാണ്? ഇനി നെല്ലിന്റെ സംഭരണം എടുക്കാം. പണ്ട് ഞങ്ങൾ അങ്ങനെ എടുത്തു, ഇങ്ങനെ കൊടുത്തു എന്നുപറയുന്നത് ഒരു പോരായ്മയാണ്. എടുത്തതുമില്ല, കൊടുത്തതുമില്ല. ഇന്നും ഞങ്ങൾ അത് ചെയ്യില്ല എന്ന നിർബന്ധത്തിൽ പോകുന്ന നിങ്ങൾ ഈ നല്ല ബഡ്ജറ്റിൽ പോരായ്മ യുണ്ടെന്ന് പറയുന്നത് ശരിയല്ല. കഴിഞ്ഞ തവണ കൊടുക്കേണ്ട ആനുകൂല്യങ്ങൾ പൂർണ്ണമായി കൊടുത്തിട്ടില്ല. 9 കോടി ശിഷ്ടം ഇനി ഗവൺമെന്റ് കൊടുക്കണം. വാക്ക് വാക്കായിരിക്കണം. വ്യക്തിയുടേതായാലും അങ്ങനെയായിരിക്കണം. അതൊക്കെ കൊടുക്കാൻ തക്കവിധത്തിൽ മുന്നോട്ടു പോകണം.

വെള്ളത്തിന്റെ കാര്യത്തിൽ, ഇവിടെ ഏതോ ഒരു സന്ദർഭത്തിൽ അന്തർസംസ്ഥാന നദീജല കരാറിന്റെ പോരായ്മകളെക്കുറിച്ചും ഉദ്യോഗസ്ഥർ ചോദിച്ചതിനെക്കുറിച്ചുമൊക്കെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. അത് ആത്മാർത്ഥതയോടുകൂടി പറഞ്ഞതായിരിക്കാം. അല്ലെങ്കിൽ രേഖകൾ നോക്കി പറഞ്ഞതായിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

അന്തർ സംസ്ഥാന നദീജല കരാറും, പറമ്പിക്കുളം-ആളിയാറും എന്നാണ് ഉണ്ടാക്കിയത്? എന്നത്തെ പ്രാബല്യം വച്ചാണ് നിങ്ങൾ ചർച്ച ചെയ്യുന്നത്? 1958-ൽ ആരുടെ മന്ത്രിസഭയായിരുന്നു? അന്നത്തെ മുഖ്യന്ത്രി ആരായിരുന്നു? അന്നത്തെ മുഖ്യമന്ത്രി ഇ.എം.എസ്. ആയിരുന്നു. തമിഴ്നാടുമായി ഉണ്ടാക്കിയ കരാറിന്റെ അനന്തരഫലമാണ് പാലക്കാട് ഇന്ന് വരണ്ടുണങ്ങുന്നത്. പൂർവ്വകാല പ്രാബല്യം വച്ച് 1969 മേയ് മാസത്തിൽ ഒപ്പുവച്ചു. ഏത് മന്ത്രിസഭ? ആ കുരുക്ക് അഴിച്ചുമാറ്റാൻ കഴിയാത്ത ദു:സ്ഥിതിയാണ് ഇന്നും. 1958-ന്റെ പൂർവ്വ കാല പ്രാബല്യത്തിൽ അല്ലാതെ നമുക്ക് പുതുക്കാൻ അവകാശമില്ല. അതുകൊണ്ട് രണ്ടു ഗവൺമെന്റുകളും കൂടി സമ്മതിച്ചാൽ പുനരവലോകനം നടത്തുക എന്നതേ വഴിയുള്ളൂ. അതിന്റെ തിക്താനുഭവമാണ് ഇന്നു പാലക്കാട്ട് കൊടും വരൾച്ച അനുഭവപ്പെടുന്നത്. ആ ഒരു ദു:സ്ഥിതി ഉണ്ടാകരുത്. അതുപോലെ പലകപ്പാണ്ടി പദ്ധതി. ഇല്ലായ്മ വരുമ്പോഴും തെരഞ്ഞെടുപ്പ് വരുമ്പോഴും പറയും. ആ പറയുന്നത് പ്രാവർത്തികമാക്കില്ല. അത് ഇപ്പോൾ പ്രാവർത്തികമാക്കുന്നു. അതിൽ ക്രമക്കേടുകളുണ്ടെങ്കിൽ നിശ്ചയമായും പരിശോധിക്കണം. ഉപ്പു തിന്നവൻ വെള്ളം കുടിക്കണം. ആ പദ്ധതി മുടക്കാൻ ശ്രമിക്കരുത്. കൊല്ലങ്കോട് നിയോജകമണ്ഡലത്തിൽ പിന്നെയുള്ളത് നെല്ലിയാമ്പതിയാണ്. ബഡ്ജറ്റിൽ അതിന് 25 കോടി രൂപ റോഡ് വൈഡനിംഗിന് നീക്കിവച്ചിട്ടുണ്ട്. ടൂറിസം, പി.ഡബ്ല്യൂ.ഡി, വനം എന്നീ മൂന്ന് വകുപ്പുകളുടെ മന്ത്രിമാരും ഹെഡ്സ് ഓഫ് ദി ഡിപ്പാർട്ടുമെന്റുകളും കൂടിയാലോചിച്ച് പണി നടത്തുന്നുണ്ട്. അവിടെയും മുടക്കം വരുന്നു. ഇതാണ് സ്ഥിതി. കൊടുവായൂരിൽ 6 കോടി രൂപയുടെ പണി പൂർത്തിയായിട്ടുണ്ട്. അറിഞ്ഞോ അറിയാതെയോ അതിനെ മുടക്കുകയാണ്. കുടിവെള്ളം മുടക്കികളോട് ദൈവം പൊറുക്കില്ല. അത് പൂർത്തിയാക്കണം. ഇങ്ങനെയൊക്കെ മുടങ്ങിക്കിടന്നതൊക്കെ നടപ്പിലാക്കാൻ ശ്രമിച്ചു. അങ്ങനെ പദ്ധതികൾ നടപ്പിലാക്കുന്നവരെ ഈ ഗവൺമെന്റ് പിൻതുണക്കണ്ടേ? അതു വെറുതെ പറയുകയല്ല. 'പലകപ്പാണ്ടിക്കാണെങ്കിൽ ഇല്ലായ്മയിലും പണം നീക്കിവച്ചു. നബാർഡിൽ നിന്നും അനുമതി വാങ്ങിത്തന്നു. വോട്ട് ഓൺ അക്കൗണ്ട് തന്നു. ഈ വോട്ട് ഓൺ അക്കൗണ്ടിനെ മനസ്സാ പിൻതുണയ്ക്കേണ്ടത് കൊല്ലങ്കോട് നിന്നുവരുന്ന ജനപ്രതിനിധികളുടെ കടമയാണ്. ആ കടമ നിർവ്വഹിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിൻതുണക്കുകയാണ്. കേരളത്തിലെ എല്ലാ മേഖലയിലും ആശ്വാസം [2.00 p.m.] എത്തിക്കാനും സാമ്പത്തികമായി ഈ സംസ്ഥാനത്തെ നല്ലനിലയിലാക്കുവാനും കഴിഞ്ഞ ഈ ഗവൺമെന്റിനെ വസ്തുതകൾ മറച്ചുവച്ചുകൊണ്ട് മാത്രമേ പ്രതികൂലിക്കുവാൻ കഴിയുകയുള്ളൂ. വസ്തുതകൾ മനസ്സിലാക്കുന്ന ഒരു വ്യക്തിക്കും യു.ഡി.എഫ്.-ന്റെ സാമ്പത്തിക മാനേജ്മെന്റിന് വികസന പ്രവർത്തനത്തിന് എതിരായി പ്രവർത്തിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. "1957-ൽ മക്രോണി, 1967-ൽ മരച്ചീനി" എന്ന് വിളിച്ച് സംസ്ഥാനത്ത് കുറെ മുദ്രാവാക്യങ്ങൾ ഉയർന്നത് നമുക്കറിയാം. ആ സ്ഥിതിക്കൊക്കെ എത്രയോ വലിയ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇന്ന് നമ്മുടെ സംസ്ഥാനം സാമ്പത്തിക മേഖലയിൽ കൈവരിച്ച നേട്ടം അതിനേക്കാൾ ഉപരി മനുഷ്യ ഭാവത്തോടുകൂടി നടത്തുന്ന വികസന പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. പാവപ്പെട്ട ആളുകൾ, കർഷക ത്തൊഴിലാളികൾ, തോട്ടം മേഖലയിലെ തൊഴിലാളികൾ, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ ഇവരാണ് ഇന്ന് ഏറ്റവും കൂടുതൽ സംതൃപ്തരായി നിൽക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ നേട്ടങ്ങൾ കൈവരിച്ച, ആരോഗ്യ മേഖലയിൽ നേട്ടങ്ങൾ കൈവരിച്ച, കെട്ടിക്കിടക്കുന്ന പതിനായിരക്കണക്കിന് പരാതികൾക്ക് പരിഹാരം ഉണ്ടായ ഒരു കാലഘട്ടമാണിത്. അദ്ധ്യാപകരും സർക്കാർ ജീവനക്കാരും ആശ്വാസ ത്തോടുകൂടി നെടുവീർപ്പിടുന്ന, അവർ ആശ്വാസം പങ്കിടുന്ന ഒരു കാലഘട്ടമാണിത്. അങ്ങനെയുള്ള ഈ കാലഘട്ടത്തിൽ ഈ നിലയിൽ മുന്നോട്ടു പോകുന്ന ഗവൺമെന്റിന് വളരെ നല്ല നിലയിൽ ശക്തമായ ജനപിന്തുണ ആർജ്ജിച്ചെടുക്കാൻ കഴിഞ്ഞിരിക്കുകയാണ്. ഇവിടെ പ്രതിപക്ഷം എന്നുപറയുന്ന ഒരു സംവിധാനം ഇല്ലാതെയായിത്തീർന്നിരിക്കുകയാണ് എന്നത് ദുഃഖകരമാണ്. പ്രതിപക്ഷത്തിന് ഒരു മുന്നണിയുണ്ടോ? അത് പൂർണ്ണമായും തകർന്നിരിക്കുകയാണ്. പരസ്പര വിശ്വാസം നഷ്ടപ്പെട്ട ഒരു ഇടതുപക്ഷ മുന്നണി. സർവ്വവികാരങ്ങളും നഷ്ടപ്പെട്ട ഇടതുപക്ഷ ജനാധിപത്യമുന്നണി. ഒരു പ്രതീക്ഷയും ഇല്ലാത്ത ഇടതുപക്ഷ ജനാധിപത്യമുന്നണി. പരസ്പരം പാരവയ്ക്കുന്ന ഘടകകക്ഷികളുള്ള മുന്നണി. എങ്ങനെ ഇതിന് മുന്നോട്ട് പോകാൻ കഴിയും? ജനങ്ങൾക്ക് എങ്ങനെ വിശ്വാസം അർപ്പിക്കാൻ കഴിയും? ഒരു തരത്തിലുള്ള വിശ്വാസവും അർപ്പിക്കാൻ കഴിയില്ല. എന്റെ പ്രിയപ്പെട്ട ബിനോയ് വിശ്വം രണ്ട് കൈകളിലും ഓരോ പുസ്തകം ഉയർത്തിക്കൊണ്ട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഐക്യത്തെക്കുറിച്ച് പറയുകയുണ്ടായി. അദ്ദേഹത്തോട് എനിക്ക് സ്നേഹമുണ്ട്, ആദരവുണ്ട്. ഇങ്ങനെ ഒന്ന് ഉറക്കെ പറയേണ്ട സാഹചര്യം ഉണ്ടായില്ലേ? അതിന് ആരാണ് ഉത്തരവാദി? ഐക്യം ആണേ ഒന്നാണേ എന്ന്. എന്തുകൊണ്ടാണ് ഇങ്ങനെ പറയേണ്ട സാഹചര്യം ഉണ്ടായത്? ഇവിടെ തെരു വീഥികളിൽ, പത്രത്താളുകളിൽ ഐക്യത്തിന്റെ കഥകൾ, വാർത്തകൾ വായിച്ചു കൊണ്ടിരിക്കുകയാണ്. വെളിയം ഭാർഗ്ഗവൻ പറയുന്നതിനെ സംബന്ധിച്ചിടത്തോളം ചുട്ട മറുപടി ശ്രീ. പിണറായി വിജയനും അതുപോലെ മറ്റ് സി.പി.ഐ. നേതാക്കൻ മാരും നൽകിക്കൊണ്ടിരിക്കുകയാണ്. ഇവിടെ വിവിധ കോർപ്പറേഷനുകളിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്ന ആവശ്യത്തിലേയ്ക്ക് എ.ഡി.ബി. വായ്പ എടുക്കുന്നതിനെക്കുറിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കുകയും വികസന പ്രവർത്തനങ്ങളുടെ കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്ത സാഹചര്യത്തിലാണ് സി.പി.ഐ - സി.പി.ഐ.(എം)-ന്റെ നയത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുള്ളത്. അതുപോലെ സി.പി.ഐ.(എം)-ന്റെ ഓരോ നയത്തിനെതിരേയും ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സി.പി.ഐ.-ക്ക് എങ്ങനെ ഐക്യത്തെക്കുറിച്ച് പറയാൻ കഴിയും? ഒരുമിച്ച് നിന്ന് ഒരു തീരുമാനം എടുക്കാൻ കഴിയുന്നുണ്ടോ? ഇത്രയും നാൾ ഡി.ഐ.സി. എന്നുപറയുന്ന ഒരു മുന്നണിക്കുവേണ്ടി, ഒരു സംവിധാനത്തിനുവേണ്ടി ശക്തമായി വാദിച്ചു നിന്നിരുന്ന ആളുകൾ ഇപ്പോൾ പൂർണ്ണമായി അവരെ കൈവിട്ടിരിക്കുന്നു. അതിനേക്കാൾ

LIBRARY ARCHIVES Kerala Legislative Assembly

ഉപരിയായി നമുക്കറിയാം. കഴിഞ്ഞ ദിവസം ഡി.ഐ.സി.-യുടെ യുവജനങ്ങളെ തല്ലിയതിന് എല്ലാവരും കൂടി ഒറ്റക്കെട്ടായി നിന്ന് സംസാരിക്കുകയും വാക്കൗട്ട് നടത്തുകയും ചെയ്തു. ആ സഹോദരങ്ങൾ തന്നെയാണ് ഇപ്പോൾ തിരിച്ചു പറയുന്നത്. ഒരു സഭയിൽത്തന്നെ ഇങ്ങനെ വ്യത്യസ്തമായി പറയാൻ സംസ്കാരമുള്ള ഒരു ജനതക്ക് കഴിയുമോ? ഇവിടെ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? ഏതെങ്കിലും തരത്തിൽ പറയാൻ കഴിയുമോ? ഇന്ന് നിങ്ങൾ അനുകൂലിക്കുന്ന ഗവൺമെന്റിനെ, ആളുകളെ നാളെ നിങ്ങൾ മാറ്റിപ്പറയില്ലെന്ന് പറയാൻ കഴിയുമോ? എന്താണ് സ്ഥിതി? നിങ്ങൾ എത്ര ആക്ഷേപം ഐക്യ ജനാധിപത്യമുന്നണിക്കെതിരായി പറയുകയുണ്ടായി. നിങ്ങളുടെ സംവിധാനം എന്താണ്? തകർന്നു. ഞാൻ പറഞ്ഞത് ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ എന്നുപറയുന്ന ആളുകൾ വഴക്കിട്ട് തല അടിച്ചുകീറി രക്തം ഒലിച്ച് നിൽക്കുന്ന കാഴ്ചയാണ് ഇടതുപക്ഷ മുന്നണിക്ക് കാണാൻ കഴിയുന്നത്. യു.ഡി.എഫ്.-ന്റെ സ്ഥിതിയെന്താണ്? ഐശ്വര്യത്തോടെ, ഐക്യത്തോടെ, സമാധാനത്തോടെ ശാന്തിയോടെ, തൃപ്തിയോടെ നിൽക്കുന്ന മുന്നണിയെ കാണാൻ കഴിയുകയാണ്. ശ്രീ. കുഞ്ഞിരാമൻ കയ്യടിക്കുകയാണ്. എന്തിനാണ് എന്റെ കുഞ്ഞിരാമാ ഇപ്പോൾ കയ്യടിക്കുന്നത്? ശ്രീ. ബിനോയ് വിശ്വം പറഞ്ഞപ്പോൾ നിങ്ങൾക്ക് കൈയടിക്കാൻ തോന്നിയില്ലല്ലോ? കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഐക്യത്തെക്കുറിച്ച് ശ്രീ. ബിനോയ് വിശ്വം പറഞ്ഞപ്പോൾ ഞങ്ങൾ ഒന്ന് നോക്കി. ശ്രീ. കെ. പി. രാജേന്ദ്രൻ മാത്രം കൈ അടിക്കുന്നു. സി.പി.ഐ.(എം)-ന്റെ സഹോദരൻമാരുടെ മുഖത്ത് മൊത്തം നിർവികാരതയാണ് കണ്ടത്. കണ്ണടച്ച് ഇരുട്ടാക്കാൻ കഴിയുമോ? ജനം മുഴുവൻ ഇതൊക്കെ കണ്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് ഒരിഞ്ച് മുന്നോട്ടുപോകാൻ കഴിയുമോ കേരളത്തിൽ? യാഥാർത്ഥ്യങ്ങൾ നമുക്ക് മറച്ചു വയ്ക്കാൻ കഴിയുമോ? സി.പി.ഐ.(എം)-ന്റെ സ്ഥിതിയെന്താണ്? ഇത്രനാളും ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രി എന്ന നിലയിലൊക്കെ കുറെ കാര്യങ്ങളൊക്കെ പറഞ്ഞു നടന്നു. എന്തായി സ്ഥിതി? ശ്രീ. പിണറായി വിജയന്റെ സ്ഥിതിയും അവസാനിച്ചു. ശ്രീ. അച്ചുതാനന്ദന് പ്രതീക്ഷ കൊടുത്തിട്ടുണ്ട്. എവിടെയും എത്തുമെന്ന് തോന്നുന്നില്ല. സ്ഥിതി വളരെ മോശമാണ്. എന്തായാലും ആരെയൊക്കെ നിങ്ങൾ അവരോധിക്കാനും വീഴ്ത്താനുമൊക്കെ ശ്രമിച്ചോ അവർക്കെതിരെ നിങ്ങൾ തന്നെ കാര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന് നമുക്കറിയാം. മാനുഷികമൂല്യങ്ങൾ ഉള്ള കാര്യങ്ങൾ ഒന്നും ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

ശ്രീ. സ്റ്റീഫൻ ജോർജ്: പുതുതായി സി.പി.ഐ. മുന്നോട്ട് വയ്ക്കുന്നത് ശ്രീ. രാമചന്ദ്രൻ പിള്ളയെ ആണെന്ന് അങ്ങേയ്ക്ക് അറിയുമോ?

ശ്രീ. തോമസ് ഉണ്ണിയാടൻ: പുതിയ പുതിയ ഓരോ ആളുകളുടെ പേരുകൾ പറയുന്നു. ഇവരുടെയൊക്കെ സ്ഥിതി മോശമാണ്. 'കേരം തിങ്ങും കേരള നാട്ടിൽ' ഗൗരിയമ്മ ഭരിക്കട്ടെ എന്ന് ഒരിക്കൽ പറഞ്ഞു. പിന്നെ ശ്രീമതി സുശീലാ ഗോപാലൻ ഭരിക്കട്ടെ എന്ന് പറഞ്ഞു. പിന്നെ കുറച്ചുനാൾ മുമ്പ് ശ്രീ. പിണറായി വിജയൻ

LIBRARY ARCHIVES Kerala Legislative Assembly

വരാൻ പോകുന്നു എന്നു പറഞ്ഞു. പിന്നീട് ശ്രീ. അച്ചുതാനന്ദൻ എന്നു പറഞ്ഞു, ഇപ്പോൾ ശ്രീ. രാമചന്ദ്രൻ പിള്ളയുടെ പേരും പറഞ്ഞുകേൾക്കുന്നുണ്ട്. ഇതൊക്കെ വെറും ദിവാസ്വപ്നങ്ങളാണ്. ഭരണത്തിന്റെ വാതിൽക്കൽ പോലും എത്താൻ നിങ്ങളെ ജനങ്ങൾ അനുവദിക്കുമെന്ന് കരുതേണ്ടതില്ല. ജനങ്ങൾക്കറിയാം, ഒരു സംശയവവും വേണ്ട. ഇത്രയും ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്യുന്ന ഐക്യ ജനാധിപത്യ മുന്നണിക്ക് അനുകൂലമായി, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കൊടുത്ത തിനേക്കാൾ കൂടുതൽ ഭൂരിപക്ഷം കേരളത്തിലെ ജനങ്ങൾ കൊടുത്തുകൊണ്ട്, ഐക്യജനാധിപത്യ മുന്നണിയെ അധികാരത്തിൽ കയറ്റുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. ഈ സഭ അംഗീകരിച്ച ബഡ്ജറ്റിൽ നാല് മാസത്തെ ചെലവുകൾക്കുവേണ്ടിയുള്ള ഉപക്ഷേപത്തെയാണ് ഞാൻ പിന്തുണയ്ക്കുന്നത്. 2001-ലെ സാമ്പത്തിക അരാജകത്വം മാറ്റിയെടുക്കാനും മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിലൂടെ സാമ്പത്തിക നില ഭദ്രമാക്കാനും കഴിഞ്ഞ നാലേമുക്കാൽ വർഷത്തെ ഭരണംകൊണ്ട് ഈ ഗവൺമെന്റിന് സാധിച്ചു. എന്റെ കയ്യിലിരിക്കുന്നത് 'കേരളത്തിന്റെ നവോത്ഥാനത്തിന് ഒരു രൂപരേഖ' എന്ന ഐക്യജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയാണ്. നാലേമുക്കാൽ വർഷത്തെ ഭരണ നേട്ടം എന്നു പറയുന്നത് ജനങ്ങളുടെ മുമ്പിൽവച്ച വാഗ്ദാനങ്ങൾ നിറവേറ്റാൻ കഴിഞ്ഞു എന്നതാണ്. അതിൽ അഭിമാനമുണ്ട്. ഈ ബഡ്ജറ്റിനെപ്പറ്റിയുള്ള ആക്ഷേപമാണ് ഏറ്റവും വലിയ ശബ്ദത്തിൽ അപ്പുറത്തുള്ളവർ സംസാരിച്ചത്. അത് സഹിഷ്ണുതയോടുകൂടി ഞങ്ങൾ കേൾക്കുകയായിരുന്നു. നിങ്ങൾ എന്തിനാണ് അസഹിഷ്ണുത കാണിക്കുന്നത്? ഈ ബഡ്ജറ്റ് ജനങ്ങളുടെ കയ്യടി വാങ്ങുന്ന തിനുള്ള ബഡ്ജറ്റാണെന്നും, ഈ ബഡ്ജറ്റ് ജനങ്ങളെ ഒരു തെരഞ്ഞെടുപ്പിന്റെ വേദിയിലേയ്ക്ക് കൊണ്ടു പോകുന്നതിനുള്ള വാഗ്ദാനമാണെന്നും ഇവിടെ പറഞ്ഞു. നിങ്ങൾ പറഞ്ഞത് രണ്ടും സത്യമാണ്. ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റ് ബഹുജനങ്ങളുടെ കയ്യടി വാങ്ങുന്നതിന് പ്രാപ്തമായ, പര്യാപ്തമായ ബഡ്ജറ്റാണെന്ന് നിങ്ങൾ ഭംഗ്യന്തരേണ സമ്മതിച്ചതിൽ സന്തോഷമുണ്ട്. ഈ ബഡ്ജറ്റ് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള ബഡ്ജറ്റാണെന്ന് പറഞ്ഞു. ഇത് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള ബഡ്ജറ്റാണ്. എന്തുകൊണ്ട് നിങ്ങൾ ഈ ബഡ്ജറ്റിനെ ഭയപ്പെടുന്നു? ഈ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ടവരുടെ നൻമ, ആ നൻമ മാത്രമണ് ഈ ബഡ്ജറ്റിലൂടെ നാളെ ഈ സംസ്ഥാനത്ത് പ്രാവർത്തികമാകാൻ പോകുന്നത് എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. വികസനത്തിന് ഒരു മനുഷ്യ മുഖമുണ്ടാക്കുവാൻ, സമഗ്ര വികസനത്തിന്റെ സാക്ഷ്യപത്രമാകുവാൻ, ഇന്നലകളിലെ വണ്ടിചെക്കിന്റെ , ട്രഷറി വിലക്കിന്റെ കഥകളൊന്നും കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിചെലവാണെങ്കിലും മെയിന്റനൻസ് ഫണ്ട് ആണെങ്കിലും ഇഷ്ടാനുസരണം പിൻവലിക്കാൻ പര്യാപ്തമായ സാമ്പത്തിക സുരക്ഷിതത്വ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടെന്ന് നിങ്ങൾ സമ്മതിച്ചില്ലേ? ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ മുഖവും മനസ്സുമാണ് ഈ ബഡ്ജറ്റിലൂടെ ബഹുമാന്യനായ വക്കം പുരുഷോത്തമൻ മുന്നോട്ടുവച്ചത്. കേരളം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ശക്തരായ ധനകാര്യ മന്ത്രിമാരെ നാം ഓർക്കുന്നുണ്ട്. തിരുവിതാംകൂർ കൊച്ചി ലെജിസ്ലേറ്റീവ് അസംബ്ലിയിൽ നേരത്തെയുണ്ടായിരുന്ന ആർ. ശങ്കറിന്റെ കാര്യംതന്നെ എടുക്കാം. ആർ. ശങ്കർ എന്ന ധനകാര്യവകുപ്പ് മന്ത്രിയാണ് കേരളത്തിൽ പാവപ്പെട്ടവരെ സഹായിക്കുന്നതിന് ആദ്യമായി ഏറ്റവും കൂടുതൽ ക്ഷേമപദ്ധതികൾ നടപ്പിലാക്കിയത്. ആർ. ശങ്കറിന്റെയും പനമ്പിള്ളിയുടേയുമൊക്കെ പദവിയിലേയ്ക്ക്, ഗ്രേഡിലേക്ക് ശ്രീ. വക്കം പുരുഷോത്തമൻ കടന്നുവന്നിരിക്കുന്നു എന്ന യാഥാർത്ഥ്യം നിങ്ങൾ സമ്മതിക്കേണ്ടിയിരിക്കുന്നു. പശ്ചിമ ബംഗാളിൽ എന്തു ചെയ്താലും വിപ്ളവം, ഇഷ്ടമില്ലാത്ത കക്ഷി തൊട്ടതെല്ലാം കുറ്റം എന്ന് പറയുന്നത് കേരളത്തിലെ ന്യായം. - എന്റെ ഭാഷയിൽ കക്ഷി എന്നേ പറയാൻ കഴിയുന്നുള്ളു. അങ്ങയുടെ ഭാഷയിൽ 'മറ്റേത്' തന്നെ പറഞ്ഞോളൂ - ചൈനയിലെ പരിഷ്കരണ നേതാവ് ബങ്ക് സിയാതോ ചിങ്ങിന്റെ ആപ്തവാക്യം നിങ്ങൾ മറന്നിട്ടില്ലല്ലോ. നിങ്ങളുടെ നേതാവ് ബുദ്ധദേവ് ഭട്ടാചാര്യ പ്രതിദിനം പറയുന്ന വാക്യം - യാഥാർത്ഥ്യത്തിൽ നിന്നാണ് നാം സത്യം പഠിക്കേണ്ടത്. അതുതന്നെയാണ് ഭഗവദ്ഗീതയിലും പറഞ്ഞിട്ടുള്ളത്. സത്യം, സന്ദർഭം, അടിസ്ഥാനം എന്ന് പറഞ്ഞിട്ടുണ്ട്. പറയുന്നതൊക്കെ ആരാണ്? സാക്ഷാൽ മാർക്സിസ്റ്റ് നേതാവ് തന്നെ. നിങ്ങളുടെ ഇന്നലത്തെ മുദ്രാവാക്യം എന്തായിരുന്നു? 'നഷ്ടപ്പെടുവാൻ വിലങ്ങുകൾ, കിട്ടാനുള്ളത് പുതിയൊരു ലോകം'. ഈ മുദ്രാവാക്യത്തിന്റെ മൊഴിമാറ്റം നടത്തിയത് നിങ്ങൾ അറിഞ്ഞില്ലേ? തൊഴിലാളിക്ക് നഷ്ടപ്പെടുവാനുള്ളത് ഘെരാവോ, തൊഴിലാളിക്ക് നഷ്ടപ്പെടുവാനുള്ളത് ബന്ദ്, തൊഴിലാളിക്ക് നഷ്ടപ്പെടുവാനുള്ളത് അക്രമസമരം, തൊഴിലാളിക്ക് നഷ്ടപ്പെടുവാനുള്ളത് പൊതുമുതൽ നശിപ്പിക്കൽ. ബംഗാളിൽ മാർക്സിസ്റ്റ് മുദ്രാവാക്യത്തിന്റെ മൊഴിമാറ്റം ഉണ്ടായപ്പോൾ ഇവിടെയുള്ളവർ അത് അറിയുന്നില്ല. അവിടെ പറയുന്നത് വളരണം, വളർത്തണം. ലോകബാങ്കിലൂടെ വളർത്തണം. എ.ഡി.ബി.യിലൂടെ വളർത്തണം. വിദേശ/സ്വകാര്യ മൂലധനത്തിലൂടെ വളർത്തണം. സമരം നിരോധിച്ചുകൊണ്ട് വളർത്തണം. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിച്ചുകൊണ്ട് വളർത്തണം. ഇവിടെ എന്താണ് പറയുന്നത്? തളർത്തണം, തളരണം. വികസന രംഗം നശിക്കണം, നശിപ്പിക്കണം, തല്ലണം, കൊല്ലണം ഈ മുദ്രാവാക്യത്തിൽ നിന്ന് നിങ്ങൾക്ക് മാറാൻ കഴിഞ്ഞിട്ടുണ്ടോ? പുരാണത്തിൽ ഒരു വലിയ കഥാപാത്രമുണ്ട്. എന്തുകണ്ടാലും എതിർക്കുന്ന കഥാപാത്രം. എന്തുകണ്ടാലും എതിർക്കുന്ന കഥാപാത്രമെന്നു പറയുന്നത് ശല്യർ ആണ്. ശല്യർ എന്ന കഥാപാത്രത്തിന് നമ്മുടെ ഇതിഹാസ രചയിതാവ് ഒരു വ്യക്തിക്ക്, ഒരാളിന് ശല്യർ എന്ന പേര് ബഹുവചന സൂചകമായി നൽകിയതിന്റെ അർത്ഥം കലിയുഗമാകുമ്പോൾ, കാലാന്തരങ്ങൾ കഴിയുമ്പോൾ, മന്വന്തരങ്ങൾ കഴിയുമ്പോൾ മാർക്സിസ്റ്റ് പാർട്ടിക്കുകൂടി ഈ പേര് ഗുണമുണ്ടാകും എന്നു കരുതിയാണ് എന്തിനേയും എതിർക്കുന്നവർ ശല്യർ. കൂടെയുള്ളവരേയും എതിർക്കുന്നവർ ശല്യർ. അതുപോലെ നിങ്ങൾക്കറിയാം കർണ്ണന്റെ മരണ

LIBRARY ARCHIVES Kerala Legislative Assembly

കാരണക്കാരൻ ആരായിരുന്നു? ശല്യർ. ദുര്യോധനന്റെ ദുർവിധിക്ക് കാരണക്കാരൻ ആരായിരുന്നു?, ശല്യർ. ഈ ശല്യരുടെ ജൻമസിദ്ധിയും കർമ്മസിദ്ധിയും കയ്യാളുന്നവരായി ഇന്ന് മാർക്സിസ്റ്റുകാർ മാറിയിരിക്കുന്നു എന്നതല്ലേ സത്യം? നിങ്ങൾ ശ്രീ. കെ. കരുണാകരനെ വഞ്ചിച്ചില്ലേ? ആര് വഞ്ചിച്ചു എന്ന് ചോദിക്കുന്ന ശ്രീ. ഗോവിന്ദൻ മാസ്റ്ററുടെ നേതാവ് സാക്ഷാൽ ശ്രീ. പിണറായി വിജയൻ തന്നെയല്ലേ വഞ്ചിച്ചത് ? ഞാനാണോ വഞ്ചിച്ചത്? കോൺഗ്രസാണോ വഞ്ചിച്ചത്? രണ്ട് കയ്യും ഉയർത്തി ചില പെണ്ണുങ്ങൾ കെട്ടുതാലി ഉയർത്തിക്കാണിച്ചുകൊണ്ട് ഞങ്ങളും അദ്ദേഹവുമായി ബന്ധമാണെന്ന് പറയുന്നതുപോലെ എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ശ്രീ. ബിനോയ് വിശ്വം ഒരു കയ്യിൽ മാർക്സിസ്റ്റ് പ്രമേയവും മറുകയ്യിൽ സി.പി.ഐ.(എം) പ്രമേയവും എടുത്തുകൊണ്ട് പറയുന്നു ഞങ്ങൾ തമ്മിലുള്ള ബന്ധം ഞങ്ങൾക്കറിയാം എന്ന്. നിങ്ങൾ തമ്മിലുള്ള ബന്ധം ഉടമയും അടിമയും തമ്മിലുള്ള ബന്ധമാണ്. തർക്കമുണ്ടോ? ശ്രീ. പിണറായി വിജയന്റെ വാക്കിന് വിരുദ്ധമായി സംസാരിക്കുവാനുള്ള ആർജ്ജവം ബഹുമാന്യനായ ചടയമംഗലം നിയോജക മണ്ഡലത്തിലെ ആദ്യത്തെ എം.എൽ.എ. ആയ ശ്രീ. വെളിയം ഭാർഗ്ഗവന് ഇന്നുണ്ടോ? ഉണ്ടെങ്കിൽ ഉണ്ടെന്ന് പറയാൻ നിങ്ങൾ തയ്യാറാകണം. നിങ്ങൾ എന്തിനേയും എതിർക്കുന്നു. നിങ്ങൾ 1930-ൽ എന്താണ് പറഞ്ഞത്? ഈ കോൺഗ്രസിലൂടെ ഇൻഡ്യയ്ക്ക് മോചനമുണ്ടാകില്ല എന്ന് പറഞ്ഞു. പിന്നെ ക്വിറ്റ് ഇൻഡ്യാ പ്രക്ഷോഭമുണ്ടായി. ക്വിറ്റ് ഇൻഡ്യാ പ്രക്ഷോഭത്തിൽ നിങ്ങൾ വഞ്ചന കാണിച്ചത് തെറ്റാണെന്ന് പറയാൻ നിങ്ങൾക്ക് നീണ്ട 50 വർഷക്കാലം വേണ്ടി വന്നു. നിങ്ങൾ തെറ്റ് തിരുത്തിയില്ലേ?

ഇന്ത്യ സ്വതന്ത്രമായപ്പോൾ നിങ്ങളെന്തുപറഞ്ഞു? ഇന്ത്യ സ്വതന്ത്രമായ ആഗസ്റ്റ് 15-ന് നിങ്ങൾ കൊടുത്ത പേരെന്തായിരുന്നു? ആപത്ത് 15. ആ ആപത്തു 15 എന്നുപറയുന്നതിൽനിന്നും നിങ്ങൾ എന്നു മോചിതരായി? സോവിയറ്റ് റഷ്യ ഇന്ത്യയെ അംഗീകരിച്ചു എന്നുപറഞ്ഞപ്പോൾ ആപത്ത് 15 എന്ന വാക്കിൽ നിന്നും നിങ്ങൾ മാറിയില്ലേ? ഇപ്പോൾ എന്താണ് ആഗസ്റ്റ് 15? നിങ്ങളത് വിജയദിനമായി ആചരിക്കുകയല്ലേ? ഇന്ന് കോൺഗ്രസ്സുകാർക്ക് ആഗസ്റ്റ് 15 ആഘോഷിക്കാൻ പറ്റുമോ? അത് ഡി.വൈ.എഫ്.ഐ.-ക്കാരുടെ സ്വകാര്യ സ്വത്തായി മാറിയില്ലേ? അതുമാത്രമാണോ? ഗോഡ്സെ മഹാത്മാഗാന്ധിയെ വധിച്ചു. അന്ന് നിങ്ങൾ എന്താണ് പറഞ്ഞത്? മഹാത്മാഗാന്ധിയെ വധിച്ച അവസരത്തിൽ നിങ്ങൾ ആർ.എസ്.എസ്.-ന് അനുകൂലമായി സംസാരിച്ചു, ചരിത്രം പരിശോധിക്കുക ..... .....(ബഹളം)..... സഹിഷ്ണുതയോടുകൂടി ഇരിക്കൂ. ഇന്ദിരാഗാന്ധിയെ നിങ്ങൾ എതിർത്തില്ലേ? ഇപ്പോൾ ദേശാഭിമാനിയുടെ ബ്രാൻഡ് അംബാസഡർ ആരാണ്? മാഹാത്മാഗാന്ധി ദേശാഭിമാനി പത്രത്തിന്റെ ബ്രാൻഡ് അംബാസഡർ ആയിരിക്കുന്നുവെന്ന് എം.എൽ.എ. ഹോസ്റ്റലിന്റെ തൊട്ടു കിഴക്കുവശത്ത് എഴുതിയിരിക്കുന്നു. .....(ബഹളം)..... നിങ്ങൾ അസഹിഷ്ണുതരാകും, എനിക്ക് നന്നായിട്ടറിയാം. നെഹ്റുവിന്റെ പഞ്ചവത്സര പദ്ധതിയെപ്പറ്റി നിങ്ങൾ എന്താണ് പറഞ്ഞത്? നെഹ്റുവിന്റെ പഞ്ചവത്സര പദ്ധതി പഞ്ചവത്സര



LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയാണെന്നാണ് നിങ്ങൾ പറഞ്ഞത്. ഇപ്പോൾ ജനകീയാസൂത്രണത്തിന്റെ പേരിൽ ജവഹർലാൽ നെഹ്റുവിനെ നിങ്ങൾ ന്യായീകരിക്കുന്നു. നിങ്ങൾ ചേരിചേരാ നയത്തെപ്പറ്റി എന്താണ് പറഞ്ഞത്? റഷ്യയുടെ ഭാഗത്തുനിന്നുകൊണ്ട് ചേരിചേരാ നയത്തെ അന്ന് നിങ്ങൾ എതിർത്തില്ലേ?.....(ബഹളം)..... ഞങ്ങൾ അമേരിക്കയെ എൽപ്പിച്ചിട്ടില്ല. നിങ്ങളുടെ റഷ്യ ഇപ്പോൾ എവിടെപ്പോയി? കാണാനുണ്ടോ? ഇന്ദിരാവിരോധത്തിന്റെ പേരിൽ ജനസംഘിനേയും ആർ.എസ്.എസ്.-നേയും കൂട്ടുപിടിച്ച് ഇവിടെ ജനത മുന്നേറും ജനത ഭരിക്കുമെന്നൊക്കെ നിങ്ങൾ പറഞ്ഞില്ലേ? ശ്രീ. വാജ്പേയിയെ വിദേശകാര്യ വകുപ്പുമന്ത്രിയാക്കിയതാരാണ്? ശ്രീ. എൽ. കെ. അദ്വാനിയെ ഇൻഫർമേഷൻ വകുപ്പു മന്ത്രിയാക്കിയതാരാണ്? നിങ്ങളാണ് ആക്കിയതെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. നിങ്ങൾ 1970-ൽ യന്ത്രവത്ക്കരണത്തെ എതിർത്തില്ലേ? ഇവിടെ തൊണ്ടുതല്ലുന്നതിന് മെഷീൻ കൊണ്ടുവന്നു, ട്രാക്ടർ കൊണ്ടുവന്നു, എതിർത്തില്ലേ? നിങ്ങൾ 1980-കളിൽ കംപ്യൂട്ടറിനെ എതിർത്തില്ലേ? നിങ്ങൾ 1990-കളിൽ പ്രീഡിഗ്രി ബോർഡിനെ എതിർത്തില്ലേ? നിങ്ങൾ എ.ഡി.ബി.-യെ എതിർക്കുന്നു. നിങ്ങൾ ആഗോളവത്ക്കരണത്തെ എതിർക്കുന്നു, നിങ്ങൾ വിദേശ മൂലധനത്തെ എതിർക്കുന്നു അതുപോലെതന്നെ എക്സ്പ്രസ് ഹൈവേയെ എതിർത്തിരിക്കുന്നു. സ്വാശ്രയ കോളേജിനെ എതിർത്തിരിക്കുന്നു. ചില ആളുകളുണ്ട് ഊണുകഴിക്കാൻ വിളിച്ചാൽ വരില്ല വേണ്ടെന്നുപറഞ്ഞ് മാറിനിൽക്കും. വയറുവിശക്കുമ്പോൾ പുറകിലൂടെ കയറി മൃഷ്ടാന്നം ഉണ്ണും. അതല്ലേ ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനം? അതിനു സമാനമായിട്ടുള്ള സമീപനമാണ് കാണിക്കുന്നതെന്നുള്ള യാഥാർത്ഥ്യം ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഞാൻ ഒരുകാര്യം കൂടി ഇവിടെ പറയുകയാണ്. ബംഗാളിലെ മാർക്സിസ്റ്റുകാരെ ഒന്നെടുക്കാം. ബംഗാളിലെ ശുദ്ധജല പദ്ധതിക്ക് ലോകബാങ്കിന്റെ സഹായം, അവിടെ എക്സ്പ്രസ് ഹൈവേയ്ക്ക് എ.ഡി.ബി.-യുടെ സാമ്പത്തിക സഹായം, ചേരിനിർമ്മാർജ്ജനത്തിന് ജി.എഫ്.ഡി.എ.-യുടെ സാമ്പത്തിക സഹായം, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനം അവിടെയുണ്ടാക്കുന്നത് അമ്പാനി. അവിടെ പ്രാഥമിക വിദ്യാഭ്യാസത്തിനുപോലും ഫീസ് ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങൾ ഇവിടെയെല്ലാംതന്നെ പട്ടിണിമരണത്തെ സംബന്ധിച്ചും കൃഷിക്കാരുടെ മരണത്തെ സംബന്ധിച്ചുമൊക്കെ പറഞ്ഞല്ലോ. അവിടെ മുർഷിദാബാദിൽ നടന്ന മരണം അറിഞ്ഞില്ലേ? അത് പശ്ചിമബംഗാളിലാണ്, പശ്ചിമബംഗാളിന് പുറത്തൊന്നുമല്ല. ഇവിടെ കോവളം കൊട്ടാരം വിറ്റഴിക്കാൻ പോകുന്നുവെന്നു പറഞ്ഞ് എന്ത് കോലാഹലം കാണിച്ചു. പശ്ചിമ ബംഗാളിൽ വിറ്റഴിച്ചത് വല്ലതും അറിഞ്ഞോ? ഞാൻ പറഞ്ഞുതരാം. പശ്ചിമ ബംഗാളിൽ ഇന്ത്യാ പേപ്പർ പൾപ്പ് കമ്പനി വിറ്റഴിച്ചു. സുന്ദർബാർ ഷുഗർബീറ്റ് കമ്പനി വിറ്റഴിച്ചു. അതുപോലെതന്നെ 17 കമ്പനികളിൽ സ്വകാര്യ പങ്കാളിത്തമുണ്ടാക്കി. ഏഞ്ചൽസ് ഇന്ത്യാ മെഷീൻ ടൂൾസ് 850 തൊഴിലാളികൾക്ക് വി.ആർ.എസ്. പോലും കൊടുക്കാതെ പിരിച്ചുവിട്ടു. 2700 കോടി രൂപ വിദേശ കാര്യ ഏജൻസികളിൽ നിന്നും കടമെടുത്തു. നാലായിരം

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് വി.ആർ.എസ്. കൊടുക്കാതെ 30 കമ്പനികൾ സ്വകാര്യവത്ക്കരിച്ചു. എന്താണ് നിങ്ങളുടെ ബംഗാൾ മോഡൽ? നിങ്ങൾ പറഞ്ഞുതരണം. അപ്പോൾ അവിടെ എന്തുമാകാം. ഉത്തര ബംഗാളിലെ തേയിലത്തോട്ടംതൊഴിലാളികളുടെ ദാരിദ്ര്യമെന്താണ്? ഇടുക്കിയിലും വയനാട്ടിലുമുള്ള തൊഴിലാളികളെ സംബന്ധിച്ച് പറഞ്ഞല്ലോ. ഇവിടത്തേക്കാൾ കൂടുതൽ പട്ടിണി മരണങ്ങളും സാമ്പത്തിക ദുരിതമനുഭവിക്കുന്നവരാണ് ഉത്തര ബംഗാളിലെ തൊഴിലാളികൾ. പശ്ചിമ ബംഗാളിൽ വേശ്യാവൃത്തിയുമായി കഴിയുന്ന ആളുകൾ, തൊഴിലില്ലാതെ കഴിയുന്നവർ, പട്ടിണിയിൽ കഴിയുന്നവർ, ഭക്ഷ്യ-പാർപ്പിട ശുദ്ധജല പൊതുജനാരോഗ്യ പ്രശ്നങ്ങൾ. ബംഗാളുകാർക്ക് ഇപ്പോൾ കേരളം ഗൾഫാണ്. ഇവിടത്തെ തൊഴിലാളികളെല്ലാംതന്നെ ബംഗാളിൽ നിന്നും വന്നവരാണ്. സഖാക്കൾ എന്താണ് പറയുന്നത്? ഇപ്പോഴത്തെ സ്ഥിതി എന്താണ്? അഴിമതി എന്നുകേട്ടാൽ ഇവിടെ മാർക്സിസ്റ്റുകാർ ഞെട്ടിത്തെറിക്കുമെന്നാണ്. അവരെല്ലാം സി.ആന്റ്. എ.ജി. റിപ്പോർട്ട് ഉയർത്തിപ്പിടിച്ച്, ബോഫോഴ്സ് മുതൽ ഇങ്ങോട്ട് പാമോയിൽ വരെയുള്ള അഴിമതിയുടെ കഥകൾ പറഞ്ഞില്ലേ? പാമോയിൽ അഴിമതി കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ അഴിമതിയാണ്. അതുസംബന്ധിച്ച് സി.പി.എം. സെക്രട്ടേറിയറ്റിന്റെ വിലയിരുത്തൽ എന്താണ്? ഇത് സി. ആന്റ്. എ.ജി.ക്കുണ്ടായ ഒരു പാളിച്ചയാണെന്ന സർട്ടിഫിക്കറ്റാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സെക്രട്ടേറിയറ്റ് കൊടുത്തിരിക്കുന്നത്. അഴിമതിക്കാർ ആരാണ്? അഴിമതിയുടെ ആൾരൂപമായി ഇപ്പോൾ ശ്രീ. പിണറായി വിജയൻ മാറിയിരിക്കുന്നു എന്നതാണ് സത്യം. സംസ്ഥാന സമ്മേളനം മലപ്പുറത്ത് നടന്ന അവസരത്തിൽ നിങ്ങൾ എന്താണ് പറഞ്ഞത്? പിണറായി എന്നുപറഞ്ഞാൽ മിന്നൽപ്പിണറായി എന്ന്. സാമൂഹ്യ നീതിക്കുവേണ്ടിയും സമഗ്രവികസനത്തിനുവേണ്ടിയുമുള്ള ശ്രീ. പിണറായിയുടെ കേരള മാർച്ച് പ്രാതൽ മാർച്ചായില്ലേ? ഭാവി മുഖ്യമന്ത്രിയുടെ റിഹേഴ്സൽ ആയില്ലേ? ഇപ്പോൾ എന്താണ് സ്ഥിതി? നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കുന്ന കാര്യം സമവായത്തിലൂടെ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചപ്പോൾ അതിനെക്കുറിച്ച് സംസാരിക്കുവാൻ സാമൂഹ്യ നീതിയുടെ വക്താവായ സഖാവ് പിണറായിക്കു കഴിഞ്ഞോ? സമഗ്ര വികസനം, ഭരണബോധോദയത്തോടുകൂടി അദ്ദേഹം പറയുന്നു. ഞങ്ങളുടെ നാട്ടിലൊക്കെ ഇടിമിന്നലെന്നുപറഞ്ഞാൽ മിന്നൽപ്പിണർ എന്നുപറയും. ഇടിമിന്നൽ വൈദ്യുതി അതിപ്രസരമുണ്ടാക്കും. അത് ആപത്തുണ്ടാക്കും. മിന്നൽപ്പിണറും അല്ലെങ്കിൽ പിണറായിയും വൈദ്യുതിയും ചേർന്നാലുള്ള ബന്ധം നമുക്ക് അറിയാമല്ലോ, മിന്നലും വൈദ്യുതിയുമായി ചേർന്നാൽ അത് ശാസ്ത്രബന്ധമാണ്. പക്ഷേ ഇവിടെ ശ്രീ. പിണറായിയും വൈദ്യുതിയും ചേർന്നാൽ ഉണ്ടാകുന്ന ബന്ധമെന്നുപറയുന്നത് ധനശാസ്ത്ര തത്വമാണെന്ന് സി.ആൻഡ്.എ.ജി. റിപ്പോർട്ടിലൂടെ പുറത്തുവന്നിരിക്കുന്നു. ശ്രീ. പിണറായിയുടെ ലാവ്‌ലിൻ അഴിമതിയുടെ കഥയാണ് ശ്രീ. പിണറായിയും വൈദ്യുതിയും തമ്മിലുള്ള ബന്ധം. ഇന്നലെ ബോഫോഴ്സിനെപ്പറ്റി ആരോപിച്ച അവസരത്തിൽ കോഴയുടെ കാര്യത്തെക്കുറിച്ച് പറഞ്ഞു. ബോഫോഴ്സിന്റെ ഇരട്ടി കൊള്ളയല്ലേ ഇവിടെ ചെയ്തത്? കഴിഞ്ഞ ദിവസം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോയുടെ

LIBRARY ARCHIVES Kerala Legislative Assembly

ബോഫോഴ്സിനെ സംബന്ധിച്ച കമെന്റുണ്ടായിരുന്നല്ലോ? കൊത്രോക്യന്മാർ ഒരു കാരണവശാലും രക്ഷപ്പെടാൻ അനുവദിക്കരുതെന്ന് പറഞ്ഞിരിക്കുന്നത് ആരാണ്? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉന്നതന്മാരായ നേതാക്കന്മാർ. ഇവിടെ ക്യാൻസർ സെന്ററിന് എന്താണ് സംഭവിച്ചത്? ഇവിടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് റേഡിയേഷൻ തെറാപ്പി നടത്തത്തക്ക രീതിയിലുള്ള തെരഞ്ഞെടുപ്പ് വരാൻ പോകുന്നു. ആ തെരഞ്ഞെടുപ്പിൽ ഇന്നലകളിലെ അബദ്ധങ്ങളെല്ലാം എന്നുമെന്നും ജനങ്ങളെ പറ്റിക്കാൻ പറ്റില്ല എന്നുള്ള നിലയിൽ യാഥാർത്ഥ്യ ബോധത്തോടുകൂടി ജനങ്ങൾ മനസ്സിലാക്കും. ഇവിടെ യു.ഡി.എഫ്. വീണ്ടും അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. രണ്ടാം സ്ഥാനത്തിനുവേണ്ടി കാത്തിരിക്കുന്ന ശ്രീ. ബിനോയ് വിശ്വത്തിന്റെ സ്വപ്നങ്ങളെല്ലാം തകർന്നുവീഴാൻ പോകുന്നു. യു.ഡി.എഫ്. വീണ്ടും അധികാരത്തിൽ വരാൻ പ്രാപ്തമായ രീതിയിൽ ഈ ഗവൺമെന്റിന്റെ വികസന പരിപാടികളും നേട്ടങ്ങളും ഉതകും എന്നുള്ള കാര്യത്തിൽ തർക്കമില്ല. ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു, നിർത്തുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ഫെബ്രുവരി മാസം മൂന്നാം തീയതിയാണ് ഈ നിയമസഭയുടെ അവസാന സമ്മേളനം ആരംഭിച്ചത്. അന്നുതന്നെയാണ് ലോകത്തെ നടുക്കിയ വലിയൊരു കപ്പൽ ദുരന്തമുണ്ടായത്. സൗദിഅറേബ്യയിൽ നിന്നും ഈജിപ്റ്റിലേക്ക് പുറപ്പെട്ട അൽ.സലാം ബൊക്കാഷിയോ എന്ന കപ്പൽ മുങ്ങുകയും 1085-ഓളം ആളുകൾ അത്യാഹിതത്തിന് വിധേയമാകുകയും ചെയ്തു. ഞാൻ ആ സംഭവം ഓർത്ത്, അതിനെ സംബന്ധിച്ചുള്ള പത്രവാർത്തകളെല്ലാം വായിച്ചപ്പോൾ സങ്കടകരമായി അനുഭവപ്പെട്ട ഒരു കാര്യം പറയാനാണ് പോകുന്നത്. ആ കപ്പൽ മുങ്ങിയപ്പോൾ കപ്പലിൽ നിന്നും ആദ്യം രക്ഷപ്പെട്ടത്, അതിന്റെ കപ്പിത്താനാണ്. അതിലെ രക്ഷാബോട്ടുകളും മറ്റു രക്ഷാ ഉപകരണങ്ങളുമെല്ലാം ഉപയോഗപ്പെടുത്തി ആ കപ്പലിലെ മുഴുൻ ജീവനക്കാരും കപ്പൽ നായകനോടൊപ്പം രക്ഷപ്പെടുകയും 1085-ഓളം യാത്രക്കാർ ഭീകരമായ വിധിക്കു കീഴടങ്ങുകയും ചെയ്തു.

ആ മൂന്നാംതീയതി തന്നെയാണ് കേരള നിയമസഭയുടെ സമ്മേളനം ആരംഭിച്ചത്. ഇടറാതെ, പതറാതെ മുന്നോട്ടുപോയി, 10-ാം തീയതി ബഡ്ജറ്റ് അവതരിപ്പിച്ചു. ഈ മുങ്ങുന്ന കപ്പലിനെ മുന്നോട്ടു നയിക്കുന്ന ശ്രീ. വക്കം പുരുഷോത്തമൻ അന്നു തന്നെ രക്ഷപ്പെട്ടു. ഞാൻ ഇനി മേലാൽ തെരഞ്ഞെടുപ്പിന് ഇല്ല. ഞാൻ മൽസരിക്കുന്നില്ല എന്ന് അദ്ദേഹം പറഞ്ഞു. ഈ മുങ്ങുന്ന കപ്പലിൽ നിന്നും അദ്ദേഹത്തിന് പുറമെ ഇനി ആരൊക്കെയാണ് രക്ഷപ്പെടാൻ പോകുന്നതെന്ന് കണ്ടുതന്നെ അറിയണം. ഏതായാലും ശ്രീ. വക്കം പുരുഷോത്തമനെ സംബന്ധിച്ച് ഞങ്ങൾക്ക് കൃത്യമായ ഒരു ധാരണയുണ്ട്. ശ്രീ. വക്കം പുരുഷോത്തമൻ ഒന്നും കാണാതെ അങ്ങനെ സംസാരിക്കില്ല, എന്തെങ്കിലുമൊക്കെ കണ്ടിട്ടായിരിക്കും അദ്ദേഹം ഇതു പറഞ്ഞിട്ടുണ്ടാവുക. ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട്, കേരളത്തിന്റെ സാമ്പത്തിക രംഗത്തെ പ്രശ്നങ്ങൾ എല്ലാം പരിഹരിച്ചു എന്നുള്ള നിലയിലാണ്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം സംസാരിച്ചത്. പക്ഷേ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി അപകടകരമായ നിലയിൽ മുന്നോട്ടു പോകുകയാണെന്ന് അതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള എല്ലാ കണക്കുകളും വ്യക്തമാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലം കേരളത്തിലെ ജനങ്ങൾക്കെതിരായി ഇവർ നടത്തിയിട്ടുള്ള എല്ലാ നീക്കങ്ങളുടെയും ഫലം ഇവർ അനുഭവിക്കാൻ പോകുകയാണ്. ഈ അവസാന നാളുകളിൽ ചില ഗിമ്മിക്കുകൾ കാണിച്ചുകൊണ്ട്, തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ച്, ജയിച്ചുവരാൻ കഴിയുമെന്നുള്ള ധാരണയിൽ, അപ്പുറത്തു നിൽക്കുന്ന ആളുകൾ ആവേശമൊക്കെ പ്രകടിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ഈ നാലര കൊല്ലക്കാലം കേരളത്തിലെ ജനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ ചെയ്യുന്നതിനുവേണ്ടി മുന്നോട്ടു വരാതിരുന്ന ആളുകൾ, അവസാനം വാഗ്ദാനങ്ങളൊക്കെ വാരിക്കോരി കൊടുത്ത്, കേരളത്തിലെ ജനങ്ങളുടെ കണ്ണിൽ പൊടിയിട്ട്, തെരഞ്ഞെടുപ്പിലൂടെ വീണ്ടും അധികാരത്തിൽ വരാനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കാൻ സാധിക്കുമോ എന്നാണ് നോക്കുന്നത്. പക്ഷേ കേരളത്തിലെ ജനങ്ങൾ പ്രബുദ്ധരാണ്. ഈ ഗവൺമെന്റിന്റെ ചെയ്തികളെ വിശദമായി വിലയിരുത്താനും, സ്വന്തമായി നിലപാട് എടുക്കുവാനുമുള്ള ശേഷി കേരളത്തിലെ ജനങ്ങൾക്കുണ്ട്. ആ ശേഷിയുള്ളതുകൊണ്ടാണ് ഈ ഗവൺമെന്റിന്റെ നാലര കൊല്ലക്കാലത്തെ ഭരണത്തെ വിലയിരുത്തിക്കൊണ്ട്, അവസരം കിട്ടുമ്പോഴെല്ലാം തന്നെ ജനങ്ങൾ അവർക്ക് കനത്ത പ്രഹരം നൽകുന്നതിന് തയ്യാറായിട്ടുള്ളത്. ഈ ഒരു കളിക്കിടയിൽ ഫുൾ ടീമിനെ മാറ്റി രണ്ടു തവണ നിങ്ങൾ കളിച്ചില്ലേ? ഫുൾ ടീം മാറ്റി കളിച്ച ഒരു ഗവൺമെന്റ് , അങ്ങനെ മാറ്റി കളിച്ച് കേരളത്തിലെ ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ നീക്കം നടത്തി. ആ നീക്കത്തിന് എന്തെങ്കിലും ഫലം ഉണ്ടായോ? ജനങ്ങൾ വലിയ തോതിൽ ദുരിതമനുഭവിക്കുമ്പോൾ, പ്രയാസമനുഭവിക്കുമ്പോൾ, അത് പരിഹരിക്കാനാവശ്യമായ നടപടികൾ ഉണ്ടാക്കുന്നതിനു ശ്രമിക്കാതെ, ഗവൺമെന്റ് എന്തിനാണ് ഈ നാലു മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിയത്? എന്തിനാണ് ഈ പണം? ഐക്യജനാധിപത്യമുന്നണിയുടെ പ്രകടന പത്രിക ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ ഉയർത്തിക്കാണിച്ചു. നവോത്ഥാനത്തിന്റെ നയരേഖ എന്ന ഓമനപ്പേരിൽ നിങ്ങൾ വിളിച്ചിട്ടുള്ള, ആ പുസ്തകത്തിൽ 15 ലക്ഷം ചെറുപ്പക്കാർക്ക് അഞ്ച് കൊല്ലംകൊണ്ട് ജോലി കൊടുക്കുമെന്നു പറഞ്ഞു. എന്നാൽ നിയമനം നിരോധിക്കാനുള്ള ഉത്തരവാണ് കൊടുത്തത്. നിയമന നിരോധനം നടപ്പിലാക്കി എന്ന് ഞാൻ പറഞ്ഞാൽ അപ്പുറത്തെ എല്ലാവരും കൂടി ഉറഞ്ഞുതുള്ളും. നിയമന നിരോധന ഉത്തരവൊന്നും ഞങ്ങൾ നടപ്പിലാക്കിയിട്ടില്ല, ഞങ്ങൾ അതു നടപ്പിലാക്കാൻ ശ്രമിച്ചില്ല എന്നാണ് പറയുന്നത്. പക്ഷേ നിയമന നിരോധന ഉത്തരവിന്റെ വെളിച്ചത്തിൽ, കേരളത്തിലെ ചെറുപ്പക്കാർക്ക് ലഭിക്കേണ്ടിയിരുന്ന ഒട്ടനവധി തൊഴിലവസരങ്ങൾ ഇല്ലാതാക്കാനാവശ്യമായ സംവിധാനം നിങ്ങൾ ഉണ്ടാക്കിയില്ലേ? എന്നിട്ട് പിൻവാതിലിലൂടെ നിയമനം നടത്തുകയാണ് ചെയ്തത്. 30,000-ത്തോളം ആളുകൾക്ക് പിൻവാതിലിലൂടെ നിയമനം നൽകാൻ ആവശ്യമായ നടപടികളാണ് ഉണ്ടാക്കിയത്. മുഖ്യമന്ത്രി മുൻകൈ എടുത്ത് സെക്രട്ടേറിയറ്റിനകത്ത്

LIBRARY ARCHIVES Kerala Legislative Assembly

21 പേർക്ക് നിയമനം നൽകി. ശാസ്ത്ര-സാങ്കേതിക വകുപ്പിൽ 52 പേർക്ക് നിയമനം നൽകി.. ബൊട്ടാണിക്കൽ ഗാർഡനിൽ 18 പേർക്ക് നിയമനം നൽകി. സി-ഡിറ്റിൽ 70 പേർക്ക് നിയമനം നൽകി. കെ.എസ്.ഇ.ബി.യിൽ കരാർ അടിസ്ഥാനത്തിൽ 5,000 പേരെ നിയമിച്ചു. കേരള വാട്ടർ അതോറിറ്റിയിൽ 4,000 പേരെ നിയമിച്ചു. വനിതാ കോർപ്പറേഷനിൽ 150 പേരെ നിയമിച്ചു. ബിവറേജസ് കോർപ്പറേഷനിൽ 250 പേരെ നിയമിച്ചു. ഐ.എച്ച്.ആർ.ഡി.-യിൽ 400 പേരെ നിയമിച്ചു. രേഖ മേശപ്പുറത്തു വയ്ക്കണമോ? കൃത്യമായ കണക്ക് എന്റെ കയ്യിലുണ്ട്. ഇതൊക്കെ ഓരോ ഡിപ്പാർട്ടുമെന്റിനകത്തുനിന്നും ഇപ്പോൾ നമുക്കു സമാഹരിക്കുവാൻ കഴിയുന്ന കണക്കുകളാണ്. മുനിസിപ്പൽ ഡയറക്ടറേറ്റിൽ പി.എസ്.സി. റാങ്കു ലിസ്റ്റ് നിലവിലിരിക്കെ നിയമനം നടത്തി. കെ.എസ്.എഫ്.ഇ.-യിൽ, കെ.എസ്.ആർ.ടി.സി.-യിൽ, കെ.ടി.ഡി.സി-യിൽ, കെ.ടി.ഡി.എഫ്.സി.-യിൽ, കെ.എസ്.ഐ.ഇ.-യിൽ, കെ.എസ്.ഐ.ഡി.സി.-യിൽ, കിൻഫ്രയിൽ, യൂത്ത് വെൽഫെയർ 'ബോർഡിൽ, ഇങ്ങനെ നിങ്ങൾ അനധികൃതമായ രീതിയിൽ പിൻവാതിലിലൂടെ നിയമനം നടത്താത്ത ഏതെങ്കിലും മേഖലയുണ്ടോ? ജാതിയും മതവും തിരിച്ചും പണം വാങ്ങിയും, പ്രദേശം നോക്കിയും, ഐക്യജനാധിപത്യമുന്നണിയുടെ ബന്ധുക്കൾക്കും താല്പര്യമുള്ള ചിലയാളുകൾക്കുമൊക്കെ നിയമനം നൽകാനാവശ്യമായ സംവിധാനമുണ്ടാക്കുകയല്ലേ നിങ്ങൾ ചെയ്യുന്നത്? പെൻഷൻ ഫണ്ട് ബോർഡ് നടത്തിയ നിയമനം തന്നെ ഉദാഹരണമായി എടുക്കാം. പെൻഷൻ ഫണ്ട് ബോർഡിൽ ടെസ്റ്റു നടത്തിയിട്ട് റാങ്ക്ലിസ്റ്റ് ടെസ്റ്റ് നടത്തിയ ഏജൻസിയെക്കൊണ്ട് ഉണ്ടാക്കിയില്ല. പി.എസ്.സി. അഡ്വൈസ് മെമ്മോ കൊടുത്ത ആളുകൾക്കുപോലും ഇനി നിയമനം കൊടുക്കാൻ ബാക്കിയുണ്ട്. പെൻഷൻഫണ്ട് ബോർഡിനകത്ത് നിയമനം നടത്തുന്നതിനുവേണ്ടി പുറത്തുള്ള ഒരു ഏജൻസിയെക്കൊണ്ട് റിട്ടൺ ടെസ്റ്റ് നടത്തി. റിട്ടൺ ടെസ്റ്റ് നടത്തിയിട്ട് ഇതുവരെ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചില്ല. ടെസ്റ്റ് നടത്തിയ ആളുകളെ റാങ്ക് ലിസ്റ്റുണ്ടാക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയില്ല. ഇപ്പോൾ ഒരു ഓർഡർ ഇറക്കിയിട്ടുണ്ട്. ജനുവരി 25-ാം തീയതിയും ഫെബ്രുവരി 14-ാം തീയതിയും സഹകരണ ജീവനക്കാരുടെ പെൻഷൻ ഫണ്ട് ബോർഡിന്റെ രണ്ടു യോഗങ്ങൾ ചേർന്നിരുന്നു. ആ രണ്ടു യോഗത്തിനകത്തും ഈ റാങ്ക് ലിസ്റ്റിനെ സംബന്ധിച്ച് ഒരു അജണ്ടയും ഇല്ല. അങ്ങനെ അജണ്ടയില്ലാതിരിക്കെ 14-ാം തീയതി ചേർന്ന യോഗത്തിൽ തന്നെ നിയമനത്തിനുവേണ്ടി അഞ്ച് ഉത്തരവിറക്കി. 14-2-2000-ൽ കൂടിയ പെൻഷൻ ബോർഡ് യോഗം ചർച്ച ചെയ്ത് അംഗീകരിക്കുകയും, ഉത്തരവുകൾ പുറപ്പെടുവിക്കുകയും, സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിരിക്കുന്നു എന്നാണ്. ഈ രണ്ടു യോഗത്തിന്റെ മിനിട്ട്സിലും അങ്ങനെയൊരു അജണ്ടയില്ല. അജണ്ടയില്ലാതെ അന്നു വൈകുന്നേരത്തിനിടയിൽ, പെൻഷൻ ബോർഡിന്റെ സെക്രട്ടറി ഇറക്കിയിട്ടുള്ള ഉത്തരവിൽ ആർക്കൊക്കെയാണ് ജോലി കൊടുത്തിട്ടുള്ളത് എന്നുണ്ട്. ഒരാളിനു വേണ്ടി ഒരു ഉത്തരവിറക്കിയിട്ടുണ്ട്. ആ ഉത്തരവ് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ മകന്റെ ഭാര്യക്ക് ജോലി കൊടുക്കുന്നതിനു വേണ്ടിയാണ്. രണ്ടാമത് ഒരു ഉത്തരവുണ്ട്. സി.എം.പി.-യുടെ യുവജനനേതാവും തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ സഹകരണ ബാങ്കിന്റെ വൈസ് പ്രസിഡന്റുമായ ശ്രീ. എം. വി. ഷാജുവിന്റെ ഭാര്യ പാർവ്വതി ചന്ദ്രചൂഢനുവേണ്ടിയുള്ളതാണ്. അഞ്ച് ഉത്തരവിലൂടെ 22 പേരെ നിയമിക്കാനാവശ്യമായ ഉത്തരവുണ്ടാക്കി. 22 പോസ്റ്റും ബന്ധുക്കൾക്കുവേണ്ടി സംവരണം ചെയ്തിരിക്കുന്നു. അങ്ങനെ സംവരണം ചെയ്തിട്ട്, ഈ പെൻഷൻഫണ്ട് ബോർഡിനകത്ത് നിയമനം നടത്താൻ തീരുമാനിച്ചപ്പോൾ, അതിനെതിരായിട്ട് ഡി.വൈ.എഫ്.ഐ. സമരം നടത്തി. ഡി.വൈ.എഫ്.ഐ-കാർക്ക് അഡീഷണൽ ഡയറക്ടർ എഴുതിക്കൊടുത്തിട്ടുള്ള കത്താണ്. (കത്ത് ഉയർത്തിക്കാട്ടി) 14-2-2000-ൽ ചേർന്ന യോഗത്തിലെ തീരുമാന നമ്പർ b(1) പ്രകാരം 22 പേർക്ക് നിയമന മെമ്മോ ബോർഡിനുവേണ്ടി അയച്ചിരുന്നു. അതിൽ താഴെപ്പറയുന്ന ഏഴു പേരെ നിയമിച്ചിരിക്കുന്നു. ബാക്കി 15 പേരെ പെൻഷൻ ബോർഡ് യോഗം ചേർന്ന് പരിശോധിച്ചതിനുശേഷം മാത്രമേ നിയമിക്കൂവെന്ന് അഡീഷണൽ ഡയറക്ടർ എഴുതിക്കൊടുത്ത കടലാസ്സാണിത്. അതാണ് സമരക്കാർക്ക് നൽകിയത്. നിങ്ങൾ നേരാംവണ്ണമാണ് നിയമനം നടത്തിയതെങ്കിൽ സമരക്കാർക്ക് അങ്ങനെ എടുതി ക്കൊടുക്കണമായിരുന്നോ? ആളുകളുടെ കണ്ണിൽ പൊടിയിടുന്നതിനുവേണ്ടി, ആളുകളെ പറ്റിക്കാൻ വേണ്ടി നിങ്ങൾ നടക്കുകയാണ്. സ. പിണറായി വിജയനെ വേണ്ടാത്തതൊക്കെ പറഞ്ഞുനടക്കുകയല്ലേ നിങ്ങൾ? ഈ കള്ള പ്രചാരണ വേലയിലൂടെ തെരഞ്ഞെടുപ്പിൽ ജയിക്കാമെന്നാണോ നിങ്ങൾ കരുതുന്നത്. അങ്ങനെ ജയിക്കാൻ സാധിക്കുമോ? ശ്രീ. പിണറായി വിജയനെ പണറായി വിജയനെന്നു പറഞ്ഞ് അധിക്ഷേപിച്ചു. അതിനു സ്പീക്കറുടെ റൂളിംഗുണ്ടായി. സഭ യിലില്ലാത്ത ആളുകളെക്കുറിച്ച് അങ്ങനെ പറയാൻ പാടില്ലെന്നു പറഞ്ഞു. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ സംസാരിച്ചപ്പോൾ ഭൂരിപക്ഷ സമയവും അതിനുവേണ്ടി തന്നെയാണ് ഉപയോഗിച്ചത്. എവറസ്റ്റിന്റെ എം.ഡി. ആയ ഒരു ചെറുപ്പക്കാരനെ വധിക്കുന്നതിനുവേണ്ടി നേതൃത്വം കൊടുത്ത ഹിമാലയ കമ്പനിക്കാർക്ക്, കേന്ദ്രത്തിൽ നിന്നും 100 കോടി രൂപ വാങ്ങിക്കൊടുത്തിട്ട്, 10 കോടി രൂപ കമ്മിഷൻ പറ്റിയെന്ന പ്രശ്നം ഉയർന്നു വന്നപ്പോൾ, ശ്രീ. വക്കം പുരുഷോത്തമൻ എനിക്കൊന്നുമറിയില്ല എന്നുള്ള ഒരു നിലപാട് സ്വീകരിച്ചു. .....(ബഹളം).....10 കോടി രൂപയുടെ ഹിമാലയ അഴിമതി ഇടപാടിൽ എന്തുമാകാമെന്നുള്ള തോന്നലാണ് നിങ്ങൾക്കുള്ളത്. അങ്ങനെ ജനങ്ങളെ പറ്റിക്കാൻ കഴിയുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, ഇവിടെ പല പ്രാവശ്യം റൂൾ ചെയ്തിട്ടുള്ളതാണ്, സഭയിൽ ഇല്ലാത്ത ഒരു വ്യക്തിയെക്കുറിച്ച്. ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റിനെ ക്കുറിച്ച് ഇവിടെ പറഞ്ഞ വാചകങ്ങൾ രേഖയിൽ നിന്നും നീക്കം ചെയ്യണം. എന്തു വൃത്തികെട്ട രീതിയിലാണ് പറഞ്ഞിരിക്കുന്നത്. സഭാ രേഖകളിൽ നിന്നും അതു നീക്കം ചെയ്യണം. .....(ബഹളം).....

ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിനെത്തുടർന്ന് നീക്കം ചെയ്തു. (File No. 286/ഇ.ബി. 2006/ലെജി. dated 4-3-2006).

മി. ചെയർമാൻ (ശ്രീ. പി. കെ. അബ്ദുറബ്ബ്): പ്ലീസ്..... അവിടെ ഇരിക്കൂ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ: ഇവിടെ കഴിഞ്ഞ ദിവസം, ശ്രീ. സി.പി. മുഹമ്മദ് ശ്രീ. പിണറായി വിജയനെ പണറായി വിജയൻ എന്നു വിളിച്ച് ആക്ഷേപിച്ചു. അങ്ങനെയാണെങ്കിൽ ഭാഷാഭേദം വരുത്താൻ പലർക്കും കഴിയും. കെ.പി.സി.സി. എന്നു പറയുന്നത്, കള്ളന്മാരെ പോറ്റുന്ന കോൺഗ്രസ്സ് കമ്മിറ്റി എന്നു പറഞ്ഞു കൂടെ? ഡി.സി.സി. എന്നുള്ളത് ഡിസ്ട്രിക്ട് കറപ്ഷൻ കമ്മിറ്റി എന്നു പറഞ്ഞു കൂടെ? .....(ബഹളം).....

മി. ചെയർമാൻ (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഓർഡർ..... ഓർഡർ.....സഭയിൽ ഇല്ലാത്ത ഒരാളെക്കുറിച്ച് പരാമർശിച്ചത് രേഖയിൽ ഉണ്ടായിരിക്കുന്നതല്ല.....

.....(ബഹളം).....

ശ്രീ. സാജുപോൾ: എങ്കിൽ ശ്രീ. പിണറായി വിജയനെക്കുറിച്ച് പരാമർശിച്ചതും രേഖയിൽ നിന്നും ഒഴിവാക്കണം..... (ബഹളം).....(ബഹളം)

മി. ചെയർമാൻ: അന്നേരം ആരും റെയിസ് ചെയ്തില്ലല്ലോ. അന്നേരം ആരും റെയ്സ് ചെയ്തിട്ടില്ല.....(ബഹളം).....റെയിസ് ചെയ്യാതിരുന്നാൽ എങ്ങനെയാണ് റൂളിംഗ് വരുന്നത്.....(ബഹളം)..... ഇപ്പോഴാണ് റെയിസ് ചെയ്തത്. റെയ്സ് ചെയ്തപ്പോൾ റൂളിംഗ് കൊടുത്തു. അത്രയേ ഉള്ളൂ. .....(ബഹളം).....

(ശ്രീ. എം. വി. ജയരാജനും മറ്റുചില പ്രതിപക്ഷ അംഗങ്ങളും സ്വസ്ഥാനങ്ങളിൽ നിന്നെഴുന്നേറ്റ് മുന്നോട്ടുവന്നുകൊണ്ടിരിരുന്നു. ഈ സമയം അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ എത്തി) .....(ബഹളം).....

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാന്യനായ സഭാ നേതാവിന്റെ റൂളിംഗിനെ ചോദ്യം ചെയ്യുന്നത് ചട്ട വിരുദ്ധമാണ്.

മി. സ്പീക്കർ : Go to your seat..... Go to your seat..... Please go to your seat. .....(ബഹളം) .....Yes... Yes. .....(ബഹളം)..... Please... Please..... .....(ബഹളം)..... Please take your seat..... Please..... Please..... .....(ബഹളം)..... രേഖകൾ പരിശോധിച്ച് ആരെപ്പറ്റിയാണെങ്കിലും ഇവിടെയുണ്ടായ പരാമർശങ്ങൾ സഭയുടെ അന്തസ്സിന് നിരക്കുന്നതല്ലെങ്കിൽ അത് സഭാ രേഖയിൽ നിന്നും നീക്കം ചെയ്യും. എനിക്ക് ഒരു കാര്യം പറയാനുള്ളത്, സഭാ നടപടികളിൽ നിന്ന് നീക്കം ചെയ്യുകയെന്നു പറയുന്നത് സാങ്കേതികത്വമാണ്. ഇപ്പോൾ ഇവിടെ ലൈവ് ടെലികാസ്റ്റ് നടത്തുകയാണ്. അഞ്ച് കൊല്ലം നമ്മൾ ജനപ്രതിനിധികളായിട്ട് ദിവസങ്ങൾ മാത്രം അവശേഷിക്കുന്ന ഈ സമയത്ത് മോശമായി ഒരാളും പെരുമാറാതിരിക്കുന്നതാണ് ബുദ്ധി. ജനങ്ങൾ ഇതൊക്കെ കാണുന്നുണ്ട് അവർ grade ചെയ്യുന്നുമുണ്ട്. Yes, continue.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ഞങ്ങൾ കോൺഗ്രസ്സിന്റെ പ്രമാണികൻമാരായിട്ടുള്ള നേതാക്കൻമാരെ ബഹുമാനിക്കുന്നവരാണ്. മഹാത്മാഗാന്ധിയെ ബഹുമാനിക്കുന്നു. അദ്ദേഹത്തോട് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെങ്കിലും മഹാത്മാഗാന്ധി എന്ന വലിയ മനുഷ്യന്റെ വലിയ മൂല്യങ്ങളെ ഞങ്ങൾ ആദരിക്കുന്നുണ്ട്, ബഹുമാനിക്കുന്നുണ്ട്. അത് ഞങ്ങൾ എല്ലാ അവസരത്തിലും വച്ചുപുലർത്തുന്നുമുണ്ട്. ആയിരത്തിന്റേയും അഞ്ഞൂറിന്റേയും നോട്ടിൽ കാണുമ്പോഴല്ലാതെ കോൺഗ്രസ്സുകാർ എപ്പോഴെങ്കിലും മഹാത്മാഗാന്ധിയെക്കുറിച്ച് ഓർക്കാറുണ്ടോ? അങ്ങനെയൊരു നിലപാട് സ്വീകരിക്കുന്ന നിശ്ചയദാർഢ്യമില്ലാത്ത ഗവൺമെന്റ് കൊണ്ടുവന്ന വോട്ട് ഓൺ അക്കൗണ്ടിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ്: സർ, പട്ടിണിപ്പാവങ്ങളോടുള്ള അനുകമ്പയുടെ, സ്നേഹത്തിന്റെ തൂവൽസ്പർശമുള്ള ഈ ഗവൺമെന്റിന്റെ അവസാന സമ്മേളനത്തിൽ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിൻതുണയ്ക്കുകയാണ്. ഒരു തെരഞ്ഞെടുപ്പിന്റെ പേറ്റുനോവ് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ തികഞ്ഞ ചാരിതാർത്ഥ്യത്തോടും മനസംതൃപ്തിയോടുംകൂടിയാണ് ഐക്യജനാധിപത്യ മുന്നണി തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നത്. മഹത്തായ ഈ സഭയ്ക്ക് ഒരുപാട് പാരമ്പര്യമുണ്ട്. ശൈലീവല്ലഭനായ പനമ്പിള്ളി ഗോവിന്ദമേനോന്റെയും ഭീഷ്മാചാര്യനായ പട്ടം താണുപിള്ളയുടെയും ആദരണീയനായ ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെയും വിദ്യാഭ്യാസ വിചക്ഷണനായ ശങ്കറിന്റെയും ബഹുമാന്യനായ ചേലാട്ട് അച്യുതമേനോന്റെയുമൊക്കെ പാദസ്പർശം കൊണ്ട് പവിത്രമായ ഈ നിയമസഭയിൽ കേവലം കന്നിക്കാരനായ എന്നെപ്പോലുള്ള ഒരു പൊതുപ്രവർത്തകന് അഞ്ചു വർഷം ഇരിക്കാൻ കഴിഞ്ഞതിൽ വലിയ സന്തോഷമുണ്ട്. ഞാൻ ബഹുമാന്യനായ പിണറായി വിജയനെക്കുറിച്ച് പറഞ്ഞ ഒരു പരാമർശം പ്രതിപക്ഷത്തെ ചൊടിപ്പിച്ചുവെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. ഞാൻ അദ്ദേഹത്തെ കുറ്റമൊന്നും പറഞ്ഞിട്ടില്ല. അവർക്കതിൽ വിഷമമുണ്ടെങ്കിൽ 'പണറായി' എന്നുള്ളതിനെ 'പിണ.....റായി' എന്നുതന്നെ ഉദ്ധരിക്കുകയാണ്. .....(ബഹളം).....(ബഹളം)..... .....

ഞാൻ പറഞ്ഞത് പിൻവലിക്കുകയാണ് ചെയ്തത്. ഈ നിയമസഭാ സമ്മേളനത്തിൽ പഴകിത്തേഞ്ഞ ആരോപണങ്ങളുടെ തനിയാവർത്തനങ്ങൾ മാത്രമാണ് പ്രതിപക്ഷം നടത്തിയത്. മൂന്ന് ഉപതെരഞ്ഞെടുപ്പുഫലങ്ങളുടെ അഹങ്കാരത്തിനുശേഷം അഹങ്കാരത്തിന്റെ ആനപ്പുറത്തുകയറിയാണ് അടുത്ത ഭരണത്തെക്കുറിച്ച് അവർ സ്വപ്നം കാണുന്നത്. ഇത് മലർപ്പൊടിക്കാരന്റെ ദിവാസ്വപ്നം പോലെയാണ്. അടുത്ത തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് ആയിരിക്കും അധികാരത്തിൽ വരുകയെന്നുള്ള ധ്വനിയിൽ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ആവേശത്തോടെ സംസാരിച്ചു. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഒരു ഗൗരവക്കാരനാണെന്നാണ് ഞാൻ കരുതിയത് അദ്ദേഹം തമാശ പറയുമെന്ന് ഇപ്പോൾ എനിക്ക് മനസ്സിലായി. ശ്രീ. മൻമോഹൻ സിംഗ് ഭരിക്കുന്നതും ശ്രീ. വയലാർ



LIBRARY ARCHIVES Kerala Legislative Assembly

രവി ഭരിക്കുന്നതും ഇടതുപക്ഷത്തിന്റെ ഔദാര്യം കൊണ്ടാണെന്ന് അദ്ദേഹം പറഞ്ഞു. ചെകുത്താനെ കൂട്ടുപിടിച്ചുപോലും കോൺഗ്രസിനെ താഴെയിറക്കുമെന്നു പറഞ്ഞ പൂർവ്വകാല നേതാക്കൻമാരെക്കുറിച്ച് പ്രതിപക്ഷം വിസ്മരിക്കുകയാണ്. ഇവിടെ പ്രതിപക്ഷത്തിന് ജനപിന്തുണ കൂടിയെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ സി.പി.ഐ.(എം) എന്തിനാണ് ശ്രീ. കരുണാകരന്റെ പാർട്ടിയുടെ പിന്നാലെ നടന്നത്. ഈ ഗവൺമെന്റിനെ പ്രതിപക്ഷം കാണുന്നത് തുറന്നുകിടക്കുന്ന വാതിലിലൂടെ നോക്കാതെ വാതിലടച്ച് താക്കോൽ ദ്വാരത്തിലൂടെയാണെന്ന പരാതി എനിക്കുണ്ട്. അലവലാതികൾ വേണ്ടെന്ന് ശ്രീ. പന്ന്യൻ രവീന്ദ്രൻ പറഞ്ഞു. അലവലാതികളുടെ വോട്ട് വാങ്ങി ജയിച്ച്, വാങ്ങിയ ലഡുവെങ്കിലും തിരിച്ചുകൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട ലീഡറുടെ പാർട്ടി വേണ്ടെന്ന് ശ്രീ. പ്രകാശ് കാരാട്ട് പറഞ്ഞപ്പോൾ എനിക്ക് ഓർമ്മ വരുന്നത് ഒരു സിനിമാഗാനമാണ്. "അപ്പോഴും പറഞ്ഞില്ലേ പോകണ്ടാ പോകണ്ടാന്ന്" അത് ലീഡർ കേൾക്കാത്തതുകൊണ്ടാണ് ഇന്ന് അദ്ദേഹത്തിന് ഈ ഗതി വന്നത്. പി. വി. പറഞ്ഞത് പി.ബി കേൾക്കുമെന്നാണ് ഞങ്ങളൊക്കെ കരുതിയത്. പക്ഷെ വി.ബി പറഞ്ഞതാണ് പി. ബി. കേട്ടത്. ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചതുപോലെയാണ് സഖാവ് പിണറായി അടക്കമുള്ള പ്രതിപക്ഷത്തിന്റെ ഇപ്പോഴത്തെ സ്ഥിതി. ഒരാളെപ്പറ്റി പേര് പറയുന്നതിൽ തെറ്റില്ല. നിങ്ങൾ സോണിയാ ഗാന്ധിയെക്കുറിച്ച് പറഞ്ഞു. ആരോപണം പറയുമ്പോൾ നിങ്ങൾ ബഹളം കൂട്ടുകയാണ്. ഇവിടെ മന്ത്രിയായിരുന്ന ഒരു വ്യക്തിയെക്കുറിച്ച് നാളെ ചർച്ച വരും. അപ്പോൾ ശ്രീ. പിണറായിയുടെ പേര് വരും. അപ്പോൾ നിങ്ങൾ ഇങ്ങനെ ബഹളം കൂട്ടിയാൽ എങ്ങനെയാണ് ശരിയാകുക? എസ്.എൻ.സി ലാവ്‌ലിന്റെ പുറകെ പി. ബി. തീരുമാനവും ഇപ്പോൾ പ്രതിപക്ഷത്തെ വേട്ടയാടുകയാണ്. ഏതാണ്ട് ബിരിയാണിച്ചെമ്പിന്റെ പരുവത്തിലാണ് നിങ്ങൾ. മുകളിലും താഴേയും തീയാണ്. നിങ്ങൾ ലീഡറുടെ പാർട്ടിയോട് കാണിച്ചത് വിശ്വാസ വഞ്ചനയാണ്. അതിന് റൂൾ 420 അനുസരിച്ച് അവരുടെ പേരിൽ കേസെടുക്കേണ്ടതാണ്. നിങ്ങൾ ശ്രീ. ഇബ്രാഹിം സുലൈമാൻ സേട്ടിനെ ചതിച്ചു. ആ മനുഷ്യൻ നല്ല നിലയിൽ ലീഗിൽ നിൽക്കുകയായിരുന്നു. പിന്നെ ലീഡറെ ചതിച്ചു. ഇനി നിങ്ങൾ കേരളത്തിലെ ജനങ്ങളെ ചതിക്കും. എന്നെ സേവിച്ച നായയെ കടത്താതെ എനിക്ക് സ്വർഗ്ഗം വേണ്ടെന്ന് പണ്ട് യുധിഷ്ടിരൻ പറയുകയുണ്ടായി. ഞങ്ങളെ സേവിച്ച, ഉപതെരഞ്ഞെടുപ്പിൽ ഞങ്ങളെ സഹായിച്ച ലീഡറെ കൂട്ടാത്തതുകൊണ്ട് എനിക്ക് പാർട്ടി സെക്രട്ടറി സ്ഥാനം വേണ്ടെന്ന് ശ്രീ. എം.വി.ആർ പറഞ്ഞതുപോലെ പറയാനുള്ള മര്യാദ നിങ്ങൾ കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. "മരം അറിഞ്ഞ് കൊടി ഇടുക, തല അറിഞ്ഞ് എണ്ണ തേയ്ക്കുക" എന്നൊരു ചൊല്ലുണ്ട്. ഓരോ പാർട്ടിയേയും അറിഞ്ഞ് കൂട്ടുകൂടാത്ത ദുഃസ്ഥിതിയാണ് ഞങ്ങളുടെ പഴയ സഹപ്രവർത്തകർക്കുണ്ടായത്. ഫ്രെയ്സറുടെ Golden Bow- യിലെ ഒരു കഥാപാത്രമുണ്ട്. നാമാവശേഷമായ സിസ്സിലിയായിലെ ഒരു ഗോത്രത്തലവനെക്കുറിച്ച്. കെ.എസ്.യു-വിലെ തല്ലിനെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ. സിസ്സിലിയായിലെ ഗോത്രത്തലവന്റെ സ്ഥിതി. ആരാണ് ഗോത്രത്തലവനെ കൊല്ലുക അയാളാണ് പിന്നീട് ഗോത്രത്തലവനായി മാറുക.

LIBRARY ARCHIVES Kerala Legislative Assembly

ഊരിപ്പിടിച്ച വാളുമായി ഗോത്രത്തലവൻ കൊല്ലപ്പെടുന്നതുവരെ കാത്ത് നിൽക്കുകയാണ്. ഇപ്പോൾ മാർക്സിസ്റ്റു പാർട്ടിയിലെ സ്ഥിതി അതാണ്. ഇന്ന് ഏറ്റവുമധികം ഐക്യമുള്ളത് കോൺഗ്രസ് പാർട്ടിയിൽ ആഭ്യന്തര വകുപ്പാണെന്നാണ് പറയുന്നത്. ബംഗാളിൽ നടക്കുന്നത് ഇവർ അംഗീകരിക്കുന്നില്ല. ബംഗാൾ ഇന്ന് ചിന്തിക്കുന്നത് നാളെ ഇൻഡ്യ ചിന്തിക്കുമെന്നും ബംഗാൾ ഇന്ന് പ്രവർത്തിക്കുന്നത് നാളെ ഇൻഡ്യ പ്രവർത്തിക്കുമെന്നും ഗാന്ധിജിയുടെ ഏറ്റവും ബഹുമാന പാത്രമായിരുന്ന ഗോഖലേ പറഞ്ഞിട്ടുണ്ട്. ബംഗാൾ പറഞ്ഞതും ഉമ്മൻചാണ്ടി ഗവൺമെന്റ് അനുകരിക്കുന്നുണ്ട്. ബുദ്ധദേവ് ഭട്ടാചാര്യ ചെയ്യുന്നത് അവർക്ക് അംഗീകരിക്കാൻ സാധിക്കുന്നില്ല. നാം ഓരോ വിഷയത്തെക്കുറിച്ചും എങ്ങനെ ചിന്തിക്കുന്നുവോ അതുപോലെയാണ് ഓരോരുത്തരും അതിനെക്കുറിച്ച് സംതൃപ്തിയടയുക. "നമുക്ക് നാമേ പണിവതു നാകം നരകവുമതുപോലെ" എന്ന് പറഞ്ഞതുപോലെ യു.ഡി.എഫ്. സ്വർഗം സൃഷ്ടിക്കാൻ ശ്രമിക്കുമ്പോൾ നരകത്തിൽ സംതൃപ്തി അടയണമെന്ന് ആഗ്രഹമുള്ളവരോട് എന്തു പറയാനാണ്? പുന്നപ്രയിലേയും വയലാറിലേയും സ്പന്ദിക്കുന്ന അസ്ഥിമാടങ്ങളിൽ ഇന്ന് അവരുടെ ചെയ്തികൾകണ്ട് രക്തസാക്ഷികൾപോലും നിലവിളിക്കുകയാണ് എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. അഴിമതിക്കും ആരോപണത്തിനും വിധേയരായവർ വർത്തമാനകാലത്തിലേയ്ക്ക് ഒരു ദുരന്തമാണ്; നമ്മുടെ സാമൂഹ്യ സ്ഥിതിയുടെ ഏറ്റവും വലിയ അപചയമാണ്. ആരോപണം വരുമ്പോൾ ആ ആരോപണത്തിന്റെ വശങ്ങൾ ഇന്നതാണ് എന്നു പറഞ്ഞ് ബോദ്ധ്യപ്പെടുത്തുന്നതിനുപകരം നിങ്ങൾ അത് ചെയ്തില്ലേ മറ്റവർ ഇത് ചെയ്തില്ലേ എന്നുപറഞ്ഞ് പഴകിപ്പുളിച്ച ആരോപണങ്ങൾ എടുത്ത് ഉദ്ധരിച്ച് അതിൽനിന്നും രക്ഷപ്പെടാനാണ് ഇവർ ശ്രമിക്കുന്നത്.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): അങ്ങ് ഇവിടെ കേരള യാത്രയെക്കുറിച്ച് പറഞ്ഞു. വയലാറിലും പുന്നപ്രയിലും ശ്രീ. പിണറായി വിജയൻ പോയില്ല എന്ന വിവരം അങ്ങേയ്ക്ക് അറിയുമോ?

ശ്രീ. സി. പി. മുഹമ്മദ്: കഴിഞ്ഞ പ്രസംഗത്തിൽ ഞാൻ അത് ചൂണ്ടിക്കാണിച്ചിരുന്നു. എസ്.എൻ.സി. ലാവ്‌ലിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. പക്ഷേ ബഹുമാന്യരായ പ്രതിപക്ഷ മെമ്പർമാരോടുള്ള ഒരു ചോദ്യം, ഇവിടെ എസ്.എൻ.സി ലാവ്‌ലിനെക്കുറിച്ച് സി.&എ.ജി.യുടെ റിപ്പോർട്ട് വന്നു. പക്ഷേ ക്യാൻസർ ആശുപത്രിയുടെ പണം കിട്ടാത്തതിനെക്കുറിച്ച് ഇവർക്ക് ഒരു വേദനയും കാണുന്നില്ല. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ പോയവർക്ക് അതിന്റെ പ്രാധാന്യം അറിയാം. ആ പണത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. ക്യാൻസർ ആശുപത്രിക്കുവേണ്ടിയുള്ള കോടിക്കണക്കിന് രൂപ കിട്ടാത്തതിൽ വിഷമം ഇല്ലാത്തവർക്ക്, ഇടപാടിൽ തന്നെ എത്രമാത്രം മെച്ചം മാർക്സിസ്റ്റു പാർട്ടിക്ക് ഉള്ളതായി നമ്മൾ ആലോചിക്കണം. എന്റെ നാട്ടിൽ ഒരു വൈദ്യൻ ഉണ്ടായിരുന്നു. അയാളുടെ വൈദ്യശാലയിൽ വന്ന് ഒരാൾ അരിഷ്ടത്തിന് വില ചോദിച്ചു. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

15 രൂപയാണെന്ന് പറഞ്ഞു. രണ്ട് രൂപ കൊടുത്തിട്ട് 13 രൂപ കടം പറഞ്ഞു പോയി. ഇത് കണ്ടുനിന്ന ഒരാൾ മൂന്നു മാസം കഴിഞ്ഞ് വൈദ്യരോട് ചോദിച്ചു വൈദ്യരേ 13 രൂപ കിട്ടിയോ എന്ന് അപ്പോൾ വൈദ്യർ പറഞ്ഞു തന്നില്ലെങ്കിലും കുഴപ്പമില്ല രണ്ട് രൂപ കിട്ടായാലും മര്യാദ ലാഭമുണ്ട് എന്ന്. ക്യാൻസർ ആശുപത്രിക്കുവേണ്ടി പൈസ കിട്ടിയില്ലെങ്കിലും മാർക്സിസ്റ്റ് പാർട്ടിക്ക് മര്യാദാലാഭമുണ്ടായതുകൊണ്ടാണ് ആ പണം കിട്ടാത്തതിനെക്കുറിച്ച് ഈ സഭയിൽ ഒരക്ഷരം പറയാത്തത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇവിടെ ഇലക്ട്രിസിറ്റി ചാർജ്ജ് കുറച്ചു. അപ്പോൾ പറഞ്ഞു മീറ്റർ ചാർജ്ജ് കുറച്ചില്ല എന്ന്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇന്ന് മീറ്റർ ചാർജ്ജ് കുറച്ചതായി പ്രഖ്യാപനം നടത്തി. കല്ല്യാണസദ്യയ്ക്ക് പോയ ഒരുവനോട് എങ്ങനെയുണ്ടായിരുന്നു ഊണ് എന്ന് ചോദിച്ചപ്പോൾ പറഞ്ഞു നല്ല ഭക്ഷണമാണ് വയർ നിറച്ച് ഉണ്ടു. പക്ഷേ ഒരു കുഴപ്പമുണ്ട്. പൂവൻപഴത്തിന് വണ്ണംകൂടിയതുകൊണ്ട് വായിൽ കൊള്ളില്ല എന്ന്. അതുപോലെയാണ് ഇവരുടെ വിമർശനം. ഏതു കാര്യത്തിലും ഇവർ ന്യായീകരിക്കും. ഇന്ന് പരിണതപ്രജ്ഞനായ, മാനവികതയിൽ വിശ്വസിക്കുന്ന ശ്രീ. ബിനോയ് വിശ്വം പോലും അവരുടെ ദുഷ്ചെയ്തികളെ ന്യായീകരിച്ചു. ഇന്ദിരാഗാന്ധിയെ കൊന്നകേസ് നാനി പാൽക്കീവാല വാദിക്കുകയുണ്ടായി. ക്രൂരനായ ഡി.വൈ.എസ്.പി. ഷാജിയെ രക്ഷിക്കാൻ ഇവിടെ അഭിഭാഷകൻമാരുണ്ടായി. ഏതു കാര്യത്തിലും ഇവർ വാദിച്ച് രക്ഷപ്പെടാൻ നോക്കുകയാണ്.

ജടിലോമുണ്ഡീലുഞ്ചിതകേശ:
കാഷായാംബരബഹുകൃതവേഷ:
പശ്യന്നപി ച ന പശ്യതി മൂഢ:
ഉദരനിമിത്തം ബഹുകൃതവേഷ:

എന്ന് ആദിശങ്കൻ പറഞ്ഞതുപോലെ രാഷ്ട്രീയം നിമിത്തം വോട്ട് നിമിത്തം ബഹുകൃത വേഷമാണ് അവർ ആടിക്കൊണ്ടിരിക്കുന്നത്. സത്യത്തിൽ വിശ്വസിക്കുന്ന ഒരാളെ ഒരു മടയിൽനിന്ന് രണ്ടു തവണ പാമ്പ് കടിക്കുകയില്ല എന്ന് പ്രവാചകൻ തിരുമേനി പറഞ്ഞിട്ടുണ്ട്. 1957-ൽ കേരളത്തിലെ ജനങ്ങളെ കടിച്ച പാമ്പ്, . 1967-ൽ കേരളത്തിലെ ജനങ്ങളെ കടിച്ച പാമ്പ്, . 1980-ൽ കേരളത്തിലെ ജനങ്ങളെ കടിച്ച പാമ്പ്, 1987-ൽ കേരളത്തിലെ ജനങ്ങളെ കടിച്ച പാമ്പ്, . 1996-ൽ കേരളത്തിലെ ജനങ്ങളെ കടിച്ച പാമ്പ്, 2006-ലും ഈ രാജവെമ്പാലയുടെ കടിയേൽക്കാൻ കേരളത്തിലെ ജനങ്ങൾ നിന്നുകൊടുക്കുമെന്ന് ഇവർ വിശ്വസിക്കുന്നുവെങ്കിൽ ഇവർ വിഡ്ഢികളുടെ സ്വർക്ഷത്തിലാണ് എന്നു മാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ ഈ Vote on Account-നെ പിന്താങ്ങുന്നു.

ശ്രീ. കെ. കെ. ഷാജു: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. വരുന്ന നാല് മാസക്കാലത്തെ ധനവിനിയോഗത്തിനുള്ള അനുമതിയാണ് ഇതിലൂടെ തേടിയിട്ടുള്ളത്. പ്രതിപക്ഷം എന്തിനാണ് ഇതിനെ എതിർക്കുന്നത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം

LIBRARY ARCHIVES Kerala Legislative Assembly

പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റ് 'ബഡായി' എന്നാണ് ഇവർ ഇവിടെ ചൂണ്ടിക്കാട്ടിയത്. നാലു മാസക്കാലത്തെ പ്രവർത്തനം കൊണ്ടുതന്നെ ഈ ബഡ്ജറ്റിന്റെ യാഥാർത്ഥ്യം എന്താകുമെന്ന് ഇവർക്ക് ബോദ്ധ്യമാകും. ഈ ഗവണ്മെന്റിന്റെ ആദ്യനാളുകളിൽ കയർ, കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലകളെക്കുറിച്ച് മാത്രമേ എൽ.ഡി.എഫി-ന് പറയാനുണ്ടായിരുന്നുള്ളൂ. ഇന്ന് ആ വക കാര്യങ്ങൾ ഒരക്ഷരം ഉരിയാടുന്നില്ല. ഞങ്ങൾ കശുവണ്ടി ഫാക്ടറി അടയ്ക്കും നിങ്ങൾ അതിനുമുൻപിൽ കുത്തിയിരിക്കും സമരം നടത്തും എന്നൊക്കെ കരുതി. പക്ഷേ നിങ്ങളുടെ ആ സ്വപ്നം പൊലിഞ്ഞു. തൊഴിലാളികൾക്ക് ഇപ്പോൾ പട്ടിണിയില്ല. പക്ഷേ നിങ്ങൾ നിരാശരാണ്. നിങ്ങൾക്ക് ഇവിടെ പട്ടിണി വേണം, ദാരിദ്ര്യം വേണം, ദുരിതം വേണം. നിങ്ങളുടെ നിലനിൽപ്പിന്റെ രഹസ്യം, നിങ്ങൾ അണിഞ്ഞിട്ടുള്ള മുഖംമൂടിയുടെ ഈ കൃത്രിമ സൗന്ദര്യം തന്നെയാണ്. പക്ഷേ എല്ലാവരേയും എല്ലാകാലത്തും പറ്റിക്കാൻ കഴിയില്ല എന്ന സനാതന സത്യം നിങ്ങൾ തിരിച്ചറിയണം. കശുവണ്ടിത്തൊഴിലാളികളുടെ തൊഴിൽലഭ്യതയും ജീവിതപുരോഗതിയും അവരുടെ ഭവനങ്ങളിലെ ശാന്തിയും സമാധാനവും ഒക്കെ നിങ്ങളുടെ ഉറക്കം കെടുത്തുന്നുവെന്ന് ഞങ്ങൾക്കറിയാം. കാർഷിക മേഖലയിലെ പ്രശ്നങ്ങളും ഇതുപോലെ തന്നെയാണ്. കാർഷിക മേഖലയിലെ വളർച്ചയുടെ ഗ്രാഫ് മനസ്സിലാക്കാൻ നാം പാഴൂർപടിപ്പുര വരെയൊന്നും പോകേണ്ടതില്ല. കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ 18 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. അതിൽ കയർ മേഖലയിലെ മൂന്നെണ്ണം കഴിച്ചാൽ ബാക്കി 15 എണ്ണം കാർഷിക മേഖലയിലാണ്. കേരളാ സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനും കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡും ഒഴിച്ച് ബാക്കി 11 എണ്ണം ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ശ്രീ. രാജൻ കഴിഞ്ഞ ദിവസം കാർഷിക മേഖലയെ സംബന്ധിച്ച് പറഞ്ഞു. കഴിഞ്ഞ ഇടതുപക്ഷജനാധിപത്യ മുന്നണി ഭരണം അവസാനിപ്പിച്ച് ഇറങ്ങിപ്പോകുമ്പോൾ പ്ളാന്റേഷൻ കോർപ്പറേഷൻ എന്ന് പറയുന്ന ഒറ്റ സ്ഥാപനംമാത്രം 36 കോടി രൂപയുടെ നഷ്ടം പേറി നിൽക്കുകയായിരുന്നു. ഇന്ന് അത് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ശ്രീ. ബിനോയ് വിശ്വത്തിനും ശ്രീ. കെ. പി. രാജേന്ദ്രനും നാവ് എങ്ങനെയും വളയുമെന്ന് കരുതി എന്തും പറയുന്നത് ശരിയാണോ? പിൻവാതിൽ നിയമനത്തെക്കുറിച്ച് ശ്രീ. കെ. വി. കുഞ്ഞിരാമൻ എന്തൊരു പ്രസംഗമായിരുന്നു. സി.പി.ഐ.(എം)-ന്റെ മലബാറിൽ നിന്നുള്ള മെമ്പർമാരാണ് പിൻവാതിൽ നിയമനത്തെ സംബന്ധിച്ച് ഏറ്റവും കൂടുതൽ പറയുന്നത്. അവരുടെ ഭാര്യമാർക്കും അവരുടെ നേതാക്കൻമാർക്കും അവരുടെ ബന്ധുക്കൾക്കുമൊക്കെ ജോലിയുണ്ട്. പി.എസ്.സി. വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയും എത്ര പേർക്ക് ജോലി കിട്ടിയെന്ന് പരിശോധിക്കണം. അവിടെയുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, ബാങ്കുകൾ അതുപോലുള്ള സ്ഥാപനങ്ങളിലെല്ലാം പിൻവാതിലിലൂടെയാണ് ഇവരെല്ലാം കയറിയിട്ടുള്ളത്. ഇതെല്ലാം ജനങ്ങൾക്കറിയാം. എന്നിട്ടാണ് പിൻവാതിൽ നിയമനത്തെക്കുറിച്ച് പ്രസംഗിക്കുന്നത്. ഭരിക്കുന്നവരെക്കുറിച്ച് മുൻപും ആരോപണങ്ങൾ വന്നിട്ടുണ്ട്. പക്ഷേ പ്രതിപക്ഷം അഴിമതിയാരോപണത്തിൽ മുങ്ങിക്കുളിച്ച് നിൽക്കുന്നത് ലോക

LIBRARY ARCHIVES Kerala Legislative Assembly

ചരിത്രത്തിൽ എവിടെയെങ്കിലും കണ്ടിട്ടുണ്ടോ? ലാവ്‌ലിൻ സംബന്ധിച്ച കാര്യത്തിൽ അതല്ലേ ഉണ്ടായിട്ടുള്ളത്? നാളെ ഇവിടെ അതേക്കുറിച്ച് ചർച്ച നടക്കും എന്നുള്ളതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഇന്നത്തെ അവസ്ഥ എന്താണ്? ശ്രീ. ബിനോയ് വിശ്വത്തിന്റെ പ്രസംഗം കേട്ടപ്പോൾ അദ്ദേഹം ആത്മാർത്ഥത ബോദ്ധ്യപ്പെടുത്താൻ ചങ്കെടുത്ത് ഇങ്ങനെ ചുറ്റിക്കറക്കി കാണിക്കുകയാണെന്ന് തോന്നി. എന്നാൽ തൊട്ടടുത്തിരിക്കുന്ന ശ്രീ. ഗോവിന്ദൻ മാസ്റ്ററും കൂട്ടരും പറയുന്നത് ഇത് ചെമ്പരത്തി പൂവാണെന്നാണ്. ഇത്തരം ഒരു ഗതികേട് സി.പി.ഐ. എന്നുപറയുന്ന പ്രസ്ഥാനത്തിന് ഉണ്ടാകാമോ? സി.പി.ഐ.-യെ സംബന്ധിച്ച് തിരുവനന്തപുരം ഉപതെരഞ്ഞെടുപ്പ് കാലത്തെ അവസ്ഥ എന്താണ്? യാതൊരു ഉളുപ്പും കൂടാതെ ഡി.ഐ.സി. യുടെ സഹായം സ്വീകരിച്ചു. ഇന്ന് നിങ്ങൾക്ക് ഡി.ഐ.സി. യോടുള്ള നയത്തിൽ മാറ്റം വന്നു എങ്കിൽ ഞാൻ ചോദിക്കുകയാണ് എൽ.ഡി.എഫ്., ഡി.ഐ.സി. അവിശുദ്ധ സഖ്യത്തിന്റെ രാഷ്ട്രീയ ജാര സന്തതിയായ ശ്രീ. പന്ന്യൻ രവീന്ദ്രന്റെ എം.പി. സ്ഥാനം രാജിവയ്ക്കാൻ നിങ്ങൾ തയ്യാറാകുമോ? എന്നിട്ട് മാറിനിന്നുകൊണ്ട് ഇപ്പോൾ മി. ചെന്നിത്തല ബ്യൂട്ടി പാർലറിൽ പോയതിനെ പറ്റിയാണ് പറയുന്നത്, എയർഹോസ്റ്റസ്മാർക്ക് പോളിറ്റ് ബ്യൂറോയിൽ എത്താമെങ്കിൽ മി. ചെന്നിത്തല ബ്യൂട്ടിപാർലറിൽ പോയാൽ എന്താണ് കുഴപ്പം? കമ്മ്യൂണിസ്റ്റ്പാർട്ടി എന്നൊക്കെ പറഞ്ഞാൽ പഴയ കാലത്തെ പാർട്ടിയെപ്പറ്റിയൊക്കെ ഇപ്പോൾ പറഞ്ഞാൽ ശരിയാകുമോ? ഒരു കാര്യം നമ്മൾ മനസ്സിലാക്കണം നയം തള്ളിയാൽ നേതാവ് മാറണം. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം അതാണ്. കൽക്കട്ട തീസിസ് കമ്മ്യൂണിസ്റ്റ് പാർട്ടി തള്ളി. ശ്രീ. ബി.റ്റി.ആർ. നേതൃസ്ഥാനത്തുനിന്ന് പുറത്തുപോയി. എന്തുകൊണ്ട് ഡി.ഐ.സി. യെ കൂട്ടുപിടിക്കാൻ വേണ്ടിയുള്ള നയവുമായി ഇറങ്ങിപുറപ്പെട്ട ശ്രീ. പിണറായി വിജയന്റെ നയം മാർക്സിസ്റ്റ് പാർട്ടി പി.ബി. യും സംസ്ഥാന കമ്മിറ്റിയും തള്ളി. നാണമുണ്ടെങ്കിൽ രാജി വച്ച് പോകണ്ടേ? എന്ത് കമ്മ്യൂണിസ്റ്റ് പാർട്ടി. ഇതൊന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയല്ല. ഇത് വേറെ എന്തൊക്കെയോ പേരും പറഞ്ഞ് ഇരിക്കുന്നവരാണ്. ഇവിടെ അഴിമതിയാരോപണങ്ങളെപ്പറ്റി പറയുമ്പോൾ കണ്ണൂരിൽ നിന്നുള്ള രണ്ടു മൂന്നു സഖാക്കൾ ഒച്ചപൊക്കി ബഹളം വയ്ക്കുകയാണ്. ഒച്ചപൊക്കി ബഹളം വച്ചാൽ അഴിമതി അഴിമതിയല്ലാതാകുമോ? ഈ സംസ്ഥാനത്ത് അധികാരം കിട്ടിയ നാളുകളിൽ ഇത്രയും മോശമാണിട്ടുള്ള അവസ്ഥയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും എത്തിയത് 1996-2001 ഭരണകാലയളവിലാണ്. ആ കാലയളവിൽ ഉണ്ടാക്കിവച്ച സ്വത്തും സമ്പാദ്യവുമെല്ലാം വീണ്ടും ഇവർക്ക് അധികാരം നേടാനുള്ള പ്രലോഭനങ്ങൾ കൊടുക്കുകയാണ്. ആ പ്രലോഭനങ്ങൾ മനസ്സിൽ കാത്തുസൂക്ഷിച്ചുകൊണ്ടാണ് ഇനിയുള്ള നാളുകളിൽ വീണ്ടും കേരളത്തിൽ അധികാരത്തിൽ വരും എന്ന് സ്വപ്നം കാണുന്നത്. അത് കേരള ചരിത്രത്തിൽ സംഭവിക്കാൻ പോകുന്നില്ല എന്ന് അടുത്തു വരാൻ പോകുന്ന തെരഞ്ഞെടുപ്പ് തെളിയിക്കുവാൻ പോകുകയാണ്. ഈ നാട്ടിലെ ജനങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിച്ചുകൊണ്ട് അവരുടെ ദുരിതങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ട് കഴിഞ്ഞ അഞ്ച് വർഷക്കാലമായി ഐക്യജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണി കേരളത്തിൽ അധികാരത്തിലിരിക്കുകയാണ്. ഈ ഗവൺമെന്റ് തുടങ്ങിവച്ച വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഇനിയും ഒരു അഞ്ച് വർഷത്തേക്കുള്ള അങ്കത്തിന് ബാല്യമുണ്ട് എന്ന് പ്രഖ്യാപിച്ചുകൊണ്ട് മറ്റൊരു സ്വിറ്റ്സർലാന്റായി കേരളക്കര മാറാൻ പോകുകയാണ്. അതിന്റെ രംഗവേദിയൊരുക്കുവാൻ വേണ്ടിയുള്ള പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന ബഹുമാന്യനായ ധനകാര്യവകുപ്പ് മന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ കേരളത്തിന് നൽകിയിട്ടുള്ള സംഭാവനകൾ എക്കാലവും നിലനിൽക്കും എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ വീണ്ടും പിൻതാങ്ങുകയാണ്.

ശ്രീ. നാലകത്ത് സൂപ്പി: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ ധാരാളം പദ്ധതിപ്രവർത്തനങ്ങൾ ഈ ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിക്കുകയുണ്ടായി. നികുതിയില്ലാത്ത ജനക്ഷേമകരമായ ബജറ്റ് എന്ന ഒരു പ്രശസ്തി നമ്മൾ ആ ബഡ്ജറ്റിന് നൽകി. യു.ഡി.എഫ്.-ന്റെ വികസന പ്രവർത്തനങ്ങളോട് എന്നും പുറംതിരിഞ്ഞുനിന്ന എൽ.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം ബഡ്ജറ്റിനെ അവർ അനുകൂലിക്കാത്തതിൽ പ്രയാസമില്ല. 1996-ൽ എൽ.ഡി.എഫ്.-ന് അധികാരം കൈമാറുമ്പോൾ ഏതാണ്ട് 462 കോടി രൂപയാണ് ട്രഷറിയിൽ അധികമുണ്ടായിരുന്നത്. എന്നാൽ 2001-ൽ യു.ഡി.എഫ്-ന് അധികാരം ലഭിക്കുമ്പോൾ എൽ.ഡി.എഫ്-സർക്കാരിൽനിന്നും ലഭിച്ചത് കാലിയായ ഖജനാവായിരുന്നു. ശൂന്യമായ ഒരു അന്തരീക്ഷത്തിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയത്. ചെക്കുകളും ബില്ലുകളും മാറിക്കിട്ടുന്നതിന് പ്രയാസമുണ്ടായിരുന്ന സാഹചര്യത്തിൽ 2001-ൽ അധികാരത്തിലേറിയ ശ്രീ. ആന്റണിസർക്കാരിന്റെ വികസനപരമായ പ്രവർത്തനങ്ങൾ കൊണ്ടും ചിട്ടയായ സാമ്പത്തിക മാനേജ്മെന്റ് കൊണ്ടും ധനസ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞു. സാമ്പത്തിക അനിശ്ചിതത്വവും അരാജകത്വവും അവസാനിപ്പിച്ചു. കഴിഞ്ഞ നാലേമുക്കാൽ വർഷത്തെ ഭരണം കൊണ്ട് സമസ്ത മേഖലകളിലും വികസനം കൈവരിച്ച യു.ഡി.എഫ്. ഗവൺമെന്റ് വീണ്ടും അധികാരത്തിൽ തിരിച്ചുവരാനുള്ള സാഹചര്യം നിലവിലുണ്ട്. അടിസ്ഥാന മേഖലകളിലെല്ലാം വികസന പ്രവർത്തനങ്ങൾ നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അതുപോലെ കേരള ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും കഴിഞ്ഞു. ആളോഹരി വരുമാനത്തിൽ വർദ്ധനവുണ്ടായി, ആളോഹരി വരുമാനം 27,000 രൂപയായി വർദ്ധിച്ചു. ദേശീയ ശരാശരി 20,000 രൂപയാണ്. ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ വികസന അജണ്ട പ്രകാരം ആളോഹരി വരുമാനം 50,000 രൂപ ആക്കണമെന്നാണ്. അതിലേയ്ക്കുള്ള ഒരു ചവിട്ടുപടിയിലാണ് ഇന്ന് കേരളം എന്നത് ശ്രദ്ധേയമാണ്. കാർഷിക, ആരോഗ്യ, വിദ്യാഭ്യാസ, വ്യാവസായിക മേഖലകളിലെല്ലാം കാര്യമായ പുരോഗതിയുണ്ടായി. ഇത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കിലോയ്ക്ക് 3 രൂപവച്ച് 25 കിലോ അരി വിതരണം ചെയ്യാനുള്ള ഗവണ്മെന്റിന്റെ തീരുമാനം സ്വാഗതാർഹമാണ്. കേരളത്തിൽ ആദ്യമായി വൈദ്യുതി ചാർജ്ജ് കുറച്ചതടക്കം സമൂഹത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവർക്കും പിന്നോക്കക്കാർക്കും സഹായകരമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയ ഒരു ഗവണ്മെന്റാണിത്. ജനക്ഷേമകരമായ ഒരു ബഡ്ജറ്റ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിരിക്കുകയാണ്. എനിക്ക് പ്രതിപക്ഷത്തുനിന്ന് സംസാരിച്ച മാന്യ സഹോദരൻമാരോട് പറയാനുള്ളത്, നിങ്ങളാരെങ്കിലും പ്രത്യേകിച്ച് മാർക്സിസ്റ്റ് പാർട്ടിയുടെ ഒരാളും നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല. പിന്നോക്ക വിഭാഗങ്ങൾക്ക് നേട്ടം ഉണ്ടാക്കിയ ഒരു ഗവൺമെന്റാണിത്. അത് കണ്ടില്ലെന്ന് നടിക്കാൻ പറ്റുമോ? ഈ കാലഘട്ടത്തിലെ ചരിത്രപരമായ ഒരു ദൗത്യമാണ് ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റ് നിർവ്വഹിച്ചത്. പിന്നോക്കക്കാർക്ക് സംവരണത്തിന്റെ ആനുകൂല്യം കിട്ടുന്നുണ്ട്. ഇനിമുതൽ ബാക്ക്‌ലോഗ് ഉണ്ടാകില്ല എന്ന് ഉറപ്പ് നൽകുന്നു. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കിയത് ഈ ഗവണ്മെന്റിന്റെ ധീരമായ നടപടിയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിങ്ങൾ ഇലക്ഷൻ കാലത്ത് നൽകിയിട്ടുള്ള മാനിഫെസ്റ്റോയിൽ പിന്നോക്ക സമുദായക്കാർക്ക് അർഹതപ്പെട്ടതും കിട്ടാത്തതുമായ തസ്തികകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തും എന്നുപറഞ്ഞിരുന്നു. സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തണം എന്നുപറഞ്ഞു കൊണ്ട് മുസ്ലീം ലീഗിന്റെ ആഭിമുഖ്യത്തിൽ ഒരു ജാഥ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടത്തി. ഇപ്പോൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രായോഗിക മല്ലെങ്കിൽ നിങ്ങൾ എന്തിനാണ് ഇലക്ഷൻ കാലത്ത് ഈ വാഗ്ദാനം കൊടുത്തത്? മുസ്ലീം ലീഗ് ഇങ്ങനെയൊരു ജാഥ നടത്തിയത് അബദ്ധമായിപ്പോയി എന്നുപറഞ്ഞു കൊണ്ട് അതിന് ജനങ്ങളോട് മാപ്പ് പറയാൻ തയ്യാറാകുമോ?

ശ്രീ. നാലകത്ത് സൂപ്പി: അബദ്ധമായിട്ടില്ല, ഒരു സമന്വയത്തിന്റെ ഭാഗമായിട്ടാണ് ഇത് നടപ്പിലാക്കിയത്. ഇനിയും സ്പെഷ്യൽ റിക്രൂട്ട്മെന്റ് അടക്കം ബാക്ക്‌ലോഗ് നികത്താനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നുണ്ട്. പൊതുമേഖലയിലും യൂണിവേഴ്സിറ്റികളിലും നടപ്പാക്കിക്കഴിഞ്ഞു. ആ ഓർഡർ ഇപ്പോൾ ഇറങ്ങിയിട്ടുണ്ട്. ഇത്രയെങ്കിലും നിങ്ങൾക്ക് ചെയ്യാൻ സാധിച്ചോ? അതിനെ ന്യായീകരിക്കുകയാണോ? അതിനെ അഭിനന്ദിക്കുകയല്ലേ വേണ്ടത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇപ്പോൾ ഉണ്ടാക്കിയ. ഫോർമുല കൊണ്ട് ആർക്കും ഒരു ഗുണവുമില്ല.

ശ്രീ. നാലകത്ത് സൂപ്പി: 2005 മേയ് 10-ാം തീയതി നിയമസഭയിൽ ചർച്ചചെയ്തു.

ശ്രീ. എ. എൻ. രാജൻ ബാബു: നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടുകൊണ്ട് ഒരു പ്രയോജനവും ഉണ്ടായില്ല എന്നു പറയുമ്പോൾ ഇതുവരെ റിസർവേഷൻ ഇല്ലാതിരുന്ന യൂണിവേഴ്സിറ്റികളിലും ആട്ടോണമസ് ബോഡികളിലും അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളിലും സംവരണം ഉറപ്പുവരുത്തക്കവണ്ണമുള്ള തീരുമാനം, അതുവഴിയുണ്ടാകുന്ന നിയമനങ്ങൾ ഈ ബാക്ക്‌ലോഗിന്റെ വിടവ് കുറയ്ക്കു മെന്നുള്ളത് അങ്ങേയ്ക്ക് അറിയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: ഓർഡറിൽ പറഞ്ഞിട്ടുണ്ട്. മാർക്സിസ്റ്റ് പാർട്ടി ഈ രാജ്യത്തെ ഉത്തരവാദപ്പെട്ട ഒരു പാർട്ടിയാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് ഒരഭിപ്രായം ഇന്നുവരെ അവർ പറഞ്ഞിട്ടില്ല. ഞങ്ങൾ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ മേയ് മാസം 10-ാം തീയതി ഈ സഭയിൽ ചർച്ച നടന്നു. അന്ന് നിങ്ങൾ മന്ത്രിസഭാ തീരുമാനം വന്നാൽ അഭിപ്രായം പറയാമെന്ന് പറഞ്ഞു, മന്ത്രിസഭാ തീരുമാനം വന്നല്ലോ എന്താണ് അഭിപ്രായം പറയാത്തത്? ശ്രീ. പിണറായി വിജയനും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഇന്നേവരെ യാതൊരഭിപ്രായവും പറഞ്ഞു കണ്ടില്ല.

ശ്രീ. സി. മമ്മൂട്ടി: നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കിയപ്പോൾ പിന്നോക്ക വിഭാഗത്തിൽപ്പെട്ട എല്ലാ വിഭാഗവും ഒരുപോലെ സ്വാഗതം ചെയ്യുകയും ഇത് അവർക്ക് ആനുകൂല്യം ഉണ്ടാക്കിയെന്ന് പറയുകയും ചെയ്തു. എന്നാൽ പിന്നോക്കക്കാർക്കുവേണ്ടി വാദിക്കുന്ന മാർക്സിസ്റ്റ് പാർട്ടി ഇന്നുവരെ ഇതു സംബന്ധിച്ച് അഭിപ്രായം പറഞ്ഞിട്ടില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. നാലകത്ത് സൂപ്പി: ഇന്നുവരെ അഭിപ്രായം പറയാത്ത മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാട് കടുത്ത വഞ്ചനയാണ്. ഇത് പിന്നോക്കക്കാരോടുള്ള അവഗണനയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിങ്ങൾ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഫോർമുലയോട് ഞങ്ങൾക്ക് യോജിപ്പില്ല. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഫോർമുലകൊണ്ട് പിന്നോക്ക സമുദായക്കാർക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന സംവരണം പോലും ഇല്ലാതാകുകയും. പിൻവാതിൽ നിയമനങ്ങൾ നടക്കുന്നതിന് പഴുതുണ്ടാക്കി കൊടുക്കുകയും ചെയ്യും. യൂണിവേഴ്സിറ്റിയുടെ നിയമനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടാനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ നിങ്ങൾക്ക് ഇതുവരെ കഴിഞ്ഞില്ല.

ശ്രീ. നാലകത്ത് സൂപ്പി: സർ, താൽക്കാലിക നിയമനങ്ങളിലടക്കം സംവരണം കൊടുക്കാൻ പറഞ്ഞു. നിങ്ങൾ കേട്ടില്ലേ? നിങ്ങൾ വായിച്ചുനോക്കൂ, പിന്നോക്കക്കാരുടെ സംവരണ കാര്യത്തിൽ ഇന്നുവരെ മാർക്സിറ്റ് പാർട്ടി എന്തെങ്കിലും ധൈര്യമായി പറഞ്ഞിട്ടുണ്ടോ? നിങ്ങൾ കേരളത്തിൽ രാഷ്ട്രീയ പ്രവർത്തനം തുടങ്ങിയിട്ട് 75 കൊല്ലമായല്ലോ. നിങ്ങൾ 1958-ൽ പിന്നോക്കക്കാരുടെ സംവരണം നിറുത്തിയതാണ്. നമ്മുടെ രാജ്യത്ത് 56 കൊല്ലമായി ഭരണഘടന നിലവിൽവന്നിട്ട്. പിന്നോക്കക്കാരുടെ വോട്ട് വാങ്ങിക്കുക, അവരെ വഞ്ചിക്കുക എന്ന സമീപനമാണ് മാർക്സിസ്റ്റ് പാർട്ടി സ്വീകരിച്ചുവരുന്നത്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും അംഗീകരിക്കുന്ന ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് ജനക്ഷേമകരമായ ഒരുപാട് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കോടിയേരി ബാലകൃഷ്ണൻ: ഇത്രയും വലിയ കാര്യങ്ങൾ ചെയ്തിട്ട് നിങ്ങളെ എന്തിനാണ് മന്ത്രിസ്ഥാനത്തുനിന്ന് മാറ്റിയത്?

ശ്രീ.നാലകത്ത് സൂപ്പി: അതൊരു നയപരമായ തീരുമാനത്തിന്റെ ഭാഗമാണ്. പാർട്ടിയുടെ തീരുമാനമാണത്. അതിനെ ഞാൻ അനുകൂലിക്കണ്ടേ? ശ്രീ. ഗോവിന്ദൻ മാസ്റ്റർ പ്രസംഗിച്ചപ്പോൾ ഇറാൻ പ്രശ്നത്തെപ്പറ്റി പറഞ്ഞു. അഫ്ഗാനിസ്ഥാനിൽ 80-കളിൽ നിങ്ങളുടെ ചെമ്പട മുസ്ലീങ്ങളെ കൂട്ടക്കൊല ചെയ്തു. ഇറാൻ പ്രശ്നത്തിൽത്തന്നെ ചൈനയും റഷ്യയും മറു ചേരിയിലാണ്. നിങ്ങൾ ജനങ്ങളെ വഞ്ചിക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടി അധികാരത്തിൽ വരില്ല. ശ്രീ. പിണറായിയും ശ്രീ. അച്ചുതാനന്ദനും തർക്കിക്കേണ്ട, ഒരു കാരണവശാലും മാർസിസ്റ്റ് പാർട്ടി അധികാരത്തിൽ വരില്ല. ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടും. നിങ്ങൾ ഡി.ഐ.സി.യെ പുറത്താക്കി. സി.പി.ഐ. 90 സീറ്റിൽ ഒറ്റയ്ക്ക് മൽസരിക്കുമെന്നാണല്ലോ പറയുന്നത്. ആർ.എസ്.പി. പ്രതിഷേധിച്ചു. മാർക്സിസ്റ്റ് പാർട്ടി കേരളം ബംഗാൾ ആക്കാൻ നോക്കുകയാണ്. കേരളത്തിലെ ജനങ്ങൾ അതിനെ ഒറ്റക്കെട്ടായി എതിർക്കും. ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: സർ, ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. പൊതുവെ സൗമ്യനല്ലെങ്കിലും രൂപത്തിലും ഭാവത്തിലും സൗമ്യത ഒട്ടുമില്ലെങ്കിലും സൗമ്യതയാർന്ന ഒരു ബഡ്ജറ്റാണ് ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ചത്. സൗമ്യതയുടെ ബഡ്ജറ്റ്, അത് അദ്ദേഹത്തിന്റെ രൂപത്തിനും ഭാവത്തിനും അദ്ദേഹത്തെക്കുറിച്ചുള്ള സങ്കൽപ്പത്തിനും കടകവിരുദ്ധമാണ്. അതാണ് ശ്രീ. സി. പി. മുഹമ്മദ് കാരുണ്യത്തിന്റെ സ്പർശമുള്ള ബഡ്ജറ്റ് എന്നു പറഞ്ഞത്. ജനക്ഷേമകരമായ പ്രവർത്തനങ്ങളാൽ സമൃദ്ധമായ ഒരു ബഡ്ജറ്റാണിത്. ഇവിടെ അപ്പുറത്തുനിന്ന് സംസാരിച്ച നേതാക്കൻമാർ ജനവിരുദ്ധ ബഡ്ജറ്റാണ് അവതരിപ്പിച്ചത് എന്നുപറഞ്ഞു. ഇതെങ്ങനെയാണ് ജനവിരുദ്ധമാകുന്നത്? ജനക്ഷേമകരമാകുന്നത്. താങ്ങാൻപറ്റാത്ത പുതിയ നികുതി വരിക, പുതിയ ആഘാതങ്ങൾ വരിക, ഒരു ബഡ്ജറ്റ് അവതരിപ്പിക്കുന്നതിലൂടെ വിലവർദ്ധനവ് വരിക തുടങ്ങി ജനങ്ങളുടെ നിത്യജീവിതത്തിൽ ഒരുപാട് പ്രാരാബ്ധങ്ങൾ ഉണ്ടാക്കുന്ന തിനുതകുന്ന ബഡ്ജറ്റിനെയാണ് നമ്മൾ ജനവിരുദ്ധ ബഡ്ജറ്റ് എന്നുപറയുന്നത്. പുതിയ നികുതികളില്ലാതെ വിലക്കുറവ് ഉണ്ടാക്കുന്ന, ആനുകൂല്യങ്ങൾ ധാരാളമായി പ്രഖ്യാപിക്കുന്ന, ഒരുപരിധിവരെ വൃദ്ധരായ ആളുകൾക്ക് മൂന്ന് രൂപയ്ക്ക് അരി വിതരണം നടത്തുന്ന, അറുപത് വയസ്സുകഴിഞ്ഞ കർഷകർക്ക് ആയിരം രൂപ പെൻഷൻ കൊടുക്കുന്ന, എല്ലാ പെൻഷൻകാർക്കും എല്ലാ മാസവും ഒന്നാം തീയതി പെൻഷൻ കൊടുക്കുന്ന തരത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജറ്റ് എങ്ങനെയാണ് ജനവിരുദ്ധമാകുന്നത്? അപ്പോൾ ജനവിരുദ്ധത്തിന്റേയും ക്ഷേമത്തിന്റേയും അർത്ഥങ്ങളുടെ വ്യാഖ്യാനത്തിലേയ്ക്ക് നമ്മൾ പോകേണ്ടിവരും. അവർ ഇപ്പോഴും പറയുന്നത് ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ഈ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റ് തെരഞ്ഞെടുപ്പ് സ്റ്റണ്ടാണെന്നാണ്. ഇടതുപക്ഷ നേതാക്കൻമാരുടെ ആ ഒറ്റ വാചകം തന്നെ ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റിന്റെ മേൻമകളെ എടുത്തുകാണിക്കുന്നു. സ്വാഭാവികമായിട്ടും തെരഞ്ഞെടുപ്പ് സമയം മനസ്സിൽ ഉണ്ടായിരുന്നിരിക്കാം. പക്ഷെ ജനങ്ങളെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുപ്പിനേക്കാൾ പ്രധാനമായി അവരുടെ ജീവിതത്തിൽ ഗുണകരമായിട്ടുള്ള മാറ്റങ്ങൾ ഉണ്ടാക്കുന്ന ഒരു ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചു എന്നുള്ളതാണ് വന്നിരിക്കുന്നത്. അതാണ് സാധാരണക്കാരന് ഗുണം ചെയ്യുന്ന ഒരു ബഡ്ജറ്റ്.

നിത്യജീവിതത്തിൽ പുതിയ പ്രാരാബ്ധങ്ങൾ ഉണ്ടാക്കുന്നത് നിസാരമായിട്ടുള്ള കാര്യമല്ല. ഈ സംസ്ഥാനത്ത് എന്തെല്ലാം മാറ്റങ്ങളുണ്ടായി. ആ മാറ്റങ്ങളെ നമ്മൾ കാണണം. കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് വന്ന മാറ്റം അത് ഇൻഡ്യയിൽ എങ്ങുമില്ലാത്ത മാറ്റം തന്നെയാണ്. ഇത്രയധികം റോഡുകളും പാലങ്ങളും അതിനെക്കുറിച്ച് ഇവിടെ ആരും പറഞ്ഞുകേട്ടില്ല. ഇത്രയധികം പാലങ്ങളും റോഡുകളും ഉണ്ടാക്കി ഗതാഗതയോഗ്യമായ ഒരു സംവിധാനം ഉണ്ടാക്കി. ജനങ്ങൾക്ക് ആവശ്യമായ രീതിയിൽ സഞ്ചരിക്കാൻ പറ്റുന്ന തരത്തിലുള്ള വാഹനങ്ങൾ ഏർപ്പെടുത്തി, എം.എൽ.എ. ഫണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ 75,00,000 രൂപ ആക്കി. ഞാൻ ഇത് പറയാൻ കാരണം വിദ്യാഭ്യാസത്തെക്കുറിച്ച് പറഞ്ഞപ്പോഴാണ്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വളരെ താഴോട്ട് പോകുന്നത് ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളോടോ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളോടോ കിടപിടിക്കാൻ ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാധ്യമാകുന്നില്ലഎന്നുള്ളത് നമുക്ക് എല്ലാവർക്കും അറിയാം. കേരളത്തിലെ എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിലെ ഭൂരിപക്ഷം എമൗണ്ടും വിദ്യാഭ്യാസ മേഖലയിൽ, പ്രത്യേകിച്ച് ഗവൺമെന്റ് മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും കമ്പ്യൂട്ടർ വാങ്ങുന്നതിനുമാണ് ചെലവഴിക്കുന്നത്. പ്രായമായ പെൺകുട്ടികൾ പഠിക്കുന്ന പ്രാഥമിക സൗകര്യം പോലുമില്ലാത്ത സ്കൂളുകൾ ഇന്നും കേരളത്തിലുണ്ട്. അതൊരു അപമാനമാണ്. വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ഞാൻ എടുത്തുപറഞ്ഞുവെന്നേയുള്ളൂ. ഏത് രംഗത്താണ് കുഴപ്പമുണ്ടായത്. കാർഷിക മേഖലയുടെ കാര്യത്തെക്കുറിച്ച് ഇവിടെ ആരോ പറഞ്ഞു, കാർഷിക മേഖലയിലെ ആളുകൾക്ക് ദോഷമുണ്ടായി എന്ന്. എങ്ങനെയാണ് ദോഷമുണ്ടായത്? ഒരു നാടിന്റെ കാർഷിക രംഗം വിലയിരുത്തുന്നത് എങ്ങനെയാണ്? കർഷകരെ സംബന്ധിച്ചിടത്തോളം അവരുടെ ഉൽപ്പന്നങ്ങൾക്ക് നല്ല വിലയുണ്ടാകണം, അത് മാർക്കറ്റിൽ വാങ്ങാൻ ആളുണ്ടാകണം. ഉൽപ്പാദന ച്ചെലവിനേക്കാൾ അവന്റെ ഉൽപ്പന്നത്തിന് വില കിട്ടണം. കേരളത്തിൽ ഒന്നോ രണ്ടോ നാണ്യവിളകൾക്ക് വിലക്കുറവുണ്ട് എന്നല്ലാതെ സാധാരണക്കാരന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ടുനിൽക്കുന്ന കാർഷികോൽപ്പന്നങ്ങൾക്ക് ഇന്ന് മതിയായ വിലയുണ്ട്. ഇത്രയധികം ഗ്രാമീണമേഖലയിൽ തൊഴിലവസരമുണ്ടായ ഒരു കാലഘട്ടം കേരളത്തിൽ മുൻപ് ഉണ്ടായാട്ടില്ല. ഗ്രാമീണ മേഖലയിൽ തൊഴില

LIBRARY ARCHIVES Kerala Legislative Assembly

വസരങ്ങൾ ഉണ്ട്. സമ്പദ്ഘടന ചലനാത്മകമായി. അതിന്റെ ക്രെഡിറ്റ് ശ്രീ. കെ. ശങ്കരനാരായണനുണ്ട്. ശ്രീ. വക്കം പുരുഷോത്തമൻ അതുമായി മുന്നോട്ടുപോയി. സമ്പദ്ഘടന ചലനാത്മകമാകുമ്പോൾ മാത്രമേ ആളുകളുടെ കയ്യിൽ പണം വരികയുള്ളൂ. വ്യക്തികളുടെ പോക്കറ്റുകളിൽനിന്നും മറ്റു പോക്കറ്റുകളിലേയ്ക്ക് പോകുമ്പോഴാണ് സമ്പദ്ഘടന ചലനാത്മകമാകുന്നത്. നാട്ടിൻപുറങ്ങളിലെ കടകളിൽ കച്ചവടമുണ്ട്. ക്രയവിക്രയങ്ങൾ നടക്കുന്നു. നിർമ്മാണ ജോലികൾ നടക്കുന്നു. നിർമ്മാണ ജോലികൾ ഉണ്ടാകുമ്പോഴാണ് കെട്ടിടം കെട്ടുന്നവർക്ക്, കയ്യാളൻമാർക്ക്, കമ്പി ചുമക്കുന്നവർക്ക്, സിമന്റ് ചുമക്കുന്നവർക്ക് തൊഴിൽ ലഭിക്കുന്നത്. നമ്മളാരും ടാറ്റായുടെയും ബിർളയുടെയും ആളുകളല്ല. കേരളത്തിലെ ഗ്രാമീണ മേഖലയിൽ ധാരാളം തൊഴിലവസരങ്ങളുണ്ട്. വരാൻ പോകുന്ന വ്യവസായങ്ങളിലോട്ടൊന്നും ഞാൻ പോകുന്നില്ല. വ്യവസായ മേഖലയിൽ മാറ്റമുണ്ടായി. മാറ്റമെന്ന് പറയുന്നത് തൊഴിലവസരങ്ങൾ തന്നെയാണ്. പി.എസ്.സി. വഴി മറ്റു കാലങ്ങളിലുള്ളതിനേക്കാൾ കൂടുതൽ തൊഴിലവസരങ്ങൾ കിട്ടി. ഞാൻ കണക്കുകളിലേയ്ക്കൊന്നും കൂടുതലായി കടന്നുപോകുന്നില്ല. പോയ അഞ്ചു വർഷക്കാലത്തെ സ്ഥിതിയെന്തായിരുന്നു? ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായി വന്ന കാലം മുതൽ, ശ്രീ. കെ. ശങ്കരനാരായണൻ കേരളത്തിൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലം മുതലുണ്ടായിരുന്ന സമ്പദ്ഘടനയുടെ വിഷാദാത്മകതയിലേയ്ക്ക് ഞാൻ പോകുന്നില്ല. നമുക്കെല്ലാപേർക്കും അറിയാം, തകർന്ന സമ്പദ്ഘടനയായിരുന്നു. ഏത് രാഷ്ട്രീയമാണെങ്കിലും തകർന്ന സമ്പദ്ഘടനയിൽ ഒരു സംസ്ഥാനത്ത് ജീവിക്കുന്നതിലാണോ നമുക്ക് താൽപര്യം? ഇവിടെ ഇരിക്കുന്ന എം.എൽ.എ.-മാരുടെ സ്റ്റാറ്റസുള്ള നമുക്കാർക്കും സമ്പദ്ഘടന തകർന്നാൽ ബുദ്ധിമുട്ടുണ്ടാകില്ല. യു.ഡി.എഫ്. ഭരിച്ചാലും എൽ.ഡി.എഫ്. ഭരിച്ചാലും അതിന്റെ ഗുണഫലം അനുഭവിക്കുന്നത് കേരളത്തിലെ സാധാരണക്കാരാണ്. വില കൂടിയാൽ സമ്പദ്ഘടനയിൽ എന്തെങ്കിലും പ്രശ്നമുണ്ടോ? അരിക്ക് വില കൂടിയാൽ, തുണിക്ക് വില കൂടിയാൽ, ട്രാൻസ്പോർട്ട് ചാർജ് കൂടിയാൽ അത് കേരളത്തിലെ ഏത് സമ്പന്നനെയാണ് ബാധിക്കുന്നത്? സമ്പദ്ഘടന താളം തെറ്റുമ്പോൾ അത് നേരെ ചെല്ലുന്നത് കേരളത്തിലെ സാധാരണക്കാരുടെ ജീവിതത്തിലേയ്ക്കാണ്. കേരളം സമ്പൂർണ്ണമായും ഫലഭൂയിഷ്ഠമാണെന്ന് ഞാൻ പറയുന്നില്ല. മറ്റേതൊരു കാലഘട്ടത്തേക്കാളും സാധാരണ ഒരു കുടുബത്തിന് ജീവിച്ചുപോകാൻ കഴിയുന്ന അവസ്ഥ, ദാരിദ്ര്യമില്ലായ്മ ഇന്നുണ്ട്. പട്ടിണിയില്ലായ്മ നിസ്സാര ഘടകമല്ല. ഏതെങ്കിലും സ്ഥലത്ത് എവിടെയെങ്കിലും ഭക്ഷണമില്ലാതെ ഒരു പട്ടിണിമരണമുണ്ടായിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. പൊതുവായി നമ്മുടെ നാട്ടിൽ അതില്ല. അങ്ങനെയൊരു മാറ്റം കേരളത്തിൽ ഉണ്ടായതിന്റെ ഉത്തരവാദിത്വം യു.ഡി.എഫ്. സർക്കാരിനാണ്. ഇതുമായി ബന്ധപ്പെട്ടാണ് ശ്രീ. വക്കം പുരുഷോത്തമൻ ഇവിടെ ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ട് ആദ്യത്തെ പ്രസംഗം ശ്രീ. എം. വി. ഗോവന്ദൻ മാസ്റ്ററുടേതായിരുന്നു. ശ്രീ. കെ. കെ. ഷാജു പറഞ്ഞതുപോലെ അദ്ദേഹം ഡി.വൈ.എഫ്.ഐ.-യുടെ ജനറൽ സെക്രട്ടറിയായിരുന്നു. മാർക്സിസ്റ്റു പാർട്ടിയുടെ ജില്ലാ സെക്രട്ടറി കൂടിയാണ്. അദ്ദേഹം പറഞ്ഞു, സർക്കാർ വെന്റിലേറ്ററിലാണെന്ന്. ഈ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ആശുപത്രിയിലേ പോയിട്ടില്ല. ആശുപത്രിയിൽ പോയാലല്ലേ ചികിൽസ നിശ്ചയിക്കുകയുള്ളൂ. പാരസെറ്റമോൾ കഴിക്കുന്ന തരത്തിലുള്ള ഒരു അസുഖം പോലും ഈ ഗവണ്മെന്റിനില്ല. ആശുപത്രിയിലേയ്ക്ക് ഒരു രോഗിയെ കൊണ്ടുപോയാൽ എല്ലാ ചികിൽസയുടെയും അവസാനമാണ് വെന്റിലേറ്ററിലേയ്ക്ക് കൊണ്ടുപോകുന്നത്. ഈ ഗവൺമെന്റ് ആശുപത്രിയലേ അല്ല; ജനങ്ങൾക്കൊപ്പമാണ് നിൽക്കുന്നത്. നാളെ വൈകുന്നേരമായാൽ ഈ സഭ പിരിയുകയാണ്. നമുക്ക് രാഷ്ട്രീയ കാര്യങ്ങൾ പറയാം. വളരെ അഗ്രസ്സീവായി പറയാം. അരോപണം പറയാം. തീർച്ചയായും അതിന് മറുപടി പറയാം. കേരളത്തിലെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാണ് എം.എൽ.എ. മാർ. വേറിട്ട ഒരു സംസ്ഥാനമാണ് കേരളം. നമ്മൾ വ്യക്തികളെക്കുറിച്ച് ആക്ഷേപം പറയുന്നത് എവിടെയായാലും ശരിയല്ല. ആളുകൾക്ക് സൗന്ദര്യം വരുന്നത് ഒരു കുറ്റമാണോ? കെ.പി.സി.സി. പ്രസിഡന്റിന്റെ കാര്യം പറഞ്ഞു. എന്തിനാണ് ആവശ്യമില്ലാതെ. ഇന്ന് ചർച്ച നടക്കുമ്പോഴോ നാളെയോ ഇനി വരാൻ പോകുന്ന സഭകളിലോ കേരളത്തിൽ വിമർശനവിധേയരാകാത്ത ആരെങ്കിലുമുണ്ടാകുമോ? വിമർശനസ്വഭാവമുള്ള കാര്യങ്ങളെ അക്കമിട്ട് നിരത്തുന്നതിന്, ആക്ഷേപം കൂടുതൽ പറയുന്നതിന്, കളർ ചേർത്ത് പറയുന്നതിന് ഇതിനൊന്നും നമ്മളാരും മോശക്കാരല്ല. അതിരുവിടുന്നു എന്ന ദുഃഖം സൂചിപ്പിച്ചു എന്നു മാത്രമേയുള്ളൂ. കുറേ കഴിയുമ്പോൾ നമ്മളെല്ലാപേരുംതന്നെ എം.എൽ.എ.-മാരായി വരണമെന്നില്ല. മൽസരിക്കുന്നവരുണ്ടാകും, മൽസരിക്കാത്തവരുണ്ടാകും. ജയിക്കുന്നവരുണ്ടാകും, ജയിക്കാത്തവരുണ്ടാകും. എന്നാൽ, എവിടെയെങ്കിലുമൊക്കെ വച്ചു കാണുമ്പോഴൊക്കെ നമ്മൾ ഒരുമിച്ചുണ്ടായിരുന്നു എന്നുള്ള ഒരു പരിചയം വേണം. 1982-ൽ ഞാൻ ഈ സഭയിൽ വന്ന ആളാണ്. അന്നുണ്ടായിരുന്ന പലരും ഇന്ന് ജീവിച്ചിരിപ്പില്ല. ചിലർ ഇവിടെയുണ്ട്. പാർട്ടിയിൽ ഉന്നതമായ സ്ഥാനങ്ങൾ വഹിക്കുന്നവരുണ്ട്. പിരിഞ്ഞുപോകുന്ന സന്ദർഭത്തിൽ പറയുന്നത് സൂക്ഷിച്ചു പറയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഭാഷയിലെ ധ്വനികൾ, അർത്ഥതലങ്ങൾ ഇതൊന്നും അറിയാത്ത ആളുകളല്ല നമ്മൾ. അങ്ങ് ഇടയ്ക്കിടയ്ക്ക് ഒരു കാര്യം പറയും, ഇത് കേരളം മാത്രമല്ല ലോകം മുഴുവൻ കാണുകയാണ് എന്ന്. വ്യക്തികളെ പരാമർശിക്കുമ്പോൾ ഉണ്ടാകുന്ന സമീപനം, അത് ഏതെങ്കിലും ഒരു ഭാഗത്തിനുവേണ്ടി മാത്രമല്ല പറഞ്ഞത്.

സംസ്ഥാന ബജറ്റുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പണം ചെലവിടുന്നത് ശമ്പളം കൊടുക്കുന്നതിനും വെൽഫെയർ മെഷേഴ്സിനുംവേണ്ടി മാത്രമാണ്. നിയമസഭയിൽ ഇപ്പോൾ ആരും പറയുന്നില്ലെങ്കിലും പ്രതിപക്ഷം പ്രധാനമായിട്ടും ഉയർത്തുന്ന ഒന്നാണ് ഭരണച്ചെലവ് കുറയ്ക്കണമെന്നത്. ഒരു സാമ്പത്തിക നിയന്ത്രണം വേണം. സാമ്പത്തിക അച്ചടക്കം വേണം. ഫിനാൻഷ്യൽ ഡിസിപ്ലിൻ തീർച്ചയായിട്ടും വേണം. ഫിനാൻഷ്യൽ കൺട്രോളും വേണം. എവിടെയാണ് കുറയ്ക്കുക? എങ്ങനെ ചെലവ് കുറയ്ക്കാൻ കഴിയുമെന്നുള്ളത് കേരളത്തിലെ ഉയർന്ന രാഷ്ട്രീയ നേതാക്കൾ ചർച്ച ചെയ്തിട്ടുണ്ടോ? സാമ്പത്തിക വിദഗ്ദ്ധർ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ചെയ്തിട്ടുണ്ടോ? വരവ് കൂട്ടാൻ നമുക്ക് കഴിയുന്നുണ്ടോ? ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന ശേഷം ഗവണ്മെന്റിന്റെ സോഴ്സ് ഓഫ് ഇൻകം കൂട്ടാൻ, ടാക്സ്, മറ്റിനങ്ങൾ ഇവയിൽ വരവ് വർദ്ധിപ്പിക്കാൻ എന്തെങ്കിലും ചെയ്തോ? ഞാനും ഒരു പൊതുപ്രവർത്തകനാണ്. ജനങ്ങളെ ശിക്ഷിക്കാൻ കൂടുതൽ ടാക്സ് വാങ്ങണമെന്നല്ല പറഞ്ഞത്. ഭരണകക്ഷികളെക്കാൾ കൂടുതൽ ആവേശത്തിൽ പ്രതിപക്ഷം പറയും. ജനങ്ങളെ ശിക്ഷിക്കാൻ പാടില്ല. അധികമായി ഒരു വരുമാന മാർഗ്ഗവും ഉണ്ടാകുന്നില്ല. നമ്മുടെ ചെലവ് കൂടുന്നു. അഞ്ച് വർഷം കഴിഞ്ഞാൽ കേരളത്തിൽ ശമ്പളത്തിനു തുല്യമോ അതിനു മുകളിലോ പെൻഷൻകാരുടെ തുക വരാൻ പോവുകയാണ്. ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിന്റെ സ്ഥിതി അതാണ്. എം.എൽ.എ-മാർക്കും പെൻഷനുണ്ട്. അങ്ങനെ വന്നാൽ എവിടെപ്പോകും? സംസ്ഥാനത്ത് ജോലി ചെയ്യുന്ന ആളുകളെക്കാൾ കൂടുതൽ പെൻഷൻ വാങ്ങുന്ന ഒരു സംസ്ഥാനത്തെ എങ്ങനെ മുന്നോട്ടുകൊണ്ടുപോകും? എവിടെയെങ്കിലും നിയന്ത്രണം വേണ്ടേ? ആലോചന വേണ്ടേ? റവന്യൂ റസീപ്റ്റിലും എക്സ്പെന്റിച്ചറിലും വ്യത്യാസം വരും. വരുമാനം കുറയുമ്പോൾ പണം കടം എടുക്കേണ്ടിവരും. പണം കടം എടുക്കുന്നതിന്റെ തുക വർദ്ധിച്ചുവരുന്നതിൽനിന്നും മോചനം നേടാൻ എന്തെങ്കിലും മാർഗ്ഗം ഉണ്ടോ? അത് ആലോചിക്കണം. 7,55,00,752 കോടി രൂപയാണ് പന്ത്രണ്ടാം ഫിനാൻസ് കമ്മിഷന്റെ ടോട്ടൽ എമൗണ്ട്. അതിൽനിന്നും ഒരു ശതമാനം കൂടുകയോ കുറയുകയോ ചെയ്താൽ എത്ര കോടി രൂപയുടെ വ്യത്യാസം വരും? ഈ ഗവണ്മെന്റ് ഇറക്കിയിരിക്കുന്ന ഇക്കണോമിക് റിവ്യൂവിൽ The 12th Finance Commissions are very unfair to Kerala by adopting the following weightage obtaining in the inter-state distribution of divisible pool എന്നു പറയുന്നു. ഇതിനൊരു പാരാമീറ്റർ ഉണ്ട്. ഒരു മാനദണ്ഡമുണ്ട്. ഈ സംസ്ഥാനത്ത് നമ്മൾ നേടിയ പുരോഗതികൾ നമുക്ക് ശത്രുവായി വന്നിരിക്കുകയാണ്. ഭാവിയിൽ ഇത് വരാൻ പാടുണ്ടോ? By increasing the weightage for the geographic area and by retaining the predominant weightage for backwardness, Kerala, which has very little geographic area, has been seriously affected. In the last five years, we have moved further from the national average in respect of per capita income. Consequently in the TFC award, our share has gone down from 3.057 in the 11th Finance Commission to 2.665%, the lowest since 1955. 1955-നുശേഷം ലോവസ്റ്റാണ് ഈ തവണ കിട്ടിയിരിക്കുന്നത്. രണ്ടു തരത്തിൽ ഇങ്ങനെ വന്നിരിക്കുന്നു. ഇപ്പോൾ ഇത് പറയാൻ കാരണം ഇത് നാളെ ബാധിക്കും. ഈ എമൗണ്ട് പറഞ്ഞത് ഏഴു ലക്ഷത്തിധികം കോടി രൂപയുടെ ഫിനാൻസ് കമ്മിഷൻ പെർസെന്റേജിൽ ലേശം വ്യത്യാസം വരുമ്പോൾ നോൺ പ്ലാനിൽ എവിടെനിന്നും പണം കൊണ്ടുവരും? ബീഹാറും ഉത്തർപ്രദേശും കൂടി 100 ശതമാനത്തിൽ 30 ശതമാനം കൊണ്ടുപോയി. മറ്റു സംസ്ഥാനങ്ങൾക്കെതിരെ സംസാരിക്കുന്നതല്ല. സേവന മേഖലയിൽ, വിദ്യാഭ്യാസ മേഖലയിൽ, ആരോഗ്യ മേഖലയിൽ, ഡോ. കെ. സി. ജോസഫ് പറഞ്ഞതൊക്കെ തെറ്റാണ്. അദ്ദേഹം പറഞ്ഞത്, ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും താഴോട്ടു പോയെന്നാണ്. ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും മുകളിലോട്ട് പോയതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടാണ് നമുക്ക് ഫിനാൻസ് കമ്മീഷന്റെ ഷെയർ കുറയുന്നത്. യു.പി. പോലെ യുള്ള സംസ്ഥാനത്തിന് 20 ശതമാനമാണ് കിട്ടിയിരിക്കുന്നത്. നമുക്ക് ഭൂതലം കുറവ്, മറ്റ് കാര്യങ്ങൾ കൂടുതൽ. അങ്ങനെ വരുമ്പോൾ ഇത് വളരെ കുറഞ്ഞു. എന്തു ചെയ്യും? അങ്ങനെ വരുമ്പോൾ വേണ്ടിവരുന്നത് കേന്ദ്ര ഗവൺമെന്റിന്റെ സഹായ മാണ്. ഇപ്പോഴാണ് കേന്ദ്രത്തിൽ യുപി.എ ഗവൺമെന്റ് വരുന്നത്. അതിനുമുൻപ് അവിടെ ബി.ജെ.പി ഭരിച്ചിരുന്നു. ഗവൺമെന്റുകൾ മാറിവരും. കേരളത്തിന്റെ കോമണായിട്ടുള്ള ശബ്ദമുണ്ടാകണം. ഫിനാൻസ് കമ്മീഷന്റെ ഷെയറിന്റെ പേർസന്റേജ് കുറഞ്ഞുവരുന്നത് വഴി നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിത ത്തിൽ കുറവ് വരുന്നു. അതൊരു ഭാഗത്ത്. വികസനം മാത്രമല്ല, കേരളത്തിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. ആ മേഖലകളെ പരിപാലിക്കുന്നതിന് നമുക്ക് വരുമാന മാർഗ്ഗമുണ്ടായില്ലെങ്കിൽ കേരളത്തിന് മുന്നോട്ട്നീങ്ങാൻ കഴിയില്ല. നമ്മുടെ ഡെഫിസിറ്റ് കൂടിക്കൊണ്ടിരിക്കും. സാമ്പത്തികമേഖലയിലെ വളർച്ച ഒൻപത് ശതമാനത്തിലധികം പോയി. അതൊക്കെ നല്ലതുതന്നെയാണ്. അതുകൊണ്ട് നമുക്ക് ഇത് നിലനിർത്താൻ കഴിയുമോ എന്നുള്ളതാണ് പ്രശ്നം. നമ്മുടെ പൊളിറ്റിക്കൽ ലീഡർഷിപ്പ് വളരെ ഗൗരവതരമായി ഇതിനെക്കുറിച്ച് ആലോചിക്കണം. ഗൗരവത രമായ ചർച്ചകളുണ്ടാകണം. സാമ്പത്തിക വിദഗ്ദ്ധരുമായി ചർച്ചകൾ നടത്തണം. കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കുറേക്കൂടി റീസണബിളാകണം.

മറ്റൊരു കാര്യം പറയാനുള്ളത് സമരങ്ങളെക്കുറിച്ചാണ്. സമരം ചെയ്യാനു ള്ള അവകാശത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഞാനും ഒരുപാട് സമരത്തിലൊക്കെ പങ്കെടുത്തിട്ടുള്ള ആളാണ്. 23-ാം തീയതി മുതൽ കേരളത്തിൽ ഒരു സമരം തുട ങ്ങുന്നതിന്റെ കേളികൊട്ട് നടക്കുകയാണ്. അതിനോട് അനുബന്ധിച്ചായിരിക്കാം ഇന്ന് മുഖ്യമന്ത്രി എല്ലാ മേഖലയിലെയും ജീവനക്കാരെ വിളിച്ച് ചർച്ച നടത്തുന്ന ദിവസമാണ്. ചർച്ചയിലൂടെ പരിഹരിക്കപ്പെട്ടാൽ അത്രയും നല്ലത്. ജീവനക്കാർക്ക് കിട്ടേണ്ട ആനുകൂല്യങ്ങളെക്കുറിച്ച് തർക്കമില്ല. പക്ഷേ എന്തിനാണ് സമരം? കൂടുതൽ ആനുകൂല്യങ്ങൾക്ക് വേണ്ടി. ഒരുഭാഗത്ത് നമ്മുടെ ചെലവുകൾ കുറയ്ക്കാനുള്ള ആലോചനയുണ്ടാകണമെന്ന് പറയുമ്പോൾ അത് കേൾക്കുന്ന കാതുകളുടെ ഉടമസ്ഥർ തന്നെ നമ്മുടെ കേരളത്തിൽ അധികച്ചെലവുണ്ടാക്കുന്ന മാർഗ്ഗങ്ങളിലേക്ക് സംസ്ഥാനത്തെ കൊണ്ടുപോകുന്നതിന് വേണ്ടിയുള്ള സമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. സമരങ്ങൾക്കെതിരായി ഞാൻ സംസാരിച്ചതല്ല. ഇതിനെ ക്കുറിച്ച് ഗൗരവതരമായ ഒരു ആലോചന വേണം. ഈ പ്രാരാബ്ധങ്ങൾക്കും പ്രതി സന്ധികൾക്കുമിടയിലും നമ്മുടെ സംസ്ഥാനത്ത് ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ഈ ബഡ്ജറ്റ് കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസകരമായ ഒരു ബഡ്ജറ്റാണ്. സാധാരണക്കാർ വളരെ പ്രതീക്ഷയോടുകൂടി ഇതിനെ കാണുന്നു. ശ്രീ. എം. വി. ജയരാജൻ പ്രസംഗിച്ചപ്പോൾ വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെക്കുറിച്ച് പറഞ്ഞു. ഇതിനുമുൻപുള്ള തെരഞ്ഞെടുപ്പിൽ കേരളത്തിലെ കോൺഗ്രസും ഐക്യജനാധിപത്യമുന്നണിയും നടത്തിയ കാര്യങ്ങ ളെക്കുറിച്ച് പറഞ്ഞു. അദ്ദേഹം പറഞ്ഞുവന്നത് കേരളത്തിലെ കോൺഗ്രസിന്

LIBRARY ARCHIVES Kerala Legislative Assembly

ബി.ജെ.പി.-യുമായുള്ള ബന്ധമാണ്. തിരുവനന്തപുരം പാർലമെന്റ് ഉപതെരഞ്ഞെടുപ്പിൽ ഏത് ഭാഗത്ത് എവിടെയാണ് ബി.ജെ.പി.യുമായി ബന്ധപ്പെട്ടത്? കഴിഞ്ഞ തവണ ശ്രീ. വി. എസ്. ശിവകുമാറിന് ലഭിച്ചതിനേക്കാൾ 80,000-ത്തിലധികം വോട്ട് കിട്ടിയിട്ട് ഞങ്ങൾ ജയിച്ചില്ലല്ലോ? മനസ്സിലാകാത്ത ഒരൊറ്റ കാര്യം, കഴിഞ്ഞ തവണ കിട്ടിയതിനേക്കാൾ വോട്ടുകൾ കൂടുതൽ കിട്ടിയ ശ്രീ. ശിവകുമാർ പരാജയപ്പെട്ടു. കഴിഞ്ഞ തവണ മൂന്ന് ലക്ഷത്തിലധികം വോട്ടുകളുണ്ടായിരുന്ന ബി.ജെ.പി.-ക്ക് ഇത്തവണ ഒരു ലക്ഷത്തിൽ താഴെയേ കിട്ടിയിട്ടുള്ളു. ജയിച്ചത് ശ്രീ. പന്ന്യൻ രവീന്ദ്രൻ 80,000-ത്തിലധികം വോട്ടുകൾ കിട്ടിയിട്ടും യു.ഡി.എഫ് സ്ഥാനാർത്ഥി പരാജയപ്പെട്ടു. മൂന്ന് ലക്ഷത്തിലധികം വോട്ടുകളുണ്ടായിരുന്ന ബി.ജെ.പി.-ക്ക് രണ്ട് ലക്ഷം വോട്ട് എവിടെയാണെന്ന് അറിയില്ല. ജയിച്ചത് ശ്രീ. പന്ന്യൻ രവീന്ദ്രൻ. ബി.ജെ.പി.യുടെ വോട്ടുകൾ ശ്രീ. പന്ന്യൻ രവീന്ദ്രനാണ് പോയതെന്നുള്ളത് അന്വേഷിക്കാൻ ലണ്ടൻ സ്ക്കൂൾ ഓഫ് ഇക്കണോമിക്സിൽ പോയി ധനശാസ്ത്രം പഠിക്കണമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിങ്ങളുടെ കോൺഗ്രസ് പാർട്ടിയുടെ സ്ഥാനാർത്ഥിയായി ഇവിടെ നോമിനേഷൻ കൊടുത്ത ശ്രീ. ശിവകുമാർ നോമിനേഷൻ കൊടുത്ത ഉടനെ പത്രസമ്മേളനത്തിൽ പറഞ്ഞത് ഞാൻ ജയിക്കും കാരണം ബി.ജെ.പി.-ക്ക് കിട്ടുന്ന വോട്ടിൽ രണ്ട് ലക്ഷം വോട്ട് എനിക്ക് കിട്ടുമെന്നാണ്. അത്തരത്തിൽ അദ്ദേഹം മുൻകൂട്ടി പ്രഖ്യാപിച്ച കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. ജി. കാർത്തികേയൻ: ഒന്നാമത്തെ കാര്യം, ഒരു സ്ഥാനാർത്ഥി നോമിനേഷൻ കൊടുത്തുകഴിഞ്ഞാൽ എന്താണ് പറയേണ്ടത്? ഞാൻ ജയിക്കുമെന്ന് തന്നെ പറയണം. ബി.ജെ.പി.യുടെ വോട്ട് എന്നല്ല അദ്ദേഹം പറഞ്ഞത്. നിങ്ങൾ പറഞ്ഞല്ലോ, ശ്രീ. ഒ. രാജഗോപാലിന് കിട്ടിയ വോട്ടെല്ലാം ബി.ജെ.പി. വോട്ടല്ല പല സ്വതന്ത്രൻമാരുടെയും വോട്ടുകൾ പോയി. അതിൽ കുറെ വോട്ട് ഞങ്ങൾക്ക് കിട്ടുമെന്ന് പറഞ്ഞു. രണ്ട് ലക്ഷം വോട്ട് കിട്ടുമെന്ന് ശ്രീ. ശിവകുമാർ പറഞ്ഞു എന്നല്ലേ ശ്രീ. കോടിയേരി പറഞ്ഞത്. അത് ശ്രീ. ശിവകുമാറിന് കിട്ടിയോ? ആ രണ്ട് ലക്ഷം വോട്ട് എവിടെപ്പോയി? ജയിച്ചത് ആരാണ്? ജയിച്ചത് നിങ്ങൾ, തോറ്റത് ഞങ്ങൾ. ബി.ജെ.പി.യുടെ വോട്ട് എവിടെപ്പോയി? ബി.ജെപി.-യുടെ വോട്ട് ആര് വാങ്ങി? ബി.ജെ.പി.യുടെ വോട്ട് നിങ്ങൾ വാങ്ങി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബി.ജെ.പി.യുടെ വോട്ട് ആർക്കാണ് പോയതെന്ന കാര്യം ശ്രീ. ഒ. രാജഗോപാൽ പിന്നീട് വ്യക്തമാക്കിയിട്ടുണ്ട്. ചെണ്ട കൊട്ടി ആർ.എസ്.എസ്.കാർ വീടുകളിൽപ്പോയി കോൺഗ്രസിന് വോട്ട് ചെയ്യണമെന്ന് പറഞ്ഞു എന്ന കാര്യം പോലും ശ്രീ. രാജഗോപാൽ പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. അക്കാര്യം മറച്ചുവച്ച് ശ്രീ. കാർത്തികേയൻ ഇങ്ങനെ പറയുന്നത് ശരിയാണോ?

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട കോടിയേരി, കിട്ടിയത് നിങ്ങൾക്ക്, ജയിച്ചത് നിങ്ങൾ പിന്നെ ശ്രീ. ഒ. രാജഗോപാൽപറഞ്ഞിട്ട് എന്ത് കാര്യം. പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊന്ന്, കഴിഞ്ഞ തവണ ശ്രീ. ഒ. രാജഗോപാൽ ലീഡ് ചെയ്ത ബൂത്തുകളിൽ ഇത്തവണ ലീഡ് ചെയ്തത് ശ്രീ. പന്ന്യൻ രവീന്ദ്രൻ. കണക്ക് വേണോ? കണക്ക് ഞങ്ങളുടെ കയ്യിലുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: തിരുവനന്തപുരം ഈസ്റ്റ് മണ്ഡലത്തിലും നേമം നിയോജകമണ്ഡലത്തിലെ വെസ്റ്റിലും നോർത്തിലും ഉൾപ്പെടെ കോൺഗ്രസിന്റെ പ്രവർത്തകരുടെ, യു.ഡി.എഫ്-ന്റെ വോട്ട് ശ്രീ. പന്ന്യൻ രവീന്ദ്രന് ധാരാളമായി കിട്ടിയില്ലേ?

ശ്രീ. ജി. കാർത്തികേയൻ: തർക്കം വേണ്ട. ഇത്തവണ ഇതിന്റെ ആനുകൂല്യം കിട്ടിയത് നിങ്ങൾക്കാണ്. നിങ്ങൾക്ക് അവരുമായി കൂട്ടുചേരാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന് തെറ്റുകളുണ്ടാകാം, കുറവുകളുണ്ടാകാം. പക്ഷേ സ്വാതന്ത്ര്യ സമര കാലഘട്ടം മുതൽ ഈ രാജ്യത്തെ എല്ലാ വർഗ്ഗീയതയ്ക്കെതിരെയും ജാതിക്കെതിരെയും നിതാന്തമായ പോരാട്ടം നടത്തി ഒരുപാട് ത്യാഗം സഹിച്ചതാണ് കോൺഗ്രസ്. ഞങ്ങൾക്ക് മഹാത്മാഗാന്ധിയെ നഷ്ടമായത്, ഇന്ദിരാഗാന്ധിയെ നഷ്ടമായത്, രാജീവ്ഗാന്ധിയെ നഷ്ടമായത് ജാതിക്കെതിരെയും മതത്തിനെതിരെയും നടത്തിയ പോരാട്ടത്തിന്റെ ഫലമായിട്ടാണ്. നിങ്ങൾ എവിടെയാണ് യുദ്ധം ചെയ്തിട്ടുള്ളത്? നിങ്ങളുടെ അന്ധമായ ഒരു മുദ്രാവാക്യമുണ്ട്. ഇപ്പോൾ നിങ്ങൾ യു.പി.എ.യെ പിന്തുണയ്ക്കുന്നു, സമ്മതിക്കുന്നു. പക്ഷേ മുൻപ് അന്ധമായ കോൺഗ്രസ് വിരോധമായിരുന്നു. നിങ്ങൾ ആർ.എസ്.എസ്-നേയും ബി.ജെ.പി.യേയും കുറ്റപ്പെടുത്തുന്നില്ലേ? ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ശ്രീ. അടൽ ബിഹാരി വാജ്പേയി ഉൾപ്പെടെയുള്ളവരെ പരാജയപ്പെടുത്തിയ അവസരത്തിൽ പാർലമെന്റിൽ രണ്ട് ബി.ജെ.പി, അംഗങ്ങളെ കൊണ്ടുവന്ന് അവർക്ക് ജീവൻ കൊടുത്തത് നിങ്ങളാണ്. അതിനുശേഷം ഇൻഡ്യയിലെമ്പാടും കോൺഗ്രസ് വിരുദ്ധ ശക്തികളെ ഏകോപിപ്പിച്ച് നിങ്ങൾ കോൺഗ്രസ് വിരുദ്ധ മുദ്രാവാക്യമുണ്ടാക്കി ബി.ജെ.പി എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് പുതുജീവൻ നൽകി.

ശ്രീ. ബിനോയി വിശ്വം: ബാബ്റി മസ്ജിദ് തകർച്ചയെത്തുടർന്ന് വി. പി.സിംഗ് ഗവൺമെന്റിനോടുള്ള പിന്തുണ ബി.ജെ.പി. പിൻവലിച്ചു. ഞങ്ങൾ വന്ന് അവരുടെ കയ്യും കാലും പിടിച്ച് ഇതിന്റെ പേരിൽ സർക്കാരിനെ താഴേക്കിറക്കരുത് എന്പറഞ്ഞു. നിങ്ങൾ ബി.ജെ.പിക്കെതിരെ വോട്ട് ചെയ്യാൻ വേണ്ടി കെഞ്ചി പറഞ്ഞു. ഇടതുപക്ഷം വഴങ്ങിയില്ല. നിങ്ങളും ബി.ജെ.പി.യും ഒത്തുചേർന്നാണ് ബാബ്റി മസ്ജിദ് പൊളിക്കുന്ന വിഷയത്തിൽ ആ സർക്കാരിനെ താഴേക്കിറക്കിയത്. അത് മറന്നുപോകരുത്.....(ബഹളം).....

ശ്രീ. ജി. കാർത്തികേയൻ: പള്ളി പിന്നെയാണ് പൊളിച്ചത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: പന്ത്രണ്ടാം ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒരു കക്ഷിക്കും ഭൂരിപക്ഷമില്ലാത്ത ഒരു അവസ്ഥ ഇവിടെ വരികയുണ്ടായി.



LIBRARY ARCHIVES Kerala Legislative Assembly

അന്ന് സി.പി.ഐ.(എം)-ഉം ഇടതുപക്ഷ പാർട്ടികളുമെല്ലാം കോൺഗ്രസുമായി മത്സരിച്ചതാണ്. പന്ത്രണ്ടാം ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒരു ഗവൺമെന്റ് രൂപീകരിക്കുന്നതിന് വേണ്ടി അഭ്യർത്ഥിച്ച പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്). നിങ്ങൾ ഗവൺമെന്റ് രൂപീകരിക്കുക, ഞങ്ങൾ പുറത്തുനിന്ന് നിങ്ങൾക്ക് പിന്തുണ നൽകാം. വേറെ ഒരു തരത്തിലുള്ള വ്യവസ്ഥയും വയ്ക്കുന്നില്ല എന്നുപറഞ്ഞു. അങ്ങനെ ഒരു ഗവൺമെന്റ് രൂപീകരിക്കാൻ കോൺഗ്രസ് തയ്യാറാകാത്തതിന്റെ ഫലമായിട്ടാണ് ശ്രീ. വാജ്പേയ് ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായിട്ട് ഇൻഡ്യൻ പ്രധാനമന്ത്രിയായി വന്നത്. അതിന്റെ ഉത്തരവാദിത്വം പൂർണ്ണമായും കോൺഗ്രസിനാണ് എന്നുപറഞ്ഞാൽ നിഷേധിക്കുമോ? ..... (ബഹളം).....

ശ്രീ. ജി. കാർത്തികേയൻ: സർ, അന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ഭൂരിപക്ഷം ഇല്ലായിരുന്നു. അതുകൊണ്ട് ഞങ്ങൾ മന്ത്രിസഭ രൂപീകരിച്ചില്ല. ശ്രീ. വി. പി. സിംഗിനെ പ്രധാനമന്ത്രിയാക്കി പരോക്ഷമായി ബി.ജെ.പി.-യോടൊപ്പം നിന്ന ആളുകളാണ് മാർക്സിസ്റ്റ് പാർട്ടി. ഞാൻ പറഞ്ഞു വരുന്നത് കോൺഗ്രസിനെ പരാജയപ്പെടുത്താൻ ഏത് സഖ്യവുമായിട്ടും ഏത് മത ശക്തികളുമായിട്ടും ഏത് വർഗ്ഗീയശക്തികളുമായിട്ടും ആരുമായിട്ടും കൂട്ടുകൂടാൻ യാതൊരു മടിയുമില്ലാത്ത പാർട്ടിയാണ് നിങ്ങളുടേത്. അതാണ് കേരളത്തിലെ സ്ഥിതി. കേരളത്തിലെ ഓരോ സ്ഥലത്തും ഹരികൃഷ്ണൻസ് സിനിമയിൽ ശ്രീ. മമ്മൂട്ടിക്ക് മലബാർ ഭാഗത്ത് നായികയെ കൊടുക്കുകയും തിരുവനന്തപുരം ഭാഗത്ത് ശ്രീ. മോഹൻലാലിന് നായികയെ കൊടുക്കുകയും ചെയ്ത ഒരു സിനിമ ഇറങ്ങിയിട്ടുണ്ട്. മലബാറിൽ മുസ്ലീങ്ങളായതുകൊണ്ടാണോ; തിരുവനന്തപുരത്ത് ഹിന്ദുക്കളായതുകൊണ്ടാണോ? ആ സിനിമയ്ക്കെതിരെ ആദ്യമായി റിയാക്ട് ചെയ്ത ഒരു വ്യക്തിയാണ് ഞാൻ. പിന്നെ രീതി മാറ്റി. ഒരു നായിക വന്നപ്പോൾ പ്രത്യേകം ഭാഗങ്ങളിൽ ഒരോ നായകനും കൂടാതെ രണ്ട് ക്ലൈമാക്സും ഉണ്ടാക്കിയ ഒരു സിനിമയെപ്പോലെ ഓരോ സ്ഥലത്ത് ചെന്ന് ഓരോ ജാതിയും മതവും പറയാൻ ഇവർക്ക് യാതൊരു മടിയും ഇല്ല. അവരാണ് വർഗ്ഗീയതയ്ക്കെതിരെ പോരാട്ടം നടത്തിയ കോൺഗ്രസിനേയും കോൺഗ്രസ് നയിക്കുന്ന മുന്നണിയേയും കുറ്റപ്പെടുത്തുന്നത്. ഞങ്ങൾക്ക് യാതൊരു വിഷമവുമില്ല. വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ കാണാം. നാളെ സഭ പിരിയുന്നു. അടുത്ത നിയമസഭാ സമ്മേളനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ മുഖ്യമന്ത്രി യു.ഡി.എഫ്.-നെ നയിച്ചുകൊണ്ട് ഈ സഭയിലേയ്ക്ക് കടന്നു വരും. അപ്പോൾ കാണാം. നന്ദി.

ശ്രീ. എ. കെ. ബാലൻ: സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ ചരമഗീതമാണ് യഥാർത്ഥത്തിൽ ഇവിടെ നടത്തിയ ബഡ്ജറ്റും അനുബന്ധമായ വോട്ട് ഓൺ അക്കൗണ്ടും. അതുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ ഇവിടെ വിടവാങ്ങൽ പ്രസംഗം നടത്തിയത്. ഈ ഗവൺമെന്റിന്റെ കീഴിൽ മൂന്ന് ഗവർണ്ണർമാർ 6 നയപ്രഖ്യാപനപ്രസംഗവും 2 ധനകാര്യ വകുപ്പു മന്ത്രിമാർ 6 ബഡ്ജറ്റ് പ്രസംഗവും നടത്തിയിട്ടുണ്ട്. എന്നാൽ ഇതുപോലെ അർത്ഥ

LIBRARY ARCHIVES Kerala Legislative Assembly

ശൂന്യമായ ഒരു നയപ്രഖ്യാപനവും ഒരു ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടും ഈ സഭയിൽ വന്നിട്ടില്ല. 2007 ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ വരെയുള്ള ചെലവിന്റെ കണക്കാണ് ഇവിടെ അവതരിപ്പിച്ചത്. യാഥാർത്ഥ്യവുമായി ഒരു ബന്ധവും ഇതിനില്ല. ശമ്പള പരിഷ്ക്കരണം മാർച്ച് മാസം മുതൽ മുൻകാല പ്രാബല്യത്തോടു കൂടി നടപ്പിലാക്കാൻ പോവുകയാണ്. മിനിമം 1600 കോടി രൂപയെങ്കിലും അതിന് വേണ്ടിവരും. എന്നാൽ ഡി.എ. വർദ്ധനവിനുവേണ്ട പ്രൊവിഷൻ പോലും ഈ ബഡ്ജറ്റിൽ ഇല്ല. കഴിഞ്ഞ വർഷം വോട്ട് ഓൺ അക്കൗണ്ടില്ലാതെ ഫുൾ ബഡ്ജറ്റാണ് അവതരിപ്പിച്ചത്. ആ ബഡ്ജറ്റ് അവതരിപ്പിച്ചിട്ട് ശ്രീ. വക്കം പുരുഷോത്തമൻ പറഞ്ഞത് ഇത് ചരിത്ര സംഭവമാണ്; കേരളം സാമ്പത്തികരംഗത്ത് ഒരു വലിയ കുതിച്ചുകയറ്റം ഉണ്ടാക്കാൻപോകുന്നു. മാസംപ്രതി ചെലവായ തുക നമ്മൾ കൊടുക്കുമെന്നാണ്. അങ്ങനെയൊന്നും നടന്നില്ല. കേരളം വികസനത്തിന്റെ കാര്യത്തിൽ പിന്നോട്ടു പോയി. ധനസംബന്ധമായ ഉത്തരവാദിത്വ ബില്ലിന് പുല്ലിന്റെ വില പോലും ഇവർ കല്പിച്ചില്ല. ആർ.ബി.ഐ. ആനുവൽ റിപ്പോർട്ടിൽ 348 ദിവസം ദൈനംദിനച്ചെലവിന് ആർ.ബി.ഐ.യെ ആശ്രയിച്ചുവെന്ന് പറഞ്ഞു. 161 ദിവസം ഓവർഡ്രാഫ്റ്റ് എടുത്തു. കേരളം സാമ്പത്തിക പ്രതിസന്ധിയിൽ എന്ന് സി.&എ.ജി. റിപ്പോർട്ടിൽ ഇപ്പോൾ പറഞ്ഞു. കേരളത്തിന് സാമ്പത്തിക രംഗത്ത് മുന്നേറാൻ കഴിഞ്ഞില്ലന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും പറഞ്ഞു. ഇവിടെ റവന്യൂ വരുമാനം നമ്മൾ വിഭാവന ചെയ്തതിന്റെ അടുത്തു പോലും എത്തിയില്ല. 16,624 കോടി രൂപ വിഭാവന ചെയ്തിട്ട് 9,711 കോടി രൂപയാണ് നമുക്ക് കിട്ടിയത്. ആഭ്യന്തര വിഭവസമാഹരണം 2004 – 2005 ൽ 10,710 കോടി രൂപ പ്രതീക്ഷിച്ചു. 9,752 കോടി രൂപ കിട്ടി. 2005 – 2006 ൽ 11,947.95 കണക്കാക്കി 7,144 ആണ് കിട്ടിയത്. കേരളത്തിന്റെ സാമ്പത്തിക രംഗം ഇതാണ്. കേരളത്തിലെ ഒന്നാമത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയാണ് സാമ്പത്തിക നീതി ഉറപ്പ് വരുത്തിക്കൊണ്ട് കേരളത്തെ സമഗ്ര പുരോഗതിയിലേയ്ക്ക് നയിച്ചത്. കേരളാ ഭൂപരിഷ്ക്കരണ നിയമം, വിദ്യാഭ്യാസ നിയമം, പോലീസ് നയം, പൊതു വിതരണസമ്പ്രദായം, അധികാര വികേന്ദ്രീകരണം, സംവരണതത്വങ്ങൾ ഇതൊക്കെ ആ ഗവൺമെന്റിന്റെ സംഭാവനകളായിരുന്നു. വിമോചന സമരത്തെത്തുടർന്ന് വന്ന കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണിയാണ് കേരളത്തെ സർവ്വനാശത്തിലേയ്ക്ക് നയിച്ചത്. അതിന്റെ മൂർത്ത രൂപമാണ് ഇന്നത്തെ ഐക്യജനാധിപത്യ മുന്നണി. പാവപ്പെട്ടവന്റെ തൊഴിലും പിന്നോക്ക വിഭാഗത്തിന്റെ സംവരണവും നിലനിർത്തിക്കൊണ്ടല്ലാതെ കേരളത്തിന്റെ സാമൂഹിക നീതി ഉറപ്പുവരുത്താൻ കഴിയുകയില്ല. കേരളത്തിന്റെ സമഗ്ര വികസനം ഈ കാഴ്ചപ്പാടിൽ ആയിരിക്കണം. പാവപ്പെട്ടവന്റെ തൊഴിൽ ഒരു ജലരേഖയാണ്. തൊഴിൽ സുരക്ഷിതത്വമുള്ള ഒരു പ്രധാനപ്പെട്ട മേഖലയാണ് കേരളത്തിലെ ഗവൺമെന്റ് സർവ്വീസ്. ബഡ്ജറ്റ് എസ്റ്റിമേറ്റ് ഡീറ്റെയിൽസ് ഓഫ് സ്റ്റാഫ്-അപ്പെന്റിക്സ് വൺ. സർ, അഞ്ചേകാൽ ലക്ഷം ജീവനക്കാരുണ്ടായിരുന്നത് നാലര ലക്ഷമായി കുറഞ്ഞു. 111 പൊതുമേഖലാ സ്ഥാപനങ്ങളിൽ 29 എണ്ണം അടച്ചുപൂട്ടി. 25,000 പേർ ജോലിയിൽ നിന്നു പുറത്താണ്. രണ്ടും കൂട്ടിയാൽ ഒരു ലക്ഷം ജീവനക്കാർക്കും തൊഴിലാളികൾക്കും പണിയി

LIBRARY ARCHIVES Kerala Legislative Assembly

ല്ലാതായി. അതിന്റെ അർത്ഥം 50,000-ത്തോളം വരുന്ന പാവപ്പെട്ട പിന്നോക്ക ക്കാർക്കും മതന്യൂനപക്ഷങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും കിട്ടേണ്ട സംവരണം നഷ്ടപ്പെട്ടു എന്നതാണ്. ജോലി നിഷേധിക്കുന്ന, കേരള ഗവൺമെന്റിൽ പങ്കാളിയായ മുസ്ലീംലീഗ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്നു പറയുമ്പോൾ അർത്ഥശൂന്യമായ അവരുടെ അവകാശബോധത്തെ തുറന്നുകാണി ക്കുന്നതിനുവേണ്ടി മാത്രമാണ് ഞാൻ ഇത് ഇവിടെ സൂചിപ്പിച്ചത്. എസ്.സി/ എസ്.ടി. വിഭാഗത്തിന്റെ സംവരണം ഇവിടെ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ വിഭാഗത്തിന്റെ സംവരണം യഥാസമയം കൊടുത്തുവോ എന്ന് പരിശോധിക്കാൻ ഒരു റിവ്യു പോലും നടത്താൻ മര്യാദയ്ക്ക് കഴിഞ്ഞിട്ടില്ല. 5 വർഷം കൊണ്ട് ആകെ മുഖ്യമന്ത്രി വിളിച്ചു ചേർത്തത് ഒരു റിവ്യു മീറ്റിംഗ് മാത്രമാണ്. ഗവൺമെന്റിന്റെ നയം കാരണം സ്വകാര്യമേഖലയിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി? ബഡ്ജറ്റിന്റെ ഭാഗമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, ഇവിടെ നിരവധി വ്യവസായ സ്ഥാപനങ്ങൾ തുറന്നു എന്ന്. എന്റെ 7-2-2005-ലെ അൺസ്റ്റാർഡ് ചോദ്യം നമ്പർ 163-ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ പറയുന്നത് 45 വൻകിട-ഇടത്തരം സ്ഥാപനങ്ങൾ അടച്ചു പൂട്ടി, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ എത്ര അടച്ചുപൂട്ടിയെന്ന് അറിയില്ല - കണക്ക് എടുത്തുകൊണ്ടിരിക്കുന്നുവെന്നാണ്. അതേ മറുപടിയിൽ പറയുന്നത് പാലക്കാട് ജില്ലയിൽ 11 വ്യവസായ സ്ഥാപനങ്ങളും 495 ചെറുകിട വ്യവസാ യസ്ഥാപനങ്ങളും അടച്ചുപൂട്ടിയെന്നാണ്. അതുപോലെ 12600 തൊഴിലാളികൾക്കാണ് അവിടെ പണിയില്ലാതായത്. ഒരു പാവപ്പെട്ട തൊഴിലാളി ജീവിക്കാൻവേണ്ടി വൃക്ക വിറ്റ് റേഷൻ വാങ്ങിയ സംഭവം പോലും അവിടെയുണ്ടായി. ഇടുക്കിയിലെ ഒരു പാവപ്പെട്ട തോട്ടം തൊഴിലാളിയുടെ മകൾ 12 വയസുള്ള വേളാങ്കണ്ണി, പാവാടയും ബ്ലൗസും വാങ്ങാൻ കാശ് കൊടുക്കാൻ അച്ഛന് സാധിക്കാതെ വന്നതിന് ആത്മഹത്യ ചെയ്തു. കേരളത്തിന്റെ ചരിത്രത്തിൽ എവിടെയെങ്കിലും ഇങ്ങനെ ഒരു ചരിത്രം കേട്ടിട്ടുണ്ടോ? ഉന്നത വിദ്യാഭ്യാസം കൊതിച്ച പാവപ്പെട്ട എസ്.സി. വിദ്യാർത്ഥിനി രജനി ആത്മഹത്യ ചെയ്തത് സ്വർഗ്ഗം കാണാൻവേണ്ടിയല്ല. ആ കുട്ടിക്ക് വേണമെ ങ്കിൽ സ്വന്തം വീട്ടിൽ ആത്മഹത്യ ചെയ്യാൻ പറ്റുമായിരുന്നു. എന്നാൽ ആ കുട്ടി തെരഞ്ഞെടുത്തത് സെക്രട്ടേറിയറ്റിന് സമീപമുള്ള ഹൗസിംഗ് ബോർഡ് മന്ദിരമാണ്. തന്റെ ആത്മഹത്യ ഈ കേരളത്തിന്റെ മനഃസാക്ഷിയുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമായിരിക്കണം എന്നുള്ളതുകൊണ്ടാണ് ആ കുട്ടി ആ മന്ദിരത്തിന്റെ ഏഴാം നിലയിൽ നിന്ന് ചാടി ആത്മഹത്യ ചെയ്തത്. ഇന്ത്യയിലെ പ്രശസ്ത തുഴയൽ താരം ആലപ്പുഴ ജില്ലയിലെ ശോഭിനി ആത്മഹത്യ ചെയ്തത് പട്ടിണി കിടക്കാൻ കഴിയാത്തതുകൊണ്ടാണ്. ഗവൺമെന്റ് പ്രഖ്യാപിച്ച അവാർഡ് യഥാസമയം കൊടു ത്തിരുന്നുവെങ്കിൽ ആ കുട്ടി ആത്മഹത്യ ചെയ്യുമായിരുന്നില്ല. 1,500 കൃഷിക്കാർ ആത്മഹത്യ ചെയ്ത ഒരു സംസ്ഥാനമാണ് നമ്മുടേത്. മാളയിലെ കർഷകൻ ഗോപനും ഭാര്യ സിന്ധുവും സ്വന്തം ചിതയൊരുക്കി ആത്മഹത്യ ചെയ്ത സംഭവം കേരളത്തിലാണ് ഉണ്ടായത്. എവിടെയാണ് നമുക്ക് സാമൂഹ്യ നീതി ഉറപ്പുവരു

LIBRARY ARCHIVES Kerala Legislative Assembly

ത്താൻ കഴിഞ്ഞത്? പാവപ്പെട്ട പെൺകുട്ടികളെ പെൺവാണിഭത്തിനുവേണ്ടി ഉപയോഗിക്കുന്നില്ലേ? കേരളം പി. ടി. ഉഷയെക്കുറിച്ച് അഭിമാനം കൊണ്ടിട്ടുണ്ട്. ഷൈനി വിൽസനെക്കുറിച്ച് നമ്മൾ അഭിമാനം കൊണ്ടു. എം. ഡി. വൽസമ്മയെക്കുറിച്ച് നമ്മൾ അഭിമാനം കൊണ്ടു. ഇപ്പോൾ നമ്മൾ കേൾക്കുന്ന പെൺകുട്ടികളുടെ പേര് എന്തൊക്കെയാണ്? കോഴിക്കോട്ടെ റെജീന, ലതാനായർ, ശാരി ഇവർക്കൊക്കെ ഏത് ഓട്ടത്തിലാണ് ഫസ്റ്റ് പ്രൈസ് കിട്ടിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വേണ്ടി മറുപടി പറയേണ്ടുന്ന ഒരാൾ എന്ന നിലയിൽ ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കുന്നു; പെൺവാണിഭത്തിന് കൂട്ടുനിന്ന, നിരവധി കുട്ടികളെ വഴിയാധാരമാക്കിയ, ലതാനായർക്ക് ഏത് ഹർഡിൽസിലാണ് അവാർഡ് ലഭിച്ചത്? ഭൂമിക്കുവേണ്ടി കൊതിച്ച ആദിവാസികളെ വെടിവച്ചു കൊന്നില്ലേ? കണ്ണൂർ സെൻട്രൽ ജയിലിൽ അടച്ച പെൺകുട്ടി ശാന്തയുടെ ചോരക്കുഞ്ഞ് മുലപ്പാൽ കിട്ടാതെയാണ് പിടഞ്ഞുമരിച്ചത്. ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കുട്ടികളെ അറസ്റ്റ് ചെയ്തത്? ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം കണ്ണൂർ സെൻട്രൽ ജയിലിൽ ഈ പാവപ്പെട്ട ആദിവാസി മക്കളെ ജയിലറയ്ക്കുള്ളിൽ അടയ്ക്കാൻ ഏതെങ്കിലും നിയമം കേരളത്തിലുണ്ടോ? സർ, ഏത് സാമൂഹ്യനീതിയാണ് നമ്മളിവിടെ നടപ്പിലാക്കിയത്? ആദിവാസിക്ക് അഞ്ച് ഏക്കർ കൊടുക്കുമെന്നു പറഞ്ഞു. ശ്രീ. കെ. പി. രാജേന്ദ്രൻ എം.എൽ.എ.-യുടെ അൺസ്റ്റാർഡ് ക്വസ്റ്റ്യൻ ഡേറ്റഡ് 6-2-2006-ൽ, 5902 ഏക്കർ ഭൂമി മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ എന്നാണ് പറഞ്ഞിട്ടുള്ളത്. ഇവിടെ പറഞ്ഞല്ലോ അഞ്ച് ഏക്കർവച്ച് എല്ലാവർക്കും കൊടുക്കും. ഇരുപത്തിരണ്ടായിരത്തോളം പാവപ്പെട്ട കുടുംബങ്ങൾക്ക് ഒരു സെന്റ് ഭൂമിപോലും ഇപ്പോഴില്ല. ഒരു തുണ്ട് ഭൂമിയില്ലാത്ത മുപ്പതിനായിരത്തോളം വരുന്ന ആദിവാസി കുടുംബങ്ങൾ ഇപ്പോഴുമുണ്ട്. എവിടെയാണ് സാമൂഹ്യ നീതി നമുക്ക് ഉറപ്പു വരുത്താൻ കഴിഞ്ഞത്? കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് പിന്നോക്ക, പട്ടികജാതി വിദ്യാർത്ഥികളുടെ എൻ റോൾമെന്റ് കുറയുന്നു എന്നുള്ളത് ഭീതിജനകമായ ഒരു കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എട്ടേമുക്കാൽ ലക്ഷം കുട്ടികളാണ് എൽ.പി., യു.പി., വിഭാഗത്തിൽ കൊഴിഞ്ഞു പോയത്. ഹൈസ്ക്കൂൾ വിഭാഗത്തിൽ ഇക്കണോമിക് റിവ്യൂ പ്രകാരം 39000 കുട്ടികളുടെ എണ്ണം കുറഞ്ഞു. സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളിൽ 82 ശതമാനമാണ് കുറഞ്ഞത്. എയ്ഡഡ് മേഖലയിൽ ആറ് ശതമാനമാണ് കുറഞ്ഞത്. ഗവൺമെന്റ് മേഖലയിൽ 11 ശതമാനമാണ് കുറവുവന്നത്. എങ്ങനെയാണ് സാമൂഹ്യനീതി ഈ പാവപ്പെട്ട പിന്നോക്കക്കാർക്ക് ഈ പ്രൊഫഷണൽ കോളേജുവഴി നമുക്ക് ഉണ്ടാക്കിക്കൊടുക്കുവാൻ പറ്റുന്നത്. ഏതെങ്കിലും ഒരു പാവപ്പെട്ട വിദ്യാർത്ഥിക്ക് ഇന്ന് അല്ലെങ്കിൽ നാളെ ഉന്നത വിദ്യാഭ്യാസരംഗത്ത് വരാൻ പറ്റുമോ? ഉന്നത വിദ്യാഭ്യാസരംഗത്ത് പാവപ്പെട്ട കുട്ടികൾക്ക് പഠിക്കുവാൻ കഴിയുകയില്ല എന്നുള്ളതിന് ഏറ്റവും വലിയ ഉദാഹരണമായിരുന്നില്ലേ രജനിയുടെ ആത്മഹത്യ? കേരളത്തിൽ പാവപ്പെട്ടവർക്ക് സാമൂഹ്യനീതി നിഷേധിക്കുന്നു. അതാണ് ഈ ചിത്രം വഴി നമുക്ക് കാണാൻ കഴിയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ സമഗ്ര പുരോഗതിയുമായി ബന്ധപ്പെട്ടുകൊണ്ട് നമ്മൾ ശ്രദ്ധിക്കേണ്ടത് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനാണ്. അതിന്റെ ഭാഗമായിട്ടാണ് 1991-96 കാലഘട്ടത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ രംഗത്തിന് വലിയ പ്രാധാന്യം കൊടുത്തത്. 1086 മെഗാവാട്ട് വൈദ്യുതി ആണ് എൽ.ഡി.എഫിന്റെ കാലഘട്ടത്തിൽ പുതുതായി ഉണ്ടാക്കിയത്. നിങ്ങളുടെ കാലഘട്ടത്തിൽ നിങ്ങൾ തയ്യാറാക്കിയിട്ടുള്ള ഇക്കണോമിക് റിവ്യൂ പ്രകാരംതന്നെ 197.20 മെഗാവാട്ട് വൈദ്യുതിയാണ് ഉണ്ടാക്കിയിട്ടുള്ളത്. കേരളത്തെ വെളിച്ചത്തിലേയ്ക്ക് നയിച്ചത് എൽ.ഡി.എഫ് ഗവൺമെന്റാണ്. നിങ്ങളുടെ കാലഘട്ടത്തിൽ 95 ശതമാനം പവർകട്ട് ഇവിടെ ഉണ്ടായിരുന്നു. നിങ്ങളുടെ കാലഘട്ടത്തിൽ ആറ് മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ആയിരുന്നു. കേരളത്തിലെ കർഷകരുടേയും കേരളത്തിലെ വ്യവസായികളുടേയും ഏറ്റവും നല്ല കാലമായിരുന്നു എൽ.ഡി.എഫ് ഭരണകാലം. കാർഷിക വ്യവസായ രംഗത്ത് കേരളം വളർച്ചയുടെ കാര്യത്തിൽ നമ്പർ-1 സ്റ്റേറ്റ് ആയത് ആ കാലഘട്ടത്തിലാണ്. 3500 കോടി രൂപയാണ് എൽ.ഡി.എഫ് ഗവൺമെന്റ് ഈ പൊതുമേഖലാ സ്ഥാപനത്തിനുവേണ്ടി അന്ന് നീക്കി വച്ചത്. ഉല്പാദന രംഗത്തെ വളർച്ചയിൽ കേരളത്തിലെ വ്യവസായ കാർഷിക രംഗത്തെ ഒന്നാം സ്ഥാനത്തേയ്ക്ക് എത്തിച്ചത് എൽ.ഡി.എഫ് ഗവൺമെന്റ് ആണെങ്കിൽ ഇന്ന് കേരളം പതിനേഴാം സ്ഥാനത്തേയ്ക്ക് പോയിരിക്കുന്നു. ഇതാണ് കേരളത്തിന്റെ ചിത്രം. ബഡ്ജറ്റിൽ ഒന്നും ഇല്ല എന്ന് ഞാൻ പറയുന്നില്ല. മരംകയറ്റ തൊഴിലാളി മരണപ്പെട്ടുകഴിഞ്ഞാൽ ഇരുപത്തി അയ്യായിരം രൂപ കൊടുക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. മരണപ്പെട്ടാൽ തുക കൊടുക്കും. അപകടമരണം സംഭവിക്കുന്ന സർക്കാർ ഉദ്യോഗസ്ഥന് ഏഴ് ലക്ഷം രൂപ ഇൻഷ്വറൻസ് ലഭിക്കുന്ന പദ്ധതി ഏർപ്പെടുത്തുന്നതിന് സർക്കാർ മുൻകൈ എടുക്കുമെന്ന് പറയുന്നു. ജീവിക്കുന്ന ആൾക്ക് യാതൊന്നും ഇല്ല. മരിക്കുന്ന ആളുകൾക്ക് ആനുകൂല്യം ഉണ്ട്. കേരളത്തിലെ ഉദ്യോഗസ്ഥർക്ക് ആത്മഹത്യ ചെയ്യാൻ പ്രേരണ കൊടുക്കുന്നതാണ് ഈ ബഡ്ജറ്റ്. ഞാൻ പോദിക്കട്ടെ, എം.എ.സി.ടി. പ്രകാരം കെ.എസ്.ആർ.ടി.സി. ബസ് മുട്ടി മരണപ്പെട്ട ആളുകൾക്ക് ഇരുപത്തിയഞ്ച് കോടി രൂപ കൊടുക്കാനുള്ളത് ഇവർ കൊടുത്തോ? ആ ഇരുപത്തിയഞ്ച് കോടി രൂപ കെ.എസ്.ആർ.ടി.സി. ബസ് മുട്ടിയ പാവപ്പെട്ടവർക്ക് പതിനഞ്ച് കൊല്ലമായി കൊടുത്തിട്ടില്ല. ആ സ്ഥാനത്താണ് ഇപ്പോൾ പറയുന്നത് ഏഴ് ലക്ഷം രൂപ ഉദ്യോഗസ്ഥർക്ക് കൊടുക്കുമെന്ന്. പാവപ്പെട്ട ജനവിഭാഗങ്ങൾക്കുവേണ്ടി എന്തെങ്കിലും ആനുകൂല്യം കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? ഭൂമി ചോദിച്ച ആദിവാസിയെ വെടിവച്ചു കൊന്നില്ലേ? പത്ത് പൈസ കേരളത്തിന്റെ ഖജനാവിൽനിന്ന് കൊടുക്കുവാൻ കഴിഞ്ഞോ? 1500 കൃഷിക്കാർ മരണപ്പെട്ടില്ലേ? മാറാട് കിടന്ന 400 കുടുംബങ്ങളല്ലേ അവിടെനിന്നും പോയത്? നാലുകോടി രൂപയുടെ നാശനഷ്ടം ഉണ്ടായില്ലേ? ആകെ കൊടുത്തത് മൂന്നര ലക്ഷമല്ലേ? എന്താണ് ഗവൺമെന്റ് ഈ കാലഘട്ടത്തിൽ ചെയ്തത്? കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിന്റെ പൊതുമേഖല കേരളത്തിന്റെ അഭിമാനമായിരുന്നു. അത് ഓരോന്നോരോന്നായി വിൽക്കുകയല്ലേ? ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ ഉണ്ടാകുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

ള്ളതുകൊണ്ട് ഞാൻ ഒരു ആരോപണം എഴുതിക്കൊടുത്തു. വ്യവസായ വകുപ്പു മന്ത്രിയെ ഇവിടെ കാണുന്നില്ല. ആരെയെങ്കിലും ഉത്തരവാദിത്വം ഏല്പിച്ചിട്ടുണ്ടോ എന്നുള്ളത് എനിക്ക് അറിയില്ല. ഞാൻ ഉന്നയിക്കുന്ന ആരോപണം തെറ്റാണെന്നു പറഞ്ഞാൽ ഞാൻ എന്റെ പൊതു പ്രവർത്തനം ഇവിടെവച്ച് അവസാനിപ്പിക്കും. ..... (ബഹളം) .....സിഡ്കോയുടെ നിയന്ത്രണത്തിലുള്ള പതിനേഴ് സ്ഥാപനങ്ങൾ ..... (ബഹളം) .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ ബഹുമാന്യനായ മെമ്പർ ഒരു അഴിമതി ആരോപണം എഴുതിക്കൊടുത്ത് ഉന്നയിക്കുമ്പോൾ വ്യവസായവകുപ്പു മന്ത്രി ഇവിടെ ഇല്ല. എന്തുകൊണ്ട് അദ്ദേഹം വന്നില്ല? വ്യവസായ വകുപ്പുമന്ത്രി ആരെയെങ്കിലും ചാർജ് ഏല്പിച്ചിട്ടുണ്ടോ? അതിനു മറുപടി പറയാൻ ആരെയെങ്കിലും ഏല്പിച്ചിട്ടുണ്ടോ എന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറയണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി

ശ്രീ. വക്കം പുരുഷോത്തമൻ: ഇപ്പോൾ, 3.22-നാണ് നോട്ടീസ് കിട്ടുന്നത്. .....

ശ്രീ. എ. കെ. ബാലൻ: ഞാൻ രാവിലെ കൊടുത്തു.

ശ്രീ. വക്കം പുരുഷോത്തമൻ: മന്ത്രിക്കും കൊടുക്കണ്ടേ?

ശ്രീ. എ. കെ. ബാലൻ: ഇവിടെ നടന്നുവരുന്ന പ്രീസിഡന്റ് അങ്ങനെയാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: ഇവിടെ കൊടുത്താൽ പോരാ. മന്ത്രിക്കും കൊടുക്കണമെന്ന് റൂളിൾ വളരെ വ്യക്തമായിട്ട് പറയുന്നുണ്ട്..... (ബഹളം)..... മന്ത്രിക്കും കൊടുക്കണമെന്ന്..... (ബഹളം)..... 3.22-നാണ് എനിക്ക് കിട്ടിയത്. കാലത്തുതന്നെ തരണമെന്നാണ് നിയമം. റൂളിൽത്തന്നെ പറയുന്നുണ്ട്, കാലത്തേ കൊടുത്താൽ മാത്രമേ എന്താണെന്നുള്ളത് അന്വേഷിച്ച് മറുപടി പറയാൻ പറ്റുകയുള്ളൂ. മനസ്സിലായോ? ..... (ബഹളം) ..... ഇതൊന്നുമില്ലാതെ 3.22-ന് കൊണ്ടു വന്നിട്ട് അഴിമതി ആരോപണം..... അത് ശരിയല്ല..... (ബഹളം) ..... അത് ശരിയല്ല.....(ബഹളം).....അത് ഉന്നയിക്കുവാൻ പാടില്ല..... (ബഹളം)..... അങ്ങനെയാണെങ്കിൽ നാളെ ഉന്നയിക്കണം. ..... (ബഹളം).....എഴുതിത്തന്നിട്ടല്ലാതെ ഇപ്പോൾ ഉന്നയിക്കുന്നത് ശരിയല്ല..... (ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സാധാരണഗതിയിൽ എഴുതിക്കൊടുത്ത് എത്രയോ ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അങ്ങനെ എഴുതിക്കൊടുത്ത എല്ലാ മെമ്പർമാരും ഇവിടെ കൊടുത്ത് മന്ത്രിക്ക് കൊടുക്കുകയാണ്. ബന്ധപ്പെട്ട മന്ത്രിക്ക് നേരിട്ടുപോയി കൊടുക്കണമെന്ന് പറഞ്ഞാൽ ആരോപണം ഉന്നയിക്കുന്ന ആ മെമ്പർക്ക് മന്ത്രിയുടെ അടുത്ത് പോയിട്ട് ആരോപണം എഴുതിക്കൊടുക്കുവാൻ പറ്റുമോ? ഇത് എവിടുത്തെ കീഴ്വഴക്കമാണ്. അതുകൊണ്ട് ഈ ആരോപണത്തിന് മറുപടി പറയാൻ ഗവൺമെന്റിന് കഴിയാത്തതുകൊണ്ട് മന്ത്രി സ്ഥലംവിട്ടിരിക്കുകയാണ്. അദ്ദേഹം ഓടി ഒളിച്ചിരിക്കുകയാണ് എന്നുള്ള കാര്യം വ്യക്തമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: ഞാൻ രാവിലെ 8.30-ന് ഇവിടെ കൊടുത്തതാണ്. Copy to വ്യവസായ വകുപ്പുമന്ത്രി എന്ന് കൊടുത്തിട്ടുണ്ട്. സിഡ്കോയുടെ നിയന്ത്രണത്തിലുള്ള പതിനേഴ് സ്ഥാപനങ്ങൾ ..... (ബഹളം)..... പറയാതിരിക്കുവാൻ പറ്റുകയില്ല. ..... (ബഹളം) .....

ശ്രീ. വക്കം പുരുഷോത്തമൻ: ..... (ബഹളം) ..... സ്പീക്കർക്ക് അല്ല കൊടുക്കേണ്ടത്. ..... (ബഹളം)..... സ്പീക്കർക്ക് അല്ല കൊടുക്കേണ്ടത്..... (ബഹളം) ..... ഉന്നയിക്കുന്ന ആളാണ് കൊടുക്കേണ്ടത്. Rule-285-No allegation of a defamatory or incriminatory nature shall be made by a member against any person unless the member has given previous intimation to the Speaker and also to the Minister concerned .....മന്ത്രിക്കും സ്പീക്കർക്കും കൊടുക്കണം. ഉന്നയിക്കുന്ന ആൾ തന്നെയാണ് കൊടുക്കേണ്ടത്..... (ബഹളം)..... Rule is very clear..... (ബഹളം) ..... shall be made by a member against any person unless the member has given previous intimation to the Speaker and also to the Minister concerned. സ്പീക്കർക്കും കൊടുക്കണം. മന്ത്രിക്കും കൊടുക്കണം. ..... ..... (ബഹളം) ..... കൊടുത്താൽ പോര..... (ബഹളം) .....റൂൾ വളരെ വ്യക്തമാണ്. ..... (ബഹളം) .....

ശ്രീ. എ. കെ. ബാലൻ: മന്ത്രിയുടെ പിന്നാലെ എനിക്ക് നടക്കുവാൻ പറ്റുകയില്ല.....(ബഹളം) ..... സ്പീക്കർക്ക് കൊടുത്തിട്ടുണ്ട്. .....(ബഹളം)..... കോപ്പി.....

ശ്രീ. വക്കം പുരുഷോത്തമൻ: കാലത്തേ എനിക്ക് തരാമായിരുന്നല്ലോ? ..... (ബഹളം)..... ഞാൻ മറുപടി പറയുമായിരുന്നല്ലോ? .....(ബഹളം).....അത് മാത്രമല്ല..... .....(ബഹളം).....ഇത് ഒരു പ്രത്യേക കേസ്സിനെ കുറിച്ചല്ല. .....(ബഹളം)..... Please hear me. ഇപ്പോൾ ..... (ബഹളം).....

മി. സ്പീക്കർ: ഇന്ന് കാലത്ത് മി. ബാലൻ ഇവിടെ കൊണ്ടു വന്നുതന്നു. മന്ത്രിയെ ഞാൻ അന്വേഷിച്ചു. അദ്ദേഹത്തിന് throat infection ആയതുകൊണ്ട് ഹോസ്പിറ്റലിൽ പോയിരിക്കുകയാണ്. വരാൻ പറ്റുകയില്ല എന്ന് പറഞ്ഞു. ഇങ്ങനെ ചെയ്യുന്നത് ഫെയറല്ല എന്ന് ഞാൻ പറഞ്ഞു. Don't be so cruel. മന്ത്രി ഒളിച്ചോടിയത് ഒന്നുമല്ല..... (ബഹളം)..... ആർക്കും ഏതുസമയത്തും അസുഖം വരാം. ജനുവിൻ ആയിട്ട് ഒരു അസുഖം വന്നപ്പോൾ ഇന്ന് അത് ഉന്നയിക്കരുത്. അത് ഫെയർ അല്ലെന്ന് ഞാൻ എന്റെ സ്റ്റാഫിനെക്കൊണ്ട് പറയിപ്പിച്ചു. എനിക്ക് കിട്ടിയ ഇൻഫർമേഷൻ അനുസരിച്ച് അദ്ദേഹം അത് ഏതാണ്ട് അംഗീകരിച്ച മട്ടിലാണ്. പിന്നെ ഒരു വിവാദം ഉണ്ടാക്കുന്നത് ശരിയല്ല. വ്യക്തിക്ക് മന്ത്രിയുടെ വീട്ടിൽ പോകുവാൻ പറ്റില്ല എന്നുണ്ടെങ്കിൽ സ്പീക്കർക്കും പോകുവാൻ പറ്റുകയില്ല. മന്ത്രി ഇവിടെ വന്നാലല്ലേ പറ്റൂ. മന്ത്രിക്ക് അസുഖമാണെന്നു പറഞ്ഞാൽ അത് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

വിശ്വസിക്കണ്ടേ? ആ വിവരം അന്നേരം അറിഞ്ഞു. നമ്മളൊക്കെ മനുഷ്യരാണ്. മാന്യത എല്ലാവർക്കും വേണം. അസുഖം ഏതു സമയത്തും വരാം. ഇപ്പോൾ ഇത് പറയുന്നത് ശരിയല്ല. നിർബന്ധം ഉണ്ടെങ്കിൽ നാളെ അദ്ദേഹത്തിനോ നാളെ പ്രസംഗിക്കുന്ന ആളിനോ പറയാം. അതാണ് എന്റെ അഭിപ്രായം.

ശ്രീ. വക്കം പുരുഷോത്തമൻ: വ്യവസായ വകുപ്പിലെ സാമ്പത്തിക തിരിമറികളെക്കുറിച്ച്; ഇത് എങ്ങനെയാണ് സർ മറുപടി പറയുക..... (ബഹളം).....അതെങ്ങനെയാണ്?.....(ബഹളം)..... അതെന്താണെന്ന് പറയണ്ടേ? ..... സാമ്പത്തിക തിരിമറികൾ..... സ്പെസിഫിക് ആയിരിക്കണം.

മി. സ്പീക്കർ: ഏതായാലും ആ question does not arise now. Yes, continue.....

ശ്രീ.എ.കെ.ബാലൻ: സർ, ഞാൻ എന്തുചെയ്യണം?

മി. സ്പീക്കർ: ബഹുമാന്യനായ മന്ത്രിക്ക് ഇന്ന് ഇവിടെ വരാൻ പറ്റിയില്ല. അദ്ദേഹത്തിന് ഈ നോട്ടീസ് കൊടുക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഇന്ന് അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ, നിയമപ്രകാരം നോട്ടീസ് കൊടുക്കാത്ത സാഹചര്യത്തിൽ, അഴിമതി ആരോപണം അങ്ങ് ഉന്നയിക്കുന്നത് ശരിയല്ല. നാളെ മന്ത്രിക്ക് അസുഖമൊന്നുമില്ലായെന്ന് വരുകയാണെങ്കിൽ അതിന് അവസരം തരാം..... (ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങയുടെ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ബഹുമാന്യനായ മന്ത്രിക്ക് അസുഖം ബാധിച്ചു. അസുഖം ആർക്കും വരാം. പ്രശ്നമെന്നുപറയുന്നത്, സഭ നാളെ പിരിയും. ഗുരുതരമായ ഒരു അഴിമതി ആരോപണമാണ് ബഹുമാനപ്പെട്ട മെമ്പർക്ക് ഉന്നയിക്കാനുള്ളത്. അങ്ങനെയാണെങ്കിൽ ഒന്നുകിൽ നാളെ ബഹുമാനപ്പെട്ട മന്ത്രി വേറൊരു മന്ത്രിക്ക് ചാർജ്ജ് കൊടുത്ത് ഉത്തരം പറയാൻ സമ്മതിക്കണം. ശ്രീ. എ.കെ.ബാലന് പറയാൻ നാളെ ഒരു ചെറിയ സമയം അങ്ങ് കൊടുക്കുകയും വേണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ.ആര്യാടൻ മുഹമ്മദ്): സർ, റൂൾ അനുസരിച്ച് ഇത് മന്ത്രിക്ക് കൂടി കൊടുക്കണം. റൂൾ 285 ഇവിടെ പറഞ്ഞു. നാളെ പ്രസംഗിക്കുന്ന ഒരാൾ ആരോപണം എഴുതി ക്കൊടുത്താൽ ആ മന്ത്രി അല്ലെങ്കിൽ വേറെ ഒരു മന്ത്രി മറുപടി പറയും.

ശ്രീ. എ. കെ. ബാലൻ: ഇവിടെ പറയാനുള്ള അവകാശമുണ്ടെങ്കിൽ മാത്രമേ ഞാൻ എഴുതിക്കൊടുക്കൂ. അല്ലെങ്കിൽ എനിക്ക് അങ്ങ് സമയം തരണം. ഇത് എന്റെ പ്രശ്നമല്ല. ഇന്നു തന്നെ മന്ത്രിക്ക് ഓതറൈസ് ചെയ്യാം.

ശ്രീ. ആര്യാടൻ മുഹമ്മദ്: അങ്ങയുടെ പാർട്ടി നാളെ അങ്ങേയ്ക്ക് സമയം തരണം.



LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ: വ്യക്തികളുടെ അവകാശമൊക്കെയാണെങ്കിലും ഇവിടെ നമ്മൾ ഒരു ധാരണയിലാണ് നടത്തുന്നത്. പാർട്ടിയുടെ പ്രതിനിധിക്ക് പാർട്ടി ടൈം അഡ്ജസ്റ്റ് ചെയ്യുകയാണ്. ശ്രീ. എ.കെ.ബാലൻ ഇപ്പോൾ സംസാരിക്കുന്നത് മി. ബാലൻ എന്ന വ്യക്തി എന്നതിനേക്കാളുപരി സി.പി.ഐ.(എം)-ന്റെ പ്രതിനിധി എന്ന നിലയിലാണ്. നാളെ പ്രസംഗിക്കുന്ന സി.പി.ഐ.(എം) പ്രതിനിധിക്ക് ആരോപണമുണ്ടെങ്കിൽ എഴുതി കൊടുക്കാം. അല്ലാതെ വ്യക്തി എന്ന നിലയ്ക്ക് നാളെ വീണ്ടും അവസരം തരിക എന്നുപറയുന്നത് ശരിയായ കീഴ്വഴക്കമാണെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞങ്ങൾ ഒരു കാര്യം ചെയ്യാം. നാളെ ഞങ്ങൾക്ക് കിട്ടിയ സമയത്തിനകത്തുനിന്ന് രണ്ട് മിനിട്ട് ശ്രീ. എ. കെ. ബാലന് കൊടുക്കാം. എന്നിട്ട് ആദ്ദേഹം ആ വിഷയം പറയട്ടെ. കാരണം ഇത് വളരെ ഗുരുതരമായ ഒരു അഴിമതി ആരോപണമാണ്. കേരളത്തിൽ നടന്നിട്ടുള്ള അഴിമതികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു അഴിമതിയാണ്. അത് അവതരിപ്പിക്കാനുള്ള അവസരം കൊടുക്കണം.

മി. സ്പീക്കർ: It is left to you. Agreed, അത് ചെയ്യാവുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: ഇവിടെ ഞാൻ കർമ്മവിരുദ്ധമായോ ചട്ടത്തിന് വിരുദ്ധമായോ ഒന്നും പ്രവർത്തിച്ചിട്ടില്ല. Due process of Law-ൽ ഉള്ള കാര്യം മാത്രമേ ചെയ്തിട്ടുള്ളൂ. എന്റെ ഭാഗത്തുനിന്ന് ഒരു വീഴ്ചയും സംഭവിച്ചിട്ടില്ല.

മി. സ്പീക്കർ: ആ ചാപ്റ്റർ ക്ലോസ് ചെയ്തു. നമ്മൾ പറഞ്ഞതൊക്കെ സത്യമല്ലേ?

ശ്രീ. എ. കെ. ബാലൻ: ഇവിടെ ലാവ്‌ലിനുമായി ബന്ധപ്പെട്ടുകൊണ്ട് ചില കാര്യങ്ങൾ പറഞ്ഞു. സാധാരണനിലയിൽ സി.&എ.ജി. റിപ്പോർട്ടിന്റെ മുകളിൽ പി.എ.സി.യും പി.യു.സി.യും സ്ക്രൂട്ട്നി നടത്തി അതിന് വിധേയമായാണ് ഇവിടെ ഇത് ചർച്ച ചെയ്യേണ്ടത്. റൂൾ 58 എങ്ങനെയാണ് ഇക്കാര്യത്തിൽ ഇവിടെ ഇൻവോക്ക് ചെയ്യുന്നതെന്ന് എനിക്ക് അറിയില്ല. അസംബ്ലി കാണാത്ത ഒരു സി. ആന്റ് എ.ജി. റിപ്പോർട്ടിന്മേലാണ് നമ്മൾ ഇവിടെ ആദ്യം ചർച്ച നടത്തിയത്. ഏത് റൂൾ പ്രകാരമാണ് അന്ന് അത് ചർച്ച ചെയ്തതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ജൂൺ-ജൂലായ് മാസങ്ങളിലാണ് സാധാരണ സി. ആന്റ് എ.ജി.റിപ്പോർട്ട് വരുന്നത്. ഇപ്പോൾ വല്ലാത്ത സ്പീഡിലാണ് ഇത് വന്നത്. സാധാരണഗതിയിൽ എം.എൽ.എ.മാർക്ക് താമസസ്ഥലത്താണ് ഇത് എത്തിച്ചുകൊടുക്കാറുള്ളത്. എന്നാൽ ഇപ്പോൾ അസംബ്ലിയിലാണ് അത് വിതരണം ചെയ്തത്. അപ്പോൾത്തന്നെ ശ്രീ. എം.എം.ഹസ്സൻ റൂൾ 58 പ്രകാരം ഇത് ചർച്ച ചെയ്യണമെന്നും പറഞ്ഞിരുന്നു. ഇതിൽ ഏറ്റവും രസകരമായ സംഭവം ഞാൻ ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സി. ആന്റ് എ.ജി. ജനുവരി മാസം 31-ാം തീയതിയാണ് ഇത് ഒപ്പിടുന്നത് സി. ആന്റ് എ.ജി. ഫെബ്രുവരി 3-ാം തീയതിയാണ് ഒപ്പിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് തിരുവനന്തപുരത്ത് നിന്ന് ഒപ്പിട്ട് ഡൽഹിയിലേയ്ക്ക് പോയി അവിടെ നിന്ന് തിരിച്ച് ഇവിടെ വരാൻ.....

മി. സ്പീക്കർ: നാളത്തെ ചർച്ചയിൽ അങ്ങയെ ചുമതലപ്പെടുത്തിയത് അതിനും കൂടിയാണ്.

ശ്രീ. എ. കെ. ബാലൻ: ഇത് വന്നതുകൊണ്ട് ഞാൻ ഒന്ന് സൂചിപ്പിക്കുകയാണ്. ഇത് എന്തൊരു സ്പീഡാണ്. ഈ സ്പീഡ് മറ്റൊന്നിലും കണ്ടിട്ടില്ലല്ലോ. ഇങ്ങനെ ഒരു സ്പീഡിലുള്ള ഒരു സി. ആന്റ് എ.ജി. റിപ്പോർട്ടും ഞാൻ കണ്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇതിൽ ഒരൊറ്റ കാര്യം മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇത്ര ധൃതിപിടിച്ച് ഈ റിപ്പോർട്ട് സി. ആന്റ് എ.ജി.യെക്കൊണ്ട് തയ്യാറാക്കി വിതരണം നടത്തിയത് എന്തിനുവേണ്ടിയാണ്; ആരെ രക്ഷിക്കാൻ വേണ്ടിയാണ്?

ശ്രീ. ആർ.ബാലകൃഷ്ണപിള്ള: സർ, പോയിന്റ് ഓഫ് ഓർഡർ ശ്രീ. എ. കെ. ബാലൻ പ്രസംഗിക്കുന്നതിനോട് എനിക്ക് വിരോധമില്ല. പക്ഷേ ഇതൊരു സഭയാണ്. ഈ സഭയ്ക്ക് ഒരു പ്രൊപ്രൈറ്റിയുണ്ട്. സി. ആന്റ് എ.ജി. എന്നുപറയുന്നത് ഭരണഘടനാപരമായ ഒരു പൊസിഷനാണ്. ഭരണഘടനാപരമായ പൊസിഷനിൽ വന്ന തെറ്റുകളൊക്കെ പറയാം. അതിലേക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ സി. ആന്റ് എ.ജി.-യുടെ വ്യക്തിപരമായ നടപടികളെ വിമർശിക്കുമ്പോൾ അത് നിയമസഭാ ചട്ടങ്ങൾക്കും മാന്യതയ്ക്കും നിരക്കുന്നതല്ല. ഇവിടെ അങ്ങനെയൊരു സംഭവം നടന്നിട്ടില്ല. ശ്രീ. എ. കെ. ബാലനോട് എനിക്ക് ആക്ഷേപമൊന്നുമില്ല. പക്ഷേ നമ്മൾ അങ്ങനെ ഒരു കീഴ്വഴക്കമുണ്ടാക്കിവയ്ക്കുന്നത് നല്ലതല്ല എന്ന് ദയവായി എല്ലാവരും മനസ്സിലാക്കണം. അങ്ങ് റൂളിംഗ് കൊടുക്കണമെന്ന അഭിപ്രായ മൊന്നുമില്ല. ഒരു അഭിപ്രായം പറഞ്ഞുഎന്നേയുള്ളൂ.

ശ്രീ. എ. കെ. ബാലൻ: ഞാൻ പറഞ്ഞത് ജനുവരി 31-ന് എ.ജി. ഒപ്പിട്ടു. സി. ആന്റ് എ.ജി. ഫെബ്രുവരി 3-ന് ഒപ്പിടുന്നു.

മി. സ്പീക്കർ: അടുത്ത പോയിന്റ് എടുക്കൂ.

ശ്രീ. എ. കെ. ബാലൻ: അടുത്ത പോയിന്റിലേക്കാണ് പോകുന്നത്. ഈ ഗവൺമെന്റിനോട് പല കാര്യങ്ങളും കുറിയായി സി. ആന്റ്. എ.ജി. ചോദിച്ചു. അതിന് മറുപടി കൊടുത്തില്ല എന്നു മാത്രമല്ല അതിശക്തമായ വിമർശനം സി. ആന്റ് എ.ജി. നടത്തുകയാണ്. അതിലെ ഒരു സെന്റൻസ് ഞാൻ വായിക്കാം. 2005 ഏപ്രിൽ മുതൽ ജൂൺ വരെ വിവിധ വകുപ്പുകൾക്ക് അയച്ചുകൊടുത്ത പതിനഞ്ച് കരട് ഖണ്ഡികകൾക്കും ഒരു കരട് പ്രത്യവലോകത്തിനും ഇന്നുവരെ ഒറുപടി നൽകിയിട്ടില്ല. അതാണ് പ്രശ്നം. നിങ്ങൾക്ക് ആവശ്യമുള്ളതിനു മാത്രം മറുപടി പറയുക, നിങ്ങൾക്ക് ആവശ്യമില്ലാത്തതിന് നിങ്ങൾ മറുപടി കൊടുക്കാതിരിക്കുക. ഭരണപരമായ സാംഗ്റ്റിറ്റിയുള്ള സ്ഥാപനം കേരള ഗവൺമെന്റിനോട് നിരവധി തവണ

LIBRARY ARCHIVES Kerala Legislative Assembly

നിരവധി കാര്യങ്ങൾ strict ആയിട്ട് ഉന്നയിച്ചിട്ടുപോലും എന്തുകൊണ്ട് പ്രോപ്പറായി മറുപടി കൊടുക്കുന്നില്ല? അതേസമയം സി. ആന്റ് എ.ജി.-യുമായി ബന്ധപ്പെട്ട് വേറൊരു കറക്കിക്കുത്തിന് ഇവർക്ക് സമയവും കിട്ടി. ഇതിൽ 374.5 കോടി രൂപയുടെ പ്രോജക്ട് സാദ്ധ്യത പരിശോധിച്ചിട്ടില്ല. അത് ഞങ്ങളല്ല ചെയ്യേണ്ടത്. രണ്ടാമത് പറഞ്ഞത് ഇടനിലക്കാരനെ നിശ്ചയിച്ചത് ശരിയല്ല എന്നാണ്. അതും ഞങ്ങളല്ല നിശ്ചയിച്ചത്. മൂന്നാമത് പറഞ്ഞത് 98.92 കോടി രൂപ തലശ്ശേരി കാൻസർ സ്ഥാപനത്തിന് കിട്ടേണ്ടത് കിട്ടിയില്ല. അത് വാങ്ങേണ്ടത് ഞങ്ങളല്ല, ഇവരാണ്. 2002-ൽ ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഇതിൽ ഒപ്പിട്ടു. ഏത് സാഹചര്യത്തിലും ഞാൻ ലാവ്‌ലിനിൽ നിന്ന് ഈ പണം കാൻസർ സ്ഥാപനത്തിന് വാങ്ങിത്തരുമെന്ന് അദ്ദേഹം തലശ്ശേരിയിൽ പോയി ഉദ്ഘാടനം ചെയ്തിട്ട് പറഞ്ഞു. അതിനുശേഷം ഇവിടെ വന്നു. ശ്രീ. കടവൂർ ശിവദാസൻ ഉടക്കുണ്ടാക്കി. അന്ന് ശ്രീ. കടവൂർ ശിവദാസൻ വേറെ ഗ്രൂപ്പാണ്, ശ്രീ. എ. കെ. ആന്റണി വേറെ ഗ്രൂപ്പാണ്. ആ ഗ്രൂപ്പ്‌വൈരുത്തിന്റെ ഭാഗമായാണ് തലശ്ശേരി കാൻസർ സ്ഥാപനം പോയത്. അല്ലാതെ ഞങ്ങളുടെ ഇടപെടലിന്റെ ഭാഗമല്ല.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. കെ. ബാലൻ: ഞാൻ കൺക്ലൂഡ് ചെയ്യാം. ഞങ്ങളുടെ കുഴപ്പംകൊണ്ടല്ല. സാറിന് അത് ബോദ്ധ്യപ്പെട്ടല്ലോ. എനിക്ക് അതുമാത്രം മതി. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ഏഴ് ഉദ്യോഗസ്ഥർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുത്തിട്ടുണ്ട്. അതിൽ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഒപ്പിട്ടിട്ടുണ്ട്. അതിൽ ഞങ്ങൾ ഉറച്ചു നിൽക്കുകയാണ്. ആ പിതൃത്വം ഏറ്റെടുക്കാൻ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് നിർബന്ധിക്കപ്പെടുകയാണ്. അതു മാത്രമേ ഞാൻ പറയുന്നുള്ളൂ. കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കേരളത്തെ സർവ്വനാശത്തിലേയ്ക്ക് നയിക്കുകയാണ്. കേരളത്തെ രക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് മാത്രമേ കഴിയുകയുള്ളൂ. ആർ.എസ്.എസുമായി ബന്ധപ്പെട്ടുകൊണ്ട് ഞങ്ങളെ പരാജയപ്പെടുത്താൻ കഴിയുമെന്ന് ഐക്യജനാധിപത്യ മുന്നണി ധരിക്കേണ്ട. പിന്നെ ഞങ്ങൾ ചതിയന്മാരെന്ന് പറഞ്ഞല്ലോ. ഡി.ഐ.സി-യെ ഞങ്ങൾ ചതിച്ചിട്ടില്ല. ശ്രീ. കെ.കരുണാകരനെ ഞങ്ങൾ ചതിച്ചിട്ടില്ല. അദ്ദേഹത്തെ ആദ്യം ചതിച്ചത് ബഹുമാന്യരായ ആര്യാടൻ മുഹമ്മദും വക്കം പുരുഷോത്തമനും ഉമ്മൻ ചാണ്ടിയും എ.കെ.ആന്റണിയുമാണ്. അങ്ങനെയല്ലേ 1980-ൽ ഞങ്ങളുടെ കൂടെ വന്നത്? 1982-ൽ ഞങ്ങളെ ചതിച്ചു. അപ്പോൾ രണ്ട് ചതി. അതിനുശേഷം മൂന്നാമത്തെ ചതി ശ്രീ. ടി.എം.ജേക്കബിനോട് നിങ്ങൾ നടത്തി. നാലാമത്തെ ചതി ശ്രീ. ആർ.ബാലകൃഷ്ണപിള്ളയോട് നടത്തി. അങ്ങനെ നാല് ചതി നടത്തി. ഞങ്ങൾ ചതിയൊന്നും നടത്തിയിട്ടില്ല. ഞങ്ങളുടെ രാഷ്ട്രീയ അജണ്ടയിൽ ചതിയില്ല. ഐക്യജനാധിപത്യ മുന്നണി ആർ.എസ്.എസുമായി ബന്ധപ്പെട്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ നേരിടാനാണ് വരുന്നതെങ്കിൽ നായ തൊട്ട കലം പോലെ കേരളത്തിലെ ജനത നിങ്ങളെ പുറത്താക്കുമെന്നുള്ളതിൽ യാതൊരു സംശയവും

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട. കുരുക്ഷേത്ര യുദ്ധത്തിന് ഞങ്ങൾ ഇറങ്ങിക്കഴിഞ്ഞു. ഈ യാഗാശ്വത്തെ പിടിച്ചുനിർത്താൻ ഐക്യജനാധിപത്യ മുന്നണിക്ക് കഴിയില്ല എന്നുള്ളത് കേരളത്തിൽ നാളെ മുതൽ നിങ്ങൾ കാണാൻ പോവുകയാണ്. ഈ സംസാരത്തോടുകൂടി ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ബഹുമാനപ്പെട്ട ബാലൻ ഇവിടെ സംസാരിക്കുമ്പോൾ പറഞ്ഞു ലാവ്‌ലിൻ കേസിൽ കേരള..... (ബഹളം) .....

മി. സ്പീക്കർ: അദ്ദേഹത്തിന്റെ പേര് പറഞ്ഞതുകൊണ്ട് പേഴ്സണൽ എക്സ്പ്ലനേഷനാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഏത് മിനിസ്റ്റർക്കും സംസാരിക്കാം. ബഹുമാനപ്പെട്ട ബാലൻ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു കേരള ഹൈക്കോടതിയിൽ ഞാൻ ഒപ്പിട്ടു കൊടുത്തു എന്ന്. സാധാരണ മന്ത്രിമാർ ഹൈക്കോടതിയിൽ അഫിഡവിറ്റ് ഒപ്പിട്ട് കൊടുക്കാറില്ല. ഞാൻ മന്ത്രി ആയിരിക്കുമ്പോഴോ അതിനു മുൻപോ അങ്ങനെ ഹൈക്കോടതിയിൽ ഒരു അഫിഡവിറ്റും ഒപ്പിട്ട് നൽകിയിട്ടില്ല. .....(ബഹളം)..... ബഹുമാനപ്പെട്ട ബാലൻ രണ്ടു മിനിട്ട് നേരത്തെ പറഞ്ഞു ഞാൻ ഒപ്പിട്ട് നൽകിയെന്ന്. ഇപ്പോൾ ഏഴ് ഉദ്യോഗസ്ഥർ ഒപ്പിട്ടു എന്നു പറയുന്നു. .....(ബഹളം)..... ബഹുമാനപ്പെട്ട ബാലന് ഇത്രയും പറഞ്ഞിട്ടും മനസ്സിലായില്ലേ സാധാരണ മന്ത്രിമാർ ഒപ്പിട്ട അഫിഡവിറ്റ് ഫയൽ ചെയ്യാറില്ല. ഒരിക്കലും ചെയ്തിട്ടില്ല ..... (ബഹളം).....

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, വോട്ട് ഓൺ അക്കൗണ്ടിനെ സംബന്ധിച്ച് ഇന്ന് വലിയ ചർച്ചയൊന്നും നടന്നില്ല. രാഷ്ട്രീയ പ്രസംഗങ്ങളാണ് നടന്നത്. അതുകൊണ്ട് എന്റെ ജോലി ലഘൂകരിക്കപ്പെടുകയാണ്. എന്റെ പ്രസംഗം ചുരുക്കം വാക്കുകളിൽ ഒതുക്കികൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഒരേ കാര്യം എന്നും പറഞ്ഞുകൊണ്ടിരുന്നാൽ സത്യമാകുമോ? ഈ ഗവൺമെന്റ് വന്നതിനുശേഷമല്ലേ കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവും ഒഴിച്ച് ബാക്കി മുഴുവനും കൊടുത്തു തീർത്ത് കറണ്ട് ആക്കിയത്? എല്ലാ മാസവും കറണ്ടായിട്ട് അതാതു മാസത്തേത് കൊടുക്കുന്നുണ്ട്. കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവും കറണ്ടാക്കിയിട്ടില്ലെങ്കിലും എല്ലാ മാസവും കൊടുക്കുന്നുണ്ട്. .....(ബഹളം).....എല്ലാ മാസവും എല്ലാ പെൻഷനും കൊടുക്കുന്നു എന്നു മാത്രമല്ല ട്രഷറിയിൽനിന്ന് ഒന്നാം തീയതി തന്നെ എല്ലാ പെൻഷനും കൊടുക്കുന്നുണ്ട്. മറ്റുള്ള പെൻഷനും കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൾ ചെയ്യേണ്ടത് നിങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ രണ്ടാം തീയതിയെങ്കിലും അത് കൊടുക്കാൻ പറയണം. ശ്രീ. അച്ചുതാനന്ദനും, ശ്രീ. ഗോവിന്ദൻ മാസ്റ്ററും പറഞ്ഞു, വയനാട് പാക്കേജ് കൊടുക്കുന്നില്ലെന്ന്. നിങ്ങൾ ഇന്നലെ വോട്ട് ചെയ്തു തന്നില്ലേ? ഈ

LIBRARY ARCHIVES Kerala Legislative Assembly

മാസം കൊടുക്കുമെന്ന് ഞാൻ ഹൗസിൽ പറഞ്ഞതല്ലേ? ഇന്നലെ സപ്ലിമെന്ററി ഡിമാന്റ് നിങ്ങൾ പാസ്സാക്കിത്തന്നു. ഈ മാസം തന്നെ കൊടുക്കുകയും ചെയ്യും. അതുകഴിഞ്ഞ് ശ്രീ. അച്ചുതാനന്ദൻ പറയുന്നു, ശ്രീ. ഗോവിന്ദൻ മാസ്റ്റർ പറയുന്നു. എന്തിനാണ് ഇങ്ങനെ പറയുന്നത്. വേറെ പറയാനൊന്നും ഇല്ലേ? പിന്നെ നിരന്തരമായി പറയുന്ന ഒരു കാര്യം ആർ.എസ്.എസ്.- ബി.ജെ.പി.- കോൺഗ്രസ്സ് ബന്ധം എന്നെങ്കിലും ഒരു തവണയെങ്കിലും ഞങ്ങൾ അവരുമായി കൂടിയിട്ടുണ്ടോ? നേരെമറിച്ച് നിങ്ങൾ പരസ്യമായി രണ്ട് തവണ കൂടിയില്ലേ. മൊറാർജി ദേശായിയെ പ്രധാനമന്ത്രിയാക്കിയപ്പോൾ നിങ്ങളും ബി.ജെ.പി. യും കൂടി ചേർന്നില്ലേ? സഹായിച്ചില്ലേ? രണ്ടുപേരും കൂടി ഐക്യമുന്നണി ആയിട്ട് വോട്ട് ചെയ്തല്ലേ ശ്രീ. വാജ്പേയിയെ മന്ത്രിയാക്കിയത്? അതിനുശേഷം ഞാൻ കൂടി പാർലമെന്റിൽ ഉള്ളപ്പോഴാണ് രാജീവ്ഗാന്ധിയെ പരാജയപ്പെടുത്തുവാൻ വേണ്ടി ബി.ജെ.പി.-യും നിങ്ങളും കൂടി ചേർന്ന് വി. പി. സിംഗിനെ ജയിപ്പിച്ചത്. ഐക്യമുന്നണി ആയിട്ട് ഇതെല്ലാം നടത്തിയതിനുശേഷം നാണമില്ലാതെ ഇവിടെ വന്ന് ഞങ്ങൾ ഒന്നാണ്; ഐക്യമാണ് എന്ന് പറയുന്നതിൽ വല്ല അർത്ഥവും ഉണ്ടോ? ശ്രീ. രാജഗോപാൽ ഇവിടെ വന്നു പറഞ്ഞു. ശ്രീ. രാജഗോപാലിന്റെ ശത്രു ആരാണ്? കോൺഗ്രസ്സാണ്. കേരളത്തിൽ ബി.ജെ.പി. ഇല്ലല്ലോ? ബി.ജെ.പി. ഉള്ളത് കേന്ദ്രത്തിലാണ്. കേന്ദ്രത്തിൽ നിങ്ങൾ ഒരു പ്രശ്നമാണോ അവർക്ക്? അവരുടെ ശത്രു കോൺഗ്രസ്സാണ്. കോൺഗ്രസ്സിനെ ഇടിക്കാൻ, കോൺഗ്രസ്സിനെ താഴ്ത്തിക്കാണിക്കാൻ അവർ എന്ത് കള്ളവും പറയും. അതുകൊണ്ട് അത് കേട്ട് ഇവിടെ വന്ന് ഉദ്ധരിക്കാമോ? എല്ലാ കാലവും നിരന്തരമായിട്ട് ഒരു സ്റ്റാന്റ് ബി.ജെ.പി.-ക്ക് എതിരായിട്ട് എടുത്തിട്ടുള്ളത് കോൺഗ്രസ്സാണ്. അത് തുടരുകയും ചെയ്യും. കോൺഗ്രസ്സ് ആനയാണോ എന്ന് ചോദിച്ചു. കോൺഗ്രസ്സ് ആനയാണ്. എന്താണ് സംശയം? ഇൻഡ്യയിൽ പിന്നെ ആരുണ്ട് ഒരു രാഷ്ട്രീയ പാർട്ടി എന്ന നിലയിൽ? ബൃഹത്തായ ഇൻഡ്യയിൽ ഏത് കുഗ്രാമത്തിലും പറക്കുന്ന കൊടി ഏതാണ് ത്രിവർണ്ണ പതാക ഒന്ന് മാത്രമാണ്. വേറെ ഏത് പാർട്ടിയുണ്ട് ബി.ജെ.പി.യുണ്ടോ? നിങ്ങളുണ്ടോ? കോൺഗ്രസ്സ് ആനയാണ്. അതിൽ ആർക്കും സംശയം വേണ്ട. ശ്രീ. ബിനോയ് വിശ്വവും മറ്റും പറഞ്ഞത് ഞങ്ങൾ ജയിക്കുമെന്ന് പറഞ്ഞ് മന:പായസം കുടിക്കുകയാണെന്ന്. നിങ്ങൾക്ക് വലിയ സംശയം തന്നെയല്ലേ? ആ സംശയം ഉണ്ടാക്കാൻ കഴിഞ്ഞല്ലോ? എന്റെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ മാജിക്കാണോ കൺകെട്ട് വിദ്യയാണോ, ആ ഭയം നിങ്ങൾക്ക് ഉണ്ട്. അത് നല്ലതുതന്നെയാണ്. നല്ലതുപോലെ ഒന്ന് പണിത് നോക്ക്. വികസനം ഇതുപോലെ നടന്നിട്ടുള്ള ഒരു കാലഘട്ടം ഉണ്ടോ? നിങ്ങൾ കേരളം അങ്ങോളം ഇങ്ങോളം ഒന്ന് പോയി നോക്കൂ.

ജിമ്മിനെക്കുറിച്ച് ഇവിടെ പറഞ്ഞു. 'ജിം' ഇവിടെ അൽഭുതങ്ങൾ സൃഷ്ടിക്കുമായിരുന്നു. ഇപ്പോൾ അൽഭുതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നിങ്ങൾ ഇതിനെ torpido ചെയ്തില്ലായിരുന്നെങ്കിൽ ഇതിനേക്കാൾ അൽഭുതങ്ങൾ സൃഷ്ടിക്കു മായിരുന്നു. ഞാൻ കഴിഞ്ഞ തവണ ഇവിടെ വായിച്ചതാണ് എന്തെല്ലാമാണ് നമ്മൾ എടുക്കുന്നത്; എന്തെല്ലാമാണ് നമ്മൾ പൂർത്തിയാക്കിയത്; ഏതെല്ലാമാണ്

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാകാറായത് എന്നുള്ളത്. എല്ലാംകൂടി അൻപതിനായിര ത്തിൽ ചിലാനം കോടി രൂപയുടെ ഓരോ വ്യവസായത്തിനും ആകെ ഉണ്ടായ ചെലവ് സഹിതം കണക്ക് ഞാൻ ഇവിടെ പറഞ്ഞതാണ്. ഏതെങ്കിലും കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ടോ? എത്ര ലക്ഷം ചെറുപ്പക്കാർക്കാണ് ഇതുകൊണ്ട് തൊഴിൽ ഉണ്ടാകാൻ പോകുന്നത്. കാർഷിക രംഗത്ത് നമ്മുടെ സംഭാവനയുണ്ട്. അതില്ലാതെയും ഉണ്ട്. കർഷകർക്ക് ഒരുമാതിരി ആശ്വാസം കിട്ടുന്ന ഒരു കാലഘട്ടം ഇതിനുമുൻപ് ഉണ്ടായിട്ടുണ്ടോ? കേരളത്തിലെ പ്രധാന നാണ്യവിളയെന്നു പറയുന്നത് റബ്ബറും നാളികേരവുമാണ്. രണ്ടിനും നല്ല വിലയില്ലേ? നിങ്ങളുടെ മാത്രമല്ല പക്ഷെ നമ്മുടെ സംഭാവനയുണ്ട്, മുടക്കുണ്ട്. എന്തായാലും റബ്ബറിന് 12% ടാക്സ് ആയിരുന്നത് ഞാൻ 4% ആക്കിക്കൊടുത്തില്ലേ? അതൊരു ചെറിയ സഹായമല്ലേ? ഇപ്പോൾതത്തന്നെ നാളികേരം, കൊപ്ര, തേങ്ങ എണ്ണ എന്നിവയ്ക്ക് എൻട്രി ടാക്സ് വച്ചതെന്തിനാണ്? അവരെ സഹായിക്കാനല്ലേ? നേരത്തെ അതുപോലെ കുറച്ച് എടുത്തിട്ടുണ്ട്. നമ്മുടെ സംഭാവനയും ഇന്റർനാഷണൽ മാർക്കറ്റിൽ വില കിട്ടിയതും എല്ലാം കൂടെ കർഷകരെ സംബന്ധിച്ചിടത്തോളം ഒരു കാലഘട്ടത്തിലും ഉണ്ടാകാത്ത ചില ആനുകൂല്യങ്ങൾ കിട്ടിയിട്ടുണ്ട്. മുഴുവൻ ആയില്ല. ഇനിയും ഉണ്ട്. അവർക്ക് കുറേയെങ്കിലും ശ്വാസം വിടാൻ കഴിയുന്നു. അത് ഈ ഗവൺമെന്റ് വന്നതിനു ശേഷമാണ്. അതുപോലെ തന്നെയാണ് ടൂറിസം. ഇന്ന് എന്താണ്, ഒരു ബൂം അല്ലേ? രണ്ട് ദിവസത്തിനുമുൻപ് കർണാടകയിൽ മന്ത്രി ആയിരുന്ന ശ്രീ. ജോൺ കുമരകത്തെ ടൂറിസ്റ്റ് ഹോട്ടലിൽ വന്നു. അത് ധാരാളം റൂമുകളുള്ള ഹോട്ടലാണ്. പക്ഷെ അദ്ദേഹത്തിന്റെ കൂടെവന്ന എം.ഡി. ക്ക് താമസിക്കാൻ ഒരു റൂം കിട്ടിയില്ല. അദ്ദേഹം ഹൗസ് ബോട്ടിലാണ് താമസിച്ചത്. നമ്മുടെ എല്ലാ ഹോട്ടലുകളും ഫുൾ ആണ്. അങ്ങനെ ടൂറിസ്റ്റ് ബൂമാണ് നടന്നുകൊണ്ടിരിക്കുന്നത്. അത് ഇവിടത്തെ എക്കണോമിയെ എന്തുമാത്രം സഹായിക്കും.

ഇവിടെ തൊഴിലില്ലായ്മയുണ്ട്. When compared to many other States, ഇവിടെ തൊഴിലില്ലാത്തവർ വളരെ കുറവാണ്. ബംഗാളിൽ എന്താണ് സ്ഥിതി? എന്തുകൊണ്ട് നിങ്ങൾ ഭരിച്ചിട്ടും ബംഗാളിലെ ജോലിക്കാർ അമ്പത് രൂപയ്ക്കും 75 രൂപയ്ക്കും ഇവിടെ വന്ന് പണിയെടുക്കുന്നു? അവിടെ ജോലിയില്ല. അവർ അവിടെ പട്ടിണിയിലാണ്. അതുകൊണ്ട് ഇത്രയും ദൂരെ വന്ന് പണിയെടുക്കുന്നു. ഇവിടെ ഞങ്ങൾ അത്ഭുതങ്ങൾ സൃഷ്ടിച്ചു എന്നുള്ളത് ശരിയാണ്. അതിനെ ആർക്കും ഡിനൈ ചെയ്യാൻ ഒക്കില്ല. ഏതായാലും ശ്രീ. ബിനോയ് വിശ്വം ഒരു കാര്യം സമ്മതിച്ചു. കേന്ദ്രത്തിൽ നിന്ന് കുറെയെല്ലാം കിട്ടി, കുറെ വികസനമുണ്ടായി അത്രയെങ്കിലും സമ്മതിച്ചല്ലോ. പിന്നെ ഇടതുപക്ഷ ഐക്യത്തെക്കുറിച്ച് പറഞ്ഞാൽ മഹത്തായ ഇടതുപക്ഷ ഐക്യമാണ് ഇന്ന് എല്ലാത്തിനേക്കാളും വലുത്. അതിൽ ഉൾപ്പെടുന്നതാരൊക്കെയാണ്? മാർക്സിസ്റ്റ് പാർട്ടി, പിന്നെ ശ്രീ. ബിനോയ് വിശ്വം ഉൾപ്പെടെയുള്ളവർ. കൂടാതെ ഡോ. ജോസഫിന്റെ പാർട്ടിയിൽപ്പെട്ടവർ. അതിൽ പി. സി. തോമസ്, ബി.ജെ.പി.-യുടെ സപ്പോർട്ടോടുകൂടി ജയിച്ച് എം.പി.-യായി അതാണ് ഇടതുപക്ഷ ഐക്യം. നാണമില്ലേ ഇത് പറയാൻ? ഡോ. ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാം പറഞ്ഞ് കുട്ടനാട്ടിൽ ചെന്നാൽ ആളുകൾ അടിക്കും. നെൽകൃഷിക്കാരെ ഇത്രയും സഹായിച്ച ഒരു ഗവൺമെന്റ് വേറെയുണ്ടോ? ഞാൻ മന്ത്രിയായി വരുന്നതിനുമുമ്പ് ഒരു വർഷം അഞ്ച് കോടി രൂപയിൽ കൂടുതൽ നെൽകൃഷിക്കാർക്ക് വേണ്ടി ചെലവഴിച്ചിട്ടില്ല. ഞാൻ ഒരു വർഷം ഇരുപത് കോടി രൂപ കൊടുത്തു. ഇപ്പോൾ ഇടത്തട്ടുകാരുടെ ചൂഷണം പോലും അവസാനിപ്പിച്ചുകൊണ്ട് നേരിട്ട് കൃഷിക്കാരന്റെ കയ്യിൽ നിന്ന് നെല്ല് സംഭരിക്കുകയാണ്. അവർ എത്ര സന്തുഷ്ടരാണെന്ന് അറിയാമോ? ഡോ. ജോസഫിന് അറിഞ്ഞുകൂടെങ്കിൽ എനിക്കറിയാം. ഞാനും കുറെക്കാലം കുട്ടനാടിന്റെകൂടി എം.പി. ആയിരുന്ന ആളാണ്.

ഡോ. കെ. സി. ജോസഫ്: കഴിഞ്ഞ പ്രാവശ്യമെടുത്ത നെല്ലിന്റെ വില ഇപ്പോഴും കൊടുത്തിട്ടില്ല.

ശ്രീ. വക്കം പുരുഷോത്തമൻ: ആരോഗ്യ രംഗം തകർന്ന് തരിപ്പണമായി എന്ന് ഡോ. ജോസഫ് പറഞ്ഞു. അങ്ങ് ഒരു ഡോക്ടറാണ്. ആരോഗ്യരംഗം തകർന്ന് തരിപ്പണമായോ? വികസിത രാജ്യങ്ങളേക്കാൾ ഇന്ന് ആയുർദൈർഘ്യം കേരളത്തിൽ കൂടുതലാണ്. ഏറ്റവും കൂടുതൽ ആയുർ ദൈർഘ്യം ഉണ്ടായത് ഈ കാലഘട്ടത്തിലാണ്. അതുപോലെ കുട്ടികളുടെ മരണ നിരക്ക് കുറഞ്ഞിട്ടുണ്ട്. വികസിത രാജ്യങ്ങളെ കവച്ചുവച്ചുകൊണ്ട് നമ്മൾ ഈ രംഗത്ത് നേട്ടങ്ങൾ കൈവരിച്ചു കഴിഞ്ഞു. നമ്മൾ താഴോട്ടല്ല മുകളിലോട്ടാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ശ്രീ. കുഞ്ഞിരാമൻ, ശ്രീ. എ. കെ. ആന്റണി ഞങ്ങളുടെ നേതാവാണ്. ഞങ്ങൾ ഹൃദയത്തിൽ വച്ച് പൂജിക്കുന്ന ആളാണ്. ശ്രീ. എ. കെ. ആന്റണിയെ തള്ളി പറഞ്ഞതല്ല. അദ്ദേഹം രാജി വച്ചതാണ്. അദ്ദേഹത്തിന്റെ രാജി അക്സപ്റ്റ് ചെയ്തപ്പോഴാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ മന്ത്രിസഭ വന്നത്. അതുകൊണ്ട് അതിൽ തൊട്ടുകളിക്കേണ്ട. ശ്രീ. സാജു പോളിന് കെ.പി.സി.സി.-യോടാണ് വിരോധം. അദ്ദേഹത്തിന് അറിയാവുന്ന കെ.പി.സി.സി. മെമ്പർ ഉണ്ടായിരുന്നു. അവരെപ്പറ്റിയാണ് അദ്ദേഹം പറഞ്ഞത്. രക്തബന്ധമുള്ള കെ.പി.സി.സി. മെമ്പറെപ്പറ്റിയാണ് പറഞ്ഞത്. രക്തബന്ധമുള്ളവരെപ്പറ്റി അറിയാവുന്ന കാര്യം പറഞ്ഞാൽ പിന്നെ ഞാൻ അതേപ്പറ്റി മറുപടി പറയില്ല. ഇവിടെ സാമൂഹ്യനീതി നടപ്പിലാക്കിയത് ആദ്യത്തെ മന്ത്രിസഭയാണെന്ന് ശ്രീ. എ.കെ. ബാലൻ പറഞ്ഞു. ആ മന്ത്രിസഭ ഇവിടെ ഒരു ഭരണ പരിഷ്കരണ കമ്മിറ്റി ഉണ്ടാക്കി. സംവരണം അപകടമാണ്; അത് എടുത്തുകളയണം എന്ന് ഇ.എം.എസ്. നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായുള്ള ആ ഭരണ പരിഷ്കരണ കമ്മിറ്റി റിപ്പോർട്ടിലാണ് വന്നത്. ആ റിപ്പോർട്ടിനെതിരായി കെ. സുകുമാരൻ കുളത്തൂരിൽ ചെയ്ത പ്രസംഗം നേരിൽ ഞാൻ കേട്ടതാണ്. കുളത്തൂരിൽ കെ. സുകുമാരനോടൊപ്പം പോയ ഇ.എം.എസ്.-ന് എതിരായ പ്രസംഗം ഇ.എം.എസ്-നെ ഇരുത്തിക്കൊണ്ട് കെ. സുകുമാരൻ നടത്തുന്നത് ഞാൻ കേട്ടതാണ്. അതുകൊണ്ടാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, എനിക്കൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുണ്ട്. 1958-ലെ സഖാവ് ഇ.എം.എസ്-ന്റെ ഗവൺമെന്റ് പിന്നോക്ക ക്കാരുടെ സംവരണത്തിനും പട്ടികജാതിക്കാരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റിനും വേണ്ടി കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി ചെയ്തുകൊണ്ടുള്ള നിയമം ഇവിടെയുണ്ട്. അത് സഖാവ് ഇ.എം.എസ്-ന്റെ കാലഘട്ടത്തിലാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് എവിടെനിന്നാണ് ഇങ്ങനെ ഒരു വിവരം കിട്ടിയത്?

മി. സ്പീക്കർ: ഇതിൽ എന്ത് പോയിന്റാണ് ഉള്ളത്? അഭിപ്രായമല്ലേ? പോയിന്റ് ഓഫ് ഓർഡർ ഒന്നുമില്ല.

ശ്രീ. എ. കെ. ബാലൻ: സർ, എന്റെ പോയിന്റാണിത്. സാറിന്റെ റൂളിംഗ് കൊടുക്കുക.

മി. സ്പീക്കർ: പോയിന്റ് ഉണ്ടായിരിക്കാം. പക്ഷേ ക്രമപ്രശ്നമില്ല.

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഇവിടെ സംവരണം മഹാരാജാവിന്റെ കാലത്തേ കിട്ടിയതാണ്. അത് എടുത്തുകളയണമെന്നാണ് ഭരണപരിഷ്കരണ കമ്മിറ്റി റിപ്പോർട്ട് ചെയ്തത്. നിങ്ങൾ വീണ്ടും അധികാരത്തിൽ വരുമോ? ഒരിക്കലും വരില്ല. ഞങ്ങൾ ഈ അഞ്ച് കൊല്ലത്തിനിടയിൽ ചെയ്ത പ്രവർത്തനങ്ങൾ ജനങ്ങൾ ഇന്ന് വിലയിരുത്തുന്നുണ്ട്. ഇവിടെ ഇക്കോണമിയിൽ ഉണ്ടായ മാറ്റം, പിന്നോക്കക്കാർക്ക് ഉണ്ടായ മാറ്റം..... നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ സ്വീക രിച്ച നടപടികൾ, ഇവയെല്ലാം ജനങ്ങൾ വിലയിരുത്തും. ഇവിടെ ഇതിനുമുമ്പ് ഇത്രയും അപകടകരമായ ഒരു പ്രോബ്ളം വേറെയുണ്ടായിട്ടില്ല. പണ്ട് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വന്നിട്ടുണ്ട്. എത്ര രക്തച്ചൊരിച്ചിലാണ് ഉണ്ടായിട്ടുള്ളത് എന്ന് അറിയാമോ? നെട്ടൂർ ദാമോദരൻ കമ്മീഷൻ റിപ്പോർട്ട് വന്നിട്ടുണ്ട്. എന്തെല്ലാം അപകടങ്ങളും അടിപിടികളുമാണ് അതിന്റെ പേരിൽ ഉണ്ടായതെന്ന് അറിയാമോ? അതുപോലെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ നിങ്ങൾ വിചാരിച്ചു ഇതിൽ ഗവൺമെന്റ് അടിച്ചു തകർന്നതുതന്നെയെന്ന്. നിങ്ങൾ അങ്ങനെയല്ലേ വിചാരിച്ചത്? ആടിന് പിന്നാലെ നടന്ന 'കുറുക്കനെപ്പോലെ' നിങ്ങൾ നടക്കുകയായിരുന്നു. നിങ്ങൾ മനഃപായസം ഉണ്ടു. എല്ലാ വിഭാഗക്കാരെയും തൃപ്തിപ്പെടുത്തി ഇത്രയും വിജയകരമായി ഇതിനൊരു തീരുമാനം എടുത്തത് ഈ ഗവൺമെന്റാണ്. ഇന്നലെവരേയും പിന്നോക്ക വിഭാഗങ്ങൾക്ക് കിട്ടാതിരുന്ന വളരെയേറെ ആനുകൂല്യങ്ങൾ ലഭിക്കുന്നു. റിസർവേഷൻ ഉണ്ടായ കാലം മുതൽ പറയുന്നതാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന റിക്രൂട്ട്മെന്റ് നടത്തണം. എങ്കിൽ മാത്രമേ അർഹതയുള്ളവർക്ക് മെറിറ്റ് അടിസ്ഥാനത്തിലും സംവരണാടിസ്ഥാനത്തിലും നിയമനം കിട്ടുകയുള്ളൂ എന്ന് വളരെ കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. ഇപ്പോൾ അത് നേടി. പിന്നോക്കക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ നേട്ടമാണിത്. മറ്റ് നേട്ടങ്ങളിലേയ്ക്ക്



LIBRARY ARCHIVES Kerala Legislative Assembly

സമയച്ചുരുക്കം കൊണ്ട് പോകുന്നില്ല. അതുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരും. ഞാൻ മൽസരിക്കുന്നില്ല എന്ന് പറഞ്ഞത് ഇതു കൊണ്ടല്ല. ഞാൻ അഞ്ചുകൊല്ലം മുമ്പ് പറഞ്ഞുതുടങ്ങിയതാണ് മൽസരിക്കുന്നില്ല എന്ന്; പരസ്യമായും പറഞ്ഞു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഈ പ്രതിപക്ഷം ഇങ്ങനെ വെല്ലുവിളിക്കുമ്പോൾ അങ്ങയുടെ തീരുമാനം ഒന്ന് പുന:പരിശോധിച്ചു കൂടേ?

ശ്രീ. വക്കം പുരുഷോത്തമൻ: എന്നെ അറിയാവുന്നവർക്ക് അറിയാം ഞാനൊരു തീരുമാനം എടുത്താൽ അതിൽ മാറ്റമില്ലെന്ന്. ഈ ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരും. ഒരു കൊച്ച് ത്രിവർണ്ണ പതാകയുമായി ഞാനും അതുകണ്ട് ആസ്വദിക്കും. എനിക്ക് ഇവിടെ വരണമെന്നില്ല. അതുകൊണ്ട് യാതൊരു ശങ്കയും നിങ്ങൾക്ക് വേണ്ട, യാതൊരു സംശയവും വേണ്ട നിങ്ങൾ വീണ്ടും വന്ന് അവിടെയിരിക്കും. ഞങ്ങൾ ഇവിടെയുമിരിക്കും.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): തെരഞ്ഞെടുപ്പിൽ വീണ്ടും നമുക്ക് ഭൂരിപക്ഷം കിട്ടും. അത് ഷുവറാണ്. സന്തോഷമുണ്ട്. പക്ഷേ ഒരു ദു:ഖമുള്ളത് ശ്രീ. വക്കം പുരുഷോത്തമൻ ഇല്ലാത്ത ഒരു നിയമസഭ എന്നു പറഞ്ഞാൽ മനസ്സിൽ ഓർക്കാൻപോലും പറ്റില്ല.

ശ്രീ. വക്കം പുരുഷോത്തമൻ: ഞാൻ ദീർഘിപ്പിക്കുന്നില്ല. എല്ലാവരുംകൂടി ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കി തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. ജയരാജൻ അങ്ങയുടെ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജയരാജൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. ശ്രീ. കെ. പി. മോഹനൻ ഇപ്പോൾ സഭയിൽ ഇല്ല. ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി അവതരിപ്പിച്ച ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ട് എന്ന ധനാഭ്യർത്ഥന സംബന്ധിച്ച ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ - 61

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. കെ. അച്ചുതൻ
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. പി. അനിൽകുമാർ
6. ശ്രീ. ഇ. എം. അഗസ്തി
7. ശ്രീ. കെ. ബാബു
8. ശ്രീ. ബാബു ദിവാകരൻ
9. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
10. ശ്രീ. കെ. എ. ചന്ദ്രൻ
11. ശ്രീ. ഡൊമനിക് പ്രസന്റേഷൻ
12. ശ്രീ. ജോർജ് ജെ. മാത്യു
13. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ
14. ശ്രീമതി കെ. ആർ. ഗൗരിയമ്മ
15. ശ്രീ. എം. എം. ഹസ്സൻ
16. ശ്രീമതി എലിസബത്ത് മത്തായി
17. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
18. ശ്രീ. പി. ജെ. ജോയി
19. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
20. ശ്രീ. വി. ജെ. പൗലോസ്
21. ശ്രീ. അടൂർ പ്രകാശ്
22. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
23. ശ്രീ. വക്കം പുരുഷോത്തമൻ

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. ജി. കാർത്തികേയൻ
26. ശ്രീ. കെ. എൻ. എ. ഖാദർ
27. ശ്രീ. കെ. കെ. നായർ
28. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
29. ഡോ. എം. എ. കുട്ടപ്പൻ
30. ശ്രീ. ലൂഡി ലൂയിസ്
31. ശ്രീ. സി. മമ്മൂട്ടി
32. ശ്രീ. കെ. എം. മാണി
33. ശ്രീ. കെ. മുഹമ്മദാലി
34. ശ്രീ. കെ. മോഹൻകുമാർ
35. ശ്രീ. ആര്യാടൻ മുഹമ്മദ്
36. ശ്രീ. സി. പി. മുഹമ്മദ്
37. ശ്രീ. എം. മുരളി
38. പ്രൊഫ. എം. ഡി. മുസ്തഫ
39. ശ്രീ. എഴുകോൺ നാരായണൻ
40. ശ്രീ. കെ. കെ. ഷാജു
41. ശ്രീ. കടവൂർ ശിവദാസൻ
42. ശ്രീ. നാലകത്ത് സൂപ്പി
43. ശ്രീ. സ്റ്റീഫൻ ജോർജ്
44. ശ്രീ. എ. സുജനപാൽ
45. ശ്രീ. എൻ. സുന്ദരൻ നാടാർ
46. ശ്രീ. സി. എഫ്. തോമസ്
47. ശ്രീ. ടി. യു. രാധാകൃഷ്ണൻ
48. ശ്രീ. എ. വി. രാഘവൻ
49. ശ്രീ. എ. എൻ. രാജൻ ബാബു
50. ശ്രീ. യു. സി. രാമൻ

LIBRARY ARCHIVES Kerala Legislative Assembly

51. ശ്രീ. തമ്പാനൂർ രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. ടി. പി. എം. സാഹിർ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. കെ. ശങ്കരനാരായണൻ
56. ശ്രീ. വി. ഡി. സതീശൻ
57. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
58. ശ്രീ. പി. ടി. തോമസ്
59. ശ്രീ. തോമസ് ചാഴികാടൻ
60. ശ്രീ. തോമസ് ഉണ്ണിയാടൻ
61. ശ്രീ. കെ. സി. വേണുഗോപാൽ

Sri. K. Narayanakurup
Sri. Varkala Kahar
} Present but not registered their vote

പ്രതികൂലിക്കുന്നവർ - 32

1. ശ്രീ. എ. എ. അസീസ്
2. ശ്രീ. എ. കെ. ബാലൻ
3. ശ്രീ. ബിനോയ് വിശ്വം
4. ശ്രീ. വി. കെ. ചന്ദ്രൻ
5. ശ്രീ. വി. ചെന്താമരാക്ഷൻ
6. ശ്രീ. ടി. കെ. ദേവകുമാർ
7. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
8. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
9. ശ്രീ. കെ. കെ. ജയചന്ദ്രൻ
10. ശ്രീ. പി. ജയരാജൻ

LIBRARY ARCHIVES Kerala Legislative Assembly

11. ഡോ. കെ. സി. ജോസഫ്
12. ശ്രീ. എം. കുമാരൻ
13. ശ്രീ. കെ. വി. കുഞ്ഞിരാമൻ
14. ശ്രീ. കോവൂർ കുഞ്ഞുമോൻ
15. ശ്രീ. വി. കെ. സി. മമ്മത് കോയ
16. ശ്രീ. മത്തായി ചാക്കോ
17. ശ്രീ. എ. സി. മൊയ്തീൻ
18. ശ്രീ. പിരപ്പൻകോട് മുരളി
19. ശ്രീ. പി. നാരായണൻ
20. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
21. ശ്രീ. കെ. രാധാകൃഷ്ണൻ
22. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
23. ശ്രീ. എൻ. രാജൻ
24. ശ്രീ. കെ. പി. രാജേന്ദ്രൻ
25. ശ്രീ. രാജു എബ്രഹാം
26. ശ്രീ. ടി. പി. രാമകൃഷ്ണൻ
27. ശ്രീ. സാജു പോൾ
28. ശ്രീ കെ. പി. സതീശ് ചന്ദ്രൻ
29. ശ്രീ. എ. സി. ഷൺമുഖദാസ്
30. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
31. ശ്രീ. പി. എസ്. സുപാൽ
32. ഡോ. തോമസ് ഐസക്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ.....61

പ്രതികൂലിക്കുന്നവർ .....32

നിഷ്പക്ഷത പാലിക്കുന്നവർ..... ആരുമില്ല

LIBRARY ARCHIVES Kerala Legislative Assembly

ഉപക്ഷേപം പാസ്സായിരിക്കുന്നു. വോട്ട് ഓൺ അക്കൗണ്ട് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 -ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2006 ഫെബ്രുവരി മാസം 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.30 -ന് പിരിഞ്ഞു)

---

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം

[20-2-2006-ലെ 10(1286)-ാം നമ്പർ

| | | 2001 - 2002 | | | 2002 - 2003 | | |
|---|---|---|---|---|---|---|---|
| ക്രമ നം. | മേഖല | അംഗീകരിച്ചത് | പുതുക്കിയത് | കുറവു വരുത്തിയത് | അംഗീകരിച്ചത് | പുതുക്കിയത് | കുറവു വരുത്തിയത് |
| 1 | കൃഷിയും അനുബന്ധ സേവനങ്ങളും | 224.38 | 155.25 | 69.13 | 217.90 | 201.5 | 16.40 |
| 2 | ഗ്രാമവികസനം, സാമൂഹ്യ വികസനം | 85.13 | 67.9 | 17.23 | 178.16 | 180.53 | -2.37 |
| 3 | പ്രാദേശിക വിസനത്തിനുള്ള പ്രത്യേക പരിപാടി | 13.13 | 13.13 | | 15.00 | 17.74 | -2.74 |
| 4 | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 217.00 | 142.50 | 74.50 | 152.00 | 136.00 | 16.00 |
| 5 | വൈദ്യുതി | 509.00 | 420.00 | 89.00 | 600.00 | 600.00 | |
| 6 | വ്യവസായങ്ങളും ധാതുക്കളും | 213.47 | 133.00 | 80.47 | 218.75 | 195.25 | 23.50 |
| 7 | ഗതാഗതം | 170.74 | 138.00 | 32.74 | 298.15 | 270.50 | 27.65 |
| 8 | ശാസ്ത്ര സേവനങ്ങളും ഗവേഷണവും | 17.50 | 15.00 | 2.50 | 25.00 | 25.00 | |
| 9 | സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ | 547.78 | 447.12 | 100.66 | 800.74 | 665.61 | 135.13 |
| 10 | സാമ്പത്തിക സർവ്വീസുകൾ | 86.53 | 74.75 | 11.78 | 150.70 | 102.27 | 48.43 |
| 11 | ജനറൽ സർവ്വീസുകൾ | 40.34 | 15.85 | 24.49 | 27.60 | 24.10 | 3.50 |
| 12 | തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി സഹായം | 890.00 | 637.50 | 252.50 | 1342.00 | 1006.50 | 335.50 |
| | ആകെ | 3015.00 | 2260 | 755.00 | 4026 | 3425 | 601 |

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യത്തിന്റെ ഉത്തരം കാണുക]

| 2003 - 2004 | | | 2004 - 2005 | | | 2005 - 2006 | | |
|---|---|---|---|---|---|---|---|---|
| അംഗീകരിച്ചത് | പുതുക്കിയത് | കുറവു വരുത്തിയത് | അംഗീകരിച്ചത് | പുതുക്കിയത് | കുറവു വരുത്തിയത് | അംഗീകരിച്ചത് | പുതുക്കിയത് | കുറവു വരുത്തിയത് |
| 225.64 | 202.33 | 23.31 | 210.80 | 183.99 | 26.81 | 229.30 | | |
| 325.60 | 222.58 | 103.02 | 376.05 | 194.33 | 181.72 | 300.03 | | |
| 13.13 | 13.13 | | 13.13 | 13.13 | | 13.13 | | |
| 141.00 | 128.08 | 12.92 | 142.95 | 81.36 | 61.59 | 119.1 | | |
| 630.00 | 551.45 | 78.55 | 704.00 | 704.00 | | 762.80 | | |
| 242.77 | 210.88 | 31.89 | 284.34 | 205.62 | 78.72 | 226.67 | | |
| 324.05 | 307.52 | 16.53 | 285.74 | 265.6 | 20.14 | 657.10 | | |
| 37.50 | 31.88 | 5.62 | 50 | 42.5 | 7.5 | 50.00 | | |
| 858.19 | 751.13 | 107.06 | 1012.53 | 676.41 | 336.12 | 1294.72 | | |
| 282.64 | 229.47 | 53.17 | 333.41 | 245.12 | 88.29 | 305.91 | | |
| 32.73 | 28.33 | 4.40 | 37.05 | 32.54 | 4.51 | 36.05 | | |
| 1317.0 | 1119.45 | 197.55 | 1350 | 1168.53 | 181.47 | 1375 | | |
| 4430.25 | 3796.23 | 634.02 | 4800.00 | 3813.14 | 986.87 | 5369.81 | | |
| | | | 52.03* | 98.76* | *മുൻഗണനാ പദ്ധതികൾക്കുള്ള ഒറ്റത്തവണ അധിക കേന്ദ്രസഹായം പിന്നീട് അനുവദിച്ചത് | | | |
| | | | 4852.03 | 1.67* | *നാഷനൽ ഇ-ഗവേർണൻസ് ആക്ഷൻ പ്ലാനിനുവേണ്ടിയുള്ള അധിക കേന്ദ്ര സഹായം | | | |
| | | | | 3913.57 | | | | |



LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം II

[20-2-2006-ലെ 75(1351)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

2001-2002 മുതൽ 2005-2006 വരെയുള്ള പ്രവൃത്തികളുടെ പട്ടിക

(എ)

| | | |
|---|---|---|
| 1. പെരുമ്പപ്പുഴ വലതുകര സംരക്ഷണ പ്രവൃത്തി | - | 321559 |
| 2. രാമപുരം പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | - | 469193 |
| 3. ചെറുപുഴയുടെ വലിയ പുഴ ഭാഗം പാർശ്വസംരക്ഷണം | - | 575728 |
| 4. രാമന്തള്ളി പഞ്ചായത്തിലെ കരമുട്ടത്ത് പാലക്കോട് പുഴയുടെ വലതുകര സംരക്ഷണം | - | 40642 |
| 5. രാമന്തള്ളി പഞ്ചായത്തിലെ പുതിയ പുഴക്കരയിൽ പാലക്കോട് പുഴയുടെ വലതുകര സംരക്ഷണം | - | 399198 |
| 6. കുഞ്ചിമംഗലം പഞ്ചായത്തിലെ ഏഴിമലയിൽ പാലക്കോട് പുഴയുടെ ഇടതുകര സംരക്ഷണം | - | 408495 |
| 7. മാടായി പഞ്ചായത്തിലെ സുൽത്താൻ കനാലിന്റെ താഴ്ഭാഗത്ത് പാലക്കോട് പുഴയുടെ ഇടതുകര സംരക്ഷണം | - | 745387 |
| ആകെ | | 2960202 |

ഈ കാലയളവിൽ പണി പൂർത്തീകരിച്ച് ബിൽ കൊടുക്കേണ്ട പ്രവൃത്തികളുടെ വിശദാംശം താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1. നാവിഗേഷൻ മെയിന്റനൻസ് കുഞ്ഞിമംഗലം പഞ്ചായത്തിൽ പുതിയ പുഴയ്ക്കും ചെംകൂരിച്ചാൽ പാലത്തിനുമിടയ്ക്ക് പാലക്കോട് പുഴയുടെ ഇതടുകര സംരക്ഷണം | - | 409940 |
| 2. പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ കുണ്ടംകാളി തലോത്ത് ശ്മശാനത്തിനടുത്ത് പെരുമ്പപ്പുഴയുടെ വലതുകര സംരക്ഷണം | - | 482285 |
| 3. രാമന്തള്ളി പഞ്ചായത്തിലെ കൊറ്റി ബോട്ട് ജെട്ടിക്ക് എതിർവശത്ത് പെരുംപുഴയുടെ ഇടതുകര സംരക്ഷണം | - | 455626 |
| ആകെ | | 1347851 |

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം - III

[20-2-2006-ലെ 82(1358)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

| പദ്ധതിയുടെ പേര് | ആരംഭിച്ച സമയം | പൂർത്തായാക്കേണ്ട കാലാവധി |
|---|---|---|
| **കേരള വാട്ടർ അതോറിറ്റി** | | |
| 1. തിരുവില്വാമല കൊണ്ടാഴി പദ്ധതി | 2000-2001 | 12/2007 |
| 2. പങ്ങാരപ്പിള്ളി-പുലാക്കോട് പദ്ധതി | 2000-2001 | 12/2006 |
| 3. കടങ്ങോടിനും സമീപ വില്ലേജുകൾക്കും കൂടിയുള്ള പദ്ധതി | 1994 | 12/2007 |
| 4. ചെറുതുരിത്തി നെടുംപുര പദ്ധതി | 2000 | 12/2007 |
| 5. എ.യു.ഡബ്ല്യു.എസ്.എസ്.ചേലക്കര സെൻസസ് ടൗൺ പദ്ധതി | 2006 | 12/2007 |
| 6. തേക്കിൻകാട് വാഴോട് ശുദ്ധജല വിതരണ പദ്ധതി | 2004 | ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട് |
| **ജലനിധി പദ്ധതികൾ** | | |
| 1. ചേലക്കര പഴയന്നൂർ, മുള്ളൂർക്കര പഞ്ചായത്തുകളിലെ 137 പദ്ധതികൾ | നവംബർ 2001 | സെപ്റ്റംബർ 2005 മുതൽ ഡിസംബർ 2005 വരെയുള്ള കാലയളവിൽ പൂർത്തിയായി |
| 2, പാഞ്ഞാൾ പഞ്ചായത്തിലെ 25 പദ്ധതികൾ | മേയ് 2003 | സെപ്റ്റംബർ 2005-ൽ പൂർത്തിയായി |
| 3. തിരുവില്വാമല പഞ്ചായത്തിലെ 70 പദ്ധതികൾ | ജനുവരി 2004 | ജനുവരി 2006-ൽ 7 എണ്ണം പൂർത്തിയായി. ശേഷിക്കുന്നവ 2006 ഡിസംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു |
| 4. വള്ളത്തോൾ നഗർ, വരവൂർ പഞ്ചായത്തുകളിലെ 61 പദ്ധതികൾ | മാർച്ച് 2005 | 2006 ഡിസംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - IV

[20-2-2006-ലെ 96 (1374)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

**List of Institutions - DHI Course (Paramedical)**

| Sl. No. | Name of Institutions | District |
|---|---|---|
| 1. | Thunchan Smaraka H. I. Training College, Iyaranimuttom, Manacaud, Thiruvananthapuram | Thiruvananthapuram |
| 2. | Lazar Nadar Education & Research Foundation (Victory Health Inspector College), Neyyatinkara, Thiruvananthapuram. | Thiruvananthapuram |
| 3. | Dale View, Poonalal, Poovachal Thiruvananthapuram. | Thiruvananthapuram |
| 4. | Kaduvayil Thangal Charitble Trust, Chathanpara, Kallambalam, Thiruvananthapuram. | Thiruvananthapuram |
| 5. | Cresent Charitable Society & Muslim Education Trust, Chandanathope, Saradhi Junction, Kollam. | Kollam |
| 6. | Bharath Matha College of Medical Technology, Kuravilangad, Kottayam. | Kottayam |
| 7. | Nooral Islam Trust Thoduzha (Al-Azar College of Para Medical Science) Porampattichira, P. O., Idukki. | Idukki |
| 8. | Josco Multi Speciality Hospital, Josco Jn., Iranikudy P. O., Pandalam, Alappuzha. | Alappuzha |
| 9. | Vivekananda Padanakendram Palamedu P. O., Edakkara, Malappuram. | Malappuram |
| 10. | Feroke Hospital Pvt. Ltd., Feroke, Kozhikode | Kozhikode |
| 11. | Association of Welfare of the Handicapped M.Square Complex, Pavamoni road, Kozhikode. | Kozhikode |

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - V

[20-2-2006-ലെ 103 (1382)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

**List of Institutions applied for starting new Medical College**

1. Mambaram Charitable Trust, Mambaram, Kannur
2. Josco Multi Speciality Hspital, Edappallay
3. Giew Trust, Kochi
4. Madinu Ssaquefathil Islamiyya, Melmuri, Malappuram
5. Podikunju Musliyara Memorial, Kollam
6. K. M. Cherian Educational Society, Parumala
7. Mary Matha Educational Society, Olathanai
8. Indus Educational Trust, Wayanad
9. Indus Educational Trust, Kozhikode
10. Kerala State Retail Ration Dealers Association, Wayanad District Committe
11. Prsanthi Educational & Charitable Trust, Kollam
12. Bahuleyan Charitable Foundation, Thevara, Kochi

LIBRARY ARCHIVES Kerala Legislative Assembly

GPM. 2/498/2014—47

LIBRARY ARCHIVES Kerala Legislative Assembly

**List of Institutions applied for starting new Dental College**

| Sl. No. | Name of Applicant | Place |
|---|---|---|
| 1. | Tellichery Medical Foundation Ltd., | Thalassery, Kannur |
| 2. | K. C. K. Educational Trust | Mukkkam, Calicut |
| 3. | Al-Noor Educational and Charitable Trust | Manacaud, Thiruvananthapuram |
| 4. | Mala Educational and Charitable Society | Mukundapuram, Taluk Trissur |
| 5. | South Kerala Medical Mission | Karakonam, Thiruvananthapuram |
| 6. | Rabindranath Tagore Educational Charitable Trust | Palakkadu |
| 7. | P G R Foundation | Chengannur |
| 8. | V. N. Public Health and Educational Trust | Palghat |
| 9. | Rohini Educational Trust | Kilimanur, Thiruvananthapuram |
| 10. | Ilahia Trust | Muvattupuzha/Aluva |
| 11. | RAK Charitable Society | Uzhamalakkal, Nedumangadu, Thiruvananthapuram |
| 12. | Veda Vyasa Trust | Karad, Malappuram |
| 13. | Holy Crescent Islamic Trust | Aluva, Ernakulam |
| 14. | Century Educational Trust (Change of location) | Kannur instead of Palakkad (Revised E.C) |

| | | |
|---|---|---|
| 15. | Safe Development Alms Trust | Palakkad (Revised E.C) |
| 16. | K.P.M. Charitable Muslim Educational Society | Malappuram (Revised E.C) |
| 17. | Malabar Mapila Insitute of Higher Technology | Kannur (Revised E.C) |
| 18. | Allied Educational Trust | Arthat, Kunnamkulam, Thrissur (Extension of Validity period of E. C) |
| 19. | Rabindranath Tagore Educational Trust | Kaithakode, Kollam ((Revised E.C) |
| 20 | Samaritan Educational and Charitbale Society | Changanacherry |
| 21. | Gurudeva Charitable Trust | Ernakulam |
| 22. | Sunshine Educational Trust | Malayalapuzha, Pathanamthitta |
| 23. | Sri. Mahalekshmi Educational, Scientific and Charitbale Trust | Pandalam |
| 24. | Chevalier's Christian Welfare Society | Avanangode,Ernakulam |
| 25. | Good Samaraitan Charitable Trust | Nooranadu, Mavalikara |
| 26. | Bin Seena Medical and Educational Society | Thalappilly, Thrissur |
| 27. | Sree Narayana Guru Memorial Educational and Cultural Trust | Thuravoor, Alappuzha |
| 28. | Daya Educational Trust | Palakkad |
| 29. | Christian Charitble and Education Centre Kottayam | Vempally. Kottayam |

GPM. 2/498/2014—48

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 30. | Al-Ameen Educational and Charitable Trust | Vilapilsala, Thiruvananthapuram |
| 31. | Jubilee Mission Hospital Trust | Thrissur |
| 32. | Valiyanakuzhiyil Educational Trust | Vennikulam, Pathanamthitta |
| 33. | Paraco Educational Trust | Badagara, Kozhikode |
| 34. | KMC Multi-speciality & Accident Trauma Hospital | Vadavathoor Kottayam |
| 35. | Sree Anjaneya Medical Trust | Quilandy, Kozhikode |
| 36. | Jai-Bharth Educational Foundation | Ernakulam |
| 37. | Vijaya Hospital | Kottarakara |
| 38. | Moulana Educational Charity Trust | Tirur, Malappuram |
| 39. | C.H. Mohammed Koya Memorial Educational & Charitable Trust | Kottayam |
| 40. | JDT Islam Orphanage Committee | Kozhikode |
| 41. | K. Velayadhan Memorial Trust | Alappuzha |
| 42. | C.H. Memorial Hospital & Orhto Centre | Malappuram |
| 43. | City Hospital | Kannur |
| 44. | Christian Educationsl Trust | Ernakulam |
| 45. | Prasanthi Educational & Charitable Trust | Kollam |
| 46. | Ayyanmkali Foundation of India Trust | Venganoor, Thiruvananthapuram |
| 47. | Great India Educational and Charitable Trust | Kilimanoor, Thiruvananthapuram |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 48. | Ruckmoni Memorial Charitable Educational Health Trust | Vellarada, Thiruvananthapuram |
| 49. | North Malabar Development Society | Kannur |
| 50. | Thai Foundation | Calicut |
| 51. | Mark Research and Education foundation | Kollam |
| 52. | Amala Cancer Hospital Society | Thrissur |
| 53. | Guru Group of Insitutions | Kottayam |
| 54. | Palai Diocesan Medical Education Trust | Pala |
| 55. | Navajyothi Educational and Charitable Trust | Kottayam |
| 56. | Al-Hajj C.H. Mohammed Koya Educational Public Charitable Trust | Kollam |

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം VI

[20-2-2006-ലെ 123(1403)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

### 2001 ഏപ്രിൽ മുതൽ 2005 വരെ അനുവദിച്ച ആയുർവ്വേദ ഡിസ്പെൻസറികളുടെ ലിസ്റ്റ്

| ക്രമ നമ്പർ | ജില്ല | സ്ഥാപനത്തിന്റെ പേര് | പഞ്ചായത്തിന്റെ പേര് |
|---|---|---|---|
| 1. | കൊല്ലം | പനയം | പനയം |
| 2. | പത്തനംതിട്ട | കലഞ്ഞൂർ | കലഞ്ഞൂർ |
| 3. | പത്തനംതിട്ട | നീർവിളാകം | ആറന്മുള |
| 4. | കോട്ടയം | തിരുവാർപ്പ് | തിരുവാർപ്പ് |
| 5. | ഇടുക്കി | വരിക്കമുത്തൻ ആദിവാസികോളനി | കഞ്ഞിക്കുഴി |
| 6. | ഇടുക്കി | മുള്ളരിങ്ങാട് ആദിവാസികോളനി | വണ്ണപ്പുറം പഞ്ചായത്ത് |
| 7. | എറണാകുളം | കോട്ടപ്പടി | കോട്ടപ്പടി |
| 8. | തൃശ്ശൂർ | കൈപ്പമംഗലം | കൈപ്പമംഗലം |
| 9. | പാലക്കാട് | പുതുനഗരം | പുതുനഗരം |
| 10. | കോഴിക്കോട് | ബേപ്പൂർ | ബേപ്പൂർ |
| 11. | തിരുവനന്തപുരം | വാമനപുരം | വാമനപുരം |
| 12. | കൊല്ലം | വെളിനല്ലൂർ | വെളിനല്ലൂർ |
| 13. | ആലപ്പുഴ | കുത്തിയതോട് | കുത്തിയതോട് |
| 14. | കോട്ടയം | വാകത്താനം | വാകത്താനം |
| 15. | ഇടുക്കി | കരിങ്കുന്നം | കരിങ്കുന്നം |
| 16. | പാലക്കാട് | കുഴൽമന്ദം | കുഴൽമന്ദം |
| 17. | മലപ്പുറം | കീഴുപറമ്പ് | കീഴുപറമ്പ് |
| 18. | വയനാട് | മുപ്പൈനാട് | മുപ്പൈനാട് |
| 19. | വയനാട് | തരിയോട് | തരിയോട് |
| 20. | കണ്ണൂർ | മുഴക്കുന്ന് | മുഴക്കുന്ന് |
| 21. | മലപ്പുറം | കണ്ണമംഗലം | കണ്ണമംഗലം |
| 22. | മലപ്പുറം | പൊൻമുള | പൊൻമുള |

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം VII

[20-2-2006-ലെ 144(1424)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

| | | |
|---|---|---|
| 1. | ഹർഷാ വീൽ മൂവേഴ്സ്-ബാംഗ്ളൂർ-സൂപ്പർഫാസ്റ്റ് എൽ/എൽ<br>ഹർഷാ വീൽ മൂവേഴ്സ്-ബാംഗ്ളൂർ-ഫാസ്റ്റ് പാസഞ്ചർ | 548153<br>512823 |
| 2. | ടി.വി.എസ്. സൂപ്പർ ഫാസ്റ്റ് എൽ/എൽ<br>ടി.വി.എസ്. ഫാസ്റ്റ് പാസഞ്ചർ എൽ/എൽ<br>ടി.വി.എസ്. ഡീലക്സ് എൽ/എൽ<br>ടി.വി.എസ്. അനന്തപുരി എൽ/എൽ<br>ടി.വി.എസ്. വേണാട് എൽ/എൽ | 548153<br>512823<br>812905<br>489340<br>498444 |
| 3. | ഹൈടെക്-ആലപ്പുഴ - സൂപ്പർ ഫാസ്റ്റ് എൽ/എൽ<br>ഹൈടെക്-ആലപ്പുഴ - ഫാസ്റ്റ് പാസഞ്ചർ എൽ/എൽ<br>ഹൈടെക്-ആലപ്പുഴ - ഫാസ്റ്റ് പാസഞ്ചർ റ്റാറ്റാ<br>ഹൈടെക്-ആലപ്പുഴ - ഡീലക്സ് എൽ/എൽ<br>ഹൈടെക്-ആലപ്പുഴ - അനന്തപുരി റ്റാറ്റാ<br>ഹൈടെക്-ആലപ്പുഴ - വേണാട് റ്റാറ്റാ | 546153<br>512683<br>510000<br>728134<br>512790<br>521894 |
| 4. | സിറിക്കെക്കോൺ ഹൈദ്രബാദ്- സൂപ്പർഫാസ്റ്റ്<br>പാസഞ്ചർ എൽ/എൽ | 519880 |
| 5. | ആട്ടോ കോച്ച് ബിൾഡേഴ്സ് ഹൈദ്രബാദ് സൂപ്പർഫാസ്റ്റ്<br>ഫാസ്റ്റ് പാസഞ്ചർ | 519880 |
| 6. | ശക്തി ഇൻഡസ്ട്രീസ് ചിറ്റൂർ, പാലക്കാട്<br>ഫാസ്റ്റ് പാസഞ്ചർ റ്റാറ്റാ<br>ശക്തി ഇൻഡസ്ട്രീസ് ചിറ്റൂർ, പാലക്കാട് സൂപ്പർ ഫാസ്റ്റ്<br>പാസഞ്ചർ എൽ/എൽ | 510000<br>519880 |
| 7. | പോപ്പുലർ മെഗാ മോട്ടോർസ്, പള്ളിച്ചൽ വേണാട്<br>പോപ്പുലർ മെഗാ മോട്ടോർസ്, അനന്തപുരി ഫാസ്റ്റ് | 523000<br>513000 |
| 8. | റായൽ എഞ്ചിനീയറിംഗ് കമ്പനി കരൂർ റ്റാറ്റാ ഫാസ്റ്റ് പാസഞ്ചർ<br>(എൽ/എൽ ലൈലാന്റ്) | 510000 |

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം VIII

[20-2-2006-ലെ 156(1436)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

### പുതുതായി ആരംഭിച്ച സർവ്വീസുകൾ

1. കിഴക്കേക്കോട്ട-പേരൂർക്കട-അഴിക്കോട്-കരുമരകോട്-മഞ്ചമ-നെടുമങ്ങാട്.
2. കിഴക്കേക്കോട്ട-പേരൂർക്കട-കുടപ്പനക്കുന്ന്-പേരാപ്പൂര്-മണ്ണന്തല-കേശവദാസപുരം-കിഴക്കേക്കോട്ട.
3. കിഴക്കേക്കോട്ട-പേരൂർക്കട-പാതിരിപ്പള്ളി-മഠത്തുനട-ഉദിയന്നൂർ ക്ഷേത്രം-നാലാഞ്ചിറ-പട്ടം-കിഴക്കേക്കോട്ട.
4. കിഴക്കേക്കോട്ട-പേരൂർക്കട-വെറ്റിക്കോണം-മുക്കോല-കാച്ചാണി-നെല്ലിവിള-നെട്ടയം-വട്ടിയൂർക്കാവ്-കിഴക്കേക്കോട്ട.
5. കിഴക്കേക്കോട്ട-വട്ടിയൂർക്കാവ്-കുലശേഖരം-വെള്ളൈക്കടവ്.
6. പേരൂർക്കട-വെള്ളയമ്പലം-വേട്ടമുക്ക്-വലിയവിള-പേയാട്.
7. പേരൂർക്കട-പാതിരിപ്പള്ളി-മണ്ണന്തല-വെറ്റിനാട്-കൊഞ്ചിറ-നന്നാട്ടുകാവ്-പോത്തൻകോട്.
8. പേരൂർക്കട-നന്തൻകോട്-കിഴക്കേകോട്ട-തിരുവല്ലം സി.ജി.ഒ. കോംപ്ലക്സ്-പൂങ്കുളം.
9. കിഴക്കേക്കോട്ട-വട്ടിയൂർക്കാവ്-നെട്ടയം-മണികണ്ഠേശ്വരം-ഇന്ദിരാനഗർ-പേരൂർക്കട-കിഴക്കേകോട്ട.
10. കിഴക്കേക്കോട്ട-പേരൂർക്കട-വട്ടിയൂർക്കാവ്-പേയാട്-മലയിൻകീഴ്-കുഴക്കാട് ക്ഷേത്രം.
11. കിഴക്കേക്കോട്ട-വെള്ളയമ്പലം-നെട്ടയം-ചെറിയകൊണ്ണി-കടമ്പനാട്-അരുവിക്കര എച്ച്.എസ്.-അഴിക്കോട്-പേരൂർക്കട-കിഴക്കേകോട്ട.
12. കിഴക്കേക്കോട്ട-വട്ടിയൂർക്കാവ്-കടയിൻമുടമ്പ്-വെള്ളൈക്കടവ്-ചൊവ്വള്ളൂർ എച്ച്. എസ്.
13. കിഴക്കേക്കോട്ട-പേരൂർക്കട-നെടുമങ്ങാട്-പരുത്തിക്കുഴി.
14. കിഴക്കേക്കോട്ട-കരമന-മുടവൻമുഗൾ-റ്റി റോഡ് തൃക്കണ്ണാപുരം.
15. കിഴക്കേക്കോട്ട-ക്രൈസ്റ്റ്നഗർ-കല്ലയം-പ്ലാവിള.
16. കിഴക്കേക്കോട്ട-വട്ടിയൂർക്കാവ്-മലമുകൾ-ഊന്നൻപാറ.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം IX

[20-7-2005-ലെ നക്ഷത്രചിഹ്നമിട്ട 247-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം]

### വൃക്കതട്ടിപ്പ് മാഫിയക്കെതിരെ നടപടി

(*247) ശ്രീ. ടി. എം. ജേക്കബ്:

(എ) സംസ്ഥാനത്ത് ആദിവാസികളെ ചൂഷണം ചെയ്ത് വൃക്ക തട്ടിപ്പ് നടത്തിയ മാഫിയയ്ക്കെതിരെ ഏതെങ്കിലും പോലീസ് ഐ.ജി.-യെക്കൊണ്ട് അന്വേഷണം നടത്തിയിരുന്നുവോ;

(ബി) എങ്കിൽ ഏത് ഉദ്യോഗസ്ഥനാണ് അന്വേഷണം നടത്തിയത് എന്ന് അറിയിക്കുമോ;

(സി) അന്വേഷണത്തിൽ ലഭ്യമായ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ അന്വേഷണം നടത്താൻ ഉണ്ടായ കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഏതെങ്കിലും പ്രസിദ്ധീകരണം കോഴിക്കോട് കേന്ദ്രമായി ഒരു ആശുപത്രിയിൽ വൃക്ക തട്ടിപ്പ് നടത്തുന്നതായ വാർത്ത നൽകിയിരുന്നുവോ; ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) വൃക്ക തട്ടിപ്പുമായി ബന്ധപ്പെട്ട് ഹെൽത്ത് സെക്രട്ടറി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ഐ.ജി.യുടേയും ഹെൽത്ത് സെക്രട്ടറിയുടേയും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ - ഡി) പോലീസ് ഐ.ജി. അന്വേഷണം നടത്തിയിട്ടില്ല. ആദിവാസിയുവാവ് മോഹനൻ കൊടുത്ത ഒരു പരാതിയും പത്രറിപ്പോർട്ടുകളും തൊടുപുഴ ഡി.വൈ.എസ്.പി. സുകുമാര കുറുപ്പ് അന്വേഷണം നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ റിപ്പോർട്ട് മദ്ധ്യ മേഖലാ ഡി.ഐ.ജി. സർക്കാരിലേക്ക് അയച്ചിട്ടുള്ളതും അത് നിലവിലുള്ള ഒരു കേസ്സിൽ കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ഇതേ പരാതിയിന്മേൽ Transplantation of Human Organs Act-ലെ വ്യവസ്ഥയനുസരിച്ച് അന്വേഷണം നടത്തുവാൻ അധികാരപ്പെട്ട ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ തുടർ നടപടിയെടുക്കുവാൻ കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കംപ്ലയിന്റ് ഫയൽ ചെയ്യുകയും കോടതി പ്രസ്തുത പരാതി നടക്കാവ് പോലീസ് സ്റ്റേഷൻ സബ്

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്പെക്ടർക്ക് അന്വേഷണത്തിനായി അയച്ചു കൊടുക്കുകയും ചെയ്യുകയുണ്ടായി. നടക്കാവ് പോലീസ് 2002-ലെ 548-ാം നമ്പറായി ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്തു. എന്നാൽ പ്രസ്തുത കേസിലെ ഒരു പ്രതി ഹൈക്കോടതിയിൽ 2002-ലെ സി.ആർ.എം.സി. 11683-ാം നമ്പർ കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടുള്ളതാണ്.

(ഇ) ഉണ്ട്.

(എഫ്) ഹെൽത്ത് സെക്രട്ടറി നേരിട്ട് അന്വേഷണം നടത്തിയിട്ടില്ല. ഡി.എം.ഇ. നടത്തിയിട്ടുണ്ട്.

(ജി) ഉദിക്കുന്നില്ല.

അനുബന്ധം X

[2-7-2002-ലെ നക്ഷത്രചിഹ്നമിടാത്ത 1800-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം]

ചോദ്യം

(1800) ശ്രീ. ടി. പി. രാമകൃഷ്ണൻ:

(എ) കൃഷിനാശം സംഭവിച്ചവരിൽ നിന്നും ജല നികുതി പിരിക്കുന്നത് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പേരാമ്പ്ര മണ്ഡലത്തിലെ വിവിധ പാടശേഖര സമിതികളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ പേരു വിവരം വിശദീകരിക്കാമോ;

(സി) അത്തരം അപേക്ഷകൾക്ക് അനുകൂലമായ എന്തെങ്കിലും നടപടി കൈക്കൊള്ളുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കൂടുതൽ പരിശോധന നടത്തി തയ്യാറാക്കിയ പുതിയ മറുപടി

(എ) ഉണ്ട്.

(ബി) ഇരുകുളം, കല്പത്തൂർ, വെള്ളിയൂർ, കൊസക്കത്ത് ചാലിക്കുഴിതാഴ, വാല്യക്കോട്, നൊച്ചാട് എന്നീ പാടശേഖര സമിതികളിൽ നിന്നുമാണ് ടി അപേക്ഷകൾ ലഭിച്ചിട്ടുള്ളത്.

(സി, ഡി) കുറ്റ്യാടി ജലസേചന പദ്ധതിയിലെ കനാൽ ജലം കൃഷി ആവശ്യങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ളതിനാൽ ജലനികുതി ഒഴിവാക്കുവാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly